

# ചങ്ങനാശ്ശേരി ഒളശ്ശ കുടുംബചരിത്രം

## (1803 - 2003)

തയ്യാറാക്കിയത്

പരേതനായ അദ്ധ്യ. ഒ. വി. വർഗ്ഗീസ്
എഴുതിവച്ചിരുന്ന വിവരണങ്ങളുടെ
സഹായത്തോടെ
ഒളശ്ശയിൽ കുടുംബ സംഘടന ചരിത്ര കമ്മറ്റിയ്ക്കുവേണ്ടി
കൺവീനർ ഫിലിപ്പ് പി. ഒളശ്ശ തയ്യാറാക്കിയത്.

പ്രസാധകർ

ഒളശ്ശയിൽ കുടുംബ സംഘടന
ചങ്ങനാശ്ശേരി.

# ചങ്ങനാശേരി ഒളശ്ശ
# കുടുംബചരിത്രം
## 1803-2003

# CHANGANACHERRY OLASA KUDUMBHA CHARITHRAM

(1803-2003)

MALAYALAM

*Published by :*

OLASAIL KUDUMBHA SANGHADANA

CHANGANACHERRY

*(Emblem desinged by* Jose C. Olasa)

*Published on :*

MAY, 2003

*Copy Right :*

All rights reserved

OLASAIL KUDUMBHA SANGHADANA

CHANGANACHERRY

*Printed at :*

NOBLE OFFSET PRINTERS,

Eraviperoor- 689 542

Tel : 0469 2664466

# സമർപ്പണം



ഒളശ്ശ കുടുംബചരിത്രത്തിന്റെ മുഖ്യശില്പി

**അഡ്വ. ഒ. വി. വർഗ്ഗീസ്** (1909 - 1989)

കാലത്തിന്റെ യവനികയ്ക്കു പിന്നിലേക്കു കടന്നു പോയ ആ കുടുംബസ്നേഹി ചരിത്രവ്യസനവും കഠിന ചരിത്രപരിശ്രമവുംകൊണ്ടു പടുത്തുയർത്തിയ വിശാലമായ അടിത്തറയിൽ ഞങ്ങൾ നിർമ്മിച്ച ഈ എളിയ ചരിത്രഗ്രന്ഥം അദ്ദേഹത്തിന്റെ സ്നേഹോഷ്മളമായ ഓർമ്മയ്ക്ക് സമർപ്പിക്കുന്നു.

**Joseph Powathil**
**Metropolitan Archbishop**
**of Changanacherry**

**Archbishop's House**
**Changanacherry - 686 101**
**Kerala, India**



# ആശംസ

കൂട്ടുകുടുംബങ്ങൾ ഇന്ന് ഓർമ്മയായി മാറിയിട്ടുണ്ട്. ചെറുകുടുംബങ്ങളാണ് ഇന്നു പൊതുവെ നിലവിലുള്ളത്. കേരളത്തിലെ തറവാടുകൾ ഇന്ന് ചെറുകുടുംബങ്ങളായി വേർതിരിഞ്ഞ് ലോകത്തിന്റെ നാനാഭാഗങ്ങളിലേക്ക് ചിതറിക്കപ്പെട്ടിരിക്കുകയാണ്.

ഇങ്ങനെയൊരു സാഹചര്യത്തിൽ 'കുടുംബയോഗങ്ങൾ' സ്വാഗതം ചെയ്യപ്പെടേണ്ടവയാണ്. കൂട്ടായ്മബോധം ഉണർത്താനും പൊതുമൂല്യങ്ങൾ ഉൾക്കൊള്ളാനും ഇവ സഹായകമാകും. പൊതുനന്മക്കുവേണ്ടി പ്രവർത്തിക്കാനും ഇത്തരം യോഗങ്ങൾ പ്രചോദനമാകാറുണ്ട്.

ചങ്ങനാശ്ശേരിയിലെ പുരാതനമായ ഒളശ്ശ കുടുംബാംഗങ്ങൾ ഇപ്പോൾ തങ്ങളുടെ കുടുംബചരിത്രം പ്രസിദ്ധീകരിക്കുന്നുവെന്നറിയുന്നതിൽ സന്തോഷമുണ്ട്. പരസ്പരം അറിയാനും സാമൂഹ്യബോധം വളർത്താനും ഇതു ഇടയാക്കുമെന്ന് കരുതുന്നു.

എല്ലാ കുടുംബാംഗങ്ങൾക്കും എന്റെ ആശംസകൾ

**ആർച്ച് ബിഷപ്പ് ജോസഫ് പവ്വത്തിൽ**

**BISHOP GEORGE ALENCHERRY**
***Diocese of Thuckalay***

Bishop's House
Thuckalay - 629 175, Post Box 12
K.K. Dist., Tamil Nadu, India

Tel : 04651 - 650633. Fax : 04651 - 653167
E-mail : mystery_ngc@sancharnet.in



# ആശംസ

നിങ്ങളുടെ കുടുംബചരിത്രം പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്. ചങ്ങനാശ്ശേരി നഗരത്തിന് ഒളശ്ശ കുടുംബക്കാരിലൂടെ കൈവന്നിട്ടുള്ള നേട്ടങ്ങൾ ഇത്തരുണത്തിൽ സ്മർത്തവ്യമാണ്. സാമ്പത്തിക സാംസ്ക്കാരിക രംഗങ്ങളിൽ ഒളശ്ശ കുടുംബ പരമ്പരയിലെ ധിഷണിശാലികളെ കാണാൻ കഴിയും. സഭയ്ക്കു ഇതിനകം ഒൻപതു വൈദികരെ നിങ്ങളുടെ കുടുംബം സംഭാവന ചെയ്തിട്ടുണ്ട്. സ്വന്തം കുടുംബാംഗങ്ങൾക്കു മാത്രമല്ല മറ്റുള്ളവർക്കും സഹായസഹകരണങ്ങൾ ചെയ്തുകൊണ്ട് ഇടവകക്കൂട്ടായ്മകളിലും സഭാകൂട്ടായ്മയിലും മുന്നിട്ടുനില്ക്കാനും മാതൃകയാവാനും നിങ്ങളുടെ കുടുംബക്കാർക്കു സാധിക്കട്ടെ. അതിനാവശ്യമായ ദൈവകൃപയ്ക്കായി പ്രാർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹത്തോടെ,

**ബിഷപ്പ് ജോർജ്ജ് ആലഞ്ചേരി**
*തക്കലൈ രൂപതയുടെ മെത്രാൻ*

**PROF. DR. JOSEPH NADUVILEZHAM**
Vice President, PVP
St. Thomas Apostolic Seminary
P.B. 10, Vadavathoor P.O., Kottayam - 686 010

Phone Off : 574594, 574596, 575528, 575529
Pers : 575280; Fax : 0091-481-578525
E-mail : ktm_ltnadvil@sancharnet.in
Website: http://education vsnl.com/santhom



## ആശംസ

ചങ്ങനാശ്ശേരിയിലെ അതി പുരാതനവും പ്രശസ്തവുമായ കുടുംബങ്ങളിലൊന്നാണ് ഒളശ്ശ കുടുംബം. ഇത് എന്റെ അമ്മ വീടാണെന്നതിൽ ഞാൻ ഏറെ അഭിമാനിക്കുന്നു. സെമിനാരി പരിശീലനത്തിന്റെ ആദ്യ വർഷം മുതലേ ഈ കുടുംബത്തിലെ മൂന്ന് ബഹു. വൈദികരോടുള്ള (ബഹു. കുര്യച്ചൻ, ബഹു. ഔതച്ചൻ, ബഹു. ചാണ്ടിച്ചൻ) വ്യക്തിപരമായ ബന്ധം എനിക്ക് വലിയ പ്രചോദനം നൽകിയിട്ടുണ്ട്. പ്രത്യേകിച്ച് ഒളശ്ശ ബഹു. ജോസപ്പച്ചന്റെ (ഔതച്ചൻ) സ്നേഹവും വാത്സല്യവും എനിക്ക് വളരെ ശക്തി പകർന്നിട്ടുണ്ട്. അദ്ദേഹം മൈനർ സെമിനാരി റെക്ടർ ആയിരിക്കുമ്പോഴായിരുന്നു എന്റെ അപേക്ഷ സ്വീകരിച്ചത്. എന്റെ സ്വന്തം കാരണവന്മാരായ അപ്പച്ചന്റെയും, കാക്കിച്ചന്റെയും ശ്രീ. ഒ. സി. വർഗ്ഗീസ്, ശ്രീ. ഒ. പി. ഫിലിപ്പ് (കുഞ്ഞച്ചൻ), ശ്രീ. ഒ. എസ്. ചാണ്ടി എന്നിവരുടെയും സ്നേഹവും പ്രോത്സാഹനവും എന്റെ സെമിനാരി ജീവിതത്തിലും പൗരോഹിത്യ ശുശ്രൂഷയിലും ഞാൻ ഏറെ അനുഭവിച്ചിട്ടുണ്ട്. എന്റെ സ്നേഹംനിറഞ്ഞ അമ്മ മാമ്മിയോടൊപ്പം ഇവരെയെല്ലാവരെയും ഹൃദയംനിറഞ്ഞ നന്ദിയോടെ, ആദരവോടെ ഞാൻ ഓർക്കുന്നു. ഈ അവസരത്തിൽ ഈ കുടുംബ ചരിത്രം വെളിച്ചം കാണുവാൻ പരിശ്രമിച്ച എല്ലാവരെയും, പ്രത്യേകിച്ച് പ്രസിദ്ധീകരണ ജോലികൾ കാര്യക്ഷമമായി നിർവ്വഹിച്ച പോത്തച്ചനെയും അനുമോദിക്കയും ഈ കുടുംബചരിത്രത്തിന് എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുകയും, ഒളശ്ശ കുടുംബങ്ങൾക്ക് സർവ്വവിധ ദൈവാനുഗ്രഹങ്ങളും നേരുകയും ഈ കുടുംബത്തിൽനിന്ന് ധാരാളം ദൈവവിളികൾ ഇനിയും ഉണ്ടാകുവാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**റവ. ഡോ. ജോസഫ് നടുവിലേഴം**
***പ്രൊഫ. സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി***
***വൈസ് പ്രസിഡന്റ്, പൗരസ്ത്യ വിദ്യാപീഠം,***
***വടവാതൂർ***

# മുൻഗാമികൾ (7-ാം തലമുറ)



വർഗ്ഗീസ് സ്കറിയാ
(സ്കറിയാ കത്തനാർ)
**(1852-1911)**



വർഗ്ഗീസ് കുരുവിള
(കുരുവിള വക്കീൽ)
**(1860-1916)**



വർഗ്ഗീസ് പോത്തൻ
**(1870-1942)**



വർഗ്ഗീസ് ജോസഫ്
**(1872-1942)**



ഒ. പി. ജോസഫ്
(ഒളശ്ശയിൽ യൗസേപ്പച്ചൻ)
**(1869-1950)**



ഒ. പി. ചാണ്ടി
(ചാണ്ടി വക്കീൽ)



റവ. ഫാ. ഒ. പി. തോമസ്
**(1885-1914)**



ചാണ്ടി ഗീവർഗ്ഗീസ്
**(1867-1945)**



മിഖായേൽ പോത്തൻ
(പോത്തൻ വക്കീൽ)
**(1855-1941)**



മിഖായേൽ ദേവസ്യാ
**(1866-1952)**

**(ശേഷിച്ച 7 പേരുടെ ചിത്രം ലഭ്യമല്ല. ഇതിൽ 3 പേർ യൗവ്വനത്തിൽ മരണമടഞ്ഞു)**

## കുടുംബത്തിലെ മൺമറഞ്ഞ വൈദികർ

കൊച്ചാണ്ടി തോമ്മാ
(തോമ്മാ കത്തനാർ)
**(1837-1876)**



വർഗ്ഗീസ് സ്കറിയാ
(സ്കറിയാ കത്തനാർ)
**(1852-1911)**



റവ. ഫാ. ഒ. പി. തോമസ്
**(1885-1914)**



റവ. ഫാ. ഫിലിപ്പ് ഒളശ്ശയിൽ
**(1895-1961)**

തോമ്മാ ശെമ്മാച്ചൻ
**(1896-1920)**



റവ. ഫാ. കുര്യൻ ഒളശ്ശ
**(1889-1980)**



റവ. ഫാ. ജോസഫ് ഒളശ്ശയിൽ
**(1909-1982)**



റവ. ഫാ. അലക്സാണ്ടർ ഒളശ്ശയിൽ
**(1904-1971)**

## എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ

1. ഒ. പി. ഫിലിപ്പ് (കുഞ്ഞച്ചൻ) *(പ്രസിഡന്റ്)*
2. മൈക്കിൾ തോമസ് (ബേബിച്ചൻ) *(സെക്രട്ടറി)*
3. ജോർജ്കുട്ടി ജി. ഒളശ്ശ
4. ജോർജ് തോമസ് (ബേബിച്ചൻ)
5. ഏബ്രഹാം കുര്യൻ (കുര്യച്ചൻ)
6. ജോസ് ജെ. ഒളശ്ശ (കുഞ്ഞൂഞ്ഞ്)
7. ഫിലിപ്പ് പി. ഒളശ്ശ (പോത്തച്ചൻ)
8. ഒ. റ്റി. മാത്യു (റ്റോമിച്ചൻ)
9. മേരിമ്മ ജോസ്
10. നോന ജോസ് ചാണ്ടി

## കുടുംബചരിത്ര കമ്മിറ്റി അംഗങ്ങൾ

1. ഒ. പി. ഫിലിപ്പ് (കുഞ്ഞച്ചൻ) *(പ്രസിഡന്റ്, കുടുംബസംഘടന)*
2. മൈക്കിൾ തോമസ് (ബേബിച്ചൻ) *(സെക്രട്ടറി, കുടുംബസംഘടന)*
3. ഫിലിപ്പ് പി. ഒളശ്ശ (പോത്തച്ചൻ) *(കൺവീനർ, കുടുംബചരിത്രം)*
4. ഒ. ജെ. ഫിലിപ്പ് (ആപ്പച്ചൻ)
5. ഒ. ജെ. തോമസ് (തോമ്മാച്ചൻ)
6. ജോർജ്കുട്ടി ജി. ഒളശ്ശ
7. ജോർജ് തോമസ് (ബേബിച്ചൻ)
8. ജോയി തോമസ് (ജോയിച്ചൻ)
9. ജോസ് ചാണ്ടി (ജോസി)
10. ഒ. റ്റി. മാത്യു (റ്റോമിച്ചൻ)
11. മേരിമ്മ ജോസ്
12. നോന ജോസ് ചാണ്ടി

# ഉള്ളടക്കം


പേജ്

1 മുഖവുര ........ XVII

2 അവതാരിക ........ XX

3 പൂർവ്വചരിത്രം ........ 1

4 ഒളശ്ശ കുടുംബം ചങ്ങനാശ്ശേരിയിൽ ........ 12

5 പോത്തൻ കുരുവിള ........ 12

6 കുരുവിള കൊച്ചാണ്ടി ........ 22

7 കുരുവിള പോത്തൻ ........ 32

8 കുരുവിള കൊച്ചുകുരുവിള ........ 33

9 ഒന്നാം ഭാഗം - കൊച്ചാണ്ടി വറീതും തലമുറകളും ........ 36

10 രണ്ടാം ഭാഗം - കൊച്ചാണ്ടി തോമ്മാ (തോമ്മാ കത്തനാർ) ........ 132

11 മൂന്നാം ഭാഗം - കൊച്ചാണ്ടി പോത്തനും, തലമുറകളും ........ 134

12 നാലാം ഭാഗം - കൊച്ചാണ്ടി ചാണ്ടിയും തലമുറകളും ........ 156

13 അഞ്ചാം ഭാഗം - കൊച്ചു കുരുവിള മിഖായേലും തലമുറകളും .... 186

14 ആറാം ഭാഗം - കൊച്ചുകുരുവിള മത്തായി ........ 216

15 ഒളശ്ശ കുടുംബത്തിലെ മരണമടഞ്ഞവർ ........ 220

16 ഒളശ്ശ കുടുംബ സംഘടനയുടെ മുൻ പ്രസിഡന്റുമാർ, സെക്രട്ടറിമാർ
വാർഷിക സമ്മേളന വേദിഎന്നീ വിവരങ്ങൾ ........ 223

17 കുടംബാംഗങ്ങളുടെ മേൽവിലാസം ........ 225

18 വ്യക്തി സൂചിക ........ 235

# മുഖവുര



**ഫിലിപ്പ് പി. ഒളശ്ശ,**
**(പോത്തച്ചൻ)**
***കൺവീനർ***

ക്രിസ്തുമതത്തിൽ കുടുംബത്തിനു പരമ പ്രാധാന്യമാണു നൽകുന്നത്. ക്രിസ്തീയ ഭവനം ഒരു ചെറിയ ദേവാലയമാണെന്നു പ്രഖ്യാപിച്ച ജോൺ ക്രിസോസ്തോം സഭാ സംവിധാനത്തിൽ കുടുംബത്തിന്റെ പ്രാധാന്യമാണ് വ്യക്തമാക്കിയത്. വത്തിക്കാൻ കൗൺസിൽ തിരുസഭയെന്ന ഡിക്രിയിൽ കുടുംബത്തെ 'ഗാർഹികസഭ'യെന്നാണു നിർവ്വചിക്കു ന്നത്. പൗലോസ് ശ്ലീഹായും കുടുംബത്തെ സഭയായിത്തന്നെ കാണുന്നു. (1 കൊറി. 16:19 ) സഭ ദൈവഭവനമെന്നാണ് ശ്ലീഹാ നിർവ്വചിക്കുന്നത്. (എസെ. 2:19-22)

സഭയുടെ അടിസ്ഥാനഘടകമാണു കുടുംബം. ദൈവരാജ്യത്തിന്റെ മുന്നാസ്വാദനവേദിയായിട്ടാണു സഭ കുടുംബത്തെ കാണുന്നത്. അതൊരു കൂട്ടായ്മയാണ്; സഭപോലെതന്നെ. കേരളത്തിലെ കുടുംബങ്ങളുടെ ചരിത്രം തന്നെയാണ് സഭയുടെ ചരിത്രം. തോമ്മാശ്ലീഹാതന്നെ താൻ മാനസാന്തരപ്പെടുത്തിയ ഏതാനും കുടുംബങ്ങളെയാണ് ഭാരതസഭയുടെ ഭരണം ഏല്പിച്ചതെന്ന് ഇവിടുത്തെ ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു.

തോമ്മാശ്ലീഹായിൽനിന്നു ക്രിസ്തുമതം സ്വീകരിച്ച മത്തായിയുടെ മക്കളിൽ ഒരാൾ കടുത്തുരുത്തിയിലും തുടർന്ന് വടക്കുംകൂറിലെ തളിയിൽ കോട്ടയിലും പിന്നീട് ഇടത്തിൽ രാജാവിന്റെ ക്ഷണം സ്വീകരിച്ച് കോട്ടയത്തിനടുത്തുള്ള ഒളശ്ശയിലും താമസിച്ചു. ഒളശ്ശയിൽ ഇലഞ്ഞിമൂട്ടിൽ താമസിച്ച മത്തായിയുടെ നാലാം തലമുറയിൽപ്പെട്ട പോത്തൻ കുരുവിള ചങ്ങനാശ്ശേരിയിലെ ഒളശ്ശ കുടുംബം സ്ഥാപിച്ചു. ചങ്ങനാശ്ശേരി പള്ളിയും ചങ്ങനാശ്ശേരി ചന്തയുടെ ഉദ്ഘാടനവുമായിരുന്നു പോത്തൻ കുരുവിളയെ ചങ്ങനാശ്ശേരിയിലേക്കു നയിച്ചത്. ഇന്നാകുടുംബം പന്ത്രണ്ടാം തലമുറവരെ എത്തിയിരിക്കുന്നു. അന്നുവരെയുണ്ടായിരുന്ന സ്വന്തം കുടുംബപ്പേരുമാറി സ്ഥലനാമം കുടുംബപ്പേരായി സ്വീകരിക്കാനിടയായതു തന്നെ ചങ്ങനാശ്ശേരിയിൽ പുറത്തുനിന്നു വന്നവർ തങ്ങളുടെ സ്ഥലനാമം കുടുംബപ്പേരായി സ്വീകരിക്കണമെന്ന നിബന്ധനയാലാണ്. കോട്ടയത്ത് ഒളശ്ശ ഇലഞ്ഞിമൂട്ടിൽ (തട്ടാരം) കുടുംബാംഗമായ പോത്തൻ കുരുവിളയാണല്ലോ ചങ്ങനാശ്ശേരി ഒളശ്ശ കുടുംബത്തിന്റെ സ്ഥാപകൻ.

ചങ്ങനാശ്ശേരി പള്ളിയും, ചങ്ങനാശ്ശേരി പട്ടണത്തിന്റെ വികസനവും, രാജ്യഭരണവുമായി അടുത്തു ബന്ധപ്പെടാൻ ചങ്ങനാശ്ശേരിയിലെ ഒളശ്ശ കുടുംബത്തിനു കഴിഞ്ഞുവെന്നത് ഒളശ്ശ കുടുംബത്തിലെ ഇന്നത്തെ തലമുറയ്ക്ക് അഭിമാനം നൽകുന്നു. മുതൽപിടിക്കാരന്മാരായി (താലൂക്കു ഖജനാവ് മേധാവി) രാജഭരണകാലത്ത് പ്രവർത്തിച്ച രണ്ടുപേർ

ഒളശ്ശ കുടുംബത്തിൽ നിന്നായിരുന്നു; കുരുവിള കൊച്ചാണ്ടിയും, (5-ാം തലമുറ) കൊച്ചാണ്ടി വറീതും (6-ാം തലമുറ). ചങ്ങനാശ്ശേരിയുടെ സാംസ്കാരിക, സാമ്പത്തിക, വിദ്യാഭ്യാസ രാഷ്ട്രീയ, കലാകായിക രംഗങ്ങളിൽ സുപ്രധാന സംഭാവന നൽകിയ ഒട്ടേറെ പ്രമുഖർ ഒളശ്ശ കുടുംബത്തിലുണ്ട്. വൈദ്യശാസ്ത്ര രംഗത്തും, കാർഷികരംഗത്തും അവരുടെ സംഭാവന നിസ്സാരമല്ല. ചങ്ങനാശ്ശേരി മണ്ഡപത്തും വാതിൽക്കൽ മുതലുപിടിക്കാരനായിരുന്ന ഒളശ്ശ കുടുംബത്തിലെ കൊച്ചാണ്ടി വറീത് എന്ന പൂർവ്വികൻ എഴുതിയ ചരിത്രക്കുറിപ്പുകൾ ചങ്ങനാശ്ശേരി പള്ളിയുടെ ചരിത്രം കൂടിയാണ്. അത്രയധികം ഈ കുടുംബം ചങ്ങനാശ്ശേരി അതിരൂപതയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒളശ്ശ കുടുംബത്തിലെ പ്രഗത്ഭരായ വൈദികരെയും വിസ്മരിക്കുക സാധ്യമല്ല.

ഒളശ്ശ കുടുംബചരിത്രരചനക്കുള്ള ശ്രമങ്ങളാരംഭിച്ചിട്ട് വർഷങ്ങളേറെയായി. ഒളശ്ശ കുടുംബത്തിൽനിന്നും മൺ മറഞ്ഞവരും, ജീവിച്ചിരിക്കുന്നവരുമായ കുടുംബാംഗങ്ങളുടെ ഒരു ജീവചരിത്രക്കുറിപ്പുണ്ടാക്കി പിൻതലമുറയ്ക്കു നൽകണമെന്ന ഉദ്ദേശ്യത്തോടെ ചങ്ങനാശ്ശേരി ഒളശ്ശയിൽ കുടുംബയോഗത്തിന്റെ പൊതുയോഗം ചേർന്ന് ശ്രീമാന്മാരായ ഒ. സി. വർഗ്ഗീസ് MALT, ഒ. പി. തോമസ് BALT, ഒ. വി. വർഗ്ഗീസ്, BABL എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിക്കു രൂപം നൽകി. അവർ കുടുംബചരിത്ര സംബന്ധിയായി ലഭിക്കാവുന്ന എല്ലാ രേഖകളും പരിശോധിച്ചു. ഭാഗപത്രങ്ങൾ, വിൽപത്രങ്ങൾ, പണയാധാരങ്ങൾ, കൊച്ചാണ്ടി വറീത് എഴുതിവച്ചിരുന്ന ചരിത്രക്കുറിപ്പുകൾ, ലഭ്യമാക്കാവുന്ന മറ്റു ചരിത്രവസ്തുതകൾ, അന്ന് ഒളശ്ശയിലുണ്ടായിരുന്ന മിഖായേൽ ദേവസ്യാ ഓർമ്മയിൽനിന്നും പറഞ്ഞുകൊടുത്ത ചരിത്ര വിവരങ്ങൾ ഇവയെല്ലാം ചരിത്ര പഠനത്തിനുപകരിച്ചു. ശ്രീ. ഒ. വി. വർഗ്ഗീസാണ് ചരിത്രരചന നിർവ്വഹിച്ചത് അതുതന്നെ അദ്ദേഹം പലവട്ടം മാറിയെഴുതി. പൂർവ്വചരിത്രവും, 4-ാം തലമുറ മുതൽ 8-ാം തലമുറ വരെയുള്ളവരുടെ വിവരണങ്ങളും അദ്ദേഹം വളരെ വിസ്തരിച്ച് എഴുതി പക്ഷേ അതു പുസ്തകരൂപത്തിലാക്കി പ്രസിദ്ധം ചെയ്യാൻ കഴിഞ്ഞില്ല.

പിന്നീട് ഈ അടുത്ത കാലത്ത് കുടുംബചരിത്രം പ്രസിദ്ധപ്പെടുത്താനുള്ള ശ്രമം ശക്തമായി. കൺവീനറായി ഞാൻ ചുമതലയേറ്റു. ശ്രീ. ഒ. വി. വർഗ്ഗീസ് തയ്യാറാക്കിയ മേൽപറഞ്ഞ വിവരണകുറിപ്പുകൾ എഡിറ്റു ചെയ്ത്, 9-ാം തലമുറ മുതൽ 11-ാം തലമുറവരെയുള്ള 120 ഓളം കുടുംബാംഗങ്ങളുടെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി, ചാർട്ടുകൾ നിർമ്മിച്ച്, ഫോട്ടോകൾ സഹതം സമഗ്രമായ ഒരു കുടുംബചരിത്രമാണ് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്. ഏകദേശം രണ്ടു വർഷത്തെ തീഷ്ണമായ പരിശ്രമത്തിലൂടെയാണ് ഇത് സാധ്യമായയത്. കിട്ടാവുന്ന വിവരങ്ങളെല്ലാം ശേഖരിച്ചിട്ടുണ്ട്. എങ്കിലും കുറ്റങ്ങളും, കുറവുകളും കണ്ടേക്കാം. കഴിവതും അതിശയോക്തികൾ ഒഴിവാക്കി എന്നാൽ സാമൂഹികരംഗത്തെ സേവനങ്ങൾക്ക് പ്രധാന്യം നൽകിയാണ് ഈ ചരിത്രം തയ്യാറാക്കിയിരിക്കുന്നത്. ആർക്കും പ്രത്യേക പരിഗണന നൽകിയിട്ടില്ല. എന്നാൽ നേട്ടങ്ങൾ രേഖപ്പെടുത്താതെ പോയിട്ടുമില്ല. കുടുംബാംഗങ്ങൾ പരസ്പരം അറിയാനും പൈതൃകം വ്യക്തമായി മനസ്സിലാകാനും ഈ കുടുംബചരിത്രം

സഹായിക്കുമെന്നതിൽ സംശയമില്ല. കുടുംബചരിത്രങ്ങളിൽ നിന്നും ജീവചരിത്രങ്ങളിൽനിന്നും വിവരങ്ങൾ ഉൾക്കൊണ്ടുവേണം ദേശചരിത്രം നിർമ്മിക്കാനെന്ന തിരിച്ചറിവ് നമുക്കു കൈവന്നിരിക്കുന്ന അവസരമാണല്ലോ ഇത്. കേരള ചരിത്ര കൗൺസിൽ കുടുംബചരിത്രങ്ങൾ ശേഖരിക്കാനുള്ള ശ്രമം തുടങ്ങിക്കഴിഞ്ഞു.

ഈ ശ്രമകരമായ ജോലിയിൽ ധാരാളം പേരുടെ സഹകരണം എനിക്കു ലഭിച്ചിട്ടുണ്ട്. ഈ കുടുംബചരിത്രത്തിന്റെ കയ്യെഴുത്തുപ്രതി പരിശോധിച്ച് ആവശ്യമായ വ്യതിയാനങ്ങൾ വരുത്തുകയും ഭാഷാപരമായ മിനുക്കു പണികൾ നടത്തുകയും ചെയ്ത എസ്. ബി. കോളേജ് മലയാളവിഭാഗം മുൻ അദ്ധ്യക്ഷൻ പ്രൊഫ. ആന്റണി ജോസഫ്, മാമ്മൂടിനോടുള്ള നന്ദി നിസീമമാണ്. കുടുംബാംഗമെന്നു വേണമെങ്കിൽ പറയാവുന്ന പ്രൊഫ. ഡോ. സ്കറിയാ സക്കറിയാ, കരിക്കംപള്ളിയാണ് അവതാരികകാരൻ. കാലടി ശ്രീ ശങ്കരാസംസ്കൃത സർവ്വകലാശാലയിലെ മലയാളം വകുപ്പദ്ധ്യക്ഷനും, പ്രൊഫസറുമാണദ്ദേഹം. തിരക്കുകൾക്കിടയിലും പണ്ഡിതോചിതമായ ഒരു അവതാരിക തയ്യാറാക്കിത്തന്ന ഡോ. സ്കറിയാ സക്കറിയായോടുള്ള നന്ദി രേഖപ്പെടുത്തുന്നു. പൈതൃകമായ വാത്സല്യത്തോടെ ഈ ചരിത്രരചനയെ സമഗ്രമായി പരിശോധിച്ച് ആശംസാ സന്ദേശങ്ങൾ എഴുതിത്തന്ന ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പവ്വത്തിലിനോടും, തക്കല രൂപതാദ്ധ്യക്ഷൻ മാർ ജോർജ് ആലഞ്ചേരിയോടും, റവ. ഡോ. ജോസഫ് നടുവിലേഴത്തിനോടുമുള്ള കടപ്പാടും, നന്ദിയും രേഖപ്പെടുത്തട്ടെ. ഡി. റ്റി. പി. യും അച്ചടി ജോലികളും ഭംഗിയായി ചെയ്തുതന്ന നോബിൾ പ്രിന്റേഴ്സിനോടുള്ള നന്ദിയും അറിയിച്ചുകൊള്ളുന്നു.

സഹകരണംകൊണ്ടും സാമ്പത്തിക സഹായംകൊണ്ടും ഈ കുടുംബചരിത്രത്തിന്റെ പ്രകാശനത്തിനു സഹായിച്ച ഒളശ്ശ കുടുംബാംഗങ്ങളോടും, കമ്മിറ്റിക്കാരോടും നന്ദി പ്രകാശിപ്പിക്കട്ടെ. എന്റെ കരങ്ങൾക്കു ശക്തി പകർന്ന് ഈ കുടുംബചരിത്ര പ്രകാശനം സാധ്യമാക്കിയ സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹത്തിനും പ്രാർത്ഥനാ നിർഭരമായ കൂപ്പുകൈ.

അഭിജാതമായ ഒരു പാരമ്പര്യവും ഉൽകൃഷ്ടമായ ജീവിതമാതൃകകളും അനന്തര തലമുറകൾക്കു പ്രദാനം ചെയ്തു കടന്നുപോയ മുൻതലമുറകളിലെ വിശിഷ്ട വ്യക്തികളെ ആദരപൂർവ്വം സ്മരിച്ചുകൊണ്ട് അവരുടെ ശാശ്വത സ്മരണയ്ക്കായി ഈ ഗ്രന്ഥം പ്രണാമപൂർവ്വം പ്രകാശിപ്പിക്കട്ടെ.

*കൺവീനർ*

**ഫിലിപ്പ് പി. ഒളശ്ശ,**
**(പോത്തച്ചൻ)**

# അവതാരിക

അടുത്തകാലത്തു ധാരാളം കുടുംബചരിത്രങ്ങൾ അച്ചടിയിലെത്തുന്നുണ്ട്. കുടുംബയോഗങ്ങളും കുടുംബചരിത്ര കൗതുകവും ഏറെ പ്രകടമായികാണുന്നതു നസ്രാണികളുടെ അഥവാ സുറിയാനി ക്രിസ്ത്യാനികളുടെ കൂട്ടായ്മകളിലാണ്. കുടുംബ യോഗങ്ങളും കുടുംബചരിത്ര രചനയും നസ്രാണികളുടെ ഇടയിൽ ശക്തിപ്പെടാൻ എന്താണാവോ കാരണം? ഒളശ്ശ കുടുംബചരിത്രമടക്കമുള്ള നസ്രാണി കുടുംബചരിത്രങ്ങളുടെ ഘടനയും ധർമ്മവും പരിഗണിച്ചുവേണം ഈ ചോദ്യത്തിനു ഉത്തരം കണ്ടെത്താൻ. നസ്രാണി കുടുംബ ചരിത്രങ്ങളിൽ സാമാന്യമായി മൂന്നു ഘട്ടങ്ങൾ കാണാം. ഒന്നാം ഘട്ടം ക്രിസ്തുവർഷാരംഭത്തോളം എത്തിനിൽക്കുന്നു അവിടെ ക്രിസ്തുശിഷ്യനായ മാർത്തോമ്മായുടെ കേരള പ്രവേശം, ബ്രാഹ്മണരുടെ മതപരിവർത്തനം, മൂലകുടുംബരൂപീകരണം തുടങ്ങിയ കാര്യങ്ങൾ ചിട്ടപ്പടി വിവരിക്കുന്നു. രണ്ടാം ഘട്ടത്തിൽ മൂലകുടുംബത്തിൽനിന്നു ശാഖകൾ പിരിഞ്ഞു പുതിയ ഇടങ്ങളിലേക്കു കുടിയേറുന്നതാണ് പ്രതിപാദ്യം. പലപ്പോഴും തുറമുഖ പട്ടണങ്ങളിൽ നിന്നു ഇടനാട്ടിലേക്കും മലനാട്ടിലേക്കുമാണ് കുടിയേറ്റം. ഒളശ്ശ കുടുംബചരിത്രത്തിൽ കോട്ടയം ജില്ലയിലെ കടുത്തുരുത്തിയും ഒളശ്ശയുമാണ് ഇത്തരം താവളങ്ങൾ. മൂന്നാം ഘട്ടത്തിൽ ഇന്നത്തെ പാർപ്പിടത്തിൽ കുടിയുറപ്പിച്ച കാരണവരുടെ കഥയാരംഭി ക്കുന്നു. അവിടം മുതൽ വിശദമായ പരാമർശങ്ങൾ കാണാം. മിക്ക നസ്രാണി കുടുംബങ്ങളും അങ്ങാടികളിലാണ് പാർപ്പുറപ്പിക്കുന്നത്. നസ്രാണികളെ കുടിയിരുത്തി അങ്ങാടി



ഡോ. സ്കറിയാ സക്കറിയാ

വികസിപ്പിക്കുന്ന നാടുവാഴി ഇത്തരം ചരിത്രഖണ്ഡങ്ങളിലെ സുപ്രധാന കഥാപാത്രമാണ്.

തൃശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ നസ്രാണി കുടുംബങ്ങളുടെ ചരിത്രങ്ങൾ താരതമ്യം ചെയ്തു വായിക്കു മ്പോൾ തെളിഞ്ഞു കാണുന്ന ഈ പൊതുഘടന കുടുംബ ചരിത്രാഖ്യാനങ്ങളുടെ സ്വഭാവനിർണ്ണയത്തിനുപകരിക്കും. നസ്രാണികളുടെ കുടുംബ ചരിത്രങ്ങൾ കുടിപറിയലിന്റെയും കുടിയുറപ്പിക്കലിന്റെയും നിരന്തരമായ പ്രയാണത്തിന്റെയും ചരിത്രമായിട്ടാണ് ഗതകാലത്തെ കാണുന്നത്. പ്രയാണബോധം നൽകുന്ന ചലനോർജ്ജം- മുന്നോട്ടുപോകാനുള്ള കരുത്ത് നസ്രാണി സമുദായത്തിന്റെ സാമൂഹിക, സാമ്പത്തിക പുരോഗതിക്കു ഏറെ പ്രചോദനമായിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിലെ മലബാർ, ഹൈറേഞ്ച് കുടിയേറ്റങ്ങൾ ഓർമ്മിക്കുക.

ഇന്നത്തെ നില എന്താണ്? ചെന്നെത്തിയിടത്തെല്ലാം അതതു പ്രദേശത്തിന്റെ സാമൂഹിക സാമ്പത്തിക വ്യവഹാരങ്ങളിൽ ഇടപെട്ടു കൊണ്ടു സാമ്പത്തിക പുരോഗതിയും സാമൂഹികപദവിയും നിലനിർത്താൻ അവർ ശ്രമിക്കുകയാണ്. പാശ്ചാത്യരീതിയിലുള്ള വിദ്യാഭ്യാസം, മിഷനറിമാർ തുടക്കമിട്ട സ്ഥാപനങ്ങളിലൂടെ നസ്രാണികൾ നേടിയെടുത്തു. കൃഷിയിലും വാണിജ്യത്തിലും വിദ്യാഭ്യാസത്തിലും പങ്കാളിത്തം ലഭിച്ച നസ്രാണികുടുംബങ്ങൾ കഴിഞ്ഞ നൂറുവർഷത്തിനുള്ളിൽ വമ്പിച്ച നേട്ടങ്ങൾ കൈവരിക്കുകയുണ്ടായി. ഒളശ്ശകുടുംബത്തിന്റെ ചരിത്രംതന്നെ ശ്രദ്ധാപൂർവ്വം പരിശോധിച്ചാൽ ഇക്കാര്യങ്ങൾ

ബോധ്യമാകും. കച്ചവടത്തിൽ മാത്രം പരിമിതപ്പെട്ടുനിന്നില്ല ആ കുടുംബം. രേഖകളും കേട്ടറിവുകളും സാക്ഷ്യപ്പെടുത്തുന്നതുപോലെ ഭൂമിയും കൃഷിയും അവർക്കു പുതുവഴികൾ തുറന്നുകൊടുത്തു. ലവീഞ്ഞു മെത്രാന്റെ കാലം മുതൽ ചങ്ങനാശ്ശേരിയിലെ പുതിയ വിദ്യാലയങ്ങൾ, വിദ്യാഭ്യാസരംഗത്തു ഏറെ മുന്നോട്ടുപോകാൻ അവരെ സഹായിച്ചു. പഠിപ്പുനേടിയവർ തൊഴിൽതേടി മറുനാടുകളിലേക്കു നീങ്ങി. നാട്ടിലും, മറുനാട്ടിലും വിദ്യാഭ്യാസത്തിന്റെ ബലത്തിൽ അവർ നേടിയെടുത്ത സ്ഥാനമാനങ്ങളും സമ്പത്തും കുടുംബചരിത്രത്തിലൂടെ വായിച്ചറിയാം. തങ്ങളുടെ ഐഡന്റിറ്റി - സ്വത്വം നിലനിർത്താൻ അവർക്കു കുടുംബയോഗവും കുടുംബചരിത്രവും വേണം.

പുതിയ ജീവിതസാഹചര്യങ്ങളിൽ കുടുംബത്തിന്റെ ഓർമ്മകൾ തലമുറകളിലേക്കു പകരാൻ അവസരങ്ങൾകുറവാണ്. കുടുംബാംഗങ്ങൾ ഒന്നിച്ചുകൂടുന്ന പൊതുചടങ്ങുകൾ, ഇപ്പോൾ പഴയമട്ടിൽ കുടുംബപുരാണങ്ങൾ അയവിറക്കാനോ കൂട്ടുകെട്ടുകൾ ഉറപ്പിക്കാനോ ബന്ധുക്കളെ തിരിച്ചറിയാനോ ഉപകരിക്കുന്നില്ല. എല്ലാവരും തിരക്കിലാണ്. ചുരുങ്ങിയ സമയംകൊണ്ട് ഏതെങ്കിലും പൊതുസ്ഥലത്തുവച്ചു കണ്ടുമുട്ടി പിരിയുന്ന മട്ടിലായിട്ടുണ്ട് വിവാഹഘോഷങ്ങളും മറ്റും. കുടുംബാംഗങ്ങളെല്ലാം ഒരേ ദിക്കിൽതന്നെ കഴിഞ്ഞുകൂടുന്ന പതിവും ഇന്നില്ല. ഒളശ്ശ കുടുംബത്തിലെ അംഗങ്ങൾ എങ്ങനെ പലനാടുകളിലായി ചിതറിക്കഴിയുന്നു എന്നതു ഈ പുസ്തകത്തിൽനിന്നു തന്നെ ഒറ്റനോട്ടത്തിൽ മനസ്സിലാക്കാം. കുടുംബക്കൂട്ടായ്മയുടെ സ്നേഹോഷ്മളതയും കുടുംബപുരാണത്തിന്റെ കൗതുകവും ഒരു അഭാവമായി ഇന്നു നമുക്കനുഭവപ്പെടുന്നുണ്ട്. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സമൂഹങ്ങളിൽ, വിശിഷ്യ വളർച്ചയ്ക്കുവേണ്ടി ഇടതടവില്ലാതെ തിരക്കുകൂട്ടുന്ന നസ്രാണി കളിൽ ഈ അഭാവം പരിഹരിക്കാൻ കുടുംബയോഗങ്ങളും, കുടുംബചരിത്രങ്ങളും പ്രത്യക്ഷപ്പെടുന്നു.

അതുകൊണ്ടുതന്നെ ഇന്നിന്റെ പശ്ചാത്തല ത്തിലുള്ള പൂർവ്വകാല ദർശനമായി കുടുംബചരിത്രങ്ങളെ മനസ്സിലാക്കാം. തങ്ങൾ ആരായിരുന്നു, എന്തായിരുന്നു എന്നുള്ള ആത്മദർശനത്തിന്റെ ചരിത്രരൂപമാണ് കുടുംബാംഗങ്ങൾക്ക് കുടുംബചരിത്രം. കുടുംബചരിത്രരചനയുടെ ലക്ഷ്യം കുടുംബാംഗങ്ങളുടെ ഐക്യം ഉറപ്പിക്കുന്നതും ആരോഗ്യകരമായ പൂർവ്വകാലാവബോധം വളർത്തുന്നതുമാണെന്നു എല്ലാ കുടുംബചരിത്ര രചയിതാക്കളും സമ്മതിക്കും. സോദ്ദേശ്യമാണ് കുടുംബചരിത്രരചന. കുടുംബചരിത്രത്തിൽ എന്തെല്ലാം കൊള്ളണം തള്ളണം എന്നു തീരുമാനിക്കുന്നതു ഇപ്പറഞ്ഞ ലക്ഷ്യവുമായി ബന്ധപ്പെട്ടാണ്.

ചരിത്രമെന്നാൽ പൂർവ്വകാലത്തിന്റെ ഫോട്ടോ പകർപ്പാണെന്ന ധാരണ ഇന്നു ചരിത്രകാരന്മാർക്കില്ല. ഓരോ ചരിത്രവും സവിശേഷ ലക്ഷ്യങ്ങൾക്കനുസൃതമായി രചിക്കപ്പെടുന്നതാണ്. ലോകചരിത്രവും, രാജ്യചരിത്രവും, ദേശചരിത്രവും ഇത്തരം പരിമിതികളുള്ള രചനകളാണ്. കാലത്തിന്റെ വെല്ലുവിളികളെ നേരിടാനുള്ള ശക്തമായ ഉപകരണമാണ് ചരിത്രമെന്നു തിരിച്ചറിഞ്ഞതുകൊണ്ടാണ് ചരിത്രത്തെ ചൊല്ലി ഇന്ന് ഏറെ തർക്കങ്ങളുണ്ടാകുന്നത്. നമ്മുടെ നാട്ടിൽ പ്രാദേശിക ഭരണാധികാരികൾ അവരുടെ മേൽക്കോയ്മ ഉറപ്പിക്കാൻ ദിവ്യപരിവേഷമുള്ള കഥകൾ കേരളോൽപത്തി രൂപത്തിൽ ചരിത്രമായി പ്രചരിപ്പിച്ചിരുന്നു. പാശ്ചാത്യർ വന്നപ്പോൾ വെള്ളക്കാരന്റെ താൻകേമൻ ഭാവത്തോടെ നാട്ടാരെയും, നാട്ടുനടപ്പിനെയും കീഴായ്മയാക്കി ചരിത്രമുണ്ടാക്കി, തങ്ങൾ എഴുതി പ്രചരിപ്പിക്കുന്നതുമാത്രമാണ് ചരിത്രമെന്നു തനി പടിഞ്ഞാറൻ ഗർവ്വോടെ അവർ പഠിപ്പിച്ചു. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം ദേശീയതയുടെയും ഭാരതീയതയുടെയും പാശ്ചാത്തലത്തിൽ വീണ്ടും ചരിത്രശൈലി

മാറി. ഇപ്പോൾ ഊന്നൽ ലഭിക്കുന്നതു പ്രാദേശിക ചരിത്രത്തിനാണ്, അതും ഭൂതകാലത്തെക്കുറിച്ചുള്ള വൈവിധ്യമാർന്ന നാടോടിപ്പാരമ്പര്യങ്ങൾക്ക്. ഇവിടെയാണ് കുടുംബചരിത്രങ്ങൾ പണ്ടില്ലാത്തെ മാന്യതനേടി ചരിത്രത്തിന്റെ വേദിയിൽ ഇടം പിടിക്കുന്നത്.

ചങ്ങനാശ്ശേരിയുടെ പ്രാദേശിക ചരിത്രരചനയ്ക്കു വിലപ്പെട്ട വിഭവങ്ങൾ ഒളശ്ശ കുടുംബചരിത്രത്തിലുണ്ട്. അഹിംസാവാദികളും, കയ്യൂക്കുകൊണ്ടു കാര്യം നടത്തുന്നവരും സത്യസന്ധതകൊണ്ടു സമുദായ സ്വത്തു വർദ്ധിപ്പിക്കുന്നവരും ഈ ചരിത്രത്തിന്റെ ഭാഗമായി ഭൂതകാലത്തിന്റെ നിഴലുകളായി കടന്നു വരുന്നു. ചങ്ങനാശ്ശേരിയുടെ മാനവിക ഭൂമിശാസ്ത്രം- ഇന്നു നഗരമായിത്തീർന്നിരിക്കുന്ന ഭൂപ്രദേശത്തു മനുഷ്യനും പ്രകൃതിയും തമ്മിലുണ്ടായ അഭിമുഖീകരണത്തിന്റെ കഥപറയുന്ന വിജ്ഞാനശകലങ്ങൾ ഇതിലുണ്ട്. ചങ്ങനാശ്ശേരിയുടെ വളർച്ചയിൽ പുരുഷന്മാരോടൊപ്പം ഊർജ്ജസ്വലരായി പ്രവർത്തിച്ച സ്ത്രീകളുടെ ചരിത്രങ്ങൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. നഗരത്തിലെ പൗരസമൂഹത്തിന്റെ രൂപീകരണത്തെക്കുറിച്ചു പഠിക്കുന്നവർക്കു വേണ്ട വിഭവങ്ങൾ ഇതിലുണ്ട്. ഒളശ്ശ കുടുംബത്തിലെ പല അംഗങ്ങളും മുൻസിപ്പൽ ഭരണത്തിന്റെ തലപ്പത്തും മറ്റുതലങ്ങളിലും സജീവമായി പ്രവർത്തിച്ചിരുന്നു. ചുരുക്കത്തിൽ ചങ്ങനാശ്ശേരിയുടെ ചരിത്രം തേടുന്നവർക്ക് വിലപ്പെട്ട അനേകം കാഴ്ചകൾ ഒരുക്കി വച്ചിരിക്കുന്ന ചരിത്ര മ്യൂസിയമായി ഒളശ്ശ കുടുംബചരിത്രത്തെ വിശേഷിപ്പിക്കാം.

ഇപ്പോഴത്തെ നിലയിൽ ഇങ്ങനെയൊരു ചരിത്രം സ്വരൂപിച്ചെടുക്കാൻ കഴിഞ്ഞതു പലരുടെയും കഠിനപരിശ്രമംകൊണ്ടാണ്. അവരിൽ അഡ്വ. ഒ, വി. വർഗ്ഗീസിനെ പ്രത്യേകം ഓർമ്മിക്കണം. അദ്ദേഹത്തിന്റെ ഭാര്യ റോസക്കുട്ടി എന്റെ വല്യപ്പന്റെ അനുജന്റെ മകളാണ്. ആ നിലയ്ക്ക് ഈ ചരിത്രരചനാ സംരംഭത്തിന്റെ തോതും, തരവും അടുത്തറിയാൻ എനിക്കവസരമുണ്ടായി. വിവരങ്ങൾ ശേഖരിക്കുന്നതിലും അവതരിപ്പിക്കുന്നതിലും അദ്ദേഹം പ്രദർശിപ്പിച്ച ക്ഷമയും ക്ലേശസഹിഷ്ണതയും ചിട്ടയും ഒളശ്ശ കുടുംബചരിത്രത്തിനു വലിയ മുതൽക്കൂട്ടായി ത്തീർന്നു. എത്രയോ വർഷത്തെ വിലപ്പെട്ട അധ്വാനം പാഴായിപ്പോകാതെ ഇന്നത്തെ നിലയിൽ വേണ്ടമാറ്റങ്ങൾ വരുത്തി കൂടുതൽ വിവരങ്ങൾ ചേർത്തു പ്രസിദ്ധീകരിക്കാൻ ഉത്സാഹിച്ച എല്ലാവരെയും വിശിഷ്യ ഫിലിപ്പ് പി. ഒളശ്ശയേയും (പോത്തച്ചൻ) അഭിനന്ദിക്കുന്നു. കുടുംബാംഗങ്ങൾ മാത്രമല്ല നാട്ടുചരിത്രത്തിൽ തല്പരരായവരെല്ലാം അവരോടു കടപ്പെട്ടിരിക്കുന്നു.

ഒളശ്ശ കുടുംബാംഗങ്ങൾക്കു സ്നേഹാശംസകൾ അർപ്പിച്ചുകൊണ്ട് ഈ ഗ്രന്ഥം ബഹുജനസമക്ഷം അവതരിപ്പിക്കുന്നു.

**ഡോ. സ്കറിയാ സക്കറിയ**
*പ്രൊഫസർ, വകുപ്പദ്ധ്യക്ഷൻ*
*മലയാള വിഭാഗം/സ്കൂൾ ഓഫ് കൾച്ചറൽ സ്റ്റഡീസ്*
*ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി*

# ചങ്ങനാശ്ശേരി ഒളശ്ശ കുടുംബചരിത്രം

## പൂർവ്വചരിത്രം

ഭാരതത്തിലെ ക്രിസ്ത്യാനികളുടെ ചരിത്രമാരംഭിക്കുന്നത് വി. തോമ്മാശ്ലീഹായുടെ കേരളപ്രവേശനത്തോടുകൂടിയാണ്.

യൂദയാ നാട്ടുകാരനായ വി. തോമ്മാശ്ലീഹായുടെ ജന്മനാട് ഗലീലിയാ എന്ന കൊച്ചുഗ്രാമമായിരുന്നു. ദിദിമോസ് തോമസ് എന്നു പൂർണ്ണനാമം. ദിദിമോസ് തോമസ് എന്ന വാക്കിന്റെ അർത്ഥം ഇരട്ടപെറ്റതിൽ ഒരുവനെന്നാണ്. ചുങ്കക്കാരൻ മത്തായിയുടെ ഇരട്ടപിറന്ന സഹോദരനാണദ്ദേഹമെന്ന് സംശയിക്കപ്പെടുന്നു. മാതാപിതാക്കൾ നല്കിയ പേര് യൂദാസ്. അറിയപ്പെട്ടിരുന്നത് യൂദാസ് തോമസെന്ന്. വളർന്നതും, താമസിച്ചതും പലസ്തീനായിൽ. തൊഴിൽ മീൻ പിടിത്തമായിരുന്നു. ഔപചാരിക വിദ്യാഭ്യാസം ലഭിച്ചില്ലെങ്കിലും പൊതുകാര്യങ്ങളിൽ ശ്രദ്ധാലുവായിരുന്നു. അന്നു പലസ്തീനാ റോമാ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു. രാജ്യത്താകെ അനീതിയും, അക്രമവും കൊടികുത്തി വാണകാലം. ഒരു പുതിയ വിമോചകനെ കാത്തിരുന്ന ജനങ്ങളുടെ മുമ്പിൽ രക്ഷകനായി യേശു പ്രത്യക്ഷപ്പെട്ടു. യേശുവിന്റെ നിത്യനൂതന സമാധാന സനാതന ധർമ്മമാർഗ്ഗം യൂദാസ് തോമസിനെ വല്ലാതെ ആകർഷിക്കുക തന്നെചെയ്തു. അപ്പോഴേയ്ക്കും യേശുവിന്റെ ക്ഷണം അദ്ദേഹത്തിനു കിട്ടുകയുണ്ടായി. ആ ജീവിതം കണ്ടറിഞ്ഞ് തന്റേതായതെല്ലാം ത്യജിച്ച് യേശുവിന്റെ അപ്പസ്തോലനായി യൂദാസ് തോമ്മാ കേരളത്തിലെത്തുകതന്നെ ചെയ്തു. ശ്ലീഹന്മാർ സുവിശേഷ പ്രഘോഷണത്തിന് ഓരോ രാജ്യങ്ങൾ നറുക്കിട്ടെടുത്തപ്പോൾ ഭാരതം കിട്ടിയ തോമ്മാശ്ലീഹാ അതു നിരസിച്ചപ്പോൾ ഈശോതന്നെ പ്രത്യക്ഷപ്പട്ട് ധൈര്യപ്പെടുത്തിയതായി ഒരൈതിഹ്യമുണ്ട്.

ഏ. ഡി. 52 ലാണ് യേശുക്രിസ്തുവിന്റെ പന്ത്രണ്ട് അപ്പസ്തോലന്മാരിൽ ഒരാളായിക്കഴിഞ്ഞിരുന്ന തോമ്മാശ്ലീഹാ കേരളത്തിൽ കൊടുങ്ങല്ലൂരിലെ മാല്യങ്കര എന്ന ഗ്രാമത്തിലെത്തുകയും, അത്ഭുതപ്രവർത്തനങ്ങളിലൂടെയും പ്രബോധനങ്ങളിലൂടെയും ഏതാനും പേരെ ക്രിസ്ത്യാനികളാക്കുകയും, കൊടുങ്ങല്ലൂർ (മാല്യങ്കര), പാലയൂർ, കോട്ടക്കാവ് (പറവൂർ), കോക്കമംഗലം, കൊല്ലം, നിരണം, നിലയ്ക്കൽ, (ചായൽ) എന്നിവിടങ്ങളിലായി ഏഴുപള്ളികൾ സ്ഥാപിക്കുകയും ചെയ്തത്. ഇതാണ് കേരള ക്രൈസ്തവരുടെ പരമ്പരാഗതമായ വിശ്വാസം. പുരോഹിത പാരമ്പര്യമുള്ള ഏതാനും നമ്പൂതിരിമാരെയും അദ്ദേഹം ക്രൈസ്തവ വിശ്വാസികളാക്കി. അവരെ വൈദിക

**ഭാരതത്തിലെ ക്രിസ്ത്യാനികളുടെ ചരിത്രമാരംഭിക്കുന്നത് വി. തോമ്മാ ശ്ലീഹായുടെ കേരളപ്രവേശന ത്തോടുകൂടിയാണ്.**

**ഏ. ഡി. 52 ലാണ് യേശുക്രിസ്തുവിന്റെ പന്ത്രണ്ട് അപ്പ സ്തോലന്മാരിൽ ഒരാളായിക്കഴി ഞ്ഞിരുന്ന തോമ്മാശ്ലീഹാ കേരളത്തിൽ കൊടുങ്ങല്ലൂരിലെ മാല്യങ്കര എന്ന ഗ്രാമത്തിലെത്തുന്നത്**

പദവിയിലേയ്ക്കുയർത്തിയെന്നും വിശ്വസിക്കപ്പെടുന്നു. കേരളത്തിലെ പ്രവർത്തനങ്ങൾക്കു ശേഷം അദ്ദേഹം ചോളമണ്ഡലത്തിലേയ്ക്കും (പൂർവ്വതീരം) തുടർന്ന് മലാക്കാ, ചൈന തുടങ്ങിയ രാജ്യങ്ങളിലേയ്ക്കും സുവിശേഷ പ്രചാരണാർത്ഥം സഞ്ചരിക്കുകയുണ്ടായി. പിന്നീട് ചോളമണ്ഡലത്തിൽ തിരിച്ചെത്തിയ ശ്ലീഹാ ക്രിസ്തുവർഷം 72 ൽ മൈലാപ്പൂരിൽവച്ച് രക്തസാക്ഷിത്വം വരിക്കുകയും അവിടെത്തന്നെ സംസ്കരിക്കപ്പെടുകയുമുണ്ടായെന്നും വിശ്വസിക്കുന്നു. പാശ്ചാത്യനാടുകളുടെ ഔദ്യോഗികമതമായി ക്രിസ്തുമതം തീരുന്നതിനു മുമ്പുതന്നെ ഭാരതത്തിലത് വേരൂന്നിയെന്നത് ഭാരതക്രിസ്ത്യാനികൾക്ക് അഭിമാനം നല്കുന്നു. ക്രിസ്തുമതത്തിന്റെ ഭാരതത്തിലെ ഈ പൗരാണികത മിക്കചരിത്രകാരന്മാരും അംഗീകരിക്കുന്നുണ്ട്. ലിഖിത രേഖകളൊന്നുമില്ലെങ്കിലും ശക്തമായ പാരമ്പര്യങ്ങളും, സഭാപിതാക്കന്മാരുടെ സാക്ഷ്യങ്ങളും, പുരാതന കൃതികളും, ചരിത്ര പണ്ഡിതന്മാരുടെ സാക്ഷ്യങ്ങളും തോമ്മാശ്ലീഹായുടെ ഭാരതപ്രവേശനം സ്ഥിരീകരിക്കുന്നു. മാർഗ്ഗംകളിപ്പാട്ട്, റമ്പാൻ പാട്ട്, വീരടിയാൻപാട്ട് തുടങ്ങിയ പ്രാചീനകൃതികളിൽ ഇക്കാര്യം സൂചിപ്പിക്കുന്നു. സോളമന്റെ കാലം മുതൽതന്നെ പാശ്ചാത്യർക്ക് കേരളവുമായി ബന്ധമുണ്ടായിരുന്നു. എ. ഡി. 45 ൽ ഹിപ്പാലസ് എന്ന കാറ്റ് കണ്ടുപിടിച്ചതോടെ അറബിജൂതക്കച്ചവടക്കാർക്ക് കേരളത്തിലെത്താനുള്ള സമയ ദൈർഘ്യം വളരെയേറെ കുറഞ്ഞു. ഭാരതവും ക്രിസ്തുമതവുമായുള്ള പ്രാചീനബന്ധം ജവാഹർലാൽ നെഹ്രു, ഡോ. രാധാകൃഷ്ണൻ, ഡോ. രാജേന്ദ്രപ്രസാദ്, ഡോ. വിൻസെന്റ് സ്മിത്ത് തുടങ്ങിയവർ അംഗീകരിച്ചിട്ടുമുണ്ട്. ഏ. ഡി. 2-ാം ശതകത്തിൽ കേരളത്തിലെത്തിയ, അലക്സാന്ഡ്രിയൻ വിദ്യാപീഠത്തിന്റെ അധിപൻ പന്തേനൂസ് കേരളക്രിസ്ത്യാനി സമൂഹത്തെപ്പറ്റി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഗുവയയുടെ ജൊർണാദോയിലും മാർക്കോപോളോ, ബുക്കാനൻ, കോസ്മോസ് ഇൻഡിക്കോ പ്ലെസ്തൂസ് തുടങ്ങിയ സഞ്ചാരികളുടെ വിവരണങ്ങളിലും കേരളത്തിലെ ദൃഢവിശ്വാസമുള്ള ക്രിസ്ത്യൻ സമുദായത്തെപ്പറ്റിപ്പറയുന്നുണ്ട്. നസ്രാണികളെന്നാണ് കേരളക്രിസ്ത്യാനികൾ അന്നറിയപ്പെട്ടിരുന്നത്.

**പാശ്ചാത്യനാടുകളുടെ ഔദ്യോഗികമതമായി ക്രിസ്തുമതം തീരുന്നതിനു മുമ്പുതന്നെ ഭാരതത്തിലതു വേരൂന്നിയെന്നത് ഭാരതക്രിസ്ത്യാനികൾക്ക് അഭിമാനം നല്കുന്നു.**

കേരളത്തിലെ നസ്രാണിക്രിസ്ത്യാനി കുടുംബങ്ങളിൽ ഒട്ടുമിക്കതിന്റെയും ചരിത്രം ആരംഭിക്കുന്നത് വി. തോമ്മാശ്ലീഹായിൽ നിന്ന് ക്രിസ്തുമാർഗ്ഗം സ്വീകരിച്ച ഏതെങ്കിലുമൊരു നസ്രാണി ബ്രാഹ്മണകുടുംബത്തിൽ നിന്നായിരിക്കും. ഒളശ്ശ കുടുംബചരിത്രത്തിൽ ഇന്നു ലഭ്യമാകുന്ന സൂചന വ്യക്തമാക്കുന്നത് തോമ്മാശ്ലീഹായിൽ നിന്ന് ക്രിസ്തുമാർഗ്ഗം സ്വീകരിച്ച ഉദയം പേരൂരിലെ

ഒളശ്ശ കുടുംബചരിത്രത്തിൽ ഇന്നു ലഭ്യമാകുന്ന സൂചന വ്യക്തമാക്കുന്നത് തോമ്മാശ്ലീഹായിൽ നിന്ന് ക്രിസ്തുമാർഗ്ഗം സ്വീകരിച്ച ഉദയം പേരൂരിലെ ഒരു ബ്രാഹ്മണ കുടുംബത്തിൽ നിന്നാണ് ഒളശ്ശ കുടുംബത്തിന്റെ ഉദ്ഭവമെന്നാണ്.

ഉദയംപേരൂരിൽ ക്രിസ്തുമതം സ്വീകരിച്ച ബ്രാഹ്മണ പൂജാരിമാരുടെ പിൻതലമുറക്കാർ ക്രിസ്ത്യാനികളായിത്തന്നെ ജീവിച്ചു.

ഒരു ബ്രാഹ്മണ കുടുംബത്തിൽ നിന്നാണ് ഒളശ്ശ കുടുംബത്തിന്റെ ഉദ്ഭവമെന്നാണ്. ഇന്നത്തെ എറണാകുളം ജില്ലയിലെ ചരിത്ര പ്രശസ്തമായ ഒരു പ്രാചീന ഗ്രാമമാണ് ഉദയംപേരൂർ. ടോളമി 'പോദോ പെറോറാ' എന്നും പോർട്ടുഗീസുകാർ ' ദയാംപർ' എന്നും ഈ ഗ്രാമത്തെ വിളിക്കുന്നു. മാർത്തോമ്മാശ്ലീഹായിൽ നിന്നാണ് ഇവിടുത്തെ ക്രിസ്ത്യാനികൾ ക്രിസ്തുമതം സ്വീകരിച്ചതെന്നാണ് പാരമ്പര്യ വിശ്വാസം. നസ്രാണികളുടെ പ്രശസ്തമായ വില്ലാർവട്ടം രാജവംശത്തിന്റെ ആസ്ഥാനമായിരുന്നു ഉദയംപേരൂർ. വില്ലാർവട്ടം രാജവംശത്തിലെ "വില്ലെടുത്തവരിൽ വില്ലാർവട്ടത്തെ വെല്ലാനാരുമില്ല" എന്ന ചൊല്ലിനു കാരണക്കാരനായ തോമ്മാ രാജാവിന്റെ ഭൗതികാവശിഷ്ടങ്ങൾ അടക്കം ചെയ്തിരിക്കുന്നത് എറണാകുളം അതിരൂപതയുടെ അധികാരാതിർത്തിയിലെ ഉദയംപേരൂർ പള്ളിയിലാണ്. സുറിയാനി ക്രിസ്ത്യാനികൾ, 1549 നു ശേഷം അവരെ ഭരിച്ച പാത്രിയർക്കീസുമാരുടെ വിശ്വാസപ്രകാരം നെസ്തോറിയന്മാരായെന്ന് വിശ്വസിച്ച പോർട്ടുഗീസ് മിഷനറിമാരുടെ പ്രേരണമൂലം അന്നത്തെ ഗോവയിലെ ലത്തീൻ ആർച്ചുബിഷപ്പ് മെനേസിസ്, ചരിത്ര പ്രസിദ്ധമായ ഉദയംപേരൂർ സുനഹദോസ് 1599 ൽ നടത്തിയ ഈ ദേവാലയം സുനഹദോസ്പള്ളിയെന്നാണ് ഇന്നറിയപ്പെടുന്നത്.

നെസ്തോറിയൻ വിശ്വാസത്തിൽ നിന്നും ഹിന്ദു ആചാരങ്ങളിൽ നിന്നും നസ്രാണികളെ വിമോചിപ്പിക്കുകയായിരുന്നു ആർച്ചുബിഷപ്പ് മെനേസിസിന്റെ ലക്ഷ്യം. ഇത് സുറിയാനി ക്രിസ്ത്യാനികളുടെ - നസ്രാണികളുടെ - യിടയിൽ ഭിന്നിപ്പുണ്ടാക്കി. തുടർന്ന് നടന്ന 1653 ലെ കൂനൻകുരിശുസത്യമാണ് യാക്കോബായ സഭയുടെ കേരളത്തിലെ ആവിർഭാവത്തിനു കളമൊരുക്കിയത്. 1599 വരെ ഒരേവിശ്വാസത്തിൽ വർത്തിച്ച കേരള നസ്രാണികൾ പുത്തൻ കൂറ്റുകാരെന്നും പഴയ കൂറ്റുകാരെന്നും രണ്ടായി പിരിഞ്ഞു. കൂനൻ കുരിശു സത്യത്തിനുശേഷം പുത്തൻ കൂറ്റുകാരായിത്തീർന്നവർ 1665 ൽ യാക്കോബായ വിശ്വാസം സ്വീകരിച്ചു. പഴയ കൂറ്റുകാരാകട്ടെ പോർട്ടുഗീസുകാരുടെ ഉപജാപങ്ങളെ അതിജീവിച്ച് കത്തോലിക്കാ വിശ്വാസത്തിലുറച്ചു നിന്നു. ഒരു വീട്ടിൽത്തന്നെ പഴയകൂറ്റുകാരും പുത്തൻ കൂറ്റു വിശ്വാസികളും ഐക്യത്തിൽത്തന്നെ കഴിഞ്ഞു. വിശ്വാസം, സംസ്ക്കാരം ഇവയിൽ അവരൊന്നാണല്ലോ ഭരണത്തിൽ മാത്രമല്ലേ വ്യത്യാസമുള്ളൂ. ഉദയംപേരൂരിൽ ക്രിസ്തുമതം സ്വീകരിച്ച ബ്രാഹ്മണ പൂജാരിമാരുടെ പിൻതലമുറക്കാർ ക്രിസ്ത്യാനികളായിത്തന്നെ ജീവിച്ചു.

മത്തായി

ചാണ്ടി

പോത്തൻ　　മത്തായി　　അന്ന

## ഉദയംപേരൂരിൽ നിന്നു കടുത്തുതുരുത്തിയിലേയ്ക്ക്

മത്തായിയുടെ മകൻ ചാണ്ടിയ്ക്ക് പോത്തൻ, മത്തായി, എന്ന് രണ്ട് ആൺമക്കളും അന്ന എന്നൊരു മകളുമാണുണ്ടായിരുന്നത്. പോത്തനും മത്തായിയും അവരുടെ ഭാര്യമാരും ഏക സഹോദരി അന്നയുംകൂടി ഉദയംപേരൂരിൽ നിന്ന് കടുത്തുരുത്തിയിലേയ്ക്കു താമസം മാറ്റി. കടുത്തുരുത്തി അന്ന് വടക്കുംകൂർ രാജ്യത്തിലുൾപ്പെട്ടിരുന്നു. വടക്കുംകൂറിന്റെ തലസ്ഥാനവും വളരെക്കാലത്തേയ്ക്ക് കടുത്തുരുത്തിയായിരുന്നു. കടൽ ചൂഴ്ന്ന ഒരു ദ്വീപായിരുന്നതുകൊണ്ട് കടൽത്തുരുത്ത് എന്നു വിളിച്ചു. സിന്ധുദ്വീപമെന്നാണ് സംസ്കൃതത്തിലറിയപ്പെട്ടത്. ഉണ്ണുനീലി സന്ദേശത്തിലും ശുകസന്ദേശത്തിലും സിന്ധു ദ്വീപമെന്നപ്രയോഗമുണ്ട്. "ബിംബലീപാലകാനാം സിന്ധുദ്വീപം" എന്നാണ് ശൂകസന്ദേശത്തിലെ പരാമർശം. കടുത്തുരുത്തി ഒരു സൈനിക കേന്ദ്രവും പുരാതന ക്രിസ്ത്യൻ കേന്ദ്രവും കൂടിയായിരുന്നു. ഏ. ഡി. 500 നടുത്താണ് കടുത്തുരുത്തിയിലെ പുരാതന സുറിയാനി ക്രിസ്ത്യൻ ദേവാലയത്തിന്റെ സ്ഥാപനം. ഇപ്പോഴത് കോട്ടയം ക്നാനായ മെത്രാന്റെ അധികാരാതിർത്തിയിലാണ്. കടുത്തുരുത്തി പള്ളിയിൽ വച്ചാണ് ഭാരത നസ്രാണികളുടെ സ്വജാതി മെത്രാൻ പറമ്പിൽ ചാണ്ടി അച്ചന്റെ മെത്രാഭിഷേകം നടന്നത്.

കടുത്തുരുത്തി അന്ന് വടക്കുംകൂർ രാജ്യത്തിലുൾപ്പെട്ടിരുന്നു. വടക്കുംകൂറിന്റെ തലസ്ഥാനവും വളരെക്കാലത്തേയ്ക്ക് കടുത്തുരുത്തിയായിരുന്നു. കടൽ ചൂഴ്ന്ന ഒരു ദ്വീപായിരുന്നതുകൊണ്ട് കടൽത്തുരുത്ത് എന്നു വിളിച്ചു.

എന്നാൽ കടുത്തുരുത്തിയിൽ ഒളശ്ശ കുടുംബത്തിലെ ഈ പൂർവ്വികർക്ക് അധികകാലം താമസിക്കാൻ കഴിഞ്ഞില്ല.

## തെക്കുംകൂറിലെ ഒളശ്ശയിലേയ്ക്കു താമസം മാറ്റുന്നു.

പോത്തനും, മത്തായിയുംകൂടി കടുത്തുരുത്തിയിൽ നിന്ന് കുടുംബസമേതം തെക്കുംകൂർ രാജ്യത്തിലേയ്ക്കു കുടിയേറി. അവർ കോട്ടയത്ത് താഴത്തങ്ങാടിയിൽ 'തളിയിൽകോട്ട' എന്ന

സ്ഥലത്താണു താമസിച്ചത്. പ്രാചീനമായ കോട്ടയം ചെറിയ പള്ളിയായിരുന്നു അവരുടെ ഇടവക.

തെക്കുംകൂറെന്നും വടക്കുംകൂറെന്നും പഴയവെമ്പലനാട് രണ്ടായിത്തീർന്നത് ഏ. ഡി. 1100 നടുത്തായിരുന്നു. ഇന്നത്തെ ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, തിരുവല്ലാ, കോട്ടയം താലൂക്കുകൾ പൂർണ്ണമായും, മീനച്ചിൽ താലൂക്കിന്റെ ഒരു ഭാഗവും, കോട്ടയം ജില്ലയിലെ ഹൈറേഞ്ചും ചേർന്നതായിരുന്നു അന്നത്തെ തെക്കുംകൂർ. കോട്ടയത്തെ നെട്ടാശ്ശേരിയായിരുന്നു കുറേക്കാലം തലസ്ഥാനം. നാടുവാഴിത്തത്തിലധിഷ്ഠിതമായിരുന്നു അന്നത്തെ രാഷ്ട്രീയസാമൂഹികഘടന. സ്വതന്ത്ര നാടുവാഴികൾ ഭരിക്കുന്ന ഒട്ടേറെ നാടുകളായി രാജ്യം വിഭജിക്കപ്പെട്ടിരുന്നു.

**അന്ന് തെക്കുംകൂറിൽപ്പെട്ട ഒളശ്ശ നാടുഭരിച്ചിരുന്നത് ക്ഷത്രിയ രാജാക്കന്മാരായിരുന്നു. ഇന്നത്തെ കോട്ടയം താലൂക്കിൽ അയ്മനം പഞ്ചായത്തിലെ 12 ച. കി. മീറ്റർ വിസ്തൃതിയുള്ള ഒരു കരയായിരുന്നു ഒളശ്ശ. ...... മറ്റുകരകളേക്കാൾ ഉലർച്ച കൂടുതലുള്ളതു കൊണ്ടാകാം ഒളശ്ശയെന്നതിനു പേരുണ്ടായത്.**

**അന്ന് ക്രിസ്ത്യാനികൾക്ക് സവർണ്ണ ഹിന്ദുക്കൾക്കു സമാനമായ സ്ഥാനമാണു ഹിന്ദു രാജാക്കന്മാർ നല്കിയിരുന്നത്. നായന്മാർക്കു തുല്യമായ മാന്യത ക്രിസ്ത്യാനികൾക്കും ലഭിച്ചിരുന്നു.**

അന്ന് തെക്കുംകൂറിൽപ്പെട്ട ഒളശ്ശ നാടുഭരിച്ചിരുന്നത് ക്ഷത്രിയ രാജാക്കന്മാരായിരുന്നു. ഇന്നത്തെ കോട്ടയം താലൂക്കിൽ അയ്മനം പഞ്ചായത്തിലെ 12 ച. കി. മീറ്റർ വിസ്തൃതിയുള്ള ഒരു കരയായിരുന്നു ഒളശ്ശ. അയ്മനം, ചെങ്ങളം, കുമരകം, പരിപ്പ് തുടങ്ങിയ മറ്റുകരകളും സമീപത്തുണ്ടായിരുന്നു. മറ്റുകരകളേക്കാൾ ഉലർച്ച കൂടുതലുള്ളതുകൊണ്ടാകാം ഒളശ്ശയെന്നതിനു പേരുണ്ടായത്. ഒരു കാലത്ത് തെക്കുംകൂറിന്റെ രാജധാനിയായിരുന്ന 'ഇടം' എന്ന സ്ഥലമായിരുന്നു അന്ന് ഒളശ്ശ രാജാവിന്റെ രാജധാനി. ഒളശ്ശ രാജാവ് സവർണ്ണർക്കും അവർണ്ണർക്കും ഓരോ ക്ഷേത്രം പണികഴിപ്പിച്ചു കൊടുത്തിരുന്നു. ഒന്ന് ദശദേവതാസ്ഥാനമായ ചെറുവള്ളിക്കാവു ക്ഷേത്രം. ഈ ക്ഷേത്രം ഇന്നും പ്രശസ്തമാണ്. ഈ ക്ഷേത്രം അദ്ദേഹം തന്റെ സവർണ്ണരായ പ്രജകൾക്കായി പണികഴിപ്പിച്ചതായിരുന്നു. രണ്ടാമത്തേത് ഒളശ്ശവേട്ടയ്ക്കൊരുമകൻ കാവാണ്. ഇത് അവർണ്ണ ഹിന്ദുപ്രജകൾക്കദ്ദേഹം ദാനം ചെയ്തു. അന്ന് ക്രിസ്ത്യാനികൾക്ക് സവർണ്ണ ഹിന്ദുക്കൾക്കു സമാനമായ സ്ഥാനമാണു ഹിന്ദു രാജാക്കന്മാർ നല്കിയിരുന്നത്. നായന്മാർക്കു തുല്യമായ മാന്യത ക്രിസ്ത്യാനികൾക്കും ലഭിച്ചിരുന്നു. തീണ്ടലും തൊടീലും സവർണ്ണമേധാവിത്വവും നന്നായുണ്ടായിരുന്ന ഒരു കാലമായിരുന്നു അത്. അന്ന് അവർണ്ണർ സമർപ്പിച്ചിരുന്ന നേർച്ചകാഴ്ചകൾ വാങ്ങി സവർണ്ണ ക്ഷേത്രങ്ങൾക്കു നല്കിയിരുന്നത് ക്രിസ്ത്യാനികളുടെ ചുമതലയായിരുന്നു. മാത്രവുമല്ല

"തൈലാദിവസ്തുക്കളശുദ്ധമായാൽ പൗലോസു തൊട്ടാലതു ശുദ്ധമാകും" എന്ന ഒരു ധാരണ തന്നെ സാധാരണ ജനങ്ങൾക്കുണ്ടായിരുന്നു. പല ക്ഷേത്രങ്ങളിലും കൊടികയറ്റാൻ കയർ നല്കുക, ഉത്സവം നടത്തുക തുടങ്ങിയവ ക്രിസ്ത്യാനികളെയാണ് ഏല്പ്പിച്ചിരുന്നത്. രാജാക്കന്മാരുടെ

കാര്യസ്ഥന്മാരും ക്രിസ്ത്യാനികളായിരുന്നു. അവർണ്ണർ തൊട്ടശുദ്ധമാക്കപ്പെട്ട സവർണ്ണന് പെട്ടെന്ന് പുണ്യാഹത്തിനു നിവൃത്തിയില്ലെങ്കിൽ ക്രിസ്ത്യാനിയെത്തൊട്ടാൽ അശുദ്ധിമാറുമെന്നും വിശ്വാസമുണ്ടായിരുന്നു. സവർണ്ണ ഹിന്ദുക്കളുടെ ദുരാചാരങ്ങളിൽ നിന്നു ക്രിസ്ത്യാനികളെ പിന്തിരിപ്പിക്കാൻ നടത്തിയ ഉദയംപേരൂർ സൂനഹദോസിനു പോലും വേണ്ട വിധത്തിൽ ആ പ്രവർത്തനം നടത്താൻ കഴിഞ്ഞില്ല. തീണ്ടലും തൊടീലും മറ്റും നസ്രാണികളുടെ ഇടയിൽനിന്നു പൂർണ്ണമായി ഇല്ലാതായില്ല. മാത്രവുമല്ല സവർണ്ണക്രിസ്ത്യാനി മാന്യത നിലനിർത്തുന്നതിനുവേണ്ടി സൂനഹദോസ് പാസ്സാക്കിയ നിയമങ്ങളിൽത്തന്നെ ചില വിട്ടുവീഴ്ചകൾ നല്കാൻ പരിശുദ്ധസൂനഹദോസ്തന്നെ തീരുമാനമെടുക്കുന്നുണ്ട്. സമുദായത്തിലുള്ള നസ്രാണിമാന്യത കാത്തുസൂക്ഷിക്കുന്നതിനായി സവർണ്ണ ഹിന്ദുക്കളുടെ സാന്നിദ്ധ്യത്തിലാണെങ്കിൽ തീണ്ടലും തൊടിലും മറ്റും ആചരിക്കുന്നതിലും തെറ്റില്ലെന്ന് ഉദയംപേരൂർ സൂനഹദോസിന്റെ 2-ാം കാനോനായിൽ (S.I.X.D. ii) പറയുന്നു.

സവർണ്ണ ഹിന്ദുക്കളുടെ ദുരാചാരങ്ങളിൽ നിന്നു ക്രിസ്ത്യാനികളെ പിന്തിരിപ്പിക്കാൻ നടത്തിയ ഉദയംപേരൂർ സൂനഹദോസിനു പോലും വേണ്ട വിധത്തിൽ ആ പ്രവർത്തനം നടത്താൻ കഴിഞ്ഞില്ല.

അതുകൊണ്ടാണ് ഹിന്ദുരാജാക്കന്മാർ പള്ളികളെയും ക്ഷേത്രങ്ങളെപ്പോലെതന്നെ ഈശ്വരാരാധന സ്ഥലങ്ങളായി ബഹുമാനിച്ചിരുന്നത്. ചങ്ങനാശ്ശേരിയിൽ തന്നെ നടന്ന ഒരു സംഭവം ഉദാഹരിക്കാം. കൊല്ലവർഷം 1011-ൽ (എ. ഡി. 1832) തിരുവിതാംകൂറിലെ രാമവർമ്മ മഹാരാജാവ് കാശിക്ക് തീർത്ഥയാത്ര പോയപ്പോൾ ചങ്ങനാശ്ശേരിയിലെ ലക്ഷ്മീപുരത്തു കൊട്ടാരത്തിൽ ഏതാനുംനാൾ വിശ്രമിക്കുകയുണ്ടായി. അദ്ദേഹം ചങ്ങനാശ്ശേരി ബോട്ടുജട്ടി വരെ എഴുന്നള്ളിയപ്പോൾ ചങ്ങനാശ്ശേരിക്കാർ ഉജ്ജ്വലമായ ഒരു വരവേല്പ്പുതന്നെ നല്കുകയുണ്ടായി. ചങ്ങനാശ്ശേരി പള്ളിക്കാരും കൊടിതോരണങ്ങളും ദീപകാഴ്ചകളുംകൊണ്ട് സ്വീകരണമൊരുക്കി. മഹാരാജാവ് പള്ളിക്കുമുമ്പിൽ അഭിമുഖമായിനിന്ന് ഏതാനും നിമിഷങ്ങൾ പ്രാർത്ഥനയിൽ മുഴുകുകതന്നെ ചെയ്തു. രണ്ടുവർഷത്തിനുശേഷം മറ്റൊരു തിരുവിതാംകൂർ രാജാവും ഇങ്ങനെ ചങ്ങനാശ്ശേരി പള്ളിയെ ആദരിക്കയുണ്ടായി. ചങ്ങനാശ്ശേരി പള്ളി പണികഴിപ്പിച്ചതുതന്നെ തെക്കുംകൂറിലെ ഹിന്ദുരാജാവാണെന്നാണല്ലോ ഐതിഹ്യം.

ഒളശ്ശ ഇടത്തിൽ രാജാവ് തന്റെ കാര്യസ്ഥന്മാരാക്കാനും എണ്ണശുദ്ധീകരിക്കാനുംവേണ്ടി രണ്ടു പ്രഗൽഭരായ ക്രിസ്ത്യാനികളെ വേണമെന്ന് തെക്കുംകൂർ രാജാവിനോട് ആവശ്യപ്പെട്ടതനുസരിച്ച് ഒളശ്ശ കുടുംബത്തിലെ സഹോദരന്മാരായ പോത്തൻ, മത്തായി എന്നീ ക്രിസ്ത്യാനികളെ തെക്കുംകൂർ രാജാവ് ഒളശ്ശ

ഒളശ്ശ ഇടത്തിൽ രാജാവ് തന്റെ കാര്യസ്ഥന്മാരാക്കാനും എണ്ണശുദ്ധീകരിക്കാനും വേണ്ടി രണ്ടു പ്രഗൽഭരായ ക്രിസ്ത്യാനികളെ വേണമെന്ന് തെക്കുംകൂർ രാജാവിനോട് ആവശ്യപ്പെട്ടതനുസരിച്ച് ഒളശ്ശ കുടുംബത്തിലെ സഹോദരന്മാരായ പോത്തൻ, മത്തായി എന്നീ ക്രിസ്ത്യാനികളെ തെക്കുംകൂർ രാജാവ് ഒളശ്ശ രാജ്യത്തിലേയ്ക്ക് വിട്ടു കൊടുക്കുകയുണ്ടായി.

രാജ്യത്തിലേയ്ക്ക് വിട്ടു കൊടുക്കുകയുണ്ടായി. ഇങ്ങനെയാണ് പോത്തൻ, മത്തായി എന്നീ സഹോദരന്മാരും, അവരുടെ ഭാര്യമാരും, അന്നയെന്ന അവിവാഹിതയായ ഏകസഹോദരിയും ഒളശ്ശയിലെ ഇടത്തിൽ രാജാവിന്റെ സവിധത്തിലെത്തിയത്. ഇടത്തിൽ രാജാവ് എ. ഡി. 1700 ൽ അവരെ സ്വീകരിച്ച് കൂനാനിക്കൽ (കൂനൻ ആനി - ആഞ്ഞിലി - നില്ക്കുന്ന സ്ഥലം) താമസിപ്പിച്ചു. പോത്തനെയും മത്തായിയെയും അദ്ദേഹം തന്റെ കാര്യസ്ഥന്മാരായി നിയമിക്കുകയും ചെയ്തു. ഇവരുടെ കൊട്ടാരത്തിലേയ്ക്കുള്ള പ്രതിദിനയാത്ര ദുഷ്ക്കരമെന്നു തോന്നിയതിനാൽ പിന്നീടദ്ദേഹംതന്നെ അവരെ ഇടത്തിൽ കൊട്ടാരത്തിനു സമീപത്ത് പടിഞ്ഞാറുവശത്തുള്ള ഇലഞ്ഞിമൂട്ടിലേയ്ക്കു മാറ്റി താമസിപ്പിച്ചു. ഇവരങ്ങനെ ഇലഞ്ഞിമൂട്ടിൽ എന്ന വീട്ടുപേരിൽ അറിയപ്പെടാനിടയായി.

ഏകസഹോദരി അന്നയെ അവളുടെ 28-ാം വയസ്സിൽ പാലാചേർപ്പുങ്കൽ കളപ്പുരയ്ക്കൽ ഇസഹാക്ക് എന്ന 45 വയസ്സുകാരൻ വിവാഹം ചെയ്തു. അത് ഇസഹാക്കിന്റെ രണ്ടാം വിവാഹമായിരുന്നു. ആദ്യവിവാഹത്തിൽ ഇസഹാക്കിന് ഒരു മകനുണ്ടായിരുന്നു. ആ മകൻ ചേർപ്പുങ്കൽ കളപ്പുരയ്ക്കൽ വീട്ടിൽ താമസിച്ചു. പിന്നിട് അന്നയുടെ സഹോദരന്മാരുടെ സ്നേഹപൂർവ്വമായ നിർബന്ധത്തിനുവഴങ്ങി ഒളശ്ശയിൽ അവർ വാങ്ങികൊടുത്ത സ്ഥലത്ത് കളപ്പുരയ്ക്കൽ വീട്ടിൽ താമസമാക്കി.

**ഇലഞ്ഞിമൂട്ടിൽ താമസിച്ചിരുന്ന പോത്തനെയും കുടുംബത്തെയും രാജാവു തന്നെ ഒളശ്ശയിൽ ആറ്റുതീരത്തുള്ള തട്ടാരത്തേയ്ക്കു മാറ്റി പാർപ്പിച്ചു. തട്ടൊത്തഓരം ആറ്റുതീരത്തെ ഡൽറ്റാ പ്രദേശം തട്ടോരമെന്നും പിന്നീടത് തട്ടാരമെന്നും അറിയപ്പെട്ടു.**

ഇലഞ്ഞിമൂട്ടിൽ താമസിച്ചിരുന്ന പോത്തനെയും കുടുംബത്തെയും രാജാവു തന്നെ ഒളശ്ശയിൽ ആറ്റുതീരത്തുള്ള തട്ടാരത്തേയ്ക്കു മാറ്റി പാർപ്പിച്ചു. തട്ടൊത്തഓരം- ആറ്റുതീരത്തെ ഡൽറ്റാ പ്രദേശം - തട്ടോരമെന്നും പിന്നീടത് തട്ടാരമെന്നും അറിയപ്പെട്ടു. ഇതിനിടെ മത്തായി മരണമടഞ്ഞു. ജ്യേഷ്ഠാനുജന്മാർ താമസം മാറ്റിയതനുസരിച്ച് ഇലഞ്ഞിമൂട്ടിൽതട്ടാരം, ഇലഞ്ഞിമൂട്ടിൽഒളശ്ശ, ഇലഞ്ഞിമൂട്ടിൽ നാലാത്ര എന്നിങ്ങനെ വിവിധ വീട്ടുപേരുകളിലറിയപ്പെട്ടു.

തലമുറകളുടെ വിവരം ഏകദേശം താഴെ ചേർക്കുന്ന വിധത്തിലാണ്.




ചങ്ങനാശ്ശേരി ഒളശ്ശ കുടുംബവുമായി ബന്ധപ്പെട്ട തലമുറയെ പരിഗണിക്കുമ്പോൾ അകാലത്തിൽ മരണമടഞ്ഞ മത്തായിയെ ഒന്നാം തലമുറയായി പരിഗണിക്കാം. ഈ മത്തായിക്ക് ചാണ്ടി എന്നൊരു മകനേയുള്ളൂ (രണ്ടാം തലമുറ) ചാണ്ടിയ്ക്കു രണ്ടു*മക്കൾ* പോത്തനും, മത്തായിയും (മൂന്നാം തലമുറ) മത്തായിയ്ക്ക് ചാണ്ടി എന്നൊരു മകൻ (നാലാം തലമുറ) മാത്രം. ചാണ്ടിയ്ക്ക് മത്തായിയെന്നും പോത്തനെന്നും പേരുള്ള രണ്ടു*മക്കൾ.* അവരുടെ തലമുറയും ചങ്ങനാശ്ശേരി ഒളശ്ശ കുടുംബവുമായി നേരിട്ടു

ബന്ധപ്പെടാത്തതുകൊണ്ട് വിശദീകരിക്കുന്നില്ല (താൽപ്പര്യമുള്ളവർ ഒളശ്ശ മൂല കുടുംബത്തിന്റെ കുടുംബചരിത്രം നോക്കുക.)

മൂന്നാം തലമുറയിലെ പോത്തന്, പോത്തൻ കുരുവിള, അന്ന എന്നു രണ്ടു*മക്കൾ* ജനിച്ചു. (നാലാം തലമുറ) മൂന്നാം തലമുറയിലെ പോത്തൻ യാക്കോബായ വിശ്വാസിയായിരുന്നെങ്കിലും അദ്ദേഹം വിവാഹം കഴിച്ചത് ആലപ്പുഴ തത്തംപള്ളി കണ്ടത്തിൽ എന്ന കത്തോലിക്കാ കുടുംബത്തിൽ നിന്നായിരുന്നു. പുരാതനകാലംമുതൽ കത്തോലിക്കാ സഭയ്ക്ക് വൈദികരെയും മല്പാന്മാരെയും സംഭാവന ചെയ്ത പ്രത്യേകകുടുംബമായിരുന്നു കണ്ടത്തിൽ കുടുംബം. കുമരകം കരീപ്പള്ളി എന്ന കത്തോലിക്കാ ദേവാലയത്തിനു തെക്കുവശം ഇലഞ്ഞിമൂട്ടിൽ തട്ടാരം വീട്ടിലാണു താമസിച്ചത്. പോത്തൻ കുരുവിള അന്ന (നാലാം തലമുറ) എന്നീ മക്കളുടെ ജനനത്തിനുശേഷം യൗവ്വനത്തിൽ തന്നെ പോത്തൻ (മൂന്നാം തലമുറ) അകാലചരമം പ്രാപിച്ചു. പോത്തന്റെ മരണശേഷം ഭാര്യ പുനർ വിവാഹത്തിനൊരുങ്ങാതെ മക്കളോടൊപ്പം സ്വന്തം വീടായ ആലപ്പുഴ കണ്ടത്തിൽ കുടുംബത്തിൽ താമസിച്ചു. കത്തോലിക്കാ വിശ്വാസത്തിൽ തന്നെ ഉറച്ചു വിശ്വസിച്ചിരുന്ന അമ്മവീട്ടിൽ താമസിച്ചതുകൊണ്ട് പോത്തനും, അന്നയും കത്തോലിക്കാ വിശ്വാസികളായിത്തന്നെ വളർന്നു. അന്നയെ കത്തോലിക്കാ വിശ്വാസികളായ ചങ്ങനാശ്ശേരി പുല്ലുകാട്ടുവീട്ടിലാണ് വിവാഹം ചെയ്തയച്ചത്.

**മൂന്നാം തലമുറയിലെ പോത്തൻ യാക്കോബായ വിശ്വാസിയായിരുന്നെങ്കിലും അദ്ദേഹം വിവാഹം കഴിച്ചത് ആലപ്പുഴ തത്തംപള്ളി കണ്ടത്തിൽ എന്ന കത്തോലിക്കാ കുടുംബത്തിൽ നിന്നായിരുന്നു.**

# ഒളശ്ശ കുടുംബം ചങ്ങനാശ്ശേരിയിൽ

## പോത്തൻ കുരുവിള
**(1750 - 1820)**

## ചങ്ങനാശ്ശേരി ഒളശ്ശ കുടുംബ സ്ഥാപകൻ

നാലാം തലമുറയിലെ പോത്തൻ കുരുവിള കത്തോലിക്കാ വിശ്വാസികളായ പുത്തൻകാവു പള്ളിവീട്ടിൽ നിന്നാണു വിവാഹം ചെയ്തത്. അച്ഛനായ പോത്തന്റെ മരണശേഷം അമ്മ മക്കളോടൊത്ത് ആലപ്പുഴ തത്തമ്പള്ളി വീട്ടിലേയ്ക്കു താമസം മാറ്റിയെങ്കിലും അച്ഛന്റെ സഹോദരൻ വസ്തുവകകൾ നോക്കിനടത്തി. പോത്തൻ കുരുവിള പ്രായപൂർത്തിയായപ്പോൾ നല്കുകയും ചെയ്തു. അങ്ങനെ ഒളശ്ശ ഇലഞ്ഞിമൂട്ടിലെ പിതൃസ്വത്ത് ഏറ്റെടുത്ത പോത്തൻ കുരുവിള അവിടെ താമസമാക്കി. കത്തോലിക്കാ വിശ്വാസികളായിരുന്ന അമ്മവീട്ടിൽ താമസിക്കുകയും കത്തോലിക്കാ ഭവനത്തിൽ നിന്നു വിവാഹം കഴിക്കുകയും ചെയ്ത പോത്തൻ കുരുവിള കത്തോലിക്കാ മത വിശ്വാസിയായിത്തന്നെ ഒളശ്ശ ഇലഞ്ഞിമൂട്ടിൽ ഭവനത്തിൽ താമസിച്ചു. പിതൃസഹോദരന്മാരെല്ലാം യാക്കോബായ വിശ്വാസികളായിരുന്നു. പോത്തൻ കുരുവിള കുമരകത്തെ അതിപുരാതനമായ കരീപ്പള്ളി കത്തോലിക്കാ ദേവാലയത്തിലെ ഇടവകക്കാരനായി. അവിടത്തെ പള്ളിയോഗത്തിലെ അംഗമാകുകയും ചെയ്തു.

ഉദയംപേരൂർ സൂനഹദോസുവരെ ഒരേ വിശ്വാസികളായിരുന്ന നസ്രാണികൾ ഉദയംപേരൂർ സൂനഹദോസു മുതൽ ഭിന്നതയിലാവുകയും 1653 ലെ കൂനൻകുരിശുസത്യത്തിലൂടെ അവർ രണ്ടായിത്തീരുകയും ചെയ്തു. 1665 ൽ ഒരു യാക്കോബായ മെത്രാൻ വന്നപ്പോൾ ഭിന്നിച്ചു നിന്നവർ അദ്ദേഹത്തെ തങ്ങളുടെ മെത്രാനായി സ്വീകരിച്ചു. അങ്ങനെ ഭാരത നസ്രാണിസഭ രണ്ടായി. യാക്കോബായ മെത്രാനെ സ്വീകരിച്ചവർ പുത്തൻ കൂറ്റുകാർ എന്നറിയപ്പെട്ടു. മാർപ്പാപ്പയുടെ നേതൃത്വം സ്വീകരിച്ച് കത്തോലിക്കാ വിശ്വാസത്തിൽത്തന്നെ ഉറച്ചുനിന്നവർ പഴയ കൂറ്റുകാരെന്നും അറിയപ്പെട്ടു. ഒരു വീട്ടിൽത്തന്നെ പഴയകൂറ്റുകാരും, പുത്തൻകൂറ്റുകാരും ഒരുമയോടെ ജീവിക്കുകയും ചെയ്തു. പഴയകൂറ്റുകാരുടെ പള്ളികൾ പുത്തൻകൂറ്റു വൈദികർ ഭരിച്ചതിന്റെ രേഖകളുണ്ട്. പഴയകൂറ്റുകാരും, പുത്തൻകൂറ്റുകാരുമായി വിവാഹ ബന്ധവും നിഷിദ്ധമായിരുന്നില്ല. അതുകൊണ്ട് സഹോദരന്മാർക്കിടയിൽ കത്തോലിക്കാ മതവിശ്വാസിയായി പോത്തൻ താമസിച്ചതിൽ അസ്വാഭാവികമായി ഒന്നുമില്ല.

**ഉദയംപേരൂർ സൂനഹദോസുവരെ ഒരേ വിശ്വാസികളായിരുന്ന നസ്രാണികൾ ഉദയംപേരൂർ സൂനഹദോസു മുതൽ ഭിന്നതയിലാവുകയും 1653 ലെ കൂനൻകുരിശു സത്യത്തിലൂടെ അവർ രണ്ടായിത്തീരുകയും ചെയ്തു.**

**യാക്കോബായ മെത്രാനെ സ്വീകരിച്ചവർ പുത്തൻ കൂറ്റുകാർ എന്നറിയപ്പെട്ടു. മാർപ്പാപ്പയുടെ നേതൃത്വം സ്വീകരിച്ച് കത്തോലിക്കാ വിശ്വാസത്തിൽത്തന്നെ ഉറച്ചുനിന്നവർ പഴയ കൂറ്റുകാരെന്നും അറിയപ്പെട്ടു. ഒരു വീട്ടിൽത്തന്നെ പഴയകൂറ്റുകാരും, പുത്തൻകൂറ്റുകാരും ഒരുമയോടെ ജീവിക്കുകയും ചെയ്തു.**

എന്നാൽ കാലക്രമത്തിൽ ബന്ധങ്ങൾക്ക് അകൽച്ചയുണ്ടായി. വിശ്വാസത്തിലെ അകൽച്ച പ്രയാസകരമായിത്തീർന്നു. എങ്കിലും കുമരകം കരീപ്പള്ളിക്കാരുടെ സൗഹൃദം അദ്ദേഹത്തിനു കുളിർമ്മയായിരുന്നു. എന്നാൽ അധികം താമസിയാതെ അതിനും മാറ്റമുണ്ടായി. ഇതിനിടെ ആ ഇടവകയുടെ ഭരണസാരഥ്യം അവിടത്തെ പ്രബലമായ കട്ടക്കയം കുടുംബത്തിന്റെ കയ്യിലായി. പൊതുജനാഭിപ്രായം മാനിക്കാത്ത അവരുടെ പെരുമാറ്റം പോത്തൻ കുരുവിളയെ വേദനിപ്പിച്ചു. കുടുംബമേധാവിത്വത്തിൽ നിന്നു സ്വതന്ത്രമായ ഒരു പള്ളിയിലെ ഇടവകാംഗമാകുവാൻ അദ്ദേഹം ആഗ്രഹിച്ചു. യാക്കോബായ വിശ്വാസികളായ സഹോദരങ്ങൾക്കിടയിൽ അദ്ദേഹം ഒറ്റപ്പെടുകയും ചെയ്തു. കരീപ്പള്ളിക്കടുത്ത് അദ്ദേഹത്തിന്റെ വകയായുണ്ടായിരുന്ന സ്ഥലം പള്ളിക്കാവശ്യമില്ലായിരുന്നുന്നെങ്കിലും യോഗക്കാർ പള്ളിയ്ക്കുവേണ്ടി ആവശ്യപ്പെടുകയും ചെയ്തു. ഇക്കാലത്ത് ഏകസഹോദരി അന്നയുടെ ഭർത്തൃഗ്രഹവുമായുള്ള അടുപ്പം പോത്തൻ കുരുവിള ചങ്ങനാശ്ശേരി പള്ളിയെപ്പറ്റി മനസ്സിലാക്കാനവസരം നല്കി. ചങ്ങനാശ്ശേരി പള്ളിയുടെ പ്രവർത്തനത്തിലുള്ള മതിപ്പും ഏകസഹോദരിയുടെ വീട്ടുകാരുമായുള്ള അടുപ്പവും ചങ്ങനാശ്ശേരിലേയ്ക്കു താമസം മാറ്റാൻ പോത്തന് പ്രചോദനമായി ഭവിച്ചു.

### ചങ്ങനാശ്ശേരിയിലേയ്ക്കുള്ള ക്രിസ്ത്യാനികളുടെ വരവും, ചങ്ങനാശ്ശേരിപള്ളി സ്ഥാപനവും.

കുലശേഖര രാജാക്കന്മാരുടെ രണ്ടാം ചേരസാമ്രാജ്യത്തിലെ 'നന്റുഴൈനാടിന്റെ ഭാഗമായിരുന്നു ചങ്ങനാശ്ശേരി. അന്ന് ചങ്ങനാശ്ശേരി എന്നൊരു ദേശനാമമുണ്ടായിരുന്നില്ല. കുലശേഖര ചക്രവർത്തി ഭാസ്കരരവിവർമ്മ ഒന്നാമന്റെ എ. ഡി. 976 ലെ തൃക്കൊടിത്താനം ശാസനത്തിലും തുടർന്നുള്ള ചില രേഖകളിലും നന്റുഴൈനാട് പരാമർശിക്കപ്പെടുന്നുണ്ട്. നന്നായി പണിയെടുത്തു ജീവിക്കുന്നവരുടെ നാടായിരുന്നു നന്റുഴൈനാട്. 12-ാം ശതകത്തോടെ കുലശേഖര സാമ്രാജ്യവും നന്റുഴൈനാടും ഇല്ലാതായി. പിന്നീടാണ് നന്റുഴൈനാടും മുഞ്ഞനാടിന്റെ കുറേഭാഗങ്ങളും ചേർന്ന് വെമ്പലനാട് രൂപംകൊള്ളുന്നത്. ചങ്ങനാശ്ശേരി പ്രദേശം അങ്ങനെ വെമ്പലനാടിന്റെ ഭാഗമായി. വെമ്പലനാട് പിന്നീട് വടക്കുംകൂറെന്നും തെക്കുംകൂറെന്നും രണ്ടായിപ്പിരിഞ്ഞു. തെക്കുംകൂറിലാണ് ചങ്ങനാശ്ശേരി പ്രദേശം ഉൾപ്പെട്ടത്. തെക്കുംകൂർരാജാവിന്റെ പലകൊട്ടാരങ്ങളിലൊന്ന് പുഴവാതിലെ നീരാഴികൊട്ടാരമായിരുന്നു. അദ്ദേഹത്തിന്റെ

കുലശേഖര രാജാക്കന്മാരുടെ രണ്ടാം ചേരസാമ്രാജ്യത്തിലെ 'നന്റുഴൈനാടിന്റെ ഭാഗമായിരുന്നു ചങ്ങനാശ്ശേരി. അന്ന് ചങ്ങനാശ്ശേരി എന്നൊരു ദേശനാമമുണ്ടായിരുന്നില്ല കുലശേഖര ചക്രവർത്തി ഭാസ്കരരവിവർമ്മ ഒന്നാമന്റെ എ. ഡി. 976 ലെ തൃക്കൊടിത്താനം ശാസനത്തിലും തുടർന്നുള്ള ചില രേഖകളിലും നന്റുഴൈനാട് പരാമർശിക്കപ്പെടുന്നുണ്ട്. നന്നായി പണിയെടുത്തു ജീവിക്കുന്നവരുടെ നാടായിരുന്നു നന്റുഴൈനാട്.

കോട്ടയുടെയും രഹസ്യഗുഹാമാർഗ്ഗത്തിന്റെയും അവശിഷ്ടങ്ങൾ ഇന്നും പുഴവാത് പ്രദേശത്തുണ്ട്. കോട്ടയിൽ, കോട്ടയ്ക്കകം തുടങ്ങിയ ഈ പ്രദേശത്തെ വീട്ടുപേരുകളും കോട്ടയുണ്ടായിരുന്നതിന്റെ തെളിവായി സ്വീകരിക്കാം. അങ്ങാടി മുതൽ മാടപ്പള്ളി പ്രദേശംവരെനീണ്ട ഒരു മൺ കോട്ടയുമുണ്ടായിരുന്നു.

**ചങ്ങനാശ്ശേരിയിൽ ആദ്യകാലത്ത് ക്രിസ്ത്യാനികളെത്തിയത് ഹിന്ദുരാജാക്കന്മാരുടെ ക്ഷണമനുസരിച്ചാണ്.**

**അങ്ങനെ തെക്കുംകൂർ രാജാവിന്റെ ക്ഷണം സ്വീകരിച്ച് കുറുപ്പംപടിയിൽ നിന്നെത്തിയ കല്ലറയ്ക്കൽ മാത്തു തരകൻ പിന്നീടദ്ദേഹത്തിന്റെ പട്ടാളമേധാവിയായിത്തീർന്നു. ഈ തരകനാണ് ചങ്ങനാശ്ശേരി പള്ളിയുടെ സ്ഥാപനത്തിനു കാരണക്കാരനായിത്തീർന്നത്.**

ചങ്ങനാശ്ശേരിയിൽ ആദ്യകാലത്ത് ക്രിസ്ത്യാനികളെത്തിയത് ഹിന്ദുരാജാക്കന്മാരുടെ ക്ഷണമനുസരിച്ചാണ്. പെരുന്ന സുബ്രഹ്മണ്യ ക്ഷേത്രത്തിൽ എണ്ണതൊട്ടു ശുദ്ധമാക്കാൻ കുത്തുകല്ലുങ്കൽ നസ്രാണികൾ ഇടപ്പള്ളിയിൽ നിന്നെത്തിയതായി പറയപ്പെടുന്നു. പെരുന്ന ക്ഷേത്രത്തിൽ ഉത്സവത്തിനു കൊടിയേറ്റാനുള്ള കയർ നല്കുന്നത് ഓലിക്കര കുടുംബക്കാരുടെ അവകാശമായിരുന്നു. വ്യാപാരാവശ്യത്തിനും രാജാക്കന്മാർ ക്രിസ്ത്യാനികളെ കൊണ്ടുവന്നു. ഇങ്ങനെ രാജാക്കന്മാർ ഔദ്യോഗികമായി കൊണ്ടുവരുന്നതിന് "ദണ്ഡിന്മേൽ കൊണ്ടുവരിക" എന്നാണ് പറഞ്ഞിരുന്നത്. അങ്ങനെ തെക്കുംകൂർ രാജാവിന്റെ ക്ഷണം സ്വീകരിച്ച് കുറുപ്പംപടിയിൽ നിന്നെത്തിയ കല്ലറയ്ക്കൽ മാത്തൂ തരകൻ പിന്നീടദ്ദേഹത്തിന്റെ പട്ടാളമേധാവിയായിത്തീർന്നു. ഈ തരകനാണ് ചങ്ങനാശ്ശേരി പള്ളിയുടെ സ്ഥാപനത്തിനു കാരണക്കാരനായിത്തീർന്നത്. അതിനുമുമ്പ് ചങ്ങനാശ്ശേരിയിലെ ക്രിസ്ത്യാനികൾ തങ്ങളുടെ ആദ്ധ്യാത്മികാവശ്യങ്ങൾക്ക് നിരണംപള്ളിയെയാണാശ്രയിച്ചിരുന്നത്. അന്നൊരിക്കൽ കല്ലറയ്ക്കൽ മാത്തൂ തരകനും കൂട്ടാളികളും നിരണത്തെത്തിയപ്പോൾ ചടങ്ങുകൾ അവസാനിച്ചിരുന്നു. പിറ്റേന്ന് ദുഃഖിതനായ കല്ലറയ്ക്കൽ മാത്തൂ തരകനെക്കണ്ട രാജാവ് ഒരാനയെ കൊണ്ട് തടിപിടിപ്പിച്ചിട്ട് ആസ്ഥലത്ത് 'ചങ്ങഴിനാഴൂരി പയറ്റുപാട്' സ്ഥലം കരമൊഴിവായി പള്ളിക്കുവേണ്ടി നല്കി. പ്രാചീനകാലത്ത് കരഭൂമിയുടെ അളവ് പയറുവിതയ്ക്കാവുന്ന സ്ഥലവും വയൽ ഇത്രപറനെല്ലു വിതയ്ക്കാവുന്ന സ്ഥലവും എന്നാണ് കണക്കാക്കിയിരുന്നത്. അതിൽ നിന്നാണ് ചങ്ങനാശ്ശേരി എന്ന സ്ഥലനാമം തന്നെ ഉണ്ടായതെന്നും വിശ്വസിക്കപ്പെടുന്നു. ചങ്ങഴിനാഴൂരിചേരി ചങ്ങനാരിയും, ചങ്ങനാശ്ശേരിയും ആകാമല്ലോ. പുഴവാതിലെകാവിൽ ദേവീക്ഷേത്രവും, പഴയപള്ളി ജൂമാമസ്ജിദും തെക്കുംകൂർ രാജാവുതന്നെയാണു പണികഴിപ്പിച്ചത്. ചങ്ങനാശ്ശേരി പള്ളിയുടെ ദർശനം തെക്കോട്ടാകാൻ കാരണംതന്നെ ക്രിസ്ത്യൻ ദേവാലയത്തിലെ ക്രിസ്തുമസ്സ് ആഘോഷവും, കാവിൽ ക്ഷേത്രത്തിലെ ചിറപ്പും, ജൂമാമസ്ജിദിലെ ചന്ദനക്കുടവും രാജാവിന് പുഴവാതിലെ എഴുന്നള്ളത്തു പുരയിലിരുന്നു കാണുന്നതിനുള്ള സൗകര്യത്തിനുവേണ്ടിയായിരുന്നു വത്രേ. 1749

ൽ രാമയ്യന്റെയും ഡിലനായിയുടെയും നേതൃത്വത്തിലെത്തിയ തിരുവിതാംകൂർ സൈന്യം ചങ്ങനാശ്ശേരി പിടിച്ചെടുക്കുകയും ഏതാനും വർഷങ്ങൾക്കു ശേഷം തെക്കുംകൂർ പൂർണ്ണമായിത്തന്നെ തിരുവിതാംകൂറിൽ ലയിപ്പിക്കുകയും ചെയ്തതാണ് അനന്തരചരിത്രം. ചങ്ങനാശ്ശേരിയിലെ ആദ്യദേവാലയം പണികഴിപ്പിച്ചത് എ. ഡി. 1117 ലാണെന്നു കരുതുന്നു. ഇന്നത്തെ കൊച്ചുപള്ളിയായിരിക്കണം (സെന്റ് സെബാസ്റ്റൻസ് ചർച്ച്) രണ്ടാമത്തെ ദേവാലയം. ഇതാണ് ചങ്ങനാശ്ശേരി ഒളശ്ശ കുടുംബത്തിന്റെ സ്ഥാപകനായ പോത്തൻ കുരുവിളയെന്ന പൂർവ്വപിതാവിന്റെ കാലത്തുണ്ടായിരുന്നത് എന്നുവേണം അനുമാനിക്കാൻ. ശ്രീ. ജോസഫ് കൂട്ടുമ്മേൽ രചിച്ച 'ചങ്ങനാശ്ശേരിയും ചങ്ങനാശ്ശേരിപള്ളിയും', 1998 നോക്കുക.

**കൊല്ലവർഷം 980 തുലാംമാസം 17ാം തീയതി (എ. ഡി. 1805) യാണ് ചങ്ങനാശ്ശേരി ചന്ത ഉദ്ഘാടനം ചെയ്തത്. വേലുത്തമ്പിദളവ ആദ്യവില്പനയായി ഒരാനയെ വിറ്റ് 'ആനവരവും ആനചെലവും' ആശംസിച്ചുകൊണ്ട് ചങ്ങനാശ്ശേരി ചന്ത ഉദ്ഘാടനം ചെയ്തു. ബോട്ടുജട്ടിയിലെ കുരിശുപള്ളി മുതൽ കിഴക്കോട്ട് പൊങ്ങി സ്ഥിതിചെയ്തിരുന്ന സ്ഥലമായിരുന്നു ആദ്യത്തെ ചന്തസ്ഥലം.**

**ചങ്ങനാശ്ശേരി ചന്തയുടെ ഉത്ഘാടനത്തോടനുബന്ധിച്ച് ചന്തയിൽ കുറേസ്ഥലം കച്ചവടക്കാർക്ക് പതിച്ചു നല്കുന്നെന്നു പ്രഖ്യാപിച്ചിരുന്നു.**

### ചങ്ങനാശ്ശേരി ചന്തയുടെ ഉദ്ഘാടനവും വ്യാപാരികളുടെ വരവും.

കൊല്ലവർഷം 980 തുലാമാസം 17-ാം തീയതി (എ. ഡി. 1805) യാണ് ചങ്ങനാശ്ശേരി ചന്ത ഉദ്ഘാടനം ചെയ്തത്. വേലുത്തമ്പിദളവ ആദ്യവില്പനയായി ഒരാനയെ വിറ്റ് 'ആനവരവും ആനചെലവും' ആശംസിച്ചുകൊണ്ട് ചങ്ങനാശ്ശേരി ചന്ത ഉദ്ഘാടനം ചെയ്തു. ബോട്ടുജട്ടിയിലെ കുരിശുപള്ളി മുതൽ കിഴക്കോട്ട് പൊങ്ങിസ്ഥിതിചെയ്തിരുന്ന സ്ഥലമായിരുന്നു ആദ്യത്തെ ചന്തസ്ഥലം. വേണാട്ടധിപതിയായിത്തീർന്ന മാർത്താണ്ഡവർമ്മ തെക്കുംകൂർ പിടിച്ച് തിരുവിതാംകൂറിനോടു ചേർക്കുന്നതിനു മുമ്പും ചങ്ങനാശ്ശേരി ഒരു ചന്തയായിത്തന്നെ പ്രസിദ്ധമായിരുന്നു. ചുങ്കംപിരിക്കുന്ന ചവുക്ക എന്ന കസ്റ്റംസ് ഹൗസ് വേലുത്തമ്പിദളവ ചന്ത ഉദ്ഘാടനം ചെയ്യുന്നതിനു മുമ്പും ചങ്ങനാശ്ശേരിയിലുണ്ടായിരുന്നു. (ചവുക്ക എന്ന വാക്കിന് ചുങ്കസ്ഥലം, Customs House) എന്നാണർത്ഥം. ചുങ്കം പിരിക്കുന്ന ഉദ്യോഗസ്ഥ പ്രമാണിയ്ക്ക് ചവുക്കാദാരൻ എന്നായിരുന്നു പേര്.) ചവുക്ക ആദ്യചന്തയുടെ അവശിഷ്ടമായിക്കരുതാം. ഈ ചവുക്ക ജംഗ്ഷനിലാണ് ചങ്ങനാശ്ശേരിയുടെ പ്രതീകമായി മാറിയ അഞ്ചുവിളക്കുസ്ഥാപിച്ചത്. ഇവിടെ സർക്കാർ വകയായ ഒരു പണ്ടകശാലയും ഉണ്ടായിരുന്നു. ഉപ്പും കുരുമുളകും ഇവിടെ ശേഖരിച്ചിരുന്നു. അവിടത്തെ സർക്കാരുദ്യോഗസ്ഥൻ കുരുമുളകു മടിശ്ശീലക്കാരനെന്നറിയപ്പെട്ടു. 19-ാം നൂറ്റാണ്ടിലിറങ്ങിയ ഒരു വിളംബരത്തിലൂടെയാണ് ചവുക്കയുടെ പ്രവർത്തനംനിന്നു പോയത്. അതിനുശേഷവും ചവുക്കസ്ഥലം സർക്കാരിന്റെ ഉടമസ്ഥതയിൽതന്നെയായിരുന്നു.

ചങ്ങനാശ്ശേരി ചന്തയുടെ ഉത്ഘാടനത്തോടനുബന്ധിച്ച് ചന്തയിൽ കുറേസ്ഥലം കച്ചവടക്കാർക്ക് പതിച്ചു നല്കുന്നെന്നു

പ്രഖ്യാപിച്ചിരുന്നു. ചന്തക്കുളത്തിനും അറുപതെന്നു പ്രസിദ്ധമായ പുഞ്ചപ്പാടത്തിനുമിടയിലുള്ള ഭൂമി നടുഭാഗം പൊങ്ങിയും എന്നാൽ സാമാന്യം നിരപ്പായുമാണു സ്ഥിതിചെയ്തിരുന്നത്. നടുനിരപ്പായി പൊങ്ങിക്കിടന്ന സ്ഥലം കാർഷികോല്പന്നങ്ങളും പച്ചക്കറികളും കൊണ്ടുവന്നിറക്കാൻ മാറ്റിയിട്ടിട്ട് തെക്കും വടക്കുമുള്ള ബാക്കിസ്ഥലം പീടികകളും വീടുകളും വയ്ക്കാനായി നീക്കിവച്ചു. ഈ സ്ഥലമാണ് കച്ചവടക്കാർക്ക് ലേലം ചെയ്തു. പതിച്ചു നല്കിയത്. വീതി കുറഞ്ഞതും നീളം കൂടിയതുമായ പ്ലോട്ടുകളായിട്ടാണ് ലേലം ചെയ്തത്.

**ഈ സമയത്തേയ്ക്ക് പോത്തൻ കുരുവിള തന്റെ അഭിരുചിക്കു ചേർന്ന തൊഴിൽ കച്ചവടമാണെന്നും തിരിച്ചറിഞ്ഞിരുന്നു. അതുകൊണ്ടുതന്നെ കത്തോലിക്കർ കൂടുതലുള്ളതും, സഹോദരിയുടെ വീട്ടുകാരുടെ സാമിപ്യമുള്ളതും,. ചന്തയിൽ തന്നെ കച്ചവടാവശ്യത്തിനു സ്ഥലം കിട്ടുന്നതുമായ ചങ്ങനാശ്ശേരിലേയ്ക്കു താമസം മാറ്റുക എന്ന ദൃഢനിശ്ചയ ത്തിലെത്തി.**

ഈ സമയത്തേയ്ക്ക് പോത്തൻ കുരുവിള തന്റെ അഭിരുചിക്കുചേർന്ന തൊഴിൽ കച്ചവടമാണെന്നും തിരിച്ചറിഞ്ഞിരുന്നു. അതുകൊണ്ടുതന്നെ കത്തോലിക്കർ കൂടുതലുള്ളതും, സഹോദരിയുടെ വീട്ടുകാരുടെ സാമിപ്യമുള്ളതും,. ചന്തയിൽ തന്നെ കച്ചവടാവശ്യത്തിനു സ്ഥലം കിട്ടുന്നതുമായ ചങ്ങനാശ്ശേരിലേയ്ക്കു താമസം മാറ്റുക എന്ന ദൃഢനിശ്ചയത്തിലെത്തി. എന്നാൽ അദ്ദേഹം എത്തിയപ്പോഴേയ്ക്കും നല്ല സ്ഥലങ്ങളൊക്കെ ലേലം ചെയ്തുകഴിഞ്ഞിരുന്നു. ചങ്ങനാശ്ശേരിയുടെ കിഴക്കേ അറ്റത്ത് ഒരു വെള്ളച്ചാലിനാലും ഇടവഴിയാലും ഇതരപ്രദേശങ്ങളിൽ നിന്ന് വിട്ടുകിടക്കുന്ന ഒരു താഴ്ന്ന തുണ്ടു ഭൂമിയാണദ്ദേഹത്തിനു കിട്ടിയത്. കിട്ടിയ സ്ഥലം സ്വന്തം പേരിൽ പതിച്ചുവാങ്ങി. ഈ വസ്തുവിന്റെ പടിഞ്ഞാറ് ചന്തത്തെരുവ്, വടക്ക് നടപ്പാത, കിഴക്ക് അറുപതെന്നറിയപ്പെട്ട ആഴമുള്ള പുഞ്ചപ്പാടം, തെക്ക്തരിശു ഭൂമി ഇങ്ങനെയായിരുന്നു എലുക. അറുപത് എന്നറിയപ്പെട്ട പുഞ്ചപ്പാടം നികത്തിയത് 1950 നു ശേഷമാണ്. അവിടെ മണ്ണിട്ടു നികത്തിയെടുത്താണ് മുനിസിപ്പാലിറ്റി ഇന്നത്തെ സസ്യമാർക്കറ്റുണ്ടാക്കിയത്. ചങ്ങനാശ്ശേരിചന്തയുടെ ആരംഭകാലത്തു മറ്റു ചന്തകളുണ്ടായിരുന്നതായി അറിവില്ല. തുറമുഖപട്ടണമായ ആലപ്പുഴയ്ക്കും, കുട്ടനാടിനും കിഴക്ക്, മലഞ്ചരക്കുകളുടെയും വനവിഭവങ്ങളുടെയും കാർഷികോല്പന്നങ്ങളുടെയും മേഖലയായ മലനാടിനും പടിഞ്ഞാറ് ഇവയ്ക്ക് നടുവിലായി സ്ഥിതി ചെയ്യുന്ന ചങ്ങനാശ്ശേരി ചന്ത അതിവേഗം പുരോഗതി പ്രാപിച്ചു. ഉൾനാടൻ ഗ്രാമങ്ങളിൽ നിന്ന് കാർഷികോൽപ്പന്നങ്ങൾ ധാരാളമായി ചന്തയിലേയ്ക്കു വന്നുതുടങ്ങി. കെട്ടുവള്ളങ്ങൾ, ബോട്ടുകൾ, വഞ്ചികൾ ഇവവഴി സാധനങ്ങൾ കുട്ടനാടിലേക്കും ആലപ്പുഴയിലേക്കും നീങ്ങി. ആലപ്പുഴയുമായി വൻതോതിലാണ് മലഞ്ചരക്കുവ്യാപാരം നടന്നു വന്നത്. തിരുവന്തപുരത്തെ മുറജപം, ഉത്സവം ഇവയ്ക്കൊക്കെ വാഴക്കുലയുൾപ്പെടെയുള്ള

സസ്യോല്പന്നങ്ങൾ ചങ്ങനാശ്ശേരിയിലെ വ്യാപാരികളാണ് വള്ളങ്ങളിൽ അവിടെയെത്തിച്ചിരുന്നത്.

**ചങ്ങനാശ്ശേരി ഒളശ്ശ കുടുംബത്തിന്റെ പൂർവ്വപിതാവ് പോത്തൻ കുരുവിളയ്ക്കു ലഭിച്ച സ്ഥലത്തിന്റെ അന്നത്ത് പേര് 'കുഴിവാൽത്തുണ്ടിപുരയിടം' എന്നായിരുന്നു. താഴ്ന്ന അറുപതെന്ന പാടശേഖരത്തിന്റെ തിട്ടയിൽ അല്പം ഉയർന്നു സ്ഥിതി ചെയ്യുന്ന ചന്തനിരപ്പിൽ നിന്നു താണുകിട ക്കുന്നതു കൊണ്ട് കുഴിയെന്നും, വാലുപോലെ നീണ്ടുകിടക്കുന്നതിനാൽ 'വാലെന്നും' മറ്റു സ്ഥലങ്ങളുമായി വേറിട്ട് തുണ്ടായി കിടന്നതുകൊണ്ടു തുണ്ടിയെന്നും വ്യവഹരിച്ചതായിരിക്കണം.**

**അദ്ദേഹം ആ പുരയിടത്തിന്റെ ഒരു ഭാഗം കട്ടകുത്തിപ്പൊക്കി യെടുത്ത് ചങ്ങനാശ്ശേരിയിൽ ഒളശ്ശ കുടുംബത്തിന്റെ ആദ്യഭവനം കെട്ടിപ്പൊക്കി.**

ചങ്ങനാശ്ശേരി ഒളശ്ശ കുടുംബത്തിന്റെ പൂർവ്വപിതാവ് പോത്തൻ കുരുവിളയ്ക്കു ലഭിച്ച സ്ഥലത്തിന്റെ അന്നത്തെ പേര് 'കുഴിവാൽത്തുണ്ടിപുരയിടം' എന്നായിരുന്നു. താഴ്ന്ന അറുപതെന്ന പാടശേഖരത്തിന്റെ തിട്ടയിൽ അല്പം ഉയർന്നു സ്ഥിതിചെയ്യുന്ന ചന്തനിരപ്പിൽ നിന്നു താണുകിടക്കുന്നതുകൊണ്ട് കുഴിയെന്നും, വാലുപോലെ നീണ്ടുകിടക്കുന്നതിനാൽ 'വാലെന്നും', മറ്റു സ്ഥലങ്ങളുമായി വേറിട്ട് തുണ്ടായി കിടന്നതുകൊണ്ടു തുണ്ടിയെന്നും വ്യവഹരിച്ചതായിരിക്കണം. എന്നാലീപ്പുരയിടത്തിനൊരു പ്രത്യേകതയുണ്ടായിരുന്നു. ജലമാർഗ്ഗമായും കരമാർഗ്ഗമായുമുള്ള വാഹനങ്ങളിലും കാൽനടയായും ഈ പുരയിടത്തിലെത്താൻ കഴിയുമായിരുന്നു. ചന്തമുറ്റത്തിന്റെ കിഴക്കേ അതിർത്തിയിൽ മഴക്കാലത്ത് വെള്ളമൊഴുകുന്ന സ്ഥലമായും വേനൽക്കാലത്ത് ഇടവഴിയായും കിടന്ന, വഴികൊണ്ട് മുറിഞ്ഞുവേർപെടുത്തപ്പെട്ട ആ സ്ഥലത്തിന്റെ വടക്കരികിൽ റോഡും പടിഞ്ഞാറ് അറുപതെന്ന പുഞ്ചനിലവുമായിരുന്നു. അറുപതുപറ വിസ്തീർണ്ണമുള്ള പുഞ്ചപ്പാടമായതുകൊണ്ടാപ്പേരുവന്നു. അന്നത്തെ ഏറ്റവും ചെലവുകുറഞ്ഞതും സുഗമവുമായ സഞ്ചാരമാർഗ്ഗം ജലമാർഗ്ഗമായിരുന്നു. വീട്ടുപകരണങ്ങളും മറ്റുജംഗമവസ്തുക്കളും ഒളശ്ശയിൽ നിന്നദ്ദേഹം കൊണ്ടുവന്നതു കെട്ടുവള്ളങ്ങളിലായിരുന്നു വെന്നോർക്കണം. അറുപതെന്ന പുഞ്ചപ്പാടമാണ് ആ ജലഗതാഗതത്തിനു മാർഗ്ഗമായിത്തീർന്നത്. ചങ്ങനാശ്ശേരിയിൽ താമസമുറപ്പിച്ചതിനുശേഷമാണദ്ദേഹം ഒളശ്ശയിലെ തന്റെ വസ്തുവകകൾ വിറ്റതുതന്നെ. കർമ്മനിരതനും ദീർഘവീഷണ പടുവും ബുദ്ധിശാലിയുമായിരുന്നു പോത്തൻ കുരുവിള. അദ്ദേഹം ആ പുരയിടത്തിന്റെ ഒരു ഭാഗം കട്ടകുത്തിപ്പൊക്കിയെടുത്ത് ചങ്ങനാശ്ശേരിയിൽ ഒളശ്ശ കുടുംബത്തിന്റെ ആദ്യഭവനം കെട്ടിപ്പൊക്കി. അത് അന്നത്തെ പ്രൗഢിക്കുയോജിക്കുന്ന ഭവനമായിരുന്നുതാനും. ആ പുരയിലിരുന്ന് ചന്തക്കടവുവരെയുള്ള ചന്തയുടെ ദൃശ്യം ആസ്വദിക്കാമായിരുന്നു. അദ്ദേഹം അന്ന് ഒരു നിലമാത്രം പണികഴിപ്പിച്ച ഭവനം പിന്നീട് രണ്ടുനിലയായിത്തീർന്നുവെന്നവല്ലാതെ കാതലായ മാറ്റംഇന്നും ഇല്ല. അത് ഒളശ്ശ കുടുംബത്തിന്റെ പ്രൗഢിയുടെയും പഴമയുടെയും പ്രതീകമായി ഇന്നും തലയുയർത്തി നില്ക്കുന്നുവെന്നത് കുടുംബാംഗങ്ങൾക്ക് അഭിമാനിക്കാൻ വക നല്കുന്നു. നാട്ടകം തച്ചനെന്ന അന്നത്തെ പ്രശസ്ത തച്ചുശാസ്ത്രജ്ഞന്റെ തച്ചുശാസ്ത്ര വൈദഗ്ദ്യത്തിന്റെ സ്മാരകമായും ആ ഭവനം ഇന്നും നിലകൊള്ളുന്നു.

കച്ചവടാവശ്യത്തിനുവേണ്ടി ആ വീടിന്റെ വടക്കുഭാഗത്ത് അദ്ദേഹം നിർമ്മിച്ചമുറി, ചന്തക്കടവുതെരുവിന്റെ വീതികൂട്ടുന്നതിനായി സർക്കാർ പിന്നീട് പൊന്നും വിലയ്ക്കെടുത്ത് പൊളിച്ചുമാറ്റുകയുണ്ടായി. എന്നാൽ വീടിനതു ബലക്ഷയമായില്ല. പോത്തൻ കുരുവിളയുടെ കുടുംബം ചെറുതല്ലായിരുന്നു. എന്നതിന്റെ തെളിവുകൂടിയാണാവീടിന്റെ രൂപസംവിധാനം. ആ വീടിനെപ്പറ്റി ഏകദേശം ധാരണലഭിക്കുന്നതിന് പോത്തൻ കുരുവിളയുടെ നാലാം തലമുറക്കാർ സ്വത്തുഭാഗിച്ചപ്പോൾ ചമച്ച ഭാഗപത്രത്തിന്റെ ഒരു ഭാഗം അതേപടി ഉദ്ധരിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു.

"1094 -ാം മാണ്ട് (എ. ഡി. 1919) മേടമാസം 13 -നു മഞ്ചാടിക്കര പ്രവൃത്തിയിൽ വാഴപ്പള്ളി കിഴക്കും ഭാഗം പകുതിയിൽ ടി മുറിയിൽ മിഖായേലിന്റെ *മക്കൾ* വക്കീൽ 64 വയസ്സുള്ള പോത്തനും, 53 വയസ്സുള്ള ദേവസ്യായും മകൾ അന്നമ്മയുംകൂടി എഴുതിയ ഭാഗ ഉടമ്പടി.

**ഒളശ്ശയിലെ വീട്ടുപേരുപേക്ഷിച്ച് ഒളശ്ശ എന്ന സ്ഥലപ്പേര് വീട്ടുപേരായി പോത്തൻ കുരുവിള സ്വീകരിക്കാനൊരുകാരണമുണ്ട്. സ്ഥലപ്പേരുതന്നെ വീട്ടുപേരായി സ്വീകരിക്കണമെന്ന് ചന്തയുടെ ആരംഭകാലത്ത് അവിടെ സ്ഥലം ലേലത്തിൽ പിടിച്ചവരോടു നിഷ്ക്കർഷിച്ചിരുന്നതായി പറയപ്പെടുന്നു.**

### ഒന്നാംഭാഗം പോത്തന്റെ ഭാഗവസ്തുവിവരം :

ചങ്ങനാശ്ശേരി താലൂക്കിൽ മഞ്ചാടിക്കര പ്രവൃത്തിയിൽ വാഴപ്പള്ളി കിഴക്കുംഭാഗം പകുതിയിൽ ടി മുറിയിൽ ചന്തമുറ്റത്തിനും പുഞ്ചയ്ക്കും, പൂവാട്ടിവക സ്ഥലത്തിനും വടക്ക്, ചന്തമുറ്റത്തിനും തെക്ക് പണ്ടാരവകപാട്ടം സർവ്വേ 829/2 പതിനേഴുസെന്റ് വിസ്തീർണ്ണം എന്നു കാണുന്നതും, കുഴിവാൽ തുണ്ടിയും 32-ൽ പീടികതുണ്ടിയും, ഉൾപ്പെട്ട പുരയിടങ്ങൾ മൂന്നും ഒന്നായി കിടക്കുന്നതുമായ സ്ഥലവും, അതിലിരിപ്പ് പുരയും ചാവടിയും, പീടികയും, കൊച്ചുപുരകളുമുള്ളതിൽ പുരയിടത്തിന്റെ വടക്കുപടിഞ്ഞാറടുത്ത് വടക്കുപടിഞ്ഞാറു ദർശനമായി കല്ലും, മരവുംകൊണ്ട് പണിയിപ്പിച്ചിരുപ്പ് പീടികമുറി മൂന്നും, വാരം, വരാന്ത, നിലവറകൾ, തട്ടുംപുറം, പത്തായക്കെട്ട് ഇതുകളോടുകൂടിയുള്ള പീടികകെട്ടിടവും അതിരുപ്പുസ്ഥലവും ഒഴിച്ചുള്ള എല്ലാസ്ഥലവും വലിയപുരയും, ചാവടിയും, കൊച്ചുപുരകളും പുരയിടത്തിലുള്ള വൃക്ഷലതാദികളും എപ്പേർപ്പെട്ടതാകുന്നു." മേൽവർണ്ണിച്ച പുരപണികഴിപ്പിച്ച ശേഷമാണ് ഒളശ്ശയിൽ നിന്ന് പോത്തൻ കുരുവിള കുടുംബസഹിതം ചങ്ങനാശ്ശേരിയിൽ താമസമാക്കിയത്. ഒളശ്ശയിൽനിന്നു കൊണ്ടുവന്ന വസ്തുക്കളിൽ വീട്ടുപകരണങ്ങൾ, പാചകപ്പാത്രങ്ങൾ, കട്ടിലുകൾ, സ്വർണ്ണത്തട്ടങ്ങൾ, വെള്ളിത്തട്ടങ്ങൾ, സ്വർണ്ണം, വെള്ളി നാണയങ്ങൾ തുടങ്ങിയവ ഉൾപ്പെട്ടിരുന്നു. പിന്നീടാണ് ഒളശ്ശയിലെ വസ്തുവിറ്റ് പണമാക്കിയത്.

ഒളശ്ശയിലെ ഇലഞ്ഞിമൂട് എന്ന വീട്ടുപേരുപേക്ഷിച്ച് ഒളശ്ശ എന്ന സ്ഥലപ്പേര് വീട്ടുപേരായി പോത്തൻ കുരുവിള

സ്വീകരിക്കാനൊരുകാരണമുണ്ട്. സ്ഥലപ്പേരുതന്നെ വീട്ടുപേരായി സ്വീകരിക്കണമെന്ന് ചന്തയുടെ ആരംഭകാലത്ത് അവിടെ സ്ഥലം ലേലത്തിൽ പിടിച്ചവരോടു നിഷ്ക്കർഷിച്ചിരുന്നതായി പറയപ്പെടുന്നു. ചങ്ങനാശ്ശേരിപള്ളിയുടെ സ്ഥാപനത്തിന് കാരണക്കാരനായ കുറുപ്പംപടി കല്ലറയ്ക്കൽ മാത്തൂത്തരകൻ തെക്കുംകൂർ രാജാവിന്റെ മന്ത്രിയായിരുന്ന അവസരത്തിലും ഈ നിയമമുണ്ടായിരുന്നു. കൂട്ടംപേരൂർ ചക്കാലയ്ക്കൽ, ചങ്ങങ്കരി ചക്കാലയ്ക്കൽ, കൊടുപ്പനവലിയ വീട്ടിൽ തുടങ്ങിയ വീട്ടുപേരുകൾ ഇതുമൂലമുണ്ടായതാണ്. (Ref. ചങ്ങനാശ്ശേരിയും ചങ്ങനാശേരി പള്ളിയും)

### ചങ്ങനാശ്ശേരിപള്ളിയും പോത്തൻ കുരുവിളയും

**എന്നാൽ പോത്തൻ കുരുവിള പണവ്യാപാരം ഒരു തൊഴിലായിത്തന്നെ സ്വീകരിച്ചു. ഇതുമൂലം അദ്ദേഹത്തിനു സാമ്പത്തികാഭിവൃദ്ധിയും ജനങ്ങളോട് അടുപ്പവും സമ്പാദിക്കാൻ കഴിഞ്ഞു.**

ചങ്ങനാശ്ശേരിയിൽ സാമാന്യം ഭേദപ്പെട്ട സാമ്പത്തികചുറ്റുപാടിൽ താമസമാരംഭിച്ച പോത്തൻ കുരുവിള താൻ പണിയിച്ച വീട്ടിലെ പീടികമുറിയിൽ പണവ്യാപാരത്തിനു തുടക്കമിട്ടു. ചങ്ങനാശ്ശേരി ചന്ത ആരംഭിച്ചെങ്കിലും പണവ്യാപാരത്തിന് അന്നാരും തയ്യാറായിരുന്നില്ല എന്നോർക്കണം കേരളത്തിൽ വ്യവസ്ഥാപിതമായ ബാങ്കിംഗ് സമ്പ്രദായമാരംഭിക്കുന്നത് 19-ാം ശതകത്തിൽ മാത്രമാണ്. പണം പലിശയ്ക്കു നല്കുകമാത്രം ചെയ്യുന്നവരും, ഡപ്പോസിറ്റ് സ്വീകരിച്ച് പണം പലിശയ്ക്കു നല്കുന്നവരുമുണ്ടായിരുന്നു. ഹൂണ്ടി വ്യാപാരം മിക്കവാറും നടത്തിയിരുന്നത് മധുര തിരുനൽവേലിഭാഗത്തു നിന്നെത്തിയ പട്ടന്മാരായിരുന്നു. തമിഴ് ബ്രാഹ്മണരുടെ ഹൂണ്ടി വ്യാപാരം ചങ്ങനാശ്ശേരിയിലെ കച്ചവടക്കാരെ ആകർഷിച്ചില്ല. അതുകൊണ്ട് കച്ചവടത്തിന് വായ്പ അത്യാവശ്യമായിരുന്ന ഒരു കാലഘട്ടത്തിലാണ് പോത്തൻ കുരുവിള പണവ്യാപാരം ആരംഭിച്ചത്. പല കച്ചവടക്കാരും 'കൈവായ്പ' വാങ്ങിച്ചാണ് കച്ചവടത്തിലേർപ്പെട്ടത്. അതൊരു തൊഴിലായിരുന്നില്ല; സഹായംമാത്രം. എന്നാൽ പോത്തൻ കുരുവിള പണവ്യാപാരം ഒരു തൊഴിലായിത്തന്നെ സ്വീകരിച്ചു. ഇതുമൂലം അദ്ദേഹത്തിനു സാമ്പത്തികാഭിവൃദ്ധിയും ജനങ്ങളോട് അടുപ്പവും സമ്പാദിക്കാൻ കഴിഞ്ഞു. ഹ്രസ്വകാലവായ്പകളാണ് ആദ്യകാലത്തദ്ദേഹം നല്കിയത്. ഈ മാന്യതയാണ് ചങ്ങനാശ്ശേരി പള്ളിയുടെ പ്രവർത്തനങ്ങളിൽ ബന്ധപ്പെടാനദ്ദേഹത്തെ സഹായിച്ചത്.

ചങ്ങനാശ്ശേരിപള്ളിക്കും മറ്റുപള്ളികളെപ്പോലെ അന്നു തുച്ഛമായ വരുമാനമേ ഉണ്ടായിരുന്നുള്ളൂ. കുത്തഴിഞ്ഞ സാമ്പത്തികഭരണനിർവഹണം കൂടിയായപ്പോൾ പള്ളിയുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ സാധ്യമല്ലാത്ത അവസ്ഥയിലാവുകയും

ചെയ്തു. പള്ളിയിൽ സാമ്പത്തിക അച്ചടക്കം നടപ്പിലാക്കുന്നതിന് അന്നത്തെ പള്ളിക്കമ്മറ്റി പോത്തൻ കുരുവിളയെ ചങ്ങനാശ്ശേരി പള്ളിയുടെ കണക്കനായി തിരഞ്ഞെടുക്കുകയായിരുന്നു.

**ക്രിസ്ത്യാനികളെക്കൊണ്ട് തൊട്ട് എണ്ണശുദ്ധീകരിക്കാൻ എണ്ണയുമായി വരുന്ന ഹിന്ദുക്കൾ അതിലൊരുഭാഗം പള്ളിയ്ക്കു നല്കിയിരുന്നു. ക്രിസ്ത്യാനികൾ തന്നെ പള്ളിയിലേയ്ക്ക് നേർച്ചയായി എണ്ണനല്കിയിരുന്നു. ചങ്ങനാശ്ശേരി കൊച്ചുപള്ളിയിലെ (സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്) തൂക്കുവിളക്ക് കത്തുന്നതു നേർച്ചഎണ്ണ കൊണ്ടാണ്.**

അന്നു കൈക്കാരന്മാരെപ്പോലെ തന്നെ കണക്കനും ശമ്പളംപറ്റാതെ ഓണററി ജോലിചെയ്യുന്ന ദേവാലയ ശുശ്രൂഷിയായിരുന്നു. സമൂഹത്തിൽ കുലമഹിമയും, ബുദ്ധിവൈഭവവും, സാമ്പത്തിക ഭദ്രതയും ഉള്ളവരെയാണ് കണക്കനും കൈക്കാരനും മറ്റുമായി തിരഞ്ഞെടുത്തിരുന്നത്. പോത്തൻ കുരുവിളയുടെ ചങ്ങനാശ്ശേരി പള്ളിയിലെ ഭരണകാലം പള്ളിക്ക് പല നേട്ടങ്ങൾക്കും കാരണമായിഭവിച്ചു. അന്നത്തെ പള്ളിയുടെ ഏറ്റവും വലിയവരുമാനം വിളക്കെണ്ണയായിരുന്നു. ഗവൺമെന്റു പോലും വിളക്കെണ്ണയ്ക്കാണ് ഗ്രാന്റ് നല്കിയിരുന്നത്. ചങ്ങനാശ്ശേരിപള്ളിക്കുള്ള ആ ഇനത്തിലെഗ്രാന്റ് ഇപ്പോൾ പെൻഷൻ ഫണ്ടിൽനിന്നാണ് നല്കുന്നത്. (cfr. ചങ്ങനാശ്ശേരിയും ചങ്ങനാശ്ശേരിപള്ളിയും- ജോസഫ് കൂട്ടുമ്മേൽ പേജ് 61) ക്രിസ്ത്യാനികളെക്കൊണ്ട് തൊട്ട് എണ്ണശുദ്ധീകരിക്കാൻ എണ്ണയുമായി വരുന്ന ഹിന്ദുക്കൾ അതിലൊരുഭാഗം പള്ളിയ്ക്കു നല്കിയിരുന്നു. ക്രിസ്ത്യാനികൾ തന്നെ പള്ളിയിലേയ്ക്ക് നേർച്ചയായി എണ്ണനല്കിയിരുന്നു. ചങ്ങനാശ്ശേരി കൊച്ചുപള്ളിയിലെ (സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്) തൂക്കുവിളക്ക് കത്തുന്നതു നേർച്ചഎണ്ണകൊണ്ടാണ്. എന്നാൽ ഈ എണ്ണയിൽ നല്ലൊരുഭാഗം ആളുകൾ വീടുകളിലേയ്ക്കു കൊണ്ടുപോകുകയായിരുന്നു. പോത്തൻ കുരുവിള ആ പതിവ് നിർത്തലാക്കി. മുഴുവൻ എണ്ണയും പള്ളിസ്വന്തമാക്കാൻ തുടങ്ങി. കൊച്ചുപള്ളിയിലെ തൂക്കുവിളക്കിനു താഴെയുള്ള തറപൊട്ടിച്ച് ചെമ്പുതകിടുപാകി ഒരു വലിയഭരണി സ്ഥാപിച്ച് അതിനു പൂട്ടുവച്ച് താക്കോൽ കൈക്കാരനെ ഏല്പ്പിച്ചു. വിളക്കിൽനിന്നു കവിഞ്ഞൊഴുകുന്ന എണ്ണ ചെമ്പുതകിടിലെ ദ്വാരത്തിലൂടെ ഭരണിയിലേയ്ക്കൊഴുകി. ഭരണിനിറയുമ്പോൾ പൂട്ടുതുറന്ന് എണ്ണ മറ്റുപാത്രങ്ങളിലെടുത്തു സൂക്ഷിക്കും. പള്ളിയുടെ പ്രധാന വരുമാനങ്ങളിലൊന്ന് ഈ എണ്ണവഴിപാടായിത്തീർന്നത് പോത്തൻ കുരുവിളയുടെ ശ്രമഫലമായിട്ടാണ്. ഇത് ഒട്ടേറെ ശത്രുക്കളെയും ഉണ്ടാക്കിവച്ചു. എണ്ണസ്വന്ത ആവശ്യത്തിനു കൊണ്ടു പോയിരുന്നവരൊക്കെ അദ്ദേഹത്തിന്റെ ശത്രുക്കളായിമാറി. മറ്റു ഭരണസമിതി അംഗങ്ങളുടെ പിടിപ്പു കേടും ഉത്തരവാദിത്വരാഹിത്യവുംകൊണ്ട് പള്ളിയ്ക്കു സംഭവിച്ച സാമ്പത്തിക നഷ്ടം ശുദ്ധാത്മാവായ പോത്തൻ കുരുവിളയെന്ന കണക്കന്റെ ഉത്തരവാദിത്വത്തിലായി. അദ്ദേഹത്തിന്റെ പേരിൽ ആ തുക പള്ളിക്കണക്കിൽ എഴുതി വയ്ക്കുകയും ചെയ്തു. അതു പിന്നീട്

മകൻ കുരുവിള കൊച്ചാണ്ടി അടയ്ക്കണമെന്ന് യോഗം ആവശ്യപ്പെടുകയും കുരുവിള കൊച്ചാണ്ടി ആ പണം അടച്ചതിനു ശേഷം പരാതി നല്കുകയും ചെയ്തു. വരാപ്പുഴ മെത്രാപ്പോലീത്താ ഒരു അന്വേഷണകമ്മീഷനെ ഇതിനായി നിയമിക്കുകയും ആ കമ്മീഷന്റെ ശുപാർശ പ്രകാരം പോത്തൻ കുരുവിള നിരപരാധിയെന്നു വ്യക്തമായപ്പോൾ പണം തിരിച്ചുകൊടുക്കാൻ തീരുമാനമുണ്ടാകുകയും ചെയ്തു. എന്നാലദ്ദേഹം ആപണം പള്ളിയ്ക്കുതന്നെ നല്കി.

**ഭരണസമിതി അംഗങ്ങളുടെ പിടിപ്പു കേടും ഉത്തരവാദിത്വരാഹിത്യവുംകൊണ്ട് പള്ളിയ്ക്കു സംഭവിച്ച സാമ്പത്തിക നഷ്ടം ശുദ്ധാത്മാവായ പോത്തൻ കുരുവിളയെന്ന കണക്കന്റെ ഉത്തരവാദിത്വത്തിലായി. അദ്ദേഹത്തിന്റെ പേരിൽ ആ തുക പള്ളിക്കണക്കിൽ എഴുതി വയ്ക്കുകയും ചെയ്തു. വരാപ്പുഴ മെത്രാപ്പോലീത്താ ഒരു അന്വേഷണ കമ്മീഷനെ ഇതിനായി നിയമിക്കുകയും ആ കമ്മീഷന്റെ ശുപാർശ പ്രകാരം പോത്തൻ കുരുവിള നിരപരാധിയെന്നു വ്യക്തമായപ്പോൾ പണം തിരിച്ചു കൊടുക്കാൻ തീരുമാനമുണ്ടാകുകയും ചെയ്തു.**

പണവ്യാപാരത്തിൽ നിന്നു നേട്ടമുണ്ടാക്കാൻ പോത്തൻ കുരുവിളയ്ക്കു കഴിഞ്ഞു. നിലങ്ങളും പുരയിടങ്ങളും സമ്പാദിച്ചു. പണ്ടകശാല സ്ഥിതിചെയ്ത സ്ഥലത്തിനടുത്ത് മറ്റൊരുവീടുകൂടി വച്ചു. ടൗണിനുപുറത്തും കരഭൂമികൾ പതിച്ചു വാങ്ങി. എന്നാൽ ഈ തറവാട്ടു ഭൂമികളൊക്കെത്തുണ്ടാക്കിവിറ്റ് ഒളശ്ശ കുടുംബാംഗങ്ങളിൽ ചിലർ മറ്റുസ്ഥലങ്ങളിലേയ്ക്ക് സൗകര്യാർത്ഥം മാറിപ്പോയത് അനന്തര ചരിത്രം.

ഭാവിതലമുറയ്ക്കു ഭദ്രമായ അടിത്തറ സൃഷ്ടിച്ച ഭക്തനും, നീതിനിഷ്ഠനും, സത്യസന്ധനും, കഴിവുറ്റവനുമായിരുന്ന ആ പൂർവ്വപിതാവ് ചങ്ങനാശ്ശേരി പള്ളി സിമിത്തേരിയിൽ അന്ത്യവിശ്രമംകൊള്ളുന്നു. അദ്ദേഹത്തിന്റെ ജനനത്തീയതിയും മരണതീയത്തീയതിയും കൃത്യമായി അറിഞ്ഞുകൂടാ. എങ്കിലും മറ്റുതെളിവുകൾവച്ച് 1760-1820 കാലഘട്ടത്തിലാണദ്ദേഹം ജീവിച്ചിരുന്നതെന്ന് അനുമാനിക്കുകയാണ്. അദ്ദേഹം പടുത്തുയർത്തിയ തറവാട്ടു സൗധം ഇന്ന് ഇരുനിലമാളികയായി ചങ്ങനാശ്ശേരി സസ്യമാർക്കറ്റിൽ പോത്തൻ കുരുവിളയെന്ന ചങ്ങനാശ്ശേരി ഒളശ്ശ കുടുംബത്തിലെ പൂർവ്വപിതാവിന്റെ സ്മരണയുടെ സ്മാരകമായി നിലനില്ക്കുന്നു. അദ്ദേഹത്തിന്റെ മക്കളിൽ മൂന്നുപുത്രന്മാരുടെ പേരുകൾ മാത്രമേ നമുക്കു ലഭ്യമായിട്ടുള്ളൂ.

മക്കൾ :

I. കുരുവിള കൊച്ചാണ്ടി
II. കുരുവിള പോത്തൻ
III. കുരുവിള കൊച്ചു കുരുവിള

# I കുരുവിള കൊച്ചാണ്ടി

ചങ്ങനാശ്ശേരിയിലെ ഒളശ്ശ കുടുംബത്തിന്റെ സ്ഥാപകൻ പോത്തൻ കുരുവിളയുടെ മൂത്തമകനാണ് കുരുവിള കൊച്ചാണ്ടി. ചങ്ങനാശ്ശേരിയിലേയ്ക്കുള്ള താമസമാറ്റത്തിനു മുമ്പുതന്നെ ആൺ*മക്കൾ* മൂവരും ജനിച്ചിരുന്നുവെന്നു സംശയിക്കേണ്ടിയിരിക്കുന്നു.

തികഞ്ഞ കർമ്മനിരതനും, ധീരനും, ജനപ്രിയനും, പ്രഗൽഭനുമായിരുന്നു കുരുവിള കൊച്ചാണ്ടി. സർക്കാരുദ്യോസ്ഥൻ, സഭാപ്രവർത്തകൻ, പൊതുജനപ്രിയൻ എന്നീനിലകളിലദ്ദേഹം അറിയപ്പെട്ടു. കൃത്യമായജനനത്തീയതി അറിയില്ലെങ്കിലും പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യദശകത്തിലോ പത്തൊൻപതാം ശതകത്തിന്റെ ആരംഭദശകത്തിലോ അദ്ദേഹം ജനിച്ചുവെന്നൂഹിക്കാം സുറിയാനി ക്രിസ്ത്യാനികൾ മറ്റു ക്രിസ്ത്യൻ വിഭാഗങ്ങളെപ്പോലെ വിദ്യാഭ്യാസത്തെ പ്രധാനമായികരുതിയ ഒരു കാലഘട്ടമായിരുന്നില്ലെങ്കിലും കുരുവിള കൊച്ചാണ്ടിക്ക് ഒരുവിധം മെച്ചമായ വിദ്യാഭ്യാസംതന്നെ കിട്ടി എന്നതിന്റെ തെളിവാണ് അദ്ദേഹത്തിന് പ്രായപൂർത്തിയായപ്പോൾ ലഭിച്ച സർക്കാർജോലി. ഇംഗ്ലീഷു വിദ്യാഭ്യാസം അന്നു സാർവ്വത്രികമായിക്കഴിഞ്ഞിരുന്നില്ല. രാജഭരണമായിരുന്നതുകൊണ്ട് മലയാളവും തമിഴും തന്നെയായിരുന്നു മുഖ്യസ്ഥാനത്ത്. ക്രിസ്ത്യാനികളുടെ പ്രാർത്ഥനാഗ്രന്ഥങ്ങളും ഗാനങ്ങളും അന്ന് തമിഴിലായിരുന്നു. ക്രിസ്ത്യാനികളും തമിഴ് പഠിച്ചിരുന്നു. കൊച്ചാണ്ടിയും മലയാളവും തമിഴുംതന്നെയാണ് ആദ്യം പഠിച്ചത്. കൃഷിയിലും കച്ചവടത്തിലും പിതാവിനെ സഹായിക്കുകയും ചെയ്തു. ചങ്ങനാശ്ശേരിയിലെ വ്യാപാരമേഖലയിൽ അദ്ദേഹം പ്രാവിണ്യം സമ്പാദിച്ചു.

**ഇംഗ്ലീഷു വിദ്യാഭ്യാസം അന്നു സാർവ്വത്രികമായി ക്കഴിഞ്ഞിരുന്നില്ല. രാജഭരണമായിരുന്ന തുകൊണ്ട് മലയാളവും തമിഴും തന്നെയായിരുന്നു മുഖ്യസ്ഥാനത്ത്. ക്രിസ്ത്യാനികളുടെ പ്രാർത്ഥനാ ഗ്രന്ഥങ്ങളും ഗാനങ്ങളും അന്ന് തമിഴിലായിരുന്നു. ക്രിസ്ത്യാനികളും തമിഴ് പഠിച്ചിരുന്നു.**

ഇരുപതാമത്തെ വയസ്സിലായിരുന്നു കുരുവിള കൊച്ചാണ്ടിയുടെ വിവാഹം. മുട്ടാറ്റിൽ വിഖ്യാതമായ കൊടിക്കൽ കുടുംബത്തിൽ നിന്നായിരുന്നു വധു. രണ്ട് പെൺ*മക്കൾ* മാത്രമുള്ള ഗൃഹമായിരുന്നു അത്. *ഭാര്യ*യുടെ ഇളയസഹോദരിയെ മാവേലിക്കരയിലാണ് വിവാഹം കഴിച്ചയച്ചത്. നാല് ആൺകുട്ടികളും ഒരു പെൺകുട്ടിയുമാണ് ഇവരുടെ സന്താനങ്ങൾ. സന്താനങ്ങളുടെ സുസ്ഥിതി ലക്ഷ്യമാക്കിയ കുരുവിള കൊച്ചാണ്ടി സാമ്പത്തികാഭിവൃദ്ധി മുന്നിൽക്കണ്ട് ഭാവി പരിപാടികൾ ആസൂത്രണം ചെയ്തു.

അദ്ദേഹം തന്റെ ഭവനം നിർമ്മിക്കുന്നതിന് സൗകര്യപ്രദമായ സ്ഥലം കണ്ടെത്തിയത് ഇന്നത്തെ താലൂക്കാശുപത്രി സ്ഥിതിചെയ്യുന്ന സ്ഥലമായിരുന്നു. അന്നാപ്രദേശം ഒരു പൊങ്ങിയ പുൽത്തകിടിയായിരുന്നു. കന്നുകാലികളെ മേയ്ക്കാനാണ് ആസ്ഥലം

ഉപയോഗിച്ചിരുന്നത്. അവിടെ അന്നൊരു വീടുണ്ടായിരുന്നു. ആ വീടും സ്ഥലവും ഉടമസ്ഥനിൽനിന്നദ്ദേഹം വിലകൊടുത്തു വാങ്ങി. തറവാട്ടിൽ നിന്ന് ഈ വീട്ടിലേക്കു താമസം മാറ്റുകയും ചെയ്തു. അദ്ദേഹത്തിന്റെ ദ്വിതീയ പുത്രൻ പോത്തന്റെ ജനനം ഈ വീട്ടിലായിരുന്നു. അവിടെ കുറേക്കൂടി സ്ഥലം അദ്ദേഹം സർക്കാരിൽ നിന്നും പതിച്ചു വാങ്ങുകയും ചെയ്തു. ആ ഭൂമിയുടെ വടക്കുമാറി ഒരു പുതിയ ഭവനം സംവിധാനം ചെയ്യുകയുമുണ്ടായി. അന്യം നിന്നുപോയ ഒരു നമ്പൂതിരി ഇല്ലക്കാരുടെ മന വിലയ്ക്കുവാങ്ങി പൊളിച്ചുകൊണ്ടുവന്ന് ഒളശ്ശ കുടുംബത്തിന്റെ രണ്ടാമത്തെ ശാഖാതറവാട് പണിതുയർത്തി. അന്നത്തെ ബ്രാഹ്മണമനകളുടെ തച്ചുശാസ്ത്രമാണുപയോഗിച്ചത്. തടികൊണ്ടുള്ള അറയും, നിരയും, നിലവറയും, നസ്രാണികളും തീണ്ടലും തൊടീലും സ്വീകരിച്ചിരുന്നതുകൊണ്ട് തീണ്ടൽ ജാതികൾക്ക് വന്നു നില്ക്കാൻ ഉപയോഗപ്പെടുത്താവുന്ന തളങ്ങളും വീട്ടിൽ മുൻഭാഗത്ത് ഒരുക്കിയിരുന്നു. വീട്ടുമുറ്റത്തിനു മുമ്പിൽ കല്ലുഭിത്തികെട്ടി ഇവതിരിച്ചിരുന്നു. അവയ്ക്കു പുറത്തു വഴിയരുകിൽ പടിപ്പുരയുമുണ്ടായിരുന്നു. കുരുവിള കൊച്ചാണ്ടിയുടെ പൗത്രൻ ഒ. പി ജോസഫാണ് (ഔസേപ്പച്ചൻ) ഈ ഭവനത്തിൽ അവസാനം താമസിച്ച ആൺതലമുറക്കാരൻ. അൽഫോൻസാ ആശുപ്രതിക്കു പിന്നിലായി ഡോ. റ്റി. വി. ജോസ് താമസിക്കുന്ന വീടും, മുൻ മുൻസിപ്പൽ ചെയർമാൻ പി. പി. ജോസിന്റെ വീടും ഒളശ്ശ തറവാട്ടിലെ രണ്ടാമത്തെ ഭവനം പുനഃസംവിധാനം ചെയ്തതാണ്. പെൺവഴിയിൽ ഇവർ കുരുവിള കൊച്ചാണ്ടിയുടെ പിൻ തലമുറക്കാർതന്നെ. കുരുവിള കൊച്ചാണ്ടിയുടെ കാലത്തുതന്നെ ആ പുരയിടത്തിന്റെ ഒരുഭാഗം താലൂക്ക് ആശുപത്രിക്കുവേണ്ടി പൊന്നും വിലയ്ക്കു കൊടുക്കേണ്ടിവന്നു. പുതിയതായി പണികഴിപ്പിച്ച പുരയുടെ പടിഞ്ഞാറുവശത്ത് ഒരു രണ്ടുനിലമാളിക തന്റെ പുത്രൻ തോമ്മായുടെ വൈദിക പഠന സൗകര്യത്തിനായി അദ്ദേഹം പണികഴിപ്പിക്കുകയുണ്ടായി.

**അന്യം നിന്നുപോയ ഒരു നമ്പൂതിരി ഇല്ലക്കാരുടെ മന വിലയ്ക്കുവാങ്ങി പൊളിച്ചുകൊണ്ടുവന്ന് ഒളശ്ശ കുടുംബത്തിന്റെ രണ്ടാമത്തെ ശാഖാതറവാട് പണിതുയർത്തി. അന്നത്തെ ബ്രാഹ്മണമനകളുടെ തച്ചുശാസ്ത്രമാണുപയോഗിച്ചത്. തടികൊണ്ടുള്ള അറയും, നിരയും, നിലവറയും, നസ്രാണികളും തീണ്ടലും തൊടീലും സ്വീകരിച്ചിരുന്നതുകൊണ്ട് തീണ്ടൽ ജാതികൾക്ക് വന്നു നില്ക്കാൻ ഉപയോഗപ്പെടുത്താവുന്ന തളങ്ങളും വീട്ടിൽ മുൻഭാഗത്ത് ഒരുക്കിയിരുന്നു.**

കാർഷിക വൃത്തികൊണ്ടാണ് കുരുവിള കൊച്ചാണ്ടി തന്റെ കുടുംബത്തിന്റെ ഭാവിഭദ്രത പടുത്തുയർത്തിയത്.. അടിമവ്യവസ്ഥിതിയിലും അടിയാൻ സമ്പ്രദായത്തിലും കെട്ടിയുറപ്പിച്ച അന്നത്തെ സാമൂഹിക വ്യവസ്ഥിതിയിൽ കൃഷി ആദായകരമായിരുന്നു. തറവാടിന്റെ സ്വത്തായ അടിമകൾ വിശ്വസ്തരും കഠിനാദ്ധ്വാനികളുമായിരുന്നു. കുരുവിള കൊച്ചാണ്ടി സർക്കാരിൽ നിന്ന് നിലങ്ങളും കരഭൂമികളും ധാരാളം പതിച്ചെടുക്കുകയും ചെയ്തു. ഭൂമി അതിരുതിരിച്ച് കൈവശംവച്ചു സ്വന്തമാക്കുകയായിരുന്നു ഭൂവുടമകളുടെ തന്ത്രം.

അടുത്തകണ്ടെഴുത്തിന് ആ ഭൂമി കൈവശക്കാരന്റേതായിത്തീരും. വസ്തു പതിച്ചെടുക്കാനും കൃഷിചെയ്യാനും ജനങ്ങളെ പ്രേരിപ്പിക്കുന്ന ഒരു നയമായിരുന്നു അന്നു സർക്കാർ പിന്തുടർന്നിരുന്നത്. പായിപ്പാട്, കുട്ടനാട് തുടങ്ങിയ സ്ഥലങ്ങളിലും ചങ്ങനാശ്ശേരിയിലും ഇങ്ങനെ ധാരാളം ഭൂസ്വത്ത് കുരുവിള കൊച്ചാണ്ടി സമ്പാദിച്ചു. അദ്ദേഹത്തിന്റെ ഭൂസ്വത്തിനെപ്പറ്റി ഏകദേശ ധാരണലഭിക്കുന്നതിനു പകരിക്കുന്ന ഒരു പണയാധാരം ഇവിടെ ഉദ്ധരിക്കാം. *മക്കൾ* കൊച്ചാണ്ടി വറീതും, കൊച്ചാണ്ടി പോത്തനും ഇളയസഹോദര പുത്രനും ഒപ്പിട്ടിരിക്കുന്നതാണാ പ്രമാണം.

**ഭൂമി അതിരുതിരിച്ച് കൈവശംവച്ചു സ്വന്തമാക്കുകയായിരുന്നു ഭൂവുടമകളുടെ തന്ത്രം. അടുത്ത കണ്ടെഴുത്തിന് ആ ഭൂമി കൈവശക്കാരന്റേതായിത്തീരും. വസ്തു പതിച്ചെടുക്കാനും കൃഷിചെയ്യാനും ജനങ്ങളെ പ്രേരിപ്പിക്കുന്ന ഒരു നയമായിരുന്നു അന്നു സർക്കാർ പിന്തുടർന്നിരുന്നത്. പായിപ്പാട്, കുട്ടനാട് തുടങ്ങിയ സ്ഥലങ്ങളിലും ചങ്ങനാശ്ശേരിയിലും ഇങ്ങനെ ധാരാളം ഭൂസ്വത്ത് കുരുവിള കൊച്ചാണ്ടി സമ്പാദിച്ചു.**

"1050-ാം മാണ്ട് (ഏ. ഡി. 1875) മകരമാസം 12-ാം തീയതി ചങ്ങനാശ്ശേരി ലക്ഷ്മീപുരത്തുകൊട്ടാരത്തിൽ ചോതിതിരുന്നാൾ തമ്പുരാന് മഞ്ചാടിക്കര പ്രവർത്തിയിൽ വാഴപ്പള്ളി കിഴക്കുംമുറിയിൽ ഒളശ്ശയിൽനസ്രാണി സർക്കാർ ജീവിതം അൻപതുവയസ്സുള്ള കൊച്ചാണ്ടി വറീതും, അനുജൻ ടിയിൽ 40 വയസ്സുള്ള പോത്തനും, കൂടി എഴുതി കൊടുത്ത പണയാധാരം.

തകപ്പൻ[1] കുരുവിള കൊച്ചാണ്ടി പേരിൽ പതിഞ്ഞും, മകൻ കൊച്ചാണ്ടി വറീത് ആധാരം മാറ്റിപ്പിടിച്ചും ഞങ്ങൾ അനുഭവിച്ചുവരുന്ന നിലപുരയിടം കൂടി അങ്ങേയ്ക്ക് പണയാവകാശപ്പെടുത്തി തന്ന വകയ്ക്ക് ആധാരപ്രമാണങ്ങൾ, ഓല, കടലാസ് എണ്ണം 31. കടം പറ്റിയ രൂപ 2500/-.

**പണയ വസ്തുക്കളുടെ പട്ടിക.**

1009-ാം മാണ്ട് (ഏ. ഡി. 1834) പണ്ടാരവക പുതുവൽപ്പാടം പതിവ് വിരിപ്പുതടി 12 ൽ കണക്കുംപടി നിലം 45 പറയും ആകെ ഇനം രണ്ടിൽ 237 പറ കുരുവിള കൊച്ചാണ്ടി പേർക്ക് (1) സർക്കാരിൽ നിന്നും കിട്ടിയ പതിവൊന്നും (2) എൺപത്തൊന്നുരാശി വിലയർത്ഥം കൊടുത്ത് കൊച്ചാണ്ടി (3) 1018 ഇടവം അഞ്ചാം തീയതി വാങ്ങിയ തീറാധാരം ഒന്നും (4) 1008-ാംമത് (ഏ. ഡി. 1833) സർക്കാരിൽ നിന്ന് കിട്ടിയ പിടിപാടുചീട്ടിന്റെ[2] പുറകുവശത്ത് രണ്ടും നാലും വരിയിൽ തിരുത്തുണ്ട് ഇപ്രകാരം എഴുതികൊടുത്ത

കൊച്ചാണ്ടി ............... (ഒപ്പ്)

ടി. പോത്തൻ .............. (ഒപ്പ്)

മരിച്ചുപോയ കൊച്ചാണ്ടിചാണ്ടിയുടെ മകൻ 13 വയസ്സുള്ള

ഗീവർഗ്ഗീസ് .............. (ഒപ്പ്)

***കുറിപ്പ്:***

***1 തകപ്പൻ :- അച്ഛൻ***

***2 പിടിപാടു ചീട്ട് :- സർക്കാർ വസ്തുക്കൾ കൈവശംവെച്ചനുഭവിക്കുന്നവയ്ക്കും സർക്കാരിൽ നിന്നു വസ്തു ഉടമയ്ക്കു കൊടുക്കുന്ന പട്ടയമെന്നർത്ഥം. കണക്കെന്നും ഇതിനുപറയും.***

അനുജൻ ചാണ്ടിയുടെ മകൻകൂടി ഒപ്പിട്ടതുകൊണ്ട് തറവാടിന്റെ ഏതോ പൊതുകടം വീട്ടാനായിരുന്നു. ഈ കടമെടുപ്പ് എന്നൂഹിക്കാം. അത് കൊച്ചാണ്ടിയുടെ വസ്തുക്കൾ സംബന്ധിച്ച പൂർണ്ണരേഖയെന്നും കരുതരുത്. ചങ്ങനാശ്ശേരി ളാപ്പാലത്തിന് പടിഞ്ഞാറ് അദ്ദേഹത്തിന്റെ പേരിലുണ്ടായിരുന്ന എലഞ്ഞാടി നിലവും, പായിപ്പാടുള്ള ചാഞ്ഞോടി പാടശേഖരവും ഇതിൽ പരാമർശിക്കപ്പെട്ടിട്ടില്ലെന്നോർക്കണം. അദ്ദേഹം അന്നത്തെ നിലയിൽ ധനികനായ ഒരു ഭൂവുടമതന്നെയായിരുന്നു.

**വേലുത്തമ്പിദളവ ചന്ത ഉദ്ഘാടനം ചെയ്യുന്നതിനുമുമ്പു തന്നെ ചങ്ങനാശ്ശേരിയിൽ ചന്തയുണ്ടായിരുന്നു എന്നുവേണം ഊഹിക്കാൻ. അതിന്റെ അവശിഷ്ടമായിരുന്നു ചങ്ങനാശ്ശേരിയിലെ പ്രസിദ്ധമായ ചൗക്ക. നിത്യോപയോഗ സാധനങ്ങളുടെ ക്രയവിക്രയവും ഗവൺമെന്റിന്റെ ചുങ്കം പിരിവുനടക്കുന്ന സ്ഥലവുമായിരുന്നു ചൗക്ക. പഴയ അഞ്ചു വിളക്ക് ഇവിടെയായിരുന്നു സ്ഥിതി ചെയ്തിരുന്നത്.**

കുരുവിള കൊച്ചാണ്ടിയുടെ പൊതു ജീവിതത്തിലേക്കും വെളിച്ചം വീശുന്ന ചൗക്കപീടികയുടെ ഉദ്ഭവത്തിനു കാരണമായ ഒരു സംഭവം ഇവിടെ വിവരിക്കാം. വേലുത്തമ്പിദളവ ചന്ത ഉദ്ഘാടനം ചെയ്യുന്നതിനുമുമ്പു തന്നെ ചങ്ങനാശ്ശേരിയിൽ ചന്തയുണ്ടായിരുന്നു എന്നുവേണം ഊഹിക്കാൻ. അതിന്റെ അവശിഷ്ടമായിരുന്നു ചങ്ങനാശ്ശേരിയിലെ പ്രസിദ്ധമായ ചൗക്ക. നിത്യോപയോഗ സാധനങ്ങളുടെ ക്രയവിക്രയവും ഗവൺമെന്റിന്റെ ചുങ്കം പിരിവു നടക്കുന്ന സ്ഥലവുമായിരുന്നു ചൗക്ക. പഴയ അഞ്ചു വിളക്ക് ഇവിടെയായിരുന്നു സ്ഥിതി ചെയ്തിരുന്നത്. കുരിശുപള്ളിക്കടവു മുതൽ പഴയ അഞ്ചുവിളക്കു നിന്ന സ്ഥലംവരെയുള്ളത് പടിഞ്ഞാറേചന്തയും, ഈ ക്രോസ് റോഡിന്റെ കിഴക്കുവശം കിടക്കുന്ന ചന്തത്തെരുവ് കിഴക്കേചന്തയുമായി അറിയപ്പെട്ടു പണ്ടകശാലക്കടവിൽ നിന്നും കിഴക്കോട്ടുകിടക്കുന്ന റോഡ് ചന്തയെ കിഴക്കും പടിഞ്ഞാറുമായി വിഭജിക്കുന്ന ഭാഗത്ത് ചന്തയുടെ നടുമുറിയിലാണ് സർക്കാർ വക ചൗക്ക സ്ഥലം. പൊതുസ്ഥലമായതുകൊണ്ട് സഞ്ചാരം ഏറിയിരുന്നു. ഇവിടെ ഒരു കെട്ടിടം വന്നാൽ കിഴക്കേ ചന്തയിലേക്കും പടിഞ്ഞാറേ ചന്തയിലേക്കുമുള്ള പ്രവേശനം ദുർവ്വഹമായിത്തീരും.

കൊല്ലവർഷം 1010 നുശേഷമുണ്ടായ ഒരു വിളംബരം (എ.ഡി. 1835) മൂലം തിരുവിതാംകൂറിലെ ചൗക്കകളൊക്കെ നിർത്തലാക്കപ്പെട്ടു. അതുകൊണ്ട് ചങ്ങനാശ്ശേരിയിലെ ചൗക്ക സ്ഥലം ലേലം ചെയ്തു വില്ക്കാൻ തഹസീൽദാരുടെ ഉത്തരവുണ്ടായി. നാലുവശത്തേക്കും പ്രവേശനമുള്ള ഒരു പീടിക പണിയാമെന്ന ഉദ്ദേശ്യത്തോടെ പലരും ലേലത്തിൽ പങ്കെടുക്കാനൊരുങ്ങി. ഈ സ്ഥലം ചങ്ങനാശ്ശേരി പള്ളിക്കുവേണ്ടി ലേലം പിടിക്കാൻ കമ്മറ്റിക്കാരും വന്നെത്തി. സ്ഥലത്തെ പ്രമുഖ മുസ്ലീം വ്യാപാരി വലിയൊരുതുക വിളിച്ചു. കുരുവിളകൊച്ചാണ്ടി ലേലത്തിൽ ചേർന്നാൽ വ്യാപാരി പിൻമാറുമെന്ന് യോഗക്കാർ കരുതി അതിനദ്ദേഹത്തെ പ്രേരിപ്പിച്ചു. യോഗക്കാർ കരുതിയതുപോലെ സംഭവിച്ചു. കുരുവിളകൊച്ചാണ്ടി വിളിച്ചതോടെ

കുരുവിളകൊച്ചാണ്ടി ലേലത്തിൽ ചേർന്നാൽ വ്യാപാരി പിൻമാറുമെന്ന് യോഗക്കാർ കരുതി. അതിനദ്ദേഹത്തെ പ്രേരിപ്പിച്ചു. യോഗക്കാർ കരുതിയതുപോലെ സംഭവിച്ചു. കുരുവിളകൊച്ചാണ്ടി വിളിച്ചതോടെ ലേലം ഉറപ്പിച്ചുകിട്ടി. 1014 (എ. ഡി. 1838) ലായിരുന്നുലേലം. ഇതിനുമുമ്പദ്ദേഹം ചങ്ങനാശ്ശേരി മണ്ഡപത്തും വാതില്ക്കൽ മുതലുപിടിക്കാരനായി നിയമിക്കപ്പെട്ടിരുന്നു.

ലേലം ഉറപ്പിച്ചുകിട്ടി. 1014 (എ. ഡി. 1838) ലായിരുന്നുലേലം. ഇതിനുമുമ്പദ്ദേഹം ചങ്ങനാശ്ശേരി മണ്ഡപത്തും വാതില്ക്കൽ മുതലുപിടിക്കാരനായി നിയമിക്കപ്പെട്ടിരുന്നു. എന്നു മുതലായിരുന്നു നിയമനമെന്നു നിശ്ചയമില്ല. ചങ്ങനാശ്ശേരി പള്ളിക്കാർക്ക് ആദ്യം സ്ഥലം ലേലം കൊണ്ടതിൽ സന്തോഷമായിരുന്നെങ്കിലും അതെങ്ങനെ ഫലപ്രദമായി ഉപയോഗിക്കണമെന്ന ചിന്തയിൽ സ്ഥലം ഉപേക്ഷിക്കുന്നതാവും ഉചിതമെന്ന ചിന്തയുണ്ടായി. അവിടെ കെട്ടിടം പണികഴിപ്പിച്ചാൽ പള്ളിക്കെതിരെ ജനരോഷത്തിനതു കാരണമാകുമെന്നും അഭിപ്രായമുണ്ടായി. ലേലം വിളിച്ച കുരുവിള കൊച്ചാണ്ടിതന്നെ സ്ഥലമെടുക്കട്ടെ എന്നു യോഗക്കാർ തീരുമാനിച്ചു. ഗത്യന്തരമില്ലാതെ കുരുവിള കൊച്ചാണ്ടി പണമടച്ച് സ്വന്തം പേരിൽ സ്ഥലം പതിച്ചുവാങ്ങി. അവിടെയൊരു കച്ചവടപ്പീടിക പണിയാൻ തീരുമാനിക്കുകയും ചെയ്തു. അടിത്തറയ്ക്ക് ഒരുക്കങ്ങൾ തുടങ്ങിയതൊടെ ആളുകളുടെ എതിർപ്പും രൂക്ഷമായി. കൊങ്ങിണി ബ്രാഹ്മണർ, തമിഴ് ബ്രാഹ്മണർ, മുഹമ്മദീയർ, ചുരുക്കം ചില ക്രിസ്ത്യാനികൾ എന്നിവരായിരുന്നു അന്നത്തെ വ്യാപാര പ്രമുഖർ. അവരൊത്തു ചേർന്ന് പരാതികളയച്ചു. ചന്തത്തെരുവിന്റെ മദ്ധ്യഭാഗത്ത് ഒരു പീടിക ഉയർന്നാൽ അതു സുഗമമായ ഗതാഗതത്തിനും വ്യാപാരത്തിനും തടസ്സം സൃഷ്ടിക്കുമെന്ന് സോദാഹരണം അവർ വിശദീകരിച്ചു. ചില ക്രിസ്ത്യാനികൾ ബലമായിത്തന്നെ പീടികനിർമ്മാണം തടയുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. കട്ടിളവയ്ക്കേണ്ട സമയത്ത് കട്ടിളയുടെ സ്ഥാനത്ത് ഒരക്രമി ഇരിക്കുകതന്നെ ചെയ്തു. പോലീസെത്തി അയാളെ കസ്റ്റഡിയിലെടുത്ത ശേഷമാണ് പണിനടന്നത്. പിന്നീട് ഹർജികളിൽമാത്രം ഒരുങ്ങി നിന്നു പ്രതിഷേധം. കൊച്ചാണ്ടി മൂത്തമകനെ അവിടെ കച്ചവടത്തിനിരുത്തുകയും ചെയ്തു. രണ്ടാമത്തെ മകൻ പോത്തൻ പിന്നീടവിടെ ജൗളിക്കച്ചവടം നടത്തി. അൻപതു വർഷത്തോളം ഈ പീടികയിൽ ഒളശ്ശ കുടുംബക്കാർ കച്ചവടം ചെയ്യുകയുണ്ടായി. പിന്നീടത് സർക്കാർ പൊന്നുംവിലയ്ക്കെടുത്ത് പൊതുസ്ഥലമായി ജനങ്ങൾക്ക് വിട്ടുകൊടുത്തു. കെട്ടിടം പൊളിച്ചു മാറ്റി. മുതൽ പിടി ഉദ്യോഗസ്ഥനായി മണ്ഡപത്തുംവാതുക്കൽ കുരുവിള കൊച്ചാണ്ടി ഉദ്യോഗം വഹിച്ചിരുന്ന കാലത്തായിരുന്നു ഈ തർക്കങ്ങളൊക്കെ. രാജ്യവാഴ്ചക്കാലം അധികാര വൃന്ദത്തിന് എന്തും ചെയ്യാൻ സ്വാതന്ത്ര്യമുണ്ടായിരുന്നു എന്നോർക്കണം.

ചൗക്ക പീടിക സംബന്ധിച്ച തർക്കം ചങ്ങനാശ്ശേരി പള്ളിയിലേക്കും ചില തൽപ്പരകക്ഷികൾ കൊണ്ടുപോവുകയുണ്ടായി. പള്ളിക്കുവേണ്ടി ലേലംകൊള്ളണമെന്നഭ്യർത്ഥിച്ച

പള്ളികമ്മിറ്റി അംഗങ്ങളിൽ ചിലരാണ് കുറ്റപത്രവുമായി പ്രത്യക്ഷപ്പെട്ടതെന്നും ഓർമ്മിക്കണം. കൊല്ലവർഷം 1022 (എ. ഡി. 1846) മകൻ തോമ്മായെ പട്ടത്തിനയയ്ക്കാൻ പട്ടക്കുറി ആവശ്യപ്പെട്ട് വികാരിയച്ചനെയും യോഗക്കാരെയും കൊച്ചാണ്ടി സമീപിച്ചു. അന്ന് ഒരാളെ പട്ടത്തിനായി സെമിനാരിയിലോ മല്പാന്റെ കീഴിലോ സ്വീകരിക്കണമെങ്കിൽ വിശ്വാസികളുടെ പ്രതിനിധികളായ വികാരിയച്ചന്റെയും യോഗക്കാരുടെയും അനുമതി ഉണ്ടായിരിക്കണമെന്നതായിരുന്നു അന്നത്തെ ആചാരവും നിയമവും. പള്ളിയിൽ ഏതെങ്കിലും കുടിശ്ശികയുണ്ടെങ്കിൽ അതുനീക്കാതെ ഈ അനുവാദം ലഭിക്കുമായിരുന്നില്ല. കുരുവിള കൊച്ചാണ്ടിയുടെ മകൻ തോമ്മായ്ക്ക് പട്ടക്കുറി ലഭിക്കണമെങ്കിൽ പള്ളിക്കണക്കിൽ എഴുതിയിട്ടിരിക്കുന്ന കുടിശ്ശിക മുഴുവൻ അടച്ചുതീർക്കണമെന്ന് യോഗക്കാർ നിർബന്ധം പിടിച്ചു. കുടിശ്ശികത്തുകയാകട്ടെ കൊച്ചാണ്ടി കുരുവിളയുടെ പിതാവ് പോത്തൻ കുരുവിള പള്ളിക്കണക്കനായിരുന്നകാലത്ത് കൈക്കാരൻ കാരണം വന്ന ഒരു പാകപ്പിഴയ്ക്ക് കണക്കനെ ബലിയാടാക്കിയതായിരുന്നു. ആത്മാഭിമാനിയായ കൊച്ചാണ്ടി പണം അടച്ചശേഷം മകന്റെ പട്ടക്കുറിവാങ്ങി. കുടിശ്ശികയുടെ വാസ്തവികതയെ ചോദ്യം ചെയ്തുകൊണ്ടുള്ള ഒരു പരാതി വരാപ്പുഴ മെത്രാപ്പോലീത്തായ്ക്കു സമർപ്പിക്കുകയും ചെയ്തു. കണക്കിന്റെ നിജസ്ഥിതി റിപ്പോർട്ട് ചെയ്യാൻ നെടുമുടി പള്ളിവികാരിയെ അദ്ദേഹം ചുമതലപ്പെടുത്തി. അത്തരമൊരു കുടിശ്ശികയില്ല എന്നതായിരുന്നു വികാരിയച്ചന്റെ റിപ്പോർട്ട്. അടച്ചതുക പരാതിക്കാരനു തിരികെക്കൊടുക്കാൻ മെത്രാപ്പോലീത്താ കല്പിച്ചു. കെട്ടിവച്ച സംഖ്യ 2500 തിരുവിതാംകൂർചക്രമായിരുന്നു. തിരുവിതാംകൂർനാണയത്തിനു ബ്രിട്ടിഷ് നാണയത്തെക്കാൾ അല്പം വിലകുറവാണ്. അതായത് തൊണ്ണൂറു സർക്കാർ രൂപ. പക്ഷെ കെട്ടിവച്ചതുക കൊച്ചാണ്ടി തിരികെ വാങ്ങാതെ പള്ളിക്കുതന്നെ വിട്ടുകൊടുത്തു അക്കാലത്ത് ചങ്ങനാശ്ശേരി പള്ളി വികാരി മാളിയേക്കൽ മാത്തു അച്ചനായിരുന്നു. 1022 ൽ അദ്ദേഹം നിര്യാതനായപ്പോൾ കല്ലറയ്ക്കൽ ഈപ്പൻ കത്തനാർ വികാരിയായി.

**അന്ന് ഒരാളെ പട്ടത്തിനായി സെമിനാ രിയിലോ മല്പാന്റെ കീഴിലോ സ്വീകരിക്കണ മെങ്കിൽ വിശ്വാസികളുടെ പ്രതിനിധികളായ വികാരി യച്ചന്റെയും യോഗക്കാരു ടെയും അനുമതി ഉണ്ടായിരിക്കണമെന്ന തായിരുന്നു അന്നത്തെ ആചാരവും നിയമവും.**

വിവാദപരമായ ഈ വസ്തുതകളുടെ പരസ്പരബന്ധം മനസ്സിലാക്കണമെങ്കിൽ പള്ളിയിലെ അന്നത്തെ ഗ്രൂപ്പുവഴക്കിന്റെ കാരണങ്ങൾകൂടി മനസ്സിലാക്കേണ്ടിയിരിക്കുന്നു. മിഷൻ രാജ്യങ്ങളിൽ സഭാധികാരികളെ നിയമിക്കാനുള്ള അനുവാദം മാർപ്പാപ്പായുടെ അനുമതിയോടെയാണ് പോർട്ടുഗൽ രാജാവ് നടപ്പിലാക്കിയിരുന്നത്. പോർട്ടുഗീസുകാർ മറ്റു നാടുകളെത്തി ക്രിസ്ത്യാനികളാകുന്നവരുടെ മേൽ പോർട്ടുഗൽ രാജാവിനുള്ള ഈ

അധികാരം 'പദ്രുവാദോ' എന്ന പേരിലാണറിയപ്പെട്ടിരുന്നത്. ഈ കാലത്താണ് റോമിൽ ഒരു സംഘടനയുണ്ടായത്. മിഷൻ രാജ്യങ്ങളിലെ ക്രിസ്ത്യാനികളുടെ സംരക്ഷണത്തിനും അവർക്ക് വൈദികമേലദ്ധ്യക്ഷന്മാരെ നിയമിക്കുന്നതിന്റെ സൂത്രധാരത്വം നിർവ്വഹിക്കാനുമായിരുന്നു ഈ സംഘടന. പ്രൊപ്പഗാന്താ തിരുസംഘമെന്ന പേരിൽ അത് അറയപ്പെട്ടു. 1622 ലാണ് പ്രൊപ്പഗാന്താതിരുസംഘം ആരംഭിച്ചത്. ഇതോടെ സഭാധികാരികളെ നിയമിക്കാനുള്ള പോർട്ടുഗൽ രാജാവിന്റെ അധികാരം അധികപ്പറ്റായി. കേരളത്തിൽ പോർട്ടുഗൽ ഭരണം നിലനിന്നപ്പോൾ എതിർപ്പ് ഫലവത്തായില്ല. അതിനുശേഷം ഈ അധികാരം- പദ്രുവാദോ എന്ന രാജകീയ സംരക്ഷണാധികാരം - മാർപ്പാപ്പാ പടിപടിയായി ഇല്ലാതാക്കി. എന്നാൽ ഈ രണ്ട് ഭരണ ക്രമവും- പദ്രുവാദോ, പ്രൊപ്പഗാന്താ - ഒരുമിച്ചുനില നിന്ന കുറേകാലവും സഭാചരിത്രത്തിലുണ്ട് ഇത് അനൈകൃത്തിനും, കക്ഷി വ്യത്യാസങ്ങൾക്കും കാരണമായി.

**1838 ഏപ്രിൽ 24 ന് 16-ാം ഗ്രിഗോറിയോസ് പാപ്പാ 'മുൾട്ടാ പ്രെപ്രെയീക്ലാരേ' എന്ന തിരുവെഴുത്ത് പ്രസിദ്ധീകരിച്ചു. ഇതു മൂലം കൊച്ചി, കൊടുങ്ങല്ലൂർ, മൈലാപ്പൂർ, മലാക്കാ എന്നീ രൂപതകളിലെ പദ്രുവാദോ ഭരണം റദ്ദായി. അവിടെയെല്ലാം പ്രൊപ്പ ഗാന്തയിൽ നിന്നുള്ള വികാരി അപ്പസ്തോ ലിക്കമാർ ഭരണമേറ്റു.റോമ്മാ മാർപ്പാപ്പയുടെ മേൽപ്പറഞ്ഞ തിരുവെഴുത്തനുസരിച്ചാണ് വികാരി അപ്പോസ്തോലിക്കസ്ഥാനം കേരളത്തിലും നിലവിൽ വന്നത്.**

1838 ഏപ്രിൽ 24 ന് 16-ാം ഗ്രിഗോറിയോസ് പാപ്പാ 'മുൾട്ടാ പ്രെപ്രെയീക്ലാരേ' എന്ന തിരുവെഴുത്ത് പ്രസിദ്ധീകരിച്ചു. ഇതു മൂലം കൊച്ചി, കൊടുങ്ങല്ലൂർ, മൈലാപ്പൂർ, മലാക്കാ എന്നീ രൂപതകളിലെ പദ്രുവാദോ ഭരണം റദ്ദായി. അവിടെയെല്ലാം പ്രൊപ്പ ഗാന്തയിൽ നിന്നുള്ള വികാരി അപ്പസ്തോലിക്കമാർ ഭരണമേറ്റു.റോമ്മാ മാർപ്പാപ്പയുടെ മേൽപ്പറഞ്ഞ തിരുവെഴുത്തനുസരിച്ചാണ് വികാരി അപ്പോസ്തോലിക്കസ്ഥാനം കേരളത്തിലും നിലവിൽ വന്നത്. അങ്ങനെ കേരള സുറിയാനിക്കാരുടെ മേൽ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായ്ക്കുണ്ടായിരുന്ന ആദ്ധ്യാത്മിക നേതൃത്വം വരാപ്പുഴ മെത്രാപ്പോലീത്തായ്ക്കു ലഭിച്ചു. എന്നാൽ പോർട്ടുഗൽ രാജാവ് മാർപ്പാപ്പയുടെ തീരുമാനം ഉടനെ സ്വീകരിച്ചില്ല. പോർട്ടുഗൽ രാജാവ് നിയമിച്ച ഗോവർണ്ണദോരുടെ ഭരണസീമയിൽപ്പെട്ട വിശ്വാസികൾക്കും ഈതീരുമാനം അഭികാമ്യമായില്ല ചങ്ങനാശ്ശേരി പള്ളിക്കാർ വരാപ്പുഴ മെത്രാപ്പോലീത്തായുടെ നേതൃത്വം സ്വീകരിച്ചു. കേരളത്തിലെ പള്ളികൾ ഉദ്ഭവകാലം മുതൽ കൊടുങ്ങല്ലൂർ സഭാമേലദ്ധ്യക്ഷന്മാരുടെ കീഴിലാണു പുരോഗതി പ്രാപിച്ചത്. റോമാമാർപ്പാപ്പയുടെ അനുവാദത്തോടെ തന്നെ പോർട്ടുഗീസുകാർ മാനസാന്തരപ്പെടുത്തിയ ക്രിസ്ത്യാനികളുടെ ഭരണം പോർട്ടുഗൽ രാജാവ് നിയമിക്കുന്ന മെത്രാനു വീണ്ടും ലഭിച്ചതോടെ (പദ്രുവാദോ അധികാരം) കൊടുങ്ങല്ലൂർ മെത്രാൻ കേരള സുറിയാനിക്കാരെ തുടർന്നും ഭരിച്ചുതുടങ്ങി. ഉദയംപേരൂർ സൂനഹദോസും തുടർന്നുണ്ടായ കൂനൻകുരിശു സത്യവും മൂലം പഴയകൂറെന്നും പുത്തൻകൂറെന്നും രണ്ടായിത്തിരിഞ്ഞവർ ആദ്ധ്യാത്മിക

മേൽക്കോയ്മയുടെ കാര്യത്തിൽ അനൈക്യത്തിലായിരുന്നു. ചങ്ങനാശ്ശേരി പള്ളിയിൽ രണ്ടുപക്ഷക്കാരുമുണ്ടായിരുന്നു. വരാപ്പുഴപക്ഷം ചേർന്ന് റോമാമാർപ്പാപ്പയ്ക്കു കീഴ്‌വഴങ്ങി നിന്നവരുടെ കൂട്ടത്തിലായിരുന്നു കുരുവിള കൊച്ചാണ്ടി. വൈദികനിയമനം അവരുടെ ശിക്ഷണം തുടങ്ങിയ ആദ്ധ്യാത്മിക വിഷയങ്ങളാണ് വരാപ്പുഴ മെത്രാപ്പോലീത്താ നോക്കിയത്. പള്ളിസ്വത്ത്, അതിന്റെ വിനിമയം തുടങ്ങിയവയുടെ ഉത്തരവാദിത്വം വികാരിയച്ചനും കമ്മിറ്റിക്കാർക്കുമായിരുന്നു. പള്ളിവരവ് വൈദികരുടെ നിത്യച്ചെലവിനുപയോഗിച്ചു. മുതൽ സംരക്ഷണത്തിലും ഗുണപദ്ധതികളുടെ നടത്തിപ്പിലും ആർക്കും ശ്രദ്ധയുണ്ടായിരുന്നില്ല. കൊടുങ്ങല്ലൂരിലെ പദ്രുവാദോ ഭരണത്തിൻ കീഴിലായിരുന്നപ്പോൾ ഭരണം ഏതാനും പേരുടെ കയ്യിലായിരുന്നു. വൈദികർക്കും തങ്ങളുടെ സാമ്പത്തിക സുരക്ഷിതത്വവും സ്വാതന്ത്ര്യവും തന്നെയായിരുന്നു മുഖ്യം. പള്ളിയുടെ വളർച്ച ആരും കാര്യമാക്കിയില്ല. ഈ അധഃപതനത്തിൽ നിന്നു കരകയറാൻ മൂന്നു കൈക്കാരന്മാരെ യോഗം തിരഞ്ഞെടുത്തു. കൊല്ലവർഷം. 1017 (ഏ. ഡി. 1842) ലാണിതുണ്ടായത്. മൂന്നു വർഷത്തേക്ക് ഈ രീതി തുടർന്നു മെച്ചമെന്നും കാണാതിരുന്നതുകൊണ്ട് പിന്നീട് കൊല്ലവർഷം 1021 ൽ കുരുവിള കൊച്ചാണ്ടിയെ ഏകകൈക്കാരനായി യോഗനേതൃത്വം തിരഞ്ഞെടുത്തു. മണ്ഡപത്തും വാതിൽക്കൽ മുതലു പിടിക്കാരൻ ഉദ്യോഗം വഹിക്കുമ്പോഴാണ് കൈക്കാരൻ സ്ഥാനവും അദ്ദേഹം സ്വീകരിച്ചത്. കൈക്കാരനെന്ന നിലയിൽ സിമിത്തേരിക്ക് ചുറ്റും കല്ലുമതിൽ ആദ്യമായി കെട്ടിച്ചത് അദ്ദേഹമാണ്. ചങ്ങനാശ്ശേരി പള്ളിമുറ്റത്തു കാണുന്ന കിണർ വെട്ടിച്ച് ഭംഗിയായി കെട്ടിച്ചതും ആദ്ദേഹംതന്നെ. അന്നത്തെ കക്ഷിവഴക്കുകളിലൊന്നും അദ്ദേഹം പെട്ടുമില്ല. കൊല്ലവർഷം 1022 (ഏ. ഡി. 1846) ൽ കണക്കനായി തകിടിയേൽ മാത്യൂ യൗസേപ്പിനെ പതിനഞ്ചു പണം ശമ്പളം വച്ച് നിയമിച്ചത്. അച്ചന്മാരുടെ എതിർപ്പിനുകാരണമായി ഏതാനും അച്ചന്മാരും വിശ്വാസികളും ഇതിനെതിരെ വരാപ്പുഴയിൽ പരാതിപ്പെട്ടു. അന്നത്തെ പ്രധാന വൈദികർ തയ്യിൽ തൊമ്മി കത്തനാർ, തെക്കേക്കര ഇട്ടിയവിരാ കത്തനാർ തുടങ്ങിയവരായിരുന്നു. സർക്കാർ സർവ്വീസിലായിരുന്ന കുരുവിള കൊച്ചാണ്ടിയെ കൊണ്ട് അക്കൂട്ടത്തിൽ ഒപ്പിടുവിക്കുവാനുള്ള ശ്രമം പരാജയപ്പെട്ടു. അദ്ദേഹം നിഷ്പക്ഷനായിത്തന്നെ സ്ഥിതി ചെയ്തു.

**ഉദയംപേരൂർ സൂനഹദോസും തുടർന്നുണ്ടായ കൂനൻകുരിശു സത്യവും മൂലം പഴയകൂറെന്നും പുത്തൻകൂറെന്നും രണ്ടായിത്തിരിഞ്ഞവർ ആദ്ധ്യാത്മിക മേൽക്കോയ്മയുടെ കാര്യത്തിൽ അനൈക്യത്തിലായിരുന്നു. ചങ്ങനാശ്ശേരി പള്ളിയിൽ രണ്ടുപക്ഷക്കാരുമുണ്ടായിരുന്നു. വരാപ്പുഴപക്ഷം ചേർന്ന് റോമാമാർപ്പാപ്പയ്ക്കു കീഴ്‌വഴങ്ങി നിന്നവരുടെ കൂട്ടത്തിലായിരുന്നു കുരുവിള കൊച്ചാണ്ടി.**

മികവുള്ള വ്യക്തിത്വവും, സാമ്പത്തിക നേട്ടവും, സാമൂഹിക

ചെറിയ ഒരു ഉദ്യോഗസ്ഥ സമൂഹം മാത്രമെ അന്നുതിരുവിതാംകൂറിലുണ്ടായിരുന്നുള്ളു. അതുതന്നെ സവർണ്ണ ഹിന്ദുക്കൾക്കായി നീക്കിവച്ചിരിക്കുകയായിരുന്നു. 1800 ാം മാണ്ടിൽ കേണൽ മണ്രോ സായിപ്പ് ബ്രിട്ടീഷ് റസിഡണ്ടായതോടെ റവന്യൂ വകുപ്പ് ക്ഷേത്രകാര്യങ്ങളുടെ മേലന്വേഷണമുള്ള ദേവസ്വം വകുപ്പിൽ നിന്നു സ്വതന്ത്രമാക്കി. അതുവരെ ഹിന്ദുക്കളെ മാത്രമേ ഈ വകുപ്പിൽ നിയമിച്ചിരുന്നുള്ളൂ. അതിനുശേഷം സവർണ്ണ ക്രിസ്ത്യനികൾക്കും റവന്യൂവകുപ്പിൽ ജോലി നല്കിത്തുടങ്ങി അങ്ങനെയാണ് മുതലുപിടി ഉദ്യോഗം കുരുവിള കൊച്ചാണ്ടിക്ക് കിട്ടിയത്.

പ്രവർത്തന ത്വരയും, ജനസമ്മതിയുമൊന്നുമല്ല കുരുവിള കൊച്ചാണ്ടിയെ കൂടുതൽ പ്രശസ്തനാക്കിയത്. മണ്ഡപത്തും വാതിൽക്കൽ* മഹാരാജാവിന്റെ തീട്ടൂര (നിയമനോത്തരവ്) പ്രകാരം മുതലുപിടി ഉദ്യോഗസ്ഥനായി** നിയമിക്കപ്പെട്ടതോടെയാണ് അദ്ദേഹം പ്രശസ്തനായത്. വളരെ ചെറിയ ഒരു ഉദ്യോഗസ്ഥ സമൂഹം മാത്രമെ അന്നുതിരുവിതാംകൂറിലുണ്ടായിരുന്നുള്ളു. അതുതന്നെ സവർണ്ണ ഹിന്ദുക്കൾക്കായി നീക്കിവച്ചിരിക്കുകയായിരുന്നു. 1800-ാം മാണ്ടിൽ കേണൽ മണ്രോ സായിപ്പ് ബ്രിട്ടീഷ് റസിഡണ്ടായതോടെ റവന്യൂ വകുപ്പ് ക്ഷേത്രകാര്യങ്ങളുടെ മേലന്വേഷണമുള്ള ദേവസ്വം വകുപ്പിൽ നിന്നു സ്വതന്ത്രമാക്കി. അതുവരെ ഹിന്ദുക്കളെ മാത്രമേ ഈ വകുപ്പിൽ നിയമിച്ചിരുന്നുള്ളൂ. അതിനുശേഷം സവർണ്ണ ക്രിസ്ത്യനികൾക്കും റവന്യൂവകുപ്പിൽ ജോലി നല്കിത്തുടങ്ങി. അങ്ങനെയാണ് മുതലുപിടി ഉദ്യോഗം കുരുവിള കൊച്ചാണ്ടിക്ക് കിട്ടിയത്. ഇദ്ദേഹത്തിനു മുമ്പ് മറ്റേതെങ്കിലും ക്രിസ്ത്യാനിക്ക് ഈ ജോലി കിട്ടിയതായി അറിവില്ല. കുരുമുളകുമടിശ്ശീലക്കാരനായി ക്രിസ്ത്യാനികളുണ്ടായിരുന്നതായി അറിയാം. ഖജനാവു സൂക്ഷിപ്പുകാരനാണ് മുതലുപിടിക്കാരൻ. ബ്രിട്ടീഷുകാർക്ക് കപ്പം കൊടുക്കേണ്ടതുകൊണ്ട് പലപ്പോഴും മറ്റു ചെലവുകൾക്കു പണം തികഞ്ഞിരുന്നില്ല. താലൂക്കു ജീവനക്കാർക്കു ശമ്പളം കിട്ടിയില്ലെങ്കിലും പരാതിപ്പെടാറുണ്ടായിരുന്നില്ല. അന്നതൊക്കെ മുതലുപിടിക്കാരന്റെ കൃപാകടാക്ഷം മാത്രം. ഖജനാവിന്റെ നടത്തിപ്പിൽ തകരാറുവന്നാൽ അത് നികത്താൻ ആളിനു കഴിയുമോ എന്നു കൂടി നോക്കിയിട്ടായിരുന്നു നിയമനം. ഒരു തുകയും ഈ ഉദ്യോഗസ്ഥൻ സർക്കാരിൽ മുൻകൂറായി കെട്ടിവയ്ക്കണമായിരുന്നു. വ്യക്തിപരമായ ഗുണങ്ങളും പ്രധാനമായി കരുതിയിരുന്നു. കുലശ്രേഷ്ഠത അന്നു പ്രധാന യോഗ്യതയായിരുന്നുതാനും. റാണി പാർവ്വതീഭായിത്തമ്പുരാട്ടിയുടെ ഒരു ഓർഡിനൽസ് ഇവിടെ പകർത്താം (തിരുവിതാംകൂർ സ്റ്റേറ്റ്

---

*കുറിപ്പ് :*

* *താലൂക്ക് കേന്ദ്രത്തിന് അന്ന് പറഞ്ഞിരുന്ന പേര് ക്ഷേത്രവാതിൽ എന്നാണർത്ഥം. പുഴവാത് കാവിൽ ക്ഷേത്രത്തിനു സമീപം ഇന്ന് PWD ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിലായിരുന്നു അന്ന് മണ്ഡപത്തുംവാതിൽ പ്രവർത്തിച്ചത്*

** ***“The Dewans Cutebery was formerly Composed of** സർവ്വാധികാര്യക്കാർ, ദിവാൻപേഷ്ക്കാർ, താനാശിരസ്തദാർ, വലിയമേലെഴുത്തു പിള്ള **(Accountant general) under him are** മേലെഴുത്തു പിള്ളമാർ, **& two** മുതലുപിടിക്കാർ. താലൂക്കുകളായി രാജ്യം വിഭജിച്ചപ്പോഴാണ് ചില പ്രധാന താലൂക്കു കേന്ദ്രങ്ങളിൽ മുതലുപിടി ഉദ്യോഗം നിലവിൽ വന്നത് **(Ref.** തിരുവിതാംകൂർ സ്റ്റേറ്റ് മാനുവൽ)*

മാനുവൽ നോക്കുക) "Another Ordinance Passed by the Rani Related to Recruitment to Public Services ." good birth, Character and Capacity were declared the indispensible Qualifications for entering in government Services." ഒളശ്ശ കുടുംബത്തിന്റെ കുലീനജന്മത്തിനുള്ള ഒരു സർട്ടിഫിക്കറ്റ് കൂടിയായിരുന്നു കൊച്ചാണ്ടി കുരുവിളയുടെ ഉദ്യോഗം.

നല്ല നിറവും ശോഭയും ഗൗരവം നിറഞ്ഞ മുഖഭാഗവും തികഞ്ഞ പൊക്കവുമുള്ള കുരുവിള കൊച്ചാണ്ടി പ്രഥമ വീക്ഷണത്തിൽത്തന്നെ ആരെയും ആകർഷിച്ചിരുന്നു. ബുദ്ധിയും, വിദ്യയും, പ്രാപ്തിയും കൂട്ടിച്ചേർന്നപ്പോൾ ജനതാമദ്ധ്യത്തിലുള്ള മതിപ്പ് വർദ്ധിക്കുകയും ചെയ്തു. ഏതുകാലത്താണദ്ദേഹം ഉദ്യോഗം വഹിച്ചിരുന്നതെന്നു തീർത്തു പറയുക സാധ്യമല്ല.

ജനനമോ മരണമോ കൃത്യമായി എഴുതി സൂക്ഷിച്ചില്ലെങ്കിലും. 60 വയസ്സാകുന്നതിനു മുമ്പ് 1859 ൽ അദ്ദേഹം മരണമടഞ്ഞുവെന്നാണ് ഊഹിക്കുന്നത്.

കുരുവിള കൊച്ചാണ്ടിക്ക് നാല് ആൺമക്കളും ഒരു പെൺമകളുമാണുണ്ടായിരുന്നത്. മകളെ പുളിങ്കുന്നിൽ കുഴിയം പാക്കൽ കുടുംബത്തിൽ കുരുവിള കൊച്ചാണ്ടിതന്നെ വിവാഹം കഴിച്ചയച്ചു. മൂത്തമകൻ കൊച്ചാണ്ടി വറീത് പിതാവിന്റെ സ്ഥാനത്ത് മുതലുപിടിക്കാരനായി ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

മക്കൾ

1. കൊച്ചാണ്ടി വറീത്
2. കൊച്ചാണ്ടി തോമ്മാ (തോമ്മാ കത്തനാർ)
3. കൊച്ചാണ്ടി പോത്തൻ
4. കൊച്ചാണ്ടി ചാണ്ടി
5. മറിയമ്മ കുഴിയംപാക്കൽ (മാമ്മി)

## II കുരുവിള പോത്തൻ

കുരുവിള കൊച്ചാണ്ടിയുടെ കനിഷ്ഠസഹോദരൻ കുരുവിള പോത്തൻ ചങ്ങനാശ്ശേരി പണ്ടകശാലക്കടവിൽ കുരുമുളക്, ഉപ്പ് ഇവശേഖരിച്ചു വന്നിരുന്ന പണ്ടകശാലയിൽ 'കുരുമുളകു മടിശീലകാര്യക്കാര'* നായിരുന്നു. കുരുവിള കൊച്ചാണ്ടി മുതലുപിടിക്കാരനായി സ്ഥാനമേറ്റതിനുശേഷമാണ് അനിയൻ പോത്തൻ ആ സ്ഥാനമേറ്റത്.

കുരുവിള പോത്തൻ കുരുമുളകു മുതലുപിടിക്കാരനായി സ്ഥാനമേറ്റതിനെപ്പറ്റിയുള്ള കേട്ടുകേഴ്‌വികൂടി ഇവിടെ രേഖപ്പെടുത്താം. തിരുവിതാംകൂറിൽ രാജഭരണകാലത്ത് വ്യാജപുകയില വ്യാപാരം അന്വേഷിക്കാൻ ചങ്ങനാശ്ശേരിയിൽ കൊല്ലത്തു നിന്നെത്തിയ സർക്കാരുദ്യോഗസ്ഥനമാർ പെട്ടെന്നു തിരിച്ചുപോയി. വിവരമന്വേഷിക്കാനന്നവിടെ എത്തിയ കുരുവിള പോത്തനും പ്രതിയായി. എല്ലാ പ്രതികളും കൊല്ലത്ത് ഹാജരാകണമെന്നു കല്പന. കേസ് തിരുവനന്തപുരത്തേക്കുമാറ്റി. അവിടെയെത്തിയപ്പോൾ കുരുവിള പോത്തൻ പ്രതിയല്ല. കേസ് അവധിക്കുവച്ചു. പോത്തൻ തിരികെ വന്നത് കുറേദിവസംകൂടി താമസിച്ചായിരുന്നു. മകനെ മറ്റുള്ളവരോടൊപ്പം കാണാതെ വിഷമിച്ച പിതാവ് തിരികെ വന്നപ്പോൾ ദേഷ്യപ്പെട്ടു. 'എന്താ മുതലുപിടി ഉദ്യോഗം വാങ്ങാനാണോ താമസിച്ചതെന്നു' ചോദിക്കുകയും ചെയ്തു. കുരുമുളകു മടിശീലകാര്യക്കരനാക്കികൊണ്ടുള്ള രാജതീട്ടൂരം നൽകുകയാണു മകൻ ചെയ്തത്. കോപത്തിന്റെ ജ്വാലകൾ സന്തോഷക്കാറ്റിൽ അകന്നുപോയി. പോത്തന്റെ താമസത്തിനുവേണ്ടിയാണ് പോത്തൻ കുരുവിളയെന്ന പൂർവ്വപിതാവ് പണ്ടകശാലക്കടവിലെ വീടുപണികഴിപ്പിച്ചത്. അദ്ദേഹത്തിന്റെ നാലാം തലമുറയാണ് ആ വീടുവിറ്റത്.

അവിവാഹിതനായ കുരുവിള പോത്തന്റെ ജനന മരണ തീയതികൾ വ്യക്തമായി അറിയില്ല. A. D. 1810 നും 1840 നും മദ്ധ്യേ ജീവിച്ചിരുന്നുവെന്നാണ് മറ്റുതെളിവുകളിൽ നിന്നൂഹിക്കാവുന്നത്. ചങ്ങനാശ്ശേരി പള്ളി സിമിത്തേരിയിൽ അടക്കം ചെയ്തു.

---

***കുറിപ്പ് : കുരുമുളകു മടിശീലക്കാരൻ എന്ന ഉദ്യോഗം പ്രാചീന തിരുവിതാംകൂ[illegible]നി[illegible]യിരുന്ന ഉദ്യോഗങ്ങളിലൊന്നാണെന്നു സംശയിക്കേണ്ടിയിരിക്കുന്നു. തിരുവിതാംകൂർ സ്റ്റേറ്റ് മാനുവൽ ഈ ഉദ്യോഗത്തെപ്പറ്റി പറയുന്നതു കാണുക. "Travancore had trade relations with foreign nations from the remotest periods & pepper, cassia, arecanut etc. were bartered for Chinese, Arabian, Roman goods. Even 200 years ago there was an office designate മുളകുമടിശീലകാര്യക്കാർ". to supervise and control trade.***

**III. കുരുവിള കൊച്ചുകുരുവിള**

ഇളയമകനെന്ന നിലയിൽ തറവാട്ടിൽ താമസിക്കുകയും പിതാവു നടത്തിയ പണവ്യാപാരം തുടരുകയും ചെയ്തത് കുരുവിള കൊച്ചുകുരുവിളയാണ്. പിതാവിനു ലഭിച്ച നാണയശേഖരവും, ഭൂസ്വത്തുക്കളിൽ നല്ലൊരുഭാഗവും കുരുവിള കൊച്ചു കൊച്ചുകുരുവിളക്കാണു കിട്ടിയത്.

കൊച്ചുകുരുവിള ക്രിസ്ത്യാനികളുടെ വിഷമഘട്ടത്തിൽ എങ്ങനെ പ്രതികരിച്ചെന്നു വ്യക്തമാക്കുന്ന ഒരു സംഭവംകൂടി രേഖപ്പെടുത്താം. കൊല്ലവർഷം 1018-ാം മാണ്ട് (എ. ഡി. 1843) തിരുവിതാംകൂർ രാജാവ് രണ്ടുമുത്തുക്കുടകൾ തൊടുപുഴ ക്ഷേത്രനടയിൽ കാഴ്ചവയ്ക്കാൻ രണ്ടു ബ്രാഹ്മണർവശം കൊടുത്തയച്ചു. അവർ ചങ്ങനാശ്ശേരിയിലെത്തിയപ്പോൾ ഇരുട്ടിയതിനാൽ താമസിക്കുന്നതിനൊരു ബ്രാഹ്മണ മഠമന്വേഷിച്ച് ചങ്ങനാശ്ശേരി പള്ളി സിമിത്തേരിയുടെ തെക്കുവശത്തുള്ള ഇടവഴിയിലൂടെ പുഴവാത് ക്ഷേത്രഭാഗത്തേക്കു നടന്നു. അവിടെയൊരുവീട്ടിൽ അന്തിയുറങ്ങിയ ഒരു ഭ്രാന്തൻ അട്ടഹസിച്ചു ബഹളമുണ്ടാക്കിയത് ചിലരുടെ പ്രേരണയ്ക്കു വശംവദരായി ക്രിസ്ത്യാനികൾ തങ്ങളെ അപമാനിക്കുകയും മർദ്ദിക്കുകയും ചെയ്തുവെന്നാക്കി തഹസിൽദാർക്ക് പരാതി നൽകി. തഹസിൽ ദാരുടെ അന്വേഷണത്തിൽ മതവിദ്വേഷമെന്നു റിപ്പോർട്ടു ചെയ്തതിനാൽ നിരപരാധികളായ ധാരാളം ക്രിസ്ത്യാനികൾ പോലീസിനാൽ ഠാണാവിലടയ്ക്കപ്പെട്ടു. (ഠാണാവ് = ജയിൽ) കൊച്ചുകുരുവിളയും കടന്തോട്ട് യൗസേഫ് എന്നയാളുംകൂടി കോട്ടയത്ത് പരിശോധയ്ക്കു വന്ന ഒരുവെള്ളക്കാരൻ ഉദ്യോഗ സ്ഥനെക്കണ്ടു വിവരം ധരിപ്പിച്ചു. അദ്ദേഹത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തഹസീൽദാരെ ചോദ്യം ചെയ്യാൻ ആ വെള്ള ക്കാരനുതന്നെ നിർദ്ദേശം ലഭിച്ചു. ഭയപ്പെട്ട നീലകണ്ഠപ്പിള്ളയെന്ന ആ തഹസീൽദാർ ഉദ്യോഗസ്ഥനെ കാണാതെ രാജിവച്ചു പിരിഞ്ഞു. രാജാക്കന്മാർ നീതിനിഷ്ഠരായിരുന്നു. ഉദ്യോഗസ്ഥരാണ് പീഡനം നടത്തിയിരുന്നത്.

കൊച്ചു കുരുവിളയെപ്പറ്റി കൂടുതലറിയാനുള്ള രേഖകൾ ലഭിച്ചിട്ടില്ല. ചങ്ങനാശ്ശേരിപള്ളി സിമിത്തേരിയിൽ അദ്ദേഹം നിത്യവിശ്രമം കൊള്ളുന്നു. അദ്ദേഹത്തിനു പെൺമക്കളുണ്ടാ യിരുന്നതായി ചിലർ പറയുന്നുണ്ടെങ്കിലും വിവരങ്ങളൊന്നും ലഭിച്ചിട്ടില്ല. രണ്ട് ആൺ മക്കളെപ്പറ്റിയാണ് വിവരം ലഭിച്ചിട്ടുള്ളത്.

മക്കൾ :

1. കൊച്ചുകുരുവിള മിഖായേൽ
2. കൊച്ചുകുരുവിള മത്തായി

# ഒന്നാം ഭാഗം

## കൊച്ചാണ്ടി വറീതും തലമുറകളും


കൊച്ചാണ്ടി വറീത് ........ 36

കൊച്ചാണ്ടി വറീതിന്റെ മൂത്തമകൻ
വർഗ്ഗീസ് ചാണ്ടി ........ 48

കൊച്ചാണ്ടി വറീതിന്റെ രണ്ടാമത്തെ മകൻ
വർഗ്ഗീസ് സ്കറിയാ (സ്കറിയാ കത്തനാർ) ........ 54

കൊച്ചാണ്ടി വറീതിന്റെ മൂന്നാമത്തെ മകൻ
വർഗ്ഗീസ് തോമ്മാ ........ 59

കൊച്ചാണ്ടി വറീതിന്റെ നാലാമത്തെ മകൻ
വർഗ്ഗീസ് കുരുവിള (കുരുവിള വക്കീൽ) ........ 75

കൊച്ചാണ്ടി വറീതിന്റെ അഞ്ചാമത്തെ മകൻ
വർഗ്ഗീസ് പോത്തൻ ........ 108

കൊച്ചാണ്ടി വറീതിന്റെ ആറാമത്തെ മകൻ
വർഗ്ഗീസ് ജോസഫ് ........ 128

# കൊച്ചാണ്ടി വറീത്

**(1829-1905)**

കാലത്തിനതീതമായ ചിന്തയും ദർശനവും കൈമുതലാക്കി വിവിധ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിയായിരുന്നു ഒളശ്ശ കുടുംബത്തിലെ കൊച്ചാണ്ടി വറീത്. കുരുവിള കൊച്ചാണ്ടിയുടെ പ്രഥമജാതനായ കൊച്ചാണ്ടി വറീത് സമ്പൽസമൃദ്ധമായിരുന്ന ഒരു കുടുംബത്തിലാണു പിറന്നു വീണതുതന്നെ. പ്രഗത്ഭരായ മൂന്നു പിതൃസഹോദരങ്ങളുൾപ്പെട്ട കുടുംബത്തിലെ ആ പ്രഥമ ആൺസന്താനത്തിന്റെ ജനനം 1829-ലായിരുന്നു. ധിഷണാശക്തിയും പഠന സാമർത്ഥ്യവും പ്രകടിപ്പിച്ച ആ കുട്ടിക്ക് അന്നത്തെ നിലയിൽ നല്ല വിദ്യാഭ്യാസം തന്നെ ലഭിച്ചു. വിദ്യാഭ്യാസാനന്തരം ഇന്നത്തെ ഗവൺമെന്റ് ആശുപത്രിയുടെ സ്ഥാനത്തുണ്ടായിരുന്ന ഒളശ്ശ വീട്ടിൽ പിതാവിനോടൊപ്പം ജീവിച്ച് കച്ചവടത്തിലും കൃഷികാര്യങ്ങളിലും അദ്ദേഹം വ്യാപൃതനായി. ചൗക്ക പീടികയിലെ വ്യാപാരത്തിനദ്ദേഹം തന്നെയാണു നേതൃത്വം നൽകിയത്. ധാരാളമായ ദേശജ്ഞാനവും, വ്യാപാരപരമായ അറിവും സമ്പാദിക്കുന്നതിന് ഈ പ്രവർത്തനങ്ങൾ സഹായിച്ചു. കുട്ടനാട്ടിൽ നടുവിലേപ്പറമ്പിൽ (ഇപ്പോൾ എട്ടുപറയെന്നറിയപ്പെടുന്ന തറവാട്) നിന്നായിരുന്നു ആദ്യവിവാഹം. മൂന്നു മക്കൾ ഇവർക്കുണ്ടായി. ആദ്യഭാര്യയുടെ മരണത്തിനുശേഷം ഭരണങ്ങാനത്ത് അമ്പാംപാറ ഭവനത്തിൽ നിന്നാണ് അദ്ദേഹം പുനർവിവാഹം ചെയ്തത്. രണ്ടു വിവാഹങ്ങളിലായി ആറ് ആൺമക്കളും ഒരു മകളുമുണ്ട്.

സമൃദ്ധിയും ഐശ്വര്യവും കളിയാടിയിരുന്ന ഒളശ്ശ ഭവനത്തിൽ മൂത്ത സന്താനമെന്ന നിലയിൽ ഉത്തരവാദിത്വങ്ങളുടെ നടുവിലായിരുന്നു കൊച്ചാണ്ടി വറീത്. പിതാവിന്റെ അകാലനിര്യാണം ആ മുപ്പതുകാരനെ കാരണവരാക്കി. സഹോദരങ്ങൾ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാവുന്ന അവസ്ഥയിലായിരുന്നില്ല. ഇളയ അനിയൻ കൗമാര പ്രായത്തിലായിരുന്നു. നേരെ ഇളയ സഹോദരൻ തോമ്മാ വൈദിക പഠനത്തിലായിരുന്നുതാനും. തറവാട്ടുകാരണവരും അതോടൊപ്പം സ്വന്തം വീടിന്റെ നായകനുമാകേണ്ടി വന്ന വറീത് ഏറെ ക്ലേശിച്ചു. സഹോദരങ്ങൾക്ക് ഏറെ പരിഗണനനൽകിത്തന്നെ തറവാടു ഭാഗിച്ചു. രണ്ടാമത്തെ അനിയൻ പോത്തനാണു തറവാടു ലഭിച്ചത്. ചാണ്ടി കിഴക്കോട്ടുമാറി ഉമ്പിഴിച്ചിറഭാഗത്തു താമസിച്ചു. പീരുമേട് റോഡിന്റെ (കവലയിൽ നിന്ന് മാർക്കറ്റിലേക്കുള്ള റോഡാണ് ഇവിടെ വിവക്ഷിക്കുന്നത്) വടക്കു വശത്ത് ഒരു വീടുപണിത് വറീത് അങ്ങോട്ടു താമസം മാറ്റി. വടക്കേവീട് എന്നായിരുന്നു പുതിയഭവനത്തിന്റെ പേര്.

ജോലിത്തിരക്കുകളുടെ കാലത്തും പുതിയ വസ്തുക്കൾ സമ്പാദിക്കാനും ആദായകരമായി കൃഷിചെയ്യാനും അദ്ദേഹം ശ്രദ്ധിച്ചു. 'അടിയാന്മാരു'ണ്ടായിരുന്നതുകൊണ്ട് കൃഷി അന്നു പ്രശ്നമായിരുന്നില്ല. മേൽജാതിക്കാരനായ തമ്പുരാന് എക്കാലവും ഊഴിയം ചെയ്തുകൊള്ളാമെന്നു സമ്മതിച്ച് ഒരു സംഖ്യ പ്രതിഫലമായിപറ്റി സ്വയം വിറ്റിരുന്ന പുലയർ, പറയർ ആദിയായവർക്ക് അന്നുണ്ടായിരുന്ന പേര് അടിയാന്മാർ എന്നായിരുന്നു. അൻപതേക്കർ നെല്പാടവും, ഇരുപത്തിയെട്ടുമുറി പുരയിടവും അന്നു തറവാടധീനതയിലുണ്ടായിരുന്നു. കൊല്ലവർഷം 1059 ലെ (ഏ. ഡി. 1883) 1642-ാം നമ്പർ ഭാഗപത്രത്തിൽ (ചങ്ങനാശ്ശേരി രജിസ്റ്റർ കച്ചേരി)

നിന്ന് ഇക്കാര്യം വ്യക്തമാകുന്നു. "പുഞ്ചവിരിപ്പ് ഉൾപ്പെടെ നിലം 502 പറയും പുരയിടം മുറി 28 ഉം പുരമൂന്നും മാളിക ഒന്നും ഉള്ളിൽ ........" എന്നു കാണുന്നു.

1859 ൽ ചങ്ങനാശ്ശേരി മണ്ഡപത്തുംവാതിൽക്കൽ മുതലുപിടിക്കാരനായിരുന്ന കുരുവിള കൊച്ചാണ്ടി മരണമടഞ്ഞതിനെത്തുടർന്ന് കൊച്ചാണ്ടി വറീത് മുതലുപിടിക്കാരനായിത്തീർന്നു. അൻപത്തിമൂന്നാം വയസ്സിൽ പെൻഷൻ വാങ്ങി പിരിയുന്നതുവരെ ആ ഉദ്യോഗത്തിൽ അദ്ദേഹം തുടർന്നു. ഇംഗ്ലീഷു ഭാഷക്കുണ്ടായ സാർവ്വത്രിക അംഗീകാരവും ഭരണതലത്തിൽ അനിവാര്യമായിവന്ന പുനഃസംവിധാനവുമാണ് 53-ാം വയസ്സിലുള്ള റിട്ടയർമെന്റിനുകാരണമായത്. സർക്കാരുദ്യോഗസ്ഥന്മാർ മുതലുപിടിക്കാരന്റെ ദയാദാക്ഷിണ്യത്തിൽ ശമ്പളം വാങ്ങിയ അക്കാലത്ത് കാൽനൂറ്റാണ്ടുകാലം സത്യനിഷ്ഠയോടും കൃത്യനിഷ്ഠയോടുംകൂടി ആ സർക്കാരുദ്യോഗത്തിന്റെ ഉത്തരവാദിത്വങ്ങൾ പാലിച്ചുവെന്നത് ചെറിയ കാര്യമല്ല. 29-ാം വയസ്സിൽ സർവ്വീസിൽ പ്രവേശിച്ച കൊച്ചാണ്ടി വറീത് 53-ാം വയസ്സിൽ റിട്ടയർ ചെയ്തു.

കൊച്ചാണ്ടി വറീത് നിറഞ്ഞുനിന്ന മറ്റൊരു മണ്ഡലം സഭാ പ്രവർത്തനരംഗമായിരുന്നു. ആദ്ധ്യാത്മികസ്വയംഭരണാവകാശചിന്ത കേരളനസ്രാണികളെ ആവേശഭരിതരാക്കിയ ഒരു കാലഘട്ടംകൂടിയായിരുന്നു അത്. ചങ്ങനാശ്ശേരിപ്പള്ളിയുടെ ഭരണകാര്യങ്ങളിൽ കൊച്ചാണ്ടി വറീത് യൗവ്വനാരംഭം മുതലേ ഇടപെട്ടിരുന്നു. മെഴുകുകേസാണ് അതിനു കാരണം. കൊല്ലവർഷം 1026 ലെ (ഏ. ഡി. 1850) ദർശനപ്പെരുനാളിന് കുറേ വെള്ളമെഴുക് ഒരു പനമ്പുതട്ടിയിൽ നിരത്തിയിട്ടത് വികാരിയച്ചനോട് വെരുകിനെ വാങ്ങാനെത്തിയ പോലീസ് സ്റ്റേഷൻ റൈട്ടർ കണ്ടു. വെരുകിനെ കിട്ടാതെവന്നപ്പോൾ അച്ചനെ വെരട്ടാൻ ഗവൺമെന്റ് അനുവാദം കൂടാതെ മെഴുകു സൂക്ഷിച്ച വിവരം താലൂക്കോഫീസിലറിയിച്ചു. കൈക്കൂലികിട്ടാനായി ഇതൊരു വലിയ കേസാക്കി. മെഴുക് അന്ന് ഗവൺമെന്റിന്റെ കുത്തക വസ്തുവായിരുന്നു. ഉദ്യോഗസ്ഥന്മാരെത്തി. ചൗക്ക പീടികയിലുണ്ടായിരുന്ന കൊച്ചാണ്ടി വറീത് അവരുമായി സംസാരിച്ചു. രമ്യമായി പരിഹരിക്കാനാഗ്രഹിച്ചെങ്കിലും സംഭവമറിഞ്ഞ് ക്രിസ്ത്യാനികൾ കൂട്ടമായെത്തി. ഭയപ്പെട്ട ഉദ്യോഗസ്ഥന്മാർ അവിടെയൊരു മുറിയിലൊളിച്ചു. പിന്നീട് ഇറങ്ങിയോടിയ ഉദ്യോഗസ്ഥന്മാരെ തല്ലുകയും ചെയ്തു. തഹസീൽദാർ ദിവാൻകച്ചേരിയിലേക്ക് വിശദമായ റിപ്പോർട്ടയച്ചു തിരുവല്ല ജുമാബന്തി കാര്യവിചാരിപ്പുകാരൻ, രായസംപിള്ള, തഹസിൽദാർ ഇവർ ഒന്നിച്ചു നടപടിയെടുക്കാൻ തിരുവനന്തപുരത്തുനിന്നും നിർദ്ദേശമുണ്ടായി. വികാരിയച്ചൻ ഇവരുടെ മുന്നിലെത്തി വിശദവിവരം നൽകണമെന്നറിയിപ്പുകിട്ടിയതനുസരിച്ച് അറിയാവുന്ന വിവരങ്ങൾ അദ്ദേഹം അറിയിച്ചു. ഇതുമായി ബന്ധമുള്ള ഏതാനും പേരെ അയയ്ക്കണമെന്നു പറഞ്ഞതനുസരിച്ച് കുറേമാന്യന്മാരെ അദ്ദേഹം അയയ്ക്കുകയുണ്ടായി. കുരുവിള കൊച്ചാണ്ടിയും, കൊച്ചാണ്ടി വറീതും അക്കൂട്ടത്തിലുൾപ്പെട്ടു. എല്ലാവരെയും വിലങ്ങുവച്ചു ഠാണാവിലടച്ചു. ഉദ്യോഗസ്ഥന്മാർ സംഹാരതാണ്ഡവമാടി. തകടിയേൽ മാത്തു, കണക്കൻ, കപ്യാർ തുടങ്ങിയവർക്കൊക്കെ മർദ്ദനമേറ്റു. പള്ളിപ്രതിനിധികൾ ജാമ്യത്തിലിറങ്ങി. കേസ് ആലപ്പുഴക്കോടതിയിലായിരുന്നു. കൊല്ലവർഷം 1028 ൽ (ഏ. ഡി. 1852) കേസിന്റെ വിധിവന്നു. പ്രതികളെല്ലാം 50 രൂപവീതം പിഴയൊടുക്കി. കേസ് പള്ളിയെ പാപ്പരാക്കി. വെള്ളിക്കുരിശ് തുമ്പോളി പള്ളിയിലും വി. ദേവസ്യാനോസിന്റെ പൊൻമുടി മങ്കൊമ്പിൽ കൊട്ടാരത്തിലും പണയത്തിലായി. കേസിനു

പിഴയടച്ചത് ചിലസാധനങ്ങൾ പുതുപ്പള്ളി പള്ളിയിൽ പണയപ്പെടുത്തിയിട്ടാണ്. ക്രമമില്ലാത്ത ഒരവസ്ഥയിലേക്കു പള്ളിഭരണം നീങ്ങി. കേസിനിടെ കൊച്ചാണ്ടി വറീതിന് ദിവാൻ സർവ്വാധികാര്യക്കാർ തുടങ്ങിയവരെ അടുത്തു പരിചയപ്പെടാൻ കഴിഞ്ഞതു വ്യക്തിപരമായ ഒരു നേട്ടമാവുകയും ചെയ്തു.

ഇക്കാലത്ത് ചാവറ കുര്യാക്കോസച്ചൻ ചങ്ങനാശ്ശേരിപള്ളി സന്ദർശിച്ചു. ജനങ്ങൾ വിവരമെല്ലാം ചാവറയച്ചനെ അറിയിച്ചു. പള്ളിയുടെ വരവുചെലവു കണക്കും നീക്കിയിരിപ്പും നിർണ്ണയിക്കാൻ രണ്ടു കൈക്കാരന്മാരെ ഏർപ്പെടുത്തി. ഒരു കൈക്കാരൻ കൊച്ചാണ്ടി വറീതായിരുന്നു. മിച്ചമുതൽ 5000 ചക്രമുണ്ടായിരുന്നു. 28 ചക്രമാണ് അന്നത്തെ ഒരു തിരുവിതാംകൂർ രൂപ. ഈ തുക കിഴികെട്ടി വികാരി കടവിൽ കുഞ്ഞുകുട്ടി കത്തനാരുടെ മുറിയിൽ വച്ചു. മറ്റേ കൈക്കാരനെ സ്വാധീനിച്ച് അച്ചനാത്തുക സ്വന്തമായി ചെലവഴിച്ചു. വികാരിയച്ചനെതിരെ മറ്റുകത്തനാരന്മാരും യോഗക്കാരും നീങ്ങി. മറ്റേ കൈക്കാരനെ ഭ്രഷ്ടനാക്കി കൊച്ചാണ്ടി വറീത് മാത്രം കൈക്കാരനായാൽ മതിയെന്നും തീരുമാനിച്ചു. വികാരി മാറി ഭക്തനായ തോപ്പിലച്ചൻ വികാരിയായി. കൊച്ചാണ്ടി വറീത് കൈക്കാരനായതോടെ പള്ളിയുടെ കടം തീർന്നു. പണയവസ്തുക്കൾ തിരിച്ചെടുത്തു. കൈക്കാരനും കണക്കനും പ്രത്യേകം കണക്കുസൂക്ഷിക്കുന്ന രീതിയും നടപ്പിലായി.

എന്നാൽ പള്ളി മുതൽ സംരക്ഷണം ലക്ഷ്യമാക്കി കൊച്ചാണ്ടി വറീത് നടപ്പിലാക്കിയ പരിഷ്ക്കാരങ്ങൾ കുറേ ആളുകളെ അദ്ദേഹത്തിന്റെ വിരോധികളായി മാറ്റി. ഇക്കാലത്ത് വരാപ്പുഴ പക്ഷക്കാരും, കൊടുങ്ങല്ലൂർ പക്ഷക്കാരും മിക്ക പള്ളികളിലുമുണ്ടായിരുന്നു. കുടക്കച്ചിറ അന്തോനികത്തനാർ അരുവിത്തുറപള്ളിയിൽ സേവനമനുഷ്ഠിക്കുമ്പോൾ കൽദായമെത്രാനെ ലഭിക്കാൻ കുറവിലങ്ങാട്ടുപള്ളിയിൽ നടന്ന യോഗത്തിൽ പങ്കെടുത്തതിനും സുറിയാനി പള്ളിക്കാരുടെ ഒപ്പും ആശ്രമം പണിയാൻ പണവും ശേഖരിച്ചതിനും വരാപ്പുഴ മെത്രാപ്പോലീത്തായിൽ നിന്ന് അംശംമുടക്കും മഹറോനും ശിക്ഷ വാങ്ങി. നിത്യച്ചെലവിനു വകയില്ലാതായ അദ്ദേഹത്തെ സുറിയാനി പള്ളിക്കാർ സഹായിക്കണമെന്ന് പന്ത്രണ്ടോളം വൈദികരും ഏതാനും അല്മേനികളും കൈക്കാരൻ കൊച്ചാണ്ടി വറീതിനോടാവശ്യപ്പെട്ടു. വരാപ്പുഴ മെത്രാപ്പോലീത്തായുടെ കല്പനവേണമെന്ന് കൈക്കാരൻ വാദിച്ചു. ഭൗതികഭരണത്തിൽ വരാപ്പുഴയ്ക്ക് അധികാരമില്ലെന്ന് വരാപ്പുഴവിരുദ്ധർ വാദിച്ചു. കൈക്കാരൻ കൊച്ചാണ്ടി വറീത് വഴങ്ങിയില്ല മറ്റൊരു സംഭവവും ഇക്കാലത്തുണ്ടായി കൊല്ലവർഷം 1032-ാമാണ്ട് മകരമാസത്തിരുനാളിന് (ഏ. ഡി. 1856) ചിലകലാപരിപാടികൾ ചിലർ ആസൂത്രണം ചെയ്തിരുന്നു. പള്ളിമുറിയിൽ സൂക്ഷിച്ചിരുന്ന കെടാവിളക്കിനുള്ള എണ്ണ കൈക്കാരന്റെ അനുവാദം കൂടാതെ കലാപരിപാടികൾക്കു കൊണ്ടുപോയി. വികാരി തോപ്പിലച്ചനോട് കൈക്കാരൻ കൊച്ചാണ്ടി വറീത് പരാതിപ്പെടുകയും അച്ചന്റെ ഉപദേശാനുസരണം തഹസിൽ ദാർക്ക് പരാതി കൊടുക്കുകയും ചെയ്തു. അനിഷ്ട സംഭവങ്ങളുണ്ടാകാതിരിക്കാൻ തഹസീൽദാർ പെരുനാളിന് നേരിട്ടുഹാജരായി. അലങ്കോലങ്ങളില്ലാതെ പെരുനാൾ നടക്കുകയും ചെയ്തു. കൈക്കാരനെ മാറ്റാൻ ഇതും പ്രേരണയായിഭവിച്ചു. പക്ഷെ തോപ്പിലച്ചൻ വഴങ്ങിയില്ല. കൊച്ചാണ്ടി വറീത് രാജിക്കത്ത് അച്ചനെ ഏൽപ്പിച്ചു. കൊച്ചാണ്ടി വറീതിന്റെ ഭാഗമായിരുന്നു ശരിയെന്ന് പിൻകാലസംഭവങ്ങൾ തെളിയിക്കുകയും ചെയ്തു. മറ്റൊരു ചാണ്ടിയാണു പിന്നീടു

കൈക്കാരനായി വന്നത്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ സഹികെട്ട വികാരിയച്ചൻ വരാപ്പുഴ മെത്രാപ്പോലീത്തായ്ക്കു പരാതിയയച്ചു. അദേഹത്തെ മഹറോൻ ചൊല്ലിക്കൊണ്ടു കല്പന വന്നെങ്കിലും ഉച്ചകുർബ്ബാനക്കു വായിക്കാൻ വികാരി എഴുനേറ്റപ്പോൾ കൈക്കാരനതു ബലമായി പിടിച്ചുവാങ്ങി. മെത്രാപ്പോലീത്താ ആ കൈക്കാരനെ പള്ളിക്കൂറ്റത്തിൽ നിർത്തി. എന്നാൽ പള്ളിയിലെ നാല് കത്തനാരന്മാർ ആ കൈക്കാരന്റെ ഭാഗത്തായിരുന്നു. വൈദികർ വരാപ്പുഴയിലെ കല്പന പ്രകാരം 'ഇന്റർഡിക്ട്' എന്ന കുറ്റത്തിലും കൈക്കാരൻ മഹറോൻ കുറ്റത്തിലുമായി. ശിക്ഷിക്കപ്പെട്ട കൈക്കാരനും ഏതാനും അച്ചന്മാരും കൊടുങ്ങല്ലൂർ പക്ഷത്തായി. അല്മേനികളിൽ കൂടുതൽപേർ കൊടുങ്ങല്ലൂരിലെ പദ്രുവാദോ ഭരണത്തെ അനുകൂലിച്ചു. കറുകക്കളത്തിലച്ചൻ, മണക്കുന്നേലച്ചൻ, പുത്തൻപുരയ്ക്കലച്ചൻ, മാളിയേക്കലച്ചൻ, മരങ്ങാട്ടച്ചൻ, തെക്കേക്കര കുഞ്ഞുമാത്തൻ കത്തനാർ, ചക്കാലയിലച്ചൻ, ഊഹപ്പറമ്പിലച്ചൻ തുടങ്ങിയവരും ഒളശ്ശയിൽ തോമ്മാശെമ്മാശനും അവരുടെ കുടുംബക്കാരും വരാപ്പുഴ അനുകൂലികളായിരുന്നു. പദ്രുവാദോ അനുകൂലഗോവർണ്ണദോർ കക്ഷിക്ക് രൂപം കൊടുക്കാൻ കൊടുങ്ങല്ലൂർ പക്ഷം കിണഞ്ഞു പരിശ്രമിച്ചു. ശിക്ഷയിൽ നിൽക്കുന്ന വൈദികരും വരാപ്പുഴ പക്ഷത്തിലെ വൈദികരും ഒരേ ബലിപീഠത്തിൽ പൂജയർപ്പിച്ചില്ല. വരാപ്പുഴ പക്ഷത്തെ വൈദികർ അമലോദ്ഭവ മാതാവിന്റെ (വ്യാകുലമാതാവിന്റെ) പള്ളിയിൽ നിത്യപൂജ നടത്താനും മറ്റുകർമ്മാദികൾ നടത്താനും മെത്രാപ്പോലീത്താ ഉപദേശിച്ചു. അവിടെയും കടന്നു ചെല്ലാൻ വരാപ്പുഴവിരുദ്ധർ ശ്രമിച്ചു. കൊച്ചുപള്ളി അവർ താഴിട്ടുപൂട്ടുകയും ചെയ്തു. വരാപ്പുഴപക്ഷക്കാർ തഹസിൽദാരോട് പരാതിപ്പെട്ടു. ചേർത്തല ഡിവിഷൻ കച്ചേരിയിൽ അപേക്ഷ കൊടുക്കുകയും ചെയ്തു. വരാപ്പുഴ മെത്രാപ്പോലീത്തായുടെ തീരുമാനപ്രകാരം പ്രവർത്തിക്കണമെന്നും കൊച്ചുപള്ളി തുറക്കണമെന്നുമായിരുന്നു വിധി. തഹസീൽദാർ പള്ളി തുറന്നു. എന്നാൽ വലിയപള്ളിയിലും മുമ്പുലഭിച്ചിരുന്ന സ്വാതന്ത്ര്യം തുടർന്നും ലഭിക്കുന്നതിന് ഉയർന്ന സർക്കാർ അധികാരികൾക്ക് പരാതി നൽകാൻ തീരുമാനിച്ചു.

കേശവമേനോൻ ദിവാൻപേഷ്ക്കാർ അദ്ദേഹത്തിന്റെ ഭാര്യാഗൃഹമായ ലക്ഷ്മീപുരത്തു കൊട്ടാരത്തിലെത്തിയപ്പോൾ രണ്ടുകൂട്ടരും അദ്ദേഹത്തെ അവിടെ വച്ചുകണ്ടു. വരാപ്പുഴ പക്ഷത്ത് കൊച്ചാണ്ടി വറീതും ഉൾപ്പെട്ടിരുന്നു. വരാപ്പുഴ മെത്രാപ്പോലീത്തായുടെ കല്പനപോലെ നടക്കണമെന്നദ്ദേഹം കല്പിച്ചു. എന്നാൽ മറുപക്ഷം ചേർത്തല ഡിവിഷൻ കച്ചേരിയുടെ തീരുമാനത്തിനെതിരെ ദിവാന്റെ പക്കൽ അപ്പീൽ ബോധിപ്പിച്ചു. കൈക്കാരൻ പള്ളിയുടെ പണമെടുത്താണ് തിരുവനന്തപുരത്തിനു പോയത്. എന്നാൽ ദിവാൻ കൃഷ്ണരായർ ദിവംഗതനായതുകൊണ്ട് ഉദ്യമം ഫലപ്രദമായില്ല. പദ്മനാഭപുരത്തെ ദിവാൻപേഷ്ക്കാറായിരുന്ന മാധവരായരാണ് പിന്നീടു ദിവാനായത്. കൊച്ചാണ്ടി വറീതും, ഊഹയിൽ പാപ്പിയും, ചക്കാലയിൽ ചെറിയാനും, തെക്കേക്കര കുഞ്ഞുമാത്തുകത്തനാരും, കൈക്കാരൻ ചാണ്ടിയെത്തുടർന്നു തിരുവനന്തപുരത്തെത്തി. പാളയത്തു പള്ളിയിലാണവർ തങ്ങിയത്. അച്ചൻ ദിവാന്റെ സമീപത്തേക്ക് തന്റെ മേനാവിൽ അയച്ചു. അച്ചനും എതിരാളികളും (കൊടുങ്ങല്ലൂർ പക്ഷം) പറഞ്ഞ കാര്യങ്ങൾ ശ്രവിച്ചശേഷം ഉചിതമായ തീരുമാനമെടുക്കാമെന്നദ്ദേഹം പ്രതിവചിച്ചു. വരാപ്പുഴ മെത്രാപ്പോലീത്താ ബർണ്ണദീനോസ് മുട്ടാറ്റുപള്ളിയിൽ സന്ദർശനാർത്ഥം എത്തിയപ്പോൾ കൊച്ചാണ്ടി വറീതും മറ്റും അദ്ദേഹത്തെ സന്ദർശിച്ച് ദിവാനുവേണ്ടി ഒരു

ശുപാർശക്കത്തുവാങ്ങി. വരാപ്പുഴ മെത്രാപ്പോലീത്തായെ അനുസരിക്കണമെന്ന് ദിവാൻ വിധി പ്രസ്താവിച്ചു. കൈക്കാരൻ ചാണ്ടിയും കൂട്ടരും അന്നത്തെ റസിഡന്റ് കല്ലൻ സായിപ്പിനു നിവേദനം നൽകി. വരാപ്പുഴ പക്ഷക്കാരും റസിഡന്റിന് പരാതി സമർപ്പിച്ചു. ഇരുകൂട്ടരെയും വിളിച്ചു പ്രശ്നം രമ്യമായി പരിഹരിക്കാൻ റസിഡന്റ് ദിവാനു നിർദ്ദേശം നൽകി. ദിവാൻ രണ്ടുകൂട്ടരെയും വീണ്ടും വിളിച്ചിട്ട് പഴയ തീരുമാനം ആവർത്തിച്ചു. ഇനി കലഹമുണ്ടാക്കിയാൽ ശിക്ഷയുണ്ടാകുമെന്നും താക്കീതു ചെയ്തു. തുടന്ന് കൊടുങ്ങല്ലൂർ പക്ഷത്തിന്റെ പ്രവർത്തനം അധമമാർഗ്ഗത്തിലൂടെയായിരുന്നു. പലരെയും ദ്രോഹിച്ചു. വൈദികരുടെ മുറിയിൽ മോഷണം നടന്നു. വരാപ്പുഴ പക്ഷക്കാരുടെ കല്യാണചടങ്ങുകളും ശവസംസ്ക്കാരങ്ങളും തടസപ്പെട്ടു. വരാപ്പുഴ പക്ഷം അവരുടെ ആവശ്യങ്ങൾക്ക് മൂട്ടാറ്റുപള്ളിയെയാണാശ്രയിച്ചത്. ഇതു പ്രയാസമായപ്പോൾ ചങ്ങനാശ്ശേരി പള്ളിയിൽ ശവസംസ്ക്കാര കർമ്മം നടത്താൻ വരാപ്പുഴ പക്ഷക്കാരും നിർബന്ധിതരായി. ഒരാളുടെ ശവസംസ്ക്കാരത്തിന് ഒളശ്ശ കുരുവിള കൊച്ചു കുരുവിളയുടെ മകൻ മത്തായി, തടഞ്ഞ ഒരാളെ തല്ലി ഓടിച്ചപ്പോൾ വേറൊരാൾ കുഴിയിൽ കിടന്നു തടസ്സം സൃഷ്ടിക്കുകയുണ്ടായി. അയാളുടെ മാലയും കുഴിയിലായി. പിന്നീട് വരാപ്പുഴ പക്ഷക്കാരുടെ ശവം കൊച്ചുപള്ളിയുടെ ചുറ്റുമുള്ള സ്ഥലത്തു മറവുചെയ്യാൻ തുടങ്ങി. ഒരു പെരുന്നാളിന് വലിയപള്ളിക്കു ചുറ്റുംകൂടി ചെറിയപള്ളിക്കാരുടെ പെരുന്നാൾ പ്രദക്ഷിണം പോകാൻ സമ്മതിച്ചില്ല. തഹസീൽദാരും പ്രവർത്തിയാരും വന്നശേഷമേ പ്രദക്ഷിണം കടന്നുപോകാൻ സമ്മതിച്ചുള്ളൂ. നടവരവ് എണ്ണിത്തിട്ടപ്പെടുത്തി പള്ളിയിൽ നാലുപൂട്ടിൽ വച്ച് വികാരിയച്ചനെ താക്കോലേൽപ്പിക്കാമെന്ന് വരാപ്പുഴപക്ഷം പറഞ്ഞപ്പോൾ താക്കോൻ തങ്ങളെ ഏൽപ്പിക്കണമെന്നു മറുപക്ഷം ശഠിച്ചു. അങ്ങനെ നടവരവ് സർക്കാർഖജനാവിലായി. ചേർത്തല ഡിവിഷനധികാരിയുടെ ഉത്തരവ് വരാപ്പുഴപക്ഷം ഹാജരാക്കിയപ്പോഴാണ് ആ തുക പള്ളിക്കു തിരിച്ചുകിട്ടിയത്. വിശ്വാസികളുടെ ആദ്ധ്യാത്മിക ഉണർവ്വ് നഷ്ടപ്പെടുന്നതു മനസ്സിലാക്കിയ വരാപ്പുഴ മെത്രാപ്പോലീത്താ ഒരു മൂപ്പച്ചനെ ധ്യാന ഗുരുവായി ചങ്ങനാശ്ശേരിയിലേക്കയച്ചു. അദ്ദേഹത്തെ ചങ്ങനാശ്ശേരിയിൽ പ്രവേശിപ്പിക്കാതിരിക്കാൻ മറുപക്ഷം കരുക്കൾനീക്കി. പക്ഷെ ധ്യാനം നടന്നു. മെത്രാപ്പോലീത്താ മൂന്നു ദിവസം പള്ളിയിൽ താമസിക്കയും ചെയ്തു. പക്ഷെ കാര്യമായ മാറ്റം എതിർ പക്ഷത്തിൽ കണ്ടില്ല.

പദ്രുവാദോ പക്ഷക്കാർ, ഗോവാ മെത്രാപ്പോലീത്തായുടെ പ്രതിനിധിയായി ഭരണം നടത്തിയിരുന്നു ഗോവർണ്ണദോരെ കൊല്ലത്തു നിന്നു ചങ്ങനാശ്ശേരി പള്ളിയിലേക്കുക്ഷണിച്ചു. കൊല്ലം ഗോവർണ്ണദോർക്ക് ഇവിടെ അംഗീകാരമില്ലാത്തതുകൊണ്ട് പള്ളിയിൽ കയറ്റരുതെന്ന് കൊച്ചാണ്ടി വറീതും മറ്റും തഹസീൽദാരോടു പരാതിപ്പെട്ടു. പള്ളിയിൽ പ്രാർത്ഥിക്കാൻ മാത്രമാണു വരുന്നതെന്ന് ഗോവർണ്ണദോർ തഹസീൽദാരോടു പറഞ്ഞു. പക്ഷെ പ്രാർത്ഥനയ്ക്കുശേഷം പള്ളിമേടയിലേക്കു കയറിയത് പ്രശ്നത്തിനുകാരണമായി. തെക്കേക്കര കുഞ്ഞുമാത്തു കത്തനാരും കൊച്ചാണ്ടി വറീതും എതിർത്തു. എന്നാൽ തഹസീൽദാർ കൊച്ചാണ്ടി വറീതിനെ സമാധാനിപ്പിച്ചു. ഒരു ദിവസത്തെ വിശ്രമശേഷം അദ്ദേഹം തിരിച്ചുപോയി.

ബാബേലിൽ നിന്നുവന്ന റോക്കോസ് മെത്രാന്റെ ചങ്ങനാശ്ശേരി സന്ദർശനവും ഇക്കാലത്തായിരുന്നു. തങ്ങളെ ഭരിക്കാൻ സ്വജാതിയിലും റീത്തിലുമുള്ള മെത്രാനെ വേണമെന്ന്

കേരള നസ്രാണികൾ പോർട്ടുഗൽ രാജാവിനോടും റോമിലെ പ്രൊപ്പഗാന്താ തിരുസംഘത്തോടും ആവശ്യപ്പെട്ടു. ഫലമുണ്ടായില്ല. ഇതേ ആവശ്യം അവർ ബാബേൽ പാത്രിയർക്കീസിനോടും ഉന്നയിച്ചു. ബാബേൽ പാത്രിയർക്കീസ് റോക്കോസ് മെത്രാനെ കേരളത്തിലേക്കയച്ചു. റോമിലെ പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ അനുവാദം കൂടാതെയാണ് റോക്കോസ് ഇവിടെയെത്തിയത്. ഇക്കാര്യം മനസ്സിലാക്കാതെ കേരളത്തിലെ നസ്രാണി ക്രിസ്ത്യാനികൾ അദ്ദേഹത്തെ സ്വാഭിമാനം വരവേറ്റു. അന്നത്തെ ക്രിസ്ത്യൻ മാടമ്പിമാരായിരുന്ന പാറായിൽ തരകന്മാരും അദ്ദേഹത്തെ വരവേറ്റു. കേരളത്തിലെ പല വൈദിക വിദ്യാർത്ഥികളും അദ്ദേഹത്തിൽ നിന്നു കൈവയ്പ്പുവഴി പട്ടമേൽക്കുകയും ചെയ്തു. ജത്യൈക്യ പ്രസ്ഥാനത്തിന്റെ സൂത്രധാരനും പ്രഗൽഭനുമായിരുന്ന കുറവിലങ്ങാട്ട് നിധീരിക്കൽ മാണി ശെമ്മാശൻ തന്റെ ആസ്തപ്പാടു പട്ടം സ്വീകരിച്ചത് റോക്കോസ് മെത്രാനിൽ നിന്നാണ്. അന്ന് വരാപ്പുഴ മെത്രാപ്പോലീത്തായുടെ വികാരി ജനറാളായിരുന്ന ചാവറ കുര്യാക്കോസച്ചൻ മെത്രാപ്പോലീത്തായുടെ നിർദ്ദേശപ്രകാരം റോമുമായി എഴുത്തുകുത്തിലേർപ്പെട്ടു. റോമിന്റെ അനുവാദം കൂടാതെയാണ് റോക്കോസ് എത്തിയിരിക്കുന്നതെന്നും അദ്ദേഹത്തെ തിരികെവിളിക്കാൻ പാത്രിയർക്കീസിനു കത്തയച്ചിട്ടുണ്ടെന്നും മറുപടികിട്ടി. വരാപ്പുഴ അധികാരികൾ എല്ലാപള്ളികളെയും കത്തുമൂലം ഈ വിവരം അറിയിച്ചെങ്കിലും റോക്കോസ് മിക്ക സുറിയാനി പള്ളികളും സന്ദർശിക്കുക തന്നെ ചെയ്തു. 1861 ലെത്തിയ റോക്കോസ് ആ വർഷം തന്നെ ചങ്ങനാശ്ശേരി പള്ളിയിൽ സന്ദർശനത്തിനെത്തി. നിധീരിക്കൽ മാണി ശെമ്മാശനും കട്ടക്കയത്തിൽ ചാണ്ടിയച്ചനും കൂടെവന്നു. ഏതാനും ദിവസം അദ്ദേഹം പള്ളിമുറിയിൽ താമസിക്കുകയും ചെയ്തു. തഹസീൽദാരും കീഴ്ജീവനക്കാരും മെത്രാനെ സന്ദർശിച്ചു. അന്നു മുതലുപിടിക്കാരനായിരുന്ന കൊച്ചാണ്ടി വറീതും അക്കൂട്ടത്തിലുണ്ടായിരുന്നു. മുതലുപിടിക്കാരനെക്കാണാൻ റോക്കോസ് മെത്രാൻ ആഗ്രഹം പ്രകടിപ്പിക്കുകയും തഹസിൽദാർ കൊച്ചാണ്ടി വറീതിനോടു വിവരം പറയുകയും ചെയ്തെങ്കിലും വരാപ്പുഴ മെത്രാപ്പോലീത്തായുടെ അംഗീകാരമില്ലാത്ത ഒരു മെത്രാനോടു ബഹുമാനം കാട്ടാനും മെത്രാനടുത്ത് ഉപചാരങ്ങൾ പ്രകടിപ്പിക്കാനും കൊച്ചാണ്ടി വറീതു തയ്യാറായില്ല. അക്കാര്യം തഹസീൽദാരോടു സൂചിപ്പിക്കുകയും ചെയ്തു. പാത്രിയർക്കീസ് തിരിച്ചുവിളിച്ചതുകൊണ്ട് റോക്കോസ് മെത്രാൻ ബാബേലിലേക്കു തിരികെപ്പോയി.

സ്വന്ത റീത്തുകാരായ മെത്രാന്മാരെക്കിട്ടാൻ സുറിയാനി ക്രിസ്ത്യാനികൾ അതിയായി ആഗ്രഹിച്ചു. ബാബേൽ പാത്രിയർക്കീസിനോട് മെത്രാനെത്തരണമെന്നഭ്യർത്ഥിക്കുന്ന അപേക്ഷകൾ വീണ്ടും പൊയ്ക്കൊണ്ടിരുന്നു. അന്നത്തെ ബാബേൽ പാത്രിയർക്കീസ് ജോസഫ് ഔദോ തനിക്ക് പൗരസ്ത്യസഭകളിലേക്ക് മെത്രാന്മാരെ അയയ്ക്കാൻ അധികാരമുണ്ടെന്നു തർക്കിച്ചുകൊണ്ട് ഏലിയാമേലൂസ് എന്ന മെത്രാനെ മലങ്കരയിലേക്കയച്ചു. 1874 ഒക്ടോബർ 21 ന് അദ്ദേഹം കേരളത്തിലെത്തി. (തൃശൂരിൽ) നാല്പതിൽപ്പരം പള്ളികൾ ഒത്തുചേർന്ന് അദ്ദേഹത്തെ എതിരേറ്റു. കുത്രപ്പള്ളി സ്വദേശി പാലാക്കുന്നേൽ വല്യച്ചൻ (നാളാഗമത്തിന്റെ കർത്താവ്) അദ്ദേഹത്തിന്റെ വികാരി ജനറാളായി. ചങ്ങനാശ്ശേരിയിൽ വരാപ്പുഴ കക്ഷിക്കാർ വർദ്ധിക്കുകയും മറുഭാഗത്തിന്റെ ഉത്സാഹം തണുക്കുകയും ചെയ്തതുകൊണ്ട് ചങ്ങനാശ്ശേരി പള്ളിയിൽ മേലൂസിനു വലിയ പിന്തുണ കിട്ടിയില്ല. പദ്രുവാദോ അധികാരത്തിൽപ്പെട്ട

പള്ളികളാണ് മേലൂസിനെ സ്വീകരിച്ചത്. 1880 ൽ മേലൂസിനെ പാത്രിയർക്കീസ് തിരിച്ചു വിളിച്ചെങ്കിലും 1882 മാർച്ച് 5 നാണദ്ദേഹം കേരളം വിട്ടത്.

കേരളത്തിലുടനീളം സഭാഭരണരംഗത്ത് ചാഞ്ചാട്ടം നിലനിന്ന ഒരു കാലഘട്ടമായിരുന്നു കൊച്ചാണ്ടി വറീതിന്റെ ജീവിതകാലം. ഷെവ വി. സി. ജോർജിന്റെ നിരീക്ഷണം ശരിതന്നെ. “വരാപ്പുഴയ്ക്കനുകൂലമായ കക്ഷി, കർമ്മലീത്താ മിഷനറിമാരെ കണ്ടുകൂടെന്നകക്ഷി, പദ്രുവാദോകക്ഷി (പോർട്ടുഗീസ്) പറങ്കി ബഹിഷ്ക്കരണകക്ഷി ഇത്യാദി മറ്റുകക്ഷികളും ധാരാളമുണ്ടായിരുന്നു. വാനരന്മാർ ഒരു വൃക്ഷക്കൊമ്പിൽ നിന്ന് മറ്റൊന്നിലേക്കു ഝടുതിയിൽ ചാടുന്നവിധം ഒരു കക്ഷിയിൽ നിന്നു മറ്റുകക്ഷിയിലേക്ക് വികാരഭരിതരായി കാലുമാറുന്ന വികാരിമാരും മറ്റുവൈദികരും സാധാരണ ജനങ്ങളും അക്കാലത്തു ചുരുക്കമായിരുന്നില്ല.”

(നിധീരിക്കൽ മാണിക്കത്തനാർ - ഷെവ. വി. സി. ജോർജ്, 1950 പേജ്. 85)

ഇത്തരമൊരു സ്ഥിതിവിശേഷത്തിനു കാരണം മാർത്തോമ്മാ നസ്രാണികളുടെ മറ്റാരെയും വകവച്ചുകൊടുക്കാത്ത മനസ്ഥിതിയും, സ്വാതന്ത്ര്യ ബോധവും, പരസ്പര വാശിയും ഒക്കെയാണ്. ഭിന്നദേശക്കാരും, ചിന്താഗതിക്കാരുമായ വിവിധ സഭാ ഭരണാധികാരികളുടെ ബാഹുല്യവും കാരണമായി. സ്വന്തം രീതിലും വർഗ്ഗത്തിലുംപെട്ട മെത്രാന്മാരെ തങ്ങളുടെ ഭരണാധികാരികളായി ലഭിക്കണമെന്ന ആഗ്രഹത്തിന് റോമും മറ്റധികാരികളും പ്രതിബന്ധമായി നിന്നതും വിവിധ ചേരികളുടെ വളർച്ചയ്ക്കു പ്രേരകമായി. ചേരിതിരിഞ്ഞു മത്സരിച്ചെങ്കിലും വിദേശമേധാവിത്വം അവസാനിപ്പിക്കണമെന്ന കാര്യത്തിൽ അവരെല്ലാം ഒന്നിക്കുകയും ചെയ്തു. വൈദേശിക ഭരണത്തിനെതിരെ പ്രതികരിച്ച ഏകവർഗ്ഗം നസ്രാണി ക്രിസ്ത്യാനികളാണുതാനും. 1599 ലെ ഉദയംപേരൂർ സൂനഹദോസിനെതിരെ ഗീവർഗ്ഗീസ് അർക്കദിയാക്കോന്റെ നേതൃത്വത്തിൽ അവർ പ്രതിഷേധിച്ചു, കൂനൻകുരിശുസത്യവും, കരിയാറ്റിൽ മെത്രാപ്പോലീത്തായും പാറേമ്മാക്കൽ തോമ്മാക്കത്തനാരും നടത്തിയ സാഹസികമായ യൂറോപ്യൻ യാത്രയും ഈ സ്വാതന്ത്ര്യത്തിന്റെ മാനങ്ങൾ വെളിവാക്കുന്നു.

വരാപ്പുഴ, ഗോവ നേതൃത്വങ്ങളിൽ നിന്നവരെ സ്വതന്ത്രരാക്കാൻ 1887 ൽ കോട്ടയം, തൃശൂർ വികാരിയാത്തുകൾ നിലവിൽ വന്നു. ഫ്രാൻസ്കാരനായ ചാൾസ് ലവീഞ്ഞ് കോട്ടയം വികാരിയാത്തിന്റെ സാരഥിയായി. കോട്ടയം കേന്ദ്രമാക്കി 1888 ൽ ഭരണമാരംഭിച്ച ലവീഞ്ഞു പിതാവ് 1891 ൽ ആസ്ഥാനം ചങ്ങനാശ്ശേരിയിലേക്കുമാറ്റി. കുറവിലങ്ങാട്ട് മെത്രാസനം വേണമെന്നാഗ്രഹിച്ച നിധീരിക്കൽ മാണിക്കത്തനാർക്കും മറ്റും അതു സ്വീകര്യമായില്ല. എതിർപ്പുകളുണ്ടായി. നാട്ടുകാരനായ മെത്രാനു വേണ്ടിയുള്ള അവരുടെ നീക്കങ്ങൾ നീതീകരിക്കാമെങ്കിലും അതിനവരുപയോഗിച്ച കുത്സിതമാർഗ്ഗങ്ങൾ അപലപനീയങ്ങളായിരുന്നു. അദ്ദേഹത്തിന്റെ സ്വഭാവഹത്യതന്നെ നടത്തുന്ന പലഹർജികളും റോമിലേക്കയച്ചു. ഇവ അപഹാസ്യമാണെന്ന് കൊച്ചാണ്ടി വറീതും ഒളശ്ശ കുടുംബക്കാരും വിശ്വസിച്ചു. അതുകൊണ്ടാണ് ലവീഞ്ഞ് മെത്രാന് കൊച്ചാണ്ടി വറീതിനോട് പ്രത്യേക മമതതന്നെയുണ്ടായത്. മലയാളം പഠിച്ച് അദ്ദേഹം തന്റെ വിശ്വാസികൾക്ക് കത്തെഴുതിയിരുന്നു. ബാംഗ്ലൂർ സെന്റ് മാർത്താ ആശുപത്രിയിൽ നിന്ന് അദ്ദേഹം കൊച്ചാണ്ടി വറീതിന് കത്തീഡ്രൽ പള്ളിവികാരി വഴി അയച്ച ഒരുകത്ത് താഴെ ചേർക്കുന്നു. കത്തിൽ കൈപ്പട ലവീഞ്ഞു പിതാവിന്റെതു തന്നെയാണ്.

ബാങ്കളൂർ
സെന്റ് മാർത്താ ആശുപത്രിയിൽ നിന്ന്
**1894** കന്നി **1**-ാം തീയതി

താൻ അയച്ച എഴുത്തു നമുക്കുകിട്ടി. നമ്മുടെ സുഖസ്ഥിതിയെക്കുറിച്ച് താൻ താൽപര്യപ്പെടുന്നത് നിമിത്തം നാം വളരെ സന്തോഷിക്കുന്നു. എന്നാൽ ദൈവകൃപയാൽ നാളെത്തന്നെ ആസ്പത്രിയിൽ നിന്ന് പോയി. മൂന്നു നാലു ദിവസം കഴിഞ്ഞിട്ട് നമ്മുടെ മിസ്സത്തിലേക്ക് യാത്ര ചെയ്യാൻ നിശ്ചയിച്ചു. തന്റെ കുടുംബത്തിന്മേലും ദൈവാനുഗ്രഹം ആയിരിക്കണമെങ്കിൽ വീട്ടുകാർ എല്ലാവരും വലിയഭക്തിയോട നമസ്ക്കരിച്ചുകൊള്ളണം.

തന്റെ മേൽവിലാസം എന്ത് എന്ന് അറിയായ്കാകൊണ്ട് ഈ എഴുത്ത് ബ. വികാരിയച്ചന്റെ പേർക്ക് അയയ്ക്കുന്നു. തനിക്കും കുടുംബത്തിനും ആശീർവ്വാദംതരുന്നു.

*ഒപ്പ്*
***Charles.***
***V. App. Kott.***

*ഒളശ്ശയിൽ കൊച്ചാണ്ടി വറീതിന് കൊടുപ്പാൻ*

To

Fr, Cyriac Candancarry
Vicar of St. Mary’s Church
Changanachery
Travancore

ലവീഞ്ഞു മെത്രാന്റെ സെക്രട്ടറിയായിരുന്ന പഴേപറമ്പിൽ ലൂയിസച്ചൻ സുറിയാനി ക്രിസ്ത്യൻ വൈദികരിൽ നിന്ന് മെത്രാൻസ്ഥാനത്തേക്കു വിളിക്കപ്പെട്ടയാളാണെന്നോർക്കണം. ചങ്ങനാശ്ശേരിയിലെ ചില പദ്ധതികൾക്കു പണം സമ്പാദിക്കാൻ 1895 ൽ സ്വദേശത്തേക്കു പോയ ലവീഞ്ഞു മെത്രാൻ തിരിച്ചുവന്നില്ല. അദ്ദേഹത്തിനെതിരെ ഇവിടെ നിന്നയച്ച പരാതികൾ പരിശുദ്ധ സിംഹാസനം പരിഗണിച്ചു. ശ്രീലങ്കയിലെ ട്രിങ്കോമാലിയിലേക്കാണദ്ദേഹത്തെ മെത്രാനായി അയച്ചത്.

പിന്നീട് വികാരി ജനറാളും അഡ്മിനിട്രേറ്ററുമായി ഫാ. സിറിയക്ക് കണ്ടങ്കരി കുറേക്കാലം ഭരണം നടത്തി. അക്കാലത്ത് അദ്ദേഹത്തിന്റെ വലംകൈയായി കൊച്ചാണ്ടി വറീതുണ്ടായിരുന്നു. ‘ജനറാളച്ചനും മുതലുപിടിക്കാരനും ചേർന്നാൽ പള്ളിയോഗമായെന്ന് ഇടവക ജനം സാഭിമാനം പറഞ്ഞിരുന്നു. ഉയർന്ന ഹിന്ദുജാതിക്കാരും മുതലുപിടിക്കാരനെ മതിപ്പോടെ തന്നെ സ്വീകരിച്ചു. സുറിയാനി ക്രിസ്ത്യാനികൾ നമ്പൂതിരിമാർ മാർഗ്ഗം സ്വീകരിച്ചതിന്റെ പിൻതലമുറക്കാരെന്ന വാദം അംഗീകരിപ്പിക്കുന്നതായിരുന്നു കൊച്ചാണ്ടി വറീതിനു ലഭിച്ച ബഹുമാനം.

ചങ്ങനാശ്ശേരിയ്ക്കു പുറത്തുള്ള സുറിയാനി ക്രിസ്ത്യാനികളും കൊച്ചാണ്ടി വറീതിനെ ആദരിച്ചു. സഭാപരമായ ചിലകാര്യങ്ങളിൽ അഭിപ്രായ വ്യത്യാസമുണ്ടായിരുന്നെങ്കിലും പാറായിൽ തരകനും കൊച്ചാണ്ടി വറീതിനെ വിലമതിച്ചിരുന്നു. അദ്ദേഹത്തിന്റെ മകളുടെ കല്ല്യാണത്തിന് കൊച്ചാണ്ടി വറീതിനെ ക്ഷണിച്ചുകൊണ്ട് നൽകിയ കല്ല്യാണക്കുറിയുടെ പകർപ്പു ചേർക്കുന്നു.

അന്നത്തെ ക്ഷണപത്രത്തിന്റെ ഒരു മാതൃകയായിരിക്കുമത്. അലങ്കാരപ്പണികളുള്ള ഒരു കാർഡാണത്.

**പാറായിൽ കെ. സി. എസ്. ജി,**
**അവിരാ ഉർമ്മീസ് തരകൻ എഴുതിയ കുറി**
**.......... ഒളശ്ശയിൽ കൊച്ചാണ്ടി വറീത്**
**അറിയേണ്ട അവസ്ഥ (കയ്യക്ഷരത്തിൽ)**
**ഈ മാസം പുത്തൻ കണക്കിൽ 29-ാം തീയതി**
**തിങ്കളാഴ്ച നാൾ എന്റെ മകൾ മറിയക്കുട്ടിയെ**
**വിവാഹം ചെയ്യിക്കത്തക്കവണ്ണം നിശ്ചയിച്ചിരിക്കകൊണ്ട്**
**ആയതിന് .................................... നിങ്ങല്ലാവരും**
**കാലേ വന്ന് ............................ (ഇതും കയ്യക്ഷരത്തിൽ)**
**കല്ല്യാണം അഴകതാക്കിക്കൊള്ളുകയും ചെയ്യുമല്ലോ.**

✠

**എന്ന് കാലം (1891)**
**മേടമാസം 9-ാംതീയതി**

വാർദ്ധക്യത്തിലായപ്പോഴും കൊച്ചാണ്ടി വറീത് സഹജീവികൾക്കുവേണ്ടി സേവനത്തിൽ മുഴുകി. പാരമ്പര്യമായി കുടുംബത്തിലുണ്ടായിരുന്ന നേത്രചികിത്സയിൽ അദ്ദേഹം വ്യാപൃതനായി. അന്നു നാട്ടുചികിത്സയാണുണ്ടായിരുന്നത്. വൈദ്യന്മാർരോഗികളോടു ഫീസു പറഞ്ഞുവാങ്ങുന്ന രീതിയും ഉണ്ടായിരുന്നില്ല. ഈ ചികിത്സ ജനങ്ങളോടു കൂടുതൽ ബന്ധപ്പെടാനവസരം നൽകി.

മാർത്തോമ്മാ ക്രിസ്ത്യാനികളാണു തങ്ങളെന്നു വിശ്വസിച്ച കൊച്ചാണ്ടി വറീത് മാർത്തോമ്മാ ശ്ലീഹായുടെ പാദസ്പർശംകൊണ്ടു പവിത്രമായെന്നു വിശ്വസിക്കപ്പെടുന്ന മലയാറ്റൂരേക്ക് കെട്ടുവള്ളത്തിൽ ഒരു തീർത്ഥയാത്ര പോയതും സ്മരണീയമാണ്. അദ്ദേഹത്തിന്റെ വിൽപ്പത്രം അടിയുറച്ച ദൈവ വിശ്വാസത്തെ പ്രകടമാക്കുന്നു.

"ബാവായുടെയും പുത്രന്റെയും റൂഹാദകൂദശായുടെയും നാമത്താലേ ആമേൻ.

1905-ാം വർഷം ഒക്ടോബർ 4-ാം തീയതി മലയാള വർഷം 1081-ാം ആണ്ട് കന്നിമാസം 9-ാം തീയതി ചങ്ങനാശ്ശേരി റോമൻ കത്തോലിക്കാപള്ളി ഇടവകക്കാരനായ മഞ്ചാടിക്കര പ്രവൃത്തിയിൽ വാഴപ്പള്ളി കിഴക്കുംഭാഗം ഒളശ്ശയിലായ വടക്കേവീട്ടിൽ കുരുവിള കൊച്ചാണ്ടി മകൻ 76 വയസ്സുള്ള കൊച്ചാണ്ടി വറീത് എഴുതിവച്ച ഉയിർപത്രമാവിത്.

എന്റെ മക്കൾ ഒരുമയായിരിക്കുന്നതിനും എന്റെ വസ്തുക്കൾ ഭാഗം ചെയ്തു എന്നറിയുന്നതിനും............................. സാക്ഷികളെ വരുത്തിയിരിക്കുന്നവരുടെ മുൻപിൽ ഞാൻ ഒപ്പുവയ്ക്കുന്നു.

എനിക്കു വായുകൊണ്ടിരിക്കുന്നു.

1-ാമത് സർവ്വനന്മ സ്വരൂപിയായിരിക്കുന്ന സർവ്വേശ്വരൻ തമ്പുരാന് എന്റെ ആത്മാവിനെ ഞാൻ കയ്യാളിച്ചുകൊണ്ട് എന്റെ മരണത്തിനുശേഷം ആകാശ മോക്ഷത്തിലുള്ള ഭാഗ്യപ്പെട്ടവരുടെ കൂട്ടത്തിൽ എന്റെ ആത്മാവിനെ കൈക്കൊള്ളുവാനായിട്ട് ദൈവസഹായം ഞാൻ അപേക്ഷിക്കുന്നു.

2-ാമത് എന്റെ മരണശേഷം 6 കുർബ്ബാന എന്റെയും പൂർവ്വന്മാരുടെയും ആത്മാക്കൾക്കായി ചൊല്ലിക്കേണ്ടതാകുന്നു.

3-ാമത് പത്തുരുപയിൽ കുറയാതെ പിച്ചക്കാർക്ക് കൊടുക്കണമെന്ന് ഞാൻ നിശ്ചയിക്കുന്നു.

4-ാമത് പൊന്ന് വെള്ളി ജംഗമങ്ങൾ സമമായി മക്കൾ വീതിച്ചെടുക്കേണ്ടതാകുന്നു.

5-ാമത് ചങ്ങനാശ്ശേരി താലൂക്കു മുതലുപിടി ജോലിക്കുവേണ്ടി ഞാൻ ഡേമണികെട്ടി വച്ചിട്ടുള്ള വകയിലും ജോലിനോക്കിയ ശമ്പളബാക്കി വകയിലും ആയി തിരുവിതാംകൂർ സർക്കാരിൽനിന്നും ഏതാനും പണം എനിക്കു കിട്ടേണ്ടതും ................. ചൗക്കപീടിക പൊന്നുംവില വകയിൽ ഞാൻ പറ്റിയതു നീക്കിയുള്ള പണവും എന്റെ മകൻ കുരുവിള വാങ്ങി എടുത്തുകൊള്ളേണ്ടതുമാകുന്നു. ഒരായിരം രൂപ (Rs. 1000) എന്റെ ഇളയമകൻ യൗസേഫിന് കൊടുക്കേണ്ടതാകുന്നു.

6-ാമത് ആയിരത്തി അൻപത്തൊമ്പതാമാണ്ട് (1059) ആയിരത്തി അറുനൂറ്റി നാൽപ്പത്തി രണ്ടാം വകയായി (1642) രജിസ്റ്റർ ചെയ്ത ഭാഗഉടമ്പടി പ്രകാരം എനിക്കു സിദ്ധിച്ചിട്ടുള്ളതും ഞാൻ എഴുതി വാങ്ങിച്ചിട്ടുള്ളതുമായ വസ്തുക്കളെ ഏ. ബി. സി. ഡി. ഇ. ഏഫ്. വസ്തുക്കളായി വീതിച്ചു.

(ബാക്കി വസ്തുവിവരം ഉപേക്ഷിക്കുന്നു.)

1905 ഒക്ടോബർ മാസത്തിന്റെ അന്ത്യത്തിൽ അന്ത്യകൂദാശകൾ സ്വീകരിച്ച് അദ്ദേഹം നിത്യത്വത്തിലേക്കു കടന്നു പോയി. രോഗിയായിരുന്നപ്പോൾ മാർലൂയീസ് പഴേപറമ്പിൽ മെത്രാൻ സന്ദർശിക്കുകയുണ്ടായി. അദ്ദേഹം ലവീഞ്ഞുമെത്രാന്റെ സെക്രട്ടറിയായിരുന്നല്ലോ. ഡോ. ലവീഞ്ഞിന്റെ അന്ത്യകാലത്ത് കൊച്ചാണ്ടി വറീത് അദ്ദേഹത്തിനു സഹായകമായി നിലകൊണ്ടത് നേരത്തേ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ചങ്ങനാശ്ശേരി പള്ളി സിമിത്തേരിയിൽ നടന്നശവസംസ്ക്കാര ശുശ്രൂഷയ്ക്ക് മകൻ സ്കറിയാ കത്തനാർ നേതൃത്വം നൽകി. ധാർമ്മികമൂല്യങ്ങൾക്ക് കോട്ടംവരാതെ വ്യക്തിജീവിതവും, കുടുംബജീവിതവും, സാമൂഹികജീവിതവും നയിച്ച ഈ ഗോത്രപിതാവ് കുടുംബത്തിനാകെ മാതൃകയായി നിലകൊള്ളുന്നു.

മക്കൾ :

| | | |
|---|---|---|
| ആദ്യവിവാഹം | 1 | വർഗ്ഗീസ് ചാണ്ടി |
| | 2 | വർഗ്ഗീസ് സ്കറിയാ (സ്കറിയാ കത്തനാർ) |
| | 3 | വർഗ്ഗീസ് തോമ്മാ |
| രണ്ടാം വിവാഹം | 4 | വർഗ്ഗീസ് കുരുവിള |
| | 5 | വർഗ്ഗീസ് പോത്തൻ |
| | 6 | വർഗ്ഗീസ് ജോസഫ് |
| | 7 | റോസ |

# കൊച്ചാണ്ടി വറീതിന്റെ മൂത്തമകൻ വർഗ്ഗീസ് ചാണ്ടി (7-ാം തലമുറ)

(ഭാര്യ : അന്നമ്മ, വെട്ടിത്തുരുത്തിൽ, കാർത്തികപ്പള്ളി)

*മക്കൾ* :
I. ചാണ്ടി തോമ്മാ
II. ചാണ്ടി സ്കറിയാ
III. അന്നമ്മ (പള്ളിക്കുന്നം പടിഞ്ഞാറേവീട്)
IV. മറിയക്കുട്ടി (കാവാലംപുത്തൻപുര, ചങ്ങനാശ്ശേരി)

| *8-ാം തലമുറ* | *9-ാം തലമുറ* | *10-ാം തലമുറ* | *11-ാം തലമുറ* |
|---|---|---|---|

**I. ചാണ്ടി തോമ്മാ**
(*ഭാര്യ* : മറിയാമ്മ, ചാലയ്ക്കൽ, ഇത്തിത്താനം)
*മക്കൾ* :
1. മാമ്മി, കേളമംഗലം, നടുവിലേഴം
2. ത്രേസ്യാമ്മ, കളത്തിപ്പറമ്പിൽ, കരുമാടി, അമ്പലപ്പുഴ
3. അന്നമ്മ, കൊച്ചുപുത്തൻപറമ്പിൽ, എടത്വാ
4. ഒ. റ്റി. ചാണ്ടി (അപ്പച്ചൻ) - അവിവാഹിതൻ
5. ഏലിക്കുട്ടി, ശ്രാമ്പിക്കൽ, മുട്ടാർ
6. കുഞ്ഞമ്മ, കൊല്ലാറ, കണ്ണാടി
7. ഒ. റ്റി. ജേക്കബ് (കാക്കിച്ചൻ)
   (*ഭാര്യ* : മേഴ്സി, ളാഹപറമ്പിൽ, ചങ്ങനാശ്ശേരി)
   *മക്കൾ* :
   1. റ്റോമി ജേക്കബ്
      (*ഭാര്യ* : ജിജി, കരിങ്കൻ, അങ്കമാലി)
      *മകൻ* : ചാക്കോച്ചൻ
   2. ടെസ്സി, പൂവത്തിങ്കൽ
   3. ടെജി, പാറപ്പുറം

**II. ചാണ്ടി സ്കറിയാ**
(*ഭാര്യ* : മറിയാമ്മ, നിരണത്തു കുടുംബം, ചങ്ങനാശ്ശേരി)
*മകൻ* : ഒ. എസ്. ചാണ്ടി
   (*ഭാര്യ* : ത്രേസ്യാമ്മ, ചക്കാലയ്ക്കൽ, കിടങ്ങറ)
   *മക്കൾ* :
   1. മറിയമ്മ, ചാലയ്ക്കൽ (മണത്തുരുത്തി), ഇത്തിത്താനം

| *8-ാം തലമുറ* | *9-ാം തലമുറ* | *10-ാം തലമുറ* | *11-ാം തലമുറ* |
|---|---|---|---|
| | | **2. റേച്ചൽ, തുരുത്തിപ്പറമ്പിൽ, പാമ്പാടി** | |
| | | **3. തെൽമ്മ, മാവേലിൽ, കണ്ണാടി** | |
| | | **4. ഒ. സി. സക്കറിയാസ്** | |
| | | **5. ജേക്കബ് സി. ഒളശ്ശ**<br>(*ഭാര്യ :* സിസി, നെടുംപറമ്പിൽ)<br>*മകൾ :* | <br><br>*ഷെറിൻ* |
| | | **6. ഒ. സി. ഫ്രാൻസീസ്**<br>(*ഭാര്യ :* സജി, ചെറുപറമ്പിൽ, തൊടുപുഴ)<br>*മകൻ :* | <br><br>**അലക്സ്** |
| | | **7. ആനി, ചേന്നാട്ട്, ഏറ്റുമാനൂർ** | |
| | | **8. അലക്സാണ്ടർ സി. ഒളശ്ശയിൽ**<br>(*ഭാര്യ :* അൽഫോൻസ്, പെരുമായൻ, കാലടി)<br>*മക്കൾ :* | <br><br>**1. ട്രീസാ മരിയ**<br>**2. ആൻ മേരി** |
| | | **9. സൂസൻ, പാണച്ചേരിയിൽ, മല്ലപ്പള്ളി** | |
| | | **10. ജോസ് സി. ഒളശ്ശ**<br>(*ഭാര്യ :* അനിത, പുലിക്കുന്നേൽ)<br>*മകൾ :* | <br><br>**തെരേസ** |

## വർഗ്ഗീസ് ചാണ്ടി

കൊച്ചാണ്ടി വറീതിന്റെ പ്രഥമ സന്താനമായ വർഗ്ഗീസ് ചാണ്ടി 1850 ൽ ജനിച്ചു. ചങ്ങനാശ്ശേരി വെട്ടിത്തുരുത്തിൽ, കാർത്തികപ്പള്ളി എന്ന പുരാതന കുടുംബത്തിലെ അന്നമ്മയായിരുന്നു ഭാര്യ. വിവാഹാനന്തരം ഇദ്ദേഹം തറവാട്ടിൽ താമസമുറപ്പിച്ചു. ഈ അവസരത്തിൽ പിതൃസഹോദരൻ കൊച്ചാണ്ടി ചാണ്ടി ഹൃദയസ്തംഭനം മൂലം നിര്യാതനായി. കുടുംബസ്വത്ത് ഉമ്പിഴിച്ചിറ മുതൽ കുന്നക്കാട്ട് വരെ വളരെ വിസ്തൃതമായി വ്യാപിച്ചിരുന്നതിനാലും, ചിറ്റമ്മയുടെയും മൂന്നു കുട്ടികളുടെയും സംരക്ഷണം വഹിക്കാൻ പിതാക്കന്മാർ നിർദ്ദേശിച്ചതിനാലും നവവധുവുമൊത്ത് തറവാട്ടിൽ നിന്നും പ്രസ്തുത പുരയിടത്തിലേക്ക് താമസം മാറ്റേണ്ടിവന്നു. തോപ്പിൽ പുരയിടത്തിൽ തന്റെ പിതൃസഹോദരൻ കൊച്ചാണ്ടി ചാണ്ടിയുടെ വസതിയിൽ താമസിച്ചു വരവെ, തോപ്പിൽ കുടുംബത്തിലെ ആളുകൾക്ക് സ്വന്തമായി കഴിയാനുള്ള ധൈര്യമുണ്ടായപ്പോൾ ആറാട്ടുചിറ പുരയിടത്തിൽ പിൽക്കാലത്ത് വീടു വച്ച് അങ്ങോട്ട് താമസം മാറ്റി. ഇന്നത്തെ എസ്. എച്ച്. സ്കൂളിനു സമീപമുള്ള അഞ്ചേക്കർ പുരയിടവും, അടുത്തുള്ള മുണ്ടകൻ നിലവും ഇദ്ദേഹം കൃഷി ചെയ്തു. എന്നാൽ പുരയിടം ഇപ്പോൾ ഒളശ്ശ കുടുംബക്കാരുടെ കൈവശമല്ല. ഇതോടൊപ്പം ഉമ്പിഴിച്ചിറയിലുള്ള ചിറ്റപ്പന്റെ വീട്ടുകാര്യങ്ങളും അന്വേഷിച്ചു. 38-ാം വയസ്സിൽ പേപ്പട്ടി വിഷബാധയേറ്റ് അകാലത്തിൽ നിര്യാതനായി. തോമ്മാ, സ്കറിയാ എന്ന് രണ്ട് ആൺമക്കളും അന്നമ്മ, മറിയക്കുട്ടി എന്ന് രണ്ട് പെൺമക്കളും ജനിച്ചശേഷമാണ് മരണം സംഭവിച്ചത്. അന്നമ്മയെ പള്ളിക്കുന്നം പടിഞ്ഞാറേ വീട് എന്ന കുടുംബത്തിലും മറിയക്കുട്ടിയെ ചങ്ങനാശ്ശേരി കാവാലം പുത്തൻപുര എന്ന കുടുംബത്തിലും വിവാഹം ചെയ്തയച്ചു. വർഗ്ഗീസ് ചാണ്ടി മരണമടയുന്ന കാലത്ത് മക്കൾ കൗമാരപ്രായത്തിലായിരുന്നു.

ആൺ മക്കൾ : 1. ചാണ്ടി തോമ്മാ
2. ചാണ്ടി സ്കറിയാ

പെൺ മക്കൾ : 1. അന്നമ്മ (പള്ളിക്കുന്നം പടിഞ്ഞാറേവീട്)
2. മറിയക്കുട്ടി (കാവാലം പുത്തൻപുര, ചങ്ങനാശ്ശേരി)

## I. ചാണ്ടി തോമ്മാ

വർഗ്ഗീസ് ചാണ്ടിയുടെ പ്രഥമ ആൺസന്താനമായ ചാണ്ടി തോമ്മാ 1878 ൽ ഭൂജാതനായി. പേപ്പട്ടിവിഷം ഏറ്റു പിതാവ് മരിക്കുമ്പോൾ തോമ്മാ ബാലനാണ്. ഈ ബാലൻ ഉൾപ്പെടെ നാലുമക്കളുടെയും അമ്മയുടെയും പിന്നീടുള്ള സംരക്ഷണം വല്ല്യപ്പൻ ഏറ്റെടുത്തു. തന്റെ പിതാവിന്റെ കയ്യിൽ ഇരുന്ന അഞ്ചേക്കർ കരഭൂമിയും അതോടുതൊട്ടുകിടന്ന നിലവും കൃഷി ചെയ്യുന്ന ചുമതല ക്രമേണ തോമ്മായുടെ നേരിട്ടുള്ള അന്വേഷണത്തിന് വല്ല്യപ്പൻ വിട്ടുകൊടുത്തു. അതുപോലെ തന്നെ വീട്ടുചെലവുകളുടെ ഉത്തരവാദിത്വവും. പിതാവ് മരിക്കുന്ന സമയം എല്ലാവസ്തുക്കളും വല്ല്യപ്പന്റെ പേരിൽ കിടക്കുകയായിരുന്നു. വല്ല്യപ്പൻ മരിക്കും മുൻപ് ചമച്ച വിൽപ്പത്രം (ഉയിർപത്രം) പ്രകാരമാണ് അദ്ദേഹത്തിന്റെ മക്കൾക്ക് സ്വന്തം തേട്ടങ്ങൾ വീതം ചെയ്തത്. 1905 ലായിരുന്നു ഈ വിൽപ്പത്രം നിർമ്മിച്ചതും പ്രാബല്യത്തിൽ വന്നതും. അതനുസരിച്ചുള്ള ഇദ്ദേഹത്തിന്റെ കടംബാധ്യതയിൽ ഇരുന്ന അഞ്ചേക്കർ കരഭൂമിയുടെയും, നിലത്തിന്റെയും മറ്റു ചില പുരയിടങ്ങളുടെയും ജന്മാവകാശം ഇദ്ദേഹത്തിന്റെ അനുജനും ഇദ്ദേഹത്തിനുമായി സിദ്ധിച്ചു. അനുജനും ജ്യേഷ്ഠനും തമ്മിൽ ഉണ്ടായ മറ്റൊരു

ഉടമ്പടി പ്രകാരം അവരുടെ പൊതുസ്വത്ത് അവർ രണ്ടായി ഭാഗിച്ചു. തോമ്മാ ഇത്തിത്താനത്ത് ചാലയ്ക്കൽ കുടുംബത്തിൽനിന്ന് വിവാഹം ചെയ്തു.

കൃഷിയായിരുന്നു അദ്ദേഹത്തിന്റെ പ്രധാന തൊഴിൽ. കുടുംബച്ചെലവ് കണ്ടെത്താൻ കൃഷി മതിയായിരുന്നെങ്കിലും പെൺമക്കളുടെ സ്ത്രീധനം കൊടുക്കാനും മറ്റും വേറെ വഴികൾ കാക്കേണ്ടിവന്നു. ഈ ആവശ്യങ്ങൾക്ക് കടവും വാങ്ങി. ഒടുവിൽ ആറാട്ടുചിറപ്പുരയിടവും, നിലവും വിറ്റ് കടം കൊടുത്തു തീർത്തിട്ട് ബാക്കിയുംകൊണ്ട് ഇത്തിത്താനത്ത് ഒരു പുരയിടത്തിൽ മാറിതാമസിച്ചു. ഇത്തിത്താനത്തുനിന്ന് പിന്നീട് ചമ്പക്കുളത്തുപോയി. മകളുടെ പരിചരണത്തിൽ കുറെനാൾ കഴിഞ്ഞു. അവിടെവച്ചാണ് മരിച്ചത്. ഭാര്യ മറിയാമ്മയാണ് ആദ്യം മരിച്ചത്.

മക്കൾ :
1. മാമ്മി (കേളമംഗലം, നടുവിലേഴം)
2. തെറമ്മ (ത്രേസ്യാമ്മ) (കളത്തിപ്പറമ്പിൽ, കരുമാടി, അമ്പലപ്പുഴ)
3. അന്നമ്മ (പുത്തൻ പറമ്പിൽ, എടത്വാ)
4. ഒ. റ്റി. ചാണ്ടി (അപ്പച്ചൻ)
5. ഏലിക്കുട്ടി (ശ്രാമ്പിക്കൽ, മുട്ടാർ)
6. കുഞ്ഞമ്മ (കൊല്ലാറ, കണ്ണാടി)
7. ഒ. റ്റി. ജേക്കബ് (കാക്കിച്ചൻ)

## 1. ഒ. റ്റി. ചാണ്ടി (അപ്പച്ചൻ)



ഒളശ്ശ കുടുംബത്തിൽ ജീവിച്ചിരിക്കുന്നവരിൽ എറ്റവും പ്രായം കൂടിയ വ്യക്തിയും അവിവാഹിതനുമായ അപ്പച്ചൻ ആറാട്ടുചിറയിൽ ചാണ്ടി തോമ്മായുടെയും മറിയാമ്മയുടെയും മൂത്ത പുത്രനാണ്. ഇപ്പോൾ 90 വയസ്സ് പൂർത്തിയാക്കിയ അപ്പച്ചൻ 28 വർഷത്തോളം ഒളശ്ശയിൽ ഒ. സി. വർഗ്ഗീസിന്റെ കെട്ടിട നിർമ്മാണം, കൃഷി എന്നിവയ്ക്കു മേൽനോട്ടം വഹിച്ചിരുന്നു. കഠിനാദ്ധ്വാനിയും, ശാന്ത പ്രകൃതനുമായ അപ്പച്ചൻ തന്റെ ജീവിതമത്രയും പരോപകാരപ്രവൃത്തികളിൽ ഏർപ്പെടുകയും, കുടുംബാംഗങ്ങളെല്ലാരുമായി വളരെ സ്നേഹത്തിലും, സൗഹൃദത്തിലും കഴിയുകയും ചെയ്ത വ്യക്തിയായിരുന്നു. സഹോദരനായ കാക്കിച്ചന്റെ മംഗലം ഡാമിലുള്ള വസതിയിൽ താമസിച്ച് കോർപ്പറേഷൻ വക എസ്റ്റേറ്റിൽ 18 വർഷത്തോളം കൃഷികൾക്ക് മേൽനോട്ടം വഹിച്ചിരുന്നു. വാർദ്ധക്യത്തിലെത്തിയ ശേഷം അദ്ദേഹം 10 വർഷമായി ഏറ്റുമാനൂരിൽ 'സ്നേഹഭവനി'ൽ വിശ്രമജീവിതം നയിച്ചു വരുന്നു.

## 2. ഒ. റ്റി. ജേക്കബ് (കാക്കിച്ചൻ)

അപ്പച്ചന്റെ ഇളയ സഹോദരൻ കാക്കിച്ചൻ എന്നറിയപ്പെടുന്ന ഒ. റ്റി. ജേക്കബ് 1930 ജൂൺ മാസം 10-ാം തീയതി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കാർഷിക മേഖലയിൽ ശ്രദ്ധ പതിപ്പിച്ചു. 1965 ഫെബ്രുവരി 15-ാം തീയതി ചങ്ങനാശ്ശേരി ളാഹപ്പറമ്പ് ജോസഫിന്റെയും ഏലിക്കുട്ടിയുടെയും മകളായ മേഴ്സിയെ വിവാഹം കഴിച്ചു. 1965 ജൂൺ മാസം 30-ാം തീയതി ഭാര്യാസമേതം പാലക്കാട്ടു ജില്ലയിലെ ആലത്തൂർ താലൂക്കിൽപ്പെട്ട മംഗലം ഡാം



എന്ന സ്ഥലത്ത് താമസമാക്കി കാർഷികവൃത്തിയിലേർപ്പെട്ടു. ഈ പ്രദേശത്തെ ആദ്യകാല കുടിയേറ്റക്കാരിൽ ഒരാളായിരുന്നു കാക്കിച്ചൻ. വന്യമൃഗങ്ങളുടെ ഉപദ്രവവും, ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയുമുള്ള പൊൻകണ്ടം എന്ന സ്ഥലത്താണ് താമസിച്ചത്. കാക്കിച്ചൻ 1988 നവംബർ 30-ാം തീയതി ദിവംഗതനായി.

മക്കൾ :
1. റ്റോമി ജേക്കബ്
2. ടെസ്സി ജേക്കബ് (W/o ബെന്നി, പൂവത്തുങ്കൽ)
3. ടെജി ജേക്കബ് (W/o റെജി, പാറപ്പുറം)

### റ്റോമി ജേക്കബ് (റ്റോമിച്ചൻ)

റ്റോമിച്ചൻ 1966 ഏപ്രിൽ മാസം 4-ാം തീയതി ജനിച്ചു. ബി. എസ്. സി. ബിരുദാനന്തരം മംഗലത്ത് ബിസിനസ്സിൽ ഏർപ്പെട്ടു. റ്റോമിച്ചൻ അങ്കമാലി കരിങ്കൻ കുടുംബത്തിലെ പൈലിയുടെയും, റോസക്കുട്ടിയുടെയും മകൾ ജിജിയെ 1998 സെപ്റ്റംബർ 6 ന് വിവാഹം ചെയ്തു. ഇവർക്ക് 2000-ാമാണ്ട് നവംബർ 1-ാം തീയതി ജാതനായ ചാക്കോച്ചൻ എന്ന ഒരു പുത്രൻ ഉണ്ട്.

## II. ചാണ്ടി സ്കറിയാ

ജനനം 1887 ൽ. സ്കറിയായും ജ്യേഷ്ഠൻ തോമ്മായും തമ്മിൽ പത്തുവയസ്സിന്റെ പ്രായ വ്യത്യാസമുണ്ട്. സെന്റ് ബർക്ക്മാൻസ് ഇംഗ്ലീഷ് സ്കൂളിൽ ഫോർത്തു ഫോറം വരെ പഠിച്ചു.

സ്കറിയാ ചങ്ങനാശ്ശേരി നിരണത്തു കുടുംബത്തിൽ മറിയാമ്മയെ ആണ് കല്ല്യാണം കഴിച്ചത്. ഈ ദാമ്പത്യത്തിൽ രണ്ടു ശിശുക്കൾ ജനിച്ചു. ഒരു ആണും ഒരു പെണ്ണും. പക്ഷെ മകൾ ശിശുപ്രായത്തിൽ മരിച്ചുപോയി.

തറവാട്ടു സ്വത്തുക്കൾ ഭാഗത്തിൽ കിട്ടിയത് കൃഷിചെയ്തും. ചന്തയിൽ വ്യാപാരം നടത്തിയും പുരോഗമിച്ചു വരുമ്പോൾ ഒരു ഉദരവ്യാധിയെത്തുടർന്ന് ചെറുപ്രായത്തിൽ അദ്ദേഹം മരണമടഞ്ഞു. ഏക മകനെ വളർത്തുന്ന വിഷയത്തിൽ എല്ലാ ശ്രദ്ധയും കേന്ദ്രീകരിച്ചുകൊണ്ട് ഭാര്യ നീണ്ട കാലം തള്ളിനീക്കി. ഭർത്താവ് ചെയ്തുകൊണ്ടിരുന്ന വ്യാപാരം സ്വന്തസഹോദരങ്ങളുടെ സഹകരണത്തോടെ തുടർന്നുകൊണ്ടുപോയി. കൃഷിയിറക്കുന്നതിലും ഇതേരീതി സ്വീകരിച്ചു. മകൻ വിദ്യാഭ്യാസാനന്തരം അമ്മായിയോടും, അമ്മാവന്മാരോടും ചേർന്ന് വ്യാപാരവും, വസ്തുക്കളുടെ മേൽനോട്ടവും പരിശീലിച്ചു. അമ്മ ആരംഗത്തു നിന്നും പൂർണ്ണമായി വിരമിച്ചു. തികഞ്ഞ ആത്മ ധൈര്യവും, കാര്യപിടിപ്പുമുള്ള ഒരു സ്ത്രീയായിരുന്നു മറിയാമ്മ. 1973-ൽ മറിയാമ്മ നിര്യാതയായി.

മകൻ : ഒ. എസ്സ്. ചാണ്ടി

## ഒ. എസ്സ്. ചാണ്ടി



ചാണ്ടിയുടെ ജനനം 1916 ഫെബ്രുവരി 15 ന്. ചാണ്ടിക്ക് മുൻപ് ഒരു പെൺകുട്ടി ജനിച്ചെങ്കിലും മൂന്നരവയസ്സായപ്പോൾ മരിച്ചു. പിതാവ്, ചാണ്ടിക്കു ഒരു വയസ്സുള്ളപ്പോൾ ദിവംഗതനായി. പിന്നീട് വളർന്നു വന്നത് ചന്തയിലുണ്ടായിരുന്ന മാതൃഗൃഹത്തിലാണ്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ഇംഗ്ലീഷ് പഠിക്കുന്നതിന് സെന്റ് ബർക്ക്മാൻസ് ഇംഗ്ലീഷ് സ്കൂളിൽ ചേർത്തു. അവിടെ പതിനാറാമത്തെ വയസ്സുവരെ പഠിച്ചു. മാതാവും, മാതൃസഹോദരനും ചാണ്ടിയെ വ്യാപാരത്തിന് പ്രേരിപ്പിച്ചു. മാതൃസഹോദരൻ ഒരു വ്യാപാരിയും ആയിരുന്നു. ചാണ്ടി ആദ്യമായി ഏർപ്പെട്ടത് കരിപ്പെട്ടിയുടെയും, ഉപ്പിന്റെയും മൊത്ത വ്യാപാരത്തിലായിരുന്നു. ഏകദേശം രണ്ടു ദശവർഷങ്ങൾ ഈ തൊഴിൽ നടത്തിയശേഷം ഈ രംഗത്ത് മത്സരം വർദ്ധിക്കുകയാൽ 1950 ൽ ഇംഗ്ലീഷ് മരുന്നുകളുടെ ഒരു കട കവലയ്ക്ക് പടിഞ്ഞാറുവശം റോഡരികിൽ തുറന്നു. 1955 ൽ ഹോമിയോപ്പതി ഔഷധങ്ങളുടെയും വില്പന ആരംഭിച്ചു.

1938 ഫെബ്രുവരി 3-ാം തീയതി കിടങ്ങറ പയ്യമ്പള്ളി ചക്കാലയ്ക്കൽ കുഞ്ഞമ്മയെ ഇദ്ദേഹം വിവാഹം ചെയ്തു. അതിനുശേഷം ചങ്ങനാശ്ശേരി റയിൽവേസ്റ്റേഷനു തെക്കുള്ള തന്റെ പിതൃവസ്തുവിൽ ഒരു ഭവനം നിർമ്മിച്ചു. മെഡിക്കൽ ഷോപ്പ് വിപുലമാക്കാൻ വേണ്ടി ഒരു സഹകരണ പദ്ധതി ആവിഷ്ക്കരിച്ചു. കുറെ നാളുകൾ വ്യാപാരം നടത്തിനോക്കിയെങ്കിലും, ആശിച്ച പുരോഗതി കാണായ്കയാൽ അത് വീണ്ടും സ്വന്ത പേരിൽത്തന്നെ ആക്കി. മൂത്തമകനും, ചാണ്ടിയും ഒന്നിച്ചുള്ള പ്രവർത്തനം മെഡിക്കൽ വ്യാപാരം പൂർവ്വാധികം പുരോഗമിക്കാൻ വഴിതെളിച്ചു. തിരുവിതാംകൂർ സ്റ്റേറ്റു കോൺഗ്രസ്സ് പ്രാരംഭകാല താലൂക്കു കമ്മിറ്റി അംഗം, സെക്രട്ടറി, തിരുവിതാംകൂർ സർക്കാർ കോട്ടാ തുണി വിതരണ പ്രവർത്തകൻ, അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് രൂപതാവർക്കിംഗ് കമ്മിറ്റി അംഗം, ചങ്ങനാശ്ശേരി മെത്രാസനപള്ളിയോഗ പ്രതിനിധി, യോഗത്തിന്റെ ഓഡിറ്റർ, ചങ്ങനാശ്ശേരി മർച്ചന്റ്സ് അസോസിയേഷൻ ദശകാല വർഷ സെക്രട്ടറി, എഡ്വേർഡ് മെമ്മോറിയൽ ടൗൺ ക്ലബ് സെക്രട്ടറി ഇങ്ങനെ പലസ്ഥാനങ്ങളും ചാണ്ടി വഹിച്ചിട്ടുണ്ട്. ചങ്ങനാശ്ശേരി മേരി മൗണ്ട് ദേവാലയം വിൻസെന്റ് ഡി. പോൾ സംഘത്തിന്റെ പ്രസിഡന്റും, വിജയപുരം രൂപതയിലെ വിൻസെന്റ് ഡി. പോൾ സംഘം സെൻട്രൽ കൗൺസിൽ ബോർഡ് അംഗവും, ചങ്ങനാശ്ശേരി ടൗൺ ക്ലബിന്റെ പ്രസിഡന്റും ആയിരുന്നു.

ചാണ്ടി 2000 ഫെബ്രുവരി 26 ന് ദിവംഗതനായി. ഭാര്യ കുഞ്ഞമ്മ 2001 ജനുവരി 1 ന് നിര്യാതയായി.

മക്കൾ :

1. മറിയമ്മ (W/o സേവ്യർ, ചാലയ്ക്കൽ മണതുരുത്തി, ഇത്തിത്താനം)
2. റേച്ചൽ (W/o ജോസഫ്, തുരുത്തിപ്പറമ്പിൽ, പാമ്പാടി)
3. തെൽമ (W/o ജോയി, മാവേലിൽ, കണ്ണാടി)
4. ഒ. സി. സക്കറിയാസ്
5. ജേക്കബ് സി. ഒളശ്ശ
6. ഒ. സി. ഫ്രാൻസീസ്സ്
7. ആനി (W/o സിറിയക്ക്, ചേന്നാട്ട്, ഏറ്റുമാനൂർ)
8. അലക്സാണ്ടർ സി. ഒളശ്ശയിൽ
9. സൂസൻ (W/o ജോസ്, പൊയ്കയിൽ, ചെങ്ങന്നൂർ)
10. ജോസ് സി. ഒളശ്ശയിൽ

### 1. ഒ. സി. സക്കറിയാസ് (കറിയാച്ചൻ)

ഒ എസ്. ചാണ്ടിയുടെ സീമന്തപുത്രൻ കറിയാച്ചൻ 1949 ആഗസ്റ്റ് 1 ന് ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം എസ്. ബി. ഹൈസ്കൂളിലും, കോളേജ് വിദ്യാഭ്യാസം എസ്. ബി. കോളേജിലും നടത്തി. കലാകായിക രംഗങ്ങളിൽ തൽപരനായ കറിയാച്ചൻ വിദ്യാഭ്യാസ കാലത്ത് വിവിധ കായിക മത്സരങ്ങളിൽ പങ്കെടുത്തിരുന്നു. 1970 മുതൽ പിതാവ് തുടങ്ങിയ ഇംഗ്ലീഷ് മരുന്നു വ്യാപാരത്തിൽ ചേർന്ന് ആ സ്ഥാപനത്തെ ഇന്നത്തെ നിലയിലെത്തിച്ചു. ചങ്ങനാശ്ശേരി ജേസീസിലും, റോട്ടറി ക്ളബിലും ചാർട്ടർ മെമ്പറാണ്.

### 2. ജേക്കബ് സി. ഒളശ്ശ (ചാക്കോച്ചൻ)

രണ്ടാമത്തെ പുത്രനായ ചാക്കോച്ചൻ 1953 ൽ ജാതനായി. എസ്. ബി. കോളേജിൽ നിന്ന് B.A. പാസ്സായശേഷം ബോംബെയിൽ J.K. Synthetics ലും Garments Export കമ്പനിയിലും ജോലിനോക്കി. നാട്ടിൽ ചില കച്ചവടങ്ങളും നടത്തിയിരുന്നു. കാവാലം നെടുംപറമ്പിൽ കുംബാംഗമായ സിസിയെ 1992 ജനുവരി 24 ന് വിവാഹം ചെയ്തു. ഏക മകൾ ഷെറിന് മൂന്നുവയസ്സുണ്ട്.

### 3. ഒ. സി. ഫ്രാൻസിസ് (പാപ്പച്ചൻ)

1955 സെപ്റ്റംബർ 5-ാം തീയതി ഫ്രാൻസീസ് ജാതനായി B. Com. ബിരുദധാരിയാണ് ഏതാനുംകാലം ജമ്മു & കാഷ്മീരിൽ ജോലി നോക്കി. ഇപ്പോൾ രാജസ്ഥാനിലെ കോട്ടയിൽ M. T. N. L. ഉദ്യോഗസ്ഥനാണ്. പഠന കാലത്ത് KCSL, DCL, വിൻസെന്റ് ഡിപോൾ സൊസൈറ്റി എന്നിവയിൽ പ്രവർത്തിച്ചിരുന്നു. J.K. സ്റ്റാഫ് അസോസിയേഷൻ സെക്രട്ടറിയായിരുന്നു. പഠനകാലത്തും ഉദ്യോഗകാലത്തും പല പുരസ്ക്കാരങ്ങൾ നേടിയിട്ടുണ്ട്. 1991 മെയ് 11-ാം തീയതി വിവാഹിതനായി. പാപ്പച്ചന്റെ ഭാര്യ തൊടുപുഴ ചെറുപറമ്പിൽ സി. ഒ. പൈലിയുടെയും, ത്രേസ്യാമ്മയുടെയും മകൾ സജിയാണ്. M.A., B. Ed. ബിരുദധാരിയായ സജി, സോഫിയ സീനിയർ സെക്കന്ററി സ്കൂളിൽ ലക്ചററാണ്.

മകൻ : അലക്സ് ഫ്രാൻസിസ് (വിദ്യാർത്ഥി)

### 4. അലക്സാണ്ടർ സി. ഒളശ്ശയിൽ

അലക്സാണ്ടർ 1959 മെയ് 1-ാം തീയതി ജാതനായി. M.Sc. പാസ്സായശേഷം ഫെഡറൽ ബാങ്കിൽ ജോലിയിൽ പ്രവേശിച്ചു. ഇപ്പോൾ ബാങ്കിന്റെ ഹൈദ്രബാദ് ശാഖയിൽ അസിസ്റ്റന്റ് മാനേജരാണ്. വിവാഹം 1991 ഡിസംബർ 30 നായിരുന്നു. കാലടി പെരുമായൻ കുടുംബത്തിൽ ജോസഫിന്റെയും ത്രേസ്യാമ്മയുടെയും മകൾ അൽഫോൻസയാണു ഭാര്യ. M.Sc. ബിരുദധാരിയായ അൽഫോൻസാ കാത്തലിക് സിറിയൻ ബാങ്ക് ഉദ്യോഗസ്ഥയാണ്

മക്കൾ : 1. ട്രീസാ മരിയ
2. ആൻ മേരി
(പ്രൈമറി സ്കൂൾ വിദ്യാർത്ഥിനികൾ)

### 5. ജേംസ് സി. ഒളശ്ശയിൽ (ജോസി)

ഇളയ മകനായ ജോസി 1964 ജനുവരി 17-ാം തീയതി ജനിച്ചു. B.Sc. പാസ്സായ ജോസി ഇപ്പോൾ ചാസ്സിൽ ജോലിനോക്കുന്നു. പുലിക്കുന്നേൽ (ആലയ്ക്കൽ) ജോർജ് അവിരായുടെയും എൽസ്സമ്മയുടെയും മകൾ അനിതയെ 1993 ഡിസംബർ 30-ാം തീയതി വിവാഹം കഴിച്ചു. ഒളശ്ശ കുടുംബയോഗത്തിന്റെ എംബ്ലം, കലാകാരനായ ജോസിയാണ് തയ്യാറാക്കിയത്.

മകൾ : തെരേസാ ജോസ് (പ്രൈമറി സ്കൂൾ വിദ്യാർത്ഥിനി)

## കൊച്ചാണ്ടി വറീതിന്റെ രണ്ടാമത്തെ മകൻ

# വർഗ്ഗീസ് സ്കറിയാ (ഒളശ്ശ സ്കറിയാ കത്തനാർ) (1852-1911)



ചാണ്ടിയുടെ തൊട്ടുപിന്നാലെ സ്കറിയാ ജാതനായി. സൽസ്വഭാവിയും, അനുസരണശീലനുമായിരുന്ന ബാലൻ തന്റെ ചിറ്റപ്പൻ തോമ്മാക്കത്തനാരുടെ മാതൃക സ്വീകരിച്ചു വൈദികാന്തസിൽ ചേരാൻ ആഗ്രഹം പ്രകടിപ്പിച്ചതിനാൽ വീട്ടിൽ ഒരു പ്രത്യേക ഗുരുവിനെ വിളിപ്പിച്ചു പിതാവ് മകന് ആവശ്യമായ വിദ്യാഭ്യാസത്തിന് ഏർപ്പാടുകൾ ചെയ്തുകൊടുത്തു. പഠനം പൂർത്തിയായപ്പോൾ 1867 മകര മാസം 25-ാം തീയതി മാന്നാനം സെമിനാരിയിൽ വൈദിക പഠനം ആരംഭിച്ചു. 1868 ൽ തോമ്മായ്ക്ക് ആസ്തപ്പാടുപട്ടം കിട്ടി. പത്തുകൊല്ലം വേണ്ടിവന്നു സെമിനാരി പഠനം പൂർത്തിയാക്കാൻ. 1879 മേടമാസം 29-ാം തീയതി വൈദികപട്ടം സ്വീകരിച്ച് നവപൂജഅർപ്പിച്ചു. വീട്ടുകാർ പുത്തൻ കുർബ്ബാന ചങ്ങനാശ്ശേരിയിൽ ആഘോഷിച്ചു. പിതാവിന്റെ പ്രതാപകാലമായിരുന്നതുകൊണ്ട് ആഘോഷം ഗംഭീരമായിരുന്നു. അന്ന് 19 സ്വർണ്ണ മോതിരങ്ങളും സമ്മാനമായി ലഭിച്ചു. പുത്തൻ കുർബ്ബാന ആഘോഷമായി കൊണ്ടാടുക എന്നത് സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ സാധാരണ പതിവായിരുന്നു.

എറണാകുളം മിസത്തിലാണ് തന്റെ ജീവിതകാലം മുഴുവനും വൈദികവേല ചെയ്തത്. അവിടെയുള്ള ചാത്ത്യാത്തുപള്ളിയിലായിരുന്നു കൂടുതൽ കാലം ഇരുന്നത്. ഇവിടെ വച്ചായിരുന്നു സ്കറിയാ കത്തനാർ പെട്ടെന്നു മരിച്ചതും. ഒരു കെട്ടിടത്തിന്റെ മുകളിലത്തെ മുറിയിൽ നിന്ന് ഗോവണിവഴി കീഴ്പ്പോട്ട് ഇറങ്ങുമ്പോൾ തല കറക്കമുണ്ടായി വീഴാനിടയായി. അത് പെട്ടെന്നുള്ള മരണത്തിൽ (1911) ൽ കലാശിച്ചു. ചാത്ത്യാത്തുപള്ളി സിമിത്തേരിയിൽ ഈ വൈദികനെ അടക്കം ചെയ്യാൻ ആ ഇടവക്കാർ ആഗ്രഹിച്ചുവെങ്കിലും കുടുംബക്കാർ അതിന് വഴങ്ങികൊടുത്തില്ല. ചങ്ങനാശ്ശേരിയിൽ കൊണ്ടുവന്ന് ഇവിടുത്തെ സിമിത്തേരി പള്ളിയിൽ അദ്ദേഹത്തെ സംസ്കരിച്ചു. എറണാകുളത്തുനിന്നും അദ്ദേഹത്തിന്റെ മൃതശരീരം തണ്ടുകൾവച്ച വള്ളത്തിലാണ് ചങ്ങനാശ്ശേരി ചന്തക്കടവിൽ എത്തിച്ചത്. അന്ന് ചന്തക്കുളത്തിൽ വെള്ളം കുറവായിരുന്നതിനാൽ വള്ളം പല ആളുകൾകൂടി വെള്ളത്തിൽനിന്നും പൊക്കിയെടുത്ത് കരയ്ക്കുവയ്ക്കേണ്ടിവന്നു.

അദ്ദേഹം ഭക്തനും, ആദർശധീരനും, വിശാലഹൃദയനുമായിരുന്നതിനു പുറമെ ഒരു കലാസ്വാദകനും കൂടിയായിരുന്നു. ഒന്നും ഒളിച്ചു വയ്ക്കാൻ തയ്യാറാകാതെ തന്റെ വരവുചെലവു കണക്കുകളെല്ലാം ഒരു കണക്കുബുക്കിൽ കുറിച്ചുവച്ചിരുന്നു. അതിൽ വീട്ടിൽ നിന്ന് അദ്ദേഹത്തിനുവേണ്ടി ചെലവാക്കിയ തുകയും, അദ്ദേഹത്തിൽ നിന്ന് കുടുംബത്തിലേക്കു ചെന്ന തുകയും കൃത്യമായി ചേർത്തിട്ടുണ്ട്. മറ്റുള്ളവർക്കു സഹായം ചെയ്തതും അതിൽ കാണുന്നുണ്ട്. തന്റെ ചിറ്റപ്പൻ (പിതാവിന്റെ അനുജൻ) കൊച്ചാണ്ടി പോത്തന്റെ മകൻ ഒ. പി. തോമസ് ശെമ്മാശ്ശന്റെ വൈദിക പഠനത്തിനു വേണ്ടി തന്റെ കയ്യിൽ നിന്ന് ചെലവായതും

ആ കണക്കുബുക്കിലെ മറ്റൊരു ഇനമാണ്. അനുജനായ ഒ. പി. തോമസ് ശെമ്മാശ്ശന്റെ പുത്തൻ കുർബ്ബാനയ്ക്കാവശ്യമായിരുന്ന കറുപ്പ് ളോഹയും, മറ്റ് ഔദ്യോഗിക വസ്ത്രങ്ങളും തയ്പിച്ച് ഒരു പെട്ടിയിൽ അദ്ദേഹം സൂക്ഷിച്ചിരുന്നു. കുടുംബത്തിൽ നിന്നു തന്നെ മറ്റൊരാൾ വൈദികനാകാൻ ഉണ്ടായതിൽ അദ്ദേഹത്തിന്റെ ഉള്ളിൽ നിറഞ്ഞുനിന്ന സന്തോഷത്തിന്റെ തെളിവാണിത്. തന്റെ മരിച്ചുപോയ ചിറ്റപ്പൻ തോമ്മാ കത്തനാരുടെ അല്പം കുർബ്ബാനക്കടവും ഇദ്ദേഹം ചൊല്ലിത്തീർത്തു.

സ്വന്തം മുറിയിൽ ഇട്ടിരുന്ന കസേരകൾ, കട്ടിലുകൾ തുടങ്ങിയ ഫർണീച്ചറുകൾ അന്നത്തെ തച്ചന്മാരുടെ ഉയർന്ന കൈവിരുതിനും, കലാബോധത്തിനും ദൃഷ്ടാന്തങ്ങളായിരുന്നു. അവയിൽ ഒരു വട്ടമേശ ചങ്ങനാശ്ശേരി അരമനയ്ക്ക് അദ്ദേഹം സമ്മാനിച്ചു. മരണശേഷം അദ്ദേഹത്തിന്റെ വകയായി ഉണ്ടായിരുന്ന പത്രമേനിസ്വത്തും, മറ്റ് ജംഗമങ്ങളും, പണവും അടുത്ത അവകാശികൾ മലയാള വർഷം 1091-ാമാണ്ട് രജിസ്റ്റർ ചെയ്ത 4357-ാം നമ്പർ ഭാഗ പത്രം അനുസരിച്ച് വീതിച്ചെടുത്തു. തനതു വകയായി ഉണ്ടായിരുന്ന സ്വത്തിൽ നിന്ന് 500 രൂപ മരിച്ച ആത്മാക്കൾക്കുവേണ്ടി കുർബ്ബാന ചൊല്ലാൻ ചങ്ങനാശ്ശേരി പള്ളിയിൽ ഏല്പിക്കുകയും ചെയ്തു.

കണക്കുകൾ ഇനം തിരിച്ചു കൂട്ടി എഴുതിവെച്ചിരുന്ന നോട്ടുബുക്കിന്റെ പുറം താളിൽ Made in Austria എന്ന് അച്ചടിച്ചിട്ടുണ്ട്. ഒരു രാജ്ഞിയുടെ ചിത്രവും ആ താളിലുണ്ട്. ഒരു പക്ഷെ യൂറോപ്പിൽ നിന്ന് ഇന്ത്യയിൽ വരാപ്പുഴ അരമനയിൽ ആരോകൊണ്ടുവന്ന ആ നോട്ടുബുക്ക് ഇദ്ദേഹത്തിന്റെ കൈവശം വന്നു ചേർന്നതായിരിക്കാം. ആ ബുക്ക് കേടുകൂടാതെ ഇപ്പോഴും ഒളശ്ശ തറവാട്ടിലെ പഴയ രേഖാശേഖരണത്തിൽ സൂക്ഷിച്ചു വരുന്നു.

# കൊച്ചാണ്ടി വറീതിന്റെ മൂന്നാമത്തെ മകൻ വർഗ്ഗീസ് തോമ്മാ (7-ാം തലമുറ)

(*ഭാര്യ* :മറിയാമ്മ, വല്യാറ, കിടങ്ങറ)

*മക്കൾ* :
- **I.** തോമ്മാ വർഗ്ഗീസ്
- **II.** തോമ്മാ തോമ്മാ
- **III.** തോമ്മാ സ്കറിയാ
- **IV.** റവ. ഫാ. ഫിലിപ്പ് ഒളശ്ശയിൽ
- **V.** അന്നമ്മ, തച്ചങ്കേരി, ചെത്തിപ്പുഴ
- **VI.** മറിയക്കുട്ടി
- **VII.** ത്രേസ്യാമ്മ, ചാലയ്ക്കൽ, ഇത്തിത്താനം

| *8-ാം തലമുറ* | *9-ാം തലമുറ* | *10-ാം തലമുറ* | *11-ാം തലമുറ* |
|---|---|---|---|

**1.** തോമ്മാ വർഗ്ഗീസ്

(*ഭാര്യ* : മറിയാമ്മ, കണ്ടങ്കേരി, ചങ്ങനാശ്ശേരി)

*മക്കൾ* :

**1.** ഒ. വി. തോമസ്

(*ഭാര്യ* : മറിയമ്മ, കുഴിമണ്ണിൽ, ചങ്ങനാശ്ശേരി)

*മക്കൾ* :

**1.** മോളി, കടമാംപാതലിൽ, പത്തനംതിട്ട

**2.** ജോളി, താഴത്തേക്കുറ്റ്, മുക്കൂട്ടുതറ

**3.** ജോർജ് തോമസ്
(*ഭാര്യ* : സൂസമ്മ, കിഴക്കേമുറിയിൽ, മണിമല)

**4.** അന്നമ്മ, തടത്തിലാനിക്കൽ, പൊൻകുന്നം

**5.** റോസി, തോപ്പിൽ, ഇരിങ്ങാലക്കുട

**6.** ഫിലിപ്പ് തോമസ്
(*ഭാര്യ* : എൽസി, മടുക്കക്കുഴി, മുക്കൂട്ടുതറ)

**7.** ജിജി തോമസ്
(*ഭാര്യ* : ഷീന, ആലുവ)

**2.** ഒ. വി. ചാണ്ടി

(*ഭാര്യ* : സിസിലി, വലിയപറമ്പിൽ, ചങ്ങനാശ്ശേരി)

*മക്കൾ* :

**1.** സാലി, വെട്ടിക്കാട്ടിൽ, ചേർത്തല

**2.** ജയമ്മ, പുളിയ്ക്കപ്പറമ്പിൽ

| *8-ാം തലമുറ* | *9-ാം തലമുറ* | *10-ാം തലമുറ* | *11-ാം തലമുറ* |
|---|---|---|---|
| | | **3. ഷാജി** | |
| | | (*ഭാര്യ* : ജെമിനി, അമ്പാട്ട്) | |
| | | *മക്കൾ* : | **1. അലൻ** |
| | | | **2. ഹെലൻ** |
| | | **4. ബെറ്റി, കാളത്ര** | |
| | | **5. മിനി** | |
| | | **6. സിനി** | |
| | | **7. ലിറ്റി** | |
| | | **8. ഫിലിപ്പ്** | |
| | | **9. അൽഫോൻസ്** | |
| | **3. മാമ്മി, പടിഞ്ഞാറേക്കര, എടത്വാ** | | |
| | **4. ആനിമ്മ, മണിമലപറമ്പിൽ, വട്ടുകുളം, കടപ്പൂര്** | | |
| **II. തോമ്മാ തോമ്മാ** | | | |
| **III. തോമ്മാ സ്കറിയാ** | | | |
| (*ഭാര്യ* : റോസമ്മ, കുരിശുംമൂട്ടിൽ) | | | |
| *മക്കൾ* : | **1. ഒ. എസ്. തോമസ്** | | |
| | (*ഭാര്യ* : മറിയാമ്മ, കാവാലംപുത്തൻപറമ്പിൽ) | | |
| | *മക്കൾ* : | **1. സ്കറിയാ തോമസ് (ബാബു)** | |
| | | (*ഭാര്യ* : അന്നമ്മ, വിലങ്ങുപാറയ്ക്കൽ, തോട്ടക്കാട്) | |
| | | *മക്കൾ* : | **1. റ്റെഡി** |
| | | | **2. റ്റിന്റു** |
| | | | **3. റ്റെസ്സ്** |
| | | **2. ഒ. റ്റി. മാത്യൂ (റ്റോമിച്ചൻ)** | |
| | | (*ഭാര്യ* : ലിസ്സി, ചോതിരക്കുന്നേൽ, തോട്ടപ്പള്ളി) | |
| | | *മക്കൾ* : | **1. ബോണി** |
| | | | **2. ബ്ലസ്സി** |
| | | | **2. ബിനി** |
| | | **3. ഒ. റ്റി. വർഗ്ഗീസ്, (തങ്കച്ചൻ)** | |
| | | (*ഭാര്യ* : ഡെയ്സി, ചങ്ങങ്കേരിൽ, ചങ്ങനാശ്ശേരി) | |

| *8-ാം തലമുറ* | *9-ാം തലമുറ* | *10-ാം തലമുറ* | *11-ാം തലമുറ* |
|---|---|---|---|
| | | *മക്കൾ :* | **1. റ്റോണി** |
| | | | **2. റ്റീന** |
| | | **4. ഫിലിപ്പ് തോമസ് (ലാലിച്ചൻ)** | |
| | | (*ഭാര്യ :* മിനി, വലിയപറമ്പിൽ, പായിപ്പാട്) | |
| | | *മക്കൾ :* | **1. ലിൻഡ** |
| | | | **2. ലിറ്റോ** |
| | | **5. റെജി റ്റി. ഒളശ്ശ (റെജി)** | |
| | | (*ഭാര്യ :* ബിന്നി, കല്ലുകുളം) | |
| | | **6. റോസമ്മ, പടിപ്പുരയ്ക്കൽ** | |
| | **2. ഒ. എസ്. മാത്യു (അവിവാഹിതൻ)** | | |
| | **3. ഒ. എസ്. ആന്റണി** | | |
| | (*ഭാര്യ :* മറിയാമ്മ, എത്തക്കാട്, മാടപ്പള്ളി) | | |
| | *മക്കൾ :* | **1. സോണി ആന്റണി (യൗവ്വന മരണം)** | |
| | | **2. സോജൻ ആന്റണി** | |
| | | (*ഭാര്യ :* ലൈസാ, അറഞ്ഞനാൽ) | |
| | | *മകൾ :* | **സോന** |
| | | **3. സോജി ആന്റണി** | |
| | | **4. സോഫി, പടിയറ, മണിമല** | |
| | **4. ഒ. എസ്. ഫിലിപ്പ് (കുഞ്ഞച്ചൻ)** | | |
| | (*ഭാര്യ :* മറിയാമ്മ, വടക്കേക്കുറ്റ്, തോട്ടയ്ക്കാട്) | | |
| | *മക്കൾ :* | **1. ബിജു ഫിലിപ്പ്** | |
| | | (*ഭാര്യ :* സുജ, പുതുപ്പറമ്പിൽ) | |
| | | *മകൾ :* | **അലിന** |
| | | **2. റവ. സി. അമല** | |
| | | **3. ബീന, ചക്കുംപറമ്പിൽ** | |
| | **5. മറിയാമ്മ, മഞ്ചേരിക്കളം** | | |
| | **6. ത്രേസ്യാമ്മ, മുട്ടത്തുപാടം** | | |
| **IV. റവ. ഫാ. ഫിലിപ്പ് ഒളശ്ശയിൽ** | | | |

# വർഗ്ഗീസ് തോമ്മാ
## (1855-1947)



കൊച്ചാണ്ടി വറീതിന്റെ പ്രഥമ വിവാഹത്തിലെ തൃതീയ പുത്രനാണ് തോമ്മാ. വിവാഹത്തിനുശേഷം തോമ്മാ പിതൃകുടുംബം വിട്ട് അന്ന് ആറാട്ടു ചിറ ഭാഗത്ത് ചെറുകരക്കുന്നിനു പടിഞ്ഞാറു വശത്ത് കുന്നിൻ ചരിവായികിടന്ന കുടുംബം വക തൈവേലിപ്പുരയിടത്തിൽ സ്ഥിരവാസം സജ്ജീകരിച്ചു. തറവാട്ടുവക കുറെ നിലവും പുരയിടത്തിനു തൊട്ട് ഉമ്പിഴിച്ചിറ പാടത്തുണ്ടായിരുന്നത് നെൽകൃഷിക്ക് പാകപ്പെടുത്തി വിളഭൂമിയാക്കി. സ്വതേ കൃഷിയിൽ വാസനയുള്ള ഒരു ചെറുപ്പക്കാരനായിരുന്നു തോമ്മാ. തനിക്ക് കിട്ടിയ കരഭാഗവും, നിലവും കൃഷിയോഗ്യമാക്കി വർഷം തോറും നല്ല വിളവെടുത്തു വന്നു. പുരയിടത്തിൽ തെങ്ങ്, കവുങ്ങ് മറ്റു ഫലവൃക്ഷങ്ങൾ ഇവനട്ടുവളർത്തി ഭാവിക്കുള്ള വരുമാന മാർഗ്ഗവും ഉറപ്പിച്ചു. തന്റെ വാസസ്ഥാനത്തിന് കിഴക്കുവശം കിടന്ന ചെറുകരക്കുന്ന് ഉൾപ്പെടെയുള്ള കുന്നുകളും, തകിടികളും ആ കാലത്തു തരിശായി കിടന്നതുകൊണ്ട് കന്നുകാലികളെ വളർത്താനും അദ്ദേഹത്തിന് സൗകര്യം ലഭിച്ചു. കന്നുകാലിപ്പറ്റങ്ങൾ അന്നത്തെ പല കുടുംബങ്ങൾക്കും ഒരു സ്വത്തിനമായിരുന്നു. തോമ്മായുടെ കാർഷികവൃത്തിയിൽ സഹായിക്കാൻ തറവാട്ടടിയാന്മാരും വേണ്ട പോലെ സഹകരിച്ചു. ഇതിനും പുറമെ മക്കളിൽ രണ്ടു പേർ ദേഹാദ്ധ്വാനത്തിന് തയ്യാറായി കൃഷിരംഗത്തിറങ്ങി. തത്ഫലമായി തോമ്മായുടെ സാമ്പത്തിക ഭദ്രത ഉറപ്പായി. ഇതരശാഖാകുടുംബങ്ങളെ അപേക്ഷിച്ച് അദ്ദേഹത്തിനായിരുന്നു ആ കാലങ്ങളിൽ കൂടുതൽ സാമ്പത്തിക ഭദ്രത. സഹധർമ്മിണി കിടങ്ങറ വല്യാറയിൽ മറിയാമ്മയായിരുന്നു. ആറു സന്താനങ്ങൾ അവർക്ക് ലഭിച്ചു അതിൽ രണ്ടുപേരെ അദ്ദേഹം ഇംഗ്ലീഷ് പഠനത്തിനയച്ചു. ഈ രണ്ടുപേരിൽ ഒരാൾ വൈദികാന്തസ്സിൽ പ്രവേശിച്ചു. ഇതരൻ ഹൈസ്കൂൾ ക്ലാസ്സിൽ എത്തി പഠനം അവസാനിപ്പിച്ച് പിതാവിന്റെ കൃഷികാര്യാദികളിൽ ഭാഗഭാക്കായി.

ദീർഘായുഷ്മാനായി ജീവിച്ച അദ്ദേഹം രണ്ടു മൂന്നു കൊല്ലം കിടക്കയിൽ കിടന്ന് വിഷമിക്കേണ്ടിവന്നു. അക്കാലത്ത് ഒരു ദിവസം അന്നത്തെ ചങ്ങനാശ്ശേരി മെത്രാനായിരുന്ന കാളാശ്ശേരി പിതാവ് രോഗിയെ വീട്ടിൽ സന്ദർശിച്ച് ആശീർവ്വദിക്കുകയുണ്ടായി. തന്റെ മകൻ ഫിലിപ്പ് അച്ചനും അപ്പോൾ പിതാവിന്റെ കൂടെയുണ്ടായിരുന്നു. 1947 ആഗസ്റ്റ് 8-ാം തീയതി മരിച്ച അദ്ദേഹത്തിന്റെ ശവസംസ്ക്കാരം മകൻ ഫിലിപ്പ് അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ ചങ്ങനാശ്ശേരി പള്ളി സിമിത്തേരിയിൽ നടന്നു.

ആൺ മക്കൾ :
1. തോമ്മാ വർഗ്ഗീസ്
2. തോമ്മാ തോമ്മാ
3. തോമ്മാ സ്കറിയാ
4. റവ. ഫാ. ഫിലിപ്പ് ഒളശ്ശയിൽ

പെൺ മക്കൾ : 1. അന്നമ്മ
2. മറിയക്കുട്ടി
3. ത്രേസ്യാമ്മ

അന്നമ്മയെ ചെത്തിപ്പുഴ തച്ചങ്കേരിയിൽ ചാണ്ടി വിവാഹം ചെയ്തു. ത്രേസ്യാമ്മയെ ഇത്തിത്താനത്തു ചാലയ്ക്കൽ വിവാഹം കഴിച്ചയച്ചു. ഭർത്താവിന്റെ മരണശേഷം പുളിങ്കുന്നിലാണ് കെട്ടിച്ചയച്ചത്.

## I. തോമ്മാ വർഗ്ഗീസ് (വറീച്ചൻ)

ചെറുകരക്കുന്നിന് പടിഞ്ഞാറു വശത്ത് താമസമാക്കിയ വർഗ്ഗീസ് തോമ്മായുടെ അരുമ സന്താനമായ തോമ്മാ വർഗ്ഗീസ് കാർഷിക വൃത്തിയിൽ ചെറുപ്പത്തിലേ പ്രവേശിച്ച് കാര്യമായ നേട്ടത്തിന് അർഹനായി.

വളക്കൂറുള്ള പുതുഭൂമിയായിരുന്നു കുടുംബത്തിനുണ്ടായിരുന്നത്. ജൈവവളത്തിന്റെ ഉൽപാദനത്തിന് സ്വന്തം കന്നുകാലിപ്പറ്റം പ്രയോജനപ്പെട്ടു. വർഗ്ഗീസ് ദേഹാദ്ധ്വാനത്തിന് സന്നദ്ധനായി പാടത്തുപണിയെടുത്ത് മറ്റുള്ളവരെ പ്രോത്സാഹിപ്പിച്ചു. നല്ല വിളവു കൊയ്തു. ഭവനത്തിലെ നെല്ലറനിറഞ്ഞു. വീട്ടിലെ നിത്യച്ചെലവിനു മാത്രമല്ല വിൽക്കാനും നെല്ല് മിച്ചമുണ്ടായി. മാവ്, പ്ലാവ് മുതലായ ഫലവൃക്ഷങ്ങളും നട്ടുപിടിപ്പിക്കാൻ മറന്നില്ല. സ്വയം വെള്ളം കോരി വളർത്തിയ തെങ്ങിൻതൈകൾ നല്ല കായ് ഫലമുള്ള തെങ്ങുകളായി വളർന്നുയർന്നു. ഒരു ഘട്ടത്തിൽ ഒളശ്ശ തറവാട്ടിലെ ഇതരശാഖാ കുടുംബങ്ങളെ പിന്നിലാക്കത്തക്ക വിഭവശേഷിയും, ധനശേഷിയും ഈ വീട്ടിൽ യഥാർത്ഥ്യമായി. ഗ്രാമമായിരുന്ന ഉമ്പിഴിച്ചിറക്കരയിലെ നിവാസികൾ ഇദ്ദേഹത്തിന്റെ ചെയ്തികളെ മാനിച്ചിരുന്നു. കരക്കാരായ ക്രിസ്ത്യാനികളുടെ പൊതുപ്രവർത്തനത്തിനുവേണ്ടി സംഘടിപ്പിച്ച കരക്കാരുടെ യോഗത്തിന്റെ അദ്ധ്യക്ഷനായി ഇദ്ദേഹം പലകൊല്ലങ്ങൾ സേവനം അനുഷ്ഠിച്ചു. ഇദ്ദേഹത്തിന്റെ വിശ്രമ കാലത്ത് തന്റെ നിലത്തിന്റെ കുറെഭാഗവും കരഭൂമിയുടെ അധിക ഭാഗവും, വസിച്ചിരുന്ന വീടും കൊല്ലം എറണാകുളം റെയിൽവേ ലൈനിന്റെ നിർമ്മാണത്തിന് വിട്ടുകൊടുക്കേണ്ടി വന്നു. പൊന്നും വിലയായി ഒരു തുക കിട്ടിയെങ്കിലും, ഈ മനഃപീഡയിൽ വാർദ്ധ്യക്യത്തെ നേരിട്ടുകൊണ്ടിരിക്കുമ്പോൾ 16-11-1955 ൽ ഇദ്ദേഹം മൃതിയടഞ്ഞു. തന്റെ അനുജൻ വൈദികൻ ബ. ഫിലിപ്പ് അച്ചന്റെ പ്രധാന കാർമ്മികത്വത്തിലായിരുന്നു ശവസംസ്ക്കാരം. അദ്ദേഹത്തിന്റെ സഹധർമ്മിണി 1961 ഓഗസ്റ്റ് 1-ാം തീയതി നിര്യാതയായി. സ്ഥലത്തെ കണ്ടങ്കരി കുടുംബാംഗമായിരുന്നു അവർ

മക്കൾ : 1. ഒ. വി. തോമസ്
2. ഒ. വി. ചാണ്ടി
3. മാമ്മി (പടിഞ്ഞാറേക്കര, എടത്വ)
4. ആനിമ്മ (മണിമലപറമ്പിൽ, വട്ടുകുളം, കടപ്പൂര്)

### 1. ഒ. വി. തോമസ് (തോമ്മാച്ചൻ)

തോമ്മാ വർഗ്ഗീസിന്റെ പ്രഥമ പുത്രനാണു തോമ്മാച്ചൻ. ജനനം 1919 മേയ് 20 ന്. താമസം ചാമൻപതാലിൽ. ഭാര്യ മറിയമ്മ (കുഴിമണ്ണിൽ, പായിപ്പാട്)

മക്കൾ :

1. മോളി (W/o വർഗ്ഗീസ്, കടമാംപാതലിൽ, പത്തനംതിട്ട)
2. ജോളി (W/o ജേക്കബ്, താഴത്തേകൂറ്റ്, മുക്കൂട്ടുതറ)
3. ജോർജ് തോമസ്
4. അന്നമ്മ (W/o ഡോമിനിക്ക്, തടത്തിലാനിക്കൽ, പൊൻകുന്നം)
5. റോസി (W/o വിൻസെന്റ്, തോപ്പിൽ, ഇരിങ്ങാലക്കുട)
6. ഫിലിപ്പ് തോമസ്
7. ജിജി തോമസ്

## 2. ഒ. വി. ചാണ്ടി (ചാണ്ടിച്ചൻ)

ചാണ്ടിച്ചൻ 1931 ഒക്ടോബർ മാസം 18-ാം തീയതി ജാതനായി. 1962 ഒക്ടോബർ 7-ാം തീയതി നാലുകോടി വലിയപറമ്പിൽ നിക്കോളാസിന്റേയും, റോസമ്മയുടെയും മകൾ സിസിലിയെ വിവാഹം ചെയ്തു. കുടുംബസംഘടനയുടെ ആദ്യകാലങ്ങളിൽ സെക്രട്ടറിയായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. ഇദ്ദേഹത്തിന്റെ ശ്രമഫലമായിട്ടാണ് കുടുംബ നിയമാവലി പ്രസിദ്ധീകരിച്ചത്.

മക്കൾ :

1. സാലി (W/o ബാബു, വെട്ടക്കാട്ടിൽ, ചേർത്തല)
2. ജയമ്മ (W/o ബേബി, പുളിയ്ക്കപ്പറമ്പിൽ, എടത്വ)
3. ഷാജി
4. ബെറ്റി (W/o ജോപ്പൻ, കാളത്ര, പരിപ്പ്)
5. മിനി
6. സിനി
7. ലിറ്റി
8. ഫിലിപ്പ്
9. അൽഫോൻസ്

# II. തോമ്മാ തോമ്മാ

വർഗീസ് തോമ്മായുടെ രണ്ടാമത്തെ പുത്രനായ തോമ്മായെപ്പറ്റി അല്പമായി മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.

ബാല്യകാലത്ത് കൂടുതൽ വിദ്യനേടുന്നതിനു പകരം പട്ടണങ്ങളിൽ എവിടെയെങ്കിലും വ്യാവസായിക തൊഴിലുകളിൽ ചരിചയം നേടാനായിരുന്നു താൽപര്യം. ആ ഉദ്ദേശ്യത്തോടെ ചിലപ്പോഴൊക്കെ കൊല്ലത്തുപോയി അവിടെ കുറെ ദിവസം തങ്ങിയശേഷം തിരിച്ചുവന്നു വീട്ടിൽ നിൽക്കും. കുറെ ദിവസം കഴിഞ്ഞു വീണ്ടും പോകും ഇതായിരുന്നു ആ പ്രായത്തിലെ ജീവിതരീതി. ഈ സ്ഥിതി തുടർന്നാൽ തനിക്കുതന്നെ വിപത്താകുമെന്ന് മനസ്സിലാക്കിയ തോമ്മാ കൊല്ലത്ത് ജോലികൾ ചെയ്തു നിത്യാവശ്യങ്ങൾക്കുള്ള വരുമാനം സമ്പാദിക്കാൻ അവിടെ സ്ഥിരവാസമാക്കി. കൊല്ലത്തു നിന്നുതന്നെ വിവാഹം കഴിച്ചു. ഒരാൺകുട്ടിയും, ഒരുപെൺകുട്ടിയും ഉണ്ടായിരുന്ന ഒരു വിധവയായിരുന്നു ആ ജീവിതസഖി.

അവരുമായി ഒന്നുചേർന്ന് ശിഷ്ടായുസ്സ് മുഴുവനും കൊല്ലത്തും ആലപ്പുഴയിലുമായി ജീവിച്ചു. കൊല്ലത്തുവെച്ച് രോഗം പിടിപെട്ടു അസുഖമായി കിടക്കുമ്പോൾ പെട്ടെന്ന് മരണത്തിന് ഇരയായി.

## III. തോമ്മാ സ്കറിയാ



റോസമ്മ തോമസ്

സഹോദരങ്ങളിൽ മൂന്നാമനാണ് സ്കറിയാ. മലയാളം പഠിച്ചശേഷം സെന്റ് ബർക്ക്മാൻസ് ഹൈസ്കൂളിൽ ഫോർത്തു ഫോറം വരെ പഠിച്ചു. ഹൈസ്കൂളിൽ വിദ്യാർത്ഥിയായി കഴിഞ്ഞിരുന്ന കാലത്ത് സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളിലും ഒരു നേതാവായിട്ടാണ് മുന്നിട്ടു പ്രവർത്തിച്ചിരുന്നത്. ചെറുപ്പത്തിലേ ജ്യേഷ്ഠനെ സഹായിച്ചുകൊണ്ട് കൃഷിയിൽ വ്യാപൃതനായി. സ്ഥലത്ത് ഗ്രാമീണരുടെ സാമൂഹികചലനങ്ങളിലും നേതൃസ്ഥാനത്തുനിന്ന് സഹകരിച്ചു.

ഇദ്ദേഹം ചങ്ങനാശ്ശേരിയിൽ നിന്നുതന്നെ വിവാഹം കഴിച്ചു. ഭാര്യ കുരിശുംമൂട് എന്ന കുടുംബത്തിലെ റോസമ്മയായിരുന്നു.

കുടുംബത്തിൽ പിതാവിന്റെയും മാതാവിന്റെയും കൂടെ ഏതാനും കൊല്ലം ജീവിച്ചശേഷം പട്ടത്തിമുക്കിൽ സ്ത്രീധനമായി കിട്ടിയ പുരയിടത്തിലേക്ക് മാറിത്താമസിച്ചു. ഈ വസ്തുവിന്റെ മുൻ ഉടമസ്ഥന് ചക്കര വ്യാപാരമായിരുന്നു. അതിനാൽ ഈ പുരയിടത്തിന് ചക്കരപ്പുരയിടം എന്ന പേരുണ്ടായി. രണ്ടേക്കറിൽ അധികമുള്ള ഭൂമിയിൽ തെങ്ങു കൃഷിയും മറ്റ് ആദായകരമായ പല കൃഷികളും ചെയ്ത് ഉപജീവനത്തിന് വകയുണ്ടാക്കാൻ സ്കറിയാ കർമ്മോത്സുകനായി. കുടുംബ സ്വത്തിനത്തിൽ കിട്ടിയ മുണ്ടകൻ നിലത്തിൽ നിന്നും പരമാവധി വിളവെടുക്കാനും പണിയെടുത്തു.

പെട്ടന്നാണ് അദ്ദേഹം മരണമടഞ്ഞത്. സംസ്കാരം അനുജൻ ഫാദർ ഫിലിപ്പിന്റെ കാർമ്മികത്വത്തിൽ നടത്തി.

മക്കൾ :

1. ഒ. എസ്സ് തോമസ്
2. ഒ. എസ്സ്. മാത്യു
3. ഒ. എസ്സ്. ആന്റണി
4. ഒ. എസ്സ്. ഫിലിപ്പ്
5. മറിയമ്മ, മഞ്ചേരിക്കളം
6. ത്രേസ്യാമ്മ, മുട്ടത്തുപാടം



### 1. ഒ. എസ്സ്. തോമസ് (ലൂക്കാച്ചൻ)

ലൂക്കാച്ചൻ തോമ്മാ സ്കറിയായുടെയും, റോസമ്മയുടെയും സീമന്തപുത്രനായി 1921 മെയ് മാസം 16-ാം തീയതി ജാതനായി. വിദ്യാഭ്യാസാനന്തരം കച്ചവടരംഗത്ത് പ്രവർത്തിച്ചു. വിവിധ കച്ചവടങ്ങൾ നടത്തിവന്നു. ചങ്ങനാശ്ശേരി കാവാലം പുത്തൻപറമ്പിൽ മറിയാമ്മയെ 1949 സെപ്റ്റംബർ 20 ന് വിവാഹം ചെയ്തു. ലൂക്കാച്ചൻ 1975 ഡിസംബർ 26 ന് മരണമടഞ്ഞു.

മക്കൾ :
1. സ്കറിയാ തോമസ് (ബാബു)
2. ഒ. റ്റി. മാത്യു (റ്റോമിച്ചൻ)
3. ഒ. റ്റി. വർഗ്ഗീസ് (തങ്കച്ചൻ)
4. ഫിലിപ്പ് തോമസ് (ലാലിച്ചൻ)
5. റെജി റ്റി. ഒളശ്ശ
6. റോസമ്മ തോമസ്
(W/o തോമസ് ജോർജ്, പടിപ്പുരയ്ക്കൽ സത്രത്തിൽ, കായംകുളം)

### 1. സ്കറിയാ തോമസ് (ബാബു)

ലൂക്കാച്ചന്റെ മൂത്ത പുത്രനായ ബാബു 1950 ഡിസംബർ 5 ന് ജാതനായി. പത്തനാട്ട് സോമില്ലും തടിഡിപ്പോയും നടത്തിയിരുന്നു. ഇപ്പോൾ പലചരക്ക് വ്യാപാരം നടത്തുന്നു. ബാബു 1979 ജനുവരി മാസം 15-ാം തീയതി തോട്ടയ്ക്കാട് വിലങ്ങുപാറയ്ക്കൽ കുര്യന്റെയും മറിയാമ്മയുടെയും മകൾ ജെസിയെ വിവാഹം ചെയ്തു.

മക്കൾ :
1. റ്റെഡി സ്കറിയാ (കച്ചവടം)
2. റ്റിന്റു സ്കറിയാ (വിദ്യാർത്ഥിനി)
3. റ്റെസ്സ് സ്കറിയാ (വിദ്യാർത്ഥിനി)

### 2. ഒ. റ്റി. മാത്യു (റ്റോമിച്ചൻ)

രണ്ടാമത്തെ പുത്രനായ റ്റോമിച്ചൻ 1956 ജൂലൈ 10 ന് ജാതനായി. B. Com. ബിരുദം നേടി. ഇപ്പോൾ കച്ചവടത്തിലേർപ്പെട്ടിരിക്കുന്നു. 1987 ജൂലൈ 26 ന് വിവാഹിതനായി. റ്റോമിച്ചന്റെ ഭാര്യ ലിസ്സി തോട്ടയ്ക്കാട് ചോതിരക്കുന്നേൽ സി. വി. മാത്യുവിന്റെയും, മേരിക്കുട്ടിയുടെയും മകളാണ്.

മക്കൾ :
1. ബോണി എം. ഒളശ്ശ (വിദ്യാർത്ഥി)
2. ബ്ലസ്സി എം. ഒളശ്ശ (വിദ്യാർത്ഥിനി)
3. ബിനി എം. ഒളശ്ശ

### 3. ഒ. റ്റി. വർഗ്ഗീസ് (തങ്കച്ചൻ)

മാതാപിതാക്കളുടെ മൂന്നാമത്തെ പുത്രൻ തങ്കച്ചൻ 1959 ജനുവരി 15 ന് ജാതനായി. B. Sc. ബിരുദത്തിനുശേഷം കച്ചവടത്തിൽ ഏർപ്പെട്ടു. 1990 ഓഗസ്റ്റ് 15-ാം തീയതി ചങ്ങനാശ്ശേരി ചങ്ങങ്കേരിയിൽ ജോസഫിന്റെയും മറിയാമ്മയുടെയും മകൾ ഡെയ്സിയെ വിവാഹം ചെയ്തു.

മക്കൾ :
1. റ്റോണി വർഗ്ഗീസ് (വിദ്യാർത്ഥി)
2. റ്റീനാ വർഗ്ഗീസ് (വിദ്യാർത്ഥിനി)

### 4. ഫിലിപ്പ് തോമസ് (ലാലിച്ചൻ)

ലാലിച്ചൻ 1965 സെപ്റ്റംബർ 1-ാം തീയതി ജനിച്ചു. വിദ്യാഭ്യാസാനന്തരം കച്ചവടത്തിലേർപ്പെട്ടു. 1996 ജനുവരി 7-ാം തീയതി വിവാഹിതനായി. പായിപ്പാട് വലിയപറമ്പിൽ

സെബാസ്റ്റ്യന്റെയും അന്നമ്മയുടെയും മകൾ മിനിയാണ് ഭാര്യ.

മക്കൾ : 1. ലിൻഡാ ഫിലിപ്പ്
2. ലിറ്റോ ഫിലിപ്പ്

### 4. റെജി റ്റി. ഒളശ്ശ

മാതാപിതാക്കളുടെ ഇളയമകനായ റെജി 1970 ആഗസ്റ്റ് 8-ാം തീയതി ജാതനായി. B. Com. ബിരുദത്തിനുശേഷം I.T.I. (Civil) പാസ്സായി. ഇപ്പോൾ കുവൈറ്റിലെ ഒരു ഇലക്ട്രോണിക്സ് സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. റെജി 2002 ജനുവരി 17-ാം തീയതി ചങ്ങനാശ്ശേരി കല്ലുകുളം കുടുംബത്തിൽ കെ. എ. ജോസഫിന്റെയും കുഞ്ഞമ്മയുടെയും മകൾ ബിന്നിയെ വിവാഹം ചെയ്തു. ബിന്നി കുവൈറ്റിൽ നേഴ്സായി ജോലി നോക്കുന്നു.

## 2. ഒ. എസ്സ്. ആന്റണി (അന്തോനിച്ചൻ)

തോമ്മാ സ്കറിയയുടെയും റോസമ്മയുടെയും മൂന്നാമത്തെ മകനായി സ്കറിയാ ആന്റണി 1938 ൽ ജാതനായി. 1964 ൽ മാടപ്പള്ളി എത്തക്കാട്ട് ആന്റണിയുടെയും ഏലിയാമ്മയുടെയും മകൾ മറിയമ്മയെ വിവാഹം ചെയ്തു. ചങ്ങനാശ്ശേരിയിലെ കുടുംബസ്വത്തുവിറ്റ് 1970 ൽ കുറുമ്പനാടത്തു സ്ഥലം വാങ്ങി കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നു.

മക്കൾ : 1. സോണി ആന്റണി (യൗവ്വന മരണം)
2. സോജൻ ആന്റണി
3. സോജി ആന്റണി
4. സോഫി (W/o അലക്സ്, പടിയറ, മണിമല)

### 1. സോജൻ ആന്റണി

സോജൻ 1971 ഡിസംബർ 12 ന് മാതാപിതാക്കളുടെ രണ്ടാമത്തെ പുത്രനായി ജനിച്ചു. കോളേജ് വിദ്യാഭ്യാസത്തിനുശേഷം ഇപ്പോൾ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നു. സോജന്റെ വിവാഹം 13.9.1999 ലായിരുന്നു. ഭാര്യ ലൈസ അറഞ്ഞനാൽ തോമസ് വർക്കിയുടെയും ഏലിയാമ്മയുടെയും മകളാണ്

മകൾ : സോന

### 2. സോജി ആന്റണി

മൂന്നാമത്തെ പുത്രനായ സോജി 1974 ആഗസ്റ്റ് 8 ന് ജാതനായി. കോളേജ് വിദ്യാഭ്യാസത്തിനുശേഷം ITI (RAC) പഠിച്ച് കുവൈറ്റിൽ ജോലി നോക്കുന്നു.

## 3. ഒ. എസ്സ്. ഫിലിപ്പ് (കുഞ്ഞച്ചൻ)

മാതാപിതാക്കളുടെ ഏറ്റവും ഇളയ പുത്രനായ കുഞ്ഞച്ചൻ എന്നുവിളിക്കുന്ന ഒ. എസ്സ് ഫിലിപ്പ് 1947 ഓഗസ്റ്റ് മാസത്തിൽ ജാതനായി. കുഞ്ഞച്ചൻ 1972 ഫെബ്രുവരി 14-ാം തീയതി തോട്ടയ്ക്കാട് വടക്കേക്കുറ്റ് തോമസ്-ക്ലാരമ്മ ദമ്പതികളുടെ മകൾ അമ്മിണിയെ വിവാഹം ചെയ്തു. ഇപ്പോൾ വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്നു.

മക്കൾ : 1. ബിജു ഫിലിപ്പ്
2. സിസ്റ്റർ അമല ഒളശ്ശ
3. ബീനാ ഫിലിപ്പ് (W/o അനിൽ സി. റ്റി., ചക്കുംപറമ്പിൽ)

## 1. ബിജു ഫിലിപ്പ്

കുഞ്ഞച്ചന്റെ ഏകപുത്രനായ ബിജു 1973 ഡിസംബർ 16 ന് ജനിച്ചു. കോളേജ് വിദ്യാഭ്യാസത്തിനുശേഷം Automboile സാങ്കേതിക വിദ്യനേടി. ബിജു 2000 ഡിസംബർ 28-ാം തീയതി വിവാഹിതനായി. ഭാര്യ കുറുമ്പനാടം പുതുപ്പറമ്പിൽ സുജയാണ്.

മകൾ : അലിന

## 2. റവ. സി. അമല, ഒളശ്ശ

കുഞ്ഞച്ചന്റെയും, അമ്മിണിയുടെയും മകൾ അമല, 1978 ജനുവരി 5ന് ജനിച്ചു. 1998 ഫെബ്രുവരി 21 ന് സഭാ വസ്ത്രം സ്വീകരിച്ചു. ഇപ്പോൾ അമലഗിരി കോളേജിൽ B.A. യ്ക്കു പഠിക്കുന്നു.













## IV. റവ. ഫാ. ഫിലിപ്പ് ഒളശ്ശയിൽ (പോത്തച്ചൻ)



വീട്ടിലെ ഏറ്റവും ഇളയവനായ ഫിലിപ്പ് 25-12-1895 ൽ ജാതനായി. പോത്തച്ചൻ എന്നായിരുന്നു ഓമനപ്പേര്. സ്ഥലത്തെ ആശാൻ കളരിയിലും, മലയാളം സ്കൂളിലും സെന്റ് ബർക്ക്മാൻസ് ഇംഗ്ലീഷ് സ്കൂളിലും പഠിച്ചു വിദ്യാഭ്യാസം പൂർത്തിയാക്കി.

ഹൈസ്കൂളിൽ ആയിരുന്നപ്പോൾ വൈദികനാകാൻ ആഗ്രഹം മുളയിട്ടു. എന്നാൽ അതാരോടും അറിയിക്കാതെ ദൈവപ്രസാദത്തിൽ വളരാനുള്ള ഭക്തികർമ്മങ്ങളിൽ ജാഗ്രതകാട്ടി. അന്തരിച്ചുപോയ തന്റെ പിതൃസഹോദരന്മാരായ സ്കറിയാ കത്തനാരും, ഫാദർ ഒ. പി. തോമസും തനിക്ക് വൈദികാന്തസ്സ് സ്വീകരിക്കാൻ പ്രേരകങ്ങളായിഭവിച്ചു.

സെന്റ് ബർക്ക്മാൻസ് ഇംഗ്ലീഷ് സ്കൂളിൽ അവസാന ക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് വൈദിക സെമിനാരിയിൽ ചേരാൻ അവസാന തീരുമാനം എടുത്തത്. സെമിനാരിയിൽ പ്രവേശിച്ചത് 1921 ലാണ്. 1932 ഡിസംബർ 18 നു ഗുരുപ്പട്ടം സ്വീകരിച്ചു.

ശാന്തമായ ഒരു വൈദിക ജീവിതമാണ് അദ്ദേഹം അഭിലഷിച്ചത്. സ്ഥാനമാനങ്ങളിലൊന്നും ഭ്രമമില്ലായിരുന്നു. മേലദ്ധ്യക്ഷനെ അനുസരിച്ച് തന്റെ ചുമതലയിൽ ഏല്പിക്കപ്പെട്ട വിശ്വാസികളെ ക്രിസ്തുവിന്റെ രക്ഷാകരമാർഗ്ഗത്തിലൂടെ നയിച്ച് സ്നേഹത്തിലും, വിശ്വാസത്തിലും ഉയർത്തി സ്വർഗ്ഗാവകാശികളാക്കുക അതു മാത്രമായിരുന്നു തന്റെ ഏക ലക്ഷ്യം. സൗമ്യനും ശാന്തപ്രകൃതക്കാരനുമായിരുന്നു ബഹു. ഫിലിപ്പച്ചൻ.

അദ്ദേഹത്തിന്റെ സ്നേഹം സ്വന്തം സഹോദരങ്ങളോടും അടുത്തവരോടും മാത്രമായി ചുരുങ്ങിനിന്ന ഒന്നല്ല. ഒരു മനുഷ്യസ്നേഹിയായിരുന്നു അദ്ദേഹം.

ചമ്പക്കുളം, മിത്രക്കരി, പുതുക്കരി, തെക്കേക്കര, കൈനകരി, കിടങ്ങറ, വേഴപ്രാ, അതിരമ്പുഴ, ഇത്തിത്താനം, കുത്രപ്പള്ളി, നെടുംകുന്നം എന്നീ പള്ളികളിൽ അദ്ദേഹം അജപാലനം നിർവ്വഹിച്ചു.

എല്ലാവരോടും അവരുടെ കഷ്ടപ്പാടുകളിൽ അദ്ദേഹം സഹതാപം കാണിച്ചിരുന്നു. 92 വയസ്സ് പ്രായം ഉണ്ടായിരുന്ന പിതാവ് തളർവാത രോഗം പിടിപെട്ടു ശയ്യാവലംബിയായപ്പോൾ പിതാവിനെ പരിചരിക്കുവാനും, ആശ്വസിപ്പിക്കാനും മുന്നിൽ തന്നെ നിന്നു. തന്റെ കയ്യാൽ തന്നെ പിതാവിന് അന്ത്യ ശുശ്രൂഷകൾ നൽകി. പിതാവ് ദീന ശയ്യയിലായിരുന്ന ഒരു ദിവസം അന്നു മെത്രാനായിരുന്ന കുര്യാളശ്ശേരി പിതാവ് വീട്ടിൽ ചെന്ന് ശയ്യാവലംബിയായ വൃദ്ധരോഗിയെ ആശീർവദിക്കയും അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. പിതാവിന്റെ സംസ്ക്കരണ ശുശ്രൂഷയിലെ പ്രധാന കാർമ്മികൻ പുത്രനായ ഫിലിപ്പ് അച്ചൻ തന്നെയായിരുന്നു.

ശരിയായ ശരീരാരോഗ്യം അദ്ദേഹത്തെ അനുഗ്രഹിച്ചു എന്നു പറഞ്ഞുകൂടാ. വാതവും അതുമായി ബന്ധപ്പെട്ട രോഗങ്ങളും അദ്ദേഹത്തെ ബാധിച്ചിരുന്നു. ഫലിത

പ്രിയനായിരുന്ന പോത്തച്ചൻ വാതരോഗമായി കിടക്കുമ്പോൾ വേദനയെല്ലാം കടിച്ചിറക്കി സന്ദർശകരോടു തമാശ പറഞ്ഞു അവരെ സന്തോഷിപ്പിക്കയാണ് ചെയ്തത്.

ആശുപത്രിയിൽ ആയിരിക്കുമ്പോൾ കാവുകാട്ടു മെത്രാപ്പോലീത്താ തിരുമേനി അദേഹത്തെ സന്ദർശിച്ചു. അത്യാസന്നമാണ് മരണം എന്നറിഞ്ഞ് ആ പിതാവ് അന്ത്യകൂദാശകൾ കൊടുത്ത് പ്രാർത്ഥനനടത്തി. അന്ന് രാത്രി ഒൻപതുമണിക്ക് ബഹു. പോത്തച്ചൻ സ്വർഗ്ഗപ്രാപ്തനായി.

പിറ്റേ ദിവസം ചങ്ങനാശ്ശേരി പള്ളി സിമിത്തേരിയിൽ അദ്ദേഹത്തെ സംസ്കരിച്ചു. അപ്പോൾ ജീവിച്ചിരുന്ന ഒളശ്ശയിൽ കുടുംബത്തിലെ മൂന്നച്ചന്മാരും, അതിൽ സംബന്ധിച്ചു. മറ്റ് അനേക വൈദികരും, കന്യാസ്ത്രീകളും, തിരുമേനിമാരും വിലാപയാത്രയിൽ പങ്ക് ചേർന്ന് പ്രാർത്ഥനകളിൽ സഹകരിച്ചു.

# കൊച്ചാണ്ടി വറീതിന്റെ നാലാമത്തെ മകൻ വർഗ്ഗീസ് കുരുവിള (7-ാം തലമുറ)

(ഭാര്യ : അന്നമ്മ, ഇടനാട്)

*മക്കൾ* **I.** ഒ. സി. ജോസഫ്
**II.** ഒ. സി. വർഗ്ഗീസ്
**III.** ഒ. സി. തോമസ് (തോമസ് ശെമ്മാശ്ശൻ)

| *8-ാം തലമുറ* | *9-ാം തലമുറ* | *10-ാം തലമുറ* | *11-ാം തലമുറ* |
|---|---|---|---|

**I.** ഒ. സി. ജോസഫ്
(*ഭാര്യ* : മറിയാമ്മ, പാലാക്കുന്നേൽ, മാമ്മൂട്)
*മക്കൾ* :
**1.** ഒ. ജെ. കുരുവിള
(*ഭാര്യ* : മേരിക്കുട്ടി, തരകൻ, പൂവത്തൂകാരൻ, ചെങ്ങാലൂർ)
*മക്കൾ*
**1.** ഡോ. ഒ. സി. ജോയിസ് (അവിവാഹിതൻ)
**2.** ലീലാമ്മ തോമസ്, വീട്ടുവേലിക്കുന്നേൽ, ചങ്ങനാശ്ശേരി
**3.** ഫെൽസി മാത്യൂസ്, വെള്ളപ്പാണിയിൽ, ആർപ്പൂക്കര
**4.** ഡോ. ഒ. സി. ഷാനി
(*ഭാര്യ* : ഡോ. തെരേസ, മാറാട്ടുകുളം, ചങ്ങനാശ്ശേരി)
*മക്കൾ* :
**1.** ഡോ. സതീഷ് കുമാർ എസ്.
(*ഭാര്യ* : ഡോ. മഞ്ജു, ഇലഞ്ഞിക്കൽ)
**2.** സരിത, (മാൻകുളങ്ങര, തിരുവനന്തപുരം)
**5.** ജോർജ് കുരുവിള
(*ഭാര്യ* : മോളി, ചേന്നങ്കര, എടത്വാ)
*മക്കൾ* :
**1.** പിങ്കി
**2.** ദീപു
**6.** പുഷ്പമ്മ ജോർജ്, വീട്ടുവേലിക്കുന്നേൽ
**7.** രാജമ്മ ബാബു, ഓരിയാങ്കുന്നത്ത്, കാഞ്ഞിരപ്പള്ളി
**8.** ബാബു കുരുവിള
(*ഭാര്യ* : ലിസി, കലേക്കാട്ടിൽ, കുമണ്ണൂർ)

| *8-ാം തലമുറ* | *9-ാം തലമുറ* | *10-ാം തലമുറ* | *11-ാം തലമുറ* |
|---|---|---|---|
| | | *മക്കൾ* : | **1. ഡെന്നീസ്** |
| | | | **2. ഡോണി** |
| | **2. അന്നമ്മ അഗസ്റ്റിൻ, കൊച്ചുകാക്കനാട്, പാലാ** | | |
| | **3. റവ. സി. ജോസ് മേരി, ആരാധനമഠം** | | |
| | **4. ത്രേസ്യാമ്മ ജോർജ്, വടശ്ശേരി, പൊൻകുന്നം** | | |
| | **5. ഒ. ജെ. ജോസഫ്** | | |
| | (*ഭാര്യ* : മേരിക്കുട്ടി, കാരിക്കാച്ചിറ, കൈനടി) | | |
| | *മക്കൾ* : | **1. ഒ. ജെ. ജെയിംസ്** | |
| | | (*ഭാര്യ* : അന്നമ്മ, മുട്ടത്തേട്ട്) | |
| | | *മക്കൾ* : | **1. ജോസി** |
| | | | **2. സൻസി** |
| | | **2. ഒ. ജെ. ലാലപ്പൻ** | |
| | | (*ഭാര്യ* : റോസമ്മ, അടവിച്ചിറയിൽ) | |
| | | *മകൻ* : | **ലാൽ അലക്സ്** |
| | | **3. മനോജ് ജെ. ഒളശ്ശയിൽ** | |
| | | (*ഭാര്യ* : ജയ, മങ്ങാട്ട്, തൃക്കൊടിത്താനം) | |
| | | **4. ലൗലി ജേക്കബ്** | |
| | | (കണിയാംപറമ്പിൽ, കുന്നംകരി) | |
| | **6. ഏലിക്കുട്ടി** | | |
| | **7. ഒ. ജെ. തോമസ്** | | |
| | (*ഭാര്യ* : ലിസ്സിക്കുട്ടി, പുത്തനങ്ങാടി, വൈക്കം) | | |
| | *മക്കൾ* : | **1. പ്രിൻസ് തോമസ്** | |
| | | (*ഭാര്യ* : ഗ്രേസി, ചോവേലിക്കുടിയിൽ,പാലാ | |
| | | *മക്കൾ* : | **1. അഞ്ജന** |
| | | | **2. അപ്ന** |
| | | **2. സന്തോഷ് തോമസ്** | |
| | | (*ഭാര്യ* : ബിന്ദു, പുതുശ്ശേരി, എറണാകുളം) | |
| | | *മക്കൾ* : | **1. മേഗ്ന** |
| | | | **2. ആൻ** |
| | | **3. ഷാലിമോൾ ബോസ്ക്കോ, മുണ്ടയ്ക്കൽ, കോതമംഗലം** | |

| *8-ാം തലമുറ* | *9-ാം തലമുറ* | *10-ാം തലമുറ* | *11-ാം തലമുറ* |
|---|---|---|---|

**4. ലിറ്റോ തോമസ്**
(*ഭാര്യ* : ലീനറ്റ്, പടിഞ്ഞാറേക്കൂറ്റ്, മാടപ്പള്ളി)

**5. ടോഫിമോൾ ജോണി, ചാവടിയിൽ, ആലപ്പുഴ**

**II. ഒ. സി. വർഗ്ഗീസ്**
(*ഭാര്യ* : ഏലിക്കുട്ടി, പായിയ്ക്കാട്, ചങ്ങനാശ്ശേരി)
*മക്കൾ* :

**1. ഒ. വി. ജോസഫ്**
(*ഭാര്യ* : തങ്കമ്മ, വള്ളിക്കാപ്പിൽ, തീക്കോയി)

**2. ഒ. വി. കുരുവിള**
(*ഭാര്യ* : ആനിമ്മ, തുമ്പശ്ശേരിയിൽ, പുനലൂർ)
*മക്കൾ* :

**1. എലിസബത്ത് മാത്യൂ, ചന്ദ്രകുന്നേൽ**

**2. ജോർജ് കുരുവിള**
(*ഭാര്യ* : അക്കാമ്മ, പുത്തൻപുരയിൽ നടുവേലിൽ, വെളിയനാട്)
*മക്കൾ* :
**1. യെമി അന്ന**
**2. അനൂപ്**

**3. ജോസഫ് കുരുവിള**
(*ഭാര്യ* : റോഷ്നി, ആലപ്പാട്, തൃശൂർ)
*മക്കൾ* :
**1. കുരുവിള**
**2. ജോസഫ്**

**4. സെബാസ്റ്റ്യൻ കുരുവിള**
(*ഭാര്യ* : സുനിത, കോയിത്തറ, എറണാകുളം)
*മക്കൾ* :
**1. ദിയാ ആൻ**
**2. റോഷൻ**

**5. അനിറ്റ ജോർജ്, മടേലിൽ, തിരുവല്ല**

**6. ഡോ. തോമസ് കുരുവിള**
(*ഭാര്യ* : നീന, ആട്ടോക്കാരൻ, എറണാകുളം)
*മക്കൾ* :
**1. ആൻ**
**2. റാണി**

**3. ഒ. വി. സെബാസ്റ്റ്യൻ**
(*ഭാര്യ* : സിസിലി, അക്കര, ഓമല്ലൂർ)
*മക്കൾ* :

**1. ജോർജ് സെബാസ്റ്റ്യൻ**
(*ഭാര്യ* : മരീന, വടക്കുഞ്ചേരിയിൽ)

| *8-ാം തലമുറ* | *9-ാം തലമുറ* | *10-ാം തലമുറ* | *11-ാം തലമുറ* |
|---|---|---|---|
| | | *മക്കൾ :* | 1. സിസിലി |
| | | | 2. ഡേവിഡ് |
| | | 2. ജോൺ സെബാസ്റ്റ്യൻ (*ഭാര്യ :* റോസ് മേരി, പള്ളിവാതുക്കൽ, കാഞ്ഞിരപ്പള്ളി) | |
| | | *മകൾ :* | സിസിലി |
| | | 3. ജോ സെബാസ്റ്റ്യൻ (*ഭാര്യ :* ബിന്ദു, പൊറത്തൂർ) | |
| | | *മക്കൾ :* | 1. ആഷ്ന |
| | | | 2. ആദിത്യ |
| | | 4. റ്റോം സെബാസ്റ്റ്യൻ | |
| | | 5. കുരുവിള സെബാസ്റ്റ്യൻ | |
| | | 6. ജയ സെബാസ്റ്റ്യൻ, ചെങ്ങാടപ്പള്ളിൽ, കാവാലം | |
| | 4. ചിന്നമ്മ തോമസ്, കൂട്ടിയാനിയ്ക്കൽ, പാലാ | | |
| | 5. ഒ. വി. തോമസ് (*ഭാര്യ :* മേരിക്കുട്ടി, ഞാവള്ളിൽ, കാഞ്ഞിരപ്പള്ളി) | | |
| | *മക്കൾ :* | 1. ജോർജ് തോമസ് (*ഭാര്യ :* ബിന്ദു, മൊയലൻ, ഒല്ലൂർ) | |
| | | *മകൻ :* | തോമസ് ജോർജ് |
| | | 2. ലിസമ്മ ജോസഫ്, പയ്യനാട് | |
| | | 3. റ്റീന, തേവർകാട് | |
| | 6. ഒ. വി. ഫിലിപ്പ് (*ഭാര്യ :* ഏലിക്കുട്ടി, മാളിയംപുരയ്ക്കൽ, പുളിങ്കുന്ന്) | | |
| | *മക്കൾ :* | 1. വർഗ്ഗീസ് ഫിലിപ്പ് (*ഭാര്യ :* നാൻസി) | |
| | | 2. ഡോ. ജിം ഫിലിപ്പ് (*ഭാര്യ :* സുമി, കരിമ്പുഴക്കാട്, എറണാകുളം) | |
| | | 3. പ്രിയ, പട്ടേട്ട്, മാന്നാനം | |
| | 7. റോസമ്മ കുരുവിള, മാണിക്കനാംപറമ്പിൽ, എറണാകുളം | | |
| | 8. സിസ്റ്റർ മരിയ ഗ്രേസ്, ആരാധന മഠം, തുരുത്തി | | |
| III. ഒ. സി. തോമസ് (തോമസ് ശെമ്മാശ്ശൻ) | | | |

# വർഗ്ഗീസ് കുരുവിള (കുരുവിള വക്കീൽ) (1860-1916)



മുതലുപിടിക്കാരൻ കൊച്ചാണ്ടി വറിതിന്റെ രണ്ടാം വിവാഹത്തിലെ ആദ്യജാതനാണു കുരുവിള. ജീവിച്ച കാലത്തെ ജനസഞ്ചയത്തിന്റെ അറിവും വീക്ഷണവും വച്ചു നോക്കിയാൽ ഇദ്ദേഹം പുരോഗമന ചിന്തക്കാരനും വിശാലവീക്ഷണം പുലർത്തിയിരുന്ന ഉന്നത വ്യക്തിയുമായിരുന്നുവെന്ന് തറപ്പിച്ചു പറയാം. സ്വന്തം സമൂഹത്തിന്റെ തലയെടുപ്പുള്ള ഒരു നേതാവായിരുന്നു അദ്ദേഹം. വാസനയുള്ള ബാലനാണെന്ന് മനസ്സിലാക്കിയ പിതാവ് മകനെ വിദ്യാഭ്യാസ രംഗത്ത് ഉയർത്താൻ പ്രത്യേകം ശ്രദ്ധിച്ചു. മലയാളം, തമിഴ് ഭാഷകൾക്കു പുറമെ അല്പം ഇംഗ്ലീഷും വശമാക്കി. നിയമ പഠനത്തിന് കുരുവിള തിരുവനന്തപുരത്ത് പോയി നിയമപരീക്ഷ പാസ്സായി പ്രാക്ടീസിനുള്ള യോഗ്യത നേടി. എന്നാൽ അന്ന് ചങ്ങനാശ്ശേരിയിൽ സിവിൾ കോടതി തുറക്കപ്പെട്ടിരുന്നില്ല. തിരുവല്ലാ സിവിൾ കോടതിയുടെ അധികാരാതിർത്തിയിലായിരുന്നു ചങ്ങനാശ്ശേരി. അതുകൊണ്ട് പ്രാക്ടീസിന് തുടക്കം കുറിച്ചത് തിരുവല്ലാ കോടതിയിലായിരുന്നു. ചങ്ങനാശ്ശേരിയിൽ മജിസ്ട്രേട്ട് കോടതിയും, സിവിൾ കോടതിയും അധികതാമസം കൂടാതെ സ്ഥാപിക്കപ്പെട്ടു. രണ്ടുകോടതികളിൽ കേസ്സുകൾ വാദിക്കാനുള്ള അവസരം ഇതുമൂലം കൈവന്നു. ഒരു സമർത്ഥനായ വക്കീലെന്ന പേര് എടുക്കാൻ ഇദ്ദേഹത്തിന് അധികകാലം വേണ്ടിവന്നില്ല. എന്നാൽ ചെറുപ്രായത്തിൽ തന്നെ പ്രമേഹരോഗത്തിന് ഇരയാകയാൽ പ്രതീക്ഷിച്ചപോലെ ശോഭിക്കാൻ കഴിഞ്ഞില്ല.

വിവാഹശേഷമാണ് നിയമ പഠനത്തിന് തിരുവനന്തപുരത്ത് പോയത്. രണ്ടു പെൺമക്കൾ മാത്രം സന്താനങ്ങളായി ഉണ്ടായിരുന്ന. വാഴപ്പള്ളി ഇടനാട്ടു കുടുംബത്തിലെ അന്നമ്മയായിരുന്നു ഭാര്യ. ഭാര്യാ പിതാവ് മകൾക്ക് സ്ത്രീധനമായി വട്ടപ്പള്ളിയിൽ ഒരു വസ്തുവും, ഭവനവും, പണവും കൊടുത്തു. ഭവനം പുനസ്സംവിധാനം ചെയ്ത് കുരുവിളയും ഭാര്യയും സ്വതന്ത്ര കുടുംബ ജീവിതത്തിന് അവിടെ ആരംഭമിട്ടു. ഒളശ്ശയിൽ ഇടനാട്ട് വീടെന്ന് അറിയപ്പെട്ടു. പഴയ തറവാട്ടു മാളികയിൽ അറയും, നിരകൾക്കൊണ്ടുള്ള ഭിത്തികളുമായി പണികഴിപ്പിച്ച ആ വീട് പിൽക്കാലത്ത് പല ദശവർഷങ്ങൾ പൊതുകാര്യചർച്ചകൾക്കും, രാഷ്ട്രീയ നേതാക്കളുടെ സന്ദർശനത്തിനും വേദിയായിത്തീർന്നു. പൊതുജീവിതവുമായി ഇഴുകിച്ചേർന്നു നിന്ന് സമുദായ സേവനം നടത്തിയ ഈ കുടുംബത്തിലെ മൂന്നു പേരുടെ ഹൃദയത്തുടിപ്പുകൾ ആ ഭവനം ശ്രവിച്ചു. വക്കീൽ ഓഫീസും ഈ ഗൃഹത്തിൽത്തന്നെയായിരുന്നു പ്രവർത്തിച്ചത്. കുടുംബജീവിതത്തെപ്പറ്റി ഉയർന്ന സങ്കല്പങ്ങൾ കുരുവിള വച്ചുപുലർത്തി. പഴയ യാഥാസ്ഥിതിക കുടുംബപരിപാലനരീതിയും, സന്താനങ്ങളുടെ വളർത്തലും അംഗീകരിച്ചില്ല. പഴയ കുടുംബാന്തരീക്ഷ സങ്കല്പങ്ങളെ തിരുത്തി കൂടുതൽ പരിഷ്കൃതവും, ശിക്ഷണാധിഷ്ഠിതവും, പുരോഗമന ചിന്ത ഉൾക്കൊള്ളുന്നതുമായ അന്തരീക്ഷം വീട്ടിൽ ഉണ്ടാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അതിനാൽ മക്കളെ ചങ്ങനാശ്ശേരിക്ക് പുറത്തു വിട്ടു പഠിപ്പിച്ചു. പിതാവിന്റെ ഇക്കാലത്തുണ്ടായ പ്രമേഹരോഗം മൂത്തമകൻ ജോസഫിന്റെ പഠനത്തിന് വിഘാതമായി. വീട്ടുകാര്യങ്ങളും പിതാവിന്റെ രോഗശുശ്രൂഷയും, കൃഷിയും ജോസഫിന്റെ ചുമതലയിലായി. കുരുവിള രോഗിയായി

അവശതയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുമ്പോൾ ദ്വിതീയ പുത്രൻ വർഗ്ഗീസ് ഓണേഴ്സ് ഫൈനൽ ക്ലാസ്സിൽ പഠിക്കയായിരുന്നു. മകൻ ഓണേഴ്സ് പരീക്ഷ എഴുതികഴിഞ്ഞ് വീട്ടിൽ തിരിച്ചുവന്നപ്പോൾ രോഗസ്ഥിതി ഉൽകണ്ഠാവസ്ഥയിലായിപ്പോയി. മരണത്തിന്റെ വക്കത്തായിരിക്കുമ്പോൾ ഒരു കമ്പി സന്ദേശം വീട്ടിൽ വന്നു. മകൻ ഓണേഴ്സിന് വിജയിച്ചിരിക്കുന്നു എന്ന സദ്വാർത്ത അറിയിച്ചുകൊണ്ടുള്ള കമ്പിയായിരുന്നു അത്. തന്റെ മകനെ സംബന്ധിച്ചു താൻ ആഗ്രഹിച്ചത് നിവൃത്തിയായല്ലോ എന്നറിഞ്ഞ് ആശ്വസിച്ചുകൊണ്ട് ഇരിക്കുന്ന വേളയിലാണ് അന്ത്യശ്വാസം വലിച്ചത്. ഏറ്റവും ഇളയ മകൻ തോമസിനെ വൈദികാന്തസിൽ പ്രവേശിപ്പിക്കാൻ വേണ്ടി പുത്തൻപള്ളി സെമിനാരിയിൽ അയച്ചെങ്കിലും ശെമ്മാശ്ശൻ സ്ഥാനത്ത് എത്താനേ അദ്ദേഹത്തിന് ഭാഗ്യമുണ്ടായിരുന്നുള്ളൂ. രോഗിയായി തിരിച്ചു വീട്ടിൽ വന്ന് വിശ്രമിക്കുമ്പോഴായിരുന്നു ഈ ശെമ്മാശ്ശന്റെ അന്ത്യം.

ഇന്നുകാണുന്ന ചങ്ങനാശ്ശേരി പട്ടണമായിരുന്നില്ല കുരുവിളയുടെ കാലത്തെ, ചങ്ങനാശ്ശേരി. പടിഞ്ഞാറെ അതിർത്തിയിൽ കിടന്ന കുട്ടനാടൻ ജലപ്പരപ്പിൽ നിന്ന് അല്പം ഉയർന്നു കിടന്ന ഒരു ഉൾനാടിന്റെ പ്രതീതിയേ ഇദ്ദേഹത്തിന്റെ ജനന കാലത്ത് ഈ പട്ടണത്തിനുണ്ടായിരുന്നുള്ളൂ. വെള്ളച്ചാലുകൾ ഉണക്കുകാലത്ത് വരണ്ടു വരുമ്പോൾ ഇടവഴികളായി രൂപാന്തരപ്പെടുന്ന അവസ്ഥയിലായിരുന്നു ഇക്കാലത്ത് നടപ്പുവഴികൾ. അങ്ങനെ നൂറ്റാണ്ടുകൾകൊണ്ട് മഴവെള്ളം സൃഷ്ടിച്ചെടുത്ത വഴികളാണ് ഇന്നു നാം കാണുന്ന ആധുനിക രീതിയിലുള്ള മുൻസിപ്പൽ റോഡുകളെല്ലാം. സന്ധ്യകഴിഞ്ഞുള്ള രാത്രി സഞ്ചാരം സാധിച്ചിരുന്നത് ഉണങ്ങിയ തെങ്ങോലക്കാലുകൾ കൂട്ടികെട്ടിയ ചൂട്ടുകറ്റകൾ കത്തിച്ചായിരുന്നു. വഴിവിളക്കുകൾ ഇല്ലായിരുന്നുവെന്നർത്ഥം. സിമന്റു കാലുകളിലുറപ്പിച്ച മണ്ണെണ്ണ വിളക്കുകൾ വഴിവിളക്കുകളായതുതന്നെ പിൽക്കാലത്താണ്. മലിനവസ്തുക്കൾ മാറ്റാനോ, ശുചിത്വം പാലിക്കാനോ പ്രേരിപ്പിക്കുന്ന പൊതുസ്ഥാപനങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. ഒരു കാര്യത്തിൽ അല്പം ആശ്വാസമുണ്ടായിരുന്നു. ചന്ത ഒഴിച്ചുള്ള ഭാഗത്ത് ജനത്തിരക്കോ താമസിക്കാനുള്ള ഭൂമിയുടെ ദാരിദ്ര്യമോ ഉണ്ടായിരുന്നില്ല. ചന്ത, വട്ടപ്പള്ളി മുതലായ സ്ഥലങ്ങളിൽ വസിച്ചിരുന്നവർ അടുത്തടുത്തുള്ള വീടുകളിലായിരുന്നതുകൊണ്ട് അവർക്ക് പല പ്രശ്നങ്ങളും നേരിടേണ്ടിവന്നു. കുരുവിള വട്ടപ്പള്ളിയിലാണല്ലോ പാർത്തിരുന്നത് ഇദ്ദേഹത്തിനും, ഇദ്ദേഹത്തെപ്പോലെയുള്ള ചില ഉയർന്ന ചിന്താഗതിക്കാർക്കും ജനം തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലെ ആളുകൾക്ക് അല്പം കൂടി പരിഷ്കൃത ജീവിത സൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കണമെന്ന ആശയുണ്ടായി. ഇവരുടെ ഒന്നായ ചിന്താഫലമായി ചങ്ങനാശ്ശേരി പട്ടണവാസികളെ ഉദ്ദേശിച്ച് 'ടൗൺ ഇംപ്രൂവ്മെന്റ് കമ്മിറ്റി' എന്ന ഒരു കമ്മിറ്റി സർക്കാരിൽ നിന്നും നിശ്ചയിച്ചു. പ്രസ്തുത ടൗൺ ഇംപ്രുവ്മെന്റ് കമ്മിറ്റിയാണ് ഇന്നത്തെ മുൻസിപ്പാലിറ്റിയുടെ മുൻഗാമി. ടൗൺ ഇംപ്രുവ്മെന്റ് കമ്മിറ്റിയിലെ അംഗമായിരുന്നുകൊണ്ട് കുരുവിള അന്നത്തെ പരിമിതിക്കുള്ളിൽ ചെയ്യാവുന്നതൊക്കെ പട്ടണത്തിനുവേണ്ടി ചെയ്തു. പട്ടണത്തിന്റെ നാനാവിധ പരിഷ്ക്കാരത്തിൽ ഉത്സാഹപൂർവ്വം ഇദ്ദേഹത്തോടൊപ്പം മറ്റു പല സമുദായ പ്രമാണികളും രംഗത്തിറങ്ങി. പിൽക്കാലത്ത് നായർ സമുദായ ആചാര്യനായി ഉയർന്ന ശ്രീമന്നത്തു പത്മനാഭപിള്ള അവരിൽ ഒരാളായിരുന്നു. പദ്മനാഭപിള്ളയും കുരുവിളയും പൊതുരംഗത്ത് സഹപ്രവർത്തകർ മാത്രമല്ല കുടുംബസുഹൃത്തുക്കളുമായിരുന്നു. കുരുവിളയുടെ മകൻ ഒ. സി. വർഗ്ഗീസിന്റെ വിവാഹച്ചടങ്ങിൽ വധൂവരന്മാർക്ക് ആശംസാപ്രസംഗം നടത്തിയത് മന്നത്തു പത്മനാഭനാണ്. ഏതാണ്ട് കാൽ നൂറ്റാണ്ട് കാലം കഴിഞ്ഞ് ഇതേ രീതിയിലുള്ള മറ്റൊരു വിവാഹ ചടങ്ങിലും സമുദായ ആചാര്യൻ സംസാരിക്കുകയുണ്ടായി. അത് ഒ. സി. വർഗ്ഗീസിന്റെ മകൻ ജോസഫിന്റെ കല്ല്യാണത്തിനായിരുന്നു. നവമിഥുനങ്ങൾക്ക് മംഗളങ്ങളും അനുഗ്രഹങ്ങളും നേർന്നു

സംസാരിക്കവേ വരന്റെ പിതാവിന്റെ മംഗല്ല്യത്തിൽ താൻ ക്ഷണിക്കപ്പെട്ടിരുന്നതും അന്ന് പ്രസംഗിച്ചതും മന്നത്തു പത്മനാഭൻ അനുസ്മരിച്ചു. തന്റെ വിശ്വസ്ത സ്നേഹിതനായിരുന്ന കുരുവിളയെപ്പറ്റിയുള്ള ഒരു ഓർമ്മ പുതുക്കൽ കൂടിയായിരുന്നു അത്. കുരുവിളയുടെ കാലത്ത് പൊതുസമ്മേളനത്തിനും പൊതുചർച്ചയ്ക്കും ഉപയോഗപ്പെടുത്താവുന്ന ഒരു പൊതുകെട്ടിടം ഉണ്ടായിരുന്നില്ല. ഇത് പരിഹരിക്കാൻ ഊർജ്ജസ്വലതയോടെ മുന്നോട്ടു നീങ്ങിയവരിൽ ഒരാളായിരുന്നു കുരുവിള. ഇന്നു മുൻസിപ്പൽ സ്റ്റേഡിയമായി രൂപംകൊണ്ടിരിക്കുന്ന ഗ്രൗണ്ടിന്റെ കിഴക്കരികിൽ മദ്ധ്യത്തിലായി ഒരു പൊതുസ്ഥാപനം ഉണ്ടായിരുന്നു. അതുണ്ടായ കാലം മുതൽ പൊളിച്ചുമാറ്റുന്നതുവരെ അതിനുണ്ടായിരുന്ന പേര് എഡ്വേർഡ് മെമ്മോറിയൽ ടൗൺ ഹാൾ (Edward Memorial Town Hall) എന്നായിരുന്നു. ബ്രിട്ടീഷ് രാജാവായിരുന്ന എഡ്വേർഡിന്റെ പേരാണ് അതിനു കൊടുത്തത്. ഏകദേശം മുക്കാൽ നൂറ്റാണ്ടുകാലം അത് ചങ്ങനാശ്ശേരിക്കാരുടെ പല പൊതു ആവശ്യങ്ങൾക്കായി ഉപയോഗിക്കപ്പെട്ടു. പള്ളിക്കൂടമായും, വായനശാലയായും, ഗ്രന്ഥപ്പുരയായും, സമ്മേളന സ്ഥലമായും, ചർച്ചാവേദിയായും ഇങ്ങനെ പലതിനും ആ ടൗൺ ഹാൾ ഉപയോഗിച്ചിരുന്നു. സ്റ്റേഡിയത്തിനു സ്ഥലം ആവശ്യമായപ്പോൾ അതുപൊളിച്ചുമാറ്റി. എണ്ണമറ്റ പൊതുയോഗങ്ങൾക്ക് ടൗൺ ഹാൾ വേദിയായിട്ടുണ്ട്. പല പ്രതിഷേധസമ്മേളനങ്ങൾ ഇതിനു മുന്നിൽ അരങ്ങേറിയിരുന്നു. ബ്രിട്ടീഷ് ചക്രവർത്തിയുടെ പേരിൽ സ്ഥാപിക്കപ്പെട്ട ടൗൺ ഹാളിന്റെ തീറാധാരം കുരുവിളയുടെയും മോൺ സിറിയക്ക് കണ്ടങ്കരിയുടെയും പേരിലാണു രജിസ്റ്റർ ചെയ്തിരുന്നത്. പൊതുജനങ്ങൾക്കു കുരുവിളയിലുള്ള വിശ്വാസത്തിനു തെളിവാണത്. മകൻ ഒ. സി. വർഗ്ഗീസ് പിന്നീട് അവകാശം ടൗൺ കമ്മിറ്റിക്ക് രേഖാമൂലം എഴുതികൊടുത്തു. ഇന്നാപേരിൽ മുനിസിപ്പാലിറ്റിയുടെ ഒരു കെട്ടിടമുണ്ട്.

പ്രമേഹരോഗം മൂർദ്ധന്യാവസ്ഥയിലായപ്പോൾ, കുരുവിള മരണത്തോട് മല്ലിട്ട് ഏതാനും നാളുകൾ മരണക്കിടക്കയിലായി. വി. കുർബ്ബാനയ്ക്ക് ശുശ്രൂഷിയാവുന്നതിൽ ആനന്ദം കണ്ടിരുന്ന അദ്ദേഹം മകന്റെ പരീക്ഷാ ഫലമാകുന്ന സദ്വാർത്തയും കേട്ട് സുബോധത്തോടെ എല്ലാമതശുശ്രൂഷകളും സ്വീകരിച്ച് 1916 ൽ മരണമടഞ്ഞു. ചങ്ങനാശ്ശേരി പള്ളി സിമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

മക്കൾ :

1. ഒ. സി. ജോസഫ്
2. ഒ. സി. വർഗ്ഗീസ്
3. ഒ. സി. തോമസ്

## I. ഒ. സി. ജോസഫ് (കുട്ടിച്ചൻ)

വർഗ്ഗീസ് കുരുവിളയുടെ (കുരുവിളവക്കീൽ) പ്രഥമ ആൺ ശിശുവായി 1887 ൽ ജോസഫ് ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം സെന്റ് ബർക്ക്മാൻസ് ഹൈസ്കൂളിൽ ആരംഭിച്ചു. ജോസഫിനെയും, അനുജൻ വർഗ്ഗീസിനെയും തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ പിന്നീടു ചേർത്തു. അവിടെ മെട്രിക്കുലേഷൻ വരെ പഠിച്ചു. പിന്നീട് കുടുംബകാര്യങ്ങളുമായി ബന്ധപ്പെടാൻ തുടങ്ങി. 1908 ൽ ഇരുപത്തിയൊന്നാമത്തെ വയസ്സിൽ ജോസഫ് വിവാഹിതനായി. പാലാക്കുന്നേൽ മറിയാമ്മയായിരുന്നു വധു. പിതാവ് കുറെനാളുകൾ രോഗത്തിലും ചികിത്സയിലുമായി, വീട്ടിൽനിന്ന് പുറത്തിറങ്ങാതെ വീട്ടിൽത്തന്നെ കഴിച്ചുകൂട്ടി. 1916 ൽ പിതാവിന്റെ മരണ ശേഷം കുടുംബസ്വത്തുക്കൾ വീതം ചെയ്ത് അവരവർക്കുള്ളത് തിട്ടപ്പെടുത്തി. പിതാവിന്റെ സ്വത്തുക്കളിൽ കുന്നക്കാട്ടുള്ളവ ജോസഫിനും ബാക്കിയുള്ളവ

വർഗ്ഗീസിനും എന്ന വ്യവസ്ഥയിൽ ഭാഗം പൂർത്തിയാക്കി. പത്തേക്കർ കരഭൂമിയും, നാല്പതുപറ നിലവും ഈ ഭാഗഉടമ്പടി പ്രകാരം ജോസഫിന്റെ വകയായി. ഉത്സാഹഭരിതനും കർമ്മനിരതനുമായ ജോസഫിന്റെ പരിശ്രമം വഴി കുന്നക്കാട്ടു വസ്തുക്കളിൽ നിന്നും നല്ല ആദായം കിട്ടാൻ തുടങ്ങി. ചങ്ങനാശ്ശേരി പട്ടണത്തിന്റെ പൊതുജീവിതത്തിൽ ഒരു നല്ല പങ്ക് ജോസഫ് വഹിച്ചുവെന്നുള്ളതും ഒരു വസ്തുതയാണ്. രാജഭരണകാലമായിരുന്നതിനാൽ ഇന്നത്തെ രീതിയിലുള്ള രാഷ്ട്രീയ ബഹളങ്ങളും കോളിളക്കങ്ങളും ചങ്ങനാശ്ശേരിയിൽ ബീജാവാപം ചെയ്യപ്പെട്ടിരുന്നില്ല. മുൻസിപ്പൽ തെരഞ്ഞെടുപ്പും മുൻസിപ്പൽ ഭരണവുമായിരുന്നു ചങ്ങനാശ്ശേരി പട്ടണത്തിൽ ഇളക്കവും വാശിയും ഏറ്റിയിരുന്ന ജനപ്രശ്നം. അനുരഞ്ജനവും, സമാധാനമാർഗ്ഗവും ഫലപ്പെടാത്തിടത്ത് സമരം തന്നെവേണം എന്ന ആശയക്കാരനായിരുന്നു ജോസഫ്. ഈ സമീപനമാണ് പൊതുകാര്യത്തിലും ജോസഫ് പ്രകടിപ്പിച്ചത്. മുൻസിപ്പൽ തെരഞ്ഞെടുപ്പുകളിൽ വാശിയേറിയ പോരാട്ടമാണ് ഇദ്ദേഹം നടത്തിവന്നത്. 1926 മുതൽ 1928 വരെ മുൻസിപ്പൽ കൗൺസിലറായും 1928 മുതൽ 1930 വരെ വൈസ് പ്രസിഡന്റായും ഇദ്ദേഹം സേവനമനുഷ്ഠിച്ചു. നാല്പത്തി ഒന്നു വയസ്സു വരെ ജീവിച്ച ജോസഫ് അതിനുള്ളിൽ പ്രവൃത്തിപഥത്തിൽ കൊണ്ടുവന്ന പദ്ധതികൾ നിസ്സാരങ്ങളല്ല. സ്വന്തം കുടുംബത്തിനും സമൂഹത്തിനും വേണ്ടത്ര നല്ല കാര്യങ്ങൾ പലതും ഇദ്ദേഹം ചെയ്തിട്ട് 1932 നവംബർ 4-ാം തീയതി കർത്താവിൽ നിദ്രപ്രാപിച്ചു. മൂത്തമകൻ സെന്റ് ബർക്ക്മാൻസ് കോളേജിൽ ഇന്റർമീഡിയറ്റ് ക്ലാസ്സിൽ രണ്ടാം കൊല്ലം വിദ്യാർത്ഥി ആയിരുന്നപ്പോഴാണ് പിതാവ് മരിക്കുന്നത്.

മക്കൾ :

1. ഒ. ജെ. കുരുവിള
2. അന്നമ്മ (W/o അഗസ്റ്റിൻ, കൊച്ചുകാക്കനാട്, പാല)
3. റവ. സി. ജോസ് മേരി
4. ത്രേസ്യാമ്മ (W/o ജോർജ്, വടശ്ശേരി, പൊൻകുന്നം)
5. ഒ. ജെ. ജോസഫ്
6. ഏലിക്കുട്ടി (അവിവാഹിത)
7. ഒ. ജെ. തോമസ്

## 1. ഒ. ജെ. കുരുവിള



ഒ. ജെ. ജോസഫിന്റെയും മറിയാമ്മയുടെയും മകനായി 1911 ഏപ്രിൽ 11 ന് ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം ചങ്ങനാശ്ശേരി ഗവൺമെന്റ് ഹൈസ്കൂളിലും, പാലാ സെന്റ് തോമസ് സ്കൂളിലും, ചങ്ങനാശ്ശേരി എസ്. ബി. ഹൈസ്കൂളിലും നടത്തി. തുടർന്ന് ചങ്ങനാശ്ശേരി എസ്. ബി. കോളേജിൽ ചേർന്നു. ബോട്ടണിയിൽ ബിരുദം നേടി. എസ്. ബി. കോളേജ് അപ്പോൾ മദ്രാസ് യൂണിവേഴ്സിറ്റിയുടെ കീഴിലായിരുന്നു. B.A. യ്ക്ക് യൂണിവേഴ്സിറ്റിയിൽ രണ്ടാം റാങ്ക് കരസ്ഥമാക്കി. തുടർന്ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽനിന്ന് M.Sc. ബിരുദം നേടി. കായിക തല്പരനായ കുരുവിള പഠനകാലത്ത് എസ്സ്. ബി. കോളേജ് ഫുട്ബോൾ ടീം

ക്യാപ്റ്റൻ ആയിരുന്നു. കുരുവിള 1938 ൽ തരകൻ പൂവത്തുകാരൻ കുടുംബത്തിലെ മേരിക്കുട്ടിയെ വിവാഹം കഴിച്ചു.

B.A. കഴിഞ്ഞയുടൻ എസ്. ബി. കോളേജിൽ ഇംഗ്ലീഷ് ഭാഷ ഒരു വർഷം പഠിപ്പിച്ചു. പിന്നീട് രണ്ടു വർഷം എസ്. ബി. ഹൈസ്കൂളിലും പഠിപ്പിച്ചു. ആ സമയത്ത് പടിയറ തിരുമേനിയേയും, വള്ളോപ്പള്ളി തിരുമേനിയേയും പഠിപ്പിച്ചിട്ടുണ്ട്. കോളേജിൽ ബോട്ടണി വിഭാഗത്തിൽ അദ്ധ്യാപകനായി. ഏതു വിഷയവും പ്രത്യേകിച്ച് സാഹിത്യം ആധികാരികമായി കൈകാര്യം ചെയ്യാനുള്ള പ്രത്യേക കഴിവ് കുരുവിള സാറിന് ഉണ്ടായിരുന്നു. കൂടാതെ നല്ല ഒരു സംഘാടകനും പ്രാസംഗികനുമായിരുന്നു. നാടകാഭിനയം വളരെ ഇഷ്ടമുള്ള ഹോബിയായിരുന്നു. നാടകത്തിനുവേണ്ട കർട്ടനുകൾ സ്വയം പെയിന്റ് ചെയ്യുമായിരുന്നു. സ്കൂൾ വാർഷികത്തിലും, കലാപരിപാടികളിലും അദ്ധ്യക്ഷനായി വളരെ സ്ഥലങ്ങളിൽ പോയിട്ടുണ്ട്. ഇന്റർമീഡിയറ്റ്, പ്രീയൂണിവേഴ്സിറ്റി, പ്രിഡിഗ്രി, B.Sc. എന്നീ ക്ലാസ്സുകളിലേക്ക് എട്ടോളം പുസ്തകങ്ങൾ എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിലേക്കുള്ള എല്ലാപടങ്ങളും സ്വയം വരച്ചവയായിരുന്നു. അപ്പോൾ Felcia Sales Depot എന്ന ഒരു സ്ഥാപനം നടത്തിയിരുന്നു. പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിരുന്നത് Joice & Laila , Shany Brothers ഈ രണ്ടു പബ്ലീഷിംഗ് പ്രസ്ഥാനത്തിലൂടെയാണ്. ഇതിൽ നിന്ന് സാമ്പത്തിക നേട്ടവുമുണ്ടായി. മാന്നാനം കുര്യാക്കോസ് ഏലിയാസ് കോളേജിൽ ഒരു വർഷം പ്രൊഫസറായി ജോലി ചെയ്തു. തിരിച്ച് എസ്. ബി. കോളേജിൽ വന്ന് പ്രൊഫസറായി വിരമിച്ചു. അതിനുശേഷം അസുഖം പിടിപെട്ട് 1971 ജൂൺ 22 ന് മരിച്ചു. ഭാര്യ മേരിക്കുട്ടി 2002 ഫെബ്രുവരി 28 ന് വാർദ്ധക്യ സഹജമായ രോഗത്താൽ മരിച്ചു.

കൃഷികാര്യങ്ങളിൽ കുരുവിള സാർ അതീവ തൽപ്പരനായിരുന്നു. എസ്. ബി. കോളേജ്, മുൻസിപ്പൽ ഓഫീസ്, റയിൽവേ പാർക്ക് ഇവിടെയുള്ള വൃക്ഷങ്ങളിൽ നല്ലൊരു പങ്കും സാറിന്റെ ശ്രമത്താൽ വച്ചവയാണ്.

കരംതീരുവ വോട്ടവകാശമുള്ളപ്പോൾ മുതൽ മരിക്കുന്നതുവരെ മുൻസിപ്പൽ കൗൺസിലറും, ഒരു വർഷം മുൻസിപ്പൽ ചെയർമാനുമായിരുന്നു. ബന്ധുകൂടിയായ പി. പി. ജോസിനുവേണ്ടി ചെയർമാൻ സ്ഥാനം സ്വമേധയാ രാജിവെച്ചു. വളരെക്കാലം ചങ്ങനാശ്ശേരി മിൽക്ക് കോ ഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റായിരുന്നു. മുൻസിപ്പൽ ചെയർമാനായിരുന്നപ്പോൾ LIC aided water supply scheme തുടങ്ങി. ഫാത്തിമാപുരം, ബിഷപ്പ്സ് കോളനി തുടങ്ങി, നഗരത്തിലെ പ്രധാന റോഡുകളിൽ ട്യൂബ് ലൈറ്റ് സ്ഥാപിച്ചു. റയിൽവേയിൽ നിന്ന് സ്ഥലം അനുവദിപ്പിച്ച് പാർക്ക് ഉണ്ടാക്കി. പൂവക്കാട്ടുചിറ പുനരുദ്ധാരണം നടത്തി. ചങ്ങനാശ്ശേരിയിൽ ടൗൺ ക്ളബ് കഴിഞ്ഞാൽ ആദ്യം ഒരു ക്ളബ് ആയി ലയൺസ് ക്ളബ് സ്ഥാപിക്കുകയും അതിന്റെ ചാർട്ടർ പ്രസിഡന്റ് ആവുകയും ചെയ്തു. ജേസീസ് ചങ്ങനാശ്ശേരിയിൽ കൊണ്ടുവന്നതും കുരുവിള സാറാണ്. അതിന്റെ പേട്രൺ സ്ഥാനം ഉണ്ടായിരുന്നു. ഒരു റെയിൽവേ വെയിംറ്റിംഗ് ഷെഡ് സ്വന്തം ചെലവിൽ പണിതു. പക്ഷേ റയിൽവേപ്പാലം ഉയർത്തിയപ്പോൾ അത് പൊളിക്കേണ്ടിവന്നു.

ഒ. ജെ. കുരുവിള മെമ്മോറിയൽ റെയിൽവേ പാർക്ക്, ചങ്ങനാശ്ശേരി സർക്കാർ ആശുപത്രിയിൽ ഒ. ജെ. കുരുവിള മെമ്മോറിയൽ X-ray Plant തുടങ്ങിയവ അദ്ദേഹത്തിന്റെ ഓർമ്മനില നിർത്തുന്നു. പാവങ്ങളെ ഉദ്ധരിക്കാൻ വേണ്ടി 'ദാസസംഘം' രൂപീകരിച്ച് ഫാത്തിമാപുരത്ത് പള്ളിപണിയ്ക്ക് നേതൃത്വമെടുത്തു പാരീഷ് ഹാൾ പണിയാൻ മുൻകയ്യെടുത്തു. പാറേൽ പള്ളി Y.M.C.A. സ്ഥാപകരിൽ ഒരാളായിരുന്നു കുരുവിള സാർ.

മക്കൾ :
1. ഡോ. ഒ. സി. ജോയിസ്
2. ലീലാമ്മ (W/o ജയിംസ് തോമസ്, വീട്ടുവേലിക്കുന്നേൽ)
3. ഫെൽസമ്മ (W/o വി. റ്റി. മാത്യു, വെള്ളാപ്പാണിയിൽ)
4. ഡോ. ഒ. സി. ഷാനി.
5. ജോർജ് കുരുവിള
6. പുഷ്പമ്മ (W/o ഡോ. തമ്പി, വീട്ടുവേലിക്കുന്നേൽ)
7. രാജമ്മ (W/o ബാബു, ഓരിയങ്കുന്നത്ത്)
8. ബാബു കുരുവിള

## 1. ഡോ. ഒ. സി. ജോയിസ്

ഒ. ജെ കുരുവിളയുടെയും മേരിക്കുട്ടിയുടെയും മൂത്ത മകനായ ജോയിസ് 1939 ഓഗസ്റ്റ് 1 ന് ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം പാറേൽ സെന്റ് മേരീസ് സ്കൂളിലും, എസ്. ബി. ഹൈസ്കൂൾ ചങ്ങനാശ്ശേരിയിലും. കോളേജ് വിദ്യാഭ്യാസം എസ്. ബി. കോളേജിൽ ആയിരുന്നു. Banaras Hindu University യിൽനിന്ന് ഓർഗാനിക്ക് കെമിസ്ട്രിയിൽ M.Sc. ബിരുദം നേടിയശേഷം തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിൽ ലക്ചററായി ജോലിയിൽ പ്രവേശിച്ചു. 1962 ൽ വെസ്റ്റ് ജർമ്മനിയിലെ ജോലി സ്വീകരിച്ച് അവിടെ നിന്നും Polymer Chemistry യിൽ ഉന്നത ബിരുദം (DSc) നേടി. U.S.A. യിൽ NASA യിൽ Scientist ആയിട്ട് ജോലി സ്വീകരിച്ചു. വായനയിലൂടെ എല്ലാ വിഷയങ്ങളെയും കുറിച്ച് അഗാധമായ പാണ്ഡിത്യം ഉള്ള വ്യക്തിയായിരുന്നു. മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമായ ജീവിത വീക്ഷണമുള്ള ആളായിരുന്നു. അവിവാഹിതനായി കഴിഞ്ഞുകൂടിയ ജോയിസ് പ്രകൃതിസ്നേഹിയും ഫോട്ടോഗ്രാഫിയിൽ വിദഗ്ദനുമായിരുന്നു. അഗാധ ജ്ഞാനിയായിരുന്ന ജോയിസ് പുസ്തകങ്ങളാണ് തന്റെ സമ്പത്തായി കരുതിയിരുന്നത്. നാട്ടിൽ തിരിച്ചെത്തിയശേഷം അമ്മയോടും ഇളയസഹോദരനോടുമൊപ്പം മരണം വരെ ജീവിച്ചു. ജോയിസ് 2000 ജൂൺ 22 ന് നിര്യാതനായി.

## 2. ഡോ. ഒ. സി. ഷാനി

1946 ഒക്ടോബർ 14 ന് ജനിച്ചു. പാറേൽ സ്കൂൾ, എസ്സ്. ബി. ഹൈസ്കൂൾ എന്നിവിടങ്ങളിൽ വിദ്യാഭ്യാസത്തിനുശേഷം എസ്സ്. ബി. കോളേജിൽനിന്നും B.Sc. കേരള സർവ്വകലാശാലയിൽ ഒന്നാം റാങ്കിൽ വിജയിച്ചു. പിന്നീട് തിരുവന്തപുരം മെഡിക്കൽ കേളജിൽ നിന്ന് M.B.B.S. ബിരുദവും, നിലൂഫർ ഇൻസ്റ്റിട്യൂട്ടിൽ നിന്നു DCH ഉം പാസ്സായി. പഠനകാലത്ത് പല ഗോൾഡ് മെഡലുകളും നേടിയിട്ടുണ്ട്. എൻ. സി. സി. തുടങ്ങിയ പാഠ്യേതര പ്രവർത്തനങ്ങളിലും പങ്കെടുത്തിട്ടുണ്ട്. CSU സെക്രട്ടറി, മെഡിക്കൽ കോളേജ് അസോസിയേഷൻ സെക്രട്ടറി തുടങ്ങിയ നിലയിലും പ്രവർത്തിച്ചിട്ടുണ്ട്. സ്റ്റേറ്റ് ഗവൺമെന്റിൽ അസിസ്റ്റന്റ് സർജനായി ജോലിനോക്കി. റാന്നി മേനാത്തോട്ടം ആശുപത്രിയിലും ജോലിനോക്കി. ഇപ്പോൾ സ്വന്തമായി മരിയൻ സെന്റർ എന്ന പേരിൽ ചങ്ങനാശ്ശേരി റയിൽവേസ്റ്റേഷനു സമീപം ആധുനിക സൗകര്യങ്ങളോടെ കുട്ടികളുടെ ഒരു ആശുപത്രി നടത്തുന്നു. ഇദ്ദേഹം കുടുംബസംഘടനയുടെ പ്രസിഡന്റ് ആയിരുന്നപ്പോൾ കുടുംബാംഗങ്ങൾക്കുവേണ്ടി പ്രാർത്ഥനായോഗങ്ങൾ സംഘടിപ്പിച്ചു.

ഷാനി 1973 നവംബർ 18 ന് മാറാട്ടുകുളം എം. ഡി. ജോസഫ്, മേരിക്കുട്ടി ദമ്പതികളുടെ പുത്രി ഡോ. തെരേസയെ വിവാഹം ചെയ്തു. ഡോക്ടർ തെരേസ MBBS ഉം. DGO യും പാസ്സായിട്ടുണ്ട്. അറിയപ്പെടുന്ന ഗൈനക്കോളജിസ്റ്റാണ്.

മക്കൾ : 1. ഡോ. സതീഷ് കുമാർ
2 ബിമൽ സരിത (BDS വിദ്യാർത്ഥിനി)
(W/o റോബിൻ തോമസ്, മാൻകുളങ്ങര, തിരുവനന്തപുരം)

## ഡോ. സതീഷ് കുമാർ എസ്.

സതീഷ് 1974 നവംബർ 7 ന് ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം റാന്നി സ്കൂളിലും, ഹൈസ്കുൾ വിദ്യാഭ്യാസം എസ്. എച്ച്. ഹൈസ്കൂളിലും, കോളേജ് വിദ്യാഭ്യാസം എസ്. ബി. കോളേജിലും നടത്തി. പഠനത്തിൽ സമർത്ഥനായിരുന്നു. ഡിസ്റ്റിങ്ഷനോടുകൂടി പരീക്ഷകൾ ജയിച്ചു. മാതാപിതാക്കൾ ഡോക്ടർന്മാർ ആയതിനാൽ അവരിൽ നിന്നു ലഭിച്ച പ്രേരണയാലും, സ്വന്തം അഭിരുചി അനുസരിച്ചും ആ പാതതന്നെ തുടരാൻ തീരുമാനിച്ചു. Davangare യിൽ J. J. M. Medical College ൽ നിന്ന് M. B. B. S. പാസ്സായി. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ 3 മാസം ജോലിനോക്കി. Kasturba Medical College, Mangalore ൽ നിന്ന് MD (Skin Specialist) ബിരുദം നേടി. സതീഷ് 2000 ഏപ്രിൽ 24 ന് ആലപ്പുഴ ഇലഞ്ഞിക്കൽ ഇ. സി. ജോർജിന്റെയും, വത്സമ്മയുടെയും മകൾ ഡോ. മഞ്ജുവിനെ വിവാഹം ചെയ്തു. തുടർന്ന് Bangalore ൽ ഉള്ള National Skin & Care Clinic ൽ ഒരു വർഷം സേവനം അനുഷ്ഠിച്ചു. ഇപ്പോൾ ഡോ. സതീഷും ഭാര്യ ഡോ. മഞ്ജുവും തിരുവല്ലായിൽ Pushpagiri Medical College Hospital ൽ ജോലി നോക്കുന്നു. ഇവർക്ക് ഒരു വയസ്സുള്ള ഡിയാ തെരേസ എന്ന ഒരു മകൾ ഉണ്ട്.

## 3. ജോർജ് കുരുവിള

മാതാപിതാക്കളുടെ മൂന്നാമത്തെ മകൻ ജോർജുകുട്ടി 1949 ജുലൈ 8-ാം തീയതി ജാതനായി. സ്കൂൾ വിദ്യാഭ്യാസം എസ്. ബി. ഹൈസ്കൂളിൽ. എസ്. ബി. കോളേജിൽ നിന്ന് M.Sc. 1-ാം റാങ്കിൽ പാസ്സായി. തുടർന്ന് 5 വർഷം Bayer എന്ന സ്ഥാപനത്തിൽ ജോലി നോക്കുകയും ചെയ്തു. അതിനുശേഷം നൈജീരിയ, കെനിയ, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങളിൽ അദ്ധ്യാപക വൃത്തിയിൽ ഏർപ്പെട്ടു. ജോലിയിൽനിന്നു വിരമിച്ചശേഷം ചങ്ങനാശ്ശേരിയിൽ സ്ഥിരതാമസമാക്കി. 1976 മാർച്ച് 28 ന് എടത്വാ ചേന്നംകര വർക്കിയുടെയും പെണ്ണമ്മയുടെയും മകൾ മോളിയെ വിവാഹം കഴിച്ചു.

മക്കൾ : 1. പിങ്കി ജോർജ് (BNYS പാസായി മദ്രാസിൽ ജോലിനോക്കുന്നു)
2. ദീപു ജോർജ് (MCA വിദ്യാർത്ഥി)

## 4. ബാബു കുരുവിള

ഏറ്റവും ഇളയ മകനായ ബാബുവിന്റെ ജനനം 1957 ഒക്ടോബർ 19-ന് എസ്. എച്ച് സ്കൂളിലേയും എസ്. ബി. കോളേജിലേയും പഠനത്തിനുശേഷം 1977 ൽ Bihar College of Pharmacy യിൽ നിന്ന് B. Pharm ബിരുദം കരസ്ഥമാക്കി. മെഡിക്കൽ റെപ്രസെന്റേറ്റീവായി ജോലി ആരംഭിച്ചു. ഇപ്പോൾ Torrent ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൽ സീനിയർ മെഡിക്കൽ റെപ്രസെന്റേറ്റീവായി ജോലി നോക്കുന്നു. 1989 ജൂലൈ 9 ന് വിവാഹിതനായി. ഭാര്യ ലിസി കുമ്മണ്ണൂർ കലേക്കാട്ടിൽ ജോസഫിന്റെയും റോസമ്മയുടെയും മകളാണ്. എം. കോം. ബിരുദധാരിയായ ലിസി ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ജോലി നോക്കുന്നു.

മക്കൾ : 1. ഡെന്നീസ് ബാബു } (രണ്ടുപേരും വിദ്യാർത്ഥികൾ)
2. ഡോണി ബാബു

## 2. റവ. സി. ജോസ് മേരി എസ്.എ.ബി.എസ്



ഒ. സി. ജോസഫിന്റെ മൂന്നാമത്തെ സന്താനമാണ് മറിയാമ്മ (Sr. Jose Mary S.A.B.S) S.S.L.C. യും, T.T.C. യും കഴിഞ്ഞ് കുറച്ചു നാൾ പഠിപ്പിച്ചു. അദ്ധ്യാപികയായിരിക്കുമ്പോഴാണ് മഠത്തിൽ ചേർന്നത്. 1952 ജൂൺ 1 ന് വാഴപ്പള്ളി ആരാധന മഠത്തിൽ Aspirant ആയി ചേർന്നു. 1952 ഒക്ടോബർ 3 -ാം തീയതി ചങ്ങനാശ്ശേരി അരമനയിൽവച്ച് മാർ മാത്യു കാവുകാട്ട് മെത്രാനച്ചനിൽ നിന്ന് തലമുണ്ടും, സി. ജോസ് മേരി എന്ന പേരും സ്വീകരിച്ച് Postulent ആയി. 1953 മെയ് 11 ന് സഭാവസ്ത്രം പിതാവിൽ നിന്നും സ്വീകരിച്ചു. ഒരു വർഷത്തെ നൊവിഷ്യേറ്റിനുശേഷം 1954 മെയ് 11 ന് ആദ്യവ്രതം ചെയ്തു. ആദ്യവ്രതമനുസരിച്ചാണ് ജൂബിലി നടത്തുന്നത്. 1957 മെയ് 12 ന് നിത്യവ്രതം ചെയ്തു. വാഴപ്പള്ളി അതിരമ്പുഴ, തുരുത്തി, എടത്വാ എന്നിവിടങ്ങളിൽ മിഡിൽ സ്കൂൾ അദ്ധ്യാപികയായി സേവനം ചെയ്തു. അതിരമ്പുഴയിൽ വെച്ച് പെൻഷൻ ആയി. പഠിപ്പിക്കുന്ന കാലത്ത് ദീപികബാലസഖ്യം, മിഷൻ ലീഗ് എന്നീ സംഘടനകളിൽ അംഗമായിരുന്നു. സോഷ്യൽ വർക്ക് ആദ്യം മഠത്തിൽ തുടങ്ങിയപ്പോൾ തുരുത്തി മഠത്തിലെ സോഷ്യൽ വർക്ക് ലീഡർ ആയിരുന്നു. താമസിച്ചിട്ടുള്ള എല്ലാ മഠത്തിലും തന്നെ സോഷ്യൽ വർക്ക് ലീഡർ ആയിരുന്നു.

പെൻഷൻ ആയികഴിഞ്ഞ് Assumption Hostelൽ Procurator ആയിരുന്നു. തിരുവനന്തപുരത്ത് നിർമ്മലഭവൻ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ മൂന്നു വർഷത്തോളം അദ്ധ്യാപികയായി ജോലി നോക്കി. തിരുവനന്തപുരത്തുവച്ച് പ്രകൃതി ചികിത്സയുടെ MIINT എന്ന ഡിപ്ലോമ കോഴ്സ് റാങ്കോടെ പാസ്സായി. തമിഴ്നാട്ടിൽ വെല്ലൂർ മല്ലിഗാപുരത്തും, കന്യാകുമാരി ഡിസ്ട്രിക്റ്റിൽ സൂസൈപുരത്തും അസിസ്റ്റന്റ് സുപ്പീരിയർ, പ്രൊക്കുറേറ്റർ, മെസ് മാനേജർ എന്നീ നിലയിൽ സേവനം ചെയ്തു. സാധുക്കൾക്കായി മൂന്നു വർഷം എം. സി. എച്ച് നടത്തി. സാധുക്കളുടെ ഇടയിൽ സോഷ്യൽ വർക്ക് ചെയ്യുക, സണ്ടേസ്കൂളിൽ വേദപാഠം പഠിപ്പിക്കുക, കൊച്ചുകുട്ടികളെ ആദ്യകുർബ്ബാന സ്വീകരണത്തിനു ഒരുക്കുക മുതലായവ ചെയ്തും മഠത്തിലെ മറ്റു ജോലികളിൽ ഏർപ്പെട്ടും, സഹായിച്ചും ഇപ്പോൾ കഴിയുന്നു.

## 3. ഒ. ജെ. ജോസഫ് (ഔസേപ്പച്ചൻ)

ഒ. സി. ജോസഫിന്റെ (കുട്ടിച്ചന്റെ) രണ്ടാമത്തെ മകൻ ഔസേപ്പച്ചൻ 1925ൽ ജനിച്ചു. പ്രൈമറി വിദ്യാഭ്യാസം പാറേൽ സെന്റ് മേരീസ് എൽ പി. സ്കൂളിലായിരുന്നു. പിന്നീട് എസ്. ബി. ഹൈസ്കൂളിൽ പഠിച്ചു. പഠിക്കുമ്പോൾ ഫുട്ട്ബോൾ കളിക്കു നല്ല കഴിവുണ്ടായിരുന്നു. ഹൈസ്കൂളിൽ പഠിക്കുന്ന കാലത്ത് ശക്തിയായ ടൈഫോയിഡ് പിടിപെട്ടതിനാൽ പഠനം പൂർത്തീകരിച്ചില്ല. തുടർന്ന് കൃഷികാര്യങ്ങളിൽ ഏർപ്പെട്ടു. 1954

ൽ കൈനകരി കാരിക്കാച്ചിറ ചാണ്ടിച്ചന്റെ മകൾ മേരിക്കുട്ടിയെ വിവാഹം ചെയ്തു. 1990 ഡിസംബർ 21 ന് ഔസേപ്പച്ചൻ മരിച്ചു.

മക്കൾ :
1 ഒ. ജെ. ജയിംസ് (ജോസുകുട്ടി)
2 ഒ. ജെ. ലാലപ്പൻ
3 മനോജ് ജെ. ഒളശ്ശയിൽ (സജി)
4 ലൗലി (W/o ജോസഫ്, കണിയാംപറമ്പിൽ, കുന്നംകരി)

### 1. ഒ. ജെ. ജെയിംസ് (ജോസുകുട്ടി)

മാതാപിതാക്കളുടെ മൂത്തപുത്രനായ ജെയിംസ് 1955 നവംബർ 4-ാം തീയതി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കാത്തലിക്ക് സിറിയൻ ബാങ്കിൽ ജോലിയിൽ പ്രവേശിച്ചു ഇപ്പോൾ ക്ലാർക്കായി ജോലി നോക്കുന്നു. മുട്ടത്തേട്ട് ഔസേഫിന്റെയും ത്രേസ്യാമ്മയുടെയും മകൾ അന്നമ്മയാണ് ഭാര്യ. ഇവരുടെ വിവാഹം 1985 ജൂലൈ 14 നായിരുന്നു.

മക്കൾ :
1. ജോസി ജെയിംസ് (വിദ്യാർത്ഥി)
2. നാൻസി ജെയിംസ് (വിദ്യാർത്ഥിനി)

### 2. ഒ. ജെ. ലാലപ്പൻ

രണ്ടാമത്തെ പുത്രനായ ലാലപ്പൻ സൗദി അറേബ്യയിൽ ഇപ്പോൾ ജോലി നോക്കുന്നു. പായിപ്പാട്ടു അടവിച്ചിറയിൽ നിന്നും വിവാഹം കഴിച്ചു. ഏക മകൻ ലാൽ അലക്സ് സ്കൂൾ വിദ്യാർത്ഥിയാണ്.

### 3. മനോജ് ജെ. ഒളശ്ശയിൽ (സിജി)

1965 ഡിസംബർ 1-ാം തീയതി ശ്രീ. ഒ. ജെ. ജോസഫിന്റെയും മേരിക്കുട്ടിയുടെയും മകനായി സിജി ജാതനായി. ഹൈസ്കൂൾ വാദ്യാഭ്യാസത്തിനുശേഷം ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നു. തൃക്കൊടിത്താനം മാങ്ങാട്ട് കുടുംബത്തിൽ ജയയെ 1997 ഡിസംബർ 27-ാം തീയതി വിവാഹം കഴിച്ചു.

## 4. ഒ. ജെ. തോമസ് (തോമ്മാച്ചൻ)

26-02-1932 ൽ ഒ. സി. ജോസഫിന്റെയും (കുട്ടിച്ചൻ), മറിയാമ്മയുടെയും ഇളയമകനായി തോമ്മച്ചൻ ജനിച്ചു. പഠനകാലത്തു തന്നെ കുടുംബത്തിലെ കൃഷിയും മറ്റും നടത്തേണ്ടുന്ന ഉത്തരവാദിത്വം തോമാച്ചനിൽ നിക്ഷിപ്തമായി. പിതാവ് മരിച്ചതിനാൽ കുടുംബഭാരവും ചെറുപ്പത്തിലേ ഏറ്റെടുക്കേണ്ടി വന്നു. പഠനത്തിൽ സാമർത്ഥ്യം തെളിയിച്ച തോമ്മാച്ചൻ ചങ്ങനാശ്ശേരി എസ്. ബി. കോളേജിൽ നിന്ന് B.Sc. ബിരുദവും സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളേജിൽ നിന്നും B.T. ബിരുദവും നേടി. 1957 മുതൽ 3 വർഷം കാസർഗോഡ് ഹയ്യർ സെക്കണ്ടറി സ്കൂളിൽ അദ്ധ്യാപകനായി ജോലി നോക്കി. 1960 ൽ ഗവൺമെന്റ് സർവ്വീസിൽ പ്രവേശിക്കുകയും വൈക്കം ഹൈസ്കൂളിൽ അദ്ധ്യാപകനായി നിയമിതനാകുകയും ചെയ്തു. പിന്നീട് മഞ്ചേരിയിൽ എ. ഇ. ഒ. ആയി അവരോധിക്കപ്പെട്ടു. തുടർന്ന് മുണ്ടക്കയത്തും കാഞ്ഞിരപ്പള്ളിയിലുമുള്ള സ്കൂളുകളിൽ ഹെഡ്മാസ്റ്ററായി സേവനം അനുഷ്ഠിച്ചു 1988 മാർച്ച് 30 ന് ജോലിയിൽ നിന്നും വിരമിച്ചു ബിസിനസ്സിൽ പ്രവേശിച്ചു. തോമ്മാച്ചന്റെ

വിവാഹം 1962 നവംബർ 26-ാം തീയതിയായിരുന്നു. വൈക്കം പുത്തനങ്ങാടിയിൽ ജോസഫിന്റെയും അന്നമ്മയുടെയും മകൾ ലിസിക്കുട്ടിയാണ് ഭാര്യ.

മക്കൾ :
1. പ്രിൻസ് തോമസ്
2. സന്തോഷ് തോമസ്
3. ഷാലിമോൾ ബോസ്ക്കോ (W/o ബോസ്ക്കോ ഡി. മുണ്ടയ്ക്കൽ, കോതമംഗലം)
4. ലിറ്റോ തോമസ്
5. ടോഫിമോൾ ജോണി (W/o ജോണി ജോസഫ്, ചാവടിയിൽ, ആലപ്പുഴ)

## 1. പ്രിൻസ് തോമസ്

സീമന്ത പുത്രനായ പ്രിൻസ് 1964 ജനുവരി 20-ാം തീയതി ജാതനായി. കോളേജ് വിദ്യാഭ്യാസത്തിനുശേഷം വ്യാപാരരംഗത്തേക്ക് പ്രവേശിക്കുകയും വിവിധ വ്യാപാരങ്ങൾ ഏറ്റെടുത്ത് നടത്തുകയും തുടർന്ന് സഹോദരനോടൊപ്പം പെട്രോൾ വാഹനങ്ങളിൽ എൽ. പി. ജി. കൺവേർഷൻ ഏർപ്പെടുത്തുന്ന സ്ഥാപനം തുടങ്ങുകയും ചെയ്തു. 1995 ൽ സ്വന്തമായി പയനിയർ ഗ്യാസ്കാർ കൺസൾട്ടന്റ്സ് എന്ന സ്ഥാപനം തുടങ്ങി. 1998 ൽ ഗ്യാസ് കൺവേർഷൻ ആന്റ് ഡീലേഴ്സ് അസോസിയേഷൻ കേരള ശാഖയുടെ പ്രസിഡന്റായി. 2001 മുതൽ സോഫ്റ്റ് വെയർ വ്യവസായ രംഗത്ത് പ്രവർത്തിക്കുന്നു. 1994 ഫെബ്രുവരി 12 ന് പാലാ ചോവേലിക്കുടി പരേതനായ സി. റ്റി. ജോസഫിന്റെയും റോസമ്മയുടെയും മകൾ ഗ്രേസിയെ വിവാഹം ചെയ്തു. ഇപ്പോൾ കുടുംബസമേതം എറണാകുളത്ത് വസിക്കുന്നു.

മക്കൾ :
1. അഞ്ജന പ്രിൻസ് (വിദ്യാർത്ഥി)
2. അപ്ന ഗ്രേസ് പ്രിൻസ് (വിദ്യാർത്ഥിനി)

## 2. സന്തോഷ് തോമസ്

ശ്രീ. ഒ. ജെ. തോമസിന്റെയും ലിസിക്കുട്ടിയുടെയും ദ്വിതീയ പുത്രനായി സന്തോഷ് 1965 ജൂൺ 22 ന് ജനിച്ചു. കോളേജ് വിദ്യാഭ്യാസത്തിനുശേഷം എഞ്ചിനീയറിംഗിലും, ബിസിനസ്സ് മാനേജ്മെന്റിലും ഡിപ്ലോമ കരസ്ഥമാക്കി. തുടർന്ന് വ്യവസായ രംഗത്തേക്ക് പ്രവേശിച്ചു. 1988 ൽ ചങ്ങനാശ്ശേരിയിൽ “City Gas and Equipments” എന്ന സ്ഥാപനം ആരംഭിച്ചു. 1991 ൽ എറണാകുളത്ത് “City Gas Car Consultants” എന്ന സ്ഥാപനം തുടങ്ങുകയും 1996 ൽ ഇതിന്റെ ശാഖ തിരുവനന്തപുരത്ത് ആരംഭിക്കുകയും ചെയ്തു. 1998 ൽ കലൂരിലും 99 ൽ കുമാരനാശാൻ റോഡിലും ഇതരസ്ഥാപനങ്ങൾ ആരംഭിക്കുകയും ചെയ്തു. Japan Life Corporationനിൽ ഹെൽത്ത് കൺസൾട്ടന്റ് ആണ് സന്തോഷ്. 1995 ജൂൺ 21--ാം തീയതി എറണാകുളം പുതുശ്ശേരിയിൽ ഡോ. പി. വി. ചെറിയാന്റെയും, ആനിയുടെയും മകൾ ബിന്ദുവിനെ വിവാഹം ചെയ്തു.

മക്കൾ :
1. മേഗ്ന സന്തോഷ് (വിദ്യാർത്ഥിനി)
2. ആൻ സന്തോഷ് (വിദ്യാർത്ഥിനി)

### 3. ലിറ്റോ തോമസ്

ഇളയ പുത്രനായ ലിറ്റോയുടെ ജനനം 1969 മാർച്ച് 7 ന്. B.Sc. ബിരുദാനന്തരം, Vatican University യുടെ M.A. (Philosophy, Theology, Psychology) ബിരുദം രണ്ടാം റാങ്കിൽ പാസ്സായി. ഇപ്പോൾ പാറേൽ സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർ ആണ്. തിരുവല്ലായിലും, ചങ്ങനാശ്ശേരിലും. LPG Accessories & Services ന്റെ ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നു. ലിറ്റോ 2003 ഫെബ്രുവരി 23 ന് മാടപ്പള്ളി പടിഞ്ഞാറേക്കുറ്റ് പി. ജെ. ഫിലിപ്പിന്റെ മകൾ ലീനറ്റിനെ വിവാഹം ചെയ്തു. M.A. B.Ed. ബിരുദധാരിയായ ലീനറ്റ്, ഗുഡ് ഷെപ്പേർഡ് ഹയർ സെക്കന്ററി സ്കൂളിൽ അധ്യാപികയാണ്.















## II. ഒ. സി. വർഗ്ഗീസ് (വക്കച്ചൻ)



ജോസഫിന്റെ അനിയൻ വർഗ്ഗീസ് 1890 ജൂലൈ 19 ന് ജനിച്ചു. സെന്റ് ബർക്ക്മാൻസ് ഹൈസ്കൂളിൽ ഫോർത്തു ഫോറത്തിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ ഈ സ്കൂളിലെ പഠനം നിർത്തി വർഗ്ഗീസിനെയും, ജ്യേഷ്ഠൻ ജോസഫിനെയും പിതാവ് തൃശ്ശിനാപള്ളി സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ ചേർത്തു. വർഗ്ഗീസ് ഇവിടെ നിന്ന് മെട്രിക്കുലേഷൻ പരീക്ഷ പാസ്സായി. കേളേജു പഠനത്തിനായി മംഗലാപുരം സെന്റ് അലോഷ്യസ് കേളേജിൽ ചേർന്നു. 1911-13 ൽ ഇന്റർമീഡിയറ്റ് പഠനം പൂർത്തീകരിച്ചു. പിന്നീട് ഓണേഴ്സിന് പഠിക്കാൻ തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ്സ് കോളേജിൽ ചേർന്നു. അന്ന് ഈ കോളേജിലെ അദ്ധ്യാപകരിൽ അധികപങ്കും ജെസ്യൂട്ട് വൈദികരായ യൂറോപ്യൻ മിഷനറിമാരായിരുന്നു. അവിടെനിന്ന് വർഗ്ഗീസ് ഓണേഴ്സ് ബിരുദം സമ്പാദിച്ചു. മക്കളുടെ വിദ്യാപുരോഗതിയിൽ അതിയായ താൽപര്യം പ്രകടിപ്പിച്ചിരുന്ന വർഗ്ഗീസിന്റെ പിതാവ് മകന്റെ വിജയ വാർത്ത മരണകിടക്കയിൽവച്ചാണ് കേട്ടത്. ചങ്ങനാശ്ശേരി പട്ടണത്തിലെ പ്രഥമ ഓണേഴ്സ് ബിരുദധാരിയായിരുന്നു വർഗ്ഗീസ്. വിദ്യാർത്ഥി ആയിരിക്കുമ്പോൾതന്നെ ഈ യുവാവ് വിവാഹിതനായി. വ്യാപാരം കൊണ്ടും, ധനസ്ഥിതികൊണ്ടും അന്ന് ഒന്നാം കിടയിൽ നിന്നിരുന്ന പായിക്കാട്ട് ഗീവർഗ്ഗീസ് ദേവസ്യായുടെ മകൾ ഏലിക്കുട്ടിയായിരുന്നു വധു. 1912 മെയ് 12 നു വിവാഹം നടന്നു. തന്റെ പിതാവിന്റെ കുടുംബസുഹൃത്തും, പൊതുരംഗപ്രവർത്തന കൂട്ടുകാരിൽ ഒരാളുമായ ശ്രീ മന്നത്തു പത്മനാഭപിള്ള വധൂവരന്മാരെ അനുമോദിച്ച് പ്രസ്തുത ദിനത്തിൽ ഒരു പ്രസംഗം ചെയ്തു. കൊല്ലങ്ങൾക്ക്ശേഷം ശ്രീ മന്നത്തു പത്മനാഭൻ നായർ സമുദായത്തിന്റെ അനിഷേധ്യനേതാവായി അവരോധിക്കപ്പെട്ടകാലത്ത് ശ്രീ. ഒ. സി. വർഗ്ഗീസിന്റെ മകൻ ഒ. വി. ജോസഫിന്റെ മംഗല്യദിനം വധുവരന്മാർക്ക് ആശംസാനുഗ്രഹങ്ങൾ നേർന്നുകൊണ്ട് സംസാരിച്ചപ്പോൾ വരന്റെ പിതാവിന്റെ വിവാഹാവസരത്തിൽ താൻ അതിഥിയായി സന്നിഹിതനായതും, അനുമോദനവാക്കുകൾ ഉച്ചരിച്ചതും അദ്ദേഹം ഓർമ്മപ്പെടുത്തുകയുണ്ടായി.

ശ്രീ. ഒ. സി. വർഗ്ഗീസിന്റെ ആയുസ്സിന്റെ അധികപങ്കും ഒരു അദ്ധ്യാപകനായി സ്വയം അർപ്പണം ചെയ്തു. ബിരുദം നേടിയ കൊല്ലംതന്നെ സെന്റ് ബർക്ക്മാൻസ് ഹൈസ്കൂളിൽ അദ്ധ്യാപകനായി നിയമനം ലഭിച്ചു. 1916 മുതൽ 1921 വരെ ഇവിടെ ജോലിനോക്കി. ഇവിടെ ആയിരിക്കുമ്പോൾ പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ ഹെഡ് മാസ്റ്ററാകാനുള്ള ക്ഷണം ലഭിച്ചു. ഹെഡ്മാസ്റ്ററായി ആ സ്കൂളിനെ ഏഴു കൊല്ലം സേവിച്ചു. ശിക്ഷണപരിപാലനത്തിനും ഭരണശേഷിക്കുമുള്ള അംഗീകാരം കരസ്ഥമാക്കിക്കൊണ്ടാണ് അവിടെ നിന്ന് 1928 ൽ പിരിഞ്ഞത്. ഇതേത്തുടർന്ന് ഒരു കൊല്ലത്തേക്ക് ചങ്ങനാശ്ശേരി സെന്റ് ജോസഫ്സ് ഗേൾസ് ഹൈസ്കൂളിൽ ഹെഡ്മാസ്റ്റർ സ്ഥാനം ഏറ്റു. ഹെഡ്മാസ്റ്റർ എന്നസ്ഥാനത്ത് ജനസമൂഹത്തിന്റെയും, വിദ്യാർത്ഥി ലോകത്തിന്റെയും ഇടയിൽ ഇദ്ദേഹം വിശേഷവിധം ആദരണീയനായിരുന്നു.

1929 ൽ ഒ. സി. വർഗ്ഗീസ് സെന്റ് ബർക്ക്മാൻസ് കോളേജിൽ ചരിത്രാദ്ധ്യാപകനായി നിയമിക്കപ്പെട്ടു. കാൽ നൂറ്റാണ്ടുകാലം ഈ കോളേജിൽ സേവനമനുഷ്ഠിച്ചശേഷം 1954 ൽ വിരമിച്ചു. അല്പകാലത്തെ വിശ്രമാനന്തരം വീണ്ടും മറ്റ് രണ്ടുകോളേജുകളിൽകൂടി തന്റെ അദ്ധ്യാപന കർമ്മം തുടരുകയുണ്ടായി. തിരുവന്തപുരം മാർതിയോഫിലോസ്സ് ട്രയിനിംഗ് കോളേജും, മാന്നാനം ട്രയിനിംഗ് കോളേജുമാണ് പ്രസ്തുത സ്ഥാപനങ്ങൾ. അദ്ധ്യാപനരംഗത്തുനിന്നു വിരമിച്ചശേഷം സ്ഥലത്തെ ചില സുഹൃത്തുക്കളുടെ സഹകരണത്തോടെ ചങ്ങനാശ്ശേരി സെന്റ്രൽ ബാങ്ക് എന്ന പേരിൽ ഒരു ബാങ്കു പ്രവർത്തനത്തിൽ കുറെ കൊല്ലങ്ങൾ ഏർപ്പെട്ടിരുന്നുവെങ്കിലും പ്രതീക്ഷിച്ചപോലെ അത് വളർന്നുകയറിയില്ല. പിന്നീട് ഈസ്റ്റേൺ മർക്കെന്റയിൽ ബാങ്ക് എന്നപേരിൽ പ്രവർത്തിച്ചിരുന്ന മറ്റൊരു ബാങ്ക് ഏറ്റെടുത്തു വിപുലമാക്കാൻ വീണ്ടും തുനിഞ്ഞു. പക്ഷെ ഈ ശ്രമവും വിജയിച്ചില്ല. ബാങ്ക്, ലികിഡേഷനിൽ ആകാൻ തുടങ്ങിയപ്പോൾ വർഗ്ഗീസ് ബാങ്കിന്റെ മാനേജ്മെന്റിൽ ഉള്ളതിനാൽ നിക്ഷേപം നടത്തിയ ചില നിക്ഷേപകർ അവരുടെ പണം തിരികെ ആവശ്യപ്പെട്ടു. നിയമപരമായി ഇതിന്റെ ഉത്തരവാദിത്വം ഇല്ലാതിരുന്നിട്ടും വർഗ്ഗീസ് സ്വന്തം ഭൂമി പണയം വെച്ച് Land Mortgage Bank ൽ നിന്നും പണമെടുത്തു നിക്ഷേപകരുടെ തുക മടക്കിക്കൊടുത്തു.

പൊതുകാര്യങ്ങളിൽ ജീവിതകാലമത്രയും ശുഷ്ക്കാന്തിയോടെ പങ്കുവഹിച്ചുകൊണ്ടിരുന്നു എന്നുള്ളതാണ് വർഗ്ഗീസിന്റെ സ്മരണ പിൻതലമുറകളിൽ ആനന്ദവും അഭിമാനവും ഉണർത്തുന്നത്. ചങ്ങനാശ്ശേരി പട്ടണത്തെ പരിഷ്കൃത സമ്പ്രദായങ്ങളുമായി സമ്പർക്കത്തിൽകൊണ്ടുവരാൻ ഇദ്ദേഹത്തിന്റെ പിതാവ് തുടക്കമിട്ട യത്നങ്ങളെ കാലത്തിനു യോജിച്ച വിധം പൂർത്തീകരിക്കാൻ അകമഴിഞ്ഞ ആത്മാർത്ഥതയോടെ വർഗ്ഗീസ് കർമ്മോത്സുകത പ്രകടിപ്പിച്ചു. ചങ്ങനാശ്ശേരി മുൻസിപ്പൽ പ്രസിഡന്റായി ഒൻപതുകൊല്ലം നഗരവാസികളെ സേവിച്ചു. ഇപ്പോഴത്തെ മുൻസിപ്പൽ ഓഫീസ് കെട്ടിടം പണിയപ്പെടുന്നത് പ്രസ്തുത ഘട്ടത്തിലാണ്. അതുവരെയും ചങ്ങനാശ്ശേരി പള്ളിവക വാടകകെട്ടിടത്തിലാണ് മുൻസിപ്പൽ ഓഫീസ് പ്രവർത്തിച്ചിരുന്നത്. മുഖ്യമന്ത്രിയായിരുന്ന സി കേശവൻ പുതിയ മുൻസിപ്പൽ കേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ചങ്ങനാശ്ശേരി റ്റി. ബി. ഹൗസ്സും, റോഡും രൂപം പ്രാപിച്ചതും പൂവക്കാട്ട് ചിറയ്ക്കു സമീപമുള്ള മുൻസിപ്പാലിറ്റി വക പാർക്കിനുള്ള അടിസ്ഥാനം ഇട്ടതും ഇദ്ദേഹത്തിന്റെ ഭരണകാലത്താണ്. ടൗണിലെ റോഡുകൾ കോൺക്രീറ്റുമെറ്റലിംഗ് യുഗത്തിലേക്ക് കടന്നുവന്നതും ഈ ഭരണകാലത്ത് അത്രേ. ഇവയേക്കാൾ ഒക്കെ ഉത്കൃഷ്ടമായ പരിവർത്തനം കൗൺസിലിലെ അംഗങ്ങളുടെ വീക്ഷണത്തിൽ പടിപടിയായികൊണ്ടുവന്ന പുരോഗതിയും വിശാലതയുമാണ്. വളരെക്കാലമായി ജാതി, മത വർഗ്ഗ ചിന്തകൾക്ക് അടിമകളായിട്ടാണ് കൗൺസിലംഗങ്ങൾ പ്രശ്നങ്ങളെ വീക്ഷിച്ചു പോന്നത്. ഇത് മാറ്റിയെടുക്കാൻ ഈ നഗരപിതാവ് അനവരതം കർമ്മ കുശലനായി മുൻപോട്ടുനീങ്ങി. ഇതിന്റെ ഫലമായി നഗരവികസനത്തെപ്പറ്റി വിശാലമായി ചിന്തിക്കാൻ പ്രേരണയുണ്ടായി. പട്ടണത്തിന്റെ എല്ലാഭാഗങ്ങളും ഒരുപോലെ വികസിപ്പിച്ചെടുക്കണമെന്ന നിശ്ചയം ബന്ധപ്പെട്ട എല്ലാവരിലും ബീജാവാപം ചെയ്തു. ഒൻപതു കൊല്ലത്തെക്കു തുടർച്ചയായി ഒരു നഗരപിതാവ് ഭരിച്ചു എന്നത് ഒരു റെക്കാഡാണ് ഈ മുൻസിപ്പാലിറ്റിയുടെ ചരിത്രത്തിൽ.

ചങ്ങനാശ്ശേരി വലിയപള്ളിയുമായി വളരെ അടുത്തു പ്രവർത്തിച്ച അദ്ദേഹം ആറു പ്രാവശ്യം കൈക്കാരനായി നിയമിക്കപ്പെട്ടു. പള്ളിയുടെ ആസ്തിബാദ്ധ്യതകൾ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച കണ്ടതിനാൽ ബ. കാളാശ്ശേരി പിതാവ് ഇദ്ദേഹത്തെ ഒരു ദീർഘകാല കൈക്കാരനായി നിയമിച്ചു. സാധാരണ ആണ്ടുതോറും നിയമിക്കപ്പെട്ടിരുന്ന കൈക്കാരന് പുറമെ ആയിരുന്നു ഇദ്ദേഹത്തിന്റെ പ്രത്യേക നിയമനം. എന്നാൽ രണ്ടു മൂന്നു കൊല്ലങ്ങൾക്കൊണ്ട് തന്നെഏൽപ്പിച്ച ജോലിപൂർത്തിയാക്കി ആസ്ഥാനത്തുനിന്നു പിൻവാങ്ങി. 1934 ൽ ചന്തക്കടവു കുരിശുപള്ളി ഇടിഞ്ഞു വീണപ്പോൾ ആസ്ഥലത്ത് വീണ്ടും പള്ളിപണിയപ്പെടാതിരിക്കാൻ ചില വിരുദ്ധശക്തികൾ തുനിഞ്ഞു. ചന്തയ്ക്കുവേണ്ടി പള്ളിസ്ഥലം തിരിച്ചിടണമെന്ന് ആ കൂട്ടർ ആവശ്യപ്പെട്ടു. എന്നാൽ ഈ എതിർപ്പുകളെ തട്ടിനീക്കി പഴയസ്ഥാനത്ത് പള്ളിവയ്ക്കാനുള്ള ഗവൺമെന്റ് അനുമതി വേഗം നേടിയെടുത്തത് വർഗ്ഗീസാണ്. പല പ്രാവശ്യം തിരുവന്തപുരത്തുപോയി ബന്ധപ്പെട്ട അധികാരികളെ സ്വാധീനിച്ചാണ് ഇത് സാധ്യമാക്കിയത്. പള്ളിനിന്ന അടിസ്ഥാനം ചെളിയിൽ ഉറപ്പിച്ചിരുന്നതിന്റെ പോരായ്മയായിരുന്നു പതനത്തിനു കാരണം. ഇതു തടയാൻവേണ്ടി തേക്കിന്റെ കഴകൾ അടിത്തറയിൽ തല്ലിത്താത്ത് അടിസ്ഥാനം ഉറപ്പിച്ചു പുതിയപള്ളി പണിതുയർത്തി. ദരിദ്രസേവനത്തിനായി ആഗോളാടിസ്ഥാനത്തിൽ സേവനം അർപ്പിച്ചുകൊണ്ടിരുന്ന വിൻസെന്റ് ഡിപോൾ സംഘത്തിന്റെ ചങ്ങനാശ്ശേരി യൂണിറ്റു പ്രസിഡന്റായി അനവധികൊല്ലം ഇദ്ദേഹം ആസംഘടനയെ നയിച്ചു.

ഒളശ്ശ തറവാട്ടിലെ വിവിധ ശാഖകളിലെ അംഗങ്ങളെ പിതൃക്കളുടെ നാമത്തിൽ ഒന്നിപ്പിക്കാനും സ്നേഹത്തിൽ നിലനിർത്താനുംവേണ്ടി ഒളശ്ശയിൽ കുടുംബസംഘടനയ്ക്ക് വിത്തിട്ടതും വർഗ്ഗീസാണ്. പലകൊല്ലങ്ങൾ ഈ സംഘടനയുടെ പ്രസിഡന്റ് സ്ഥാനം വഹിച്ചു ഇതിനെ വളർത്തുകയും ചെയ്തു.

തന്റെ കണ്ണിനു നടത്തിയ ഓപ്പറേഷൻ പഥ്യപ്പിഴയാൽ, ഒരു കണ്ണിന് കാഴ്ച നഷ്ടപ്പെടുത്തി. ബാല്യം മുതലെ വളർന്നുവന്ന പിതൃഭവനപുരയിടവും, ടെലഫോൺ കേന്ദ്രമായി മാറ്റാൻ കേന്ദ്രഗവൺമെന്റിന് വിട്ടുകൊടുത്തതിനാൽ തുടർന്ന് എറണാകുളത്ത് വാസമാക്കാനുള്ള പരിപാടിയും തയ്യാറാക്കി. സ്വന്തം വീട്ടിൽ കിടന്നു മരിച്ച് സ്വന്തം ഇടവകപ്പള്ളിയിൽ പിതാക്കന്മാരുടെ അരികിൽ സംസ്കരിക്കപ്പെടണമെന്നായിരുന്നു, ചങ്ങനാശ്ശേരിയിലെ സഹോദരങ്ങളുടെ ആഗ്രഹം. ഇങ്ങനെ ഇരിക്കുമ്പോഴാണ് ഏതാനും ദിവസത്തെ വിശ്രമത്തിനുവേണ്ടി ചങ്ങനാശ്ശേരിയിൽ വന്ന് ഇടനാട്ടുവീട്ടിൽ തിരിച്ചെത്തിയത്. അപ്പോഴത്തെ തന്റെ ഏക അസൗകര്യമായി എടുത്തുകാട്ടിയത് പള്ളിയിൽപോയി ഭക്തസംഘവും ഒത്ത് പ്രാർത്ഥനയിൽ ലയിക്കാൻ കഴിയുന്നില്ലെന്നുള്ളതായിരുന്നു. ഈ അവസ്ഥയിൽ ഇരിക്കുമ്പോൾ രാത്രിയിൽ കിടക്കാറായ സമയം ഒരു ഹൃദയവേദനമൂലം ശ്വാസം നിലച്ചു. ഒളശ്ശ കുടുംബത്തിലെ ബഹുമാന്യനായ കുടുംബാംഗം അതോടെ കുടുംബത്തിന് നഷ്ടപ്പെട്ടു. 1975 സെപ്റ്റംബർ 19-ാം തീയതി രാത്രി പന്ത്രണ്ടുമണിക്ക് ശ്രി. ഒ. സി. വർഗ്ഗീസ് എം. എ. ദിവംഗതനായി. ഇദ്ദേഹത്തിനുശേഷം ഇദ്ദേഹത്തിന്റെ പ്രിയതമ എറണാകുളത്തുള്ള മകന്റെ വീട്ടിൽവച്ച് ഹൃദയസ്തംഭനം മൂലം 22-2-1981 ൽ നിര്യാതയായി അവിടുത്തെപള്ളി സിമിത്തേരിയിൽ നിത്യവിശ്രമംകൊള്ളുന്നു.

മക്കൾ :

1 ഒ. വി. ജോസഫ്
2 ഒ. വി. കുരുവിള
3 ഒ. വി. സെബാസ്റ്റ്യൻ
4 ചിന്നമ്മ, കൂട്ടിയാനിയ്ക്കൽ, പാലാ
5 ഒ. വി. തോമസ്
6 ഒ. വി. ഫിലിപ്പ്
7 റോസമ്മ, മാണിക്കനാംപറമ്പിൽ, എറണാകുളം
8 റവ. സി. മരിയ ഗ്രേസ്

## 1. ഒ. വി. ജോസഫ് (ഔസേപ്പച്ചൻ)



ഒ. സി. വർഗ്ഗീസിന്റെയും ഏലിക്കുട്ടിയുടെയും മൂത്തമകനായി 1920 ൽ ജനിച്ചു. സമുദായാചാര പ്രകാരം കുരുവിള എന്നാണ് നാമകരണം ചെയ്യേണ്ടതെങ്കിലും മാതാവിന്റെ നേർച്ച പ്രകാരം ജോസഫ് എന്ന് പേരിട്ടു. ചങ്ങനാശ്ശേരി എസ്. ബി. ഹൈസ്കൂളിലും, എസ്. ബി. കോളേജിലും നിന്നു വിദ്യാഭ്യാസം നേടിയശേഷം മദ്രാസിലെ Chartered Accountant സ്ഥാപനമായ M/S Fraser & Ross ൽ Articled Clerk ആയി ജോലിയിൽ പ്രവേശിച്ചു. ആ സമയം ജപ്പാൻ സൈന്യം ഏഷ്യൻ രാജ്യങ്ങൾ ആക്രമിച്ചപ്പോൾ ബ്രിട്ടീഷുകാരുടെ ആവശ്യ പ്രകാരം Sub Lieutenant ആയി ഇന്ത്യൻ നേവൽ വാളണ്ടിയർ റിസർവ് ഫോഴ്സിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടു. 3 വർഷം ജോസഫ് നേവൽ ഓഫീസറായി സേവനം അനുഷ്ഠിച്ചു. തുടർന്ന് Lieutenant ആയി സ്ഥാനക്കയറ്റം ലഭിച്ചു. ബ്രിട്ടീഷ് സൈന്യത്തിൽ ഇന്ത്യക്കാർ സേവനം അനുഷ്ഠിക്കരുതെന്ന മഹാത്മാഗാന്ധിയുടെ ആഹ്വാനപ്രകാരം ജോസഫ് നേവിയിൽ നിന്ന് വിട്ട് Reserve Bank ന്റെ ആസ്ഥാനമായ ബോംബെയിൽ ടെക്നിക്കൽ അസിസ്റ്റന്റ് ആയി ജോലിയിൽ പ്രവേശിച്ചു. 1947 ൽ ജോസഫ് തീക്കോയി വള്ളിക്കാപ്പിൽ തങ്കമ്മയെ വിവാഹം ചെയ്തു. അവരുടെ ദാമ്പത്യ ജീവിതം അധികനാൾ ദീർഘിച്ചില്ല. തന്റെ ബോംബെയിലുള്ള താമസസമയത്ത് പിടിപെട്ട രോഗത്തെത്തുടർന്ന് 1948 മാർച്ച് 1 ന് മരണമടഞ്ഞു. മരണ സമയത്ത് തന്റെ ഭാര്യയെയും, ഭാര്യാ മാതാവിനെയും സ്വന്തം മാതാപിതാക്കളെയും, സഹോദരീ സഹോദരന്മാരെയും വിളിച്ചു വരുത്തി അവരോടു യാത്രപറഞ്ഞു.

## 2. ഒ. വി. കുരുവിള

1840-1882 കാലയളവിൽ ഒളശ്ശയിൽ കുരുവിള കൊച്ചാണ്ടിയും, അദ്ദേഹത്തിന്റെ മരണാനന്തരം മകൻ കൊച്ചാണ്ടി വറീതും ചങ്ങനാശ്ശേരി മണ്ഡപത്തും വാതില്ക്കൽ മുതലു പിടി ഉദ്യോഗം അഴിമതിരഹിതമായി അന്തസ്സുറ്റ മാതൃകയിൽ വഹിച്ച് ഉദ്യോഗമണ്ഡലത്തിലും പൊതുജീവിതത്തിലും സ്വന്തം വ്യക്തി മുദ്രകൾ പതിപ്പിച്ച മഹാന്മാരായിരുന്നു. ഈ പൂർവ്വികന്മാരുടെ അതേ കാലടികൾ പിൻതുടർന്ന് സ്വതന്ത്രഭാരത ഉദ്യോഗമേഖലയിൽ കേന്ദ്രസർക്കാരിന്റെ പല വിലയേറിയ ഉദ്യോഗ ചുമതലകൾ മുപ്പത്തിയാറുകൊല്ലം അഴിമതിയുടെ ചെളിപറ്റാതെ ചുമലിൽ വഹിച്ച് അവസാനം കേന്ദ്രഗവൺമെന്റ് റവന്യൂ

ബോർഡ് ചെയർമാൻ സ്ഥാനം അലങ്കരിച്ച് സൽപേരോടെ ഉദ്യോഗത്തിൽ നിന്ന് പെൻഷൻ പറ്റി പിരിഞ്ഞ നമ്മുടെ മറ്റൊരു സഹോദരനാണ് ഒ. വി. കുരുവിള.

1923-ാമാണ്ട് ജൂലൈ 1-ന് മാതാപിതാക്കളുടെ ദ്വിതീയ പുത്രനായി കുരുവിള ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം പുഴവാത് മലയാളം സ്കൂളിലും തുടർന്നുള്ള പഠനം സെന്റ് ബർക്ക്മാൻസ് ഹൈസ്കൂളിലും നടത്തി. സെന്റ് ബർക്ക്മാൻസ് കോളജിൽ നിന്ന് ഇന്റർമീഡിയറ്റ് കഴിഞ്ഞ് ഓണേഴ്സ് ഡിഗ്രിക്കു പഠിക്കാൻ ത്രിശ്ശിനാപ്പള്ളി സെന്റ് ജോസഫ്സ് കോളേജിൽ പ്രവേശിച്ചു. 1942 മുതൽ 1944 വരെ ആ കോളേജിൽ അഭ്യസിച്ച് ഓണേഴ്സ് ബിരുദം നേടി. അതിനുശേഷം 'Indian Audit & Account and Allied Services' ൽ ചേരുകയും, റിസൾട്ട് വരുന്നതിനു മുമ്പുതന്നെ Indian Navy യിൽ Sub - Lieutenant ആയി ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. രണ്ടാം ലോക മഹായുദ്ധം തീർന്നപ്പോൾ കുരുവിളയ്ക്ക് Navy യിൽ നിന്ന് വിടുതൽ ലഭിക്കുകയും, Civil Service പരീക്ഷ വിജയിച്ചതിന്റെ വെളിച്ചത്തിൽ Central Service ൽ Income - Tax Officer ന്റെ ജോലി ലഭിക്കുകയും ചെയ്തു. അങ്ങനെ 1946 ൽ കുരുവിള Income - Tax Department ൽ ചേരുകയും ബോംബെ, ജാംനഗർ, രാജ്കോട്ട് എന്നീ സ്ഥലങ്ങളിൽ സേവനം അനുഷ്ഠിക്കുകയും ചെയ്തു. 1955 ൽ Asst. Commissioner of Income-Tax ആയി സ്ഥാനകയറ്റം ലഭിച്ച് ബോംബെ, നാഗ്പൂർ, കോയമ്പത്തൂർ എന്നിവിടങ്ങളിൽ ജോലി നോക്കി. 1965 ൽ കുരുവിള Commissioner of Income-Tax, Goa and Karnataka ആയി ബാംഗ്ലൂരിൽ നിയമിതനായി. 1970 ൽ വീണ്ടും ബോംബെയിൽ Commissioner of Income- Tax, Bombay City I ആയി നിയമിതനായി. Income -Tax Department ന്റെ ഏറ്റവും ഉന്നതമായ പദവിയായിരുന്നു ഇത്. ഇൻഡ്യയിലെ Service ന്റെ മൂന്നിലൊന്ന് Revenue, Bombay City I Department ൽ നിന്ന് ശേഖരിച്ചതിനാലായിരുന്നു ഈ സ്ഥാനം. 1976 ൽ കുരുവിളയെ Member, Central Board of Direct Taxes ആയും, 1979 ൽ Board ന്റെ Chairman ആയും നിയമിച്ചു. 1981 ജൂൺ മാസം ജോലിയിൽനിന്നു വിരമിക്കുന്നതുവരെ ഈ പദവി അദ്ദേഹം അലങ്കരിച്ചു. ഭാരതത്തിലാകെയുള്ള ക്രിസ്ത്യാനികളിൽ ഈ പദവി ലഭിച്ചിരുന്ന ഓരേഒരു വ്യക്തിയാണ് കുരുവിള.

Income-Tax Department ൽ കുരുവിള അസൂയാവഹമായ പല നേട്ടങ്ങളും കൈവരിച്ചു. Income-Tax Department ന്റെ ചരിത്രത്തിൽ ആദ്യമെന്നു വിശേഷിപ്പിക്കാവുന്ന പല നൂതന പ്രവർത്തനങ്ങളും കുരുവിള മുൻകൈ എടുത്തു നടത്തിയിട്ടുള്ളവയാണ്. 1965 ൽ രാജസ്ഥാനിൽ ഒരു വീട്ടിൽനിന്നു 100 കിലോ സ്വർണ്ണം പിടിച്ചെടുത്തത്, 1971 ൽ സിനിമാ രംഗത്തുള്ളവരിൽനിന്ന് കോടികൾ മതിക്കുന്ന അനധികൃത വസ്തുക്കൾ പിടിച്ചെടുത്തത്., 1975 ൽ രൂപീകരിച്ച Voluntary Disclosure Scheme നടപ്പിൽ വരുത്തിയത്, 1981 ൽ ശ്രീനഗറിൽ വാണിജ്യസംഘ പ്രതിനിധികൾ എന്ന വ്യാജേന വളരെ രഹസ്യമായി നടത്തിയ നീക്കത്തിന്റെ ഫലമായി പിടിച്ചെടുത്ത വ്യാജപ്പണം തുടങ്ങിയവ പ്രത്യേകം എടുത്തു പറയേണ്ടവതന്നെയാണ്. സുസമ്മതനായ, കാര്യപ്രാപ്തിയുള്ള ഉദ്യോഗസ്ഥൻ എന്ന് ഉദ്യോഗകാലത്തുതന്നെ കുരുവിള അറിയപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ സ്വഭാവ നൈർമല്യവും അഴിമതി വിമുക്തമായ ഉദ്യോഗ ചുമതലാ നിർവ്വഹണവും, അർപ്പിതബോധവും, നീതി പൂർണ്ണമായ ഭരണവും Department ൽ തന്നെയുള്ളവരുടെയും, നികുതി ദായകരുടെയും പ്രശംസയ്ക്ക് അർഹമായി.

ഔദ്യോഗിക ജോലിയിൽനിന്നും വിരമിച്ചശേഷം കുരുവിള Associated Cement Companies of India തുടങ്ങിയ പല കമ്പനികളുടെയും Director യി പ്രവർത്തിയ്ക്കുന്നു.

ഔദ്യോഗിക പദവിയിൽ ഇരുന്നപ്പോഴും, അതിനുശേഷവും കുരുവിള പല സാംസ്ക്കാരിക സംഘടനകളിൽ പ്രവർത്തിച്ചിരുന്നു. Y. M. C. A. യിൽ അരനൂറ്റാണ്ടിലേറെ പ്രവർത്തിച്ചു. Bombay Y. M. C. A. യുടെ Board of Director ൽ പലവർഷങ്ങളായി സേവനം അനുഷ്ഠിച്ചു. മൂന്നു പ്രാവശ്യം പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടു. Delhi Gymkhane Club പ്രസിഡന്റ്, ബോംബെയിലെ സാംസ്ക്കാരിക സംഘടനയായ Udagom ന്റെ ആയുഷ്ക്കാല വൈസ് പ്രസിഡന്റ്, ചെയർമാൻ, കൂടാതെ കാംപ്യൻ സ്കൂൾ ഓഫ് ബോംബെ യിലെ ട്രഷറർ എന്നീ പദവിയും വഹിച്ചിരുന്നു.

1951 നവംബർ 12 ന് കുരുവിള വിവാഹിതനായി കുരുവിളയുടെ സഹധർമ്മിണി District and Sessions Judge ആയിരുന്ന റ്റി. ജെ. ജോസഫ് തുമ്പശ്ശേരിയുടെ മകൾ ആനിമ്മയാണ്. നാലു ആൺമക്കളും രണ്ടുപെൺമക്കളുമാണ് സന്താനങ്ങൾ. കുരുവിള ഭാര്യാസമേതം ഇപ്പോൾ ബാംഗ്ലൂരിൽ താമസിച്ചു വരുന്നു.

മക്കൾ :
1. ഡോ. എലിസബത്ത് (W/o ഡോ. മാത്യു ജോസഫ്, ചന്ദ്രകുന്നേൽ)
2. ജോർജ് കുരുവിള
3. ജോസഫ് കുരുവിള
4. സെബാസ്റ്റ്യൻ കുരുവിള
5. അനിത (W/o ജോർജ് വർഗ്ഗീസ്, മടേലിൽ, തിരുവല്ലാ)
6. ഡോ. തോമസ് കുരുവിള

## 1. ജോർജ് കുരുവിള

മാതാപിതാക്കളുടെ സീമന്ത പുത്രനായ ജോർജിന്റെ ജനനം 1954 ഒക്ടോബർ 8-ാം തീയതിയാണ്. വിദ്യാഭ്യാസത്തിനുശേഷം 1979 ൽ റിയാദിലും 1980 മുതൽ 1990 വരെ മസ്ക്കറ്റിലും ജോലി നോക്കി. 1980 ഫെബ്രുവരി 17-ാം തീയതി വെളിയനാട് നടുവേലിൽ പുത്തൻപുരയിൽ ചെറിയാൻ ജോസഫിന്റെയും വിന്നിയുടെയും മകൾ അക്കാമ്മയെ വിവാഹം ചെയ്തു. അക്കാമ്മ ഫാഷൻ ഡിസൈനിംഗിലും, ഗാർമെന്റ് എക്സ്പോർട്ട് മർക്കെന്റൈസിംഗ് ആന്റ് മാനേജ്മെന്റിലും ഡിപ്ലോമ കരസ്ഥമാക്കിയിട്ടുണ്ട്. ഇപ്പോൾ ബാംഗ്ലൂരിലുള്ള Wigam and Leigh ഫാഷൻ കോളേജിൽ ജോലി നോക്കുന്നു.

മക്കൾ :
1. യെമി അന്ന ജോർജ് (എഞ്ചിനീയറിംഗ് വിദ്യാർത്ഥിനി)
2. അനൂപ് ജോർജ് ഒളശ്ശ (വിദ്യാർത്ഥി)

## 2. ജോസഫ് കുരുവിള (ബാബു)

രണ്ടാമത്തെ മകനായി ബാബു എന്നുവിളിക്കുന്ന ജോസഫ് കുരുവിള 1956 മാർച്ച് 26-ാം തീയതി ജാതനായി. കോളേജ് വിദ്യാഭ്യാസത്തിനുശേഷം Birla Institute of Technology, Pilani യിൽ നിന്നും ഉയർന്ന നിലയിൽ M. Tech ബിരുദം നേടി. Tata Consultancy Servicesൽ കൺസൾട്ടന്റായി ഉദ്യോഗത്തിൽ പ്രവേശിക്കുകയും ബോംബെ, സ്വിറ്റ്സർലണ്ട്, ലണ്ടൻ, യു. എസ്. എ., സിങ്കപ്പൂർ എന്നിവിടങ്ങളിൽ ജോലി നോക്കുകയും ചെയ്തു. 1995 മുതൽ ബാംഗ്ലൂർ ITTI Ltd. ൽ മാനേജിംഗ് ഡയറക്ടറും, ചീഫ് എക്സിക്യൂട്ടീവുമായി ഇപ്പോൾ ജോലി നോക്കുന്നു. 1983 ജനുവരി 9-ാം തീയതി തൃശൂർ ആലപ്പാട്ട് ഡോ. എ. കെ. ജോസഫിന്റെയും മറിയാമ്മയുടെയും മകൾ റോഷ്ണി (M.A., M. Phil.) യെ വിവാഹം ചെയ്തു.

മക്കൾ : 1. കുരുവിള ജോസഫ്, ഒളശ്ശ (വിദ്യാർത്ഥി)
2. ജോസഫ് ജോസഫ്, ഒളശ്ശ (വിദ്യാർത്ഥി)

### 3. സെബാസ്റ്റ്യൻ കുരുവിള (സുഭാഷ്)

സുഭാഷ് 1958 ജനുവരി മാസം 23-ാം തീയതി ജാതനായി . I.I.T., Kanpur നിന്ന് എഞ്ചിനീയറിംഗിൽ B. Tech ബിരുദം നേടി 2 വർഷം Nirlon Synthetic Fibres and Chemicals ൽ ജോലി നോക്കി. ജോലി രാജിവെച്ച് Xavier Institute of Management (ജംഷഡ്പൂർ) നിന്ന് M.B.A. കരസ്ഥമാക്കുകയും ടാറ്റാ യൂണിസിസിന്റെ ഹോളണ്ട്, യു. എസ്. എ., ബോംബെ സ്ഥാപനങ്ങളിൽ 1990 വരെയും തുടർന്ന് Atlantic Container Line ലും ജോലിനോക്കി. ഇപ്പോൾ U. S. A. യിൽ Liz Claiborne ൽ Computer Specialist ആയി ജോലി നോക്കുന്നു. 1986 ഏപ്രിൽ 27-ാം തീയതി വിവാഹിതനായി. എറണാകുളം കോയിത്തറ ഡോ. കെ. പി. ജോസഫിന്റെയും ഉനിച്ചമ്മയുടെയും മകൾ സുനിതിയാണു ഭാര്യ. MBBS MD ബിരുദധാരിയായ സുനിതി Robert Wood University of Dentistry and Medicine, New Jersey U. S. A ൽ അസിസ്റ്റന്റ് പ്രൊഫസറാണ്.

മക്കൾ : 1. ദീയ ആൻ സെബാസ്റ്റ്യൻ (വിദ്യാർത്ഥിനി)
2. റോഷൻ സെബാസ്റ്റ്യൻ ഒളശ്ശ (വിദ്യാർത്ഥി)

### 4. ഡോ. തോമസ് കുരുവിള

ഏറ്റവും ഇളയ പുത്രൻ തോമസ് 1960 സെപ്റ്റംബർ 14 ന് ജാതനായി. MBBS പഠനത്തിനുശേഷം ബാംഗ്ലൂരിലുള്ള Fr. Mullers Hospitalലും തുടർന്ന് ബോംബേയിലുള്ള Bombay Hospitalലും ജോലിനോക്കി. B. J. Medical Collegeൽ (അഹമ്മദാബാദ്) നിന്ന് 1993 നവംബറിൽ 2-ാം റാങ്കിൽ MD ബിരുദം നേടി. പിന്നീട് Mahatma Gandhi Medical Collegeലും, K. E. Medical Collegeലും കൺസൾട്ടന്റ് ഫിസിഷനായി സേവനമനുഷ്ഠിച്ചു. ഇപ്പോൾ Bombay Hospitalൽ ജോലി ചെയ്യുന്നു. 1992 ഡിസംബർ 28-ാം തീയതി എറണാകുളത്തുള്ള ആട്ടോക്കാരൻ ഔസേഫിന്റെയും റാണിയുടെയും മകൾ നീനയെ വിവാഹം ചെയ്തു. M (Arch) ബിരുദം നേടിയ നീനാ J.J. School of Architecture, Bombayയിൽ ലക്ചററാണ്.

മക്കൾ : 1. ആൻ തോമസ്, ഒളശ്ശ (വിദ്യാർത്ഥിനി)
2. റാണി തോമസ്, ഒളശ്ശ (വിദ്യാർത്ഥിനി)

## 3. ഒ. വി. സെബാസ്റ്റ്യൻ (ദേവസ്യാച്ചൻ)

മാതാപിതാക്കളുടെ മൂന്നാമത്തെ മകൻ ദേവസ്യാച്ചൻ 1927 മെയ് 16 ന് ജാതനായി. എസ്സ്. ബി. ഹൈസ്കൂളിലും, എസ്സ്. ബി. കോളജിലും വിദ്യാഭ്യാസത്തിനുശേഷം, 1948 ൽ തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ്സ് കോളജിൽനിന്ന് B.Sc. ബിരുദം നേടി. 1952 ൽ Indian Institute of Sugar Technology, Kanpurൽ നിന്ന് പഠനം പൂർത്തിയാക്കി. 1952 മുതൽ 1956 വരെ വടക്കേ ഇൻഡ്യയിലെ പല Sugar Factory കളിലും ജോലി നോക്കി. 1956 ൽ Sindiri Fertilizers and Chemicals ൽ ജോലിയിൽ പ്രവേശിച്ചു 30 വർഷത്തെ സുദീർഘവും, സ്തുത്യർഹവുമായ സേവനത്തിനുശേഷം Dy. Chief Engineer പദവിയിൽ ഇരിക്കെ 1986 ൽ ജോലിയിൽ നിന്ന് വിരമിച്ചു. അർപ്പണബോധത്തിലൂടെയും കാര്യക്ഷമതയിലൂടെയും, അതിലുപരി ആത്മാർത്ഥതയിലൂടെയും തന്റെ സ്ഥാപനമായ Sindiri Fertilizers and Chemi-

cals നെ നയിച്ച് ആ സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് തനിക്കാകുംവിധം സേവനം അനുഷ്ഠിച്ചു. റിട്ടയർമെന്റിനുശേഷം രാസവളനിർമ്മാണ കമ്പനിയായ PPCL, Bihar ൽ Consultant ആയി കുറച്ചു നാൾ സേവനം അനുഷ്ഠിച്ചു. ഇപ്പോൾ കൊച്ചിയിൽ സ്ഥിരതാമസമാക്കിയിരിക്കുകയാണ്.

ദേവസ്യാച്ചന്റെ സഹധർമ്മിണി ഒല്ലൂർ അക്കര എ. എൽ. ലോനപ്പന്റെയും, തെരേസയുടെയും മകൾ സിസിലിയാണ്. ദേവസ്യാച്ചൻ സിസിലി ദമ്പതികൾക്ക് 5 പുത്രന്മാരും, ഒരു പുത്രിയുമുണ്ട്

മക്കൾ :
1. ജോർജ് സെബാസ്റ്റ്യൻ
2. ജോൺ സെബാസ്റ്റ്യൻ
3. ജോ സെബാസ്റ്റ്യൻ
4. റ്റോം സെബാസ്റ്റ്യൻ
5. കുരുവിള സെബാസ്റ്റ്യൻ
6. ജയ (W/o ഫിലിപ്പ്, ചെങ്ങാടപ്പള്ളിൽ, കാവാലം)

### 1. ജോർജ് സെബാസ്റ്റ്യൻ

സീമന്തപുത്രനായ ജോർജ് 1959 മെയ് 25 ന് ജാതനായി. Manipal Institute of Technologyൽ നിന്നും മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ബിരുദം നേടി. 10 വർഷത്തോളം Hindustan Petro Chemicals Ltd ലും തുടർന്ന് ദുബായിൽ ഓയിൽ കമ്പനി മാനേജരായും ജോലി നോക്കി. കഴിഞ്ഞ 2 വർഷമായി സുഡാനിലെ Gapco Co. യിൽ മാനേജരായി സേവനം അനുഷ്ഠിക്കുന്നു. 1987 മെയ് 17-ാം തീയതി വടക്കുഞ്ചേരിയിൽ വി. ഐ. വർഗ്ഗീസിന്റെയും ആലീസിന്റെയും മകൾ മരീനയെ വിവാഹം ചെയ്തു. M.Sc. ബിരുദവും All India Administrative Service Examination നും പാസ്സായ മരീന ഇപ്പോൾ MTNL Bombayൽ Dy. General Manager ആണ്.

മക്കൾ :
1. സിസിലി (വിദ്യാർത്ഥിനി)
2. ഡേവിഡ് (വിദ്യാർത്ഥി)

### 2. ജോൺ സെബാസ്റ്റ്യൻ

രണ്ടാമത്തെ പുത്രനായ ജോൺ 1961 ഒക്ടോബർ 5-ാം തീയതി ജനിച്ചു. Manipal Institute of Technologyൽ നിന്ന് Civil Engineering ബിരുദം നേടി. Gammon India Limited ലും തുടർന്ന് Qutar ലും ജോലി നോക്കി. ഇപ്പോൾ ആലുവായിലെ ചൈത്രം മെഡിക്കൽ ഹോസ്പിറ്റലിൽ പ്രോജക്റ്റ് എൻജിനീയറായി ജോലി നോക്കുന്നു. 1994 ജൂൺ 30-ാം തീയതി കാഞ്ഞിരപ്പള്ളി പള്ളിവാതുക്കൽ അലക്സിന്റെയും ഷേർളിയുടെയും മകൾ റോസ്മേരി M.Sc. യെ വിവാഹം ചെയ്തു. റോസ്മേരി ചെന്നൈയിലുള്ള Everon Computers ൽ Executive Director ആണ്

മകൾ : സിസിലി (വിദ്യാർത്ഥിനി)

### 3. ജോ സെബാസ്റ്റ്യൻ

മൂന്നാമത്തെ പുത്രനായ ജോ സെബാസ്റ്റ്യൻ 1964 ഡിസംബർ 26-ാം തീയതി ജനിച്ചു. എറണാകുളം മഹാരാജാസ് കോളേജിൽ നിന്ന് M.A. (Politics) പാസ്സായി. 1990 ൽ All India Administrative Services Examination പാസ്സായി IRS പദവി ലഭിച്ചു. തുടർന്ന് Government of India, Income Tax Deprtment ൽ I.R.S. Officer ആയി നിയമിതനായി. ഇപ്പോൾ ബോംബെയിൽ Income Tax Jt. Commissioner ആണ്. M.A. യ്ക്ക് റാങ്ക് ഹോൾഡറും (M.G. യൂണിവേഴ്സിറ്റി) ഗോൾഡ് മെഡലിസ്റ്റുമായിരുന്നു. ജോ 1994 ഒക്ടോബർ 30-ാം തീയതി പൊറത്തൂർ പി. സി. വാവുവിന്റെയും, തങ്കത്തിന്റെയും മകൾ ബിന്ദു M.A. യെ വിവാഹം ചെയ്തു.

മക്കൾ :
1. ആഷ്ന മേരി ജോ (വിദ്യാർത്ഥിനി)
2. ആദിത്യ ഡേവിസ് ജോ

### 4. റ്റോം സെബാസ്റ്റ്യൻ

മാതാപിതാക്കളുടെ നാലാമത്തെ പുത്രനായ റ്റോം 1972 നവംബർ 4 ന് ജനിച്ചു. MCA ബിരുദത്തിനുശേഷം ഇപ്പോൾ ബോംബെയിൽ Mahendra British Telecom ൽ Software Engineer ആയി ജോലി നോക്കുന്നു.

### 5. കുരുവിള സെബാസ്റ്റ്യൻ

ഏറ്റവും ഇളയമകനായ കുരുവിള 1974 മെയ് 11 ന് ജാതനായി. Chemical Engineering ൽ ബിരുദം നേടിയ കുരുവിള ഇപ്പോൾ Kochi Oil Refinery യിൽ Process Engineer ആയി ജോലി നോക്കുന്നു.

## 4. ഒ. വി. തോമസ് (തോമ്മാച്ചൻ)



തോമ്മാച്ചൻ 11-11-1931 ൽ ജനിച്ചു. മാതാപിതാക്കളുടെ നാലാമത്തെ മകനാണ് തോമ്മാച്ചൻ. ചങ്ങനാശ്ശേരി എസ്. ബി. ഹൈസ്കൂളിലെയും എസ്. ബി. കേളേജിലെയും പഠനത്തിനുശേഷം ഡൽഹിയിലെ Pusa Instituteൽ നിന്നും അഗ്രികൾച്ചറിൽ B.Sc. (Hon) ബിരുദം നേടി. തുടർന്ന് മദ്രാസിലെ Parry & Co യിൽ Agronomist ആയി ജോലിയിൽ പ്രവേശിച്ചു. 1960 ൽ വിവാഹിതനായശേഷം ഭാര്യയുടെ അസുഖം നിമിത്തം ജോലി രാജിവച്ച് എറണാകുളത്ത് Atteesee എന്ന സ്ഥാപനം തുടങ്ങി. 3 വർഷത്തിനുശേഷം ഭാര്യ നിര്യാതയായി. കാഞ്ഞിരപ്പള്ളി ഞാവള്ളി കുര്യച്ചന്റെയും, അച്ചാമ്മയുടെയും മകൾ മേരിക്കുട്ടിയെ 1967 നവംബർ 6-ാം തീയിതി രണ്ടാം വിവാഹം ചെയ്തു. ബിസിനസ്സ് രംഗത്ത് കഠിനാധ്വാനത്തിലൂടെയും അതിലുപരി നിസ്വാർത്ഥ വ്യക്തി ബന്ധത്തിലൂടെയും Atteesee കേരളത്തിലുടനീളം അറിയപ്പെടുന്ന വ്യാപാരസംരംഭമായി ഉയർത്തി. തോമ്മാച്ചനും മേരിക്കുട്ടിയും പല കരിസ്മാറ്റിക്ക് പ്രസ്ഥാനങ്ങളിലും സജീവമായി പങ്കെടുത്തു. കഠിനാധ്വാനവും ജോലിത്തിരക്കും നിമിത്തം ഹൃദ്രോഗിയായിത്തീർന്ന തോമ്മാച്ചൻ 1990 ഒക്ടോബർ മാസം 12-ാം തീയതി നിര്യാതനായി.

മക്കൾ :
1. ലിസ (W/o ജോസ് ജേക്കബ്, പയ്യനാട്)
2. ജോർജ് തോമസ് (ജിറ്റോ)
3. റ്റീനാ (W/o റ്റിജോ അലക്സ്, തേവർകാട്)

### ജോർജ് തോമസ് (ജിറ്റോ)

ജിറ്റോയുടെ ജനനം 1972 സെപ്റ്റംബർ 23 ന്. B.Com. ബിരുദമെടുത്തതിനുശേഷം പിതാവു തുടങ്ങിയ Atteesee എന്ന സ്ഥാപനത്തിന്റെ മേൽനോട്ടം വഹിക്കുന്നു. ജിറ്റോ 1998 സെപ്റ്റംബർ 13-ാം തീയതി ഒല്ലൂർ മൊയലൻ എം. ആർ. ഡൊമിനിക്കിന്റെയും, മറിയാമ്മയുടെയും മകൾ ബിന്ദുവിനെ വിവാഹം ചെയ്തു. ജിറ്റോ-ബിന്ദു ദമ്പതികൾക്ക് രണ്ടര വയസ്സ് പ്രായമുള്ള ഒരാൺകുട്ടി ഉണ്ട്.

## 5. ഒ. വി. ഫിലിപ്പ് (പോത്തച്ചൻ)

ഏറ്റവും ഇളയമകനായ പോത്തച്ചൻ 11-08-1935 ൽ ജനിച്ചു. B.A. ബിരുദം നേടിയശേഷം പാലാ ബാങ്കിലും 1960-69 കാലഘട്ടം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിലും സേവനമനുഷ്ഠിച്ചു. 1965 ൽ CIIB പാസ്സായി 1969 മുതൽ സിൻഡിക്കേറ്റ് ബാങ്കിന്റെ ഹെഡ് ഓഫീസിലും, കളമശ്ശേരി, ചങ്ങനാശ്ശേരി, തിരുവനന്തപുരം, വെട്ടുകാട്, മദ്രാസ്, ആഗ്രാ, എറണാകുളം, പൊൻകുന്നം തുടങ്ങിയ സ്ഥലങ്ങളിൽ മാനേജർ പദവിയിലും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചതിനുശേഷം 3-10-1993 ൽ ജോലിയിൽ നിന്നു വിരമിച്ചു. പോത്തച്ചൻ 1966 ജൂൺ 13-ാം തീയതി പുളിങ്കുന്ന് മാളിയപുരയ്ക്കൽ പാപ്പച്ചന്റെ മകൾ ഏലിക്കുട്ടിയെ വിവാഹം ചെയ്തു. ഇടനാട് കുടുംബത്തിൽ താമസിച്ചുകൊണ്ട് കുടുംബകാര്യങ്ങൾ എല്ലാം അന്വേഷിച്ചിരുന്നു. ഇദ്ദേഹം കുടുംബസംഘടനയുടെ പ്രസിഡന്റായിരുന്നപ്പോൾ കുടുംബ ഫണ്ട് ശേഖരിക്കുന്നതിലും, നിയമാവലി, കുടുംബ ഡയറക്ടറി എന്നിവയുടെ പ്രസിദ്ധീകരണത്തിലും പ്രധാന പങ്കു വഹിച്ചു.

മക്കൾ :
1. ജോർജ് ഫിലിപ്പ് (ബാല്യമരണം)
2. വർഗ്ഗീസ് ഫിലിപ്പ്
3. ഡോ. ജിം ഫിലിപ്പ്
4. പ്രിയ (W/o ബിനു കുരുവിള B.Sc. MBA, പട്ടേട്ട്, മാന്നാനം)

### 1. വർഗ്ഗീസ് ഫിലിപ്പ് (ജോജി)

രണ്ടാമത്തെ പുത്രനായ ജോജി 1971 ആഗസ്റ്റ് 10 ന് ജനിച്ചു. കാഞ്ഞിരപ്പള്ളിയിലെയും, തിരുവനന്തപുരത്തേയും, ചങ്ങനാശ്ശേരിയിലെയും സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം എസ്സ്. ബി. കോളേജിൽ വിദ്യാഭ്യാസം തുടർന്നു Manipal Institute of Technology ൽ നിന്നും B.Tech. ബിരുദം നേടിയശേഷം ബാംഗ്ലൂരിൽ ITTI Pvt. Ltd. ൽ Systems Engineer ആയി ചേർന്ന് ഈ സ്ഥാപനത്തിന്റെ വിവിധ ശാഖകളിലും ജോലിനോക്കി. 2002 ൽ Australia യിലും ജോലിനോക്കി. ഇപ്പോൾ California യിൽ Deputation ൽ പോയിരിക്കുകയാണ്. സി. എ ആന്റണിയുടെയും, റോസ്മേരിയുടെയും മകൾ നാൻസിയെ 23.06.2002 ൽ St. Joseph's Church, Goregoan, Bombay യിൽ വച്ച് വിവാഹം കഴിച്ചു.

## 2. ഡോ. ജിം ഫിലിപ്പ്

1973 ജനുവരി 30 ന് പോത്തച്ചന്റെ ഏറ്റവും ഇളയ മകനായ ജിം ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം കാഞ്ഞിരപ്പള്ളി, തിരുവനന്തപുരം, ചങ്ങനാശ്ശേരി എന്നീ സ്ഥലങ്ങളിൽ നടത്തി. എസ്സ്. ബി. കോളേജിലെ വിദ്യാഭ്യാസത്തിനുശേഷം Trichur Medical College ൽ നിന്ന് MBBS ബിരുദം നേടി. All India Entrance പരീക്ഷ പാസ്സായി Coimbatore Medical College ൽ ചേർന്ന് MD കരസ്ഥമാക്കി. ഇപ്പോൾ Vellore Medical College ൽ സേവനമനുഷ്ഠിക്കുന്നു.

ജിം 2002 ജൂൺ 8-ാം തീയതി വൈക്കം കരിമ്പുഴക്കാട്ട് ജേക്കബിന്റെ മകൾ സുമിയെ വിവാഹം ചെയ്തു.

## 6. റവ. സി. മരിയ ഗ്രേസ് (എസ്. എ. ബി. എസ്)



മാതാപിതാക്കളുടെ ഏറ്റവും ഇളയ സന്താനമായി മേരിക്കുട്ടി എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന റവ. സിസ്റ്റർ മരിയ ഗ്രേസ് 1940 ഫെബ്രുവരി 1 ന് ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം സെന്റ് ജോസഫ്സ് സ്കൂളിലും കോളേജ് വിദ്യാഭ്യാസം അസംപ്ഷൻ കോളേജിലും നടത്തി. ഈ സമയത്ത് ദൈവവിളി ഉണ്ടാകുകയും തന്റെ ശേഷിച്ച ജീവിതം ദൈവത്തിനുവേണ്ടി സന്യാസിനിയായി ജീവിക്കാൻ വ്രതമെടുത്ത് 1965 ജൂൺ 2 ന് അതിരമ്പുഴ ആരാധനമഠത്തിലെ അംഗമായി ചേർന്നു. 1967 ഏപ്രിൽ 18 ന് ഉടുപ്പിടീൽ കർമ്മം നടത്തുകയും 1972 ഏപ്രിൽ 18 ന് ക്രിസ്തുവിന്റെ മണവാട്ടിയാകുകയും ചെയ്തു. തുടർന്ന് വാഴപ്പള്ളി, തിരുവനന്തപുരം, തത്തംപള്ളി, എടത്വാ, കൂത്രപ്പള്ളി, ചമ്പക്കുളം, ഫാത്തിമാപുരം, തുരുത്തി, വട്ടപ്പള്ളി ആദിയായ മഠങ്ങളിൽ സേവനം അനുഷ്ഠിച്ചു. ഇപ്പോൾ പുന്നക്കുന്നത്തുശ്ശേരി മഠത്തിൽ സേവനം അനുഷ്ഠിക്കുന്നു.























# III. ഒ. സി. തോമസ്
# (തോമസ് ശെമ്മാശ്ശൻ)

കുരുവിളവക്കീലിന്റെ മൂന്നുമക്കളിൽ ഏറ്റവും ഇളയ സന്താനമാണ് തോമസ് ശെമ്മാശ്ശൻ. ബാലനായിരിക്കെ വൈദികാന്തസിനോട് പ്രീതികാട്ടി. എല്ലാ ഞായറാഴ്ചയും പള്ളിയിലെ വിശുദ്ധകുർബ്ബാനയ്ക്കുശേഷം കുരുവിള വക്കീലിന്റെ വീട്ടിലുള്ള ആഫീസിൽവച്ച് അദ്ദേഹം തോമ്മാച്ചനെക്കൊണ്ട് തമിഴ് ബൈബിൾ പാരായണം നടത്തിയിരുന്നു. അതിന്റെ മലയാള പരിഭാഷ വേറൊരാളെക്കൊണ്ട് പറയിച്ചിരുന്നു. ചങ്ങനാശ്ശേരിയിലെ പ്രായമായ പലരും എല്ലാ ഞായറാഴ്ചയും പതിവായി ഇതിൽ സംബന്ധിച്ചിരുന്നു. കുരുവിള വക്കീൽ പള്ളികർമ്മങ്ങളിൽ സംബന്ധിക്കാൻ പോകുമ്പോൾ കൊച്ചുമകൻ തോമ്മാച്ചനെ കൂട്ടായി കൊണ്ടുപോയിരുന്നു. വിശുദ്ധ കുർബ്ബാന ചൊല്ലുന്ന കർമ്മികനെ സഹായിക്കുകയെന്നത് കുരുവിള വക്കീലിന്റെ ഒരു ഇഷ്ട കർമ്മമായിരുന്നു. മകനെ പഠിപ്പിക്കുവാനും അതു സഹായകമായി. നസ്രാണി ക്രിസ്ത്യാനികൾ അവരുടെ പുരോഹിതനെ പൗരോഹിത്യ പഠനത്തിനു വിടുന്നതിനു മുൻപ് ഇടവകക്കാരുടെ പൊതുവായ സമ്മതം നേടുക ഒരു വ്യവസ്ഥയായി പഴയ കാലം മുതലേ ആചരിച്ചുവന്ന സഭാപാരമ്പര്യം നന്നായിരുന്നു. വൈദികരാകാനുള്ളവർക്ക് നല്ല സ്വഭാവഗുണങ്ങളും, വ്യക്തിപരിശുദ്ധിയും വേണമെന്ന കാര്യത്തിൽ അവർ ഉന്നതമായ മാനദണ്ഡങ്ങൾ പാലിച്ചിരുന്നു. ബാലനായ വൈദികാർത്ഥിയെ പുണ്യത്തിലും നല്ല സ്വഭാവശുദ്ധിയിലും വളർത്തിക്കൊണ്ടു വരുവാൻ പിതാവ് നിഷ്ഠ പ്രകടിപ്പിച്ചതിൽ നിന്നും പൗരോഹിത്യാന്തസ്സിനെപ്പറ്റി എന്തു സങ്കല്പമാണ് അദ്ദേഹം വച്ചുപുലർത്തിയതെന്ന് സ്പഷ്ടമാകുന്നു. പിതാവ് രോഗ ശയ്യയിലായിരുന്നപ്പോൾ തോമ്മാച്ചൻ പുത്തൻപള്ളി സെമിനാരിയിലെ വിദ്യാർത്ഥിയായിരുന്നു. റെക്ടറച്ചനും, സഹഗുരുക്കളും, സഹശെമ്മാശ്ശന്മാരും കുരുവിള വക്കീലിനെ സന്ദർശിച്ചു. മകനെ മുക്തകണ്ഠം പ്രശംസിച്ചു സംസാരിച്ചു.

പിതാവ് മരിച്ച് അധികം താമസിയാതെ തോമ്മാച്ചൻ രോഗിയായിത്തീർന്നു. അന്ന് തോമ്മാച്ചന് ഒന്നാം പട്ടം കിട്ടിയിട്ടുണ്ട്. മൂത്ത ജ്യേഷ്ഠൻ ഒ. സി ജോസഫ് (കുട്ടിച്ചൻ) പലയിടത്തും കൊണ്ടുപോയി ചികിത്സിച്ചു. മദ്രാസിൽ പോയി മൂന്നാലുമാസം താമസിച്ചു ചികിത്സിച്ചെങ്കിലും ഫലമുണ്ടായില്ല. 1920 ജനുവരി 20 ന് തോമസ് ശെമ്മാശ്ശൻ ലോകത്തോടു വിടപറഞ്ഞു. അന്നത്തെ ചങ്ങനാശ്ശേരി മെത്രാൻ തോമസ് കുര്യാളശ്ശേരിയുടെ പ്രത്യേക അനുവാദപ്രകാരം വ്യാകുലമാതാവിന്റെ പള്ളിയിൽ മൃതദേഹം സംസ്കരിച്ചു. ഒന്നാം പട്ടം കിട്ടിയ ശെമ്മാശ്ശനെ പൂർണ്ണവൈദികനായി പിതാവ് അംഗീകരിച്ചു.

# കൊച്ചാണ്ടി വറീതിന്റെ അഞ്ചാമത്തെ മകൻ വർഗ്ഗീസ് പോത്തൻ (7-ാം തലമുറ)

(ഭാര്യ : മറിയാമ്മ, പുത്തൻ കാട്ടിൽ)

*മക്കൾ* :
- I. ഒ. പി. വർഗ്ഗിസ്
- II. ഒ. പി. തോമസ്
- III. റവ. ഫാ. ജോസഫ് ഒളശ്ശയിൽ
- IV. ഒ. പി. ചാണ്ടി
- V. ഒ. പി. ഫിലിപ്പ്
- VII. അന്നമ്മ ജേക്കബ്, വാണിയപുരയ്ക്കൽ, എടത്വാ
- VIII. മറിയമ്മ മത്തായി, മേക്കാട്ട്, പ്ലാശനാൽ

| *8-ാം തലമുറ* | *9-ാം തലമുറ* | *10-ാം തലമുറ* | *11-ാം തലമുറ* |
|---|---|---|---|

**I. ഒ. പി. വർഗ്ഗീസ്**
(ഭാര്യ : മറിയാമ്മ, വടക്കേടത്ത്, പുളിങ്കുന്ന്)
*മക്കൾ* :
**ജോസഫ്, ജോർജ്**
(ഭാര്യ : ആനിയമ്മ, വാണിയപുരയ്ക്കൽ, എടത്വാ)
*മക്കൾ* :
1. മെർലിൽ ജോസഫ്
2. ജോർജ് ജോസഫ്
3. അനിത അലക്സ്, അരിയാറ്റിൽ, UK
4. റോസ്‌ലി നെൽസൺ

**II. ഒ. പി. തോമസ്, (അവിവാഹിതൻ)**

**III. റവ. ഫാ. ജോസഫ് ഒളശ്ശയിൽ**

**IV. ഒ. പി. ചാണ്ടി**
(ഭാര്യ : കുഞ്ഞൂഞ്ഞമ്മ, പനങ്കോട്ടേത്ത്, നിരണം)
*മക്കൾ* :
1. **മേരിക്കുട്ടി ജോസഫ്, വടക്കേൽ, പാലാ**

2. **ഒ. സി. ഫിലിപ്പ്**
(ഭാര്യ : സിസി, ചക്കൻകുളം, കോഴിക്കോട്)
*മക്കൾ* :
1. ജിസ്സ്
2. ലിസ്സ്

3. **ജോസ് ചാണ്ടി**
(ഭാര്യ നോന, ഇല്ലിപ്പറമ്പിൽ)
*മക്കൾ* :
1. ജോസ് പോൾ ചാണ്ടി
2. അന്നാ മേരി

| *8-ാം തലമുറ* | *9-ാം തലമുറ* | *10-ാം തലമുറ* | *11-ാം തലമുറ* |
|---|---|---|---|
| | **4. സൂസൻ അലക്സ്, പറങ്കിമാമ്മൂട്ടിൽ, തിരുവനന്തപുരം** | | |
| | **5. ഒ. സി. തോമസ്** | | |
| | (*ഭാര്യ* : ഗ്രേസ്സ്, കറുവേലിൽ, അതുൽ) | | |
| | *മക്കൾ* : | **1. അലക്സ്** | |
| | | **2. ജേക്കബ്** | |
| | **6. വിന്നി അലക്സ്** | | |
| | (*ഭാര്യ* : ദീപാ, രാമപുരത്ത്, പാലാ) | | |
| | *മകൾ* : | ദിയാ | |
| **V. ഒ. പി. ഫിലിപ്പ്** | | | |
| (*ഭാര്യ* : ക്ലാരമ്മ, ആറ്റാവേലിൽ, ആലപ്പുഴ) | | | |
| *മക്കൾ* : | **1. മറിയമ്മ ജോസ്, മുണ്ടയ്ക്കൽ, കോതമംഗലം** | | |
| | **2. ഫിലിപ്പ് പി. ഒളശ്ശ** | | |
| | (*ഭാര്യ* : അനിറ്റ, കളരിയ്ക്കൽ, എറണാകുളം) | | |
| | *മക്കൾ* : | **1. റ്റീനാ** | |
| | | **2. കുര്യൻ** | |
| | **3. രാജു ഫിലിപ്പ്** | | |
| | (*ഭാര്യ* : ടെസ്സി, കോട്ടൂർ, കുന്നുങ്കൽ, ചേർത്തല) | | |
| | *മകൾ* : | ബ്ലസ്സി | |
| | **4. ഡോ. റ്റോമി ഫിലിപ്പ് ഒളശ്ശ** | | |
| | (*ഭാര്യ* : സരിത, കരിപ്പാപറമ്പിൽ, എറണാകുളം) | | |
| | *മക്കൾ* : | **1. റ്റാനിയ** | |
| | | **2. റ്റനീഷാ** | |
| | **5. ഡോ. ബാബു ഫിലിപ്പ്** | | |
| | (*ഭാര്യ* : മിനി, പാറയിൽ, മൂവാറ്റുപുഴ) | | |
| | *മകൻ* : | ഫിലിപ്പി | |
| **VI. അന്നമ്മ** | | | |
| **VII. മറിയമ്മ** | | | |

# വർഗ്ഗീസ് പോത്തൻ
## (1870-1942)



കുരുവിള ജനിച്ച് പത്തുകൊല്ലത്തിനുശേഷം പോത്തൻ ഭൂജാതനായി. ബാല്യത്തിൽ തന്നെ മലയാള ഭാഷാഭ്യാസനം കഴിച്ചു. തുടർന്ന് മാന്നാനം സന്യാസാശ്രമത്തിന്റെ കീഴിൽ അന്ന് നടന്നു വന്നിരുന്ന ഇംഗ്ലീഷ് വിദ്യാലയത്തിൽ പോയിചേർന്നെങ്കിലും ചങ്ങനാശ്ശേരിയിൽ സെന്റ് ബർക്ക്മാൻസ് ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചതോടെ പഠനം അങ്ങോട്ടുമാറ്റി. മാന്നാനത്ത് പഠിച്ചിരുന്നപ്പോഴത്തെ സതീർത്ഥ്യരിൽ ഒരാളായിരുന്നു പിൽക്കാലത്ത് മെത്രാപ്പോലീത്താ ആയി വാഴിക്കപ്പെട്ട കണ്ടത്തിൽ ആഗസ്തീനോസ് മെത്രാപ്പോലീത്ത. സെന്റ് ബർക്ക്മാൻസ് ഹൈസ്കൂളിൽ മെട്രിക്കുലേഷൻ ക്ലാസ്സിൽ എത്തിയശേഷം അദ്ദേഹം വിദ്യാഭ്യാസരംഗം വിട്ടു. വീട്ടിൽനിന്ന് കൃഷികാര്യാദികളിലും പിതാവിന്റെ മറ്റു കുടുംബ ചുമതലകളിലും ഏർപ്പെട്ടു. പാരമ്പര്യമായി നടത്തിവന്ന കണ്ണുചികിത്സ തുടർന്നു നടത്തികൊണ്ടു പോകുകയും ചെയ്തു. സാധുക്കളെ ധർമ്മമായി ചികിത്സിച്ചിരുന്നു. ആലപ്പുഴ പുത്തൻകാട്ടിൽ പ്ലാംപറമ്പിൽ മറിയാമ്മയെയാണ് പോത്തൻ വിവാഹം ചെയ്തത്.

വസ്തുവകകൾ ഉണ്ടായിരുന്നെങ്കിലും കൂടുതൽ വരുമാനമുണ്ടാക്കാൻ വേണ്ടി അദ്ദേഹം മലഞ്ചരക്കു വ്യാപാരത്തിൽ ഏർപ്പെട്ടു. അതോടെ കുടുംബത്തിൽ നിന്നു മാറി തൊട്ടടുത്തുതന്നെയുണ്ടായിരുന്ന കുടുംബം വക റോഡരികിലുണ്ടായിരുന്ന പുരയിടത്തിൽ പുതിയ ഭവനം നിർമ്മിച്ച് താമസമാക്കി. ആ വീടിനോടു ബന്ധപ്പെടുത്തി ഹാൾ പോലെയുള്ള ഒരു മുറിപണിതു 'ഒട്ടം' എന്നപേരിലാണ് ആ മുറി അന്ന് അറിയപ്പെട്ടത്. അവിടെയായിരുന്നു അദ്ദേഹം വ്യാപാരച്ചരക്കുകൾ ശേഖരിച്ചിരുന്നത്. ചുക്ക്, കുരുമുളക്, കാഞ്ഞിരത്തിൻകുരു ആദിയായവ ആയിരുന്നു വ്യാപാരച്ചരക്കുകൾ. ഇവ ആലപ്പുഴയിലെ കയറ്റുമതി വ്യാപാരികൾക്കു വില്ക്കുകയായിരുന്നു. ആലപ്പുഴയിലെ വിലയറിഞ്ഞ് വ്യാപാരം നടത്തുന്നതുകൊണ്ട് നഷ്ടത്തിനു സാധ്യത കുറവായിരുന്നു താനും. അങ്ങനെ അദ്ദേഹത്തിന്റെ വാസഗൃഹത്തിന് 'ഒട്ടത്തിൽ' എന്ന് പേരുകൂടിയുണ്ടായി. കുറച്ചുകാലം തന്റെ അനുജനുമായി പങ്കുചേർന്നായിരുന്നു വ്യാപാരം നടത്തിപ്പോന്നത്. കുറെകഴിഞ്ഞ് അനുജൻ അതിൽനിന്നും വേർപിരിഞ്ഞു. തുടർന്നു വ്യാപാരം നടത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ ജീവിതത്തിലെ മുഖ്യതൊഴിലും വരുമാന മാർഗ്ഗവും ഈ വ്യാപാരം തന്നെയായിരുന്നു. തന്റെ മക്കളെ വിദ്യയിലൂടെ ഉയർത്താനായിരുന്നു ഈ പിതാവിന്റെ പ്രധാന പരിശ്രമം. തന്റെ ഏഴു മക്കളെയും ഇംഗ്ലീഷ് പഠനത്തിനു വിട്ടു. അവർ പഠനത്തിൽ സമർത്ഥരായതുകൊണ്ട് ലക്ഷ്യം നല്ല അളവിൽ സാക്ഷാൽകൃതമാവുകയും ചെയ്തു. ആണുങ്ങളിൽ രണ്ടുപേർ അദ്ധ്യാപകവൃത്തിയിലും മൂന്നാമതൊരാൾ ബാങ്കിലും ജോലി സ്വീകരിച്ചു ഒരു മകൻ വൈദികനുമായി. മൂത്തമകളെ താൻ ജീവിച്ചിരിക്കുമ്പോൾ തന്നെ വിവാഹം ചെയ്തയ്ക്കുകയും ചെയ്തു. മകൻ ബഹു. ഔതച്ചന്റെ നവപൂജാർപ്പണവേളയിൽ ബന്ധു മിത്രാദികൾ നവ വൈദികന്റെ കൈവിരലിൽ സ്വർണ്ണ മോതിരമണിയിക്കുന്ന ചടങ്ങ് അദ്ദേഹം വേണ്ടെന്നു വച്ചു. തികഞ്ഞ ഭക്തനും, ശാന്തനുമായ പോത്തൻ ആർഭാടം ഒട്ടും ഇഷ്ടപ്പെടാതിരുന്നതായിരുന്നു കാരണം.

ഇങ്ങനെ കുടുംബനാഥനെന്ന നിലയിലുള്ള ഉത്തരവാദിത്വങ്ങൾ ഏറെക്കുറെ തൃപ്തികരമായി നിറവേറികൊണ്ടിരിക്കവേ ഒരു നാൾ വാതരോഗപീഡിതനായി. ആറേഴു കൊല്ലം വാതവുമായി മല്ലടിച്ച് കഴിയേണ്ടിവന്നു. 1942 ജൂൺ 22-ാം തീയതി എല്ലാവരെയും ദുഃഖത്തിലാഴ്ത്തിക്കൊണ്ട് നമ്മോടു യാത്രപറഞ്ഞു. സ്കൂൾ വാദ്ധ്യാരായിരുന്ന മൂത്തമകന്റെ അകാലമരണം അദ്ദേഹത്തെ അത്യധികം വേദനിപ്പിച്ചു. പോത്തൻ മരിച്ച് കുറെകാലം ഭാര്യ മറിയാമ്മ ജീവിച്ചിരുന്നു. 1967 ജനുവരി 18-ാം തീയതി മറിയാമ്മ ഭാഗ്യമരണം പ്രാപിച്ചു. മറിയാമ്മയുടെ ശവസംസ്കാരചടങ്ങിന് നൂറിൽ പരം വൈദികർ പങ്കെടുത്തു 'ദീപിക' ദിനപത്രം ആഘോഷമായ ശവസംസ്കാരശുശ്രൂഷ എന്ന തലക്കെട്ടിൽ ഇത് റിപ്പോർട്ട് ചെയ്തിരുന്നു.

മക്കൾ :

1. ഒ. പി. വർഗ്ഗീസ്
2. അന്നമ്മ
3. ഒ. പി. തോമസ്
4. റവ. ഫാ. ജോസഫ് ഒളശ്ശയിൽ
5. മറിയമ്മ
6. ഒ. പി. ചാണ്ടി
7. ഒ. പി. ഫിലിപ്പ്

അന്നമ്മയെ എടത്വാ വാണിയപ്പുരയ്ക്കലും, മറിയമ്മയെ പ്ലാശനാൽ മേക്കാട്ടു കുടുംബത്തിലും വിവാഹം ചെയ്തയച്ചു.

## I. ഒ. പി. വർഗ്ഗീസ്



ഒളശ്ശയിൽ വർഗ്ഗീസ് പോത്തന്റെ മൂത്ത പുത്രനായ വർഗ്ഗീസിന്റെ ജനനം 1895 ൽ ആയിരുന്നു.

സെന്റ് ബർക്ക്മാൻസ് ഹൈസ്കൂളിൽ ഇംഗ്ലീഷു വിദ്യാഭ്യാസം പൂർത്തിയാക്കി, സ്ഥലത്തെ സെന്റ് ജോസഫ്സ് ഗേൾസ്സ് സ്കൂളിൽ അദ്ധ്യാപക വൃത്തി സ്വീകരിച്ചു. പുളിങ്കുന്നിൽ വടക്കേടത്തു കുടുംബത്തിലെ മറിയാമ്മയെ വിവാഹം ചെയ്തു. പാരമ്പര്യ നേത്ര ചികിത്സയിലും ഇദ്ദേഹം താൽപര്യം കാട്ടിയിരുന്നു. നാട്ടു ചികിത്സാ വിധികളായ നീറ്റുപൊടികൾ, കുഴമ്പുകൾ, തൈലങ്ങൾ, ഗുളികകൾ, ധാരകൾ ആദിയായവ ഉപയോഗിച്ചുള്ള ചികിത്സയാണ് ചെയ്തത്. വീട്ടിൽ മുൻകാലം മുതലേ സൂക്ഷിച്ചു വന്ന ഒരു ഗ്രന്ഥമായിരുന്നു ചികിത്സയുടെ ആധാരം. ഫലപ്രദമായിരുന്നു ഈ ചികിത്സാ ക്രമം. എന്നാൽ ഇതുമായി മുന്നോട്ടുപോകാൻ സാധിക്കാതെപോയി. അപ്രതീക്ഷിതമായി വന്ന ഒരു ഹൃദ്രോഗം നിമിത്തം വർഗ്ഗീസ് 1930 ൽ 35-ാം വയസ്സിൽ നിര്യാതനായി. മൃതദേഹം ചങ്ങനാശ്ശേരി പള്ളിസിമിത്തേരിയിൽ അടക്കം ചെയ്തു. ഏക പുത്രൻ ശിശുവായിരിക്കുമ്പോഴാണ് മരണം ഉണ്ടായത്.

ഭാര്യയുടെ രക്ഷാകർത്താക്കൾ യുവതിയായ വിധവയെ അവരുടെ വീട്ടിലേക്ക് തിരിച്ചുകൊണ്ടുപോയി അവരുടെ പുനർവിവാഹം നടത്തി. ശിശു പിതാവിന്റെ ഭവനത്തിൽനിന്ന് വളർന്ന് ഉയർച്ച പ്രാപിച്ചു.

ഏക മകൻ : ജോസഫ് ജോർജ്

## ജോസഫ് ജോർജ് (ഔസേപ്പച്ചൻ)

ഔസേപ്പച്ചൻ 1928 മെയ് മാസം 13-ാം തീയതി ഒ. പി. വർഗ്ഗീസിന്റെയും മറിയാമ്മയുടെയും മകനായി ജനിച്ചു. ചങ്ങനാശ്ശേരി സെന്റ് ബർക്ക്മാൻസ് ഹൈസ്കൂളിലെ സ്കൂൾ പഠനത്തിനുശേഷം സെന്റ് ബർക്ക്മാൻസ് കേളേജിൽ നിന്ന് ധനതത്വശാസ്ത്രത്തിൽ B.A. ബിരുദം എടുത്തു. ബിരുദാനന്തര പഠനം മദ്രാസ് ലയോള കേളേജിൽ നടത്തി. ഉയർന്ന റാങ്കോടുകൂടി M.A. ബിരുദം നേടി.

അനന്തരം സെന്റ് ബർക്ക്മാൻസ് കോളേജിൽ ലക്ചറർ ആയി നിയമനം ലഭിച്ചു. അഞ്ചു വർഷത്തെ സേവനത്തിനു ശേഷം കേരളസർക്കാർ സർവ്വീസിലേക്ക് തിരഞ്ഞെടുപ്പ് ലഭിക്കുകയും പാലക്കാട്ട് ഗവൺമെന്റ് വിക്ടോറിയാ കോളേജിൽ ലക്ചറർ ആയി നിയമിതനാകുകയും ചെയ്തു. തുടർന്ന് പ്രൊഫസറായി ഉദ്യോഗക്കയറ്റം ലഭിച്ചു. മലബാർ പ്രദേശത്തെ നിരവധി ഗവൺമെന്റ് കേളേജുകളിൽ സാമ്പത്തിക ശാസ്ത്ര പ്രൊഫസറായും, കാസർഗോഡ് ഗവൺമെന്റ് കോളേജിൽ പ്രിൻസിപ്പൽ ആയും സേവനം ചെയ്തു. കോഴിക്കോട്ട് സർവ്വകലാശാലയുടെ ബോർഡ് ഓഫ് സ്റ്റഡീസ്, ഫാക്കൽറ്റി ഓഫ് ഹ്യൂമാനിറ്റീസ്, കേരളാ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജസ് എന്നിവയിൽ ദീർഘകാലം അംഗമായിരുന്നിട്ടുണ്ട്. സർക്കാർ സർവ്വീസിൽ നിന്ന് വിരമിച്ച ശേഷം പാലക്കാട്ട് രൂപതയിലെ അല്മായ പ്രേഷിതരംഗത്തും രൂപതയുടെ സാമൂഹിക പ്രസ്ഥാനങ്ങളിലും സജീവപ്രവർത്തകനായിരുന്നു. പാലക്കാട്ട് രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ആദ്യത്തെ അല്മായ സെക്രട്ടറിയായും സേവനം അനുഷ്ഠിച്ചു. പാലക്കാട്ട് രൂപതയുടെ മൈനർ സെമിനാരിയിൽ വിസിറ്റിംഗ് പ്രൊഫസറായി സേവനം തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഔസേപ്പച്ചൻ 1961 ആഗസ്റ്റ് 21 ന് എടത്വാ വാണിയപുരയ്ക്കൽ ചിറയിൽ ആനിമ്മയെ വിവാഹം ചെയ്തു.

മക്കൾ :
1. മെർലിൽ
2. ജോർജ് ജോസഫ്
3. അനിത (W/o അലക്സ് C.A. , അരിയാറ്റിൽ, U.K.)
4. റോസിലി (W/o ഡോ. നെൽസൺ MBBS, DCH)

## ജോർജ് ജോസഫ് (ജോർഡി)

ഔസേപ്പച്ചന്റെ ഏക പുത്രനായ ജോർഡിയുടെ ജനനം 1968 മാർച്ച് 3ന്. പാലക്കാട്ട് വിക്ടോറിയാ കോളേജിൽ നിന്ന് B.A. ബിരുദം നേടി. 1994 മുതൽ ചേലക്കരയിൽ Sunplastic Industries (Pvt) Ltd ൽ Chief Accounts Officer ആയി ജോലിനോക്കുന്നു.

## II. ഒ. പി. തോമസ്



വീട്ടിലെ മൂന്നാമത്തെ സന്താനവും രണ്ടാമത്തെ ആൺ ശിശുവുമായി 1902 ജൂൺ 26-ാം ന് തോമസ് ഭൂജാതനായി. ഹൈസ്കൂൾ വിദ്യാഭ്യാസം സെന്റ് ബർക്ക്മാൻസ് ഹൈസ്കൂളിലായിരുന്നു. ജന്മസഹജമായ ബുദ്ധിവൈഭവവും പഠനോത്സുകതയും ആദ്യമായി പ്രകാശിപ്പിക്കപ്പെട്ടത് സ്കൂളിൽ വെച്ചാണ്. ഗണിതശാസ്ത്രത്തോടായിരുന്നു കൂടുതൽ ഇഷ്ടം. ഒന്നാം സ്ഥാനമോ രണ്ടാം സ്ഥാനമോ കൈവരിച്ചു ക്ലാസുകൾ പിന്നിട്ട് തേഡ് ഫോറത്തിൽ സർക്കാർ സ്ക്കോളർഷിപ്പിന് അർഹത നേടി. മെട്രിക്കുലേഷൻ പബ്ലിക്ക് പരീക്ഷയ്ക്കും സ്ക്കോളർഷിപ്പ് കൈമുതലാക്കി. കോട്ടയം സി. എം. എസ്സ് കോളജിൽ ഇന്റർമീഡിയറ്റ് ക്ലാസു പാസായികഴിഞ്ഞു തിരുവനന്തപുരത്ത് മഹാരാജാസ് കോളജിൽനിന്ന് BA ബിരുദം നേടി. ഒരു ജോലിയിൽ പ്രവേശിക്കുകയാണ് ഉചിതമെന്ന് വിചാരിച്ചിരുന്നപ്പോൾ സെന്റ് ബർക്ക്മാൻസ് ഹൈസ്കൂളിൽ കണക്കു വിഷയത്തിന് വാദ്ധ്യാരുടെ നിയമനം ലഭിച്ചു. മറ്റു വിഷയങ്ങളും ഇതോടൊപ്പം പഠിപ്പിച്ചു. ഒരുവർഷം ജോലി നോക്കി. ഇദ്ദേഹത്തിന്റെ ഓർമ്മശക്തി കുട്ടികളെയും അദ്ധ്യാപകരെയും അധികാരികളെയും വിസ്മയിപ്പിച്ചു. ഈ ജോലിയിൽ ആയിരിക്കുമ്പോൾ ഗവൺമെന്റ് അക്കൗണ്ട്സ് ഡിപ്പാർട്ട്മെന്റിൽ താല്ക്കാലിക തസ്തികയിൽ ജോലികിട്ടി. അതുകൊണ്ട് സ്കൂൾ ജോലി ഉപേക്ഷിക്കാൻ മുതിർന്നില്ല. എന്നാൽ സ്കൂളിലെ വാദ്ധ്യാർ ജോലിക്കും സ്ഥിരത ഉറപ്പായിരുന്നില്ല. ഇങ്ങനെ ആയിരിക്കുമ്പോൾ കൊല്ലം സെന്റ് അലോഷ്യസ് ഹൈസ്കൂളിൽ ജോലിക്ക് അപേക്ഷിക്കുകയും 1926 ജൂലൈ 5 ന് അവിടെ ഉദ്യോഗം ലഭിക്കുകയും ചെയ്തു. നീണ്ട മുപ്പത്തിയെട്ടു കൊല്ലം ഈ സ്കൂളിനെയും, കൊല്ലത്തെ പൗരസഞ്ചയത്തെയും സേവിച്ചു. സ്കൂളിൽ ആയിരിക്കുമ്പോൾ 1932 -33 ൽ L.T. ബിരുദം നേടി. ഇതിനിടയ്ക്ക് 1936-37 ൽ കൊല്ലം ബിഷപ്പിന്റെ മറ്റൊരു സ്ഥാപനത്തിൽ ഒരു ലോവർ ഗ്രേഡ് ട്രയിനിംഗ് സ്കൂൾ ഹെഡ്മാസ്റ്ററായി ജോലി നോക്കി. ഒരുകൊല്ലം കൂടി സ്ഥാപനത്തിൽ തുടരാൻ ബിഷപ്പ് ആഗ്രഹിച്ചതനുസരിച്ച് 1961 വരെ സെന്റ് അലോഷ്യസ് സ്കൂളിനെ സേവിച്ചു.

അദ്ധ്യാപനത്തോടൊപ്പം കുട്ടികളുടെ പാഠ്യേതര പ്രവർത്തനങ്ങൾക്ക് ഉത്തേജനം കൊടുത്ത് അവരുടെ വ്യക്തിത്വത്തിന്റെ സമൂല വികാസത്തിനു വേണ്ടി മുന്നിൽ നിന്നു പ്രവർത്തിച്ച ഗുരുഭൂതന്മാരിൽ മുമ്പനും ഒ. പി. തോമസ് സാർ തന്നെയായിരുന്നു.

ബുദ്ധിമാനും ശിഷ്യവത്സലനുമായ ഗുരുശ്രേഷ്ഠന്റെ വെളുത്തനിറത്തോടുകൂടിയ ആറടിയിൽ കവിഞ്ഞ പൊക്കവും, സ്വഭാവ മഹിമയും, സൗമ്യമായ പെരുമാറ്റവും, ശിഷ്യപരമ്പരകളിൽ സ്നേഹത്തിന്റെയും ബഹുമാനത്തിന്റെയും വികാരദളങ്ങൾ വിടർത്തുക മാത്രമല്ല അവരിൽ ഇദ്ദേഹത്തെപ്പറ്റി മായാത്ത ഓർമ്മ ആഴത്തിൽ ഉറപ്പിക്കുകയും ചെയ്തു.

കൊല്ലത്തു അദ്ധ്യാപക ജോലിക്കു കാലു കുത്തിയ കാലംമുതലേയുള്ള അനാരോഗ്യം കൊല്ലം വിടുന്നതുവരെ തുടർന്നു. ദരിദ്രഗണങ്ങൾക്കുവേണ്ടി പണിയെടുക്കാൻ സ്വീകരിച്ച പ്രധാന മാധ്യമം സഹകരണ പ്രസ്ഥാനമാണ്. ആത്മാർത്ഥതയുള്ള നേതൃത്വവും, സഹകാരികളും ചേർന്നാൽ അനവധി ഗുണങ്ങൾ സഹകരണ പ്രസ്ഥാനം വഴി

സാധാരണക്കാർക്ക് ലഭ്യമാക്കാം എന്ന് തോമസ് സാർ തെളിയിച്ചു. എട്ടോളം വരും ഇദ്ദേഹം രൂപം കൊടുത്തതും, പുനർജീവിപ്പിച്ചു വളർച്ചയുടെ പടവുകൾ കയറ്റിവിട്ടതുമായ സഹകരണ സംഘങ്ങൾ, സാധാരണ അംഗം, കമ്മിറ്റി അംഗം, സെക്രട്ടറി, പ്രസിഡന്റ്, ഡയറക്ടർ ഇത്യാദി പല ഉത്തരവാദിത്വമുള്ള സ്ഥാനങ്ങളും പ്രാഗത്ഭ്യത്തോടെ വഹിച്ചാണ് ഇവയെ ഔന്നത്യത്തിലേക്ക് അദ്ദേഹം കരകയറ്റിയത്.

**അദ്ദേഹം വഹിച്ച സ്ഥാനങ്ങൾ**

1. കൊല്ലം ജില്ലാസഹകരണ ബാങ്ക് (ഡയറക്ടർ)
2. കൊല്ലം ജില്ലാ സഹകരണ ഭൂപണയബാങ്ക് (ഡയറക്ടർ)
3. കൊല്ലം താലൂക്ക് സഹകരണബാങ്ക് (ഡയറക്ടർ, ഫുൾറ്റൈം സെക്രട്ടറി)
4. കൊല്ലം താലൂക്ക് സഹകരണ സർക്കിൾ യൂണിയൻ (പ്രസിഡന്റ്)
5. കൊല്ലം ക്ഷീരവ്യവസായ സർക്കിൾ യൂണിയൻ (പ്രസിഡന്റ്)
6. കൊല്ലം താലൂക്ക് കോസ്റ്റൽ ഡവലപ്പ്മെന്റ് സഹകരണ ബാങ്ക് (1. വൈസ് പ്രസിഡന്റ് 2. പ്രസിഡന്റ്)
7. കൊല്ലംവാടി സഹകരണ സംഘം (പ്രസിഡന്റ്, ഖജാൻജി)
8. കൊല്ലം ടൗൺ സഹകരണ സംഘം (പ്രസിഡന്റ്, ഖജാൻജി)

സഹകരണ രംഗത്ത് ഒ. പി. തോമസ് അനുഷ്ഠിച്ച സേവനങ്ങളെ സംക്ഷിപ്തമായി പ്രതിപാദിക്കുക ഉചിതമായിരിക്കും.

1930 ൽ തോമസ് ഖജാൻജിയായിരുന്ന സെന്റ് തോമസ് സഹകരണസംഘത്തിലെ അംഗങ്ങൾക്ക് താമസിക്കുവാൻ സ്വന്തമായി സ്ഥലമില്ലായിരുന്നു. 22 അംഗങ്ങൾക്ക് താമസിക്കുവാനുള്ള സ്ഥലം വാങ്ങി, കല്ലും, തടിയുംകൊണ്ട് നിർമ്മിച്ചതും ഓടുമേഞ്ഞതുമായ കെട്ടിടങ്ങളുടെ ഉടമകളാക്കിത്തീർത്തതും കേരളത്തിൽ സഹകരണഗൃഹ നിർമ്മാണ പദ്ധതിയുടെ ആരംഭമായിരുന്നു. ഇതിൽ സംപ്രീതനായ ചിത്തിര തിരുനാൾ മഹാരാജാവ് പ്രസ്തുത കോളനികൾ സന്ദർശിച്ച് അഭിനന്ദനം രേഖപ്പെടുത്തുകയുണ്ടായി.

വ്യവസായശാലകളിലെ തൊഴിലാളികളെ ഉദ്ദേശിച്ച് 1952 ൽ കൊല്ലം പോളത്തോടിൽ മൂന്ന് ഏക്കറോളം സ്ഥലം വാങ്ങി. കേരള ഗവൺമെന്റിന്റെ 50 കെട്ടിടങ്ങളുള്ള കോളനി പണിയിച്ചു. കോളനി നിർമ്മാണത്തിൽ ഗവൺമെന്റിനുണ്ടായ ചെലവ് വാർഷിക തവണകളായി ഗൃഹനിവാസികൾ അടച്ചു തീർക്കണമെന്ന വ്യവസ്ഥ ഉണ്ടായിരുന്നു. ഗവൺമെന്റിന്റെ ബാദ്ധ്യതതീരുമ്പോൾ ഗൃഹനിവാസികൾ അവയുടെ പൂർണ്ണ ഉടമകളായിത്തീരുകയും ചെയ്യുമായിരുന്നു. ഈ വ്യവസ്ഥകൾ അനുസരിച്ച് കോളനി ഏറ്റെടുക്കുന്നതിന് കൊല്ലത്തെ പ്രധാന വ്യവസായ സ്ഥാപനങ്ങളായ തോമസ് സ്റ്റീഫൻ കമ്പിനി, ഹാരിസൺ ക്രോസ് ഫീൽഡ്, എസ്സ് എൽ. പി ടൈൽസ്സ് എന്നിവ തയ്യാറായില്ല. ഈയവസരത്തിൽ കൊല്ലം സെന്റ് തോമസ് സഹകരണസംഘത്തിന്റെ പ്രസിഡന്റായ തോമസ് സംഘാംഗങ്ങളുടെ അപേക്ഷ അനുസരിച്ച് കോളനി ഏറ്റെടുത്ത് താമസിക്കാൻ സ്വന്തം സ്ഥലമില്ലാതിരുന്ന സംഘാംഗങ്ങളുടെ ഇടയിൽ വിതരണം ചെയ്തു.

1955 ൽ കൊല്ലം പോർട്ടിൽ അടുത്തടുത്തുള്ള കുടിലുകളിൽ താമസിച്ചിരുന്ന മത്സ്യത്തൊഴിലാളികളുടെ കുടിലുകൾ അഗ്നിക്കിരയായി. അന്ന് സെന്റ് തോമസ് സഹകരണസംഘത്തിന്റെ പ്രസിഡന്റായിരുന്ന തോമസ് ഗവൺമെന്റിന്റെ റീ സെറ്റിൽമെന്റ് പദ്ധതിയനുസരിച്ച് വീടൊന്നിന് 720 രൂപാ വീതം സഹായം തേടി. എന്നാൽ ഗവൺമെന്റിന്റെ

പ്ലാൻ അനുസരിച്ചുള്ള വീടുകൾ നിർമ്മിക്കുന്നതിന് തുക അപര്യാപ്തമായതിനാൽ സാമ്പത്തിക ശേഷിയുള്ള ഭാവി വീട്ടുടമകളിൽ നിന്നും 250 രൂപാ വീതം പിരിച്ചെടുത്തു, അല്ലാത്തവരെ സംഘാംഗങ്ങളായി ചേർത്തു അവർക്ക് സംഘത്തിൽ നിന്നു 230 രൂപ വീതം കടം കൊടുത്തു. ആവശ്യമായ പണം സ്വരൂപിച്ച് വീടൊന്നിന് 950 രൂപ വച്ച് വീടുപണിയാൻ കോൺട്രാക്ടർ മുന്നോട്ടുവരാതിരുന്നതിനാൽ സംഘത്തിന്റെ അഭ്യർത്ഥന അനുസരിച്ച് കൊല്ലം ബിഷപ്പ് ഡോ. ജെറോം അദ്ദേഹത്തിന്റെ ആർക്കിടെക്ക് ഫാ ക്രിസ്റ്റഫർ മോറീസിന്റെ സേവനം സംഘത്തിന് വിട്ടുകൊടുത്തുകൊണ്ട് കെട്ടിടം പണി സത്വരം പൂർത്തിയാക്കി.

1965 ൽ തോമസ് കൊല്ലം താലൂക്ക് കോസ്റ്റൽ ഡവലപ്പ്മെന്റ് ബാങ്കിന്റെ പ്രസിഡന്റായിരുന്നപ്പോൾ ബാങ്കിലെ മത്സ്യത്തൊഴിലാളികളായ 40 അംഗങ്ങൾക്ക് ഫിഷറീസ് ഡിപ്പാർട്ട്മെന്റിനെക്കൊണ്ട് വീടുകൾ പണിയിച്ചുകൊടുത്തു. 12 വർഷത്തോളം തോമസ് പ്രസ്തുത ബാങ്കിന്റെ പ്രസിഡന്റായി സേവനമനുഷ്ഠിച്ചു. Quilon Co-Operative Milk Supplies Union ൽ തോമസ് 18 കൊല്ലം കമ്മിറ്റി പ്രസിഡന്റായി പ്രവർത്തിച്ചു.

പുതിയ സഹകരണ ആക്ട് അനുസരിച്ച് പ്രാബല്യത്തിൽ വന്ന താലൂക്ക് സഹകരണ സർക്കിൾ യൂണിയന്റെ ആദ്യത്തെ പ്രസിഡന്റായി തോമസ് തെരഞ്ഞെടുക്കപ്പെട്ടു.

ഒളശ്ശ തറവാടിന്റെ ആഭിമുഖ്യത്തിൽ ജന്മം കൊണ്ട ഒളശ്ശയിൽ കുടുംബ സംഘടനയെ വളർത്തിക്കൊണ്ടുവരുവാൻ തോമസ് അത്യധികം ശുഷ്കാന്തി കാണിച്ചു. കുടുംബ സംഘടനയുടെ പ്രസിഡന്റായി പല പ്രാവശ്യം തെരഞ്ഞെടുക്കപ്പെട്ടു. കുടുംബസംഘടനയുടെ വാർഷിക സമ്മേളന ചെലവുകൾക്കായി അദ്ദേഹം മുൻകയ്യെടുത്ത് ഒരു ഫണ്ട് സ്വരൂപിച്ചു. അതിന്റെ പലിശകൊണ്ടാണ് ഈ ചെലവുകൾ ഇപ്പോഴും നടത്തുന്നത്. ബാല്യകാലം മുതൽ ആദ്ധ്യാത്മികപോഷണം പകർന്നുകൊടുത്ത ചങ്ങനാശ്ശേരി പള്ളിക്ക് ഒരു പൊന്നും കുരിശില്ലാത്ത കുറവ് സ്വന്തം ചെലവിൽ പരിഹരിച്ചുകൊടുത്തു. ഒരു പൊന്നും കുരിശു പണിയിച്ച്, കാവുകാട്ടു തിരുമേനിയെക്കൊണ്ടു ആശീർവദിപ്പിച്ചു കത്തീഡ്രൽ പള്ളിക്കു സമ്മാനിച്ചു. തോമസ് തന്റെ കുടുംബത്തിനായി വളരെയേറെ നല്ലപ്രവൃത്തികൾ ചെയ്തു. സഹോദരന്മാരെ വിദ്യാഭ്യാസ പരമായി ഉയർത്താൻ വേണ്ട പ്രോത്സാഹനവും, സാമ്പത്തിക സഹായവും നൽകിയിരുന്നു.

1975 ൽ കൊല്ലത്തായിരിക്കുമ്പോൾ ഒരു ദിവസം ഒരു ബോധക്ഷയവും അല്പനേരത്തേക്ക് ഓർമ്മക്കുറവും അനുഭവപ്പെട്ടു. ചങ്ങനാശ്ശേരിയിൽ ഇളയസഹോദരൻ കുഞ്ഞച്ചന്റെ ഭവനത്തിൽ തിരിച്ചുവന്ന് വിശ്രമജീവിതം നയിച്ചു പോന്നു. ഈ ആവസരത്തിലും തന്റെ പ്രവർത്തനരംഗമായിരുന്ന കൊല്ലത്തേക്ക് തിരിച്ചു പോകണമെന്ന വ്യഗ്രത അദ്ദേഹം പലപ്പോഴും പ്രകടിപ്പിച്ചിരുന്നു. തന്റെ സന്ദർശകരെ സുസ്മിത വദനത്തോടെ സ്വീകരിക്കുകയും, വിവരങ്ങൾ ആരായുകയും, നർമ്മ സംഭാഷണങ്ങളിൽ ഏർപ്പെടുകയും അവസാന നാൾവരെ ചെയ്തിരുന്നു. കുട്ടികൾക്ക് വിജ്ഞാന പ്രദമായ കാര്യങ്ങൾ പറഞ്ഞുകൊടുക്കുകയും ചെയ്തിരുന്നു. ഈ കാലയളവിൽ കൊല്ലം ബിഷപ്പായിരുന്ന മാർ ജെറോം ഫെർനാഡെസും, തോമസിന്റെ വിദ്യാർത്ഥിയായിരുന്ന കൊല്ലം ബിഷപ്പ് മാർ ജോസഫും അദ്ദേഹത്തെ സന്ദർശിച്ചിരുന്നു.

അദ്ധ്യാപനം ജീവിത തൊഴിലായും, അവിവാഹിതവ്രതം ജീവിതാന്തസ്സായും, സ്വാഗതം ചെയ്ത്, അശരണർക്കായി, നിസ്വാർത്ഥസേവന അനുഷ്ഠിച്ച് എളിയ ജീവിതത്തിന് ഉടമയായ രീതി തന്റെ ജീവിതം മുഴുവനും ആത്മാർത്ഥ സേവനത്തിനുനീക്കിവച്ച ഒരു പാവന വ്യക്തിത്വത്തിന്റെ ഉടമയായിരുന്ന ഒ. പി. തോമസ് 1990 ഏപ്രിൽ 11-ാം തിയതി ഇഹലോകവാസം വെടിഞ്ഞു.

## III. റവ. ഫാ. ജോസഫ് ഒളശ്ശയിൽ



പിതൃഗൃഹത്തിൽ 3-3-1909 ൽ ഭൂജാതനായ ഈ ശിശുവിന്റെ ജ്ഞാനസ്നാനം ചങ്ങനാശ്ശേരി പള്ളിയിൽവച്ചാണ് നടന്നത്. ഔതച്ചൻ എന്ന ഓമനപ്പേരിൽ വളർന്നു വന്ന ബാലൻ ഗവൺമെന്റ് മലയാളം സ്കൂളിൽനിന്നും പ്രൈമറി ക്ലാസ്സുകൾ പാസ്സായി, സെന്റ് ബർക്ക്മാൻസ് ഇംഗ്ലീഷ് സ്കൂളിൽ നിന്ന് മെട്രിക്കുലേഷൻ പരീക്ഷയിൽ വിജയിച്ചു. ഹൈസ്കൂൾ ജീവിതകാലത്താണ് വൈദികാന്തസ്സിൽ പ്രവേശിക്കാനുള്ള ദൈവവിളിയുണ്ടായത്. വൈദികാന്തസ്സിലേക്കുള്ള വിളി മനസ്സിലാക്കിയ അദ്ദേഹം അതിനായി സ്വയം ഒരുങ്ങി. 1926 ൽ കോട്ടയം പെറ്റി സെമിനാരിയിൽ വൈദിക പഠനം ആരംഭിച്ചു. രണ്ടു കൊല്ലം കഴിഞ്ഞ് മംഗലപ്പുഴമേജർ സെമിനാരിയിലേക്ക് ശെമ്മാശൻ പഠനത്തിനു വേണ്ടി കോട്ടയത്തു നിന്ന് പോയി. 1934 ൽ പഠനം സമാപിപ്പിച്ച് ഗുരുപ്പട്ടം സ്വീകരിച്ചു. ചങ്ങനാശ്ശേരി ഇടവകപ്പള്ളിയിൽ പുത്തൻകുർബ്ബാന അർപ്പിച്ചു. കുടുംബക്കാർ ആ ദിനം സസന്തോഷം കൊണ്ടാടി. ആ കാലങ്ങളിലെ പുത്തൻ കുർബ്ബാന ആഘോഷചടങ്ങിൽ ഒരു ചടങ്ങായിരുന്നു നവ വൈദികന്റെ കയ്യിൽ ബന്ധുക്കൾ പൊൻമോതിരം അണിയിക്കുക എന്നത്. എന്നാൽ സ്വന്ത പിതാവ് ആ ചടങ്ങ് വേണ്ടെന്ന് ഉപദേശിച്ചതുകൊണ്ട് ബഹു. ഔതച്ചന്റെ പുത്തൻ കുർബ്ബാന ആഘോഷത്തിന് അതുണ്ടായിരുന്നില്ല.

ബഹു. ഔതച്ചൻ പത്തിലധികം പള്ളികളിൽ തന്റെ അജപാലന കൃത്യം നിർവ്വഹിച്ചു. ആലപ്പുഴ തത്തംപള്ളി സെന്റ് മൈക്കിൾസ് ചർച്ചിലെ അസി. വികാരിയായിട്ടായിരുന്നു ആദ്യ നിയമനം. 1935 മുതൽ 37 വരെ ഇവിടെ സേവനം ചെയ്തു. ഇതേത്തുടർന്ന് 1937-38 ൽ പുളിങ്കുന്നിലും, 1938-41 ൽ ചങ്ങനാശ്ശേരി സെന്റ് മേരീസ് പള്ളിയിലും 1941-47 ൽ എടത്വാ പച്ച പള്ളിയിലും അസ്തേന്തിയായും 1947-52 ൽ കൈനടിയിലും, 1952-56 ൽ കുളത്തുറും, 1956-57 ൽ പായിപ്പാട്ടും 1959-71 ൽ തത്തമ്പള്ളിയിലും, 1971-75 ൽ ചമ്പക്കുളത്തും, 1975-77 ൽ പൊൻകുന്നത്തും, 1977-79 ൽ കൂത്രപ്പള്ളിയിലും വികാരി യായും സേവനം അനുഷ്ഠിച്ചു.

ഇതിനിടയ്ക്ക് മൂന്നു വർഷം, അതായത് 1956 മുതൽ 59 വരെ കാവുകാട്ടു തിരുമേനിയുടെ കാലത്ത് പാറേൽ പെറ്റിസെമിനാരിയുടെ റെക്ടർസ്ഥാനം വഹിച്ചു. ശരീരാസ്വാസ്ഥ്യം മൂലമാണ് ആ സ്ഥാനത്തുനിന്നും പിന്മാറിയത്. സൗമ്യനും, ശാന്തനുമായ ഇദ്ദേഹം പള്ളിഭരണകാര്യത്തിൽ അനുരഞ്ജനത്തിന്റെയും, പൊരുത്തപ്പെടലിന്റെയും വഴിയാണ് സ്വീകരിച്ചത്. അതുകൊണ്ട് പള്ളിയോഗക്കാരുടെയും വിശ്വാസികളുടെയും അകമഴിഞ്ഞ സഹകരണം ബഹു. ഔതച്ചന് ലഭിച്ചിരുന്നു. പ്രസിദ്ധമായിരുന്ന അദ്ദേഹത്തിന്റെ പാട്ടുകുർബ്ബാന, ഹ്രസ്വവു, കാര്യമാത്ര പ്രസക്തവുമായ അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ഇവ ശ്രദ്ധേയമായിരുന്നു. മേലദ്ധ്യക്ഷന്മാരുടെ കല്പനകൾക്കു വിധേയനായി അവരോട് അനുസരണകാട്ടിയും ആദ്ധ്യാത്മിക ജീവിതം നയിക്കുക എന്നത് ഒരു വ്രതം പോലെ തന്റെ വൈദികജീവിത കാലത്ത് അദ്ദേഹം പരിഗണിച്ചിരുന്നു. ഈകാരണങ്ങളാൽ അദ്ദേഹത്തിന്റെ കാലത്ത് മേലദ്ധ്യക്ഷന്മാരുടെ മതിപ്പ് കുറവില്ലാതെ അദ്ദേഹത്തിന് ലഭിച്ചു.

ബഹു. ഔതച്ചൻ അറുപതുവയസ്സിനോടടുത്തപ്പോൾ അദ്ദേഹത്തെ വാതരോഗം അലട്ടാൻ തുടങ്ങി. രോഗ ഗ്രസ്തനായിരുന്നിട്ടും തന്റെ കർമ്മരംഗത്ത് പിടിച്ചുനിന്നു. ഒടുവിൽ കൂടുതൽ അവശതയിലേക്ക് രോഗം മൂർഛിച്ചപ്പോൾ പാറേൽപ്പള്ളി പ്രീസ്റ്റ് ഹോമിന്റെ അംഗത്വം സ്വീകരിച്ചു. അത് 1979 മാർച്ച് മാസം 10-ാം- തീയതി ആയിരുന്നു. അവിടെ വച്ചും രോഗത്തിന് കുറവുണ്ടായില്ലെന്നു മാത്രമല്ല, ആരോഗ്യസ്ഥിതി വഷളാകയും ചെയ്തു. ഒടുവിൽ ആയുർവ്വേദ ചികിത്സാവിധികൾ പ്രയോഗിക്കാൻ ഏറ്റവും ഇളയ അനുജൻ കുഞ്ഞച്ചന്റെ ഭവനത്തിലേക്ക് 1982 ഫെബ്രുവരി മാസം മാറ്റപ്പെട്ടു. രോഗം കഠിനമായിക്കൊണ്ടിരുന്ന സമയത്ത് നീങ്ങാനും, അനങ്ങാനും പാടില്ലാത്ത അവസ്ഥയിൽ അദ്ദേഹം കാണിച്ച സഹനശക്തിയും, ക്ഷമയും സന്ദർശകരെ അത്ഭുതപ്പെടുത്തി. ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ തിരുമേനി ഈ ദയനീയ അവസ്ഥയിൽ വീട്ടിൽ ഒന്നിലധികം പ്രാവശ്യം ചെന്ന് അദ്ദേഹത്തെ ആശീർവ്വദിക്കുകയും, ആശ്വസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അവസാനം അന്ത്യം അടുത്തു. 1982 ആഗസ്റ്റ് 21-ാം തീയതി നിത്യ സമ്മാനത്തിനായി ഈ ധന്യാത്മാവ് വിളിക്കപ്പെട്ടു. പിറ്റേദിവസം വീട്ടിൽ നിന്നും പള്ളിയിലേക്കുള്ള വിലാപയാത്രയിൽ വൈദികരും, കന്യാസ്ത്രീകളും ഉൾപ്പെടുന്ന വിപുല ജനസമൂഹം സംബന്ധിച്ചു. പൗവ്വത്തിൽ തിരുമേനി മുഖ്യകാർമ്മികനായിരുന്നു. ഇടവകപ്പള്ളിയായ ചങ്ങനാശ്ശേരി കത്തീഡ്രലിൽ നാല്പതാം ചരമദിനം ആചരിക്കപ്പെട്ടു. ബഹു. മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ നടന്ന ദിവ്യ പൂജയിൽ 30-ൽപ്പരം വൈദികർ സംബന്ധിച്ചു. മെത്രാപ്പോലീത്ത പടിയറ തിരുമേനി അനുശോചന പ്രസംഗത്തിൽ ബഹു. ഔതച്ചന്റെ ഗുണങ്ങളെയും, കർമ്മനിഷ്ഠയേയും പരാമർശിച്ചു. കൂട്ടത്തിൽ സ്ഥാനമോഹമില്ലാതെ ആദർശപരമായ ലളിത ജീവിതം നയിച്ച് തന്നിൽ ഭാരമേല്പിക്കപ്പെട്ട ആത്മാക്കളുടെ രക്ഷക്കായി ചുമതലകളിൽ സദാജാഗരൂകനായിരുന്നു ബഹു. ഒളശ്ശയിൽ ഔതച്ചൻ. സഭയുടെ ചട്ടപ്രകാരമുള്ള മേലദ്ധ്യക്ഷന്മാരോട് അനുസരണയിലും വിധേയത്വത്തിലും കാട്ടിയ സ്ഥിരത പ്രത്യേകം ചൂണ്ടിക്കാണിച്ച് അഭിനന്ദിക്കുകയുണ്ടായി. പള്ളിസിമിത്തേരിയിൽ വൈദികർക്കുള്ള കല്ലറനിരയിൽ ഒന്നിൽ അദ്ദേഹത്തെ സംസ്കരിച്ചു.

## IV. ഒ. പി. ചാണ്ടി



മാതാപിതാക്കളുടെ ആറാമത്തെ സന്താനമായി 1917 ജൂൺ 2 ന് ചാണ്ടി ഭൂജാതനായി. ചാണ്ടി ചങ്ങനാശ്ശേരിയിൽത്തന്നെ B.A. വരെയുള്ള വിദ്യാഭ്യാസം പൂർത്തിയാക്കി. സെന്റ് ജോസഫ്സ് പ്രൈമറി സ്കൂൾ, സെന്റ് ബർക്ക്മാൻസ് ഹൈസ്കൂൾ, സെന്റ് ബർക്ക്മാൻസ് കോളേജ് എന്നീ വിദ്യാലയങ്ങളിലാണ് ഈ കാലത്ത് പഠിച്ചത്. എല്ലാ ക്ലാസ്സുകളിലും പരീക്ഷകളിലും ഉയർന്ന സ്ഥാനം കൈവരിച്ച് ഇന്റർ മീഡിയറ്റ്, B.A. എന്നീ അവസാന പരിക്ഷകളിൽ റാങ്കു നേടി. 1937 ലാണ് B.A. ബിരുദം സമ്പാദിച്ചത്.

വിദ്യാതലത്ത് ഉയർന്ന ബുദ്ധിപ്രകടനം ഉദ്യോഗലബ്ധി എളുപ്പമാക്കി, ബാങ്കിംഗ് ബിസിനസ്സ് തുറയിൽ കയറിപ്പറ്റാനായിരുന്നു ഈ യുവാവിന്റെ അഭിലാഷം. ഉടുപ്പി കാനറ ഇന്ത്യൻ ബാങ്കിംഗ് സിൻഡിക്കേറ്റ് (ഇന്നത്തെ സിൻഡിക്കേറ്റ് ബാങ്ക്) ൽ മാനേജരായി ആദ്യ നിയമനം 1938 ൽ ലഭിച്ചു. തുടർന്നു നടത്തിയ പരീക്ഷയിൽ ജയിച്ചതോടെ ബ്രാഞ്ചുമാനേജരായി സ്ഥിരീകരിക്കപ്പെട്ടു. ചാണ്ടിയുടെ കഴിവിലും ആത്മാർത്ഥതയിലും കർമ്മ ശൈലിയിലും തൃപ്തരായി പടിപടിയായി ബാങ്ക് അധികാരികൾ ഉദ്യോഗക്കയറ്റം കൊടുത്തു. ഒരു നിശ്ചിത മേഖലയിലെ ബ്രാഞ്ച് ഇൻസ്പെക്ടർ, കേരളത്തിലേയും, ലക്ഷദ്വീപുകളിലേയും മൊത്തബ്രാഞ്ചുകളുടെ ഡിവിഷണൽ മാനേജർ ഈ ദൃശചുമതലകളിൽ ഇദ്ദേഹം പടിപടിയായി നിയമിക്കപ്പെട്ടു.

ഇതിനിടയ്ക്ക് ചാണ്ടിച്ചന്റെ സേവനം സിൻഡിക്കേറ്റു ബാങ്കിന്റെ നേതൃത്വത്തിൽ 1942 ൽ സ്ഥാപിതമായ സതേൺ ഇന്ത്യ അപെക്സ് ബാങ്ക് ക്ലിപ്തത്തിന് രണ്ടുവർഷത്തേയ്ക്ക് ബാങ്ക് അധികാരികൾ വിട്ടുകൊടുക്കുകയുണ്ടായി. ബാങ്കു സംബന്ധമായ ജോലികളിൽ മുഴുവൻ സമയവും വ്യയംചെയ്തുകൊണ്ടിരുന്ന ഈ സമയത്ത് ഇൻസ്റ്റിട്യൂട്ട് ഓഫ് ബാങ്കേഴ്സിന്റെ "ബാങ്കിംഗ് അസോഷ്യേറ്റ്" എന്ന പരീക്ഷയിൽ (C. A. I. I. B) പ്രശസ്ത വിജയം നേടി. ഈ പരീക്ഷയിൽ "ബാങ്കിംഗ് ലോ ആന്റ് പ്രാക്ടീസ്" എന്നവിഷയത്തിൽ ഏറ്റവും കൂടുതൽ മാർക്കിന് അർഹനായതിന്റെ അടിസ്ഥാനത്തിൽ "സർ സൊറാബ്ജി എൻ. പോക്കൻവാല" പ്രൈസ്സ് ചാണ്ടി നേടിയെടുത്തു എന്നത് പ്രത്യേകം സ്മരണീയമാണ്. സിൻഡിക്കേറ്റ് ബാങ്കിന്റെ അക്കാലത്തെ ഒരു ഉന്നത പദവിയായ 'ഡിവിഷണൽ മാനേജർ' എന്ന സ്ഥാനം ലഭിച്ച ആദ്യത്തെ മലയാളിയാണ് ചാണ്ടി. തന്റെ കഴിവുകളും, കളങ്കരഹിതമായുള്ള വ്യക്തിപ്രഭാവം, ബാങ്കിന്റെ ഭരണത്തിലുള്ള അദ്ദേഹത്തിന്റെ കഴിവ്, നേട്ടങ്ങൾ ഇവയൊക്കെ മേലധികാരിളിൽ അദ്ദേഹത്തെക്കുറിച്ച് മതിപ്പ് ഉളവാക്കി. സിൻഡിക്കേറ്റ് ബാങ്ക്, മണിപ്പാൽ എഞ്ചിനീയറിംഗ് കോളേജ്, കസ്തൂർബ മെഡിക്കൽ കോളേജ്, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഇവയുടെ സ്ഥാപകനായ Dr. TMA. Pai, മുൻ കേന്ദ്രമന്ത്രി Mr. T. A Pai, Manipal സ്ഥാപനങ്ങളുടെ മേൽനോട്ടം ഇപ്പോൾ വഹിക്കുന്ന Mr. Ramesh Pai എന്നിവരുമായി ചാണ്ടിക്ക് വ്യക്തിപരമായ ബന്ധവും, അടുപ്പവും ഉണ്ടായിരുന്നു.നീണ്ട മുപ്പത്തിയേഴരവർഷം ചാണ്ടി സിൻഡിക്കേറ്റു ബാങ്കിനുവേണ്ടി

അക്ഷീണമായി അനസ്യൂതം സേവനം അനുഷ്ഠിച്ചു. ബന്ധപ്പെട്ട എല്ലാവരുടെയും സ്നേഹവും, മതിപ്പും, ബഹുമാനവും ആർജ്ജിച്ചാണ് ഈ സ്ഥാപനത്തോട് വിടപറഞ്ഞത്.

സിൻഡിക്കേറ്റു ബാങ്കിന്റെ ആസ്ഥാനമായ മണിപ്പാലിൽ നിന്നു വിടവാങ്ങിയ ശേഷം അന്യബാങ്കുകളുടെ മേധാവിത്വം സ്വീകരിക്കാൻ പല ക്ഷണങ്ങളും ചാണ്ടിക്ക് വന്നുകൊണ്ടിരുന്നു. അതിൽ തൃശൂർ കേന്ദ്രമായി പ്രവർത്തിച്ചിരുന്ന കാത്തലിക്ക് സിറിയൻ ബാങ്കിന്റ് ആഗ്രഹം അംഗീകരിച്ചു ആസ്ഥാപനത്തിന്റെ ചെയർമാൻ സ്ഥാനം 1977 ജൂലൈ 22 നു ഏറ്റെടുത്തു. R. B. I യുടെ അംഗീകാരം ഈ നിയമനത്തിന് വേണ്ടിയിരുന്നത് നിഷ്പ്രയാസം ബാങ്കധികൃതർക്ക് ലഭിച്ചത് ചാണ്ടിയെപ്പറ്റി റിസർവ്വ് ബാങ്ക് അധികൃതർക്കുണ്ടായിരുന്ന മതിപ്പുകൊണ്ടായിരുന്നു. ഈ സ്ഥാനലബ്ധിയിൽ ചാണ്ടിയെ അനുമോദിക്കാൻ സെന്റ് ബർക്ക്മാൻസ് കോളേജിൽ സുഹൃത്തുക്കൾ യോഗം സംഘടിപ്പിച്ചു. രണ്ടരവർഷം ഈ സ്ഥാപനത്തിൽ പണിയെടുത്തശേഷം വിശ്രമാർത്ഥം ചാണ്ടി ജോലിയിൽ നിന്ന് വിരമിച്ചു.

പിൽക്കാലമത്രയും ചങ്ങനാശ്ശേരിയിൽ പാറേൽ പള്ളിയ്ക്കു സമീപമുള്ള സ്വവസതിയിൽ വിശ്രമിച്ചു വരികയായിരുന്നു. പ്രതീക്ഷിക്കാതെയുള്ള ഹൃദയാഘാതം മൂലം 26-03-1983 ൽ 65-ാം വയസ്സിൽ ചാണ്ടി നിര്യാതനായി. നിരണത്തെ മട്ടയ്ക്കൽ പനങ്കോട്ടേത്ത് കൊച്ചുമ്മൻ പെരുമാളിന്റയും, ചേച്ചമ്മയുടെയും സീമന്ത പുത്രി മേരിയെ (കുഞ്ഞൂഞ്ഞമ്മ) 1946 നവംബർ 11 ന് ചാണ്ടി വിവാഹം കഴിച്ചു. ബാങ്കിംഗ് ജോലിയിലിരിക്കുമ്പോൾ നിരവധിപേർക്ക് തന്റെ ബാങ്കിൽ ജോലി ലഭിക്കാൻ ചാണ്ടി തുണയായിവർത്തിച്ചു. നാട്ടുകാരായ സുഹൃത്തുക്കളും, ബന്ധുമിത്രാദികളും ഇതിൽ ഉൾപ്പെടുന്നു.

മക്കൾ :

1. മേരിക്കുട്ടി ജോസ് (W/o ജോസഫ് വി. ജെ., വടക്കേൽ, പാലാ)
2. ഒ. സി. ഫിലിപ്പ്
3. ജോസ് ചാണ്ടി
4. സൂസൻ അലക്സ് (W/o അലക്സ്, പറങ്കിമാമ്മൂട്ടിൽ, തിരുവനന്തപുരം)
5. ഒ. സി. തോമസ്
6. വിന്നി അലക്സ്

## 1. ഒ. സി. ഫിലിപ്പ് (ജോജി)

1952 നവംബർ മാസം 15-ാം തീയതി ജോജി ജാതനായി. എസ്. എച്ച് സ്കൂളിലെ വിദ്യാഭ്യാസത്തെ തുടർന്ന് ചങ്ങനാശ്ശേരിയിൽ ക്രോക്കറി വ്യാപാരത്തിൽ ഏർപ്പെട്ടു. ഇപ്പോൾ സ്വന്തമായി ഫുഡ് കേറ്ററിംഗിൽ ഏർപ്പെട്ടിരിക്കുന്നു. 1978 സെപ്റ്റംബർ 11-ാം തീയതി ചെക്കൻകുളം മാമ്മച്ചന്റെയും തങ്കമ്മയുടെയും മകൾ സിസിയെ വിവാഹം ചെയ്തു. സിസി ഇപ്പോൾ ചങ്ങനാശ്ശേരിയിൽ ജിസ് ഗാർമെന്റ്സ് എന്ന സ്ഥാപനം നടത്തുന്നു.

മക്കൾ :

1. ജിസ് ജെ. ഒളശ്ശ (C.A. വിദ്യാർത്ഥിനി)
2. ലിസ് ജെ. ഒളശ്ശ (B.Com. വിദ്യാർത്ഥിനി)

## 2. ജോസ് ചാണ്ടി (ജോസി)

രണ്ടാമത്തെ പുത്രനായ ജോസി 1958 ഫെബ്രുവരി 3-ാം തീയതി ജാതനായി. സ്കൂൾ വിദ്യാഭ്യാസം എസ്. എച്ച് ഹൈസ്കൂളിൽ. ചങ്ങനാശ്ശേരി എസ്. ബി. കോളേജിൽ നിന്ന്

B.Com. ബിരുദം നേടി. തുടർന്ന് C.A. ബിരുദം കരസ്ഥമാക്കി. ഇപ്പോൾ ചങ്ങനാശ്ശേരിയിൽ സ്വന്തമായി Jose Chandy & Co. എന്ന Audit Firm നടത്തുന്നു. സാമൂഹിക പ്രസ്ഥാനങ്ങളിൽ സജീവ പ്രവർത്തകനായ ജോസി 2000-2001 ചങ്ങനാശ്ശേരി ലയൺസ് ക്ലബ് പ്രസിഡന്റായി സേവനം അനുഷ്ഠിച്ചു. ഇപ്പോൾ എസ്സ്. ബി. കോളേജിന്റെ കീഴിൽ പ്രവർത്തിയ്ക്കുന്ന Berchman's Institute of Management Studies (BIMS) ന്റെ Advisory Board ലെ മെമ്പറാണ്. ജോസി 1987 നവംബർ 8-ാം തീയതി പുളിങ്കുന്ന് ഇല്ലിപ്പറമ്പിൽ തോമസിന്റെയും, അന്നമ്മയുടെയും മകളുമായ നോനയെ വിവാഹം ചെയ്തു.

മക്കൾ : 1 ജോസ് പോൾ ചാണ്ടി (സ്കൂൾ വിദ്യാർത്ഥി)
2. അന്നാ മേരി (സ്കൂൾ വിദ്യാർത്ഥിനി)

## 3. ഒ. സി. തോമസ് (ബാബു)

മൂന്നാമത്തെ പുത്രനായ ബാബു 1961 ജൂലൈ 16-ാം തീയതി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം ചങ്ങനാശ്ശേരി എസ് ബി. സ്കൂളിൽ നടത്തി. തുടർന്ന് പിതാവിനോടൊപ്പം പ്രൈവറ്റ് ബാങ്കിംഗിൽ ഏർപ്പെട്ടു. ഇപ്പോൾ സ്വന്തമായി വിതരണ വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്നു. 1992 ജനുവരി 10-ാം തീയതി അഞ്ചൽ കരുവേലിൽ പി. ജെ. ജേക്കബിന്റെയും അന്നമ്മയുടെയും മകൾ ഗ്രേസിനെ വിവാഹം ചെയ്തു.

മക്കൾ : 1. അലക്സ് തോമസ് (സ്കൂൾ വിദ്യാർത്ഥി)
2. ജേക്കബ് തോമസ് (സ്കൂൾ വിദ്യാർത്ഥി)

## 4. വിന്നി അലക്സ് (വിന്നിച്ചൻ)

ഏറ്റവും ഇളയപുത്രനായ വിന്നിച്ചന്റെ ജനനം 1967 ഫെബ്രുവരി 12 ന്. സ്കൂൾ വിദ്യാഭ്യാസം എസ്. എച്ച് സ്കൂളിൽ. എസ്. ബി. കോളേജിൽ നിന്ന് B.Com ബിരുദം നേടിയശേഷം P.G.D.C.A. പാസ്സാവുകയും 2 വർഷം കമ്പ്യൂട്ടർ പ്രോഗ്രാമറായി ജോലി നോക്കുകയും ചെയ്തു. തുടർന്ന് 3 വർഷം കുവൈറ്റിലെ KEMS കമ്പനിയിൽ സിസ്റ്റം അഡ്മിനിസ്റ്ററായി ജോലി നോക്കി. അതിനുശേഷം കുവൈറ്റ് എയർവേസ് കോർപ്പറേഷന്റെ സഹോദരസ്ഥാപനമായ Automated System Co. യിൽ കമ്പ്യൂട്ടർ പ്രോഗ്രാമറായി സേവനം അനുഷ്ഠിക്കുകയും തുടർന്ന് ഈ സ്ഥാപനത്തിൽ ടെക്നിക്കൽ കൺസൾട്ടന്റ് ആന്റ് കോ-ഓർഡിനേറ്ററായി ജോലി ചെയ്യുകയും ചെയ്യുന്നു. വിന്നിച്ചൻ 2001 ഏപ്രിൽ മാസം 16-ാം തീയതി പാലാ രാമപുരത്ത് തോമസ് ജോസിന്റെയും, മറിയാമ്മയുടെയും മകളായ ദീപയെ വിവാഹം ചെയ്തു.

മകൾ : ദിയാ മരിയ വിന്നി.

## II. ഒ. പി. ഫിലിപ്പ് (കുഞ്ഞച്ചൻ)

കുഞ്ഞച്ചൻ 1922-ാമാണ്ട് ഡിസംബർ മാസത്തിൽ മാതാപിതാക്കളുടെ ഏറ്റവും ഇളയ പുത്രനായി ജനിച്ചു. ചങ്ങനാശ്ശേരി സെന്റ് ബർക്ക്മാൻസ് ഹൈസ്കൂളിൽ നിന്നും സ്കൂൾ ഫൈനൽ പരീക്ഷ പാസ്സായശേഷം 1938 ൽ സെന്റ് ബർക്ക്മാൻസ് കോളേജിൽ ഇന്റർ മീഡിയറ്റിനു ചേർന്നു പഠനം പൂർത്തിയാക്കി. അക്കാലത്തു തിരുവിതാംകൂർ കോജുകളെല്ലാം മദ്രാസ് യൂണിവേഴ്സിറ്റിയോട് അഫിലിയേറ്റ് ചെയ്തിരിക്കുകയായിരുന്നു. 1938 ൽ തിരുവിതാംകൂർ ദിവാനായിരുന്ന സർ സി. പി. രാമസ്വാമി അയ്യർ തിരുവിതാംകൂർ സർവ്വകലാശാല സ്ഥാപിച്ചു. അങ്ങനെ കുഞ്ഞച്ചൻ പ്രഥമ ബാച്ചിലെ വിദ്യാർത്ഥിയായി. ഈ കാലഘട്ടത്തിൽ പിതാവിനു പിടിപെട്ട അസുഖം കുഞ്ഞച്ചന്റെ വിദ്യാഭ്യാസ പുരോഗതിക്ക് വിലങ്ങുതടിയായി. ജ്യേഷ്ഠ സഹോദരങ്ങളെല്ലാം ഔദ്യോഗിക ജീവിതത്തിന് വേണ്ടി പുറത്തായിരുന്നതിനാൽ പിതാവിനെ അന്വേഷിക്കേണ്ട ചുമതല കുഞ്ഞച്ചനിലായി. എന്നാൽ മിക്ക ആഴ്ചകളിലും ജ്യേഷ്ഠൻ തോമ്മാച്ചൻ വീട്ടിൽ വന്നു പിതാവിന്റെ കാര്യങ്ങൾ അന്വേഷിക്കുകയും വേണ്ട സാമ്പത്തിക സഹായം ചെയ്തു കൊടുത്തതും കുഞ്ഞച്ചനു ആശ്വാസമായിരുന്നു. പിതാവ് 1942 ൽ പരലോക പ്രാപ്തനായി. തുടർന്ന് പഠിക്കുവാനുള്ള അഭിവാഞ്ഛമൂലം ഉത്തരേന്ത്യയിൽ Birla Engineering College, Pilani യിൽ Naval Engineering ന് പ്രവേശനം ലഭിച്ചു. പ്രതികൂല കാലാവസ്ഥയും, ഭക്ഷണ രീതിയുമായി പൊരുത്തപ്പെട്ടു പോകുവാനുള്ള ബുദ്ധിമുട്ടും, പഠനം അവസാനിപ്പിച്ച് നാട്ടിലേയ്ക്കു മടങ്ങിപ്പോരാൻ കുഞ്ഞച്ചനെ പ്രേരിപ്പിച്ചു. അക്കാലത്ത് പിലാനി ഒട്ടുംതന്നെ പുരോഗമിച്ചിട്ടില്ലാത്ത ഒരു ഗ്രാമമായിരുന്നു. യാത്രാ സൗകര്യങ്ങൾ കുറവായിരുന്നതിനാൽ അവിടെയൊക്കെ ഒട്ടക സവാരി സാധാരണമായിരുന്നു. എന്നാൽ ഇന്നു പിലാനി ഏറ്റവും പുരോഗമിച്ചിട്ടുള്ള നഗരമായി വളർന്നിരിക്കുകയാണ്.

ഇതിനെ തുടർന്ന് വീട്ടിൽ താമസിച്ചു നടത്താവുന്ന ഒരു വ്യാപാരത്തെക്കുറിച്ച് ആലോചിക്കുകയും ജ്യേഷ്ഠൻ ചാണ്ടിച്ചന്റെ അഭിപ്രായ പ്രകാരം കുടവ്യാപാരം തുടങ്ങുകയും ചെയ്തു. കോഴിക്കോട്ടുനിന്നും, കൊല്ലത്തുനിന്നും കുടകൾ ഹോൾസെയിലായി എടുത്തു വ്യാപാരം നടത്തുകയായിരുന്നു ആദ്യം ചെയ്തത്. ഇതിൽനിന്നും കുഞ്ഞച്ചന് കുട നിർമ്മാണം തുടങ്ങാൻ സ്വമേധയായുള്ള ഒരു പ്രേരണ ലഭിച്ചു. 1948 ൽ 'ഒളശ്ശ ബ്രദേഴ്സ്' എന്ന പേരിൽ കുടനിർമ്മാണം ആരംഭിച്ചു. ഉൽപ്പാദനക്ഷമതയും, ഉൽപ്പാദന മേന്മയും, സത്യസന്ധതയും മുഖമുദ്രയായി സ്വീകരിച്ച് നിഷ്ക്കർഷാപൂർവ്വം പ്രവർത്തിച്ചുവന്ന് ഈ വ്യവസായ സംരംഭം ഇന്നു സമീപ പ്രദേശങ്ങളിലെ അറിയപ്പെടുന്ന ഒരു കുട വ്യവസായ കേന്ദ്രമായി മാറിയിട്ടുണ്ട്.

1950 ൽ കുഞ്ഞച്ചൻ ആലപ്പുഴ ആറ്റാവേലിയിൽ പൈലിച്ചന്റെയും പെണ്ണമ്മയുടെയും മകളായ ക്ലാരമ്മയെ വിവാഹം ചെയ്തു. കുഞ്ഞച്ചൻ-ക്ലാരമ്മ ദമ്പതികൾക്ക് 5 മക്കൾ ഉണ്ട്. മക്കളുടെ വിദ്യാഭ്യാസത്തിൽ ചെറുപ്പം മുതലേ അവർക്കു വേണ്ട നിർദ്ദേശവും, പ്രോത്സാഹനവും കുഞ്ഞച്ചൻ കൊടുത്തിരുന്നു.

കുഞ്ഞച്ചൻ കുടുബസംഘടനയുടെ പ്രസിഡന്റ് സ്ഥാനം രണ്ട് പ്രാവശ്യം നേരത്തെ വഹിച്ചിട്ടുണ്ട്. ഇപ്പോഴത്തെ പ്രസിഡന്റുകൂടിയാണ്.

ചങ്ങനാശ്ശേരി എഡ്വേർഡ് മെമ്മോറിയൽ ക്ലബ്ബിന്റെ സ്ഥിരം അംഗമാണ് കുഞ്ഞച്ചൻ

മക്കൾ : 1. മേരി ജോസ് M.Sc. (മറിയമ്മ)
(W/o ഡോ. ജോസ് പോൾ M.B.B.S, DCH, MRCP മുണ്ടയ്ക്കൽ, മസ്കറ്റ്)
2. ഫിലിപ്പ് പി. ഒളശ്ശ (പോത്തച്ചൻ)
3. രാജു ഫിലിപ്പ്
4. ഡോ. റ്റോമി ഫിലിപ്പ് ഒളശ്ശ
5. ഡോ. ബാബു ഫിലിപ്പ്

## 1. ഫിലിപ്പ് പി. ഒളശ്ശ (പോത്തച്ചൻ)

സീമന്ത പുത്രനായ പോത്തച്ചൻ 1953 ഒക്ടോബർ 20-ാം തീയതി ജാതനായി. ചങ്ങനാശ്ശേരി എസ്. ബി. ഹൈസ്കൂളിലെയും, എസ്. ബി കോളേജിലെയും വിദ്യാഭ്യാസത്തിനുശേഷം, 1975 ൽ Manipal Institute of Technologyൽ നിന്ന് B.E. (Electronics and Communications) ബിരുദം നേടി. എഞ്ചിനീയറിംഗ് കോളേജിലെ പഠനകാലത്ത് യൂണിവേഴ്സിറ്റി റാങ്കും, പഠനത്തിൽ തുടർച്ചയായി പ്രൊഫിഷൻസി പ്രൈസ്സും ലഭിക്കുകയുണ്ടായി. തുടർച്ചയായി രണ്ടുവർഷം കോളേജ് യൂണിയൻ എക്സിക്യൂട്ടീവ് മെമ്പറായിരുന്നു. 1976 ൽ സംസ്ഥാന ഗവൺമെന്റിന്റെ ഇലക്ട്രോണിക്സ് സംരംഭമായ Keltron ൽ ജോലിയിൽ പ്രവേശിച്ച്, ഈ സ്ഥാപനത്തിൽ General Manager പദവിയിൽ വരെ എത്തി. എഡിൽബറോയിലും, ലണ്ടനിലും Keltronനെ പ്രതിനിധീകരിച്ച് സന്ദർശനം നടത്തി. 2000 മുതൽ കെൽട്രോണിന്റെ സംയുക്ത സംരംഭമായ തിരുവല്ലായിലെ കോശീസ് ഇലക്ട്രോണിക്സിൽ General Manager ആയി സേവനം അനുഷ്ഠിയ്ക്കുന്നു. രണ്ടു വർഷം മുമ്പ് പോത്തച്ചൻ കുടുംബ ചരിത്ര കമ്മിറ്റിയുടെ കൺവീനറായി നിയമിതനായി കുടുംബചരിത്ര പ്രകാശനം ഒരു യാഥാർത്ഥ്യമാക്കി. 1979 ഡിസംബർ 9-ാം തീയതി കോട്ടയം കളരിക്കൽ ഡോ. കെ. പി. ജോർജ് F.R.C.S.ന്റെയും, മറിയമ്മയുടെയും ഏകമകൾ അനിറ്റയെ വിവാഹം ചെയ്തു.

മക്കൾ : 1. റ്റീനാ ഫിലിപ്പ് (MCA വിദ്യാർത്ഥിനി)
2. കുര്യൻ ഫിലിപ്പ് (വിദ്യാർത്ഥി)

## 2. രാജു ഫിലിപ്പ്

രണ്ടാമത്തെ പുത്രനായ രാജു 1960 ഒക്ടോബർ മാസം 16-ാം തീയതി ഭൂജാതനായി. സ്കൂൾ വിദ്യാഭ്യാസം ചങ്ങനാശ്ശേരി എസ്. എച്ച് ഹൈസ്കൂളിലും, കോളേജ് വിദ്യാഭ്യാസം എസ്. ബി. കോളേജിലും നിർവ്വഹിച്ചു. 1976 ൽ സ്കൂളിൽ ഒന്നാം റാങ്കോടെ S.S.L.C.പാസ്സായി. സ്കൂൾ വിദ്യാഭ്യാസകാലത്ത് പഠനരംഗത്തും, പാഠ്യേതര വിഷയങ്ങളിലും പ്രാഗൽഭ്യം തെളിയിക്കുകയും, നിരവധി പുരസ്ക്കാരങ്ങൾ നേടുകയും ചെയ്തു. ഒന്നിലധികം തവണ ഇന്റർ സ്കൂൾ ക്വിസ് മത്സരങ്ങളിൽ സ്കൂളിനെ പ്രതിനിധാനം ചെയ്തു. അന്തർ സ്കൂൾ പ്രസംഗ മത്സരങ്ങളിലും നിരവധി സമ്മാനങ്ങൾ നേടിയിട്ടുണ്ട്. 1973 ൽ കാനറാ ബാങ്ക് ചങ്ങനാശ്ശേരി ശാഖ സംഘടിപ്പിച്ച ജൂനിയർ സ്കൂൾ പ്രസംഗമത്സരത്തിൽ ഒന്നാം സ്ഥാനവും കപ്പും നേടുകയുണ്ടായി. 1982 ൽ എസ്. ബി കോളേജിൽ നിന്നും B.Sc. പാസ്സായശേഷം പിതാവ് തുടങ്ങിവച്ച കുടവ്യാപാര രംഗത്തേക്ക് പ്രവേശിച്ചു. രാജു 1995 നവംബർ മാസം 23-ാം തീയതി ചേർത്തല കോട്ടൂർ കുന്നുങ്കൽ ഡോ. കെ. സി ജോസഫിന്റെയും,

മേരിയമ്മയുടെയും മകൾ റ്റെസ്സിയെ വിവാഹം കഴിച്ചു. ഇവർക്ക് രണ്ടു വയസ് പ്രായമുള്ള ബ്ലസ്സ് എന്നുപേരുള്ള ഒരു പെൺകുട്ടിയുണ്ട്.

## 3. ഡോ. റ്റോമി ഫിലിപ്പ് ഒളശ്ശ

മൂന്നാമത്തെ പുത്രനായ റ്റോമി 1964 ആഗസ്റ്റ് മാസം 19-ാം തീയതി ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസം ചങ്ങനാശ്ശേരി എസ്. എച്ച്. സ്കൂളിലായിരുന്നു. 1979 ൽ സംസ്ഥാനത്ത് 12-ാം റാങ്കോടെ SSLC പാസ്സായി. അതിനുശേഷം എസ്സ്. ബി. കോളേജിൽ ചേർന്നു. സ്കൂൾ തലത്തിൽ പലപ്രാവശ്യം സ്ക്കോളർഷിപ്പിനർഹനായിട്ടുണ്ട്. 1982 ൽ മെഡിക്കൽ പ്രവേശന പരീക്ഷ പാസ്സായി Kottayam Medical College ൽ ചേർന്നു. 1988 ൽ M. B. B. S ബിരുദം സമ്പാദിച്ചു. 1988 ൽ സംസ്ഥാന മെഡിക്കൽ പോസ്റ്റ് ഗ്രാജുവേറ്റ് പ്രവേശന പരീക്ഷ പാസ്സായി Kottayam Medical College ൽ M D യ്ക്കു ചേർന്നു. 1991 ൽ M D പാസ്സായശേഷം Trichur Jubilee Mission Hospital ൽ ഒരു വർഷം സേവനം അനുഷ്ഠിച്ചു. 1992 ൽ Muscat ലെ Royal Hospital ൽ ജോലിയിൽ പ്രവേശിച്ചു. 1995 ൽ ഇംഗ്ലണ്ടിൽ നിന്നും M. R. C. P. പാസ്സായശേഷം ഒരു വർഷം Ireland ൽ സേവനം അനുഷ്ഠിച്ചു. നാട്ടിൽ തിരിച്ചെത്തിയശേഷം 3 വർഷം കൊല്ലം Benzeger Hospital ൽ ജോലി നോക്കി. ഇപ്പോൾ Thiruvalla Pushpagiri Hospital ലിൽ Consultant Physician ആണ്. 1993 ആഗസ്റ്റ് 18-ാം തീയതി കരിപ്പാപ്പറമ്പിൽ P. W. D. സൂപ്രണ്ടിംഗ് എഞ്ചിനീയർ (Rtd.) തോമസ് മൈക്കിളിന്റെയും, പേളിയുടെയും ഇളയമകൾ സരിതയെ വിവാഹം ചെയ്തു.

മക്കൾ :
1. റ്റാനിയ (സ്കൂൾ വിദ്യാർത്ഥിനി)
2. റ്റനീഷ (സ്കൂൾ വിദ്യാർത്ഥിനി)

## 4. ഡോ. ബാബു ഫിലിപ്പ്

ഏറ്റവും ഇളയ പുത്രനായ ബാബുവിന്റെ ജനനം 1966 ഡിസംബർ മാസം 22-ാം തീയതിയായിരുന്നു. സ്കൂൾ വിദ്യാഭ്യാസം ചങ്ങനാശ്ശേരി എസ്. എച്ച്. ഹൈസ്കൂളിലും, കോളേജ് വിദ്യാഭ്യാസം ചങ്ങനാശ്ശേരി എസ്. ബി. കോളേജിലും നടത്തി. കേരള എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയും, St John's Medical College, Bangalore ലേക്കുള്ള പ്രവേശന പരീക്ഷയും ഒരുമിച്ച് പാസ്സായി. ഇതിൽ St John's Medical College ൽ ചേർന്ന് പഠിക്കുവാൻ തീരുമാനിച്ചു. 1990 ൽ M. B. B. S. ബിരുദം കരസ്ഥമാക്കി. 1997 ൽ St John's Medical College ൽ നിന്നുതന്നെ M. D. (Radiology) യും പാസ്സായി. ഇതിനിടെ പീരുമേട് Sevanalaya Hospital ലും, High Range Medical Centre ലും മെഡിക്കൽ ഓഫീസറായി മൂന്നര വർഷം ജോലിനോക്കി. ഇപ്പോൾ St John's Medical College ൽ Radiology Department ൽ Assisstant Professor ആയി ജോലി നോക്കുന്നു. 1997 ഡിസംബർ 29-ാം തീയതി മൂവാറ്റുപുഴ പാറയിൽ പി. ജെ. ആന്റണിയുടെയും ഏലിയാമ്മയുടെയും മകൾ മിനി M. A യെ വിവാഹം ചെയ്തു. ഇവർക്ക് 3 വയസ്സുള്ള ഫിലിപ്പ് (ഫിലിപ്പി) എന്ന ഒരു മകനുണ്ട്.























# കൊച്ചാണ്ടി വറീതിന്റെ ആറാമത്തെ മകൻ വർഗ്ഗീസ് ജോസഫ് (7-ാം തലമുറ)

**(ഭാര്യ : അന്നമ്മ, മൂത്തശ്ശേരി, ചേർപ്പുങ്കൽ)**

*മക്കൾ* :
- **I.** ഒ. ജെ. വർഗ്ഗീസ്
- **II.** മറിയമ്മ, പ്ലാക്കാട്ട്, മുത്തോലി
- **III.** കുഞ്ഞന്നാമ്മ, മാറാട്ടുകുളം, ചങ്ങനാശ്ശേരി
- **IV.** റോസമ്മ, പുല്ലുകാട്ട്, ചങ്ങനാശ്ശേരി

| *8--ാം തലമുറ* | *9-ാം തലമുറ* | *10-ാം തലമുറ* |
|---|---|---|

**I.** ഒ. ജെ. വർഗ്ഗീസ്
(ഭാര്യ : മറിയമ്മ, തെക്കേക്കൂറ്റ്, വെട്ടുകാട്, ചങ്ങനാശ്ശേരി)
*മക്കൾ* :

- **1.** ജോസഫ് കുഞ്ഞ് വർഗ്ഗീസ്
  (ഭാര്യ : ക്ലാരമ്മ, പണ്ടാരക്കുളം, അതിരമ്പുഴ)
  *മക്കൾ* :
  - **1.** സുജോ
  - **2.** ബോബൻ
  - **3.** സുബിൻ
  - **4.** ബിബിൻ
- **2.** ഒ. സി. സഖറിയാസ്
  (ഭാര്യ : തങ്കമ്മ, പുത്തൻപുരയ്ക്കൽ, മുട്ടാർ)
  *മക്കൾ* :
  - **1.** ബിനി
  - **2.** ജിനി
  - **3.** സിനി
  - **4.** റൂബി
  - **5.** റോസി
- **3.** ബി. ഡി. പി., കിഴക്കേചെത്തിപ്പുഴ, ചങ്ങനാശ്ശേരി
- **4.** മറിയമ്മ, ഒലിമാട്ടേൽ, വാഴക്കുളം
- **5.** റോസമ്മ, വടക്കൻ, പാല
- **6.** ത്രേസ്യാമ്മ, കറുകയിൽ, കോട്ടയം

**II.** മറിയമ്മ

**III.** കുഞ്ഞന്നാമ്മ

**IV.** റോസമ്മ

# വർഗ്ഗീസ് ജോസഫ് (കൊച്ചവുസേപ്പച്ചൻ) (1872-1942)



കുടുംബത്തിലെ ഏറ്റവും ഇളയ അംഗമായ ജോസഫ് സ്വന്ത പിതാവിന്റെ കൂടെ വടക്കേ വീട്ടിൽ വളർന്നു വന്നു. കൊച്ചവുസേപ്പച്ചൻ എന്നാണ് വിളിക്കപ്പെട്ടിരുന്നത്. മലയാളം പഠിച്ചശേഷം സെന്റ് ബർക്ക്മാൻസ് ഹൈസ്കൂളിൽ ചേർന്ന് ഇംഗ്ലീഷ് പഠിച്ചു. ഹൈസ്കൂൾ ഘട്ടത്തിലെത്തിയപ്പോൾ വാർദ്ധക്യ ദശയിലേക്ക് കാലൂന്നിയ സ്വന്തം പിതാവിനെ സഹായിക്കാനായി പഠനം അവസാനിപ്പിച്ചു. രണ്ടുപ്രാവശ്യം അദ്ദേഹം വിവാഹം കഴിക്കുകയുണ്ടായി ആദ്യ ഭാര്യ കുട്ടികളില്ലാതെ മരിച്ചു. രണ്ടാമത് പാലായിൽ ചേർപ്പുങ്കൽ മുത്തശ്ശേരി കുടുംബാംഗമായ അന്നമ്മയെയാണ് വിവാഹം ചെയ്തത്. ഇവർക്ക് മൂന്നു പെൺകുട്ടികളും ഒരാൺകുട്ടിയും ഉണ്ടായിരുന്നു. കൊച്ചവുസേപ്പച്ചന്റെ പ്രധാന തൊഴിൽ വസ്തു വകകളുടെ അന്വേഷണവും, നടത്തിപ്പുമായിരുന്നു. അതിൽ നിന്നുള്ള ആദായമായിരുന്നു മുഖ്യ വരുമാനവും. കുറെ കൊല്ലങ്ങൾ ജ്യേഷ്ഠനോടൊത്ത് അദ്ദേഹത്തിന്റെ വ്യാപാരത്തിൽ പങ്കുകൊണ്ടു. അവയൊന്നും ലാഭകരമായി കലാശിക്കാത്തതിനാൽ വ്യാപാരത്തിൽ നിന്ന് പിന്മാറി. കുടുംബച്ചെലവ് വർദ്ധിച്ചതനുസരിച്ച് വസ്തുവിലെ ആദായം ഉയരാത്തതുകൊണ്ടും ചങ്ങനാശ്ശേരിയിലെ വാസസ്ഥലം വിറ്റ് കിഴക്കൻ പ്രദേശങ്ങളിൽ പോയി കൂടുതൽ സ്ഥലം സമ്പാദിച്ച് വൻതോതിൽ കൃഷി നടത്തി തന്റെ സാമ്പത്തിക സ്ഥിതി ഉയർത്താൻ സ്വയം നിശ്ചയിച്ചു. തന്റെ ഭവനവും ഭൂസ്വത്തും ജ്യേഷ്ഠസന്താനമായ ഒ. സി. വർഗ്ഗീസിന് വിറ്റ് കടയനിക്കാട്ടുപോയി പാട്ടവ്യവസ്ഥയിൽ കുറെ സ്ഥലം എടുത്ത് അവിടെ വാസമുറപ്പിച്ചു. അവിടെ താമസിച്ചുകൊണ്ട് ആദായകരമായ ഭൂമിവാങ്ങാനായിരുന്നു പിന്നത്തെ ശ്രമം. എന്നാൽ വിചാരിച്ചതുപോലെ പദ്ധതി നടപ്പിലായില്ല. ചങ്ങനാശ്ശേരിയിൽ തന്നെ തിരിച്ചുവരാനുള്ള ആഗ്രഹം തന്നിലുദിച്ചു. ഈ സ്ഥിതിയിലായിരിക്കെ ഭാര്യ അന്നമ്മ പെട്ടെന്നു മരിച്ചു. അതോടെ ചങ്ങനാശ്ശേരിയിലേക്ക് തിടുക്കമായി തിരിച്ചുപോന്നു. സെന്റ് ബർക്ക്മാൻസ് ഹൈസ്കൂളിനും ആനന്ദാശ്രമത്തിനുമിടയ്ക്ക് വഴിയരികിൽ ഒരു പുരയിടവും വീടും വാങ്ങി അവിടെ സ്ഥിരവാസം ആരംഭിച്ചു. ഇവിടെ താമസിച്ചു വരവെ കടുത്ത രോഗത്തിനടിമപ്പെട്ടു. സത്യസന്ധവും ധാർമ്മിക മൂല്യങ്ങളിൽ അടിയുറപ്പിച്ചുകൊണ്ടുള്ളതുമായ ഒരു ജീവിതമാണ് അദ്ദേഹം നയിച്ചിരുന്നത്. ആദർശാത്മകമായ ഒരു ജീവിത വീക്ഷണംകൊണ്ട് സമ്പന്നമായിരുന്നു ഔസേപ്പച്ചന്റെ ജീവിതം. മരണം ആസന്നമായ അവസരത്തിൽപ്പോലും അദ്ദേഹത്തിന്റെ ഏക ആഗ്രഹം തനിക്ക് അന്ത്യകൂദാശകൾ നൽകാൻ ഒരു വൈദികൻ അടുത്തുണ്ടായിരിക്കണമെന്നതുമാത്രമായിരുന്നു. അത് തന്നെ സന്ദർശിച്ചിരുന്ന സുഹൃത്തുക്കളോടും പറഞ്ഞിരുന്നു. ഒരു ദിവസം തന്റെ സമീപം ഇരുന്നിരുന്ന സുഹൃത്തുക്കളോട് ഒരു അച്ചനെ വരുത്തണമെന്നും വല്ലാത്തൊരു അസ്വസ്ഥത തന്നെ അലട്ടുന്നുവെന്നു സൂചിപ്പിച്ചു. അവർ വിമുഖതകാട്ടിയപ്പോൾ വൈദികനെ വരുത്തണമെന്ന് അദ്ദേഹം നിർബന്ധം പിടിച്ചു. രോഗിയുടെ ആഗ്രഹ പ്രകാരം വൈദികൻ വന്ന്, അന്ത്യ കർമ്മങ്ങളും പ്രാർത്ഥനകളും നടത്തി ഏതാനും മിനിറ്റുകൾക്കുള്ളിൽ സുഹൃത്തുക്കളുടെയും

വൈദികന്റെയും സാന്നിദ്ധ്യത്തിൽ അദ്ദേഹം നിശ്ചേഷ്ടനായി. അദ്ദേഹം നീതിമാനായിരുന്നു എന്ന് അദ്ദേഹത്തിന്റെ സന്തതസഹചാരികൾ പറഞ്ഞിരുന്നു. മരണത്തെ വരിക്കുന്നതിന് അദ്ദേഹം ഭയപ്പെട്ടില്ല. ചങ്ങനാശ്ശേരി പള്ളിസിമിത്തേരിയിൽ ജ്യേഷ്ഠ സഹോദരൻ പോത്തന്റെ മകൻ ബഹു. ഔതച്ചന്റെയും കുടുംബത്തിലെ ഇതര വൈദികരുടെയും കാർമ്മികത്വത്തിൽ അദ്ദേഹത്തെ സംസ്കരിച്ചു. 1942 മാർച്ചു മാസം 16-ാം തീയതിയാണ് അദ്ദേഹത്തിന്റെ മരണം.

മക്കൾ :

1. മറിയമ്മ
2. കുഞ്ഞന്നാമ്മ
3. റോസമ്മ
4. ഒ. ജെ. വർഗ്ഗീസ്

മറിയമ്മയെ മുത്തോലി പ്ലാക്കാട്ടു വീട്ടിലും, കുഞ്ഞന്നാമ്മയെ ചങ്ങനാശ്ശേരി മാറാട്ടുകളത്തിലും, റോസമ്മയെ ചങ്ങനാശ്ശേരി പുല്ലുകാട്ടും വിവാഹം ചെയ്തയച്ചു.

## ഒ. ജെ. വർഗ്ഗീസ്



ഒളശ്ശയിൽ വടക്കേവീട് എന്ന തറവാടിന്റെ അവകാശിയായിത്തീർന്ന ഒ. വി. ജോസഫി (കൊച്ചവുസേപ്പച്ചൻ) ന്റെ ഏക പുത്രനായിരുന്നു ഒ. ജെ. വർഗ്ഗീസ്. ചങ്ങനാശ്ശേരി മലയാളം സ്കൂളിലും, സെന്റ് ബർക്ക്മാൻസ് ഹൈസ്കൂളിലും വിദ്യാഭ്യാസം നിർവ്വഹിക്കപ്പെട്ടു. E.S.L.C. പരീക്ഷ പാസ്സായി ചങ്ങനാശ്ശേരിപ്പള്ളി വക പ്രാഥമിക വിദ്യാലയത്തിൽ അദ്ധ്യാപകനായി നിയമനം സ്വീകരിച്ചു.

കൊല്ലം സെന്റ് അലോഷ്യസ് ഹൈസ്കൂളിൽ പിൽക്കാലത്ത് ജോലി സ്വീകരിച്ചു. ഏക പുത്രനായതിനാൽ തന്റെ പിതാവിന്റെ സൗകര്യത്തെക്കരുതി സെന്റ് അലോഷ്യസ് സ്കൂളിലെ ജോലിമതിയാക്കി. അതിനുശേഷം സെന്റ് ബർക്ക്മാൻസ് സ്കൂളിൽ അദ്ധ്യാപകനായി ജോലി സ്വീകരിച്ചു. വർഗ്ഗീസ്, പായിപ്പാട് വെട്ടിക്കാട് തെക്കേക്കൂറ്റ് കുഞ്ചെറിയാ സാറിന്റെ മകൾ മറിയാമ്മയെ 1940 ൽ വിവാഹം കഴിച്ചു. ഇരുവരും മാതൃകാദ്ധ്യാപകരായി ദീർഘകാലം സേവനമനുഷ്ഠിച്ചു. ഹൃദ്രോഗബാധയെത്തുടർന്ന് 1977 സെപ്റ്റംബർ 3-ാം തീയതി വർഗ്ഗീസ് നിര്യാതനായി.

മക്കൾ :

1. ജോസഫ്കുഞ്ഞ് വർഗ്ഗീസ്
2. ഒ. വി. സഖറിയാസ്
3. ബി. ഡി. പി. (W/o ജോസഫ്, കിഴക്കേചെത്തിപ്പുഴ, കുറുമ്പനാട്)
4. മറിയാമ്മ (W/o പോൾ മാത്യു, ഒലിവാട്ടേൽ, വാഴക്കുളം
5. റോസമ്മ (W/o തോമസ്, വടക്കൻ, പാലാ)
6. ത്രേസ്യാമ്മ (W/o മാത്യു, കറുകയിൽ, കോട്ടയം)

## 1. ജോസഫ്കുഞ്ഞ് വർഗീസ്സ്

ജോസഫ്കുഞ്ഞ് വർഗീസ്സ് 1944 ജൂലൈ 4-ാം തീയതി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഇന്ത്യൻ എയർഫോഴ്സിൽ 1963 മുതൽ 1972 വരെ നോൺ കമ്മീഷൻസ് ഓഫീസറായി സേവനമനുഷ്ഠിച്ചു. ഡിഫൻസ് സർവ്വീസിലുള്ള കാലയളവിൽ വിവിധ മേഖലകളിൽ പ്രവർത്തിച്ചു. കൊച്ചി നേവൽ ബേസിൽ ജോലിയിൽ പ്രവേശിച്ചു. 1974 ഒക്ടോബർ 20-ാം തീയതി ജോസഫ് കുഞ്ഞ് വിവാഹിതനായി. അതിരമ്പുഴ പണ്ടാരക്കളം തോമസ് ജോസഫിന്റെയും, ഏലിക്കുട്ടിയുടെയും മകൾ ക്ലാരമ്മയാണ് ഭാര്യ.

മക്കൾ :
1. സുജോ ജോസഫ്
2. ബോബൻ ജോസഫ് (ഇന്ത്യ നേവി)
3. സുബിൻ ജോസഫ് (പോളിടെക്നിക്ക് വിദ്യാർത്ഥി)
4. ബിബിൻ ജോസഫ് (വിദ്യാർത്ഥി)

## 2. ഒ. വി. സഖറിയാസ് (കറിയാച്ചൻ)

രണ്ടാമത്തെ പുത്രനായ കറിയാച്ചൻ 1946 ഒക്ടോബർ 15 ന് ജാതനായി. സ്കൂൾ വിദ്യാഭ്യാസം എസ്. ബി. ഹൈസ്കൂളിൽ. എസ്സ്. ബി. കോളേജിൽ നിന്ന് 1968 ൽ B.A. ബിരുദം നേടി. 1970 ൽ കാൺപൂർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ക്രൈസ്റ്റ് കോളേജിൽ നിന്ന് M.A. ബിരുദവും നേടി. തുടർന്ന് ബോംബെയിൽ ജോലിയിൽ പ്രവേശിച്ചു. ഇപ്പോൾ ബോംബെയിൽ കുടുംബസമേതം സ്ഥിരതാമസമാണ്. കറിയാച്ചൻ 1974 മാർച്ച് 7-ാം തീയതി മുട്ടാർ പുത്തൻപുരയ്ക്കൽ പി. ജെ. തോമസിന്റെയും, ഏലിയാമ്മയുടെയും മകൾ തങ്കമ്മയെ വിവാഹം ചെയ്തു. B.A.B.Ed. ബിരുദധാരിയായ തങ്കമ്മ അദ്ധ്യാപികയാണ്.

മക്കൾ :
1. സിനി സഖറിയാസ് (B. Com., അക്കൗണ്ടന്റ് W/o സാബു വർക്കി)
2. ബിനി സഖറിയാസ് (Dip. in Engineering)
3. ജിനി സഖറിയാസ് (B.E.)
4. റൂബി സഖറിയാസ് (B. Com)
5. റോസി സഖറിയാസ് (B. Com)

# രണ്ടാം ഭാഗം

## കൊച്ചാണ്ടി തോമ്മാ (ഒളശ്ശയിൽ തോമ്മാകത്തനാർ)

കൊച്ചാണ്ടി തോമ്മാ
(ഒളശ്ശയിൽ തോമ്മാകത്തനാർ) ........................................................ 132

# കൊച്ചാണ്ടി തോമ്മാ
# (ഒളശ്ശയിൽ തോമ്മാകത്തനാർ)
**(1837-1876)**

കൊച്ചാണ്ടി വർഗ്ഗീസിന്റെ ഇളയ സഹോദരനാണ് തോമ്മാ. അദ്ദേഹത്തിന്റെ ജനനം 1837 ലാണ്. വൈദിക പഠനത്തിന് ഇറങ്ങുന്നതിനു മുൻപുള്ള കൊച്ചാണ്ടി തോമ്മായുടെ വിദ്യാഭ്യാസയോഗ്യത, സെമിനാരിയിൽ ചേർന്ന പ്രായം, പഠിച്ച സെമിനാരി ഇവയെപ്പറ്റിയുള്ള പരിഗണനാർഹമായ രേഖകൾ നമുക്കു ലഭ്യമല്ല. സെമിനാരിയിൽ ചേരുന്നതിനുവേണ്ടിയിരുന്ന പട്ടക്കുറിക്കുവേണ്ടി അദ്ദേഹത്തിന്റെ പിതാവ് അന്നത്തെ നടപ്പാചാരമനുസരിച്ച് പള്ളിയോഗത്തിൽ അപേക്ഷസമർപ്പിച്ചതു സംബന്ധിച്ച വിവാദം നേരത്തെ പരാമർശിച്ചിട്ടുണ്ട്. ശെമ്മാശ്ശനായി ചങ്ങനാശ്ശേരി പള്ളിയിൽ താമസിച്ചിരുന്നതിനും 1872 മുതൽ 1876 വരെ ഈ പള്ളിയിൽ അസ്തേന്തിയായും പ്രോവികാരിയായും സേവനം അനുഷ്ഠിച്ചതിനും ചില രേഖകൾ ഉണ്ട്.

ജ്യേഷ്ഠസഹോദരനെപ്പോലെ തന്നെ ഊർജ്ജസ്വലതയും, ആകാര സൗഷ്ഠവവും കൊണ്ട് അനുഗ്രഹീതനായിരുന്നു തോമ്മാക്കത്തനാർ. വൈദിക ധർമ്മത്തെയും കടമകളെയുംകുറിച്ച് സമുന്നത മാനദണ്ഡം അദ്ദേഹം വച്ചുപുലർത്തിയിരുന്നു. തന്റെ ചുമതലയിൽ ഏൽപ്പിക്കപ്പെട്ടിരുന്ന ആത്മാക്കളുടെ രക്ഷയിൽ ത്യാഗോജ്വലവും ധീരവുമായ സങ്കല്പങ്ങളാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. അത് വ്യക്തമാക്കുന്ന ഒരു സംഭവം പറയാം. അദ്ദേഹം പ്രോവികാരിയായിരുന്ന കാലത്ത് ചങ്ങനാശ്ശേരി ചന്തയും പരിസരങ്ങളും അത്യന്ത ഭീകരകരമായ വസൂരിയുടെ തേർവാഴ്ചയിലകപ്പെട്ടു. പിശാചു വിതയ്ക്കുന്ന രോഗാണുക്കളാണ് വസൂരിക്കു നിദാനമെന്ന് ഒരു അന്ധവിശ്വാസം തന്നെ അന്നുനിലവിലുണ്ടായിരുന്നു. അന്ന് ചികിത്സകനോ, ശുശ്രൂഷകനോ മാത്രമേ സാധാരണയായി രോഗിയെ സന്ദർശിക്കൂ. രോഗികളെയും അവരുടെ ബന്ധുമിത്രാദികളെയും ധൈര്യപ്പെടുത്താനും, ആശ്വസിപ്പിക്കാനും വേണ്ടി ഈ വസന്തയുടെ മദ്ധ്യസ്ഥനെന്ന് വിശ്വസിക്കപ്പെട്ടിരിക്കുന്ന സെബസ്ത്യാനോസ് പുണ്യവാന്റെ രൂപം രോഗബാധിതപ്രദേശങ്ങളിൽ എഴുന്നെള്ളിച്ചു കൊണ്ടുനടക്കാൻ തോമ്മാകത്തനാർ നേതൃത്വം കൊടുത്തു. വി. സെബസ്ത്യാനോസിന്റെ രൂപവുമായി പലസ്ഥലത്തും അദ്ദേഹം ചുറ്റിക്കറങ്ങി തിരിച്ചു പള്ളിയിൽ വന്നു. കൂടാതെ രോഗികളെ കുമ്പസാരിപ്പിക്കാനും അദ്ദേഹം മടിച്ചില്ല. ഒരു ദിവസം വസൂരി രോഗംകൊണ്ട് വലഞ്ഞുകിടന്ന ഒരു മനുഷ്യനെ കുമ്പസാരിപ്പിക്കാൻ പോയി. അയാളെ ഒരു നിലവറയിലാണ് കിടത്തിയിരുന്നത്. പ്രകൃത്യാ വളരെ ഉച്ചത്തിലുള്ള സ്വരമായിരുന്നു അയാളുടേത്. അച്ചനെ കണ്ടമാത്രയിൽ നന്ദി സൂചകമായി ആ രോഗി 'അച്ചോ' എന്ന് ഉറച്ചു വിളിച്ചു. വാക്കുകളുടെ അലറുന്ന മാതിരിയുള്ള മുഴക്കം അച്ചനെ ഞെട്ടിച്ചു. കുമ്പസാരിപ്പിച്ചിട്ട് അച്ചൻ മുറിയിൽ തിരിച്ചുവന്നു. പിറ്റേദിവസം വസൂരിയുടെ പനി അച്ചനെ പിടികൂടി. മൂന്നു ദിവസത്തിനുള്ളിൽ 1876 മാണ്ട് അദ്ദേഹം നിര്യാതനാകുകയും ചെയ്തു. സിമിത്തേരി പള്ളിയിലാണ് അദ്ദേഹത്തെ സംസ്കരിച്ചത്.

# മൂന്നാം ഭാഗം

## കൊച്ചാണ്ടി പോത്തനും, തലമുറകളും


കൊച്ചാണ്ടി പോത്തൻ ........ 134

കൊച്ചാണ്ടി പോത്തന്റെ മൂത്തമകൻ
ഒ. പി. ജോസഫ് (ഒളശ്ശയിൽ ഔസേപ്പച്ചൻ) ........ 135

കൊച്ചാണ്ടി പോത്തന്റെ രണ്ടാമത്തെ മകൻ
ഒ. പി. ചാണ്ടി (ഒളശ്ശയിൽ ചാണ്ടിവക്കീൽ) ........ 141

കൊച്ചാണ്ടി പോത്തന്റെ മൂന്നാമത്തെ മകൻ
റവ. ഫാ. ഒ. പി. തോമസ് ........ 152

# കൊച്ചാണ്ടി പോത്തൻ
## (1839-1912)

പിതാവ് കുരുവിള കൊച്ചാണ്ടി, ഇപ്പോൾ സർക്കാരാശുപത്രിയിരിക്കുന്ന പുരയിടത്തിന്റെ തെക്കരികിൽ ഉണ്ടായിരുന്ന വീട്ടിൽ താമസിച്ചപ്പോഴാണ് രണ്ടാമത്തെ മകൻ കൊച്ചാണ്ടി പോത്തൻ ജനിച്ചത്. ഇതേപുരയിടത്തിന്റെ വടക്കുഭാഗത്ത് പുതിയ ഭവനം പണികഴിച്ചപ്പോൾ അവിടേക്കു താമസം മാറ്റുകയും ചെയ്തു.

പോത്തനു നല്ല വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി ആലപ്പുഴക്കാരൻ ചെറിയാൻ മുൻസിപ്പിന്റെ പിതാവിനെത്തന്നെ ഗുരുവാക്കി. തമിഴും, മലയാളവുമായിരുന്നു അന്നത്തെ വിദ്യാഭ്യാസം. കണക്കും നമസ്ക്കാരങ്ങളും കൂടി പഠിച്ചു. ആലപ്പുഴയിലെ ഒരു സ്വകാര്യ ഇംഗ്ലീഷു സ്കൂളിൽ ചേർത്ത് ഇംഗ്ലീഷ്ഭാഷയും പഠിപ്പിക്കാൻ ശ്രമിക്കുകയുണ്ടായി. എന്തുകൊണ്ടോ ഇംഗ്ലീഷ് വിദ്യാഭ്യാസം മുഴുപ്പിച്ചില്ല. തുടർന്ന് കുടുംബം വക കൃഷിയിലും, കച്ചവടത്തിലും ഏർപ്പെട്ടു.

പോത്തന്റെ ആദ്യവിവാഹം പാലായിൽ ഇളമനവീട്ടിൽ നിന്നായിരുന്നു. മക്കളുണ്ടാകുന്നതിനുമുമ്പു ഭാര്യ മരണമടഞ്ഞു. രണ്ടാമത്തെ വിവാഹം ആലപ്പുഴ തെങ്ങുംമൂട്ടിൽ ചെന്നക്കാട്ടു വീട്ടിൽ കുഞ്ഞന്നാമ്മയുമായിട്ടായിരുന്നു. കുഞ്ഞന്നാമ്മ കഴിവുറ്റ ഒരു വീട്ടമ്മയായിരുന്നു. മൂന്ന് ആണുങ്ങളും ആറുപെണ്ണുങ്ങളുമായിരുന്നു മക്കൾ. ആരംഭത്തിൽ ഉയർന്ന സാമ്പത്തിക സ്ഥിതിയുണ്ടായിരുന്നെങ്കിലും പിന്നീടതു മോശമായി. മൂത്ത മകൻ ജോസഫ് പിതാവിന്റെ പാത തുടർന്നു. രണ്ടാമത്തെ മകൻ ചാണ്ടി വാദ്ധ്യാരും വക്കീലുമായി. മൂന്നാമത്തെ മകൻ തോമസ് വൈദികനായി. പെൺമക്കളെ പ്രസിദ്ധമായ തറവാടുകളിൽ കെട്ടിച്ചയച്ചു.

ശാന്തമായ ജീവിതം നയിച്ച പോത്തൻ കലാഭിരുചിയിൽ ശ്രേഷ്ഠനായിരുന്നു. കയ്യക്ഷരത്തിന്റെ വടിവു ശ്ലാഹിക്കത്തക്കതായിരുന്നു. ലക്ഷ്മീപുരത്തു കൊട്ടാരത്തിലെ ഓലകൾ മാറ്റിയെഴുതിയത് അദ്ദേഹമാണ്.

മകൻ ചാണ്ടിക്കുവേണ്ടി പണികഴിപ്പിച്ച ഭവനം കലാഭിരുചിയുടെ നിദർശനമാണ്. ചെറുകരക്കുന്നിന്റെ തെക്കായി നെൽവയലിനു തെക്ക് പൊങ്ങിക്കിടന്ന സ്ഥലത്തായിരുന്നു ആ വീട്. അതുകൊണ്ടു കുന്നേൽ എന്ന വീട്ടുപേരു കിട്ടി. ഒളശ്ശ കുടുംബം പണം കടം വാങ്ങിയിരുന്നതു ലക്ഷ്മീപുരം കൊട്ടാരത്തിൽ നിന്നായിരുന്നു. പോത്തൻ 1912 ൽ നിര്യാതനായി ചങ്ങനാശ്ശേരി പള്ളി സിമിത്തേരിയിൽ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്നു.

മക്കൾ :

1. ഒ. പി. ജോസഫ്
2. ത്രേസ്യാമ്മ (ളാഹേൽ, ചങ്ങനാശ്ശേരി)
3. മാമ്മി (നെരേത്ത്, ആലപ്പുഴ )
4. മറിയാമ്മ (മാന്നല, കുറുമ്പനാടം)
5. ഒ. പി. ചാണ്ടി
6. ക്ലാരമ്മ (പൊക്കംതാടി, പാലാ)
7. കുഞ്ഞമ്മ (ചങ്ങംങ്കരി, ചങ്ങനാശ്ശേരി)
8. റവ. ഫാ. ഒ. പി. തോമസ്
9. ഏലിയാമ്മ (കുറുക്കംപറമ്പിൽ, ചങ്ങനാശ്ശേരി)

# കൊച്ചാണ്ടി പോത്തന്റെ മൂത്ത മകൻ

## ഒ. പി. ജോസഫ്
## (ഒളശ്ശയിൽ ഔസേപ്പച്ചൻ)
## (1869-1950)



പോർട്ടുഗീസുകാർക്ക് കേരളത്തിൽ അധികാര ശക്തിയുണ്ടായിരുന്ന കാലം. കേരളം സന്ദർശിച്ച ചില യൂറോപ്യൻ ചരിത്രകാരന്മാർ അന്നത്തെ സുറിയാനി ക്രിസ്ത്യാനികളെപ്പറ്റി പലതും രേഖപ്പെടുത്തിയിട്ടുണ്ട്. ആയോധന ധീരന്മാരായ അന്നത്തെ സുറിയാനിക്കാർ രൂപ ഭാവാദികളുടെ സവിശേഷതകൊണ്ട് ഇതര ജാതികളിൽനിന്നും വർഗ്ഗങ്ങളിൽനിന്നും പ്രത്യേകം തിരിച്ചറിയാവുന്നവരായിരുന്നു എന്നാണ് അവർ പ്രധാനമായും പ്രസ്താവിച്ചിരുന്നത്. അതുകൊണ്ടാണ് ഹിന്ദുരാജാക്കന്മാൻ അവരെ ഉയർന്ന ജാതികൾക്കു തുല്യമായി കരുതിയത്. രാജാക്കന്മാർക്ക് യോദ്ധാക്കളെയും ക്രിസ്ത്യാനികൾ നൽകിയിരുന്നു. അത്തരം ഒരാധൂനിക നസ്രാണി പതിപ്പായിരുന്നു ഒ. പി. ജോസഫ്. സാധാരണ ജനങ്ങൾക്കിടയിൽ പ്രചരിച്ചിരുന്ന പേര് ഒളശ്ശയിൽ ഔസേപ്പച്ചൻ എന്നായിരുന്നു. മുതലുപിടിക്കാരനായ കൊച്ചാണ്ടി വറീതിന്റെ അനുജൻ കൊച്ചാണ്ടി പോത്തന്റെ കടിഞ്ഞൂൽ പുത്രനാണ് ഔസേപ്പച്ചൻ. ബലിഷ്ഠശരീരനായി കുട്ടിക്കാലം മുതലേ വളർന്നുകൊണ്ടിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ കാര്യമായ പുരോഗതി ഒന്നും നേടിയില്ല. കുറെ വാക്കുകൾ സ്വന്തം പരിശ്രമത്താൽ പഠിച്ചിരുന്നു. ശിക്ഷണക്രമങ്ങളോടു പൊരുത്തപ്പെട്ടു പോകാനുള്ള വൈമനസ്യമാണ് വിദ്യയിൽ പിന്നോക്കം നിൽക്കാൻ കാരണം. സാഹസികതകളും, കുസൃതികളും കാട്ടി സ്വതന്ത്രനായി കളിക്കൂട്ടുകളിൽ വിഹരിക്കാനായിരുന്നു അന്നത്തെ ഭ്രമം. എന്നാൽ ചില നല്ല വാസനാ സിദ്ധികളാൽ അനുഗ്രഹിക്കപ്പെട്ടവനാണ് ബാലനെന്ന് അന്നേ വ്യക്തമായിരുന്നു. സംഗീതം, നാടകം ആദിയായ കലകളോട് പ്രത്യേക താൽപര്യം പ്രകടിപ്പിച്ചു. നേതൃത്വവാസനയും ചെറുപ്പം മുതലേ പ്രകടിപ്പിച്ചു. എന്നാൽ ഭാവിജീവിതം ഭാസുരമാക്കുന്നതിലോ എന്തെങ്കിലും തൊഴിലിൽ ഏർപ്പെടുന്നതിലോ ശ്രദ്ധിച്ചില്ല. തന്റെ അഭിരുചികൾക്കു ചേർന്ന കലകൾ തേടിപ്പിടിച്ച് അവിടെ അതുല്യനായി വിരാജിക്കാനായിരുന്നു നൈസർഗ്ഗിക വാസന അതിലൂടെ ജീവിത നിർവൃതി നേടുകയും ചെയ്തു.

രണ്ടു പ്രാവശ്യം അദ്ദേഹം വിവാഹം ചെയ്തു. രണ്ടാം വിവാഹത്തിൽ കുട്ടികൾ ഉണ്ടായില്ല. ആദ്യ വിവാഹത്തിൽ ഒരാൺകുട്ടിയും അഞ്ചു പെൺകുട്ടികളും ജാതരായി. പക്ഷെ പിറന്ന് അഞ്ചാറു മാസം കഴിഞ്ഞപ്പോൾ ആൺപൈതൽ മരിച്ചു. കുടുംബ പരിപാലനത്തിന് വരുമാന മാർഗ്ഗം പിതൃസ്വത്തു മാത്രമായിരുന്നു. എന്നാൽ തറവാട് അദ്ദേഹത്തിനു കിട്ടി. അദ്ദേഹത്തിന്റെ കുടുംബ ജീവിതം സമൃദ്ധിയുടേതായിരുന്നു എന്നു പറയാവുന്നതല്ല. സാമ്പത്തിക ഞെരുക്കം ജീവിതകാലം മുഴുവനും അനുഭവിക്കേണ്ടിവന്നു എന്നതാണു സത്യം. ഒരു സാമൂഹിക മനുഷ്യനായി സമകാലീനരുടെയും, ബന്ധു വർഗ്ഗത്തിന്റെയും ഇടയിൽ സന്തോഷത്തിന്റെയും, അഭിമാനത്തിന്റെയും, അത്ഭുതത്തിന്റെയും രംഗങ്ങൾ സൃഷ്ടിച്ച് അദ്ദേഹത്തിന്റെ ജീവിതത്തിന് തിരശ്ശീല വീണു.

ഔസേപ്പച്ചനെ അനിതര സാധാരണനാക്കിയത് ജന്മ സിദ്ധമായ രൂപഭംഗിയും, കലാഭിമുഖ്യവും, നേതൃവാസനയും, സ്വവർഗ്ഗത്തിന്റെ അഭിമാന സംരക്ഷണത്തിനു വേണ്ടിയുള്ള അർപ്പണ ബോധവുമായിരുന്നു. ഇതിനപ്പുറം അദ്ദേഹത്തിന്റെ സുമാർ ആറടിയിൽ കവിഞ്ഞ ഉയരവും, യാതൊരു പിഴവും കുറവും കൂടാതെപ്രകൃതി, പണിതിറക്കിയ സുന്ദര കളേബരവും, ശോഭയേറിയ വെളുപ്പു നിറവും, വദന ഗാംഭീര്യവും കാണുന്നവർക്ക് ആനന്ദം വിളമ്പി. നടന്നുപോകുമ്പോൾ കാണികൾ കണ്ണു പറിയ്ക്കാതെ ഈ സുന്ദര രൂപം നോക്കി നിൽക്കുമായിരുന്നു. സുന്ദര കളേബരത്തിൽ നിന്ന് സംഗീതം കൂടി നിർഗ്ഗളിച്ചപ്പോൾ ജനം അദ്ദേഹത്തിന്റെ ആരാധകരായി മാറി. ഭക്തിഗാനങ്ങളായിരുന്നു അക്കാലത്തെ സംഗീതോപാസന. ഗാനങ്ങളധികവും പ്രത്യേകിച്ച് റാബേക്ക് താളലയാദികൾ തെറ്റാതെ സുറിയാനി പള്ളികളിൽ അദ്ദേഹം പാടിയിരുന്ന പാട്ടുകൾ വിശ്വാസക്കൂട്ടങ്ങളെ ഭക്തി ലഹരിയിൽ ആറാടിച്ചു. ചങ്ങനാശ്ശേരി പള്ളിയിലെ ഗായകസംഘത്തിന്റെ നേതാവായി വാർദ്ധകൃത്തിലെത്തും വരെ ഈ ഗായകൻ ഭക്തിഗാനങ്ങൾ ആലപിച്ചു. സംഗീത ഗുരുസ്ഥാനത്തിരുന്ന് അനവധി പേരെ അദ്ദേഹം സംഗീതവിദ്വാന്മാരാക്കിയിട്ടുണ്ട്. ഇദ്ദേഹത്തിന്റെ കീർത്തി അചിരേണ നാടെങ്ങും പരന്നു. പുറം പള്ളികളിലെ പെരുനാളുകൾ മുതലായ ഭക്താഘോഷങ്ങൾക്ക് മോടികൂട്ടാൻ ഈ ഗാനരാജൻ ക്ഷണിക്കപ്പെട്ടു തുടങ്ങി. അദ്ദേഹത്തിന്റെ അനുജൻ വൈദികനായശേഷം ക്ഷണം വർദ്ധിച്ചു. രൂപത്തിലും, ഗാനത്തിലും ജ്യേഷ്ഠന്റെ പ്രതിരൂപമായിരുന്നു അനുജൻ. രണ്ടുപേരുടെയും ശക്തിയേറിയ കണ്ഠങ്ങളിൽ നിന്നു നിർഗ്ഗളിച്ച മധുരനാദ നിർത്ധരി ഭക്തജനങ്ങളെ സംഗീത പ്രവാഹത്തിൽലെത്തിച്ചു. ഈ വ്യക്തി ദ്വയം അവരുടെ ആഘോഷങ്ങളുടെ അലങ്കാര പൊലിമ കൂട്ടി. ചങ്ങനാശ്ശേരിയിൽ ഔസേപ്പച്ചന്റെ ശ്രമഫലമായി ഒരു ബാന്റ് സെറ്റ് സംഘടിപ്പിച്ചു. പിൽക്കാലങ്ങളിൽ ചങ്ങനാശ്ശേരിയിൽ തന്നെയല്ല അന്യദിക്കുകളിലും പോയി ബാന്റ് വാദ്യം മുഴക്കി ആ സംഘം പേരെടുത്തു. ചെറുപ്പം മുതലേ ഒരു നാടക പ്രേമിയായിരുന്നു അദ്ദേഹം. പല നാടകപാർട്ടികളെയും അദ്ദേഹം പ്രോത്സാഹിപ്പിച്ചു. പ്രേക്ഷകരെ നിലയ്ക്കു നിർത്താനും, പരിപാടികൾ നിർബാധം പൂർത്തിയാക്കാനും അദ്ദേഹത്തെയാണ് അവർ ആശ്രയിച്ചത്.

അതിസുന്ദരനായ ഈ കലോപാസകൻ സ്വവർഗ്ഗത്തിന്റെ കൂട്ടായ പ്രവർത്തനങ്ങളെ വിജയത്തിലെത്തിക്കാൻ ഏതു ത്യാഗത്തിനും തയ്യാറായി മുന്നണിയിൽ നിലകൊണ്ടു. ഇന്നത്തേതു പോലെയുള്ള രാഷ്ട്രീയ കോളിളക്കങ്ങളോ സമുദായ മത്സരങ്ങളോ അദ്ദേഹത്തിന്റെ കാലത്ത് ഉണ്ടായിരുന്നില്ല. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം അവരുടെ പള്ളിപെരുനാളുകൾ, എഴുന്നള്ളിപ്പുകൾ സ്വദേശിയരും വിദേശിയരുമായ മതാദ്ധ്യക്ഷന്മാരുടെ വരവേൽപ്പുകൾ തുടങ്ങിയവയായിരുന്നു പ്രധാന പൊതുചടങ്ങുകൾ. അവയെല്ലാം അങ്ങേയറ്റം മംഗളകരമാക്കാൻ ഒളശ്ശയിൽ ഔസേപ്പച്ചൻ ഉറ്റു പരിശ്രമിച്ചു. രാജശക്തി കൊടികുത്തി വാണ ആ കാലത്ത് അധികാരഭാവത്തിനും, ആജ്ഞാസ്വരത്തിനും പ്രത്യേക വകവെയ്പ്പു കിട്ടിയിരുന്നു. ചിലപ്പോൾ വിശേഷപ്പെട്ട പൊതുചടങ്ങുകളിൽ തടിച്ചുകൂടുന്ന ജനത്തെ നിയന്ത്രിക്കാൻ അദ്ദേഹം ഇറങ്ങിവരുന്നത് പ്രത്യേക വേഷത്തിലാണ്. വെളുത്തമുണ്ട്, കറുത്തനീളമുള്ള കോട്ട്, തലയിൽ വെളുത്ത കരയൻ കവണികൊണ്ടുള്ള ഒരു ചുറ്റികെട്ടുമാണ് ഇങ്ങനെയാവും ഇറങ്ങിവരിക. സ്വർണ്ണം പൂശിയ ഫ്രെയിമോടുകൂടിയ കണ്ണടയും വച്ചിരിക്കും. ഒരു മുണ്ടും തോർത്തും മാന്യവേഷമായി അംഗീകരിക്കപ്പെട്ടിരുന്ന കാലത്ത് അധികാരപദവികൾ ഒന്നുമില്ലാത്ത ഈ സുന്ദരരൂപത്തിൽ അധികാരം കൂടിയിരിക്കുന്നതായി സാധാരണ ജനം സങ്കല്പിച്ചു. സാഹസികവും നാടകീയവുമായിരുന്ന ചലനങ്ങൾ എല്ലാംതന്നെ ജനം സസന്തോഷം സ്വാഭിമാനം അദ്ദേഹത്തിന്റെ നേതൃത്വത്തെ ആദരിച്ചു.

സന്ദർഭത്തിനൊത്തുയരാനുള്ള അദ്ദേഹത്തിന്റെ ജന്മ സിദ്ധവാസന പ്രത്യേകം ശ്രദ്ധേയമായിരുന്നു. ഒന്നു രണ്ടു സംഭവങ്ങൾ ഉദാഹരണമായി പറയട്ടെ: കുര്യാളശ്ശേരി മെത്രാന്റെ ഭരണകാലത്ത് റോമിൽ നിന്നും നിയുക്തനായ ഒരു ഡെലഗേറ്റ് അപ്പോസ്തോലിക്കാ രൂപതാ സന്ദർശനത്തിനായി ചന്തക്കടവിൽ വന്നിറങ്ങി. വലിയൊരു ജനക്കൂട്ടം വിശിഷ്ടാതിഥിയെ സ്വീകരിക്കാൻ അവിടെ തടിച്ചുകൂടി. മെത്രാൻ തിരുമേനിയേയും, ഡെലഗേറ്റ് അപ്പോസ്തോലിക്കായെയും ഒരു കുതിര വണ്ടിയിൽ ഇരുത്തി അരമനയിലേക്ക് സാഘോഷം ജനം എഴുന്നള്ളിച്ചുകൊണ്ടുവരാനായിരുന്നു പൗരപ്രമാണികളുടെ പദ്ധതി. അലങ്കരിച്ച കുതിരവണ്ടിയിൽ തിരുമേനിമാർ രണ്ടും ഇരുന്നുകഴിഞ്ഞപ്പോൾ കുതിരക്കാരൻ കടിഞ്ഞാൺ പിടിച്ച് കുതിരകളെ മുന്നോട്ടു നയിച്ചു. അല്പദൂരം നീങ്ങിയപ്പോൾ കുതിരകൾ മുന്നോട്ടു പോകാതെയായി കണ്ടുനിന്ന ജനം അമ്പരന്നു. ആ സമയം ഔസേപ്പച്ചൻ വണ്ടിയിൽ കയറി കുതിരക്കാരന്റെ സ്ഥാനത്തിരുന്ന് കടിഞ്ഞാൺ പിടിച്ച് കുതിരകളെ മുന്നോട്ടു നയിച്ചു. അരമനയിൽ എത്തുന്നതുവരെ ഔസേപ്പച്ചനാണ് കുതിരക്കാരന്റെ സ്ഥാനത്തിരുന്നത്. മേലദ്ധ്യക്ഷന്മാർ രണ്ടുപേരും സുരക്ഷിതരായി അരമനയിൽ വന്നു ചേർന്നു. ഇതു കണ്ടു നിന്ന ജനം അത്യധികം ആഹ്ലാദിച്ചു.

അദ്ദേഹത്തിന്റെ കാലത്ത് ചങ്ങനാശ്ശേരിയിൽ ഒരു വർഗ്ഗീയ ലഹള പൊട്ടിപ്പുറപ്പെട്ടു. സ്വയം നിയന്ത്രണ ശക്തിയില്ലാത്ത യുവാക്കൾ തമ്മിലുണ്ടായ സംഘട്ടനം സമുദായ ലഹളയായി രൂപം പ്രാപിക്കുകയാണുണ്ടായത്. ഒടുവിൽ സമൂഹങ്ങൾ അരക്ഷിതാവസ്ഥയിലായി. തത്സമയത്ത് സമുദായത്തിന്റെ പേരിൽ ഔസേപ്പച്ചൻ രംഗത്തുവന്നു. തിരുവനന്തപുരത്തു നിന്നു പട്ടാളവും ചങ്ങനാശ്ശേരിയിൽ വന്നു താവളമടിച്ചു. അങ്ങനെ സംഘർഷത്തിന്റെ അന്തരീക്ഷം ശാന്തമായി. സാഹസികതയുടെ കഥകൾ അദ്ദേഹവുമായി ബന്ധപ്പെട്ടവ അനവധിയുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ ക്ഷിപ്രകോപവും അധികാരപ്രമത്തതയും പലപ്രശ്നങ്ങളും സൃഷ്ടിച്ചിട്ടുമുണ്ട്. വ്യക്തിപരമായി പലരും തന്മൂലം മനോവ്യഥയും പ്രയാസങ്ങളും അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. എന്നാൽ സ്വവർഗ്ഗത്തിന്റെ അന്തസുറ്റ പ്രതിനിധിയായി അദ്ദേഹം പൊതുസേവനം ചെയ്തതിനാലും അദ്ദേഹത്തിൽ തിളങ്ങിനിന്ന വ്യക്തി പ്രാഭവത്താലും മറുവശം സമൂഹം മറന്നുകളയുകയാണ് ചെയ്തത്. സ്വവർഗ്ഗത്തിന്റെ മഹിമയും ശ്രേഷ്ഠതയും നിലനിർത്താൻ അത്യദ്ധ്വാനം ചെയ്യുന്ന ഒരു അതികായന്റെ തള്ളിക്കളയാവുന്ന കുറവുകളായിട്ടേ അദ്ദേഹത്തിന്റെ പരുക്കൻ ഭാവത്തെ സ്വവർഗ്ഗം കണക്കിലെടുത്തിരുന്നുള്ളൂ. ജനക്കൂട്ടങ്ങളുടെ ഇടയിൽ ചിട്ടയും ക്രമവും ഉറപ്പിക്കാൻ ബാദ്ധ്യസ്ഥരായ പോലീസുകാർ അദ്ദേഹത്തിന്റെ ആജ്ഞാശക്തിയിൽ സാധാരണ ജനം അമരുന്നതുകണ്ട് അതിശയിച്ചിരുന്നു.

പ്രായമായിട്ടാണ് ഔസേപ്പച്ചൻ മരിച്ചത്. യാതൊരു കുലുക്കവും ഇല്ലാതെ മരണത്തിന് അദ്ദേഹം സ്വാഗതമരുളി. അന്ത്യത്തിലേക്കടുക്കുന്ന മുഹൂർത്തത്തിൽ പോലും നല്ലബോധം തെളിഞ്ഞുനിന്നു. അപ്പോൾ കണ്ണുനീർ പൊഴിച്ച് അടുത്തുനിന്ന പെൺമക്കളെ ആശ്വസിപ്പിക്കാനും വിട്ടുപോയില്ല. "ഞാൻ എന്നും നിങ്ങളോടു കൂടി കാണുമെന്നാണോ നിങ്ങൾ ആശിച്ചത്" എന്ന വാക്കുകളായിരുന്നു അവരോട് അവസാനം പറഞ്ഞത്. അങ്ങനെ ഒരു ഉജ്ജ്വല ജീവിതം പാടിത്തീർന്നു. ചങ്ങനാശ്ശേരി പള്ളി സിമിത്തേരിയിൽ ഒളശ്ശയിൽ ഔസേപ്പച്ചൻ സംസ്കരിക്കപ്പെട്ടു. അദ്ദേഹം ജീവിച്ച ഒളശ്ശയിൽ തറവാട് ആൺവഴിയിൽ അന്യം നിന്നുപോയി. എന്നാൽ പെൺവഴിയിലെ പിൻഗാമികൾ അവിടെ പാർക്കാൻ ഇടവന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ വല്യപ്പൻ ഒളശ്ശയിൽ കുരുവിള കൊച്ചാണ്ടി ഒരു മാളിക

പണിയിച്ചു എന്നു മുൻപറഞ്ഞിട്ടുണ്ടല്ലോ കുറെ കൊല്ലങ്ങൾ ചങ്ങനാശ്ശേരി മുൻസിപ്പൽ ചെയർമാനായിരുന്ന. പി. പി. ജോസ് ആ സ്ഥാനത്ത് താമസിച്ചു. പഴയവീട് പുതുക്കി പണിത് ഇരുനിലയിലേക്ക് ഉയർത്തി ഡോ. റ്റി. വി. ജോസ് തീമ്പലങ്ങാട്ട് അവിടെ താമസിക്കുന്നു, പി. പി. ജോസ് ഔസേപ്പച്ചന്റെ ഏറ്റവും ഇളയമകളുടെ പുത്രനാണ്. ഡോ. റ്റി. വി. ജോസ് അനുജൻ ഒ. പി. ചാണ്ടിയുടെ മകളുടെ മകനുമാണ്. അങ്ങനെ പഴയ ഒരു ഗായകന്റെ തലമുറക്കരുടെ പിൻഗാമികൾത്തന്നെ ഒളശ്ശയിൽ ഔസേപ്പച്ചൻ പിറന്ന സ്ഥാനത്ത് ഇപ്പോൾ വസിച്ചുവരുന്നു.

മക്കൾ :

1 അന്നമ്മയെ ഇത്തിത്താനത്തെ ചാലയ്ക്കലും
2 ചാച്ചിമ്മയെ ചങ്ങനാശ്ശേരി തച്ചങ്കരിയിലും
3 പെണ്ണമ്മയെ മൂവാറ്റുപുഴ തോട്ടത്തിലും
4 തങ്കമ്മയെ ചങ്ങനാശ്ശേരി തച്ചങ്കരിയിലും
5 ചിന്നമ്മയെ ചങ്ങനാശ്ശേരി പുല്ലുകാട്ടിൽ കുടുംബത്തിലും വിവാഹം ചെയ്തയച്ചു.

# കൊച്ചാണ്ടി പോത്തന്റെ രണ്ടാമത്തെ മകൻ
# ഒ. പി. ചാണ്ടി (7-ാം തലമുറ)

(ഭാര്യ : മറിയാമ്മ, തകടിയിൽ)

*മക്കൾ :*
- **I.** ഒ. സി. ഫിലിപ്പ്
- **II.** ഒ. സി. തോമസ്
- **III.** ഒ. സി. ജോസഫ്
- **IV.** ഒ. സി. ചാണ്ടി
- **V.** ആണ്ടമ്മ, കരിങ്ങട
- **VI.** ഈത്തമ്മ, തീമ്പലങ്ങാട്ട്
- **VII.** കുഞ്ഞമ്മ, ചാവടി
- **VIII.** ക്ലാരമ്മ, വാണിയംപറമ്പിൽ

*8-ാം തലമുറ* | *9-ാം തലമുറ* | *10-ാം തലമുറ* | *11-ാം തലമുറ*

**I.** ഒ. സി. ഫിലിപ്പ്
(ഭാര്യ : ത്രേസ്യാമ്മ, താവളത്തിൽ)
*മകൾ :* മേരി, മണലിയിൽ, ചങ്ങനാശ്ശേരി

**II.** ഒ. സി. തോമസ്
(ഭാര്യ : അന്നമ്മ, താവളത്തിൽ, ചങ്ങനാശ്ശേരി)
*മക്കൾ :*
1. മറിയമ്മ, മടക്കക്കുഴി, കാഞ്ഞിരപ്പള്ളി
2. ആണ്ടമ്മ, പിട്ടാപ്പള്ളിൽ, മൂവാറ്റുപുഴ
3. ആനി, പൊന്നേഴത്ത്, ചേർത്തല
4. ക്ലാരമ്മ, ചൂരക്കുറ്റിൽ, മിത്രക്കരി
5. ഒ. റ്റി. അലക്സാണ്ടർ
   (ഭാര്യ : ത്രേസ്യാമ്മ, പുത്തനങ്ങാടി, കാഞ്ഞിരപ്പള്ളി)
   *മക്കൾ :*
   1. ഒ. സി. തോമസ്
      (ഭാര്യ : ദിയ, കുരിശുങ്കൽ, കൊച്ചി)
   2. ബിനു, പാറ്റാനി, ബോംബെ
   3. ഐസക് അലക്സാണ്ടർ
6. മോളി, കൈതോലിൽ, പാലാ
7. ഓമന, കടവിൽ, എറണാകുളം

| 8-ാം തലമുറ | 9-ാം തലമുറ | 10-ാം തലമുറ | 11-ാം തലമുറ |
|---|---|---|---|

**8. റ്റോം തോമസ്**
(*ഭാര്യ :* റാണി, അന്ത്രപ്പേർ, ചേർത്തല)
*മക്കൾ :*
**1. തോമസ്**
**2. ജോൺ**
**3. ആൻ**
**4. അലക്സ്**

**9. ജോസ് തോമസ്**
(*ഭാര്യ :* എലിസബത്ത്, കിഴക്കേടത്ത്, കുഴിപ്പിള്ളി)
*മക്കൾ :*
**1. പ്രിയ**
**2. തോമസ്**
**3. ദിവ്യ**
**4. എൽസ**
**5. ജേക്കബ്**

**10. ഷീബ, മാഞ്ഞാലി, കാലടി**

**III. ഒ. സി. ജോസഫ്**
(*ഭാര്യ :* മേരിക്കുട്ടി, പള്ളത്തുശ്ശേരി, ചമ്പക്കുളം)
*മക്കൾ :*
**1. മറിയമ്മ, മാറാട്ടുകുളം, ചങ്ങനാശ്ശേരി**
**2. ശാന്തമ്മ, മാവുങ്കൽ, തോട്ടയ്ക്കാട്ട്**

**IV. ഒ. സി. ചാണ്ടി**
(*ഭാര്യ :* ഏലിയാമ്മ, പുളിയ്ക്കൽ, ചങ്ങനാശ്ശേരി)
*മകൻ :*
**ചാണ്ടി അലക്സാണ്ടർ,**
(*ഭാര്യ :* മറിയമ്മ, പാലത്തിങ്കൽ, ചങ്ങനാശ്ശേരി)
*മക്കൾ :*
**1. ബ്ലസ്സി**
**2. ബറ്റ്സി**

**V. ആണ്ടമ്മ**

**VI. ഈത്തമ്മ**

**VII. കുഞ്ഞമ്മ**

**VIII. ക്ലാരമ്മ**

# ഒ. പി. ചാണ്ടി
# (ഒളശ്ശയിൽ ചാണ്ടിവക്കീൽ)



പിതാവായ കൊച്ചാണ്ടി പോത്തന്റെ പുത്രന്മാരിൽ നടുവനാണ് ഒ. പി. ചാണ്ടി ഔസേപ്പച്ചനുശേഷം ഈ അനുജൻ ജനിച്ചു. ജ്യേഷ്ഠനെപ്പോലെ തന്നെ സമൂഹത്തിൽ തലയെടുപ്പോടെ, വിഹരിച്ച എല്ലാ തലങ്ങളിലും വേദികളിലും തന്റെ വ്യക്തി മുദ്ര പതിപ്പിച്ച ഒരു വ്യക്തിയാണ് ചാണ്ടി. എന്നാൽ അവർ തമ്മിൽ ഒരു കാര്യത്തിൽ വ്യത്യാസമുണ്ടായിരുന്നു. ജ്യേഷ്ഠൻ അധികവും നിരക്ഷരരായ സാമാന്യ ജനങ്ങളുടെ ഇടയിൽ വിളങ്ങിയപ്പോൾ അനുജനായ ചാണ്ടി വിദ്യാനിലവാരംകൊണ്ട് അംഗീകാരമുണ്ടായിരുന്നവരുടെ ഇടയിലായിലാണു വിഹരിച്ചത്. ബാല്യംമുതലേ ചാണ്ടി സമർത്ഥനായ ഒരു വിദ്യാർത്ഥിയായിരുന്നു. കളികളിലും കലകളിലും വിരുത് പ്രകടിപ്പിച്ചാണ് ക്ലാസ്സുകയറ്റങ്ങൾ സമ്പാദിച്ചത്. മലയാളം സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം സെന്റ് ബർക്ക്മാൻസ് സ്കൂളിൽ പഠിച്ച് മെട്രിക്കുലേഷൻ പരീക്ഷയ്ക്ക് എഴുതി വിജയം നേടി. ഒളശ്ശ തറവാട്ടിൽ നിന്നും പ്രഥമമായി മെട്രിക്കുലേഷൻ പരീക്ഷ ജയിച്ച വിദ്യാർത്ഥിയാണ് ചാണ്ടി.

സ്കൂളിന്റെ പ്രാരംഭഘട്ടത്തിൽ അവിടെ പഠിപ്പിച്ചിരുന്ന അദ്ധ്യാപകർ അധികപങ്കും ക്രൈസ്തവർ അല്ലായിരുന്നു. തത്തുല്യയോഗ്യതയുള്ളവർ നമ്മുടെ സമൂഹത്തിലില്ലാതിരുന്നതുകൊണ്ട് സെന്റ് ബർക്ക്മാൻസ് ഇംഗ്ലീഷ് സ്കൂളിൽ ഒരു ഉദ്യോഗം കിട്ടുക ചാണ്ടിയെ സംബന്ധിച്ചിടത്തോളം ദുഷ്ക്കരമായിരുന്നില്ല. പരീക്ഷ ജയിച്ച ഉടൻ സെന്റ് ബർക്ക്മാൻസിൽ ജോലി ലഭിച്ചു. ഇംഗ്ലീഷും കണക്കുമായിരുന്നു തന്റെ ഇഷ്ടവിഷയങ്ങൾ. ആ വിഷയങ്ങൾ പഠിപ്പിക്കാനായിരുന്നു നിയമനം.

ഉത്തമനായ ഉപാദ്ധ്യായൻ എന്ന് സത്കീർത്തി വേഗംപരന്നു. പുരോഗമന ആശയക്കാരനായ ചാണ്ടിസാർ കുട്ടികളുടെ സമഗ്രമായ വളർച്ചയ്ക്കായിരുന്നു ലക്ഷ്യമിട്ടത്. അദ്ദേഹം സ്പോർട്സ്, ഗെയിംസ്, കലാപ്രവർത്തനങ്ങൾ ആദിയായവയ്ക്ക് മികച്ച സൗകര്യം സ്കൂളിൽ ഏർപ്പെടുത്തി വിജയികൾക്ക് സമ്മാനവും നൽകി. അതുകൊണ്ട് രണ്ട് ലാഭം സ്കൂളിനുണ്ടായി. പഠന വിമുഖരായ വിദ്യാർത്ഥികൾക്ക് സ്കൂൾ ആകർഷണ കേന്ദ്രമായി. അതുപോലെ പഠനോത്സുഹികളായ വിദ്യാർത്ഥികളുടെ വിവിധ കലാകായിക വാസനകൾ വികസിപ്പിച്ചെടുക്കുവാൻ സൗകര്യവും ഉണ്ടായി. നാടക കലയിൽ ആസക്തനായ അദ്ദേഹം സ്കൂളിൽ ഒരു സ്ഥിരംനാടക വേദിതന്നെ ഒരുക്കി. അവിടെ അഭിനയ പ്രേമികളായ കുട്ടികളെ നാടകാഭിനയം പരിശീലിപ്പിച്ചു. സ്വതേ ഒരു അതുല്യ നാടക നടനായിരുന്ന അദ്ദേഹം കുട്ടികളോടൊപ്പം നാടകത്തിൽ അഭിനയിക്കുക പതിവായിരുന്നു. ഷേക്സ്പിയർ കവിയുടെ നാടകങ്ങളാണ് അഭിനയത്തിനായി സ്വീകരിച്ചിരുന്നത്. അഭിനയ പാടവം മാത്രമല്ല ഇംഗ്ലീഷു ഭാഷാ ജ്ഞാനവും ലാക്കാക്കിയാണ് കുട്ടികളെ ഇതിന് പ്രോത്സാഹിപ്പിച്ചിരുന്നത്. ഈദൃശ്യ പ്രവർത്തനങ്ങളിൽ അന്നത്തെ സ്കൂൾ അധികാരിയായ ഡോക്ടർ ലവീഞ്ഞ് മെത്രാനും അദ്ദേഹത്തിന്റെ സെക്രട്ടറിയായ റിച്ചാർഡ് എന്ന മൂപ്പച്ചനും ചാണ്ടിസാറിന് എല്ലാ പ്രോത്സാഹനവും ചെയ്തു കൊടുത്തുകൊണ്ടിരുന്നു. കുട്ടികളെ പഴയ യാഥാസ്ഥിതിക ചുറ്റുപാടുകളിൽ നിന്നും വ്യതിചലിപ്പിച്ച് പരിഷ്കൃത സ്കൂൾ അന്തരീക്ഷം സൃഷ്ടിക്കാനും

താൻ തന്നെ മാതൃകയായി വർത്തിച്ചു. പാന്റ്സും ടൈയ്യും കോട്ടുമൊക്കെ ധരിച്ചാണ് സ്കൂളിൽ വന്നുകൊണ്ടിരുന്നത്. പരിഷ്കൃതവും വെടിപ്പേറിയതുമായ വസ്ത്രങ്ങൾ അണിഞ്ഞ് സ്കൂളിൽ കുട്ടികൾ വരണമെന്നായിരുന്നു തന്റെ ലക്ഷ്യം. ഒരു കാലത്ത് സെന്റ് ബർക്ക്മാൻസ് ഹൈസ്കൂളിലെ വിദ്യാർത്ഥികൾക്ക് മുണ്ടും, കോട്ടും തൊപ്പിയും യൂണിഫോമായി നിർബന്ധമാക്കുക പോലും ചെയ്തു. യൂറോപ്യൻ രീതിയെ അനുകരിക്കുകയാണെന്ന് ആക്ഷേപമുണ്ടായെങ്കിലും കുറെ കൊല്ലങ്ങൾ ആ വസ്ത്ര രീതി നടപ്പിലിരുന്നു.

വാദ്ധ്യാരായിരുന്ന കാലത്തുതന്നെ ചാണ്ടിസാർ സമുദായത്തിലെ ഒരംഗീകൃതനായി വളർന്നു കഴിഞ്ഞിരുന്നു. കത്തോലിക്കരുടെ സാമുദായിക സംഘടനയായ കത്തോലിക്ക കോൺഗ്രസ്സിന്റെ ഒരു ആരംഭകാല പ്രവർത്തകനായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സെന്റ് ബർക്ക്മാൻസ് ഹൈസ്കൂളിൽ കത്തോലിക്കാ കോൺഗ്രസിന്റ് ഒരു ചർച്ചായോഗം സംഘടിപ്പിച്ചു. കത്തോലിക്കരുടെ അന്നത്തെ നേതാക്കന്മാരെല്ലാം ആ ചർച്ചയിൽ പങ്കുകൊണ്ടു. വാദ്ധ്യാരായി ഏതാനും കൊല്ലം സേവനം ചെയ്തു കഴിഞ്ഞപ്പോൾ തന്റെ കഴിവുകൾ അനാവരണം ചെയ്യാൻ പറ്റാത്ത ഒരു ജോലിയായി അദ്ദേഹം അദ്ധ്യാപന ജോലിയെ വീക്ഷിക്കാൻ തുടങ്ങി. അങ്ങനെ ആ ജോലി ഉപേക്ഷിച്ചു വക്കീൽ പഠനത്തിനുപോയി. പ്രാക്ടീസിനുള്ള യോഗ്യത നേടി തിരുവല്ലായിൽ പ്രാക്ടീസ് തുടങ്ങി. തുടർന്ന് ചങ്ങനാശ്ശേരിയിലും പ്രാക്ടീസ് ആരംഭിച്ചു. പക്ഷെ, അധികനാൾ വക്കീൽ വൃത്തിയിൽ തുടരാൻ അദ്ദേഹത്തിനായുസ്സ് ദീർഘിപ്പിച്ചില്ല.

വാദ്ധ്യാരായിരക്കവേ ചങ്ങനാശ്ശരി തകിടിയേൽ എന്ന കുടുംബത്തിൽ നിന്ന് വിവാഹം ചെയ്തു. മറിയാമ്മ എന്നായിരുന്നു വധുവിന്റെ പേര് അവർക്ക് ആ ദാമ്പത്യത്തിൽ നാലു ആൺകുട്ടികളും നാല് പെൺകുട്ടികളും ഉണ്ടായി.

അഭ്യസ്ത വിദ്യനായ ഒരു പൊതുപ്രവർത്തകൻ എന്ന സ്ഥാനത്തും ചങ്ങനാശ്ശേരിയിൽ അദ്ദേഹം പൗരപ്രമാണികളുടെ ഇടയിൽ ഒന്നാം സ്ഥാനം അലങ്കരിച്ചിരുന്നു. ഒരു തീരുമാനമെടുത്താൽ അത് പ്രയോഗത്തിലാക്കിയതിനുശേഷമെ അദ്ദേഹം അടങ്ങിയിരിക്കുമായിരുന്നുള്ളൂ. ചാണ്ടിയുമായി ബന്ധപ്പെട്ട രണ്ട് ചെറിയ സംഭവങ്ങൾ സംക്ഷിപ്തമായി വിവരിക്കാം. അദ്ദേഹത്തിന്റെ കാലത്ത് തിരുവിതാംകൂർ ഭരിച്ചിരുന്ന ഒരു ദിവാൻ വടക്കോട്ട് സർക്കാർ ഓഫീസുകളുടെ പരിശോധനാർത്ഥം ഒരു യാത്രാ പരിപാടി പ്രഖ്യാപിച്ചു. ആ പരിപാടിയിൽ ചങ്ങനാശ്ശേരിയും ഉൾപ്പെട്ടിരുന്നു. ദിവാനെ ചങ്ങനാശ്ശേരി അതിർത്തിയായ ളാപ്പാലത്തിങ്കൽ വച്ച് സ്വീകരിക്കാൻ ഇവിടുത്തെ പൗരമുഖ്യർ യോഗംചേർന്ന് നിശ്ചയിച്ചു. ളാപ്പാലത്തിങ്കൽ എത്തുമ്പോൾ പ്രശസ്താതിഥിയെ അഭിവാദനം ചെയ്ത് സ്വീകരിക്കുക, മംഗളപത്രംവായിച്ച് സമർപ്പിക്കുക തുടങ്ങിയവയായിരുന്നു നിർദിഷ്ട ചടങ്ങുകൾ. ദിവാന്റെ സന്ദർശന ദിവസം ചങ്ങനാശ്ശേരി പട്ടണാതിർത്തിയിൽ ജനം സമ്മേളിച്ചു. ഫുൾ സ്യൂട്ട് ധാരിയായിട്ട് ചാണ്ടിസാറും അന്ന് അവിടെ സന്നിഹിതനായി. നിശ്ചിത സമയത്തുതന്നെ ദിവാൻ തന്റെ വാഹനത്തിൽ ളാപ്പാലത്തിങ്കൽ സ്വീകരണ സ്ഥലത്തു വന്നിറങ്ങി. അപ്പോൾ ചാണ്ടിസാർ മുന്നോട്ടു നീങ്ങി അഭിവാദനം ചെയ്ത് അല്പ്പനേരം ഇംഗ്ലീഷിൽ സംസാരിച്ചശേഷം ദിവാനെ സ്വീകരണ പന്തലിലേക്ക് ആനയിച്ചു. ദിവാനുവേണ്ടി ഒരുക്കിയിരുന്ന വേദിയിൽ അദ്ദേഹം ഉപവിഷ്ഠനായിക്കഴിഞ്ഞപ്പോൾ മംഗളപത്രം വായിക്കാൻ നിശ്ച്ചയിക്കപ്പെട്ടിരുന്ന ആളിൽനിന്നും ചാണ്ടിസാർ മംഗളപത്രം വാങ്ങി സ്റ്റേജിൽ കയറി വായിച്ച് ദിവാന് സമർപ്പിച്ചു. ദിവാന്റെ മറുപടിക്കുശേഷം അദ്ദേഹം ആസ്ഥലം വിട്ട് ചങ്ങനാശ്ശേരി ചന്തയിൽ അന്നുണ്ടായിരുന്ന മുസ്സാവരി എന്നുപേരുണ്ടായിരുന്ന പൊതുസ്ഥാപനത്തിലെത്തി അവിടെവെച്ച്

ദിവാന് പട്ടണാവശ്യങ്ങളെ സംബന്ധിച്ച് ഒരു നിവേദനവും സമർപ്പിച്ചു. ദിവാന്റെ സന്ദർശനം അങ്ങനെ എല്ലാവർക്കും സന്തോഷത്തിൽ പര്യവസാനിച്ചു. മംഗളകരമായി ചടങ്ങുകൾ അവസാനിച്ചതിൽ സ്വീകരണത്തിനു മുൻകൈയെടുത്തവർക്കും സംതൃപ്തിയായിരുന്നു.

മറ്റൊരു മംഗളപത്ര സമർപ്പണം ഒരു സിവിൽ കേസ്സിൽ അവസാനിച്ചു. മോൺസിഞ്ഞോർ സിറിയക്ക് കണ്ടങ്കരി ചങ്ങനാശ്ശേരി മിസ്സത്തിന്റെ അഡ്മിനിസ്ട്രേറ്ററായി ഭരണം നടത്തിയിരുന്ന കാലത്ത് അന്നത്തെ ദലഗാദ് അപ്പോസ്തോലിക്ക (Deligata Apostolic) ആയി റോമിൽ നിന്നും നിയമിച്ചിരുന്ന സെലസ്ക്കി എന്ന വൈദിക ശ്രേഷ്ഠൻ ഔദ്യോഗിക സന്ദർശനാർത്ഥം ചങ്ങനാശ്ശേരി മിസ്സത്തിൽ വന്നു. അദ്ദേഹത്തിന് ഒരു മംഗളപത്രം സമർപ്പിക്കണമെന്ന് തീരുമാനമുണ്ടായി. മോൺസിഞ്ഞോർ കണ്ടങ്കരിയും ചാണ്ടി സാറും കൂടിയാണ് അഭിവന്ദ്യ അതിഥിക്ക് വരവേൽപ്പ് കൊടുക്കാനുള്ള ഒരുക്കങ്ങൾക്ക് നേതൃത്വം വഹിച്ചത് അദ്ദേഹത്തിന് സമർപ്പിക്കാനുള്ള മംഗളപത്രം അവർ രണ്ടുപേരും ചേർന്നാണ് തയ്യാറാക്കിയത്. മംഗളപത്രത്തിന്റെ ഭാഷ ഇംഗ്ലീഷായിരുന്നു. അത് വായിച്ച് സമർപ്പിച്ചത് ചാണ്ടിസാറായിരുന്നു. അന്ന് ചങ്ങനാശ്ശേരി മിസ്സത്തിന്റെ മെത്രാൻ ആരായിരിക്കണമെന്ന വിഷയം ഇവിടെ രണ്ടുചേരികൾ സൃഷ്ടിച്ചിരുന്നു. മാക്കീൽ മെത്രാനെ ചങ്ങനാശ്ശേരി മിസ്സത്തിലെ വടക്കുംഭാഗക്കാരുടെയും തെക്കുംഭാഗക്കാരുടെയും മെത്രാനായി നിയമിച്ചതിൽ വടക്കുംഭാഗക്കാരിൽ ഒരു കൂട്ടർക്ക് എതിർപ്പുണ്ടായി. വടക്കുംഭാഗക്കാരെ വടക്കുംഭാഗം ജനങ്ങളിൽനിന്നുള്ള ഒരു മെത്രാൻ ഭരിക്കണമെന്നതായിരുന്നു വാദം. മംഗളപത്രത്തിൽ ഡോ. ലവീഞ്ഞു മെത്രാന്റെയും മാക്കീൽ മത്തായി മെത്രാന്റെയും ഗുണങ്ങളെയും അവരുടെ ഭരണക്ഷമതയെയും പറ്റി ചില പരാമർശങ്ങൾ നടത്തിയിരുന്നു. ഈ പരാമർശങ്ങളെ ചൊല്ലി ചങ്ങനാശ്ശേരിയിൽ അഭിപ്രായ വ്യത്യാസമുണ്ടായി. ചങ്ങനാശ്ശേരി പള്ളിയോഗക്കാരിൽ നാലുപേർ മംഗളപത്രത്തിലെ ചില വാചകങ്ങൾ തങ്ങൾക്ക് ആക്ഷേപകരമാണെന്നും അതിനാൽ തങ്ങൾക്ക് 7001 പണം (700 പണം രൂ 1001 നഷ്ടപരിഹാരം) കിട്ടണമെന്നും കാണിച്ച് കേസ്സ് ഫയൽ ചെയ്തു. അന്യായത്തിലെ വാദമുഖങ്ങളെ ഖണ്ഡിച്ച് പ്രതികളായ ചാണ്ടിസാർ മുതൽ പേർ പത്രിക സമർപ്പിക്കുകയും വാദികളെകൊണ്ട് തങ്ങൾക്ക് 2000 പണം നഷ്ടം തരുവിക്കണമെന്ന് കോടതിയോട് അഭ്യർത്ഥിക്കുകയും ചെയ്തു. അനാശ്വാസ്യമായ സംഭവങ്ങൾ തന്മൂലം ഉളവാകുന്ന അന്തരീക്ഷം ചങ്ങനാശ്ശേരിയിൽ സംജാതമായി. ഇതു തടയാൻ വേണ്ടിയും, കേസ്സ് ഇല്ലാതാക്കുന്നതിനുവേണ്ടിയും സർവ്വസമ്മതനും ജാത്യൈക്യ നേതാവുമായ നിധീരിക്കൽ മാണിക്കത്തനാർ രംഗത്തിറങ്ങി. അദ്ദേഹത്തിന്റെയും മറ്റു പലരുടെയും പരിശ്രമഫലമായി ആ കേസ്സ് പിൻവലിക്കപ്പെട്ടു. പ്രസിദ്ധ ചരിത്രകാരനായ വി. സി. ജോർജിന്റെ 1950 ൽ പ്രസിദ്ധപ്പെടുത്തിയ " നിധീരിക്കൽ മാണിക്കത്തനാർ" എന്ന ചരിത്ര ഗ്രന്ഥത്തിന്റെ 520-ാം പേജിൽ ഈ സംഭവത്തെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. 1903 നവംബർ മാസത്തിലായിരുന്നു മംഗളപത്ര സമർപ്പണം.

ഇങ്ങനെ നാനാരംഗങ്ങളിൽ ഉജ്ജ്വലമായി ശോഭിച്ച ചാണ്ടിസാറിന്റെ നേതൃത്വം പെട്ടെന്നാണ് അവസാനിച്ചത്. ഒരു റബർ പ്ലാന്റേഷൻ ആരംഭിക്കുന്നതിനുവേണ്ടി ചില സുഹൃത്തുക്കളുമായി ചർച്ചചെയ്ത് തിരികെ വീട്ടിൽവന്നത് പനിയും രക്തം ഛർദിലുമായിട്ടാണ്. പ്രഭാതത്തിൽ ജ്യേഷ്ഠൻ ഔസേപ്പച്ചന്റെ വീട്ടിലേക്കു മാറ്റി. അന്ന് വൈകുന്നേരം ഏഴുമണിക്ക് അന്ത്യശ്വാസം വലിച്ചു. ഒരു വലിയ കുടുംബവും വലിയകടവും ശേഷിച്ചു. ചാണ്ടിസാറിന്റെ വ്യക്തിത്വംകൊണ്ട് കടങ്ങൾക്ക് സാവകാശം കിട്ടുകയും തെങ്ങുകളും മറ്റു വിളവുകളും

ഫലം തരികയും ചെയ്തതുകൊണ്ട് മക്കൾക്ക് അധികം ക്ലേശമില്ലാതെ കടം വീട്ടാൻ കഴിഞ്ഞു.

ആൺ മക്കൾ :
1. ഒ. സി. ഫിലിപ്പ്
2. ഒ. സി. തോമസ്
3. ഒ. സി. ജോസഫ്
4. ഒ. സി. ചാണ്ടി

പെൺ മക്കൾ :
1. ആണ്ടമ്മ
2. ഈത്തമ്മ
3. കുഞ്ഞമ്മ
4. ക്ലാരമ്മ

ആണ്ടമ്മയെ കരിങ്ങടയിൽ സെബാസ്റ്റ്യനും,

ഈത്തമ്മയെ മണിമലയിൽ തീമ്പലങ്ങാട്ട് ജോസഫും വിവാഹം ചെയ്തു.

കുഞ്ഞമ്മയെ ചാവടി കുടുംബത്തിലാണ് വിവാഹം ചെയ്തയച്ചത്.

ക്ലാരമ്മയെ വാണിയംപറമ്പിൽ വിവാഹം ചെയ്തു.

## I. ഒ. സി. ഫിലിപ്പ് (കുട്ടപ്പൻ)



ചങ്ങനാശ്ശേരി റെയിൽവേസ്റ്റേഷനിലേക്ക് തെക്കുനിന്നുവരുന്ന മുൻസിഫൽ റോഡിന് കിഴക്കരികിലുള്ള ഒളശ്ശയിൽ കുന്നേൽ വീട്ടിൽ ഫിലിപ്പ് 1907 ൽ ജനിച്ചു. കുന്നേൽ വീട് എന്ന പേര് ആവീടിനുണ്ടാകാൻ കാരണം അത് ഒരുഉയർന്ന ഭൂമിയിൽ പണിയിച്ചതുകൊണ്ടാണ്. കുട്ടപ്പൻ എന്നായിരുന്നു ഓമനപ്പേര് സ്കൂളിൽ പോയി പഠിച്ചുകൊണ്ടിരിക്കുമ്പോൾ പിതാവ് പെട്ടെന്ന് നിര്യാതനായി. ഫിലിപ്പിന്റെ വിദ്യാപുരോഗതിയും ഇതോടെ തടസപ്പെട്ടു. വീട്ടിൽ നിന്ന് ഗ്രാമീണ കായിക കലാപരിപാടികളിൽ പങ്കുചേർന്നു. ജീവിത മാർഗ്ഗമായി ആദ്യം അവലംബിച്ചത് പിതൃസ്വത്തിൽ നിന്നും വരവു വർദ്ധിപ്പിക്കാനായിരുന്നു. പിതാവ് ആരംഭിച്ച തെങ്ങു കൃഷി പൂർവ്വൽഫലഭൂയിഷ്ഠമാക്കി. നാണ്യവിളകളും ഇറക്കി ലാഭം എടുത്തു. തുടർന്ന് അമ്മായിയുടെ വീട്ടുകാരുടെ വക തൊടുപുഴയിലുണ്ടായിരുന്ന ഒരു റബർ തോട്ടത്തിന്റെ മാനേജരായി ഏതാനും കൊല്ലം ജോലി നോക്കി.

ഈ സമയത്ത് ചങ്ങനാശ്ശേരി താവളത്തിൽ കുടുംബത്തിലെ ത്രേസ്യാമ്മയെ വിവാഹം കഴിച്ചു. വീതം വയ്ക്കലിനുശേഷം ഏറ്റവും ഇളയ അനുജനും അമ്മയും ഫിലിപ്പിന്റെ കൂടെ കുടുംബത്തിൽ വാസം തുടർന്നു.

ഇവിടെ ആയിരിക്കുമ്പോൾ പി. ഡബ്ല്യൂ. ഡി. കോൺട്രാക്റ്റ് പിടിച്ച് സർക്കാരിന്റെ പണികൾ ഏറ്റെടുത്തു ചെയ്തു. ഒരു വ്രണത്തെ തുടർന്ന് ഇടതു കാൽ മുറിച്ചു മാറ്റേണ്ടിവന്നു. ഇതോടെ വീട്ടിൽ ഇരിപ്പായി. ഒറ്റക്കാലിൽ രണ്ടു ഊന്നുവടികളുമായി ബോംബെ വരെ യാത്ര ചെയ്ത് അവിടുത്തെ ഒരു ആശുപത്രിയിൽ നിന്നും ഒരു കൃത്രിമ കാലുമായി വീട്ടിൽ

എത്തിയെങ്കിലും, അത് ഉപയോഗിക്കാൻ പറ്റാത്തസ്ഥിതിയായിരുന്നു കൃത്രിമ കാലിനുണ്ടായിരുന്നത്. രണ്ടു ഊന്നുവടികൾ കക്ഷത്തിൽ ഉറപ്പിച്ചു നടക്കാൻ തുടങ്ങി. ക്രമേണ ശേഷിച്ച ഏക കാലിനും രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ടു. ഒറ്റ കാലിൽ വീണ്ടും ബോംബെയ്ക്കു പോയി ഓപ്പറേഷൻ നടത്തി വീണ്ടും നാട്ടിൽ തിരിച്ചെത്തി. വന്നശേഷം മുൻസിപ്പാലിറ്റി വക അഞ്ചേക്കർ സ്ഥലം പാട്ടത്തിനു പിടിച്ചു കപ്പകൃഷി നടത്തി. ഇത് ഒരു തികഞ്ഞ സാമ്പത്തിക വിജയമായിരുന്നു. സ്വന്തം വീട് പൊളിച്ച്, പരിഷ്കൃത രീതിയിൽ പുനനിർമ്മാണം ചെയ്തതും, ഏകമകളുടെ വിവാഹം നടത്തിയതും ഈ വേളയിൽത്തന്നെ. അവശനായിരിന്നിട്ടും ജീവിതത്തിൽ ശക്തമായ പോരാട്ടം നടത്തി ഒരു സാധാരണക്കാരന് സാധിക്കാവുന്നതിൽ കൂടുതൽ നേട്ടങ്ങൾക്കുടമയായി ആത്മസംതൃപ്തിയോടെ ഇരിക്കുമ്പോൾ 1966 സെപ്റ്റംബർ 26 ന് നിര്യാതനായി.

മകൾ : മേരി, മണലിൽ

## II. ഒ. സി. തോമസ് (അപ്പച്ചൻ)



പിതാവ് പ്രതാപത്തിലേക്ക് നടന്നു കയറികൊണ്ടിരുന്ന കാലത്താണ് തോമസിന്റെ ജനനം. വീട്ടിൽ ഓമനപ്പേരായി അപ്പച്ചൻ എന്നു വിളിച്ചുവന്നു. സെന്റ് ബർക്ക്മാൻസ് ഇംഗ്ലീഷ് സ്കൂളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി. ബാല്യകാലത്തിൽ തന്നെ തോമസിൽ കലാവാസന പ്രകടമായി. അപ്പോൾ നന്നായി പാട്ടുപാടുമായിരുന്നു. ഇംഗ്ലീഷു സ്കൂളിൽ പ്രവേശിച്ചതോടെ അഭിനയ പാടവം പ്രകടമായി. വിദ്യാലയ നാടക വേദിയിലെ സ്ഥിരനടനായിരുന്നു. സ്കൂൾ വിട്ടശേഷം, വിവാഹം വരെ വീട്ടുകാര്യങ്ങൾ അന്വേഷിച്ചു സ്വകുടുംബത്തിൽ കഴിച്ചുകൂട്ടി.

ഇരുപത്തിരണ്ടാമത്തെ വയസ്സിൽ വിവാഹിതനായി. ചങ്ങനാശ്ശേരി താവളത്തിൽ അന്നമ്മയാണ് സഹധർമ്മിണി. വിവാഹാനന്തരം രണ്ടുകൊല്ലം, കുടുംബത്തിൽ തന്നെ വസിച്ചു. പിന്നീട് സ്വന്ത ഭവനം നിർമ്മിച്ചു സകുടുംബം മാറിതാമസമാക്കി. ഒരു ജോലിയിൽ പ്രവേശിക്കാനുള്ള ആഗ്രഹം നിമിത്തം ആലപ്പുഴയിൽ എൻ. സി. ജോൺ ആന്റ് കമ്പനി എന്ന കയർവ്യവസായ ശാലയിൽ ജോലിയിൽ പ്രവേശിച്ചു. 1940 വരെ അഞ്ചുകൊല്ലത്തോളം ഈ ജോലിയിൽ തുടർന്ന ശേഷം ജോലി മതിയാക്കി. സ്വന്തമായി ഒരു വ്യവസായ ശാല നടക്കാതായപ്പോൾ പഴയ സ്ഥാപനത്തിന്റെ കൊച്ചിശാഖയിൽ വീണ്ടും ജോലി സ്വീകരിച്ചു. കൊച്ചിയിലെ ഈ ജോലിയണ് വളർച്ചയുടെ പാതയിൽ തോമസിനെ കൊണ്ടെത്തിച്ചത്. ഇവിടെ ജോലിയിലായിരിക്കവേ തന്നെ സ്വന്തമായി കയറ്റുമതിയുമായി ബന്ധപ്പെട്ട ജോലി ഏറ്റെടുക്കുകയും അത് വിജയിയ്ക്കുകയും ചെയ്തു. കരയ്ക്കുള്ള കച്ചവട ചരക്കുകൾ തോണികൾ വഴി കപ്പലിൽ കോൺട്രാക്റ്റ് വ്യവസ്ഥയിൽ എത്തിയ്ക്കുക എന്നതായിരുന്നു ജോലി. ആദ്യം മറ്റുള്ളവരുടെ തോണികൾ വാടകയ്ക്ക് എടുത്തു. ക്രമേണ സ്വന്തമായി തോണികൾ സമ്പാദിച്ചു. 1958 വരെ ഈ തൊഴിൽ നടത്തി. പിന്നീട് വിദേശങ്ങളിലേക്ക് ചരക്കുകൾ കപ്പലിൽ അയച്ചു വില്പന നടത്തുക എന്ന വ്യാപാരത്തിനു വേണ്ടി അറേബ്യൻ സീഫുഡ് (Arabian Sea Food) എന്ന സ്ഥാപനം ഉണ്ടാക്കുകയും വിദേശ രാജ്യങ്ങളിലേക്ക് ചെമ്മീൻ കയറ്റുമതി ചെയ്യാൻ തുടങ്ങുകയും ചെയ്തു. അധികം താമസിയാതെ 1962 ൽ ടിന്നിലടച്ച ചെമ്മീൻ സംസ്കരിച്ചു

വിദേശത്തേയ്ക്ക് അയയ്ക്കാൻ Choice Canning Company എന്ന സ്ഥാപനം തുടങ്ങി. താൻ സ്ഥാപിച്ച സ്ഥാപനങ്ങളെ ഉയർച്ചയിൽ നിന്ന് ഉയർച്ചയിലേക്ക് എത്തിക്കാൻ തന്റെ അക്ഷീണ പരിശ്രമംകൊണ്ടും, കഠിനാധ്വാനംകൊണ്ടും തോമസിനു സാധിച്ചു. യൗവ്വനകാലത്ത് പത്തു പന്ത്രണ്ടു കൊല്ലം അനുഭവിക്കേണ്ടിവന്ന സാമ്പത്തിക അപര്യാപ്തതയിൽ നിന്നും ഉണ്ടായ ഉത്തേജനമാണ് ഈ കർമ്മധീരന്റെ ഉയർച്ചയുടെ ഉറവ. 1969 ൽ പെ. ബ. പാറക്കാട്ടിൽ തിരുമേനിയുടെ കർദ്ദിനാൾ സ്ഥാനാഭിഷേകത്തിന് തിരുമേനിയെ റോമിലേക്ക് അനുധാവനം ചെയ്തു. ഇറ്റലി, മറ്റു യൂറോപ്യൻ രാജ്യങ്ങൾ എന്നിവ സന്ദർശിച്ചു. ഇന്ത്യാ ഗവൺമെന്റിൽ നിന്നും ചെമ്മീൻ വ്യാപാര കമ്മീഷനിലെ ഒരംഗമെന്ന നിലയിൽ 1970 മെയ്മാസത്തിൽ മലയ, ഹോംകോംഗ്, ആസ്ട്രേലിയ, സിംഗപ്പൂർ, ജപ്പാൻ എന്നീ രാജ്യങ്ങളും, വ്യാപാര കേന്ദ്രങ്ങളും സന്ദർശിച്ചു. തോമസ് രോഗ ബാധിതനായിട്ടാണ് വീട്ടിൽ തിരിച്ചെത്തിയത്. രോഗം ക്ലേശകരവും വിശ്രമരഹിതവുമായ യാത്രമൂലം മൂർച്ഛിച്ചു. ഒരു ഓപ്പറേഷനെ തുടർന്ന് അദ്ദേഹം 1972 ഒക്ടോബർ മാസം 3 നു ചരമം പ്രാപിച്ചു. വിയോഗവാർത്ത അറിഞ്ഞ അന്നത്തെ ചിഫ് ജസ്റ്റീസ് ഗോവിന്ദൻ നായർ ഉൾപ്പെടെ എറണാകുളത്തും കൊച്ചിയിലുമുള്ള വളരെയധികം പ്രമുഖ സുഹൃത്തുക്കളും വീട്ടിൽ വന്നു പരേതനോടുള്ള സ്നേഹ സൗഹൃദവും, വേർപാടിലുള്ള ദുഃഖവും പ്രകടിപ്പിക്കുകയുണ്ടായി.

മക്കൾ :

1 മറിയാമ്മ (മടക്കക്കുഴി, കാഞ്ഞിരപ്പള്ളി)
2 ആണ്ടമ്മ (പിട്ടാപ്പള്ളിൽ, മൂവാറ്റുപുഴ)
3 ആനി (പൊന്നേഴത്ത്, ചേർത്തല)
4 ക്ലാരമ്മ (ചൂരക്കുറ്റിയിൽ, മിത്രക്കരി)
5 ഒ. റ്റി. അലക്സാണ്ടർ
6 മോളി (കൈതോലിൽ, പാലാ)
7 ഓമന (കടവിൽ, എറണാകുളം)
8 റ്റോം തോമസ്
9 ജോസ് തോമസ്
10 ഷീബ (മാഞ്ഞാലി, കാലടി)

## 1. ഒ. റ്റി. അലക്സാണ്ടർ (ചാണ്ടിച്ചൻ)

ചാണ്ടിച്ചൻ 1946 നവംബർ 8 ന് ജാതനായി. B. Com ബിരുദം നേടിയശേഷം പിതാവ് തുടങ്ങിവെച്ച വ്യവസായത്തിൽ ഏർപ്പെട്ടു. പിതാവിന്റെ മരണത്തിനുശേഷം Choice Canning Companyയുടെ മാനേജിംഗ് പാർട്ണറായി. 1977 ൽ National Sea Foods എന്ന സ്ഥാപനം തുടങ്ങി. Little Flower Curries & Enterprisesന്റെ ചെയർമാൻ പദവി ഏറ്റെടുത്തു. 1993 ൽ Avenue Reageny എന്ന ഹോട്ടൽ വ്യവസായം തുടങ്ങി. തുടർന്ന് 2000 ൽ Avenue Centre എന്ന സ്ഥാപനവും തുടങ്ങി. കലാരംഗത്ത് തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ചാണ്ടിച്ചൻ കഴിഞ്ഞ 3 വർഷമായി Cochin Fine Arts Societyയുടെ പ്രസിഡന്റാണ് വ്യവസായ രംഗത്ത് ഏറെ നേട്ടങ്ങൾ കൈവരിച്ച ചാണ്ടിച്ചൻ Indo American Chamber of Commerceന്റെ മാനേജിംഗ് കമ്മിറ്റി മെമ്പറാണ്. ചാണ്ടിച്ചൻ 1970 സെപ്റ്റംബർ 13 ന് കാഞ്ഞിരപ്പള്ളി പുത്തനങ്ങാടിയിൽ കെ. ജെ. ഐസക്കിന്റെയും മറിയാമ്മയുടെയും മകൾ ത്രേസ്യാമ്മയെ വിവാഹം ചെയ്തു.

മക്കൾ :
1. ബിനു (W/o വർക്കി, പാറ്റാനി, ബോംബെ)
2. ഒ. സി. തോമസ് (ബിസ്സിനസ്)
3. ഐസക്ക് അലക്സാണ്ടർ (വിദ്യാർത്ഥി)

### ഒ. സി. തോമസ്

തോമസ് 1973 മാർച്ച് 14-ാം തീയതി ജനിച്ചു. കുന്നൂറിലെയും മംഗലാപുരത്തേയും വിദ്യാഭ്യാസത്തിനുശേഷം മണിപ്പാലിൽ നിന്ന് ഹോട്ടൽ മാനേജ്മെന്റിൽ B.H.M. ബിരുദം നേടുകയും തുടർന്ന് പിതാവ് തുടങ്ങിയ Avenue Centre എന്ന സ്ഥാപനത്തിന്റെ നടത്തിപ്പ് ഏറ്റെടുക്കുകയും ചെയ്തു. ഒ. സി. തോമസ് 1998 ഏപ്രിൽ 25-ാം തീയതി കൊച്ചി കുരിശിങ്കൽ സന്തോഷിന്റെയും പുഷ്പയുടെയും മകൾ ദിവ്യയെ വിവാഹം ചെയ്തു.

### 2. റ്റോം തോമസ് (റ്റോമിച്ചൻ)

മാതാപിതാക്കളുടെ രണ്ടാമത്തെ പുത്രനായ റ്റോമിച്ചൻ 1954 ജനുവരി 5-ാം തീയതി ജനിച്ചു. വിദ്യാഭ്യാസാനന്തരം വ്യവസായ രംഗത്തേക്ക് പ്രവേശിക്കുകയും Tritee Trading Co. (P) Ltd എന്ന സ്ഥാപനം തുടങ്ങുകയും അതിന്റെ മാനേജിംഗ് ഡയറക്ടറായി പ്രവർത്തിക്കുകയും ചെയ്യുന്നു. കരിസ്മാറ്റിക് രംഗത്ത് സജീവമായി പ്രവർത്തിക്കുന്ന ഇദ്ദേഹം Infant Jesus Prayer Centreന്റെ ധ്യാനപരിപാടികൾക്ക് നേതൃത്വം നൽകുന്നു. കലാരംഗത്തും അദ്ദേഹം പ്രാഗൽഭ്യം തെളിയിച്ചിട്ടുണ്ട്. 1978 ഒക്ടോബർ 29-ാം തീയതി ചേർത്തല അന്ത്രപ്പേർ കുടുംബത്തിലെ ജോണിന്റയും സെലിനിന്റെയും മകൾ റാണിയെ വിവാഹം ചെയ്തു.

മക്കൾ :
1. തോമസ് (വിദ്യാർത്ഥി)
2. ജോൺ (വിദ്യാർത്ഥി)
3. ആൻ (വിദ്യാർത്ഥിനി)
4. അലക്സ് (വിദ്യാർത്ഥി)

### 3. ജോസ് തോമസ്

ഏറ്റവും ഇളയ പുത്രനായ ജോസ് 1955 ജൂലൈ 16 ന് ജാതനായി. വിദ്യാഭ്യാസം പൂർത്തീകരിച്ചശേഷം പിതാവിൽ നിന്നും ഉൾക്കൊണ്ട പ്രചോദനം വഴി ചെറുപ്പത്തിൽ തന്നെ ബിസിനസ്സ് രംഗത്തേയ്ക്ക് പ്രവേശിക്കുകയും വ്യവസായ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ ആരംഭിക്കുകയും ചെയ്തു. Choice Trading Co. Ltd ന്റെ ചെയർമാനും M.D. യും, Choice Canning Co. U.S.Aയുടെ പ്രൊപ്രൈറ്റർ, Choice Boys Schoolന്റെ സ്ഥാപക പ്രസിഡന്റ്, Choice Constructionന്റെ മാനേജിംഗ് ഡയറക്ടർ തുടങ്ങിയ പദവികൾ വഹിക്കുന്നു. Sea Foods Exporters Association of India യുടെ കേരളാ റീജിയന്റെ പ്രസിഡന്റ്, Cochin Steamer Agents Associationന്റെ പ്രസിഡന്റ് തുടങ്ങിയ പദവികളും വഹിച്ചിട്ടുണ്ട്.

ജോസ് 1982 സെപ്റ്റംബർ 19-ാം തീയതി കുഴുപ്പിള്ളി കിഴക്കേടത്ത് ജേക്കബിന്റെയും മറിയമ്മയുടെയും മകൾ എലിസബത്തിനെ (കുഞ്ഞുമോൾ) വിവാഹം കഴിച്ചു.

മക്കൾ : 1. പ്രിയ
2. തോമസ്
3. ദിവ്യ
4. എൽസ
5. ജേക്കബ്
(മക്കൾ എല്ലാവരും വിദ്യാർത്ഥികളാണ്)

## III. ഒ. സി. ജോസഫ് (ബേബിച്ചൻ)



തോമസിന്റെ ഇളയതാണ് ജോസഫ്. ബേബിച്ചൻ എന്ന ഓമനപ്പേരിലാണ് കുട്ടിക്കാലം മുതലെ അറിയപ്പെട്ടുവരുന്നത്. പിതാവു മരിക്കുമ്പോൾ ജോസഫിന് രണ്ടുവയസ്സുമാത്രമേ പ്രായം ഉണ്ടായിരുന്നുള്ളൂ. സ്ഥലത്തെ മലയാളം സ്കൂളുകളിലും, പിന്നീട് സെന്റ് ബർക്ക്മാൻസ് ഹൈസ്കൂളിലും പഠിച്ചു. അനന്തരം വീട്ടിൽനിന്ന് ജ്യേഷ്ഠൻ ഫിലിപ്പിന്റെയും, അമ്മയുടെയും മേൽനോട്ടത്തിൽ വർഷങ്ങൾ പിന്നിട്ടു. ജ്യേഷ്ഠൻ ഫിലിപ്പിന്റെ വ്യാപാര പ്രവർത്തനങ്ങളിൽ ശ്രദ്ധിച്ചു. ജോസഫ് വിവാഹം ചെയ്തത് ചമ്പക്കുളത്ത് പള്ളത്തുശ്ശേരി കുടുംബത്തിൽ മേരിക്കുട്ടിയെയാണ്. രണ്ടാം ലോകമഹായുദ്ധക്കാലത്ത് 1941 മുതൽ 1946 വരെ ഇന്ത്യൻ സൈന്യത്തിൽ സേവനം അനുഷ്ഠിച്ചു. സൈന്യത്തിൽനിന്നു തിരിച്ചു വന്നശേഷം ജ്യേഷ്ഠൻ തോമസിന്റെ കൊച്ചിയിലുള്ള ബിസിനസ്സിൽ കുറെക്കാലം സഹകരിച്ചു. തുടർന്ന് ചങ്ങനാശ്ശേരിയിൽ മടങ്ങിവന്നു കൃഷിയിൽ ഏർപ്പെട്ടു. ക്രമേണ ആരോഗ്യം ക്ഷയിച്ചു 1984 ൽ നിര്യാതനായി.

മക്കൾ : 1. മറിയമ്മ (മാറാട്ടുകുളം, ചങ്ങനാശ്ശേരി)
2. ശാന്തമ്മ (മാവുങ്കൽ, തോട്ടയ്ക്കാട്)

## IV. ഒ. സി. ചാണ്ടി (കുഞ്ഞൂഞ്ഞ്)



മാതാപിതാക്കൾക്ക് ഒടുവിൽ ജനിച്ച മകനാണ് ചാണ്ടി. കുഞ്ഞൂഞ്ഞെന്നാണ് വീട്ടിൽ വിളിച്ചിരുന്നത്. സ്ഥലത്ത് മലയാളം ഗവൺമെന്റ് സ്കൂളിലായിരുന്നു പ്രധാന വിദ്യാഭ്യാസം. സ്പോർട്ട്സ് മത്സരങ്ങളിലും, കളികളിലും ആവേശത്തോടെ പങ്കെടുത്തുകൊണ്ടിരുന്നു. ചാണ്ടി പട്ടണത്തിലെ പൊതു സ്പോർട്ട്സ് മത്സരങ്ങളിലും പങ്കെടുത്ത് സമ്മാനങ്ങൾ പല പ്രാവശ്യം നേടിയിട്ടുണ്ട്. ചാണ്ടി 1941 മുതൽ 1946 വരെ ഇന്ത്യൻ സൈന്യത്തിൽ സേവനം അനുഷ്ഠിച്ചു. യുദ്ധാനന്തരം റിലീസു വാങ്ങി നാട്ടിൽ തിരിച്ചെത്തി. അതിനുശേഷം കുറെ കൊല്ലം കൊച്ചിയിൽ ജ്യേഷ്ഠൻ തോമസിന്റെ കൂടെ താമസിച്ച് അദ്ദേഹത്തിന്റെ ബിസിനസ്സിൽ സഹകരിച്ചു. അതിനുശേഷം

പട്ടത്തിമുക്കിൽ ഒരു പലവ്യഞ്ജനക്കട കുറച്ചുനാൾ നടത്തി. പുളിയ്ക്കൽ ഏലിയാമ്മയെ വിവാഹം ചെയ്തു. 1970 ൽ മരണം പ്രാപിച്ചു.

ഏക മകൻ : ചാണ്ടി അലക്സാണ്ടർ

## ചാണ്ടി അലക്സാണ്ടർ (മോഹൻ)

ഒ. സി. ചാണ്ടിയുടെയും, ഏലിയാമ്മയുടെയും ഏക മകനായ മോഹൻ 1956 ൽ ജനിച്ചു. 1983 ജനുവരി 16 ന് പാലത്തിങ്കൽ തോമസിന്റയും, അന്നമ്മയുടെയും മകൾ മറിയമ്മയെ വിവാഹം ചെയ്തു. മോഹൻ ഭാര്യയോടൊത്ത് ചങ്ങനാശ്ശേരിയിൽ ഡിവൈൻ ക്ലിനിക്കൽ ലബോറട്ടറി എന്ന സ്ഥാപനം നടത്തുന്നു.

മക്കൾ :
1. ബ്ലസ്സി (ബി. എസ്. സി. നഴ്സിംഗ് വിദ്യാർത്ഥിനി)
2. ബെറ്റ്സി (വിദ്യാർത്ഥിനി)









# കൊച്ചാണ്ടി പോത്തന്റെ മൂന്നാമത്തെ മകൻ

## റവ. ഫാ. ഒ. പി. തോമസ്
## (1885-1914)



ചാണ്ടിയ്ക്ക് പിന്നാലെ 1885 ൽ ജനിച്ച തോമസ് മനോമോഹനനായി വളർന്നും പഠനത്തിൽ ഉത്സാഹിയായും തീർന്നു. ശ്രവണ മധുരമായി ഗാനാലാപനം ചെയ്തിരുന്നത് ഏവരുടെയും സ്നേഹത്തിന് വിഷയമാക്കി. കായിക വളർച്ച ശീഘ്രഗതിയിലായിരുന്നു. അതുകൊണ്ട് ബാല പ്രായംകഴിയുംമുമ്പ് നല്ല പൊക്കവും, ശരീരമുഴുപ്പുമുണ്ടായി. വിനയാന്വിതനും സൽസ്വഭാവിയുമായ മകനിൽ ഒരു വൈദികനെ മാതാപിതാക്കൾ ചെറുപ്പത്തിലേ ദർശിച്ചു. മലയാളം സ്കൂളിലെ നാലു വർഷ പഠനം കഴിഞ്ഞു ഇംഗ്ലീഷ് പഠനത്തിന് സെന്റ് ബർക്ക്മാൻസ് ഹൈസ്കൂളിൽ ചേർന്നു. അവിടെ പഠിച്ചുകൊണ്ടിരിക്കുമ്പോൾ വൈദികനാകാനുള്ള ആഗ്രഹം തീവ്രമായി. 1904 ൽ വൈദിക പഠനത്തിനായി പുത്തൻപള്ളി സെമിനാരിയിൽ ചേർന്നു. അവിടെ ഈ വൈദികാർത്ഥി അതിവേഗം പ്രസിദ്ധനായി. ആരുടെയും ശ്രവണേന്ദ്രിയങ്ങളെ പിടിച്ചെടുക്കുന്ന ഗാനപാടവമായിരുന്നു അതിനുകാരണം. സെമിനാരി വിടുന്നതുവരെയും അവിടുത്തെ ഗായകസംഘ നേതാവായി പ്രശോഭിച്ചു. 1912 ൽ തോമസ് ശെമ്മാശ്ശന്റെ പുത്തൻ കുർബ്ബാന നടന്നു. ചങ്ങനാശ്ശേരിയിൽ വന്ന് ആഘോഷമായി പുത്തൻ കുർബ്ബാന ചൊല്ലി. ബന്ധുമിത്രാദികളും ക്ഷണിക്കപ്പെട്ടവരും ചേർന്ന് ആഘോഷിച്ച ആദിനം ഭക്തിയുടെ എന്നതിൽ കവിഞ്ഞ് ആഹ്ലാദത്തിമിർപ്പിന്റെ ഒരു പ്രകടനമായിപ്പോയിയെന്ന് വിമർശനത്തിനിടയായി. കുടുംബത്തിന്റെ ശ്രേയസ്സും, രണ്ടുജ്യേഷ്ഠ സഹോദരങ്ങൾക്കുണ്ടായിരുന്ന അതുല്യ പ്രാധാന്യവും, പൂജയർപ്പിച്ച വൈദികനെപ്പറ്റിയുള്ള സമ്മതവും ഒരുമിച്ചുകൂടിയപ്പോൾ ചടങ്ങുതാനേ വലുതായി. നവ പൂജയർപ്പിക്കുന്ന വൈദികന്റെ കൈവിരലുകളിൽ മോതിരങ്ങൾ അണിയിക്കുക എന്ന കിഴ്വഴക്കം പുത്തൻ കുർബ്ബാനാഘോഷത്തിലെ ഒരു പ്രധാന ചടങ്ങാണല്ലോ. ബഹു. തോമ്മാച്ചന്റെ കൈവിരലുകളിൽ 129 പൊൻമോതിരങ്ങൾ അണിയിക്കപ്പെട്ടു. തിരിച്ചുകൊടുക്കേണ്ട ബാദ്ധ്യതയില്ലാത്ത ഈ ആഭരണം അണിയിക്കൽ വീട്ടുകാർക്കോ, വൈദികനോ ഉള്ള ഒരു മുതലാണ്. ആ പുരോഹിതനോട് ബന്ധുമിത്രാദികൾക്കും, സ്നേഹിത ഗണത്തിനും എത്രമാത്രം സ്നേഹവാത്സല്യങ്ങൾ ഉണ്ടായിരുന്നുവെന്നും അവർ അദ്ദേഹത്തിൽ എത്ര പ്രതീക്ഷവെച്ചിരുന്നുവെന്നും ഇത് സ്പഷ്ടമാക്കുന്നു.

നവപൂജാർപ്പണത്തെ തുടർന്ന് ചങ്ങനാശ്ശേരി പള്ളിയിൽ അദ്ദേഹം സേവനം അനുഷ്ഠിച്ചുവരവെ കുര്യാളശ്ശേരി പിതാവ് ചമ്പക്കുളം പള്ളിയിൽ നിയമിച്ചു. പൂർണ്ണവൈദികനായതിൽ പിന്നെ അദ്ദേഹം ശരീര വലിപ്പത്തിലും, രൂപഭംഗിയിലും പെട്ടെന്നുയർന്നു. ചമ്പക്കുളത്ത് ബഹു. തോമ്മാച്ചൻ സേവനം ചെയ്തുകൊണ്ടിരിക്കുമ്പോൾ കുര്യാളശേരി പിതാവ് റോമായാത്രയ്ക്ക് ഒരുക്കം തുടങ്ങി. തന്നെ അനുയാത്ര ചെയ്യാൻ ഒളശ്ശയിലച്ചനായാലെന്തെന്ന് അദ്ദേഹം ആഗ്രഹിച്ചു. ഏതോ കാരണവശാൽ തീരുമാനത്തിനു വ്യതിയാനമുണ്ടായി. വൈദികാന്തസ്സിൽ പ്രവേശിക്കാൻ ആഗ്രഹിച്ച മമ്പലത്ത് കോശി BALT

യെ തന്റെകൂടെ കൊണ്ടുപോയാൽ റോമിൽ പഠിപ്പിക്കാനും, വൈദികനാക്കാനും സൗകര്യമുണ്ടായിരിക്കുമല്ലോ എന്ന് വിചാരിച്ച് റോമാ യാത്രയ്ക്ക് തന്നെ അനുഗമിക്കാൻ അദ്ദേഹത്തെ നിശ്ചയിച്ചു. ചങ്ങനാശ്ശേരിയിൽനിന്നും യാത്ര പുറപ്പെട്ടപ്പോൾ ബഹു. തോമ്മാച്ചനെയും കൂട്ടത്തിൽ കൊണ്ടുപോയി. കുളമ്പിൽ നിന്നു കോഡുഡയിൽനിന്നും കപ്പൽ കയറിയപ്പോൾ യാത്രാ മംഗളങ്ങൾ നേരാൻ തന്റെ വാത്സല്യത്തിനു പാത്രമായിരുന്ന തോമ്മാച്ചൻ ഉണ്ടായിരുന്നതിൽ അദ്ദേഹം കൃതാർത്ഥനായിരുന്നു.

ഫാ. ഒ. പി. തോമസ് തിരിച്ചുവന്ന് ചമ്പക്കുളം ഇടവകയിലെ തന്റെ ജോലികളിൽ വ്യാപൃതനായി. ഒരു ദിവസം ഒരു പനിയുണ്ടായി; അതേത്തുടർന്ന് ഹൃദ്രോഗബാധയും. രോഗം അപായകരമെന്നു കണ്ടപ്പോൾ അദ്ദേഹത്തെ ചങ്ങനാശ്ശേരി പള്ളിയിൽകൊണ്ടുവന്നു അപ്പോൾ മരണം സംഭവിച്ചു. ശിരസ്സിലെ രക്തധമനികൾ പൊട്ടിയതായിരുന്നു മരണകാരണം. വലിയൊരു ജനാവലിയുടെ അകമ്പടിയോടെ ചങ്ങനാശ്ശേരി പള്ളിയിൽ സംസ്കാരം നടന്നു.

# നാലാം ഭാഗം

## കൊച്ചാണ്ടി ചാണ്ടിയും തലമുറകളും


കൊച്ചാണ്ടി ചാണ്ടി .................... 156

കൊച്ചാണ്ടി ചാണ്ടിയുടെ മൂത്ത മകൻ
ചാണ്ടി ഗീവർഗ്ഗീസ് .................... 160

കൊച്ചാണ്ടി ചാണ്ടിയുടെ രണ്ടാമത്തെ മകൻ
കൊച്ചാണ്ടി സ്കറിയാ .................... 184

# കൊച്ചാണ്ടി ചാണ്ടി
## (1843-1874)

കുരുവിള കൊച്ചാണ്ടിയുടെ ഇളയമകനാണ് കൊച്ചാണ്ടി ചാണ്ടി; മൂത്ത മകൻ കൊച്ചാണ്ടി വറീത് മുതലുപിടി ഉദ്യോഗസ്ഥനായിരുന്നു. രണ്ടാമൻ ചൗക്കപീടികയിൽ വ്യാപാരിയായി. തോമ്മാ വൈദികനായി. കൃഷിയുടെ ചുമതല ഇളയമകൻ ചാണ്ടിയ്ക്കായി. കുറുമ്പനാടത്ത് കൊല്ലം പറമ്പിൽ എന്ന ജന്മി കുടുംബത്തിലെ മറിയാമ്മ (മാമ്മി) യെയാണു വിവാഹം കഴിച്ചത്. ആ വീട്ടിൽ പഴക്കമേറിയ ഒരു വരിയോലക്കെട്ടു സൂക്ഷിച്ചിരുന്നു അതിൽ നാലു നൂറ്റാണ്ടു മുമ്പുവരെയുള്ള ചരിത്രം രേഖപ്പെടുത്തിയിരുന്നു. പക്ഷെ ആ ഗൃഹത്തിലേക്കു കടന്നു ചെല്ലാൻ കല്ലും ചരലും നിറഞ്ഞ ഒറ്റയടിപ്പാതമാത്രമാണുണ്ടായിരുന്നത്. ഭാര്യാസഹോദരന് ആറു പ്രാവശ്യം പാമ്പുകടിയേറ്റിട്ടുണ്ടെന്നു പറയുന്നതിൽ കഴമ്പുണ്ട്. അന്ന് യാത്രാക്ലേശം ആർക്കും പ്രശ്നമായിരുന്നില്ല. വാഹനം നോക്കിനിൽക്കുന്ന രീതിയും ഉണ്ടായിരുന്നില്ല.

ഇളയയാൾക്കു വീടെന്ന നസ്രാണി ആചാരം വെടിഞ്ഞ് ചാണ്ടി ഉമ്പിഴിച്ചിറക്കരയിലെ തോപ്പിൽ പുരയിടത്തിൽ താമസിച്ചു. ഉമ്പിഴിച്ചിറ, കുന്നക്കാട്, പായിപ്പാട്, കിടങ്ങറ ഭാഗങ്ങളിലെ ഒളശ്ശ കുടുംബം വക ഭൂമി അങ്ങനെ സംരക്ഷിക്കപ്പെട്ടു. എന്നാലദ്ദേഹത്തിന്റെ അകാലനിര്യാണം ഒളശ്ശ കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയെ ഉലച്ചു.

മുപ്പത്തിമൂന്നാമത്തെ വയസിൽ ഹൃദയസ്തംഭനം മൂലമാണദ്ദേഹം മരണമടഞ്ഞത്. പുകയില മുറുക്കുന്നതിനുവേണ്ടി അരിഞ്ഞുകൂട്ടി ഒരു കുപ്പിയിലാക്കി മണപ്പിച്ചു നോക്കി. പെട്ടെന്നു പുറകോട്ടു മലന്നു. ഒരയൽക്കാരൻ താങ്ങി. അദ്ദേഹത്തിന്റെ കൈകളിൽ അന്ത്യശ്വാസം വലിച്ചു. ഞൊടിവാതമെന്നാണ് അന്നത്തെ ഭിഷഗ്വരന്മാർ അതിനു പേരുനൽകിയത്.

കാന്തിവിതറുന്ന അവയവകാന്തി കൊച്ചാണ്ടി ചാണ്ടിയുടെ നേട്ടമായിരുന്നു. ഒരിക്കലൊരു ബ്രാഹ്മണൻ അദ്ദേഹത്തെക്കണ്ട് "രാജജന്മം പക്ഷെ ആയുസ്സില്ല" എന്നു പറഞ്ഞത് നാട്ടുകാരോർമ്മിച്ചു. മൂത്തമകൻ ഗീവർഗ്ഗീസിന് അന്ന് 7 വയസ്സുമാത്രമായിരുന്നു പ്രായം.

മക്കൾ :

1. ചാണ്ടി ഗീവർഗ്ഗീസ്
2. ചാണ്ടി സ്കറിയാ
3. അന്നമ്മ

അന്നമ്മയെ മണ്ണരുവീട്ടിൽ (പാലാ-ചേർപ്പുങ്കൽ) വിവാഹം ചെയ്തയച്ചു. സ്കറിയാ വിവാഹത്തിനു മുമ്പ് അകാല ചരമം പ്രാപിച്ചു. ഗീവർഗ്ഗീസ് മാത്രം കുടുംബത്തിൽ ശേഷിച്ചു.

# കൊച്ചാണ്ടി ചാണ്ടിയുടെ മൂത്തമകൻ ചാണ്ടി ഗീവർഗ്ഗീസ് (7-ാം തലമുറ)

(ഭാര്യ : മറിയാമ്മ, ചെന്നക്കാട്ട്, ആലപ്പുഴ)

*മക്കൾ* :
- **I.** ഒ. വി. ചാണ്ടി
- **II.** ഒ. വി. പോത്തൻ
- **III.** ഒ. വി. മാത്യു
- **IV.** റവ. ഫാ. അലക്സാണ്ടർ ഒളശ്ശയിൽ
- **V.** ഒ. വി. ഔതക്കുട്ടി
- **VI.** ഒ. വി. വർഗ്ഗീസ്
- **VII.** ഒ. വി തോമസ്
- **VIII.** മറിയാമ്മ പോത്തൻ, പുന്നത്തുശ്ശേരി കാപ്പിൽ കോയിപ്പള്ളിൽ, പുളിങ്കുന്ന്
- **IX.** അന്നമ്മ ചാക്കോ, മൂലംകുന്നത്ത്, വേഴപ്ര
- **X.** ത്രേസ്യാമ്മ ആന്റണി, വല്യവീട്ടിൽ, ചമ്പക്കുളം

| *8-ാം തലമുറ* | *9-ാം തലമുറ* | *10-ാം തലമുറ* | *11-ാം തലമുറ* |
|---|---|---|---|

**I.** ഒ. വി. ചാണ്ടി, (യൗവ്വന മരണം)

**II.** ഒ. വി. പോത്തൻ

(ഭാര്യ : ഏലിയാമ്മ, വെട്ടുപറമ്പിൽ, മുട്ടാർ)

*മക്കൾ* :

**1.** ഒ. പി. ജോസഫ്

(ഭാര്യ : ലൈലാമ്മ, വള്ളിക്കുന്നേൽ, ചിറക്കടവ്)

*മക്കൾ* :

**1.** ലൈജോ

ഭാര്യ : മിനി, വെട്ടുകാട്ട്

**2.** ലിൻജോ

**2.** ഒ. പി. ചാണ്ടിച്ചൻ

(ഭാര്യ : ലില്ലിക്കുട്ടി, കുത്തുകല്ലുങ്കൽ, വായ്പൂർ)

*മക്കൾ* :

**1.** ഫിലിപ്പ്

**2.** എലിസബത്ത്, പാലയ്ക്കൽ, മൂത്തേരിൽ

**3.** ത്രേസ്യാമ്മ ജോസ്, കല്ലുകുളം, ചങ്ങനാശ്ശേരി

**4.** മറിയമ്മ ജോസഫ്, കണ്ടത്തിൽ, ചങ്ങനാശ്ശേരി

**5.** റോസമ്മ പൗലോസ്, പ്ലാംമൂട്ടിൽ, ചങ്ങനാശ്ശേരി

**III.** ഒ. വി. മാത്യു

(ഭാര്യ : മറിയാമ്മ, കൊച്ചുപാലത്തിങ്കൽ, പുളിങ്കുന്ന്)

*മക്കൾ* :

**1.** ജോർജ് മാത്യു

(ഭാര്യ : മറിയമ്മ, വാച്ചാപറമ്പിൽ, പുളിങ്കുന്ന്)

*മക്കൾ* :

**1.** ഒ. വി. മാത്യു

(ഭാര്യ ലത, തൈപറമ്പിൽ, കോന്നി)

മകൾ: മറിയം മാത്യു

| *8-ാം തലമുറ* | *9-ാം തലമുറ* | *10-ാം തലമുറ* | *11-ാം തലമുറ* |
|---|---|---|---|

**2.** മീരാ വിവിയൻ, നെടുമ്പാറ
**3.** മിനി ലൂക്കോസ്, കൊടുവത്തറ
**4.** മായാ ഷാജി, പാലത്തിങ്കൽ

**2.** തങ്കമ്മ **(W/o** കെ. ജെ. വർക്കി, മൂവാറ്റുപുഴ**)**
**3.** കുഞ്ഞമ്മ **(W/o** ജോസഫ്, മഞ്ഞില**)**
**4.** സിസിലിയാമ്മ **(W/o** കുഞ്ചെറിയ, പുത്തൻപുരയ്ക്കൽ, പുളിങ്കുന്ന്**)**
**5.** കുഞ്ഞന്നാമ്മ **(W/o** ബേബിച്ചൻ, പുതുമന, പാല**)**

**IV.** റവ. ഫാ. അലക്സാണ്ടർ ഒളശ്ശയിൽ

**V.** ഒ. വി. ഔതക്കുട്ടി
(*ഭാര്യ :* കുഞ്ഞമ്മ, കല്ലുകുളം)
*മക്കൾ :*
**1.** ജോർജുകുട്ടി ജെ. ഒളശ്ശ
(ഭാര : അമ്മുക്കുട്ടി, ആന്താലിൽ, പത്തനംതിട്ട)
*മക്കൾ :*
**1.** ജോസൻ ജി. ഒളശ്ശ
(*ഭാര്യ :* ആൻസി, പീടികയിൽ)
*മക്കൾ :*
**1.** മേഘാ
**2.** മെറിൻ
**2.** അലക്സ് ജി. ഒളശ്ശ
**3.** റോസിലിൽ, വെട്ടുകാട്
**2.** മറിയമ്മ, പൊങ്ങാന്തറയിൽ
**3.** ഡോ. ആൻ (അവിവാഹിത)
**4.** ജോസ് ജെ. ഒളശ്ശ
(*ഭാര്യ :* മേരിമ്മ, മങ്കാട്ടുപറമ്പിൽ, വൈക്കം)
*മകൻ :* ജിജോ
**5.** ട്രേസി, പറമ്പത്തൂർ, ചെങ്ങന്നൂർ
**6.** ജെ. ഫിലിപ്പ്സ്
(*ഭാര്യ :* ത്രേസ്യാമ്മ, മാറാട്ടുകുളം, ചങ്ങനാശ്ശേരി)
*മക്കൾ :*
**1.** അജയ്
**2.** അൻസു
**3.** വിജയ്
**7.** ബോബൻ ജെ. ഒളശ്ശ
(*ഭാര്യ :* മറിയമ്മ, ചെത്തിമറ്റം)
*മക്കൾ :*
**1.** മൊബിൻ
**2.** റ്റാബിൻ
**8.** ലെജി, പയ്യപ്പിള്ളി, ഞാറയ്ക്കൽ

| *8-ാം തലമുറ* | *9-ാം തലമുറ* | *10-ാം തലമുറ* | *11-ാം തലമുറ* |
|---|---|---|---|

**VI. ഒ. വി. വർഗ്ഗീസ്**

(*ഭാര്യ :* റോസക്കുട്ടി, കരിക്കംപള്ളി, എടത്വ)

*മകൾ :* **മേരിമ്മ, (W/o പോൾസൺ C.A., വെള്ളാനിക്കാരൻ, ചാലക്കുടി)**

**VII. ഒ. വി. തോമസ്**

(*ഭാര്യ :* ഏലിയാമ്മ, കാരിക്കുഴിനാൽപ്പതിൽ, ചെറുകര)

*മക്കൾ :*

1. **ജോർജ് തോമസ്**
   (*ഭാര്യ :* കുഞ്ഞുമോൾ, ചേമ്പാലേത്തുനെടിയകാലയിൽ, പത്തനംതിട്ട)
   *മക്കൾ :*
   1. **ബിജു**
      (*ഭാര്യ :* ഷീബ, പീലിക്കുഴിയിൽ)
      *മകൾ :* **റൂത്ത് സാറാ തോമസ്**
   2. **ബിനു**
      (*ഭാര്യ :* സ്മിത, തെക്കേക്കര)
   3. **ബിന്ദു, കരിമറ്റം, ചങ്ങനാശ്ശേരി**
   4. **ബിൻസി, പാലക്കുഴിയിൽ, മൂവാറ്റുപുഴ**
2. **മറിയമ്മ, ഞാവള്ളിയിൽ**
3. **എലിസബത്ത്, പുത്തനങ്ങാടി**
4. **അന്നമ്മ, പുലിക്കുന്നേൽ**
5. **അലക്സ് റ്റി. ഒളശ്ശയിൽ**
   (*ഭാര്യ :* സൂസമ്മ, ആന്നിയിൽ, ചാരുമ്മൂട്)
   *മക്കൾ :*
   1. **ടോണി**
   2. **റ്റീനാ**
   3. **നിറ്റി**
6. **റവ. ഫാ. മാത്യൂ ഒളശ്ശയിൽ**
7. **തോമസ്സുകുട്ടി ഒളശ്ശ**
   (*ഭാര്യ :* ജസിയമ്മ, മറ്റം, കുറവിലങ്ങാട്)
   *മക്കൾ :*
   1. **നീതു.**
   2. **നിജിത്ത്**
8. **കുര്യച്ചൻ ഒളശ്ശയിൽ**
   (*ഭാര്യ :* ഷീബാ, ചള്ളവയലിൽ, ഈരാറ്റുപേട്ട)
   *മക്കൾ :*
   1. **ലിസ്സ് മരിയ**
   2. **ജോർജ്**
   3. **മരിയ എലിസബത്ത്**
   4. **സേവ്യർ**

**VIII. മറിയാമ്മ**

**IX. അന്നമ്മ**

**X. ത്രേസ്യാമ്മ**

# ചാണ്ടി ഗീവർഗ്ഗീസ്
## (1867-1945)



ചാണ്ടി ഗീവർഗ്ഗീസും കുടുംബവും
*ഇരിക്കുന്നവർ (ഇടത്തുനിന്ന്)* **:** മാമ്മി, അന്നമ്മ, ചാണ്ടി ഗീവർഗ്ഗീസ്, റവ. ഫാ. അലക്സാണ്ടർ, ഗീവർഗ്ഗീസിന്റെ ഭാര്യ മറിയാമ്മ, ത്രേസ്യാമ്മ
*നിൽക്കുന്നവർ (ഇടത്തുനിന്ന്)* **:** പോത്തൻ, മാത്യു, ഔതക്കുട്ടി, വർഗ്ഗീസ്, തോമസ്

തന്റെ തറവാട്ടിൽനിന്നും അരമൈലോളം കിഴക്കുമാറി ഉമ്പിഴിച്ചിറ എന്ന ഭാഗത്ത് തോപ്പിൽ പുരയിടത്തിൽ വലിയ മുതലുപിടിക്കാരൻ കുരുവിള കൊച്ചാണ്ടിയുടെ മകൻ കൊച്ചാണ്ടി ചാണ്ടി വാസമുറപ്പിച്ച സംഭവം ഇതിനുമേൽ പറഞ്ഞിട്ടുള്ളതാണ്. കൊച്ചാണ്ടി ചാണ്ടിയുടെ അനന്തരാവകാശിയായി തോപ്പിൽ വീട്ടിൽ അവശേഷിച്ച ഏക പുരുഷാംഗമാണ് ചാണ്ടി ഗീവർഗ്ഗീസ്. വർഗ്ഗീസിന്റെ അനുജനായി സ്കറിയാ എന്നപേരോടുകൂടി മറ്റൊരംഗംകൂടി ഉണ്ടായിരുന്നത് യൗവ്വനപ്രായത്തിലെത്തും മുൻപ് മൃതനായിപ്പോയി. പിതാവ് തോപ്പിൽ വീട്ടിൽ വന്നശേഷം പെട്ടെന്ന് മരിച്ചു. തന്മൂലം വിധവയായ മാതാവിന്റെ ഏഴു വയസ്സിനുതാഴെയുള്ള മൂന്നു കുട്ടികളുമായുള്ള പൊറുപ്പ് സുരക്ഷിതമല്ലെന്ന് പേരപ്പന്മാർക്ക് ആശങ്കയായി ഇത് പരിഹരിക്കാൻ മൂത്തപേരപ്പൻ കൊച്ചാണ്ടി വറീതിന്റെ മൂത്തമകൻ വർഗ്ഗീസ് ചാണ്ടിയും ഭാര്യയും തോപ്പിൽ വീട്ടിൽവന്ന് താമസിക്കട്ടെയെന്ന് നിർദ്ദേശമുണ്ടായി അതനുസരിച്ച് അവർ സഹായികളായി കൂട്ടുതാമസത്തിന് തോപ്പിൽ വീട്ടിൽ വന്നു. അപ്പോൾ ഗീവർഗ്ഗീസിന് ഏഴു വയസ്സാണ് പ്രായം. പേരപ്പൻന്മാരുടെയും ഈ ജ്യേഷ്ഠന്റെയും മേലന്വേഷണത്തിലായിരുന്നു പിന്നീടുള്ള ചെറുകുടുംബത്തിന്റെ വളർച്ച. ഗീവർഗ്ഗീസ് എന്ന പേര് പണ്ടുകാലത്ത് ഗ്രീക്കുകാരുടെയിടയിൽ പരന്നിരുന്നുവെന്ന് പറയപ്പെടുന്നു. അതായിരിക്കാം

ഈ പേരുവ്യത്യാസത്തിന്റെ കാരണം. ഔദ്യോഗിക രംഗങ്ങളിലാണ് ഈ പേരുപയോഗിച്ചിരുന്നത്. ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും മദ്ധ്യേ അറിയപ്പെട്ടിരുന്നത് ഈ പേര് ലോപിച്ച് മറ്റു ചിലപേരുകളിലായിരുന്നു. ഗിരീസാ, ഗിരീസ്സ്, ഗിയാമ്മ ഇങ്ങനെ പലതായി ഗീവർഗ്ഗീസ് എന്നു പേരു ചുരുങ്ങി.

ഗീവർഗ്ഗീസ് ചെറുപ്രായം മുതലെ തറവാട്ടിലെ പ്രമാണങ്ങളിലും സ്വത്തുക്കളുടെ ഇടപാടുകാര്യങ്ങളിലും ഉൾപ്പെടേണ്ടിവന്നു. ചങ്ങനാശ്ശേരി ലക്ഷ്മീപുരത്തു കൊട്ടാരത്തിൽനിന്ന് പിതാക്കന്മാർ മലയാള വർഷം 1049-ാം മാണ്ട് വാങ്ങിയയൊരു കൈവായ്പ രേഖയിലാക്കി 1054 ൽ പുതുക്കിയെഴുതികൊടുത്തതിൽ ഗീവർഗ്ഗീസ് 13 വയസ്സുള്ളപ്പോൾ ഒരുകക്ഷിയായി കയ്യൊപ്പ് രേഖപ്പെടുത്തി. പേരപ്പൻ കൊച്ചാണ്ടി വറീതും അദ്ദേഹത്തിന്റെ പിതാവും കൂടി സമ്പാദിച്ച സ്വത്ത് ഗീവർഗ്ഗീസുമായി പങ്കുവയ്ക്കുന്നതിനുവേണ്ടി കൊച്ചാണ്ടി വറീത് ഒരു ഭാഗ ഉടമ്പടി 1059 കർക്കടക മാസം 25 ന് രജിസ്റ്റർ ചെയ്തു. ഗീവർഗ്ഗീസിന്റെ പിതാവ് കൊച്ചാണ്ടി ചാണ്ടിയുടെ ശാഖയ്ക്ക് അവരുടെ അവകാശം പൂർണ്ണാവകാശത്തോടെ വിട്ടുകൊടുക്കാനായിരുന്നു ഈ രേഖ നിർമ്മിച്ചത്. ഇതിലും ഗീവർഗ്ഗീസ് രജിസ്ട്രാറുടെ മുൻപിൽ ഒപ്പു ചാർത്തി. 17 വയസ്സായിരുന്നു അപ്പോൾ പ്രായം. ഇതുമുതൽ മൈനറായ ഗീവർഗ്ഗീസിന്റെയും വിധവയായ അമ്മയുടെയും നേരിട്ടുള്ള ചുമതലയിലായിത്തീർന്നു. കുടുംബപാലനവും, വസ്തുക്കളുടെ അന്വേഷണവും. വിദ്യാനിലവാരത്തിന് ഉയർച്ചയേകാൻ സാഹചര്യങ്ങൾ അനുകൂലമായിരുന്നില്ല. സ്ഥലത്ത് ഇംഗ്ലീഷ് ഭാഷാ പഠനം സാദ്ധ്യമായിരുന്നില്ല തന്റെ ബാല്യകാലത്ത് ലഭ്യമായ മലയാള ഭാഷാ ജ്ഞാനവും അല്പം തമിഴുംകൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു. എന്നാൽ സ്വകീയ പാരായണാസക്തി, കിട്ടിയ അറിവു വളർത്താനും വിപുലമാക്കാനും സഹായിച്ചു. ക്രൈസ്തവ ഗ്രന്ഥങ്ങളിലും പഴയതും പുതിയതുമായ ബൈബിളിലും ഇദ്ദേഹത്തിന് മതിയായ അവഗാഹം കരഗതമാക്കാൻ വായനാശീലം വഴിയൊരുക്കി. ഏതു ചുറ്റുപാടുകളിലാണ് ഇദ്ദേഹം ഉമ്പിഴിച്ചിറ ഭാഗത്ത് തോപ്പിൽ പുരയിടത്തിൽ വന്നതെന്നറിയുമ്പോൾ ഇന്നത്തെ ചങ്ങനാശ്ശേരി പട്ടണത്തിന്റെ പുരോഗതിയിൽ നാം അത്ഭുതപ്പെടും. അന്ന് തകിടിയും കാടുമായിരുന്നു തോപ്പിൽ പുരയിടം മുതൽ കിഴക്കോട്ടുള്ള ഈ പ്രദേശമെല്ലാം. ക്രൂരമൃഗങ്ങൾ വിഹരിച്ചിരുന്നു. തോപ്പിൽ പുരയിടം പക്ഷികൾ കൂട്ടമായി ചേക്കേറുന്ന വൻ വൃക്ഷനിബിഡമായിരുന്നതിനാലാണ് തോപ്പിൽ എന്ന പേരുണ്ടായത്. 21-ാമത്തെ വയസ്സിൽ വിവാഹാന്തസ്സിൽ പ്രവേശിച്ചു. ജീവിത സഹയാത്രക്കാരിയായി വരണമാല്യം അണിയിച്ചത് ആലപ്പുഴയിൽ പുരാതനമായ തെങ്ങുംമൂട്ടിൽ ചെന്നക്കാട്ടുവീട്ടിൽ ശൗര്യാരിന്റെയും, തോട്ടയ്ക്കാടു ചോതിരക്കുന്ന് തറവാട്ടിൽ അന്നമ്മയുടെയും ഏക പുത്രിയായ മറിയാമ്മയെയാണ്.

സമൂഹത്തിനും സഭയ്ക്കും വേണ്ടി പോരാടിയ പിതാക്കന്മാരുടെയും മറ്റുചില സഹോദരങ്ങളുടെയും വഴിയിലൂടെ ബഹുദൂരം ഇദ്ദേഹം സഞ്ചരിച്ചു തന്നെ ഏല്പിക്കുന്ന ചുമതലകൾ ധൈര്യമായും മനസാക്ഷിപ്രകാരവും ചെയ്തു. ആരുടെയും മുഖംനോക്കിയിരുന്നില്ല. പലപ്രാവശ്യം ചങ്ങനാശ്ശേരി പള്ളിയുടെ കൈക്കാരനായും പള്ളിയെ സേവിച്ചു. ചങ്ങനാശ്ശേരിപള്ളി മുതലിച്ച ചിട്ടിപിടിച്ച പലരും തവണകൾ അടയ്ക്കാതെ കഴിച്ചുകൂട്ടാൻ വ്യഗ്രത കാട്ടി. ഗീവർഗ്ഗീസ് ഒടുവിൽ കൈക്കാരനായിരുന്ന കാലത്ത് വേണ്ട നിയമ നടപടികൾ എടുത്തു. അതിൽ വലിയ പങ്കും വസൂലാക്കി. ചങ്ങനാശ്ശേരി മെത്രാന്മാരായിരുന്ന ഡോ. ലവീഞ്ഞ് മുതൽ കാളാശ്ശേരി പിതാവ് വരെയുള്ളവർ ഇദ്ദേഹത്തിന്റെ കഴിവിലും നേതൃത്വഗുണങ്ങളിലും വിശ്വസിച്ചു. കോട്ടയം മെത്രാനായി ആദ്യം നിയമിക്കപ്പെട്ട മാത്യു

മെത്രാൻ ഗീവർഗ്ഗീസിനോട് തികഞ്ഞ മതിപ്പ് പ്രകടിപ്പിച്ചിരുന്നു. അദ്ദേഹം കോട്ടയം മെത്രാനായി നിയമിക്കപ്പെട്ട് കോട്ടയത്തെത്തിയപ്പോൾ ഗീവർഗ്ഗീസ് അദ്ദേഹത്തെ കാണാൻ പോയിരുന്നു ഡോ. ലവീഞ്ഞ് മെത്രാനെതിരായി ചങ്ങനാശ്ശേരിയിലെ ഒരുകൂട്ടം വിശ്വാസികൾ ബഹളങ്ങൾ ഇളക്കിവിടുകയും വ്യക്തിപരമായി അദ്ദേഹത്തെ അധിക്ഷേപിക്കുകയും ചെയ്ത കാലത്ത് ആ തിരുമേനിക്ക് താങ്ങും ആശ്വാസവുമായി നിന്നവരുടെ കൂട്ടത്തിലെ മുന്നണി പടയാളിയായിരുന്നു ഈ വിശ്വാസി. എവിടെയും ഗീവർഗ്ഗീസ് ശൂരത്വമുള്ള പൗരുഷത്തോടെ കർമ്മ വീരനായി ജീവിതകാലം മുഴുവൻ സ്വയം കഴിഞ്ഞു. മറിയാമ്മയാണ് ആദ്യം അന്തരിച്ചത് മരിക്കുമ്പോൾ 67 വയസ്സായിരുന്നു. ഒരു ദിവസമേ മരണക്കിടക്കയിൽ കിടക്കേണ്ടിവന്നുള്ളൂ. മരണാസന്ന സമയത്തുള്ള കൂദാശകൾ കൊടുത്തത് ഒളശ്ശയിൽ ഒട്ടത്തിൽ (വടക്കേവീട്ടിൽ) ബഹു. ഔതച്ചനാണ്. അവസാന നിമിഷത്തിൽ ആ വൈദികൻ യാദൃച്ഛികമായാണ് ആ മരണാസന്നയുടെ കിടക്കരുകിൽ ആഗതനായത്. വെള്ളിയാഴ്ച ദിവസമായിരുന്നു അന്ന് അപ്പോൾ വൈദികനായ മകൻ പോണ്ടിച്ചേരി മിഷനിലെ ഒരു പള്ളിയിൽ വികാരിയായിരുന്നു. ഒരു മകൻ എങ്കിലും വൈദികനാകണമെന്ന് തീവ്രമായി പ്രാർത്ഥിച്ചു കിട്ടിയ ഫലമായിരുന്നു ഈ വൈദികൻ. ശവസംസ്കാരത്തിനെങ്കിലും വന്നെത്താൻ സാധിക്കുമെന്ന് ആരും പ്രതീക്ഷിച്ചില്ല. മരണ വിവരം കമ്പി മുഖേന അദ്ദേഹത്തെ അറിയിച്ചു. വാഹനങ്ങളില്ലാത്ത തമിഴ് നാട്ടിലെ കുഗ്രാമത്തിൽ നിന്ന് ചങ്ങനാശ്ശേരിലെത്തുക എത്രയോ ദുഷ്ക്കരമാണ്. അമ്മയുടെ ജഡവുമായി ചങ്ങനാശ്ശേരി പള്ളിയിലേക്ക് വീട്ടിൽ നിന്നിറങ്ങി വീട്ടുപുരയിടത്തിന്റെ അതിർത്തിയിലെത്തിയപ്പോൾ അദ്ദേഹം സ്ഥലത്തെത്തി. തന്റെ പ്രിയപ്പെട്ട അമ്മച്ചിയുടെ സംസ്കാരശുശ്രൂഷയുടെ പ്രധാന കാർമ്മികത്വം വഹിക്കാൻ അദ്ദേഹത്തിനു ഭാഗ്യം കിട്ടി. അധികകാലം കഴിയുംമുൻപ് 1945 ൽ (മാർച്ച് മാസം) ഗീവർഗ്ഗീസ് അന്തരിച്ചു. നാലഞ്ചു കൊല്ലം വാതരോഗിയായി ഇദ്ദേഹത്തിന് അവശതയിൽ കഴിയേണ്ടിവന്നു. സുബോധത്തോടെയാണ് മരണത്തെ വരിച്ചത്. പള്ളി സിമിത്തേരിയിൽ ശവസംസ്കാരം നടന്നു. തന്റെ പിതാക്കളെ അടക്കിയ നിരയിൽതന്നെയാണ് ഇദ്ദേഹത്തേയും സംസ്കരിച്ചത്. ഒളശ്ശ കുടുംബത്തിലെ അച്ചന്മാരായ ബഹു. കുര്യച്ചനും ബഹു. ഔതച്ചനും മുഖ്യകാർമ്മികരായിരുന്നു. പോണ്ടിച്ചേരി മിഷനിൽ സേവനമനുഷ്ഠിച്ചുകൊണ്ടിരുന്ന മകൻ ബഹു. അലക്സാണ്ടറച്ചനു പിതാവിന്റെ സംസ്കാരച്ചടങ്ങിൽ പങ്കുചേരാൻ സാഹചര്യം ലഭിച്ചില്ല.

ആൺ മക്കൾ :
1. ചാണ്ടി
2. പോത്തൻ
3. മാത്യു
4. റവ. ഫാ. അലക്സാണ്ടർ
5. ഔതക്കുട്ടി
6. വർഗ്ഗീസ്
7. തോമസ്

പെൺ മക്കൾ
1. മാമ്മിയെ (മറിയം) പുളിങ്കുന്ന്, പുന്നത്തുശ്ശേരി കാപ്പിൽ കോയിപ്പള്ളി വർക്കി പോത്തൻ വിവാഹം ചെയ്തു.
2. അന്നമ്മയെ വേഴപ്രാ മൂലംകുന്നത്തു പുത്തൻപുരയിൽ ജോസഫ് ചാക്കോ വിവാഹം ചെയ്തു.
3. ത്രേസ്യാമ്മയെ ചമ്പക്കുളത്തു വല്ല്യവീട്ടിൽ അന്റണിയാണ് വിവാഹം ചെയ്തത്.

# I. ഒ. വി. പോത്തൻ



മൂത്ത ജ്യേഷ്ഠൻ ചാണ്ടിക്കും ശേഷം മറ്റൊരു ശിശു മരിച്ചശേഷം 1894 ൽ പിറന്ന മകനാണ് പോത്തൻ. ചങ്ങനാശ്ശേരിയിലായിരുന്നു ഹൈസ്കൂൾ വിദ്യാഭ്യാസം കിഴക്കൻ പ്രദേശങ്ങളിൽ അന്നുണ്ടായിരുന്ന ഒരു തോട്ടത്തിൽ ജോലി നേടി. റോഡുകൾ ഒന്നും ഇല്ലായിരുന്ന സ്ഥലത്ത് കഷ്ടപ്പെട്ട് എത്തി. പക്ഷെ പതിനഞ്ചു ദിവസമേ അവിടെ ജോലിനോക്കിയുള്ളു. പിന്നീട് തന്റെ അമ്മയുടെ ജന്മസ്ഥലമായ ആലപ്പുഴയ്ക്ക് യാത്രയായി. ആലപ്പുഴയിൽ പ്രവർത്തിച്ചുവന്ന ഡേ. റോസ്മിൽ എന്ന കമ്പനിയിൽ കുറെനാൾ ജോലി നോക്കി. പിന്നീട് ഒരു പങ്കുകാരനെ ഉൾപ്പെടുത്തി ഒരു പ്രൊവിഷൻസ് ഷോപ്പ് ആലപ്പുഴയിൽ തുറന്നു. എന്നാൽ അതും പരാജയപ്പെട്ടു. ഇതിനിടയ്ക്ക് പ്ലാന്റേഷൻ വ്യവസായത്തിലൂടെ ഉയരാൻ വേണ്ടി മലബാറിൽ കുറെ സ്ഥലം വിലയ്ക്കെടുത്തു കശുമാവിൻ തോട്ടം വെച്ചു പിടിപ്പിച്ചു. പുൽതൈല കൃഷിയും പരീക്ഷിച്ചു നോക്കി. വിപൂലമായ കുടിയേറ്റം പിന്നീടാണുണ്ടായത് അത് വിറ്റു കളയേണ്ടിവന്നു. ആലപ്പുഴയിൽ വ്യവസായ ശാലകളിൽ പണിയെടുത്തു താമസിക്കുന്ന കാലത്ത് മുട്ടാറ്റിൽ സ്രാംമ്പിക്കൽ തറവാട്ടിൽ വെട്ടുപറമ്പിൽ വീട്ടിൽ ഏലിയാമ്മയെ വിവാഹം ചെയ്തു. കുടുംബമായി കുറെകൊല്ലങ്ങൾ ആലപ്പുഴയിൽ വസിച്ചു. പിന്നീട് ചങ്ങനാശ്ശേരിയിൽ സ്വന്തം കുടുംബത്തിലേക്ക് വാസം മാറ്റി. തുടർന്ന് ഏതാനും കൊല്ലം കൂടി ജോലിനോക്കി. 1945 ൽ പിതാവ് മരിക്കുന്നതിനു മുൻപ് 1939 ൽ മാതാവു മരിച്ചതിനാൽ കുടുംബത്തിൽ എത്തി കൃഷി കാര്യാദികൾ അന്വേഷിച്ചും സ്വന്തമായ ചില വ്യാപാരങ്ങൾ നടത്തിയും പത്തുകൊല്ലത്തിലധികം കഴിച്ചു കൂട്ടി. 1950 ജൂലൈ 22 ന് ഇദ്ദേഹം സ്വർഗ്ഗസമ്മാനത്തിന് വിളിക്കപ്പെട്ടു. ഭാര്യ ഏലിയാമ്മ 1993 ൽ മരണമടഞ്ഞു

മക്കൾ :
1. ത്രേസ്യാമ്മ ( W/o ജോസ്, കല്ലുകുളം, ചങ്ങനാശ്ശേരി)
2. മറിയമ്മ ( W/o ജോസഫ്, കണ്ടത്തിൽ, ചങ്ങനാശ്ശേരി)
3. ഔസേപ്പച്ചൻ
4. ചാണ്ടിച്ചൻ
5. റോസമ്മ ( W/o പൗലോസ്, പ്ലാംമൂട്ടിൽ, ചങ്ങനാശ്ശേരി)

## 1. ഒ. പി. ജോസഫ് (ഔസേപ്പച്ചൻ)

മൂത്തപുത്രനായ ഔസേപ്പച്ചൻ 1942 മെയ് 5 ന് ജാതനായി. ആദ്യകാലങ്ങളിൽ ഏഴു വർഷത്തോളം റേഡിയോ മെക്കാനിക്ക് ആയി ജോലി ചെയ്യുകയും, തുടർന്ന് നാലര വർഷം ഗൾഫിൽ ജോലി നോക്കുകയും ചെയ്തു. അതിനുശേഷം TATA കമ്പനിയുടെ ചെന്നൈ, ഹൈദരബാദ്, ബാംഗ്ലൂർ, ജംഷഡ്പൂർ എന്നിവിടങ്ങളിൽ ജോലി നോക്കി. Pastor Centre Church ന്റെ സെക്രട്ടറിയായും സേവനം അനുഷ്ഠിക്കുന്നു. ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയിലെ കൈക്കാരനായി ഔസേപ്പച്ചൻ 2003 മാർച്ചിൽ തെരഞ്ഞെടുക്കപ്പെട്ടു. 1968

മെയ് 29 ന് ചിറക്കടവ് വള്ളിക്കുന്നേൽ ഏബ്രഹാമിന്റെയും ക്ലാരമ്മയുടെയും മകൾ ലൈലാമ്മയെ വിവാഹം ചെയ്തു.

മക്കൾ :
1. ലൈജോ (പോത്തച്ചൻ)
2. ലിൻജോ (അവറാച്ചൻ)

### 1. ലൈജോ ജോസഫ് (പോത്തച്ചൻ)

ലൈജോയുടെ ജനനം 1971 ജൂലൈ 19 ന്. സ്കൂൾ വിദ്യാഭ്യാസം ചങ്ങനാശ്ശേരി എസ്. എച്ച്. സ്കൂളിൽ. എസ്. ബി. കോളേജിൽ നിന്ന് B. Sc. ബിരുദം നേടിയശേഷം ഭുവനേശ്വർ, ഒറീസ്സയിൽ നിന്ന് MBA പാസ്സായി. മദ്രാസ്സിൽ Glaxo & Co ൽ രണ്ടരവർഷം ജോലിനോക്കിയശേഷം, ബഹറിനിൽ Sales Executive ആയി ജോലി ലഭിച്ചു, നാലു വർഷത്തോളം അവിടെ ചെലവഴിച്ചു. 1998 മുതൽ അമേരിക്കയിൽ ചിക്കാഗോയിൽ ജോലിനോക്കുകയും, BPT ക്കു പഠിക്കുകയും ചെയ്യുന്നു.

1998 ൽ ലൈജോ കൊല്ലാപുരം വെട്ടുകാട്ടു കുടുംബത്തിൽ ജോസഫിന്റെ മകൾ റോസമ്മ (മിനി) യെ വിവാഹം ചെയ്തു. ലൈജോ-മിനി ദമ്പതികൾക്ക് രണ്ടുവയസ്സ് പ്രായമായ ജാക്ക് എന്നുപേരുള്ള ഒരാൺകുട്ടിയുണ്ട്.

### 2. ലിൻജോ ജോസഫ്

ഔസേപ്പച്ചന്റെ ഇളയ പുത്രനായ ലിൻജോ 1975 ഒക്ടോബർ 6 ന് ജനിച്ചു. MCA ബിരുദം നേടിയശേഷം ലിൻജോ ഇപ്പോൾ തിരുവനന്തപുരം Technoparkൽ Software Engineer ആയി ജോലി നോക്കുന്നു.

## 2. ഒ. പി. ചാണ്ടിച്ചൻ

മാതാപിതാക്കളുടെ ഏറ്റവും ഇളയപുത്രനായ ചാണ്ടിച്ചൻ 1944 ജനുവരി 30 ന് ജാതനായി. പിതാവിന്റെ പെട്ടെന്നുള്ള മരണം ചെറുപ്രായത്തിൽ തന്നെ ചാണ്ടിച്ചനെ കുടുംബ ഭാരമേൽക്കാൻ പ്രേരിപ്പിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനൊപ്പം തന്നെ അരികച്ചവടം നടത്തുകയും ചെയ്തു. കുടുംബ സാമ്പത്തിക ബാദ്ധ്യതകൾ ലഘൂകരിക്കാൻ ഇത് ഉപകരിച്ചു. കോളേജ് വിദ്യാഭ്യാസത്തിനുശേഷം 1965-1982 കാലഘട്ടം ഇന്ത്യൻ സൈന്യത്തിൽ സേവനം അനുഷ്ഠിച്ച ശേഷം അമേരിക്കയ്ക്കു പോയി. രാഷ്ട്രത്തിനായി താൻ അർപ്പിച്ച സേവനം പെൻഷനായി മരണം വരെ ലഭിയ്ക്കുന്നത് ഒരു മഹത്വമായി കരുതി ചാണ്ടിച്ചൻ അമേരിയ്ക്കൻ പൗരത്വം സ്വീകരിച്ചില്ല. 1983 മുതൽ അമേരിക്കയിൽ സ്ഥിരതാമസമാക്കി വിവിധ ബിസിനസ്സ് പ്രസ്ഥാനങ്ങൾ സ്വന്തമായി നടത്തുന്നു. അമേരിക്കൻ മലയാളികളിൽ നിന്ന് സംഭാവനകൾ സ്വരൂപിക്കാൻ തക്കല രൂപത ബിഷപ്പ് മാർ ജോർജ് ആലഞ്ചേരിയോടൊപ്പം കർമ്മനിരതനായി പ്രവർത്തിച്ചു. ചാണ്ടിച്ചൻ 1972 മെയ് 22 ന് വായ്പൂർ കുത്തുങ്കൽ കെ. ജെ. ജോസഫിന്റെയും ത്രേസ്യാമ്മയുടെയും മകൾ ലില്ലിക്കുട്ടിയെ വിവാഹം ചെയ്തു. ലില്ലിക്കുട്ടി അമേരിക്കയിൽ നേഴ്സാണ്.

മക്കൾ :
1. എലിസബത്ത് സി. ഒളശ്ശ (BS Physical Therapy)
(W/o ഫെബിൻ, മുത്തേരിൽ പാലയ്ക്കൽ)
2. ഫിലിപ്പ് സി. ഒളശ്ശ (M.P.T. Physical Therapy)

## II. ഒ. വി. മാത്യു

ജനനം 1899 ൽ. കളരി ആശാന്റെ കീഴിലുള്ള നിലത്തെഴുത്തും കണക്കും കഴിഞ്ഞ് താലൂക്കു കച്ചേരിക്ക് തെക്കുവശത്തുണ്ടായിരുന്ന സർക്കാർ വിദ്യാലയത്തിൽ ചേർന്നു.

മലയാള പഠനം പൂർത്തിയാക്കിയതിനുശേഷം സെന്റ് ബർക്ക്മാൻസ് ഇംഗ്ലീഷ് സ്കൂളിൽ ചേർന്നു. സ്കൂളിലെ പാഠ്യേതര പ്രവർത്തനങ്ങളിൽ പങ്കെടുത്ത് കലാപ്രകടനങ്ങളിൽ താൽപര്യം കാണിക്കാൻ തുടങ്ങി. പാട്ടിലും, പ്രസംഗത്തിലും, അഭിനയത്തിലും അഭിരുചികാട്ടി. ഗാന നാടകങ്ങളിൽ പല പ്രാവശ്യം വേഷമിട്ട് സ്കൂൾ നാടകവേദിയിൽ സ്വന്തം കഴിവു കാഴ്ചവെച്ചു. ഒരു ജോലി അന്വേഷിച്ച് ആലപ്പുഴയിലുണ്ടായിരുന്ന അമ്മ വീട്ടിൽപോയി നിന്ന് വ്യാപാര വ്യവസായമേഖലകളിൽ താൽപര്യം തോന്നി. നാട്ടുകാരിൽ ചില വൻവ്യാപാരികളുമായി മാത്യു പരിചയപ്പെട്ടു. അവർക്ക് ഈ യുവാവിന്റെ ഉത്സാഹപ്രകൃതത്തിൽ സംതൃപ്തിതോന്നി. ഇവരിൽ ചിലർക്ക് ബോംബെയുമായി വൻതോതിലുള്ള വ്യാപാരമുണ്ടായിരുന്നു. ഇതൊക്കെ മനസ്സിലാക്കിയ മാത്യു ബോംബെയ്ക്കു പുറപ്പെട്ടു. ഒരു ചരക്കുകപ്പലിലാണ് യാത്രചെയ്തത്. ബോംബെ വ്യാപാരലോകവുമായി ബന്ധപ്പെട്ട് വ്യാപാരത്തിന്റെ വഴികൾ കുറെയൊക്കെ മനസ്സിലാക്കി നാട്ടിൽ തിരിച്ചെത്തി. ബോംബെയുമായി അന്ന് വ്യാപാരം നടത്തിയിരുന്ന ആലപ്പുഴയിലെ ചില വൻവ്യാപാരികളുടെ ഏജന്റായി പ്രവർത്തിക്കാനുള്ള അധികാര പത്രവുമായി വീണ്ടും ബോംബെയിൽ എത്തി.

ബോംബെയിലെയും, ആലപ്പുഴയിലെയും വ്യാപാരികളുടെ ഇടനിലക്കാരൻ എന്ന നിലയിൽ വർത്തിച്ചു സാമ്പത്തികനേട്ടങ്ങൾ കൈവരിക്കാൻ തുടങ്ങി. തിരുവിതാംകൂറുകാരായ തോട്ടവ്യവസായികളുടെ റബറും, തേയിലയുമൊക്കെ വിറ്റഴിക്കാനും അവരുടെ ചരക്കുകൾക്ക് ബോംബെയിൽ മാർക്കറ്റുണ്ടാക്കാനും മാത്യുവിനു കഴിഞ്ഞു. എസ്റ്റേറ്റിലെ ക്രീപ്പ്സോൾ റബർ ബോംബെയിൽ വില്ക്കാനുള്ള ഏജൻസി മാത്യുവിന് കൊടുത്തു. തിരുവിതാംകൂറിലെ വ്യാപാരികൾക്ക് കമ്മീഷൻ വ്യവസ്ഥയിൽ ബോംബെ വ്യാപാരികളെക്കൊണ്ട് ചരക്ക് അയപ്പിച്ചു. ബോംബെയിൽ വസിച്ചിരുന്ന കാലത്താണ് തന്റെ ഭാര്യയായി പുളിങ്കുന്നിൽ കൊച്ചു പാലത്തിങ്കൽ മറിയാമ്മയെ തെരഞ്ഞെടുത്തത്. രണ്ടുപേരും ആലപ്പുഴയിൽ കുടുംബമായി താമസിച്ചു. ആദ്യമായി എ. വി. തോമസ് & കമ്പനിയുടെ അസിസ്റ്റന്റ് മാനേജരായി നിയമിതനായി. കമ്പനിയുടെ ഒരു ശാഖ കോട്ടയത്ത് സ്ഥാപിച്ചപ്പോൾ മാത്യുവിനെ അതിന്റെ മേധാവിയാക്കി.

ഏകദേശം മുപ്പതു കൊല്ലക്കാലം മാത്യു കോട്ടയത്തു കർമ്മനിരതനായി പിന്നിട്ടു. ചിലകാരണങ്ങളാൽ എ. വി. തോമസ് കമ്പനിയുടെ ജോലി ഉപേക്ഷിച്ച് സ്വന്തമായി ഒരു കടയെടുത്ത് റബർ, തേയില, കാപ്പി, മലഞ്ചരക്കുകൾ ഇവയെല്ലാം വ്യാപാരം ആരംഭിച്ചു. ഇത് ലാഭകരമെന്നു കണ്ടപ്പോൾ ഒ. വി. മാത്യു & കോ എന്നപേരിൽ ഒരു പ്രൈവറ്റ് കമ്പനി സ്ഥാപിച്ചു വ്യാപാരം വിപുലമാക്കി.

1939-ൽ ദീപിക ഓഫീസ്സ് കോട്ടയത്ത് സ്ഥാപിതമായപ്പോൾ സ്ഥലം കണ്ടെടുക്കാനും, പ്രസാധനം തുടങ്ങാനും അതിന്റെ അന്നത്തെ പ്രവർത്തകരായ ബഹു. കർമ്മലീത്താ സഭാ വൈദികരുമൊത്തു മാത്യു പ്രവർത്തിച്ചു.

കോട്ടയം മർച്ചന്റ്സ് അസോസ്യേഷന്റെ കാര്യദർശിയായി ഒരു ദശവർഷത്തിലധികം കോട്ടയം വ്യാപാരി വ്യവസായികളെ സേവിച്ചു. ഇതിനിടയ്ക്ക് ഒരു ഇടവേളയിൽ ചങ്ങനാശ്ശേരി മർച്ചന്റ്സ് അസോസ്യേഷൻ പ്രസിഡന്റായും സേവനം ചെയ്തു.

ഇദ്ദേഹം കോട്ടയത്ത് എത്തുന്നകാലത്ത് ഡിസ്ട്രിക്റ്റ് ഹോസ്പിറ്റൽ അതിന്റെ അവികസിത അവസ്ഥയിൽനിന്ന് ഉദ്ധരിക്കാൻ ആസ്ഥാപനത്തിന്റെ പരിസര ഭംഗിക്കുവേണ്ടി ഒരു പാർക്കും, പൂന്തോട്ടവും സ്വന്തചെലവിൽ സംവിധാനം ചെയ്ത് ഹോസ്പിറ്റലിന് സംഭാവന ചെയ്തു.

രാഷ്ട്രീയതലത്തിലും, വ്യാപാരതലത്തിലും, സമുദായിക തലത്തിലും, ഭരണതലത്തിലും സുഹൃത്തുക്കൾ പടർന്നു കിടന്നു. എ. വി. തോമസ്, എ. വി. ജോർജ് തുടങ്ങിയ വ്യവസായിക പ്രമുഖർ മാത്യുവിന്റെ അടുത്ത സുഹൃത്തുക്കളായിരുന്നു. സമൂദായിക രാഷ്ട്രീയ രംഗങ്ങളിൽ തലയെടുത്തു നിന്ന മനോരമ പത്രാധിപർ കെ. സി. മാമ്മൻ മാപ്പിള, തെള്ളിയിൽ റ്റി. ജെ. മാത്യു, കോട്ടയം ബിഷപ്പായിരുന്ന ചൂളപ്പറമ്പിൽ തിരുമേനി, ജഡ്ജിമാർ, കളക്ടർമാർ തുടങ്ങിയവർ സുഹൃത്തുക്കളായിരുന്നു. പലവർഷങ്ങളായി രാഷ്ട്രീയസാമുദായിക പ്രവർത്തനങ്ങളിൽ സേവനം അർപ്പിച്ച ഷെവലിയർ തര്യതു കുഞ്ഞിത്തൊമ്മൻ രാഷ്ട്രീയ സാമൂഹിക നേതാക്കന്മാരായ ജോസഫ്, ചാഴിക്കാടൻ, എൻ. വി. ജോസഫ്, ബി. എ. ബി എൽ, തോമസ് ചാണ്ടിമുക്കാടൻ തുടങ്ങിയവർ അദ്ദേഹവുമായി അടുത്ത് ഇടപെട്ടിരുന്നു. സർ സി. പി. രാമസ്വാമി അയ്യർ തിരുവിതാംകൂർ വിട്ടശേഷം ദിവാനായി നിയമിക്കപ്പെട്ട ദിവാൻ ഉണ്ണിത്താനെ ബഹുമാനിക്കാൻ വേണ്ടി കോട്ടയത്തുള്ള സ്വന്തഭവനത്തിൽ വിശാലമായ ഒരു അനുമോദനവിരുന്നു സജ്ജമാക്കി. അതിൽ ശ്രീമാന്മാരായ കെ. സി. മാമ്മൻ മാപ്പിള, റ്റി. ജെ. മാത്യു തുടങ്ങിയ ജനനേതാക്കൾക്കു പുറമെ മറ്റനേക പ്രമുഖരും പങ്കുകൊണ്ടു.

രോഗം ബാധിച്ചു ശരീരക്ഷീണം ഉണ്ടായപ്പോൾ തന്റെ സ്വന്തനാടായ ചങ്ങനാശ്ശേരിയിൽ തിരിച്ചു വരണമെന്ന ആഗ്രഹക്കാരനായിത്തീർന്നു. താൻ നിർമ്മിച്ച ഒളശ്ശഭവനത്തിൽ വന്നു താമസിക്കാനാണ് ആഗ്രഹിച്ചത്. അതനുസരിച്ചു ഏകദേശം മൂന്നു ദശവർഷങ്ങൾ കോട്ടയത്തു ജീവിച്ച ശേഷം കോട്ടയം വിട്ട് 1965 ൽ ചങ്ങാനാശ്ശേരിയിൽ സ്ഥിരവാസമാക്കി. 1967 ജൂൺ 21 ന് മരണമടഞ്ഞു.

മകൻ : ജോർജ് മാത്യു

പെൺ മക്കൾ :
1. തങ്കമ്മ
2. കുഞ്ഞമ്മ
3. സിസിലിയാമ്മ
4. കുഞ്ഞന്നാമ്മ

തങ്കമ്മയെ മൂവാറ്റുപുഴ കെ. ജെ. വർക്കി വിവാഹം ചെയ്തു.

കുഞ്ഞമ്മയെ ജോസഫ് മഞ്ഞില വിവാഹം ചെയ്തു.

പുളിങ്കുന്നിൽ പുത്തൻപുരയ്ക്കൽ കുഞ്ചെറിയാച്ചൻ സിസിലിയാമ്മയെ വിവാഹം ചെയ്തു.

പാലായിൽ പുതുമന ബേബിച്ചൻ കുഞ്ഞന്നാമ്മയെ വിവാഹം ചെയ്തു.

## ജോർജ്ജ് മാത്യു (വക്കച്ചൻ)

ഒ. വി. മാത്യുവിന്റെയും മറിയാമ്മയുടെയും ഏക പുത്രനായ വക്കച്ചൻ 1936 ഏപ്രിൽ മാസം 14-ാം തീയതി ജാതനായി. B.A. ബിരുദം എടുത്തശേഷം റബർ ബിസിനസ്സിൽ വ്യാപൃതനായി. പ്രിന്റിംഗ് പ്രസ്സും ഇദ്ദേഹം നടത്തിയിരുന്നു. വക്കച്ചൻ 1960 മെയ് 2-ാം

തീയതി പുളിങ്കുന്ന് മംഗലപ്പറമ്പ് വാച്ചാപറമ്പിൽ എം. റ്റി. കുഞ്ചറിയായുടെയും റോസമ്മയുടെയും മകൾ മറിയമ്മയെ വിവാഹം ചെയ്തു. വക്കച്ചൻ 1975 ൽ അന്തരിച്ചു.

മക്കൾ :
1. മീരാ (W/o വിവിയൻ കുരുവിള, നെടുമ്പാറ, കോഴിക്കോട്)
2. ഒ. വി. മാത്യു
3. മിനി (W/o ബേബി ലൂക്കോസ്, കൊടുവത്തറ, യു.എസ്.എ.)
4. മായ (W/o പി. ജെ. ഷാജി, പലത്തിങ്കൽ, എറണാകുളം)

### ഒ. വി. മാത്യു (Jr) (മാത്തുക്കുട്ടൻ)

വക്കച്ചന്റെയും, മറിയമ്മയുടെയും ഏക മകനായി 1963 ജൂലൈ 25-ാം തീയതി ഭൂജാതനായി. B.A. ബിരുദത്തിനുശേഷം പലവിധ ബിസിനസ്സ് നടത്തുകയും, സിനിമ നിർമ്മാണത്തിൽ ഏർപ്പെടുകയും ചെയ്തു. ഇപ്പോൾ കോലാപൂരിൽ കയറ്റുമതി വ്യവസായത്തിലേർപ്പെട്ടിരിക്കുന്നു. മാത്തുക്കുട്ടൻ 1991 നവംബർ 11 ന് കോന്നി തൈപ്പറമ്പിൽ ശ്രീ. ഏ. എം. മാത്യുവിന്റെയും, സാലുവിന്റെയും മകൾ ലതയെ വിവാഹം ചെയ്തു.

2002 ൽ ജനിച്ച ഒരു മകളുണ്ട്.

## III. റവ. ഫാ. അലക്സാണ്ടർ ഒളശ്ശയിൽ



മാത്യുവിന് പിന്നാലെ മാതാപിക്കൾക്ക് 1904 ൽ ഈ മകൻ ജനിച്ചു. സ്ഥലത്ത് മലയാളം ഗവൺമെന്റ് വിദ്യാലയത്തിലും സെന്റ് ബർക്ക്മാൻസ് ഇംഗ്ലീഷ് സ്കൂളിലും വിദ്യാഭ്യാസം നടത്തി. കുഞ്ഞച്ചൻ എന്ന ഓമനപ്പേര് ഇംഗ്ലീഷ് സ്കൂളിൽ ചാണ്ടിയായി. പോണ്ടിച്ചേരി മിഷൻ സെമിനാരിയിൽ വൈദിക പഠനത്തിനെത്തിയപ്പോഴാണ് ചാണ്ടിയെന്നപേര് അലക്സാണ്ടർ എന്നാക്കി മാറ്റിയത്. വൈദികജീവിതത്തേക്കുള്ള വിളി പതിമൂന്നാമത്തെ വയസ്സിൽ ഉണ്ടായെന്നും എന്നാൽ അത് പുറത്തുവിട്ടത് ഉത്തമബോദ്ധ്യം ആയപ്പോൾ മാത്രമായിരുന്നുവെന്നും, വൈദികനായശേഷം സന്ദർഭവശാൽ ഒരിക്കൽ അദ്ദേഹം തന്നെ പറയുകയുണ്ടായി. ഹെഡ്മാസ്റ്റർ ബഹു. കോശി അച്ചന്റെ മേൽനോട്ടത്തിൽ സെന്റ് ബർക്ക്മാൻസ് ബോർഡിംഗ് ഹൗസ്സിൽ ഏതാനും മാസങ്ങൾ താമസിച്ച് സെമിനാരി പ്രവേശനത്തിനു യോഗ്യതനേടി. കോട്ടയം സെമിനാരിയിലെ രണ്ടു കൊല്ലത്തെ പ്രാരംഭ പഠനവും പരിശീലനവും കഴിഞ്ഞ് പുത്തൻപള്ളി സെമിനാരിയിൽ ചേർന്നു. പുത്തൻപള്ളിയിൽ വച്ച് ശെമ്മാശൻ പട്ടം സ്വീകരിച്ചു. മൂന്നുവർഷം പഠിച്ചു കഴിഞ്ഞപ്പോൾ മിഷൻ രംഗങ്ങളിൽ വേല ചെയ്യണമെന്ന ആഗ്രഹം മൂലം ഫ്രഞ്ചു പ്രേഷിത മേഖലയായ പോണ്ടിച്ചേരി മിഷനിലെ സെമിനാരിയിലേക്ക് യാത്രയായി. അവിടെ ചെന്നശേഷമാണ് ചാണ്ടിയെന്നപേര് അലക്സാണ്ടർ എന്നാക്കി മാറ്റാനായത്. ആ സെമിനാരിയിൽ വൈദിക പഠനം സമാപിപ്പിച്ച് 1936 ഡിസംബർ 14 ന് പുത്തൻ കുർബ്ബാന അർപ്പിച്ചു. ഇരുപത്തിമൂന്നുകൊല്ലം പോണ്ടിച്ചേരിയിൽ കർത്താവിന്റെ വേല ചെയ്തു. പോണ്ടിച്ചേരി പട്ടണം ഒഴിച്ച് ബാക്കി ക്രിസ്ത്യാനികൾ വസിച്ചിരുന്നത് ഉൾനാടുകളിലായിരുന്നു.

വിശ്വാസികൾ പാവപ്പെട്ട തമിഴരായിരുന്നു. അവർ ഉന്നതജാതിക്കാരുടെ വേലക്കാരും പണിക്കാരും കടക്കാരുമായി. അവരെ പേടിച്ച് അവർക്ക് അടിമകളെപ്പോലെ കൂലിവേല

ചെയ്തു ജീവിച്ചുപോന്നു. സ്വയം ഉയരാൻ സാഹചര്യം സൃഷ്ടിക്കാത്ത അന്ധവിശ്വാസങ്ങളും മാമൂലുകളും ആചാരങ്ങളും അവരെ സാമ്പത്തികമായി അധഃപതിപ്പിച്ചു. അമിതപലിശയ്ക്കു പണം കടം വാങ്ങി ധൂർത്തടിച്ചു പിന്നെയെന്നും പണം കൊടുത്ത ഉന്നതജാതിക്കാരന്റെ ദാസനാണ്. വിദ്യാഭ്യാസത്തിന് പള്ളിക്കൂടങ്ങൾ ഉണ്ടായിരുന്നില്ല. ഈ ദുഃസ്ഥിതികൾ മാറ്റാൻ ബഹു. അലക്സാണ്ടർ അച്ചൻ തികഞ്ഞ ത്യാഗത്തോടും നിശ്ചയ ദാർഢ്യത്തോടും ദീർഘകാലം ശ്രമം ചെയ്തു. അർത്ഥരഹിതമായ വിവാഹച്ചടങ്ങുകൾ ഉപേക്ഷിക്കാൻ ആ പാവങ്ങളെ ഉപദേശിച്ചു. ജന്മിയുടെ കൃഷിയിടത്ത് പാട്ടകൃഷിചെയ്യുന്നതിനു പകരം സ്വന്തമായി നിലം വാങ്ങി അവിടെ കൃഷി ചെയ്യാൻ അവർക്ക് സൗകര്യങ്ങൾ ഉണ്ടാക്കികൊടുത്തു. ഉഴവിന് കാളകളെയും നിലമിളക്കാൻ പണിയായുധങ്ങളും പള്ളിച്ചെലവിൽ വാങ്ങികൊടുത്തു. പള്ളിയോടടുത്ത് പ്രാഥമിക വിദ്യാലയങ്ങൾ പള്ളിച്ചെലവിൽ തന്നെ ആരംഭിച്ചു. കള്ളക്കുറിച്ചി, മെയ്യന്നൂർ, പോണ്ടിച്ചേരി നെയ്വേലി ഈ പള്ളികളുടെ വികാരിയായിട്ടാണ് പോണ്ടിച്ചേരി മിഷൻ രംഗത്ത് സേവനം അനുഷ്ഠിച്ചത്. ഇരുപത്തിമൂന്നു കൊല്ലം പിന്നിട്ട് കഴിഞ്ഞപ്പോൾ അച്ചന് പ്രമേഹരോഗം ബാധിച്ചുകഴിഞ്ഞു. 1959 ൽ ഫാ. അലക്സാണ്ടർ പോണ്ടിച്ചേരിയോടു യാത്ര പറഞ്ഞു ചങ്ങനാശ്ശേരി പള്ളിയിൽ കുറെ മാസങ്ങൾ വിശ്രമമായി കഴിച്ചുകൂട്ടി. 1959 ൽ കാവുകാട്ടു തിരുമേനി ഇത്തിത്താനം പള്ളിയിലേക്ക് പസ്തേന്തി നൽകി നിയമിച്ചു. പള്ളിയുടെ വികാരി സ്ഥാനം ഏറ്റതു മുതൽ ആ സ്ഥാനത്തിരുന്നു മരണമടയുന്നതു വരെ 12 വർഷം ഇടവകയിലെ പിന്നോക്കക്കാരെ സഹായിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു. അലക്സാണ്ടറച്ചൻ ഇത്തിത്താനത്തെ പാവങ്ങളുടെ കഷ്ടസ്ഥിതിമാറ്റാൻ പല പദ്ധതികളും ആവിഷ്കരിച്ചു. പള്ളിക്ക് ആവശ്യമായ പല കെട്ടിടങ്ങളും നിർമ്മിച്ചു. പരിഷ്കാരങ്ങൾ ഏർപ്പെടുത്തി.

1971-ാമാണ്ടത്തെ ഹോശാനാ ഞായറാഴ്ചയുടെ തലേദിവസം ശനിയാഴ്ച (3.4.1971) പള്ളിയുടെ തിരുക്കർമ്മങ്ങൾ എല്ലാം പൂർത്തിയാക്കിയ ശേഷം വിശ്രമിക്കാനായി ചാരുകസേരയിൽ ഇരുന്ന് ഒരു പുസ്തകം വായിച്ചുകൊണ്ടിരിക്കുമ്പോൾ നെഞ്ചുവേദന അനുഭവപ്പെടുകയും ഉടൻ തന്നെ മരണമടയുകയും ചെയ്തു.

തന്റെ പഴയതലമുറക്കാരായ നാലു വൈദികരും ഒരു ശെമ്മാശനും വിശ്രമംകൊള്ളുന്ന സിമിത്തേരി പള്ളിയിൽ അലക്സാണ്ടർ അച്ചനും സംസ്കരിക്കപ്പെട്ടു. മുഖ്യകാർമ്മികൻ പടിയറ തിരുമേനിയായിരുന്നു. സഹോദര വൈദികരായ ഒളശ്ശയിൽ ബഹു. കുര്യച്ചനും, ബഹു. ഔതച്ചനും സഹകാർമ്മികരായി ആ ശുശ്രൂഷയിൽ പങ്കുകൊണ്ടു.

ഇടവകക്കാർ മൃതിയടഞ്ഞ വികാരിയച്ചന്റെ ഒരു ഛായാചിത്രം അദ്ദേഹം പണിയിച്ച പള്ളിമുറിയുടെ കവാടത്തിൽ സ്ഥാപിച്ചു. മഠത്തിലെ കന്യാസ്ത്രീകൾ അവരുടെ മഠത്തിന്റെ സന്ദർശന മുറിയിൽ ഇതുപോലെ മറ്റൊരു ഛായചിത്രവും അനാഛാദനം ചെയ്തു. ബഹു. അച്ചന്റെ ഓർമ്മക്കായി കുടുംബത്തിന്റെ വകയായിട്ട് ഫാ. അലക്സാണ്ടർ ഒളശ്ശയിൽ മെമ്മോറിയൽ ഫണ്ട് എന്ന പേരിൽ ഏഴായിരത്തിയഞ്ഞൂറു രൂപയുടെ ഒരു ഫണ്ട് പിന്നീടു രൂപീകരിച്ചു. അത് വർഷം തോറും അല്പാല്പമായി വർദ്ധിക്കുന്നുണ്ട്. ആണ്ടുതോറും ഈ തുകയുടെ പലിശ ചങ്ങനാശ്ശേരി മെത്രാപ്പോലീത്തായെ ഏല്പിക്കാനുള്ളതാണ്. ധനപരമായി ബുദ്ധിമുട്ടുന്ന വൈദികവിദ്യാർത്ഥികൾക്കോ, മിഷൻ പ്രവർത്തനത്തിനോ നൽകാനാണ് നിയോഗം.

# IV. ഒ. വി. ഔതക്കുട്ടി



കുഞ്ഞച്ചന് (അലക്സാണ്ടർ) ശേഷം ജനിച്ച മറ്റൊരു കുഞ്ഞ് അതിന്റെ പൈതൽ പ്രായത്തിൽ മരിച്ചു. ഇതിനുശേഷം ഔതക്കുട്ടി 1906 ൽ പിറന്നു.

കളരിയിലെ പഠനത്തിനുശേഷം സ്ഥലത്ത് അന്നുണ്ടായിരുന്ന മലയാളം പള്ളിക്കൂടങ്ങളിൽ പഠിച്ചു. സെന്റ് ബെർക്ക്മാൻസ് ഇംഗ്ലീഷ് സ്കൂളിൽ ഫൈനൽ വരെ പഠിച്ചു. ഒരു ജോലിക്കായി ബോംബെയിലുണ്ടായിരുന്ന ജ്യേഷ്ഠൻ മാത്യുവിന്റെ അടുത്തേക്ക് പോയി. അവിടെ ഒരു കൊല്ലം കഴിഞ്ഞുകൂടി നാട്ടിൽ തിരിച്ചുവന്നു. ജ്യേഷ്ഠൻ മാത്യുവിന്റെ സഹായത്തോടെ ജൗളിയുടെയും, അലൂമിനിയത്തിന്റെയും വ്യാപാരം ചങ്ങനാശ്ശേരിയിൽ വട്ടപ്പള്ളിയിൽ ആരംഭിച്ചു. രണ്ടു മൂന്നു കൊല്ലം അതിൽ തുടർന്നു. കൃഷികാര്യാദികളിൽ ഏർപ്പെടുകയും ചെയ്തു ഇക്കാലത്തായിരുന്നു ഔതക്കുട്ടിയുടെ വിവാഹം. 1934 ൽ ചങ്ങനാശ്ശേരി കല്ലുകുളത്തിൽ കുഞ്ഞമ്മയെ വിവാഹം ചെയ്തു. എ. വി. തോമസ് കമ്പനിയുടെ അസിസ്റ്റന്റ് മാനേജരായ ജ്യേഷ്ഠൻ ഒ. വി. മാത്യുവിന്റെ സഹായത്തോടെ ചങ്ങനാശ്ശേരിയിൽ സ്ഥാപിച്ചിരുന്ന എ. വി. തോമസ് കമ്പനിയുടെ ബ്രാഞ്ചിൽ റബർ വാങ്ങാൻ ഏജന്റായി ഔതക്കുട്ടി നിയമിക്കപ്പെട്ടു. ഒരു കൊല്ലമേ ആ ശാഖ ഇവിടെ പ്രവർത്തിച്ചുള്ളൂ. പിന്നീട് ചങ്ങനാശ്ശേരിയിൽ ഒരു കടയെടുത്ത് സ്വന്തമായിവ്യാപാരത്തിന് തുടക്കമിട്ടു.

കുടുംബവകയായി, ചെറുകരകുന്നിന് തെക്കു കിടന്ന കര പുരയിടത്തിൽ പുതിയ ഒരു പുര നിർമ്മിച്ചു. 1944 ൽ അവിടെ സ്ഥിരവാസം ഉറപ്പിച്ചു. ഈ പുരയിടത്തിൽ തൈത്തെങ്ങുകളായിരുന്നു പ്രധാനകൃഷി. വളം ചെയ്ത് ആ തൈകൾ കായ് ഫലം ഉള്ളതാക്കി. വാണിജ്യവിളകളായ കുരുമുളക്, കപ്പ ഇതൊക്കെ അവിടെ കൃഷിചെയ്തു. കൃഷിയും വ്യാപാരവും ആയിരുന്നു അദ്ദേഹം സ്വീകരിച്ച പ്രധാന തൊഴിലുകൾ. റബർ വ്യാപാരം, ശർക്കര വ്യാപാരം യന്ത്ര ചക്കുപയോഗിച്ചുള്ള എണ്ണയുൽപ്പാദനം, ധാന്യം പൊടിക്കൽ, വളം വ്യാപാരം ഇങ്ങനെ സാമ്പത്തിക പ്രവർത്തനങ്ങളുടെ ഒരു ശൃംഖലയിലൂടെ സ്വയം ഉയർന്നു. ഔതക്കുട്ടി 1994 ജനുവരി 7-ാം തീയതി കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. അദ്ദേഹത്തിന്റെ സഹധർമ്മിണി കുഞ്ഞമ്മ 1997 ഓക്ടോബർ 28-ാം തീയതി നിര്യാതയായി

മക്കൾ :

1. ജോർജ്കുട്ടി ജെ. ഒളശ്ശ
2 മറിയമ്മ (W/o ജോസഫ്, പൊങ്ങാന്തറയിൽ, ആലപ്പുഴ)
3 ഡോ. ആൻ ജോസഫ് (കുഞ്ഞുഞ്ഞമ്മ)
4. ജോസ് ജെ. ഒളശ്ശ
5 ട്രേസി (തങ്കമ്മ) (W/o ബാബു, പറമ്പത്തൂർ. ചെങ്ങന്നൂർ)
6 ജെ. ഫിലിപ്പ്സ്
7 ബോബൻ ജെ. ഒളശ്ശ
8 ലെജി (W/o ആന്റണി ജേക്കബ്, പയ്യപ്പിള്ളി ഞാറയ്ക്കൽ)

## 1. ജോർജ്കുട്ടി ജെ. ഒളശ്ശ

മാതാപിതാക്കളുടെ സീമന്ത പുത്രനായ ജോർജ്കുട്ടി 1935 ഓഗസ്റ്റ് 29 ന് ജനിച്ചു. വിദ്യാഭ്യാസാനന്തരം വ്യാപാര രംഗത്ത് പ്രവേശിച്ചു. ചങ്ങനാശ്ശേരിയിൽ ദീർഘകാലമായി പലചരക്ക് വ്യാപാരം നടത്തുന്നു. ജോർജ്കുട്ടി 1966 ഏപ്രിൽ 18 ന് വിവാഹിതനായി. പത്തനംതിട്ട ആന്താലിൽ മാത്യു ജോർജിന്റെയും, സാറാമ്മയുടെയും മകൾ ഏലിയാമ്മയാണ് (അമ്മുക്കുട്ടി) ഭാര്യ.

മക്കൾ :
1. റോസിലിൻ ജി. ഒളശ്ശ M.A. B. Ed.
   (W/o റ്റോം തോമസ്, വെട്ടുകാട്, പോളച്ചിറ)
2. ജോസൻ ജി. ഒളശ്ശ (സൗദി അറേബ്യ)
3. അലക്സ് ജി. ഒളശ്ശ (ബിസിനസ്സ്)

### 1. ജോസൻ ജി. ഒളശ്ശ (ജോസ്മോൻ)

ജോസ്മോൻ 1969 മാർച്ച് 28 ന് ജാതനായി. കോളേജ് വിദ്യാഭ്യാസത്തിനുശേഷം ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ ഡിപ്ലോമ പാസ്സായി . ഇപ്പോൾ സൗദി അറേബ്യയിൽ ജോലി നോക്കുന്നു. പത്തനംതിട്ട പീടികയിൽ ജോർജിന്റയും, തങ്കമ്മയുടെയും മകൾ ആൻസി M.A. B. Ed. യെ 1997 ഏപ്രിൽ 17-ാം തീയതി വിവാഹം ചെയ്തു. ആൻസി SHHSൽ അദ്ധ്യാപികയാണ്

മക്കൾ :
1. മേഘ എൽസാ ജോസൻ
2. മെറിൻ സാറാ ജോസൻ

### 2. അലക്സ് ജി. ഒളശ്ശ (സോജപ്പൻ)

സോജപ്പന്റെ ജനനം 1972 മാർച്ച് 29 ന്. B. Com. ബിരുദാനന്തരം ബിസ്സിനസ്സിൽ ഏർപ്പെട്ടിരിക്കുന്നു.

## 2. ഡോ. ആൻ ജോസഫ് (കുഞ്ഞൂഞ്ഞമ്മ)

രണ്ടാമത്തെ മകൾ കുഞ്ഞൂഞ്ഞമ്മ Gulbarga യിലുള്ള Kasturba Gandhi Medical College ൽ നിന്ന് MBBS ഡിഗ്രി എടുത്തു. DGO യും പാസ്സായി. ഇപ്പോൾ Saudi Arabia യിൽ Al-Jouf Maternity Hospital ൽ Gynaecologist ആയി ജോലി നോക്കുന്നു. കുഞ്ഞൂഞ്ഞമ്മ അവിവാഹിതയാണ്.

## 3. ജോസ് ജെ. ഒളശ്ശ (കുഞ്ഞുഞ്ഞച്ചൻ)

രണ്ടാമത്തെ പുത്രനായ കുഞ്ഞുഞ്ഞച്ചൻ 1947 സെപ്റ്റംബർ 26 ന് ജനിച്ചു. ചങ്ങനാശ്ശേരി എസ്സ്. ബി. കോളേജിൽ നിന്നും B.Com. ബിരുദം നേടിയശേഷം സിൻഡിക്കേറ്റ് ബാങ്കിൽ പ്രവേശിച്ചു. അസിസ്റ്റന്റ് മാനേജരായി ജോലിയിൽ നിന്നും രണ്ടു വർഷം മുമ്പ് വിരമിച്ചു. 1976 ഫെബ്രുവരി മാസം 15-ാം തീയതി വൈക്കത്ത് മങ്ങാട്ടുപറമ്പിൽ പി. വി. തോമസിന്റെയും, മേരിക്കുട്ടിയുടെയും മകൾ മേരിമ്മയെ വിവാഹം ചെയ്തു. M.Sc. ബിരുദധാരിയായ മേരിമ്മ കാനറാ ബാങ്കിൽ സ്പെഷ്യൽ അസിസ്റ്റന്റായിരിക്കെ ജോലിയിൽ നിന്നു വിരമിച്ചു.

മകൻ : ജിജോ ജോസ് ഒളശ്ശ

### ജിജോ ജോസ് ഒളശ്ശ

ജിജോയുടെ ജനനം 17-11-1977ൽ. N.I. College of Engineering, തക്കലയിൽ നിന്ന് 1999 ൽ എഞ്ചിനീയറിംഗിൽ BE ബിരുദം നേടി. 2002 ൽ Xavier Institute of Management, Bangalore ൽ നിന്നും MBA ബിരുദം കരസ്ഥമാക്കി ഇപ്പോൾ Linc Software, Bangalore ൽ ജോലി നോക്കുന്നു.

## 4. ജെ. ഫിലിപ്പ്സ് (തങ്കച്ചൻ)

തങ്കച്ചൻ 1952 ജൂൺ 26 ന് ജനിച്ചു. എസ്. ബി. കോളേജിൽ നിന്ന് B. Com. ബിരുദം നേടിയ ശേഷം Morarjee Mills, Mumbai ൽ 5 വർഷം അക്കൗണ്ടന്റായി ജോലി ചെയ്തു. തുടർന്ന് 10 വർഷത്തോളം സൗദി അറേബ്യയിൽ സൗദി ഒബ്റോയി കമ്പനിയിൽ വിവിധ തസ്തികകളിൽ ജോലി ചെയ്തു. ജനറൽ കാഷ്യറായി ജോലി ചെയ്യുമ്പോൾ Best Employce അവാർഡ് ലഭിച്ചു. നാട്ടിൽ തിരിച്ചെത്തിയതിനുശേഷം Food Material Packing ന്റെ ഒരു ചെറുകിട വ്യവസായം നടത്തുന്നു. തങ്കച്ചൻ 1980 ഏപ്രിൽ മാസം 10-ാം തീയതി മാറാട്ടുകുളത്തിൽ മത്തായിച്ചന്റെയും, ചേച്ചമ്മയുടെയും മകൾ ത്രേസ്യാമ്മയെ വിവാഹം ചെയ്തു. B.Sc. B.Ed. ബിരുദധാരിയായ ത്രേസ്യാമ്മ എസ്. ബി. ഹൈസ്കൂളിൽ അദ്ധ്യാപികയാണ്.

മക്കൾ :
1. അജയ് ഫിലിപ്പ്സ് (സിംഗപ്പൂരിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥി)
2. അൻസു ഫിലിപ്പ്സ് (വിദ്യാർത്ഥിനി)
3. വിജയ് ഫിലിപ്പ്സ് (വിദ്യാർത്ഥി)

## 5. ബോബൻ ജെ. ഒളശ്ശ

1956 ഏപ്രിൽ 11 ന് ഏറ്റവും ഇളയ മകനായ ബോബൻ ജനിച്ചു. B. Sc. പാസ്സായ ശേഷം 1978 ൽ പൂനയിൽ Bharat Forge Ltd ൽ ജോലിയിൽ പ്രവേശിച്ചു. അപ്പോൾ പല വിദേശ രാജ്യങ്ങളും സന്ദർശിച്ചു. Tehran ൽ Indian Trades Fair exhibition ലും പങ്കെടുത്തു. അന്നത്തെ കേന്ദ്ര വാണിജ്യ മന്ത്രി ശ്രീ. ചിദംബരം നല്ല Stall നുള്ള Certificate ബോബനു നൽകി പ്രോത്സാഹിപ്പിച്ചു. 1993 ൽ കമ്പനിയുടെ Export Manager ആയിരിക്കെ ജോലിയിൽ നിന്ന് വിരമിച്ച് കൊച്ചിയിൽ സ്വന്തമായി Marine Export Trading ബിസിനസ്സ് നടത്തിവരുന്നു. ബോബൻ 1984 ജനുവരി 1-ാം തീയതി തോട്ടയ്ക്കാട് ചെത്തിമറ്റം ജോസഫിന്റെയും, മേരിക്കുട്ടിയുടെയും മകൾ മറിയമ്മ B.A. യെ വിവാഹം ചെയ്തു.

മക്കൾ :
1. മൊബിൻ (വിദ്യാർത്ഥി)
2. റ്റൊബിൻ (വിദ്യാർത്ഥി)

## V. ഒ. വി. വർഗ്ഗീസ് (കുട്ടപ്പൻ)



ഒളശ്ശ കുടുബചരിത്ര രചന നിർവ്വഹിച്ച വ്യക്തി എന്ന നിലയിൽ കുടുംബാംഗങ്ങൾ എന്നെന്നും സ്മരിക്കേണ്ട ആളാണ് ശ്രീ. ഒ. വി. വർഗ്ഗീസ് BA BL. പഴയപ്രമാണങ്ങളും, സ്വയംകൃത ചരിത്രങ്ങളും, ചരിത്ര രേഖകളും, സ്ഥലപുരാണവും എല്ലാ പഠിച്ചെടുത്ത് രചനകൾ പലവട്ടം മാറ്റിയെഴുതി പണിക്കുറതീർത്ത് കൊള്ളാവുന്ന ഒരു കുടുംബചരിത്രത്തിന് രൂപം നൽകിയത്. വിശ്രമമില്ലാത്ത പരിശ്രമമായിരുന്നു എന്ന കാര്യം രേഖപ്പെടുത്തികൊണ്ട് അദ്ദേഹത്തിന്റെ ചരിത്രത്തിലേക്ക് കടക്കാം.

ഔതക്കുട്ടിയുടെ നേരെ അനിയനായി കുട്ടപ്പൻ മലയാളവർഷം 8-02-1084 (ഏ. ഡി 1909) ൽ ജനിച്ചു. അക്കാലത്ത് കളരിയിലാണ് വിദ്യാഭ്യാസത്തിന്റെ ആരംഭം കുറിക്കുന്നത്. മിക്കസ്ഥലങ്ങളിലും അന്ന് നിലത്തെഴുത്തുകളരികൾ അഥവാ എഴുത്തുപള്ളിക്കുടങ്ങൾ ഉണ്ടായിരുന്നു. കുടിപ്പള്ളിക്കുടങ്ങളെന്നാണ് ഇവ അറിയപ്പെട്ടിരുന്നത്. വിദ്യാരംഭദിവസം തന്നെയാണ് ക്രിസ്ത്യാനികളും എഴുത്തിനിരുത്തിയിരുന്നത്. വിദ്യാരംഭത്തിന് ആശാനു ദക്ഷിണ നൽകും. ഒരു വെള്ളിരുപയാണ് സാധാരണ ദക്ഷിണ. വിദ്യാരംഭദിവസം പ്രത്യേക പ്രാർത്ഥനയും നടത്തും. ഈ ഹിന്ദു ആചാരങ്ങൾ ക്രിസ്ത്യാനികളും തുടർന്നുപോന്നു. അക്ഷരമാലയും കണക്കുമാണ് അവിടെ പഠിപ്പിച്ചിരുന്നത്. നിലത്ത് മണൽവിരിച്ച് വിരൽകൊണ്ടാണ് വിദ്യാർത്ഥികൾ അക്ഷരങ്ങൾ എഴുതി പഠിക്കുന്നത്. ഇതാണ് നിലത്തെഴുത്ത്. ആശാന്മാർ ഓലയിൽ നാരായംകൊണ്ട് എഴുതികൊടുക്കും. ആശാന്മാർക്ക് കരക്കാർ വീട്ടാവശ്യത്തിനുള്ള വക നൽകിയിരുന്നു. അക്ഷരമാലയ്ക്ക് ശേഷം 1 മുതൽ 12 വരെയുള്ള ഗുണനപ്പട്ടികയും (എഞ്ചുവടി എന്നാണ് അതിന് പേര്.) പഠിച്ചു. ഇത്രയും വിദ്യ അഭ്യസിച്ചാൽ ഒന്നാക്ലാസ്സിൽ ചേരാനുള്ള യോഗ്യതയായി. കളരി പഠനത്തിനുശേഷം കുട്ടപ്പൻ പ്രാഥമിക വിദ്യാഭ്യാസം മൂന്നു സ്കൂളുകളിലായി നടത്തി. സെന്റ് ബർക്ക്മാൻസ് ഹൈസ്കൂളിൽ നിന്ന് E. S. L. C (ഇംഗ്ലീഷ് സ്കൂൾ ലിവിംഗ് സർട്ടിഫിക്കറ്റ്) പാസ്സായി. ചങ്ങനാശ്ശേരി എസ്സ്. ബി. കൊളേജിൽ നിന്ന് B.A. ബിരുദം നേടി. ഇവിടെ പ്രൊഫ. എം. പി. പോൾ, LM പൈലി, പ്രൊഫ. വി. ആർ. കൃഷ്ണയ്യർ, ശങ്കരപിള്ള തുടങ്ങിയവർ അദ്ദേഹത്തിന്റെ അധ്യാപകരായിരുന്നു.

തുടർന്നു മദ്രാസിൽ നിയമ പഠനത്തിനുപോയി. എന്നാൽ മദ്രാസിൽ പഠനം ആരംഭിച്ചുപോയതുകൊണ്ട് മദ്രാസ് യൂണിവേഴ്സിറ്റി പ്രൊഫ. ഡോ. പി. ജെ. തോമസിന്റെ ശുപാർശ ഉണ്ടായിട്ടും അടുത്ത വർഷം തിരുവനന്തപുരം ലോ കോളജിൽ F. L. ക്ലാസ്സിൽ ചേരേണ്ടതായി വന്നു. സർ സി. പി യുടെ കിരാത വാഴ്ചയ്ക്കെതിരെ നടന്ന സ്റ്റേറ്റ് കോൺഗ്രസ്സിന്റെ സമരത്തിൽ പങ്കെടുത്തതുകൊണ്ട് ആ കൊല്ലം പരീക്ഷ എഴുതാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. എന്നാൽ ഉത്തരവാദഭരണത്തിനുവേണ്ടിയുള്ള സമരത്തിൽ എർപ്പെട്ടു പ്രവർത്തിക്കുവാൻ കഴിഞ്ഞുവെന്ന ചാരിതാർത്ഥ്യം ലഭിച്ചു. പാളയത്തുള്ള കത്തോലിക്കാ ഹോസ്റ്റലിലായിരുന്നു അന്നദ്ദേഹം താമസിച്ചിരുന്നത്. അവിടുത്തെ കുട്ടികളെ സർ സി. പി യുടെ പോലീസ് നിഷ്ക്കരുണം മർദ്ദിച്ചു. അതിനെതിരെ തിരുവനന്തപുരം പേട്ട മൈതാനത്തു നടന്ന പ്രതിഷേധ യോഗത്തിൽ അദ്ധ്യക്ഷൻ ഒ. വി. വർഗ്ഗീസായിരുന്നു. ദിവാൻ സർ സി. പി യെ കാണ്മാൻ വേണ്ടി അന്നത്തെ വിദ്യാർത്ഥികളിൽ ഏതാനുംപേരെ

ഒരു ഡപ്യൂട്ടേഷനായി വിടുകയുണ്ടായി. അതിൽ ശ്രീ. ഒ. വി. വർഗ്ഗീസ് ഉൾപ്പെട്ടു. മറ്റൊരംഗം പിന്നീട് പ്രശസ്തനായിത്തീർന്ന ശ്രീ. സി. എം. സ്റ്റീഫൻ ആയിരുന്നു. അന്ന് അദ്ദേഹം തിരുവനന്തപുരം ആർട്ട്സ് കോളേജിലെ വിദ്യാർത്ഥിയായിരുന്നു. ഡപ്യൂട്ടേഷൻകാരോട് വിദ്യാർത്ഥികൾ രാഷ്ട്രീയ സമരത്തിൽനിന്ന് അകന്നു നിൽക്കണമെന്ന് സർ. സി. പി. ഉപദേശിച്ചു. എന്നാൽ അവർ അതിന് തയ്യാറായിരുന്നില്ല. എങ്കിൽ പ്രക്ഷോഭണം അടിച്ചമർത്തുമെന്ന് സി. പി. തറപ്പിച്ചു പറഞ്ഞു. സി എം. സ്റ്റീഫൻ തുടർന്ന് അറസ്റ്റു ചെയ്യപ്പെട്ടു. ഏതായാലും F. L. പരീക്ഷ എഴുതാതെ തിരിച്ചുപൊരേണ്ടതായി വന്നു. 1939 ൽ ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. അതോടെ സ്വാതന്ത്ര്യ സമരത്തിന്റെ ആക്കവും കുറഞ്ഞു. 1940 ജൂലൈ 17 ന് ഇൻഡ്യൻ ആർമിയിൽ മെഡിക്കൽ കോറിൽ ഒ. വി. വർഗ്ഗീസ് ചേരുകയും ചെയ്തു. രണ്ടാംലോകമഹായുദ്ധം അവസാനിക്കുന്നതുവരെ അദ്ദേഹം സൈന്യസേവനം നിർവ്വഹിച്ചു. എങ്കിലും ആ ജീവിതത്തോടു പൊരുത്തപ്പെടാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ആർമി മെഡിക്കൽ കോർ അഡ്മിനിസ്ട്രേഷൻ വകുപ്പിലായിരുന്നു അദ്ദേഹത്തിന് ജോലി. കമ്മീഷൻഡ് ഓഫീസറായി ആണ് പിരിഞ്ഞത്. പെൻഷനും ലഭിച്ചു. 1947 ൽ നാട്ടിൽ തിരിച്ചെത്തി. ഭാരതത്തിന്റെ ചെറിയ പതിപ്പുതന്നെയായ ഭാരതസൈന്യത്തിലെ സേവനം സ്വാശ്രയശീലവും, അച്ചടക്കവും ഒ. വി. വർഗ്ഗീസിനു പ്രദാനം ചെയ്തു. ജീവിതസമരത്തെ നേരിടാനുള്ള തന്റേടവുമായി തിരിച്ചെത്തിയ അദ്ദേഹം അല്പം പ്രായംകൂടിയ വിദ്യാർത്ഥിയായി 1949 ൽ F. L. പരീക്ഷ ജയിക്കുകയും 1950 ൽ എറണാകുളം ലോ കോളജിൽ B. L. നുചേർന്ന് B. L. ജയിച്ച ശേഷം ബാർ കൗൺസിൽ പരീക്ഷയും പാസ്സാകുകയുമുണ്ടായി. കോട്ടയം ജില്ലാകോടതിയിലാണ് അദ്ദേഹം പ്രാക്ടീസ് തുടങ്ങിയത്. എന്നാൽ 1955 ലുണ്ടായ വയറുവേദന പ്രാക്ടീസിൽനിന്നും ഫലത്തിൽ വിരമിക്കുന്നതിനുതന്നെ കാരണമായി.

പെൻഷനായി തിരിച്ചെത്തിയ ഒ. വി. വർഗ്ഗീസ് വിമുക്തഭടന്മാരുടെ പുനരധിവാസത്തിനായി അവരുടെ സംഘടനയിൽ ചേർന്ന് പ്രവർത്തിച്ചു. കോട്ടയം തിരുനക്കര മൈതാനത്ത് അന്നത്തെ മുഖ്യമന്ത്രി പറവൂർ ടി. കെ. നാരായണപിള്ളയെ കൊണ്ടുവന്നു നടത്തിയ യോഗത്തിലെ പ്രധാന പ്രഭാഷകൻ ഒ. വി. വർഗ്ഗീസായിരുന്നു. വണ്ടൻമേട്ടിൽ 80 ഏക്കർ വനഭൂമിയും പമ്പാതടത്തിൽ 35 ഏക്കർ സ്ഥലവും കൃഷിക്കായി സംഘടനയ്ക്കു ലഭിച്ചു. എന്നാലാരും കൃഷിയ്ക്കു ശ്രമിച്ചില്ല.

കുട്ടപ്പൻ വിദ്യാഭ്യാസകാലത്ത് സാഹിത്യസമാജത്തിന്റെ പ്രവർത്തനത്തിൽ പ്രത്യേകം താൽപ്പര്യമെടുത്തു. ചങ്ങനാശ്ശേരി പള്ളിയിൽ പ്രവർത്തിച്ച കാത്തലിക്ക് സ്റ്റുഡന്റ്സ് ലിറ്ററി അസോസിയേഷൻ, ലൈബ്രറി, ഇന്നത്തെ ഫാത്തിമാപുരത്ത് അന്നുണ്ടായിരുന്ന സെന്റ് മേരീസ് അസോസിയേഷൻ ഇവയിൽ കാര്യദർശിയായി പ്രവർത്തിച്ചിട്ടുണ്ട്. ബിരുദ പഠനകാലത്ത് എസ്. ബി. കോളേജ് ജനറൽ സെക്രട്ടറിയാവുകയും, സ്പോർട്ട്സ് കമ്മിറ്റിയിലേക്കു നോമിനേറ്റു ചെയ്യപ്പെടുകയും ഉണ്ടായി. എസ്. ബി കോളേജിൽ ചില നാടകങ്ങളിലും അഭിനയിച്ചിട്ടുണ്ട്. അന്ന് ഫാ. പുരയ്ക്കലായിരുന്നു പ്രിൻസിപ്പൽ.

കുട്ടപ്പൻ 1954 നവംബർ 24 ന് എടത്വാ കരിക്കമ്പള്ളി റോസക്കുട്ടിയെ വിവാഹം ചെയ്തു. റോസക്കുട്ടി പല ഹൈസ്കൂളുകളിലും ഹൈഡ്മിസ്ട്രസായി സേവനം അനുഷ്ഠിച്ച ശേഷം. 1973 ൽ പെൻഷൻ ആയി. പക്വത വന്ന രണ്ടുപേരുടെ വിവാഹമായിരുന്നതുകൊണ്ട് പ്രശ്നവും ആ ദാമ്പത്യത്തിൽ ഉണ്ടായിരുന്നില്ല. സാമ്പത്തിക പ്രയാസങ്ങൾ ഒ. വി. വർഗ്ഗീസിനെ ഒരിക്കലും അലട്ടിയിട്ടില്ല. 1957 ഡിസംബർ 26 നാണ് തറവാട്ടിൽനിന്ന് അദ്ദേഹം സ്വന്തമായി ഉണ്ടാക്കിയ പുതിയ വീട്ടിലേക്ക് താമസം മാറ്റിയത്.

ഇടക്കാലത്ത് കുട്ടപ്പൻ പാരികമ്പനിയുടെ വളത്തിന്റെ ഏജൻസിയും, കോളേജ് കാന്റീനും നടത്തിയിരുന്നു. പിതൃസ്വത്തായി ലഭിച്ച കരഭൂമിയും വയലും, ഭാര്യാ ഭർത്താക്കന്മാരുടെ സമ്പാദ്യമായി പിന്നീടുണ്ടായ സ്വത്തുക്കളും കുട്ടപ്പന് സാമ്പത്തിക ഭദ്രത നൽകി. രണ്ടുപേർക്കും ഗവൺമെന്റ് പെൻഷനും ഉണ്ടായിരുന്നു.

1958 ഡിസംബർ 31 നായിരുന്നു ഏക മകൾ മേരിമ്മയുടെ ജനനം M.A. ബിരുദദാരിയായ മേരിമ്മയെ ചാലക്കുടിയിൽ വെള്ളാനിക്കാരൻ കുടുംബത്തിലെ പോൾസൺ ആണ് വിവാഹം ചെയ്തത്. ചാർട്ടേഡ് അക്കൗണ്ടന്റായ പോൾസൺ സ്വന്തമായി പ്രാക്ടീസ് ചെയ്യുന്നു.

പ്രായത്തിന്റെ അസുഖങ്ങൾ കുട്ടപ്പനെ സദാ അലട്ടിക്കൊണ്ടിരുന്നു. വെറും പനിയിൽ തുടർന്ന അസുഖം ആറുമാസത്തോളം നീണ്ടുനിന്നു. ക്രമേണ ഗുരുതരാവസ്ഥയിലേക്ക് നീങ്ങി. കുട്ടപ്പനെ തിരുവന്തപുരം കോസ്മോപോളിറ്റൺ ഹോസ്പിറ്റലിൽ വിദഗ്ദ്ധ ചികിത്സയ്ക്കായി പ്രവേശിപ്പിച്ചു. പക്ഷെ രോഗം കലശലാകുകയും 1989 നവംബർ 21 ന് ഭാഗ്യമരണം പ്രാപിക്കുകയും ചെയ്തു. അങ്ങനെ ഒളശ്ശയിൽ കുടുംബത്തിന് അഭിമാനമായിരുന്ന മറ്റൊരു വ്യക്തികൂടി നമ്മളിൽനിന്ന് വേർപെട്ടു. ഭർത്താവിന്റെ രോഗശയ്യയിൽ അദ്ദേഹത്തിന്റെ കൂടെത്തന്നെയിരുന്നു പരിചരിച്ച പ്രിയ സഹധർമ്മിണി റോസകുട്ടി പെടുന്നനെ ഹൃദ്രോഗ ബാധിതയായുകയും കുട്ടപ്പനു പിന്നാലെ 1990 ഫെബ്രുവരി 2-ാം തീയതി നിര്യാതയാകുകയും ചെയ്തു.

മകൾ : മേരിമ്മ

## VI. ഒ. വി. തോമസ്



മാതാപിതാക്കളുടെ പതിനൊന്നാമത്തെ സന്താനവും ഒൻപതാമത്തെ പുത്രനുമായ തോമസ് 1911 ൽ ജാതനായി. സ്ഥലത്തെ സെന്റ് ബർക്ക്മാൻസ് കോളേജിൽ രണ്ടുകൊല്ലം ഇന്റർമീഡിയറ്റു ക്ലാസ്സുകളിൽ പഠിച്ച് പഠനം അവസാനിപ്പിച്ചു. ബാല്യകാലം മുതലേ സംഗീതത്തിലും മറ്റ് പാഠ്യേതര വിഷയങ്ങളിലും കൂടുതൽ താൽപര്യം പ്രകടിപ്പിച്ചുവന്നു. തന്റെ മൂത്തസഹോദരനായ ഒ. വി. മാത്യു, എ. വി. തോമസ് & കമ്പനിയിൽ അസിസ്റ്റന്റ് മാനേജരും കമ്പനിയുടെ നായകന്മാരിൽ ഒരാളുമായി സേവനം ചെയ്തിരുന്ന കാലത്ത് തോമസിന് ഒരു ജോലി കിട്ടി. 1935 മുതൽ 1942 വരെ ഇവിടെ തുടർന്നു. ശമ്പളത്തിനു പുറമേ കമ്പനിയുടെ വ്യാപാരസാധനങ്ങൾ ഒഴിവു സമയങ്ങളിൽ വിറ്റഴിക്കാനുള്ള ഏജൻസിയും തോമസിനു കിട്ടി. ആലപ്പുഴയിൽ എ. വി. തോമസ് & കമ്പനിയിൽ ജോലിയിലായിരിക്കുമ്പോഴായിരുന്നു തോമസിന്റെ വിവാഹം. കുട്ടനാട്ടിൽ കാവാലത്ത് കാരിക്കുഴി കുടുംബത്തിൽ ഏലിക്കുട്ടിയെ വധുവായി സ്വീകരിച്ചു.

എ. വി. തോമസിന്റെ കമ്പനി വിട്ടു കോട്ടയത്തു ഒ. വി. മാത്യുവിന്റെ വ്യാപാരത്തിൽ പങ്കു ചേർന്നു. ഒരു കൊല്ലം കഴിഞ്ഞു പങ്കുവിട്ടു. കൂടുതൽ നഷ്ടം വരാതിരിക്കാൻ വേണ്ടി ആ വ്യാപാരം ഉപേക്ഷിച്ചു. കോട്ടയത്തു വ്യാപാരം നടത്തിവന്നത് കുടുംബമായി താമസിച്ചുകൊണ്ടായിരുന്നു. 1945 മാർച്ചു മാസത്തിൽ പിതാവ് ചരമമടഞ്ഞതുമൂലം ചങ്ങനാശ്ശേരിയിൽ തിരിച്ചുവന്നു തറവാട്ടിൽ വാസമാക്കി. അരിയുടെയും ഉണക്കക്കപ്പയുടെയും കച്ചവടം ആരംഭിച്ചു. അതു വിജയിക്കാത്തതിനാൽ വീണ്ടും കോട്ടയത്ത് ഒരു പങ്കുകാരനുമായി ക്രീപ്പ്സോൾ നിർമ്മാണം തുടങ്ങി. ജ്യേഷ്ഠൻ ഒ. വി. മാത്യുവും ചേർന്ന് ക്രീപ്പ് സോൾ, റബർ, തേയില, ഇവയുടെ കയറ്റുമതി വ്യാപാരം നടത്തി. പക്ഷെ ഇതും നഷ്ടത്തിൽ കലാശിച്ചു. ഇതോടെ വ്യാപാരത്തിനിന്നും പിൻവാങ്ങാൻ നിർബന്ധിതനായി. കോട്ടയത്ത് തിരുവാർപ്പ് എന്ന സ്ഥലത്ത് പത്തേക്കറോളം വരുന്ന നെൽപ്പാടം ജ്യേഷ്ഠൻ മാത്യുവും ഒത്ത് വിലയ്ക്കെടുത്ത് കൃഷി നടത്തി. അതിനുശേഷം ഒരു റൈസ്സ് മിൽ കോട്ടയം ചന്തക്കടവിൽ വാടകയ്ക്കെടുത്ത് നെല്ലുകുത്തും അരിവ്യാപാരവും ഒന്നിച്ചു നടപ്പിലാക്കി. എന്നാൽ ധാന്യവ്യാപാരത്തിന്മേൽ ഗവൺമെന്റിന്റെ നിയന്ത്രണം മുറുകുകയാൽ മില്ലിന്റെ പണി നിർത്തേണ്ടിവന്നു. തുടർന്ന് ഒരു ജോലിയിൽ പ്രവേശിക്കാനായിരുന്നു തോമസിന്റെ ശ്രമം. ചിങ്ങവനത്ത് ഇലക്ട്രോ കെമിക്കൽസ് എന്ന കമ്പനിയുടെ വ്യാവസായികോൽപ്പന്നമായ കാൽസിയം കാർബൈഡിന്റെ കേരളത്തിലെ വില്പന ഏജന്റായി. തോമസിന്റെ കഴിവിന്റെ അംഗീകാരമെന്നോണം കമ്പനി ഉടമസ്ഥൻ തോമസിനെ കമ്പനിയിൽ സർവ്വീസ്സ് ഓഫീസർ ആയി നിയമിച്ചു. ഈ കമ്പനിയെ പത്തുവർഷം ആത്മാർത്ഥതയോടെ സേവിച്ചശേഷം അവിടെ നിന്ന് പിരിഞ്ഞു. ചങ്ങനാശ്ശേരിയിൽ ജ്യേഷ്ഠൻ ഔതക്കുട്ടിയും ചേർന്ന് കുറച്ചുനാൾ ഒരു പലചരക്കു കട നടത്തി. കച്ചവട രംഗം ഉപേക്ഷിച്ചതിനാൽ സ്വവസതിയിൽ വിശ്രമ ജീവിതം നയിച്ചു ഒളശ്ശ കുടുംബസംഘടനയുടെ സെക്രട്ടറിയും, പ്രസിഡന്റുമായി വളരെ നാൾ പ്രവർത്തിച്ച് സംഘടന വളർത്തുന്നതിനും, പരിപോഷിപ്പിക്കുന്നതിനും ആത്മാർത്ഥമായി

പ്രവർത്തിച്ചു. കുടംബസംഘടന ഫണ്ട് ഉയർത്തുന്നതിലും, ഒരു കുടംബാംഗത്തിന് സ്വയം തൊഴിലിനു വേണ്ട ഫണ്ട് സ്വരൂപിയ്ക്കുന്നതിലും, കുടുംബ നിയമാവലി ഭേദപ്പെടുത്തുന്നതിലും പ്രധാനപങ്കു വഹിച്ചു.

ഒരു വർഷത്തോളം വാർദ്ധക്യ സഹജമായ രോഗത്താൽ കഴിയുകയായിരുന്നു. ക്രമേണ രോഗം വഷളാകുകയും 2002 മാർച്ച് 7-ാം തീയതി മരണപ്പെടുകയും ചെയ്തു. പുത്രൻ റവ. ഫാ. മാത്യുവിന്റെ പ്രധാന കാർമ്മികത്വത്തിൽ ശവസംസ്കാരം നടന്നു. സഹധർമ്മിണി ഏലിക്കുട്ടി വാർദ്ധക്യ സഹജമായ അസുഖത്താൽ ഭർത്താവിനു പിറകെ 2002 ജൂൺ 7-ാം തീയതി ഇഹലോകവാസം വെടിഞ്ഞു.

മക്കൾ :

1. ജോർജ് തോമസ് (ബേബിച്ചൻ)
2. മറിയമ്മ (W/o കുര്യൻ, ഞാവള്ളി, കാഞ്ഞിരപ്പള്ളി)
3. എലിസബത്ത് (W/o ജോസഫ്, പുത്തനങ്ങാടി, മുണ്ടക്കയം)
4. അന്നമ്മ (W/o ജോൺ, പുലിക്കുന്നേൽ, കൊച്ചി)
5. അലക്സ് റ്റി. ഒളശ്ശയിൽ (ചാണ്ടിച്ചൻ)
6. റവ. ഫാ. മാത്യു ഒളശ്ശയിൽ
7. തോമസുകുട്ടി ഒളശ്ശ
8. കുര്യച്ചൻ ഒളശ്ശയിൽ

## 1. ജോർജ് തോമസ് (ബേബിച്ചൻ)

മാതാപിതാക്കളുടെ സീമന്ത പുത്രനായ ബേബിച്ചൻ 1941 ഏപ്രിൽ 16 ന് ജാതനായി LME നേടിയശേഷം മദ്രാസിൽ 1959 ൽ ജോലിയിൽ പ്രവേശിച്ചു. തുടർന്ന് 1962 മുതൽ 1970 വരെ Bhilai Steel Plantൽ ജോലി നോക്കുകയും അതിനുശേഷം ചങ്ങനാശ്ശേരിയിൽ തിരിച്ചെത്തി ചിങ്ങവനത്തുള്ള Travancore Electro Chemicalsൽ ഉദ്യോഗത്തിൽ പ്രവേശിക്കുകയും ചെയ്തു. പിന്നീട് 1971 മുതൽ അബുദാബിയിൽ ജോലി നോക്കി. 1988 ൽ നാട്ടിൽ തിരിച്ചെത്തുകയും കേരളാ ഗവൺമെന്റ് സിവിൽ സപ്ലൈസ്സിലെയും, സതേൺ റയിൽവേ കായംകുളം-ആലപ്പി ലൈനിലേയും കോൺട്രാക്ടറായി ജോലി നോക്കുകയും ചെയ്തു. ഇപ്പോൾ ചങ്ങനാശ്ശേരിയിൽ സ്വന്തമായി ട്രാവൽ ഏജൻസി നടത്തുന്നു. 1966 ഒക്ടോബർ 17-ാം തീയതി ബേബിച്ചൻ പത്തനംതിട്ട ചേമ്പാലേത്തും നെടിയകാലായിൽ മാത്യുവിന്റെയും, സൂസമ്മയുടെയും മകൾ കുഞ്ഞുമോളെ വിവാഹം കഴിച്ചു.

ബേബിച്ചൻ കുടുംബസംഘടന പ്രസിഡന്റായിരുന്നപ്പോൾ കുടുംബ ഫണ്ട് ശേഖരണം ഊർജ്ജിതപ്പെടുത്തുകയും, നിയമാവലി പ്രസിദ്ധീകരിക്കുകയും ചെയ്തു.

മക്കൾ :

1. ബിജു ജോർജ്
   (07-4-1997 ൽ 31-ാം വയസ്സിൽ അബുദാബിയിൽവെച്ച് നിര്യാതനായി)
2. ബിന്ദു ബോസ് (W/o ബോസ്, കരിമറ്റം, ചങ്ങനാശ്ശേരി)
3. ബിനു ജോർജ്
4. ബിൻസി സുഭാഷ് (W/o Sqn. leader സുഭാഷ് പി. ജോൺ, Air Force Pilot പാലക്കുഴിയിൽ, മൂവാറ്റുപുഴ)

### 1. ബിജു ജോർജ്

ബേബിച്ചന്റെ മൂത്തമകൻ ബിജുവിന്റെ ജനനം 1967 ഒക്ടോബർ 29 ന് ആയിരുന്നു B.Com. ബിരുദംനേടി. ബിജു പീലിക്കുഴിയിൽ ഷീബയെ വിവാഹം ചെയ്തു. അബുദാബിയിൽ ജോലിയിൽ ഇരിക്കെ 1997 ഏപ്രിൽ 7ന് അബുദാബിയിൽ വെച്ച് ഒരു അപകടത്തിൽ ബിജു നിര്യാതനായി. ശവശരീരം അവിടെ നിന്ന് ചങ്ങനാശ്ശേരിയിൽ കൊണ്ടുവന്ന് പാറേൽ സെന്റ് മേരീസ് പള്ളിയിൽ ഏപ്രിൽ 15 ന് സംസ്കരിച്ചു. ബിജു-ഷീബ ദമ്പതികൾക്ക് 1996 ഡിസംബർ 3 ന് ജനിച്ച റൂത്ത് സാറാ തോമസ് എന്ന ഒരു മകളുണ്ട്.

### 2. ബിനു ജോർജ്

ഇളയമകനായ ബിനു 1973 മെയ് 25 ന് ജനിച്ചു. എസ്സ്. ബി. കോളേജിൽ നിന്ന് B.A. യും Gokhale Institute of Economics, Puneയിൽ നിന്ന് M.A. യും പൂന University യിൽ നിന്ന് MBA യും ബിരുദവും നേടി. Jawaharlal Nehru University Delhi യിൽനിന്ന് M. Phil. കരസ്ഥമാക്കി.

ബിനുവിന്റെ വിവാഹം 2002 മേയ് 27 ന്. ഭാര്യ തെക്കേക്കര മാമ്മച്ചന്റെയും-അന്നക്കുട്ടിയുടെയും മകൾ സ്മിതയാണ്. ബിനു ഇപ്പോൾ Passage 2 West എന്ന Software സ്ഥാപനം USA യുമായി സഹകരിച്ച് സ്വന്തമായി നടത്തുന്നു. കൂടാതെ ഈ സ്ഥാപനത്തിന്റെ Managing Director കൂടിയാണ്.

## 2. അലക്സ് റ്റി. ഒളശ്ശയിൽ (ചാണ്ടിച്ചൻ)

ചാണ്ടിച്ചൻ 1949 ഓഗസ്റ്റ് 29-ാം തീയതി ജനിച്ചു. B.A. ബിരുദത്തിനുശേഷം സിൻഡിക്കേറ്റ് ബാങ്കിൽ ജോലിയിൽ പ്രവേശിച്ചു. ചാണ്ടിച്ചൻ 1976 ഫെബ്രുവരി 15-ാം തീയതി ചാരുംമ്മൂട് ആന്നിയിൽ എ. ഒ. വി. തരകന്റെയും, മറിയമ്മയുടെയും മകൾ സൂസമ്മയെ വിവാഹം ചെയ്തു. സൂസമ്മ തിരുവനന്തപുരത്ത് സെൻട്രൽ ഗവൺമെന്റിന്റെ പാസ്സ്പോർട്ട് ഓഫീസിൽ Office Superintendent ആയി ജോലി നോക്കുന്നു. ചാണ്ടിച്ചൻ ബാങ്കിന്റെ വിവിധ ശാഖകളിൽ ജോലി നോക്കിയിട്ടുണ്ട്. 2002 ഒക്ടോബർ 4-ാം തീയതി ചാണ്ടിച്ചൻ ഹൃദ്രോഗം മൂലം 53-ാമത്തെ വയസ്സിൽ മരണമടഞ്ഞു.

മക്കൾ :
1. ടോണി അലക്സ് (MCA വിദ്യാർത്ഥി)
2. റീന അലക്സ് (BCA. വിദ്യാർത്ഥിനി)
3. നിറ്റി അലക്സ് (സ്കൂൾ വിദ്യാർത്ഥിനി)

## 3. റവ. ഫാ. മാത്യു ഒളശ്ശയിൽ

ഒളശ്ശ കുടംബത്തിലെ മൺമറഞ്ഞ വൈദികരായ തോമ്മാ കത്തനാർ (6-ാം തലമുറ), സ്കറിയാ കത്തനാർ (7-ാം തലമുറ), റവ. ഫാ. ഒ. പി. തോമസ് (7-ാം തലമുറ), റവ. ഫാ. ഫിലിപ്പ് ഒളശ്ശയിൽ (8-ാം തലമുറ), തോമസ് ശെമ്മാശൻ (8--ാം തലമുറ), റവ. ഫാ. ജോസഫ് ഒളശ്ശയിൽ (8-ാം തലമുറ), റവ. ഫാ. അലക്സാണ്ടർ ഒളശ്ശയിൽ (8-ാം തലമുറ), റവ. ഫാ. കുര്യൻ ഒളശ്ശ (8-ാം തലമുറ) എന്നീ പുരോഹിതന്മാരുടെ പിൻഗാമിയായ റവ. ഫാ. മാത്യു ഒളശ്ശയിൽ (9-ാം തലമുറ) കുടുംബത്തിലെ ഇപ്പോഴുള്ള ഏക വൈദികനാണ്.

മാത്തൂച്ചൻ എന്ന പേരിൽ അറിയപ്പെടുന്ന റവ. ഫാ. മാത്യു ഒളശ്ശയിൽ 1951 ജൂൺ 22 ന് ജാതനായി. സ്കൂൾ വിദ്യാഭ്യാസം ചങ്ങനാശ്ശേരി എസ്. ബി. ഹൈസ്കൂളിൽ MA, MSW ബിരുദധാരിയായ മാത്തൂച്ചൻ ചെറുപ്പത്തിൽ തന്നെ സിദ്ധിച്ച ദൈവവിളി ഉൾക്കൊണ്ട് വൈദിക പഠനത്തിനു ചേരുകയും, 1979 ഡിസംബർ 8 ന് പഠനം പൂർത്തിയാക്കുകയും. 1980 ജനുവരി 6-ാം തീയതി വൈദികപട്ടം സ്വീകരിക്കുകയും ചെയ്തു.

1980 ഫെബ്രുവരി 1-ാം തീയതി റവ. ഫാ. മാത്യുവിന്റെ ദൈവിക സേവനം St. John The Baptist Church, ഇരവിപുരത്ത് ആരംഭിച്ചു. തുടർന്ന് 1983 ൽ ഇരവിപുരം Community Centreന്റെ Work Director ആയി. അതിനുശേഷം St. John the Baptist Churchന്റെ മുഖ്യപുരോഹിതനായി നിയമനം ലഭിക്കുകയും 1985 ൽ Quilon Norbertine സഭയുടെ Superior ആയി അവരോധിക്കപ്പെടുകയും ചെയ്തു. 1987 ൽ Trichy Norbertine Community Procurator ആയി നിയമിതനാകുകയും, ഇതോടൊപ്പം All Saints Church, Trichy യുടെ ചുമതല വഹിക്കുകയും ചെയ്തു. 1992 ൽ Indian Norbertine Priory, Jabalpur Provisor ആയി. അതിനുശേഷം 1996 ൽ Varanasi Catholic Missionനിൽ സേവനം അനുഷ്ഠിച്ചു. 2001മുതൽ John Paul II Pontifical Institute, തുരുത്തിയിൽ Family Apostolate and Councilling ൽ ബിരുദാനന്തര course ചെയ്യുന്നു.

വൃദ്ധരായ മാതാപിതാക്കൾ മരിച്ചപ്പോൾ മകൻ റവ. ഫാ. മാത്യുവാണ് ശവസംസ്കാര കർമ്മങ്ങൾ നടത്തിയത്.

## 4. തോമസുകുട്ടി ഒളശ്ശ (തോമ്മാച്ചൻ)

തോമ്മാച്ചൻ 1955 ഓഗസ്റ്റ് 1 ന് ജനിച്ചു. കോളേജ് വിദ്യാഭ്യസത്തിനുശേഷം കുറെ വർഷം ഗൾഫിൽ ജോലി നോക്കി. തുടർന്ന് നാട്ടിൽ തിരിച്ചെത്തി. ഇപ്പോൾ ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നു. തോമ്മാച്ചൻ 1980 ജനുവരി 20-ാം തീയതി കുര്യനാട് മറ്റത്തിൽ ജോസഫ് സി. മറ്റത്തിന്റെയും ലീലാമ്മയുടെയും മകൾ ജെസ്സിയമ്മയെ വിവാഹം ചെയ്തു.

മക്കൾ :
1. നീതു തോമസ് (B.Sc.)
2. നിജിത്ത് തോമസ് (വിദ്യാർത്ഥി)

## 5. കുര്യച്ചൻ ഒളശ്ശയിൽ

ഇളയപുത്രനായ കുര്യച്ചൻ 1957 ജൂലൈ 29 ന് ജാതനായി. ടെക്നിക്കൽ വിദ്യാഭ്യാസത്തിനുശേഷം അബുദാബിയിൽ ജോലിയിൽ പ്രവേശിച്ചു. അവിടെ തുടരുന്നു. 1983 ഫെബ്രുവരി 27 ന് ഈരാറ്റുപേട്ട ചള്ളവയലിൽ സി. എം. സേവ്യറിന്റെയും, മറിയാമ്മയുടെയും മകൾ ഷീബയെ വിവാഹം ചെയ്തു.

മക്കൾ :
1. ലിസ് കുര്യൻ (വിദ്യാർത്ഥിനി)
2. ജോർജ് കുര്യൻ (വിദ്യാർത്ഥി)
3. മരിയ എലിസബത്ത് കുര്യൻ (വിദ്യാർത്ഥിനി)
4. സേവ്യർ കുര്യൻ (വിദ്യാർത്ഥി)





























## കൊച്ചാണ്ടി ചാണ്ടിയുടെ രണ്ടാമത്തെ മകൻ

## ചാണ്ടി സ്കറിയാ

കൊച്ചാണ്ടി ചാണ്ടിയുടെ ഇളയ മകൻ ചാണ്ടി സ്കറിയാ ചെറുപ്പത്തിൽത്തന്നെ വസൂരിരോഗത്തിനു വിധേയനായി. കണ്ണിനു കാഴ്ച നഷ്ടപ്പെട്ടു. 18-ാംമത്തെ വയസ്സിൽ മരണമടയുകയും ചെയ്തു.

# അഞ്ചാം ഭാഗം

## കൊച്ചു കുരുവിള മിഖായേലും തലമുറകളും


കൊച്ചു കുരുവിള മിഖായേൽ ..... 186

കൊച്ചു കുരുവിള മിഖായേലിന്റെ മൂത്ത മകൻ
മിഖായേൽ കുരുവിള ..... 188

കൊച്ചു കുരുവിള മിഖായേലിന്റെ രണ്ടാമത്തെ മകൻ
മിഖായേൽ പോത്തൻ..... 191

കൊച്ചു കുരുവിള മിഖായേലിന്റെ മൂന്നാമത്തെ മകൻ
മിഖായേൽ വർഗ്ഗീസ് ..... 204

കൊച്ചു കുരുവിള മിഖായേലിന്റെ നാലാമത്തെ മകൻ
മിഖായേൽ ഔസേപ്പ് ..... 212

കൊച്ചു കുരുവിള മിഖായേലിന്റെ അഞ്ചാമത്തെ മകൻ
മിഖായേൽ മത്തായി ..... 212

കൊച്ചു കുരുവിള മിഖായേലിന്റെ ആറാമത്തെ മകൻ
മിഖായേൽ ദേവസ്യാ ..... 213

# കൊച്ചു കുരുവിള മിഖായേൽ

**(1832-1910)**

ചങ്ങനാശ്ശേരി ഒളശ്ശ കുടുംബ സ്ഥാപകൻ പോത്തൻ കുരുവിളയുടെ മകൻ കുരുവിള കൊച്ചുകുരുവിളയുടെ പ്രഥമ പുത്രനാണ് കൊച്ചുകുരുവിള മിഖായേൽ. അങ്ങാടികുരിശു പള്ളിയിൽ പ്രതിഷ്ഠിച്ചിരിക്കുന്ന മിഖായേൽ മാലാഖയുടെ പെരുന്നാളാഘോഷ ദിവസം ശിശു പിറന്ന സന്തോഷത്താൽ മാതാപിതാക്കളും, മറ്റുകാരണവന്മാരും മിഖായേൽ എന്ന പേരു ശിശുവിനു നൽകി. ഇതിനു മുമ്പ് ഇത്തരമൊരു പേര് മറ്റാർക്കും പാരമ്പര്യമുറയിൽ ഉണ്ടായിരുന്നില്ല.

തന്റെ കാലത്ത് ലഭ്യമായിരുന്ന വിദ്യാഭ്യാസം ലഭിച്ചു. യൗവ്വനത്തിലേക്ക് കാലുവെച്ചതു മുതൽ കുടുംബ കാര്യങ്ങളിലും തറവാടുവക വസ്തുക്കളുടെ അന്വേഷണത്തിലും ശ്രദ്ധിച്ചു. ഇക്കാലത്തായിരുന്നു മിഖായേലിന്റെ വിവാഹം ചമ്പക്കുളത്തു തയ്യിൽ കുടംബത്തിൽ നിന്നായിരുന്നു ബന്ധം. പിതാവിന്റെ വസ്തുക്കളിൽ നിന്നുള്ള വരവായിരുന്നു തന്റെ കുടുംബച്ചെലവിനു വേണ്ടി മുഖ്യമായി അദ്ദേഹം ആശ്രയിച്ചത്. ആറ് ആൺമക്കളും ആറു പെൺമക്കളും അടങ്ങിയ ഒരു കുടുംബത്തിന്റെ നാഥനായി. വസ്തുക്കളുടെ അന്വേഷണത്തിനു പുറമെ അദ്ദേഹം ചികിത്സയിലും തൽപ്പരനായിരുന്നു. പൂർവ്വികർ പാരമ്പര്യ വഴിക്കു ചികിത്സ അഭ്യസിക്കുകയും ചികിത്സിക്കുകയും ചെയ്തു പോന്നു. ഒരു തമിഴ് ചികിത്സാ ഗ്രന്ഥത്തെ ആശ്രയിച്ചാണ് മരുന്നുകൾ പാകം ചെയ്തു പ്രയോഗിച്ചിരുന്നത്. ബൗദ്ധിക പ്രവർത്തനങ്ങളിലേർപ്പെട്ട് ഇദേഹം തമിഴും മലയാളവും നന്നായി പഠിച്ചു. പല വിശിഷ്ട രചനകളും ഹൃദിസ്ഥമാക്കി.

ശാസ്ത്ര ഗവേഷണത്തിലും തൽപ്പരനായിരുന്നു അദ്ദേഹം. അതാകട്ടെ രസതന്ത്രഗവേഷണത്തിലേക്ക് അദ്ദേഹത്തെ ആനയിക്കുകയും ആൽക്കമി അഥവാ രസതന്ത്രം എന്നു പറയാവുന്ന ശാസ്ത്രവിധികൾ ഉപയോഗിച്ച് താണലോഹങ്ങളിൽ നിന്ന് വെള്ളി, സ്വർണ്ണം മുതലായ വിശിഷ്ട ലോഹങ്ങൾ സംസ്കരിച്ചെടുക്കാൻ നീണ്ടകാലം അദ്ദേഹം യത്നിച്ചു. ചങ്ങനാശ്ശേരി താലൂക്കാഫീസിൽ ഒരു കീഴ് ജീവനക്കാരനായി സ്ഥലത്തു താമസിച്ചിരുന്ന ഒരു മുഹമ്മദീയ സുഹൃത്തും ഈ പരീക്ഷണങ്ങളിൽ അദ്ദേഹത്തോടു സഹകരിച്ചു. ഇതുകൊണ്ട് എന്തെങ്കിലും പുതിയ അറിവുകൾ സമ്പാദിക്കാൻ കഴിഞ്ഞോയെന്നത് സന്ദേഹാസ്പദമാണ്.

പിതാവു ജീവിച്ചിരുന്ന കാലത്ത് പണ്ടകശാലക്കടവിലുണ്ടായിരുന്ന ഒളശ്ശ വീട്ടിൽ അദ്ദേഹം സകുടുംബം മാറിത്താമസിച്ചു. അനുജൻ മത്തായിയായിരുന്നു തറവാടിന്റെ അവകാശി. എന്നാൽ മത്തായി മക്കളില്ലാതെ മരിക്കയാൽ എല്ലാസ്വത്തിന്റെയും ഉടമ മിഖായേൽ ആയിത്തീർന്നു. അന്വേഷിക്കാൻ ആളില്ലായ്കയാൽ തറവാട്ടുവക സ്ഥാവര വസ്തുക്കൾ പലതും വിൽക്കേണ്ടിവന്നു. കുടുംബപരിപാലനത്തിൽ മാത്രം ഒതുങ്ങിനിന്ന ശാന്തമായ ഒരു ജീവിതമായിരുന്നു മിഖായേലിന്റേത്. രേഖകളുടെ അഭാവത്തിൽ മിഖായേലിന്റെ ചരിത്രം ഇവിടെ അവസാനിപ്പിക്കാം.

ആൺമക്കൾ :
1. മിഖായേൽ കുരുവിള
2. മിഖായേൽ പോത്തൻ
3. മിഖായേൽ വർഗ്ഗീസ്
4. മിഖായേൽ ജോസഫ്
5. മിഖായേൽ മത്തായി
6. മിഖായേൽ ദേവസ്യാ

പെൺമക്കൾ :
1. മറിയാമ്മ (പയ്യമ്പള്ളിൽ, കിടങ്ങറ)
2. കുഞ്ഞൊറോമ്മ (മാളിയേക്കൽ, ചങ്ങനാശ്ശേരി)
3. ക്ലാരമ്മ (പൈങ്ങോട്ട്, മണിമല)
4. കുഞ്ഞേലിമ്മ (കടവിൽ, ആലപ്പുഴ)
5. ഈത്തമ്മ (കവളംമാക്കൽ, പാലാ)
6. അന്നമ്മ (അവിവാഹിത)

# കൊച്ചുകുരുവിള മിഖായേലിന്റെ മൂത്ത മകൻ മിഖായേൽ കുരുവിള

കൊച്ചു കുരുവിള മിഖായേലിന്റെ മൂത്തമകൻ കുരുവിളയുടെ ജനനം 1851ൽ. വിവാഹം കഴിച്ചു എങ്കിലും ഭാര്യ ചെറുപ്പത്തിലേ മരിച്ചുപോയി. പിന്നൊരു വിവാഹം കഴിച്ചതുമില്ല. ഇദ്ദേഹത്തിന്റെ കുടുംബവുമായുള്ള സ്ഥിരവാസം സെന്റ് ബർക്ക്മാൻസ് സ്കൂളിനുമുൻവശം റോഡിനു തെക്കുള്ള ഒളശ്ശയിൽ കുടുംബവക പുരയിടത്തിലായിരുന്നു. 3 ഏക്കർ 1 സെന്റുള്ള പുരയിടമാണ്. ഈ പുരയിടത്തിനരികെ ഉമ്പിഴിച്ചിറപ്പാടത്തിന്റെ വടക്കുപടിഞ്ഞാറുള്ള 26 പറ നിലവും അന്ന് കുടുംബവകയായിരുന്നു. ഇദ്ദേഹത്തിന്റെ അനുജൻ മിഖായേൽ വർഗ്ഗീസിന്റെ പൗത്രരിൽ രണ്ടുപേർ ഇപ്പോഴും ഈ പുരയിടത്തിൽ പാർപ്പുണ്ട്. ബാക്കിഭാഗം ഈ പൗത്രഗണത്തിൽപ്പെട്ട മറ്റുരണ്ടുസഹോദരങ്ങൾ അന്യർക്കു കൈമാറി. ഈ നിലവും ഇപ്പോൾ അന്യരുടെ കയ്യിലാണ്. അതു മിഖായേൽ കുരുവിളയുടെ മദ്ധ്യപ്രായത്തിൽ വിറ്റുകളഞ്ഞെന്നു തോന്നുന്നു.

# കൊച്ചുകുരുവിള മുഖായേലിന്റെ രണ്ടാമത്തെ മകൻ മിഖായേൽ പോത്തൻ (7-ാം തലമുറ)

*മക്കൾ* :
- I. ഒ. പി.. കുരുവിള
- II. റവ. ഫാ. കുര്യൻ ഒളശ്ശ
- III. ഒ. പി. പോത്തൻ
- IV ഒ. പി. ജോസഫ്
- V. ത്രേസ്യാമ്മ, പനങ്കുഴയ്ക്കൽ, കുറവിലങ്ങാട്
- VI. റോസമ്മ, മാണികൃത്ത്, വൈക്കം

| *8-ാം തലമുറ* | *9-ാം തലമുറ* | *10-ാം തലമുറ* | *11-ാം തലമുറ* |
|---|---|---|---|

**I. ഒ. പി. കുരുവിള**
(*ആദ്യ ഭാര്യ* : റോസമ്മ, പീടിയേക്കൽ, അതിരമ്പുഴ)
*മക്കൾ* :
- **1. ഒ. സി. ഫിലിപ്പ്**
  (*ആദ്യ ഭാര്യ* : മറിയമ്മ, പുല്ലാശേരി, മാള)
  *മക്കൾ* :
  - **1. ആനി, ആനകല്ലുങ്കൽ, പാലാ**
  - **2. ഒ. പി. ജോസ്**
    (*ഭാര്യ* : ലില്ലി, പുത്തൻ വീട്, നിലേശ്വരം, മലയാറ്റൂർ)
    *മക്കൾ* :
    - **1. ബിജി, മാനുള്ളിൽ, കടവന്ത്ര**
    - **2. ലിജി, മാവേലിൽ, ഇടക്കുന്ന്, അങ്കമാലി**
  - **3. മേരി, മൊയലൻ, ഒല്ലൂർ**
  - **4. റവ. സി. ബേബി**
  - **5. പുഷ്പം, പൂമറ്റം, ചേർത്തല**
  - **6. റാണി, മുണ്ടാടൻ, മഞ്ഞപ്ര**

  (*രണ്ടാം ഭാര്യ* : ത്രേസ്യാമ്മ, ഇലഞ്ഞിക്കൽ, കോതമംഗലം)
  *മക്കൾ* :
  - **1. രാജൻ ഫിലിപ്പ്**
    (*ഭാര്യ* : മോളി, നടുവിലത്തറയിൽ, കുത്താട്ടുകുളം)
    *മക്കൾ* :
    - **1. റേഷ്മ**
    - **2. റിയ**
    - **3. റീതു**
  - **2. ജോർജ് ഫിലിപ്പ്**
  - **3. ലൂസി ആന്റണി, ളായിക്കരി**
- **2 ഒ. സി. ഏബ്രഹാം**
  (*ഭാര്യ* : ശോശാമ്മ, തെക്കേമതിലുങ്കൽ, തിരുവല്ല)
  *മക്കൾ* :
  - **1. ഏബ്രഹാം സിറിയക്**
    (*ഭാര്യ* : ജെയിസമ്മ, കൈലാത്ത്, ചങ്ങനാശ്ശേരി)
    *മക്കൾ* :
    - **1. ബിജു**
    - **2. ബിനു**
    - **3. വിമൽ**

| *8-ാം തലമുറ* | *9-ാം തലമുറ* | *10-ാം തലമുറ* | *11-ാം തലമുറ* |
|---|---|---|---|
| | | **2.** ഏബ്രഹാം വർഗ്ഗീസ് | |
| | | (*ഭാര്യ* : മേരിക്കുട്ടി, വട്ടക്കുഴിയിൽ, തൊടുപുഴ) | |
| | | *മക്കൾ* : | **1.** ബിനോയ് |
| | | | **2.** സൂസൻ |
| | | **3.** ഏബ്രഹാം കുര്യൻ | |
| | | (*ഭാര്യ* : സെലീനാമ്മ, വെളുത്തേടത്ത്, എടത്വാ) | |
| | | *മക്കൾ* : | **1.** ഷെറിൻ |
| | | | കാഞ്ഞുപറമ്പിൽ, നെടുമുടി |
| | | | **2.** ഷൈൻ |
| | | **4.** റോസമ്മ, പാലിയത്ത്, തിരുവനന്തപുരം | |
| | **3.** കുഞ്ഞമ്മ, മരങ്ങാട്ടുപള്ളി | | |
| | **4.** തങ്കമ്മ, തുണ്ടപ്പറമ്പിൽ, കൊതവറ | | |
| | **5.** ഏലിക്കുട്ടി, റോസ്‌വില്ല, ചെറുവയ്കൽ, തിരുവനന്തപുരം | | |
| (*രണ്ടാം ഭാര്യ* : മറിയാമ്മ, വലിയ പറമ്പ്, വെട്ടിത്തുരുത്ത്) | | | |
| *മക്കൾ* : | **1.** അന്നക്കുട്ടി, തറേക്കളത്തിൽ, കാവാലം | | |
| | **2.** കത്രിക്കുട്ടി, പുത്തൻ പറമ്പിൽ, മൂന്നാർ | | |
| **II.** റവ. ഫാ. കുര്യൻ ഒളശ്ശ | | | |
| **III.** ഒ. പി. പോത്തൻ (അവിവാഹിതൻ) | | | |
| **IV.** ഒ. പി. ജോസഫ് | | | |
| (*ഭാര്യ* : മറിയക്കുട്ടി, മുണ്ടകത്തിൽ, ചങ്ങനാശ്ശേരി) | | | |
| *മക്കൾ* : | **1.** ഒ. ജെ. സെബാസ്റ്റ്യൻ | | |
| | **2.** ത്രേസ്യാമ്മ, കുളങ്ങരമുറിയിൽ, ചിറക്കടവ് | | |
| | **3.** കുഞ്ഞുഞ്ഞമ്മ, ഉലക്കപ്പാടിയിൽ, എടത്വാ | | |
| | **5.** ഒ. ജെ. കുര്യൻ | | |
| | **5.** ഒ. ജെ. ഫിലിപ്പ് **(ആപ്പച്ചൻ)** | | |
| | (*ഭാര്യ* : ലീലാമ്മ, കുറ്റിയിൽ, അടൂർ) | | |
| | *മക്കൾ* : | **1.** ജോസഫ് ഫിലിപ്പ് | |
| | | (*ഭാര്യ* : ഡെയ്സി, മുള്ളനാനിയ്ക്കൽ, അടിമാലി) | |
| | | *മകൻ* : | സരിൻ |
| | | **2.** വിജി ഫിലിപ്പ് | |
| | | (*ഭാര്യ* : ജാസ്മിൻ, കൂനംപാറയിൽ, പുറപ്പുഴ) | |
| | | *മകൾ* : | ജോവീന |
| | | **3.** സജി ഫിലിപ്പ് | |
| | | (*ഭാര്യ* : റെജി, കൊല്ലകുന്നേൽ, തോട്ടയ്ക്കാട്) | |
| | | *മകൻ* : | സ്റ്റീവ് |
| | | **4.** ആശാ മേരി, ചക്കാലമണ്ണിൽ, ചെറിയനാട് | |
| **V.** ത്രേസ്യാമ്മ | | | |
| **VI.** റോസമ്മ | | | |

# മിഖായേൽ പോത്തൻ
## (1855-1941)



രണ്ടാമത്തെ മകനായ പോത്തന്റെ ജനനം 1855 ൽ. പിതാവിന്റെ കൂടെ പണ്ടകശാല തറവാട്ടിൽ വിവാഹത്തിനു ശേഷവും പലകൊല്ലങ്ങൾ ജീവിച്ചു. ഇദ്ദേഹത്തിന്റെ ചിറ്റപ്പൻ കൊച്ചു കുരുവിള മത്തായി, ഒരു പെൺമകൾ മാത്രമുള്ളപ്പോൾ അന്ത്യം പ്രാപിച്ചതുമൂലം ചന്തേവീടു തറവാട്ടിൽ മക്കളില്ലാതെയായപ്പോൾ പോത്തനും കുടുംബവും തറവാട്ടിൽ മാറിതാമസിക്കുവാൻ ഇടയായി. ഇദ്ദേഹത്തിന്റെ സഹധർമ്മിണി ക്ലാരമ്മ കഴിവും പ്രശസ്തിയുമുള്ള ഒരു മഹിളയായിരുന്നു. കുടുംബംനടത്തികൊണ്ടുപോകുന്നതിൽ ഭർത്താവിന് ഒരു നല്ല പിന്തുണയായിരുന്നു. തറവാടു പീടിക വശത്തുനടന്ന ഒരു വ്യാപാരത്തിന്റെ പ്രധാന ചുമതലയും ഇവർക്കായിരുന്നു. പാർക്കുന്ന വീടുകളുടെ തെരുവിലേക്ക് അഭിമുഖീകരിച്ചിരിക്കുന്ന ഭാഗങ്ങളിൽ നടന്നുവന്നിരുന്ന വ്യാപാരങ്ങളിൽ സ്ത്രീകളും മേൽനോട്ടം വഹിക്കുന്ന ഒരു പതിവ് പഴയകാലം മുതലേ ചങ്ങനാശ്ശേരി ചന്തയിൽ നിലവിലിരുന്നു. ഇന്നും ചുരുക്കമായി അത് കാണാം. ഇവരുടെ മറ്റു ചില അഭിരുചികൾ നോക്കിയാൽ ജന്മസിദ്ധമായ കലാവാസന ഇവർക്കുണ്ടായിരുന്നതായി കാണാം. തമിഴ് മതഗ്രന്ഥമായ തേമ്പാവണി വായിച്ചു മലയാളത്തിൽ അതിവിദഗ്ദ്ധമായി ഈ സ്ത്രീ വ്യാഖ്യാനിച്ചിരുന്നതു ഈ വിഷയത്തിൽ ഒന്നാംകിടക്കാരെന്നു കരുതിയിരുന്ന പുരുഷന്മാരെപ്പോലും പിന്നിലാക്കുന്ന രീതിയിലായിരുന്നു പ്രകടനം. പാനയും ഈണത്തിൽ വായിച്ചിരുന്നു.

വിവാഹത്തിനുശേഷം പോത്തൻ വക്കീൽ പണിയിൽ ഏർപ്പെടാനായി നിയമം പഠിക്കുകയും അതിനുള്ള പരീക്ഷ പാസ്സാകുകയും ചെയ്തു. ആരോഗ്യമുണ്ടായിരുന്ന കാലത്ത് മുഴുവനും കോടതിയിൽ പതിവായി പൊയ്ക്കൊണ്ടിരുന്നു. മറ്റുതൊഴിലുകളിലൊന്നിലും ഏർപ്പെട്ടുമില്ല. കുടുംബസ്ഥതിക്കു ചേർന്ന വിധം വീട്ടുകാര്യങ്ങൾ നിർവ്വഹിച്ച് മക്കൾക്ക് ഉയർന്ന വിദ്യാഭ്യാസം ഉണ്ടായിരിക്കണമെന്ന ഒരാഗ്രഹക്കാരനായിരുന്നു ഇദ്ദേഹം. ആൺമക്കൾ നാലുപേരെയും ഇംഗ്ലീഷ് സ്കൂളിലയച്ചു പഠിപ്പിച്ചു. ബുദ്ധിയിലും, കലാരംഗങ്ങളിലും സമ്പന്നരായിരുന്ന മക്കളിൽ ഒരാൾ മാത്രമേ മെട്രിക്കുലേഷൻ പാസ്സായിരുന്നുള്ളൂ. പാസ്സായ അദ്ദേഹം കോളേജ് പഠനത്തിനായി തൃശ്ശിനാപള്ളി കോളേജിൽ ചേർന്നെങ്കിലും മുന്നോട്ടുപോകാതെ വൈദികാന്തസ്സിൽ പ്രവേശിക്കാനായി തിരിച്ചുപോന്നു. തന്റെ ജീവിതകാലത്തുതന്നെ ഈ മകൻ തിരുപ്പട്ടം സ്വീകരിച്ചു വൈദികനായി, ശുദ്ധ മനസ്കനായിരുന്ന പോത്തൻ കുട്ടികളുടെ സ്വഭാവക്കാരനായിരുന്നു. കുട്ടികളോട് തമാശ പറഞ്ഞ് രസിക്കുന്നതും അവരുടെ ഇടയിൽ അല്പനേരം ചെലവഴിക്കുന്നതുമായിരുന്നു ഇദ്ദേഹത്തിന്റെ വിനോദം. 1941 ൽ ഇദ്ദേഹം നിര്യാതനായി

| | | |
|---|---|---|
| ആൺമക്കൾ : | 1 | ഒ. പി. കുരുവിള |
| | 2 | റവ. ഫാ. കുര്യൻ ഒളശ്ശ |
| | 3 | ഒ. പി. പോത്തൻ |
| | 4 | ഒ. പി. ജോസഫ് |
| പെൺമക്കൾ : | 1 | ത്രേസ്യാമ്മ (കുളങ്ങരമുറിയിൽ) |
| | 2 | റോസമ്മ (ഉലക്കപ്പാടിയിൽ) |

# I. ഒ. പി. കുരുവിള



മിഖായേൽ പോത്തന്റെ മക്കളിൽ കുരുവിളയ്ക്കു മുൻപ് ജനിച്ച ഓരാൺകുട്ടി നാലരവയസ്സായപ്പോൾ മരിച്ചുപോയി ശേഷിച്ചനാലുപേരിൽ മൂത്ത ജ്യേഷ്ഠനാണ് കുരുവിള.

ബാലപാഠങ്ങൾ വീട്ടിൽ ഇരുന്നു പഠിച്ചു. തുടർന്ന് കുരുവിള ഇംഗ്ലീഷ് പഠനത്തിനു സ്ഥലത്തെ സെന്റ് ബർക്ക്മാൻസ് ഇംഗ്ലീഷു സ്കൂളിൽ ചേർന്നു. കുരുവിള കലകളിൽ വാസനയുള്ളവനായിരുന്നു. തന്റെ കലാവാസനയ്ക്കു ചേർന്ന സിനിമയിലാണ് ആദ്യം ജോലി തേടിയത്. തിരുവിതാംകൂറിലും കൊച്ചിയിലുമായി ഒരു വെള്ളക്കാരൻ അക്കാലത്തു ഒരു "മൂവി" (Movie) സിനിമാനടത്തികൊണ്ടിരുന്നു. നിശബ്ദ മൂവിസിനിമയിൽ പടം സ്ക്രീനിൽ കൂടികടന്നു പോകുമ്പോൾ പ്രേക്ഷകർക്ക് കഥ പറഞ്ഞു കൊടുക്കുന്നതിന് വെള്ളക്കാരൻ കുരുവിളയെ നിയമിച്ചു. അത് ചെയ്തുകൊണ്ടിരുന്ന സമയം യന്ത്രം ചലിപ്പിക്കുന്ന സാങ്കേതിക വശത്തെക്കുറിച്ചും കുരുവിള പഠിച്ചു. വെള്ളക്കാരൻ സ്വന്തം രാജ്യത്തിലേയ്ക്ക് തിരിച്ചു പോയതിനാൽ ആ സിനിമാ പ്രദർശനം നിർത്തിവെച്ചു. ഈ ഘട്ടത്തിലാണ് ഒന്നാം ലോകമഹായുദ്ധം അവസാനിച്ചത്. സർക്കാരിൽ നിന്ന് ചങ്ങനാശ്ശേരി താലൂക്കിലേയ്ക്ക് ആവശ്യമായ അരി സ്റ്റോക്ക് ചെയ്ത് വിതരണം ചെയ്യാനുള്ള അനുമതി കുരുവിളയ്ക്കായിരുന്നു. രാജ്യത്തെ അരിക്ഷാമം തീർന്നപ്പോൾ സർക്കാരിന്റെ അരിവിതരണം നിലച്ചു.

തുടർന്ന് കുരുവിള വട്ടപ്പള്ളിയിൽ ഒരു വിദേശ മദ്യഷാപ്പു തുറന്നു. പക്ഷെ മൂന്നു നാലു കൊല്ലങ്ങൾക്കൊണ്ട് അതു നിലച്ചു.

രണ്ടുപ്രാവശ്യം കുരുവിള വിവാഹിതനായി ആദ്യ ഭാര്യ അതിരമ്പുഴ പീടിയേക്കൽ റോസമ്മയാണ്. ആ വിവാഹത്തിൽ മൂന്നു പെൺമക്കളും, രണ്ട് ആൺ മക്കളും ജനിച്ചു. ആദ്യ ഭാര്യയുടെ മരണശേഷം രണ്ടാമത് വേറൊരു വിവാഹം കഴിച്ചു. വെട്ടിത്തുരുത്ത് വലിയപറമ്പിൽ മറിയാമ്മയായിരുന്നു ഭാര്യ. അതിൽ രണ്ടു പെൺമക്കൾ ജനിച്ചു. കാലക്രമേണ രോഗം പിടിപെട്ടു. രോഗിയായി വീട്ടിൽ കഴിയുമ്പോഴാണ് അദ്ദേഹം മരിച്ചത്.

| | | |
|---|---|---|
| ആൺമക്കൾ : | 1. | ഒ. സി. ഫിലിപ്പ് |
| | 2. | ഒ. സി. എബ്രഹാം |
| പെൺമക്കൺ : | 1. | കുഞ്ഞമ്മ (W/o ഡേവിഡ് മഹാപിള്ള, മരങ്ങാട്ടുപള്ളി) |
| | 2. | ഏലിക്കുട്ടി (W/o ഫെഡറിക്, റോസ്‌വില്ല, ചെറുവയ്ക്കൽ, തിരുവനന്തപുരം) |
| | 3. | തങ്കമ്മ (W/o മത്തച്ചൻ, തുണ്ടപ്പറമ്പിൽ, കൊതവറ) |
| | 4. | അന്നക്കുട്ടി (W/o ചാക്കോച്ചൻ, തറേക്കളത്തിൽ, കാവാലം) |
| | 5. | കത്രിക്കുട്ടി (W/o അന്തോനിച്ചൻ, പുത്തൻപറമ്പിൽ, മുട്ടാർ) |

## 1. ഒ. സി. ഫിലിപ്പ് (ആപ്പച്ചൻ)



ഒ. പി. കുരുവിളയുടെ സീമന്ത പുത്രനായി 1909 ൽ ആപ്പച്ചൻ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം ചങ്ങനാശ്ശേരിയിൽ തന്നെ നടത്തി. തുടർന്ന് പാളയം കോട്ടിൽ നിന്ന് B.A. ബിരുദം നേടി സർക്കാർ ഉദ്യോഗത്തിൽ പ്രവേശിച്ചു.

ആപ്പച്ചൻ തഹസിൽദാർ ആയിട്ട് പെൻഷൻ പറ്റി പെരിമ്പാവൂരിൽ താമസിച്ചുവരവെ 1971 മെയ് 3-ാം തീയതി നിര്യാതനായി. ആദ്യ ഭാര്യ മാള പുല്ലാശേരി വീട്ടിലെ മറിയാമ്മ 1956-ൽ നിര്യാതയായി. ഈ വിവാഹത്തിൽ 6 മക്കൾ ഉണ്ട്. ആദ്യ ഭാര്യയുടെ മരണശേഷം കോതമംഗലം ഇലഞ്ഞിയ്ക്കൽ വീട്ടിൽ ത്രേസ്യാമ്മയെ വിവാഹം ചെയ്തു. ഈ വിവാഹത്തിൽ 3 മക്കൾ ഉണ്ട്.

മക്കൾ

| | | |
|---|---|---|
| ആദ്യ വിവാഹം | 1. | ആനി (W/o ഈനാസ്, ആനകല്ലുങ്കൽ, പാല) |
| | 2. | ഒ. പി. ജോസ് |
| | 3. | മേരി (W/o ആന്റണി, മൊയലെൻ, ഒല്ലൂർ) |
| | 4. | റവ. സിസ്റ്റർ ബേബി (ജർമ്മനി) |
| | 5. | പുഷ്പം (W/o ജോയി പൂമറ്റം, ചേർത്തല) |
| | 6. | റാണി (W/o ജോജോ, മുണ്ടാടൻ, മഞ്ഞപ്ര) |
| രണ്ടാം വിവാഹം | 1. | രാജൻ ഫിലിപ്പ് |
| | 2. | ലൂസി (W/o ആന്റണി, ഊയിക്കരി, സുൽത്താൻ ബത്തേരി) |
| | 3. | ജോർജ് ഫിലിപ്പ് |

### 1. ഒ. പി. ജോസ്

സീമന്തപുത്രൻ ജോസ് വിദ്യാഭ്യാസത്തിനുശേഷം പായ്ക്കിംഗ് കേയ്സ് ബിസ്സിനസ്സ് നടത്തി വരുന്നു. മലയാറ്റൂർ പുത്തൻ വീട്ടിൽ ലില്ലിയാണ് ഭാര്യ. ലില്ലി റ്റീച്ചറായി ജോലി നോക്കുന്നു.

| | | |
|---|---|---|
| മക്കൾ | 1 | ബിജി (W/o ദീപൻ, മാനുള്ളിൽ, കടവന്ത്ര) |
| | 2 | ലിജി (W/o ജോർജ്, മാവേലി, ഇടക്കുന്ന് അങ്കമാലി) |

### 2. രാജൻ ഫിലിപ്പ്

1959 ജനുവരി മാസം 12-ാം തീയതി ജാതനായി. കോളേജ് വിദ്യാഭ്യാസത്തിനുശേഷം കോട്ടയത്ത് ബിസിനസ്സ് രംഗത്ത് പ്രവർത്തിക്കുന്നു. 1988 മെയ് മാസം 1-ാം തീയതി കൂത്താട്ടുകുളം നടുവേലിത്തറയിൽ തോമസിന്റെയും മറിയക്കുട്ടിയുടെയും മകൾ മോളിയെ വിവാഹം ചെയ്തു. M.Com. ബിരുദധാരിയായ മോളി Hindustan News Printൽ ഉദ്യോഗസ്ഥയാണ്.

മക്കൾ :
1. രേഷ്മ രാജ് (വിദ്യാർത്ഥിനി)
2. റിയ രാജ് (വിദ്യാർത്ഥിനി)
3. റീനു രാജ് (വിദ്യാർത്ഥിനി)

### 3. ജോർജ് ഫിലിപ്പ്

ഒ. സി. ഫിലിപ്പിന്റെ ഏറ്റവും ഇളയ പുത്രനായ ജോർജ് 1963 ജൂലൈ 29 ന് ജനിച്ചു. അവിവാഹിതനായ ജോർജ് Indore Kerala Transport ൽ ജോലി നോക്കുന്നു.

## 2. ഒ. സി. ഏബ്രഹാം (കുട്ടപ്പൻ)



മാതാപിതാക്കളുടെ ഇളയ പുത്രനായ കുട്ടപ്പൻ 1913 ജൂൺ 7-ാം തീയതി ജനിച്ചു. മെട്രിക്കുലേഷൻ വിദ്യാഭ്യാസത്തെ തുടർന്ന് ബിസിനസ്സ് രംഗത്ത് പ്രവേശിച്ചു. കുട്ടപ്പൻ കലാരംഗത്തും തന്റേതായ കഴിവുകൾ പ്രകടിപ്പിച്ചിരുന്നു. സജീവ രാഷ്ട്രീയ പ്രവർത്തനത്തിലും ഏർപ്പെട്ടിരുന്നു. വിമോചന സമരകാലത്ത് ജയിൽ വാസം അനുഭവിച്ചു. തിരുവല്ല തെക്കേമതിലുങ്കൽ ശോശാമ്മ ആയിരുന്നു ഭാര്യ. ഇളയ പുത്രൻ ആയതിനാൽ മൂലകുടുംബത്തിന്റെ അവകാശിയായി താമസം തുടങ്ങി. 1970 മുതൽ കോട്ടയം ഡിസ്ട്രിക്റ്റ് കോൺഗ്രസ്സ് കമ്മിറ്റി (DCC) മെമ്പർ ആയി പ്രവർത്തിക്കവേ 1981 ജൂൺ മാസം 7-ാം തീയതി 68-ാം വയസ്സിൽ നിര്യാതനായി. ഇദ്ദേഹത്തിന്റെ ഭാര്യ ശോശാമ്മ 1993 മെയ് 2-ന് നിര്യാതയായി.

മക്കൾ :
1. ഏബ്രഹാം സിറിയക്ക് (ബാബു)
2. ഏബ്രഹാം വർഗ്ഗീസ് (ബിജോയ്)
3. ഏബ്രഹാം കുര്യൻ (കുര്യച്ചൻ)
4. റോസമ്മ (W/o പോൾ, പാലിയത്തു വീട്ടിൽ, തിരുവനന്തപുരം)

### 1. ഏബ്രഹാം സിറിയക്ക് (ബാബു)

സീമന്തപുത്രനായ ബാബു 1941 ഡിസംബർ 2-ാം തീയതി ജനിച്ചു. B. Com. ബിരുദധാരിയായ ബാബു വിദ്യാഭ്യാസ കാലത്ത് കലാരംഗത്തും അതു പോലെതന്നെ രാഷ്ട്രീയ രംഗത്തും നിരവധി ഭക്തസംഘടനകളുടെ ഭാരവാഹിയായും പ്രവർത്തിച്ചിരുന്നു. K.S.U.വിന്റെ സജീവ പ്രവർത്തകനായിരുന്നു. വിമോചന സമരകാലത്ത് ജയിൽവാസം അനുഭവിക്കേണ്ടിവന്നു. ബാംഗ്ലൂരിൽ സ്ഥിരതാമസമാണ്. 1969 ജനുവരി 6 ന് വിവാഹിതനായി. പായിപ്പാട് കൈലാത്ത് കെ. കെ. വർക്കിയുടെയും, റോസമ്മയുടെയും മകൾ ജെയിസമ്മയാണ് ഭാര്യ. ജെയിസമ്മ ടെലിഫോൺസിലെ ജോലിയിൽനിന്നും വിരമിച്ചു.

മക്കൾ :
1. ബിജു. (Austria)
2. ബിനു (B. E., Software Engineer, Austria)
3. ബിമൽ (B. Com) (Medical Transcription)

### 2. ഏബ്രഹാം വർഗ്ഗീസ് (ബിജോയ്)

ബിജോയ് മാതാപിതാക്കളുടെ രണ്ടാമത്തെ പുത്രനാണ്. ജനനം 1946 നവംബർ 20 ന്. B.A. ബിരുദം നേടിയിട്ടുണ്ട് ഇപ്പോൾ USA യിൽ ഉദ്യോഗം നോക്കുന്നു. ബിജോയ് വിദ്യാഭ്യാസ കാലത്ത് ചെറുപുഷ്പമിഷൻലീഗിലും, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയിലും സജീവമായി പ്രവർത്തിച്ചിരുന്നു. അമേരിക്കയിൽ ഫിലാഡൽഫിയായിലെ മലയാളസമാജത്തിന്റെ ഭാരവാഹിയായിരുന്നു. 1972 ഡിസംബർ 10-ാം തീയതി തൊടുപുഴ വട്ടക്കുഴിയിൽ വർക്കിച്ചന്റെയും, മാമ്മിക്കുട്ടിയുടെയും മകൾ മേരിക്കുട്ടിയെ വിവാഹം ചെയ്തു.

മക്കൾ :
1. ബിനോയി വർഗ്ഗീസ് (M. Sc, U. S. A.)
2. സൂസൻ വർഗ്ഗീസ് (മെഡിക്കൽ വിദ്യാർത്ഥിനി U. S. A.)

### 3. ഏബ്രഹാം കുര്യൻ (കുര്യച്ചൻ)

മാതാപിതാക്കളുടെ ഏറ്റവും ഇളയ പുത്രനായ കുര്യച്ചൻ 1949 ഒക്ടോബർ 27 ന് ജാതനായി. കോളേജ് വിദ്യാഭ്യാസം ചങ്ങനാശ്ശേരി എസ്. ബി. കോളേജിൽ നടത്തി. വിദ്യാഭ്യാസകാലത്ത് നിരവധി ഭക്തസംഘടനകളുടെ ഭാരവാഹിയായി പ്രവർത്തിച്ചിരുന്നു. പല ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബുകളുടെയും പ്രസിഡന്റായിരുന്നു. 1979 ൽ 7-ാം വാർഡിൽ നിന്ന് മുൻസിപ്പൽ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1982 ൽ മുൻസിപ്പൽ വൈസ് ചെയർമാനും, ആക്ടിംഗ് ചെയർമാനും ആയി പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോഴും പൊതുരംഗത്ത് പ്രവർത്തിക്കുന്നു. കുര്യച്ചൻ 1974 സെപ്റ്റംബർ 2-ാം തീയതി എടത്വാ വെളുത്തേടത്ത് ചാക്കോച്ചന്റെയും, ക്ലാരമ്മയുടെയും ഇളയ മകൾ സെലിനാമ്മയെ വിവാഹം ചെയ്തു.

മക്കൾ :
1. ഷെറിൻ സൂസൻ കുര്യൻ (M. A. PGDCA)
   (W/o രാജേഷ് തോമസ് കാഞ്ഞൂപ്പറമ്പിൽ, നെടുമുടി)
2. ഷൈൻ ക്ലാര കുര്യൻ (വിദ്യാർത്ഥിനി)

## II. റവ. ഫാ. കുര്യൻ ഒളശ്ശ



കുര്യൻ കുരുവിളയുടെ അനുജനായി 1889 ൽ ഭൂജാതനായി സ്കൂൾ വിദ്യാഭ്യാസം സർക്കാർ സ്കൂളിലും, തുടർന്ന് സെന്റ് ബർക്ക്മാൻസ് സ്കൂളിലും നടത്തി മെട്രിക്കുലേഷന് പഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് വൈദികനാകണമെന്ന ആഗ്രഹം കുര്യനിൽ അങ്കുരിച്ചത്. B.A. ബിരുദം നേടി ജെസ്യൂട്ട് മിഷനിൽ ചേരാനായിരുന്നു താൽപര്യം.

ഹൈസ്കൂൾ പഠനകാലത്ത് കുര്യൻ എല്ലാ കാര്യങ്ങളിലും ഒരു മാതൃകാ വിദ്യാർത്ഥിയായിരുന്നു. ചിട്ടയായും, വെടിപ്പായും വസ്ത്രധാരണം ചെയ്തേ സ്കൂളിൽ പോകൂ. അന്ന് പാശ്ചാത്യ വേഷരീതിയ്ക്കായിരുന്നു കൂടുതൽ മതിപ്പ് ഷർട്ടും, കോട്ടും, ടൈയ്യും ധരിച്ചാണ് ക്ലാസ്സിൽ ഹാജരായികൊണ്ടിരുന്നത്. നാടകാഭിനയത്തിൽ വിദ്യാർത്ഥികളുടെ ഇടയിൽ ഒന്നാമനായിരുന്നു കുര്യൻ.

മെട്രിക്കുലേഷൻ പാസ്സായ കൊല്ലം തന്നെ കലാശാലാ വിദ്യാഭ്യാസത്തിനുവേണ്ടി മംഗലാപുരത്തേക്ക് തിരിച്ചു. സെന്റ് അലോഷ്യസ് കോളേജിൽ പ്രവേശനം സമ്പാദിച്ചു. ഒരു കൊല്ലത്തെ പഠനം കഴിഞ്ഞ് അവധിക്കാല വിശ്രമത്തിനായി ചങ്ങനാശ്ശേരിയിൽ മടങ്ങിവന്നു. ആ സമയം സെന്റ് ജോസഫ്സ് കോൺവെന്റ് ഗേൾസ്സ് സ്കൂളിൽ ഒരു അദ്ധ്യാപകന്റെ സ്ഥാനം ഒഴിവു വന്നു. ആ സ്ഥാനം സ്വീകരിക്കാൻ, അന്നത്തെ വികാരി ജനറാളും, സ്കൂളിന്റെ മാനേജരുമായിരുന്ന കണ്ടങ്കരി ബഹു. ഗ്രിഗറി അച്ചൻ കുര്യനെ ഉപദേശിച്ചു. അപ്പോഴാണ് താൻ വൈദികനാകാൻ ആഗ്രഹിക്കുന്ന വിവരം കുര്യൻ പുറത്തു വിട്ടത്. ബഹു. കണ്ടങ്കരിയച്ചൻ അതിൽ സന്തോഷിക്കുകയും ആഗ്രഹസഫലീകരണത്തിന് തന്റെ കഴിവിൽപ്പെട്ടതെല്ലാം ചെയ്തു കൊടുക്കാമെന്ന് ഉറപ്പുനല്കുകയും ചെയ്തു.

അദ്ധ്യാപകനായി ഈ സ്കൂളിൽ 31/2 കൊല്ലംജോലിനോക്കി. ഇക്കാലത്ത് ചങ്ങനാശ്ശേരിയിലെ പൊതുക്കാര്യങ്ങളിൽ സജീവമായി പങ്കെടുത്തുകൊണ്ടിരുന്നു. അക്കാലത്തു പൊതുക്കാര്യങ്ങളിൽ പ്രധാന പങ്കുവഹിച്ചിരുന്നത് അന്നത്തെ ക്രിസ്ത്യൻ നായർ മുസ്ലീം പ്രമാണികളായിരുന്നു. മന്നത്തു പത്മനാഭനെപ്പോലെയുള്ളവർ അന്നത്തെ പ്രധാന പൊതു പ്രവർത്തകരായിരുന്നു. എഡ്വേർഡ് മെമ്മോറിയൽ ടൗൺ ഹാൾ സ്ഥാപിതമായതോടെ എല്ലാസമുദായക്കാർക്കും ഒന്നിച്ചു സമ്മേളിക്കാവുന്ന ഒരു പൊതുസ്ഥലവും ലഭിച്ചു. 1914 ലെ മഹാരാജാവിന്റെ പിറന്നാൾ ആഘോഷ കമ്മിറ്റിയുടെ ചടങ്ങ് ആർഭാടപൂർവ്വം നടത്തി.

ഡിഗ്രി സമ്പാദിക്കാൻ വേണ്ടി ഇനിയും സമയം ചെലവഴിക്കാതെ നേരെ വൈദിക സെമിനാരിയിൽ ചേരണമെന്ന് ചിറ്റപ്പനും അദ്ധ്യാപകനുമായിരുന്ന ഒ. പി. ചാണ്ടിസാർ ഉപദേശിച്ചതനുസരിച്ച് കുര്യൻ കാൻഡി സെമിനാരിയിലേക്ക് പുറപ്പെട്ടു. 1922 ഡിസംബർ 7 ന് കുര്യൻ ശെമ്മാശ്ശൻ, തിരുപ്പട്ടം സ്വീകരിച്ചു നവ പൂജയർപ്പിച്ചു. ചങ്ങനാശ്ശേരി രൂപതയിലെ പള്ളികളിലാണ് ജീവിതകാലം മുഴുവനും ഇദ്ദേഹം സേവനം അനുഷ്ഠിച്ചത്. തത്തമ്പള്ളി, കുറുമ്പനാടം, കാവാലം, പുളിങ്കുന്ന്, ആലപ്പുഴ. എടത്വാ, ചമ്പക്കുളം എന്നിവയായിരുന്നു ഇദ്ദേഹത്തിന്റെ പ്രധാന സേവനരംഗങ്ങൾ. കുറുമ്പനാടം പള്ളി വികാരിയായിരിക്കവെ അഭിവന്ദ്യ മെത്രപോലീത്താ മാർ ജോസഫ് പൗവ്വത്തിൽ ശിശു ആയിരുന്നപ്പോൾ ജ്ഞാനസ്നാനം നൽകുവാനുള്ള ദൈവാനുഗ്രഹം ബഹു. കുര്യച്ചനു ലഭിച്ചു. അനന്തരം ഇദ്ദേഹത്തെ

കാവുകാട്ടുതിരുമേനി കോട്ടയം ലൂർദ്ദ് പള്ളിവികാരിയായി നിയമിച്ചു. അരമനയ്ക്കുവേണ്ടി ചിട്ടി നടത്തുന്നതിന്റെ ചുമതല ബഹു. കുര്യച്ചനെയാണ് ഏൽപ്പിച്ചത്. പള്ളിയോടനുബന്ധിപ്പിച്ചിട്ടുണ്ടായിരുന്ന മെഡിക്കൽ മിഷൻ സെന്ററിനുവേണ്ടിയുള്ള പ്രതിദിനദിവ്യബലിയർപ്പണം തുടങ്ങിയ ചുമതലകളും ഇദ്ദേഹത്തിനുണ്ടായിരുന്നു. പത്തുകൊല്ലം കുര്യച്ചൻ ഇവിടെ ജോലിനോക്കി. പിൽക്കാലത്ത് പള്ളിക്കു ആദായകരമായിരുന്ന റബർ തോട്ടം ഇദ്ദേഹത്തിന്റെ കാലത്താണ് പ്ലാന്റ് ചെയ്തത്. ഗവൺമെന്റിൽനിന്നും സബ്സിഡി സമ്പാദിച്ച് തോട്ടം പ്ലാന്റ് ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഫാ. പുരയ്ക്കലിനു ശേഷം സെന്റ് ബർക്ക്മാൻസ് കോളേജിന്റെ പ്രിൻസിപ്പലായി കർമ്മലീത്താ സഭാംഗമായ റോമിയുസ്സ് തോമസ് അച്ചൻ നിയമിക്കപ്പെട്ടപ്പോൾ അന്ന് കോളേജിന്റെ പ്രോ മാനേജരായി കാളാശ്ശേരി തിരുമേനി ഫാ. കുര്യനെയാണ് നിയോഗിച്ചത്. കോളേജിന്റെ ഭാവി നടത്തിപ്പിനെപ്പറ്റി സർവ്വകലാശാല അധികൃതരുമായി സംസാരിക്കാൻ പ്രിൻസിപ്പൽ അച്ചനുമൊത്ത് പല പ്രാവശ്യം മദ്രാസിൽ പോയിട്ടുണ്ട്.

ഇദ്ദേഹം കോട്ടയം ലൂർദ്ദുപള്ളിയിൽ നിന്ന് ചങ്ങനാശ്ശേരി പാറേൽപള്ളിക്കുസമീപമുള്ള പ്രീസ്റ്റ് ഹോമിലേക്ക് വിശ്രമ ജീവിതത്തിനായി താമസം മാറ്റി. ഇവിടെ താമസിക്കുമ്പോഴാണ് ഇദ്ദേഹത്തിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷമായി കൊണ്ടാടിയത്. തത്സംബന്ധമായി ചങ്ങനാശ്ശേരി പാരിഷ് ഹാളിൽ കൂടിയ അനുമോദന സമ്മേളനത്തിൽ ആർച്ചുബിഷപ്പ് ആന്റണി പടിയറ അദ്ധ്യക്ഷ്യം വഹിച്ചു. കാഞ്ഞിരപ്പള്ളി മെത്രാൻ പൗവ്വത്തിൽ തിരുമേനിയും, മറ്റ് അനവധി വൈദികരും, കന്യാസ്ത്രീകളും സന്നിഹിതരായിരുന്നു. ജൂബിലിയേറിയന് ആശംസകൾ നേർന്നുകൊണ്ട് റോമ്മാ തിരുസിംഹാസനത്തിൽ നിന്ന് പരിശുദ്ധപിതാവിന്റെ ഒപ്പോടുകൂടി അയച്ചുകൊടുത്ത ഒരു ആശംസാസന്ദേശം മെത്രാപ്പോലീത്താ തിരുമേനി യോഗത്തിൽ വായിച്ച് ബഹു. കുര്യച്ചനെ ഏല്പിച്ചുവെന്നതും പ്രസ്താവ്യമാണ്. സജീവ വൈദിക ജീവിതത്തിൽ നിന്നു പിന്മാറാൻ കാരണം ആരോഗ്യം കുറഞ്ഞുവന്നതാണ്. പ്രീസ്റ്റുഹോമിലായിരിക്കുമ്പോൾ പല പ്രാവശ്യം ഹോസ്പിറ്റലിൽക്കിടന്നു ചികിത്സിക്കേണ്ടിവന്നു. പ്രായാധിക്യം മൂലം ബഹു. കുര്യച്ചൻ 1980 മാർച്ച് 30 ന് ഉച്ചകഴിഞ്ഞു നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ശവസംസ്കാരച്ചടങ്ങുകളുടെ മുഖ്യ കാർമ്മികൻ പടിയറ തിരുമേനിയായിരുന്നു. വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിൽ മൃതദേഹം ചങ്ങനാശ്ശേരി പള്ളിയിൽ സംസ്കരിച്ചു.

## III. ഒ. പി പോത്തൻ (പോത്തച്ചൻ)

കുര്യച്ചന്റെ കനിഷ്ഠ സഹോദരനാണ് പോത്തച്ചൻ. 1890 ൽ ഭൂജാതനായി. സെന്റ് ബർക്ക്മാൻസ് ഹൈസ്കൂളിൽ മൂന്നുകൊല്ലമേ പഠനം നടത്തിയിട്ടുള്ളൂ. കലയിൽ വാസന പ്രകടിപ്പിച്ചിരുന്നു. മനുഷ്യഭാവങ്ങളുടെയും പ്രകൃതി ദൃശ്യങ്ങളുടെയും ചിത്രങ്ങൾ വരച്ചും നാടകവേദികൾ ഒരുക്കിക്കൊടുത്തും, പരസ്യങ്ങൾ എഴുതികൊടുത്തും സമയം ചെലവഴിച്ചു. ഇതിന് വേണ്ടി ചായക്കൂട്ട് സ്വയം പാകപ്പെടുത്തിയെടുക്കുകയാണ് ചെയ്തത്. ആർക്കും ഒരുപദ്രവും ചെയ്യാതെ ലളിതമായി താൻ ദീർഘകാലം ഈ അനാരോഗ്യാവസ്ഥയിൽ അവിവാഹിതനായി ജീവിച്ചു. 1974 ൽ മരിക്കുമ്പോൾ എൺപ്പത്തിരണ്ടു വയസ്സായിരുന്നു പ്രായം. ഈ കാലമത്രയും സ്വന്തവീട്ടിൽ കഴിച്ചുകൂട്ടി.

## IV. ഒ. പി. ജോസഫ് (അപ്പിച്ചൻ)



മാതാപിതാക്കളുടെ ഒടുവിലത്തെ പുത്രനായ ജോസഫ് 1892 ൽ ജനിച്ചു. വീട്ടുകാർ അപ്പിയെന്ന് ലാളനയ്ക്കായി വിളിച്ചു. അപ്പിസാറെന്നും ഒ. പി സാറെന്നും പേരിന് ഭേദങ്ങൾ ഉണ്ടായി. സെന്റ് ബർക്ക്മാൻസ് ഹൈസ്കൂളിൽ മെട്രിക്കുലേഷൻ ക്ലാസ്സിൽ ആയിരിക്കുമ്പോൾ 1914 -1917 ലെ ഒന്നാം ലോകമഹായുദ്ധത്തിൽ മെസപ്പോട്ടോമിയ സമര മുഖത്ത് സിവിൽ ജോലിക്ക് ഇംഗ്ലീഷ് ജ്ഞാനത്തിന്റെ ബലത്തിൽ ക്ഷണം ലഭിച്ചു. മെസോപ്പോട്ടോമിയായിലേക്ക് കപ്പൽ കയറി. യുദ്ധം കഴിഞ്ഞ് വീട്ടിൽ തിരിച്ച്വന്നു. തുടർന്ന് നാടക വേദികൾ സജ്ജമാക്കി. അതിലൂടെ നാടകപാർട്ടികളിൽ നിന്നും പ്രതിഫലം പറ്റാനായി ശ്രമം ആരംഭിച്ചു. ക്യാൻവാസുകളിലും സ്ക്രീനുകളിലും, മനുഷ്യരൂപഭാവങ്ങളും, പ്രകൃതി ദൃശ്യങ്ങളും വരച്ചു നാടക സ്റ്റേജുകൾ ഒരുക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ജോസഫിന്റെ കഴിവുകളെ മാനിച്ച് പ്രിൻസിപ്പൽ എസ്സ്. ബി. കോളേജ് ഓഫീസിൽ ജോലികൊടുത്തു. ജോസഫിന്റെ ബഹുമുഖ കഴിവുകൾ പ്രയോഗിക്കാൻ ഒരു നല്ല അവസരം ഇതോടെ കൈവന്നു. കോളേജിന്റെ ഓഫീസു വർക്കു മാത്രമല്ല, കേളേജുമായി ബന്ധപ്പെട്ട ഇതര കലാപ്രവർത്തന നിർവ്വഹണത്തിനും ഫാ. പുരയ്ക്കൽ ജോസഫിനെ ഏൽപ്പിച്ചു. കോളേജു ലൈബ്രേറിയനായും ഇദ്ദേഹം സേവനം ചെയ്തു. ഈ വേളയിലാണ് ഒ. പി. യുടെ അഭിനയപാടവം പ്രകടമായത്. ഒരിക്കൽ കേളേജ് പ്രൊഫസറന്മാരിൽ ചിലരും, വിദ്യാർത്ഥികളും ഉൾപ്പെട്ട അമചർഗ്രൂപ്പ് ഷെക്സ്പിയറുടെ ഒരു നാടകം കേളേജു നാടക വേദിയിൽ അവതരിപ്പിച്ചു. ഒ. പി. യ്ക്ക് അതിൽ സുപ്രധാനമായ വേഷം ഉണ്ടായിരുന്നു. ഏവരുടെയും മുക്തകണ്ഠമായ അഭിനന്ദനത്തിന് അത് പാത്രീഭവിച്ചു. പഴയകാലത്ത് നിശബ്ദ സിനിമയുടെ ഓരോ രംഗവും കടന്നു പോകുമ്പോൾ അതിന്റെ അർത്ഥം, വളരെ വാചാലമായി, നർമ്മ രസത്തോടുകൂടി അദ്ദേഹം പറഞ്ഞു ഫലിപ്പിയ്ക്കുമായിരുന്നു. 1960 ൽ കുരിശുംമൂട്ടിൽ ഒരു പൊതുയോഗത്തിൽ പ്രൊഫ. ഉലഹന്നാൻ മാപ്പിള ഒ. പി. സാറിനെപ്പറ്റി “തെക്കേ ഇന്ത്യയിൽ ഇത്രയും വായനാ ശീലമുള്ള, വിവിധഭാഷകൾ അറിയാവുന്ന ഒരേഒരാൾ എന്റെ അറിവിൽ ഒ. പി. സാറാണ്” എന്ന് പ്രസ്താവിയ്ക്കുകയുണ്ടായി. ഇദ്ദേഹം തമിഴ് മതഗ്രന്ഥമായ തേമ്പവണി വായിച്ച് മലയാളത്തിൽ അതിവിദഗ്ദ്ധമായി വ്യാഖ്യാനിച്ചിരുന്നു.

1939 ൽ ഉത്തരവാദഭരണപ്രക്ഷോഭണം തിരുവിതാംകൂർ ജനതയെ ഒന്നാകെ ഇളക്കിമറിച്ചു. ഈ അണിയിൽ പ്രവർത്തിച്ച ജോസഫും അറസ്റ്റു വരിച്ചു ജയിലിൽ പോയി. 1941 ൽ ഇദ്ദേഹം രണ്ടാം ലോകമഹായുദ്ധത്തിൽ ചേർന്നു. 1946ൽ യുദ്ധം അവസാനിച്ചപ്പോൾ ഇദ്ദേഹം സർഗ്രേഡിൽ എത്തി. ഡിസ്സേബിലിറ്റി പെൻഷന് അർഹത സമ്പാദിച്ചാണ് സൈന്യസേവനത്തിൽ നിന്ന് പിരിഞ്ഞത്. സൈനിക സേവനത്തിന് കിട്ടാവുന്ന 5 ഏക്കർ സ്ഥലത്തിനും 114 ൽ നിവർത്തന കാലത്ത് ജയിൽ ശിക്ഷ അനുഭവിച്ചതിന് കിട്ടാവുന്ന 5 ഏക്കർ സ്ഥലത്തിനും അർഹത ഉണ്ടായിട്ടും അതെല്ലാം നിരസിച്ച വ്യക്തിയായിരുന്നു ഒ. പി. സാർ. രണ്ടാം ലോകമഹായുദ്ധം കഴിഞ്ഞ് നാട്ടിൽ വന്നതിൽപിന്നെ മിക്കവാറും സ്വസ്ഥനായി കഴിയുകയാണ് ചെയ്തത്. കലാലയത്തിലും, കലാവേദിയിലും, രാഷ്ട്രീയ സമരത്തിലും, ക്ലർക്ക് ജോലിയിലും, മരാമത്തു പണിയിലും, അഭിനയരംഗത്തും, വിജ്ഞാന സദസുകളിലും, വാദപ്രതിവാദങ്ങളിലും, നർമ്മ സംഭാഷണത്തിലും, യുക്തിവാദത്തിലും ജോസഫ് ശോഭിച്ചു.

ജീവിതത്തിൽ തന്റെ ചുമതലയെല്ലാം പൂർത്തീകരിച്ച് ദിവസങ്ങൾ തള്ളിനീക്കികൊണ്ടിരുന്നപ്പോഴാണ് നിനയ്ക്കാത്ത നിമിഷത്തിൽ മരണം പാഞ്ഞെത്തിയത്. രണ്ടു ദിവസത്തേക്ക് മാത്രം നീണ്ടുനിന്ന അസുഖത്തെ തുടർന്ന് 19-10-1966 ൽ അദ്ദേഹം മരണമടഞ്ഞു.

അദ്ദേഹത്തിന്റെ ഭാര്യ ചങ്ങനാശ്ശേരി പുതുപ്പള്ളി കുടുംബത്തിലെ ഏക അവകാശിയായ മറിയക്കുട്ടിയായിരുന്നു. വളരെ കഴിവുള്ള വ്യക്തിയായിരുന്നു മറിയക്കുട്ടി. മറിയക്കുട്ടി 114 ൽ ശ്രീമതി അക്കാമ്മ ചെറിയാന്റെ ആഹ്വാനപ്രകാരം സ്റ്റേറ്റ് കോൺഗ്രസ് പ്രക്ഷോപണത്തിൽ പങ്കെടുക്കുകയും, ഭർത്താവിനോടൊപ്പം പലസ്ഥലങ്ങളിൽ പ്രസംഗിക്കുകയും അറസ്റ്റ് വരിക്കുകയും, ജയിൽശിക്ഷ അനുഭവിക്കുകയും ചെയ്തു. സോഷ്യൽ വെൽഫെയർ സെന്റർ പ്രസിഡന്റ്, YWCA പ്രസിഡന്റ്, ബഗർ റിലീഫ് അസോസിയേഷൻ പ്രസിഡന്റ് എന്നി നിലകളിൽ ഇവർ പ്രവർത്തിച്ചിരുന്നു. 1984 ഏപ്രിൽ 8 ന് മറിയക്കുട്ടി മരണമടഞ്ഞു.

മക്കൾ :

1 ഒ. ജെ. സെബാസ്റ്റ്യൻ (വിവരം ഇല്ല)
2 ഒ. ജെ. കുര്യൻ (യൗവ്വന മരണം)
3 ഒ. ജെ. ഫിലിപ്പ്
4 ത്രേസ്യാമ്മ
5 കുഞ്ഞൂഞ്ഞമ്മ

## ഒ. ജെ. ഫിലിപ്പ് (ആപ്പച്ചൻ)

മാതാപിതാക്കളുടെ ഏറ്റവും ഇളയ പുത്രനായ ആപ്പച്ചൻ 1937 ഒക്ടോബർ 3-ാം തീയതി ജാതനായി. വെണ്ടർ ലൈസൻസിയ്ക്കുശേഷം കുറച്ചുവർഷം ഗൾഫിൽ ജോലി നോക്കിയിരുന്നു. 1961 മെയ് 1-ാം തീയതി അടൂർ കുറ്റിയിൽ ഉമ്മന്റെയും, മറിയാമ്മയുടെയും മകൾ ലീലാമ്മയെ വിവാഹം ചെയ്തു. പിതാവിൽ നിന്ന് ലഭിച്ച കലാവാസന ആപ്പച്ചനിലും പ്രകടമാണ്.

മക്കൾ :

1. ജോസഫ് ഫിലിപ്പ്
2. വിജി ഫിലിപ്പ്
3. സജി ഫിലിപ്പ്
4. ആശ മേരി ഫിലിപ്പ് M.A (W/o രഞ്ജൻ ജോൺ, ചക്കാലമണ്ണിൽ)

## 1. ജോസഫ് ഫിലിപ്പ്

1962 ഏപ്രിൽ 17 ന് മാതാപിതാക്കളുടെ സീമന്ത പുത്രനായി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം സെന്റ് ജോസഫ് എൽ. പി. സ്കൂളിലും, എസ്. ബി. ഹൈസ്കൂളിലും, കോളേജ് വിദ്യാഭ്യാസം എസ്. ബി. കോളേജിലും നടത്തി. തുടർന്ന് തിരുവനന്തപുരത്ത് Law College ൽ നിന്ന് നിയമത്തിൽ ബിരുദം കരസ്ഥമാക്കി. എസ്. ബി. കോളേജിൽ പഠിക്കുമ്പോൾ യൂണിയൻ ചെയർമാൻ ആയിരുന്നു. ഇപ്പോൾ ചങ്ങനാശ്ശേരി കോടതിയിൽ അഭിഭാഷകനായി ജോലി നോക്കുന്നു. 1995 മുതൽ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സമിതി അംഗമാണ്. ഇപ്പോൾ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രസിഡന്റ് ആണ്. സി. പി. ഐ. (എം) വാഴപ്പള്ളി ലോക്കൽ കമ്മിറ്റി അംഗമായും പ്രവർത്തിക്കുന്നു. ഇടുക്കി മുള്ളനാനിയ്ക്കലെ

ഡെയ്സി ആണ് ഭാര്യ. ഡെയ്സി ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥയാണ്. ഏക മകൻ സരിൻ പ്രൈമറി സ്കൂളിൽ പഠിക്കുന്നു.

### 2. വിജി ഫിലിപ്പ്

രണ്ടാമത്തെ പുത്രൻ വിജി 1964 മാർച്ച് 10 ന് ജനിച്ചു. B.A. ബിരുദത്തിനുശേഷം ഹൈദരാബാദിൽ നിന്ന് ഫാർമസി കോഴ്സ് പാസ്സായി. ഇപ്പോൾ ഇംഗ്ലണ്ടിൽ ജോലി ചെയ്യുന്നു. പുറപ്പുഴ കൂനംപാറയിൽ ജാസ്മിനാണ് ഭാര്യ. ഏക മകൾ ജോവീനയാണ്.

### 3. സജി ഫിലിപ്പ്

ഇളയ പുത്രനായ സജി 1969 മെയ് 31 ന് ജനിച്ചു. B.Com. ബിരുദധാരിയായ സജി ഇപ്പോൾ ഗൾഫിൽ ജോലി ചെയ്യുന്നു. തോട്ടയ്ക്കാട് കൊല്ലകുന്നേൽ റെജിയാണ് ഭാര്യ. സ്റ്റീവ് ഏക മകനാണ്.





# കൊച്ചുകുരുവിള മിഖായേലിന്റെ മൂന്നാമത്തെ മകൻ മിഖായേൽ വർഗ്ഗീസ് (7-ാം തലമുറ)

*മക്കൾ :* I. ഒ. ജി. മൈക്കിൾ

II. മറിയാമ്മ, വിത്തുവാട്ടിക്കൽ, പുളിങ്കുന്ന്

